# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

### 2015 ജൂലൈ 14, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 159 - നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 14, ചൊവ്വ

സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...24

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...63

**II അടിയന്തരപ്രമേയം**

മൂന്നാം ക്ലാസ് വിദ്യാർത്ഥിയുടെ ദാരുണമരണം

— ശ്രീ. ഇ.പി. ജയരാജൻ ...326

**III ശ്രദ്ധ ക്ഷണിക്കൽ**

1. കാലഹരണപ്പെട്ട നിയമങ്ങൾ

— ശ്രീ. എം. ഉമ്മർ ...355

2. ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച

— ഡോ. കെ. ടി. ജലീൽ ...359

**IV സബ്മിഷൻ**

1. വന്യമൃഗവേട്ട

— പ്രതിപക്ഷ നേതാവ്
(ശ്രീ. വി. എസ്. അച്ചുതാനന്ദൻ) ...364

2. കസ്തൂരി രംഗൻ റിപ്പോർട്ട്

— ശ്രീ. പി.സി. ജോർജ് ...368

3. കായിക സർവ്വകലാശാല

— ശ്രീ. എം.എ. വാഹിദ് ...373

4. മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ

— ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് ...374

5. ഏറ്റുമാനൂർ ബൈപ്പാസ്

— ശ്രീ. കെ. സുരേഷ് കുറുപ്പ് ...375

പേജ്

6. ഇടച്ചിറ പാലത്തിന് അപ്രോച്ച് റോഡ്

— ശ്രീ. സി. ദിവാകരൻ ...376

7. അയിലം പാലം

— ശ്രീ. ബി. സത്യൻ ...377

8. വിവിധ പാലങ്ങളുടെ നിർമ്മാണം

— ശ്രീ. വി.ശിവൻകുട്ടി ...379

9. കഡാവർ കരൾ ശസ്ത്രക്രിയാ കേന്ദ്രം

— ശ്രീ. എ.കെ. ശശീന്ദ്രൻ ...383

**V മേശപ്പുറത്തുവച്ച കടലാസുകൾ** ...385

**VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി
—മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

( ശ്രീ. കെ. ബാബു) ...385

**VII ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

2014-ലെ ദി കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ്

വെൽഫെയർ ഫണ്ട് ബോർഡ് എംപ്ലോയീസ് പെൻഷൻ

ആന്റ് ഗ്രാറ്റുവിറ്റി റൂൾസിന് നൽകിയ ഭേദഗതികളുടെ പരിഗണന ...389

**VIII ധനകാര്യം**

2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള

ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...395

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂലൈ 14, ചൊവ്വ

**വാല്യം 159]** **ഔദ്യോഗിക റിപ്പോർട്ട്** **[നമ്പർ 11**

നിയമസഭ 2015 ജൂലൈ മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *331

(അംഗങ്ങളാരും ചോദ്യം ചോദിച്ചില്ല.)

ശ്രീ. എ. കെ. ശശീന്ദ്രൻ: ചോദ്യം ചോദിക്കുന്നില്ലെങ്കിൽ മറുപടി പറയാൻ സാധിക്കുമോ?

മി. സ്പീക്കർ: ശ്രീ. എ. കെ. ശശീന്ദ്രൻ, ചോദ്യം ഉന്നയിക്കുന്നില്ലെങ്കിൽ മറുപടിയുമില്ല. ചോദ്യം നമ്പർ *332.....

(അംഗങ്ങളാരും ചോദ്യം ചോദിച്ചില്ല.)

ചോദ്യം നമ്പർ *333....

(ചോദ്യം എഴുതി നൽകിയ അംഗങ്ങളാരും സഭയിൽ ഇല്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

<u>ശ്രീ. പി. സി. ജോർജ്</u> : അംഗങ്ങൾ ചോദ്യം ഉന്നയിച്ചില്ലെങ്കിലും ഉപചോദ്യം ചോദിക്കാൻ സാധിക്കുകയില്ലേ?

മി. സ്പീക്കർ: ശ്രീ. എം. വി. ശ്രേയാംസ് കുമാർ, ശ്രീ. റോഷി അഗസ്റ്റിൻ, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ സഭയിൽ ഹാജരാകാത്തതിനാൽ മറ്റംഗങ്ങൾ ആവശ്യപ്പെട്ടാൽ ആ ചോദ്യം അനുവദിക്കാം.

ശ്രീ. മാത്യു റ്റി. തോമസ്: സർ, റൂൾ 44 പ്രകാരം ചോദ്യം എഴുതിത്തന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നാൽ എല്ലാ ചോദ്യങ്ങളും സഭയിൽ എടുത്തതിനുശേഷം മാത്രമേ പ്രസ്തുത ചോദ്യം അനുവദിക്കാൻ പാടുള്ളൂ. ഈ ഘട്ടത്തിൽ അനുവദിക്കാൻ പാടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ്, അങ്ങ് റൂൾ 43 പരിശോധിക്കണം. "ചോദ്യം വിളിക്കുമ്പോൾ അത് ആരുടെ പേരിൽ കാണുന്നുവോ ആ അംഗം ഹാജരില്ലാതിരുന്നാൽ, മറ്റേതെങ്കിലും അംഗത്തിന്റെ അപേക്ഷ പ്രകാരം സ്പീക്കർക്ക് അതിന് മറുപടി നൽകണമെന്ന് നിർദ്ദേശം നൽകാവുന്നതാകുന്നു." എന്ന് റൂൾ 43-ൽ പറയുന്നുണ്ട്. (.........ബഹളം......) എല്ലാവരുംകൂടി പറഞ്ഞാൽ എങ്ങനെയാണ് ചെയർ കേൾക്കുന്നത്? അതുകൊണ്ട് ഒരാൾ പറയൂ.

ശ്രീ. ഇ. പി. ജയരാജൻ: സർ, റൂൾ 43 പ്രകാരം അപേക്ഷ വേണം. അങ്ങയുടെ കൈവശം അപേക്ഷ ലഭിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ, അങ്ങനെയല്ല. സഭയിൽ ഒരംഗം ഹാജരില്ലാതിരുന്നാൽ മറ്റൊരു അംഗം ആവശ്യപ്പെട്ടാൽ ചോദ്യം അനുവദിക്കാവുന്നതാണ്. ഇവിടെ ശ്രീ. സി. പി. മുഹമ്മദ് ചോദ്യം ആവശ്യപ്പെട്ടു. (.....ബഹളം......)

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, റൂൾ വളരെ കൃത്യമാണ്. എഴുതിക്കൊടുക്കണമെങ്കിൽ റിട്ടൺ ആപ്ലിക്കേഷൻ എന്നുതന്നെ റൂളിൽ വരണമായിരുന്നു. അതേസമയം, സഭയ്ക്കകത്ത് ഒരംഗം റിക്വസ്റ്റ് ചെയ്താലും അത് സ്പീക്കറോടുള്ള അപേക്ഷ തന്നെയാണ്. രണ്ട് കാര്യങ്ങൾ ഇതിനകത്ത് എടുക്കേണ്ടതുണ്ട്. ഒന്ന്, ഒരു ചോദ്യം വന്നുകഴിഞ്ഞാൽ അത് സഭയുടെ പ്രോപ്പർട്ടിയാകും. അങ്ങനെ വരുമ്പോൾ ചോദ്യം ചോദിക്കാനുള്ള ആദ്യത്തെ അവകാശം ചോദ്യം എഴുതിക്കൊടുത്ത അംഗങ്ങൾക്കാണ്. ചോദ്യോത്തരവേളയിൽ മറ്റ് അംഗങ്ങൾ ചോദ്യം ചോദിക്കരുത് എന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. രണ്ട്, ഒരു ചോദ്യം സഭയുടെ പ്രോപ്പർട്ടിയായി കഴിഞ്ഞാൽ സഭയിലെ ഏത് അംഗത്തിനും ഈ ചോദ്യത്തിനുമേൽ അവരുടെകൂടി ചോദ്യം ഉന്നയിക്കുന്നതിനുള്ള അധികാരമുണ്ട്. അതാണ് റൂൾ 43-ൽ പറയുന്നത്. അതുപോലെ സഭയിലെ ഒരംഗം

ചോദ്യം ഉന്നയിക്കണമെന്ന് നേരിട്ട് അപേക്ഷിച്ചാലും ആ വ്യക്തിക്ക് ചോദ്യം അനുവദിക്കേണ്ടതാണ്.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ബാധിക്കുന്ന വിഷയമല്ല ഇത്. ഇവിടെ ചെയറിന്റെ റൂളിംഗാണ് ആവശ്യം. .....(ബഹളം).......

മി. സ്പീക്കർ: എല്ലാ അംഗങ്ങളും സീറ്റിലിരിക്കണം. ചട്ടം 43-ൽ രേഖാമൂലം എഴുതിത്തരണമെന്ന് പറഞ്ഞിട്ടില്ല. മാത്രമല്ല, കഴിഞ്ഞ നിയമസഭാ കാലഘട്ടത്തിൽ ഒരംഗം സഭയിൽ ഹാജരാകാതിരുന്നപ്പോൾ മറ്റൊരംഗത്തിന്റെ ആവശ്യപ്രകാരം ഇത്തരത്തിൽ ആ അംഗത്തിന് ചോദ്യം അനുവദിച്ചിട്ടുണ്ട്. ചോദ്യം എഴുതിത്തരണമെന്ന് ചട്ടത്തിൽ വ്യക്തമായി പറയാതിരിക്കുന്ന സാഹചര്യത്തിൽ സഭയുടെ കീഴ്വഴക്കമനുസരിച്ചും, എഴുതിത്തരാതെ അപ്പോൾ ആവശ്യപ്പെടുകയും ചെയ്തതനുസരിച്ച് ഇവിടെ ചോദ്യം അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ചെയർ ഈ ചോദ്യം ശ്രീ. ടി. എൻ. പ്രതാപന് അനുവദിക്കുകയാണ്. ചോദ്യം നമ്പർ *333

**സോളാർ പാർക്ക്**

1 (*333) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ നേതൃത്വത്തിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കാവശ്യമായ തുക എപ്രകാരം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ ഇരുന്നൂറ് മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കുവാനായി കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും (സെക്കി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ചേർന്നാണ്

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇരുന്നൂറ് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ നൂറ് മെഗാവാട്ട് സോളാർ പാർക്ക് സ്കീം പ്രകാരവും നൂറ് മെഗാവാട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വഴിയുമാണ് നടപ്പിലാക്കുന്നത്.

(സി) സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ധനം സമാഹരിക്കേണ്ടതില്ല. പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തി കൈമാറേണ്ടതുമാത്രമേയുള്ളൂ. പ്രസ്തുത സ്ഥലത്ത് കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ടെണ്ടർ വിളിച്ച് ഉൽപ്പാദകരെ ക്ഷണിക്കുകയും ചെയ്യുന്നു. അവർ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന വിലയ്ക്കും വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് വഴി സ്ഥാപിക്കുന്നവയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കും കെ.എസ്.ഇ.ബി. ലിമിറ്റഡ് വാങ്ങുകയാണ് ചെയ്യുന്നത്. കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം സോളാർ പാർക്കിന്റെ പ്രാരംഭ നടപടിക്കായി ഇരുപത്തിയഞ്ച് ലക്ഷം രൂപയും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഒരു മെഗാവാട്ടിന് ഇരുപത് ലക്ഷം രൂപ പ്രകാരം നാൽപ്പത് കോടി രൂപയും ധനസഹായമായി നൽകുന്നതാണ്. സൗരോർജ്ജ പദ്ധതികൾ ടി പാർക്കിനുള്ളിൽ സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, കാസർഗോഡ് ജില്ലയിൽ ഇരുന്നൂറ് മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കുവാനായി കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി പറഞ്ഞത്. പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് എന്തെങ്കിലും ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഉദ്ദേശ്യമുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കാനായി പല ജില്ലകളിലും സ്ഥലം ഏറ്റെടുക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. ഒരു മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഏറ്റവും ചുരുങ്ങിയത് 5 ഏക്കർ സ്ഥലമെങ്കിലും വേണം. ബാക്കിയുള്ള ജില്ലകളിൽ സ്ഥല ലഭ്യതയ്ക്കുള്ള ബുദ്ധിമുട്ടുണ്ട്. എന്നാലും പ്രസ്തുത പദ്ധതിക്കാവശ്യമായ ശ്രമം നടത്തുന്നുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സ്ഥലം ലഭ്യമാണെങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കാം എന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യവർഷം തന്നെ എന്റെ മണ്ഡലത്തിൽ വൈദ്യുതി ബോർഡിന്റെ കീഴിലുള്ള സ്ഥലം ഊർജ്ജ വകുപ്പുമന്ത്രിക്ക് നേരിട്ട് ഞാൻ കാണിച്ചു കൊടുത്തതാണ്. ദൗർഭാഗ്യവശാൽ, അവിടെ ഒരു പദ്ധതിയും ആരംഭിക്കാനുള്ള നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല. അതിനെക്കുറിച്ച് ആലോചിക്കുമോ; പ്രസ്തുത പദ്ധതി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സോളാർ പാർക്കിനെ സംബന്ധിച്ചാണ് ചോദ്യം. സോളാർ പാർക്ക് സ്ഥാപിക്കാൻ ചുരുങ്ങിയത് 5 ഏക്കർ സ്ഥലമെങ്കിലും വേണമെന്നതിനാൽ പ്രസ്തുത പദ്ധതി അവിടെ ആരംഭിക്കാൻ സാധിക്കില്ല. പ്രസ്തുത സ്ഥലത്ത് ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാനാണ് സർക്കാർ ആലോചിച്ചിരുന്നത്. സാമ്പത്തിക ഞെരുക്കം കാരണമാണ് അത് നീണ്ടുപോകുന്നത്. അക്കാര്യം ഉപേക്ഷിച്ചിട്ടില്ല. ആ സ്ഥലം അതിനോ, മറ്റാവശ്യങ്ങൾക്കോ വേണ്ടി ഉപയോഗിക്കുന്നതായിരിക്കും.

ശ്രീ. പി. സി. ജോർജ്: സർ, സോളാർ എനർജിയുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാനങ്ങളുടെ സംയുക്ത സംരംഭമായ അനെർട്ടിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് നിലയിലാണ്; അനെർട്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കൂടുതൽ സോളാർ എനർജി ഉൽപ്പാദിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സോളാറിന്റെയും നോൺ കൺവെൻഷണൽ എനർജിയുടെയും നോഡൽ ഏജൻസി അനെർട്ടാണ്. കഴിഞ്ഞ വർഷം ഈ സ്ഥാപനം തന്നെയാണ് പല കോളേജുകളിലും സോളാർ എനർജി പ്രൊമോട്ട് ചെയ്തിട്ടുള്ളത്. അതിനുപുറമേ, അനെർട്ട് സ്കീം വഴി ഏഴായിരത്തിൽപ്പരം വീടുകളിൽ ഒരു കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്ന റൂഫ് ടോപ് സോളാർ സ്ഥാപിച്ചു. ഈ വർഷം 12,000 വീടുകളിൽ റൂഫ് ടോപ് സോളാർ സ്ഥാപിക്കാനുള്ള ശ്രമവും അനെർട്ട് നടത്തിക്കൊണ്ടിരിക്കുകയാണ്. കാറ്റിൽ നിന്നുള്ള വൈദ്യുതി, സൗരോർജ്ജം എന്നിവയുടെ നോഡൽ ഏജൻസി എന്ന നിലയിൽ അനെർട്ട് ധാരാളം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കേരളം വൈദ്യുതിയുടെ കാര്യത്തിൽ പ്രതിസന്ധിയിലേക്ക് പോകുന്നു എന്ന രീതിയിലുള്ള വാർത്തകൾ വരുന്നുണ്ട്.

ഇത്തരം പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ എന്ത് നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഏകദേശം 3700 മെഗാവാട്ട് വൈദ്യുതി ആവശ്യമാണ്. എന്നാൽ നമ്മുടെ ഹൈഡ്രോ പ്രോജക്ടുകളിൽനിന്ന് മാക്സിമം ലഭിക്കാവുന്നത് 1700 മെഗാവാട്ട് വൈദ്യുതിയാണ്. കായംകുളത്ത് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഒരു യൂണിറ്റിന് 13 രൂപയോളം ചെലവുവരുന്നു, അതിനാൽ പുറത്തുനിന്നാണ് വൈദ്യുതി കൂടുതലായി വാങ്ങുന്നത്. 1400 മെഗാവാട്ട് വൈദ്യുതി കേന്ദ്രത്തിന്റെ ജനറേറ്റിംഗ് സ്റ്റേഷനിൽനിന്ന് ലഭിക്കുന്നുണ്ട്. ബാക്കി ഇപ്പോഴും പുറത്തുനിന്ന് വാങ്ങുകയാണ്. അടുത്ത 25 വർഷത്തേക്ക് ഇവിടെ വൈദ്യുതിയുടെ ഉപയോഗം വളരെ കൂടുതലായിരിക്കും. 12-ാം പഞ്ചവത്സര പദ്ധതി അവസാനിക്കുമ്പോൾ നമ്മുടെ ഡിമാന്റ് 4670 മെഗാവാട്ടും 2020-21 ആകുമ്പോൾ ഏകദേശം 6100 മെഗാവാട്ടുമാകും. ഇത് ലക്ഷ്യം വച്ച് വൈദ്യുതി പുറത്തുനിന്ന് വാങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 25 വർഷത്തേക്ക് 1250 മെഗാവാട്ട് ലഭിക്കാനുള്ള ഒരു കരാറിലും ഗവൺമെന്റ് ഏർപ്പെട്ടിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, സർക്കാരിന്റെ ഔദ്യോഗികമായ പഠനങ്ങളല്ലെങ്കിൽപ്പോലും സോളാർ എനർജിക്ക് ഏറ്റവും കൂടുതൽ പൊട്ടൻഷ്യലുള്ള ജില്ല എന്ന നിലയ്ക്ക് പാലക്കാട് പരിഗണിക്കപ്പെടുന്നുണ്ട്. ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന ജില്ല എന്നുമാത്രമല്ല sunlight exposure ഏറ്റവും കൂടുതലുള്ള പ്രദേശമാണെന്ന് പല ചർച്ചകളും നടക്കുന്ന അവസരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ സാഹചര്യത്തിൽ പാലക്കാടിന് സോളാർ എനർജിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ഗവൺമെന്റിന്റെ പ്ലാനിലുണ്ടോ; ഗവൺമെന്റ് സ്ഥാപനങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് അങ്ങ് കഴിഞ്ഞ ദിവസം സഭയിൽ മറുപടി പറഞ്ഞിരുന്നു. പാലക്കാട് പുതിയതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജിൽ ഇത്തരത്തിൽ ഒരു പ്ലാന്റ് അനുവദിക്കുന്ന കാര്യത്തിൽ കെ.എസ്.ഇ.ബി.-യുടെ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങളുണ്ടാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കൂടുതൽ സ്ഥലം ലഭ്യമായ പ്രദേശങ്ങളിൽ ഈ പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്. ഇതിനായി പാലക്കാട് മെഡിക്കൽ കോളേജ് ഒരു പ്രോജക്ട് തയ്യാറാക്കിയാൽ അതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു

കൊടുക്കാം. പാലക്കാട് വളരെയധികം ചൂടുള്ള പ്രദേശമാണ്, എന്നാൽ അവിടെ ഭൂമി കിട്ടാൻ പ്രയാസമാണ്. എന്നാലും പാലക്കാട് ജില്ലയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സർ, പ്ലാന്റേഷൻ കോർപ്പറേഷന്റെ ഏകദേശം 2000 ഏക്കറിൽപ്പരം ഭൂമി വൈദ്യുതി ഉല്പാദനത്തിനുവേണ്ടി ഗവൺമെന്റ് ഏറ്റെടുത്തിരുന്നു. കോൾ ബേസിൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടികൾ ജനങ്ങൾ അംഗീകരിക്കാത്ത സാഹചര്യത്തിൽ അത് ഗ്യാസ് ബേസിലാക്കി. എന്നാൽ ഗ്യാസ് ബേസിലുള്ള വൈദ്യുതി ഉല്പാദനവും അടുത്ത കാലത്തൊന്നും നടക്കുകയില്ല. ഇതിനുസമീപത്തായി ഒരു സ്വകാര്യ വ്യക്തി 5 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. അതിനാൽ സർക്കാർതലത്തിൽ സോളാർ വൈദ്യുതി ജനറേറ്റ് ചെയ്യാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഇക്കാര്യവും പരിഗണിച്ചു വരികയാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അവിടെ ആദ്യം coal ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിച്ചത്. എന്നാൽ ചില തടസ്സങ്ങളുണ്ടായതിനാൽ എൽ.എൻ.ജി. ഉപയോഗിക്കാൻ തീരുമാനിച്ചു. എൽ.എൻ.ജി. ഉപയോഗിച്ച് 1200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാമെന്നാണ് ഉദ്ദേശിച്ചിരുന്നത്. പക്ഷേ അവിടേക്ക് പൈപ്പ് ലൈൻ വലിക്കാനുള്ള അസൗകര്യം എല്ലാവർക്കും അറിയാം. പൈപ്പ് ലൈൻ വലിച്ചു കഴിഞ്ഞാൽ എൽ.എൻ.ജി. ഉപയോഗിച്ചുതന്നെ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കും. കാസർഗോഡ് 1000 ഏക്കർ എടുത്തതിനുപകരമായി ചീമേനിയിൽ 500 ഏക്കർ കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട് സോളാർ എനർജി ഉൾപ്പെടെയുള്ള പാരമ്പര്യേതര ഊർജ്ജ മേഖലയിൽ വലിയ മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ തൊട്ടടുത്ത് എത്താൻപോലും നമുക്ക് കഴിഞ്ഞിട്ടില്ല. സോളാർ പാനൽ സ്വകാര്യമേഖലയിൽ, വ്യാവസായികാടിസ്ഥാനത്തിലാണെങ്കിലും വീടുകളിലാണെങ്കിലും സ്ഥാപിക്കുന്ന തുമായി ബന്ധപ്പെട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റും റെക്കറിംഗ് എക്സ്പെൻസുമാണ്. സാധാരണ കെ.എസ്.ഇ.ബി.യുടെ

സഹായത്തോടുകൂടി ഗ്രിഡുകൾ സ്ഥാപിച്ചാണ് ആവർത്തക ചെലവുകൾ ഒഴിവാക്കുന്നത്. എന്നാൽ ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി. വലിയ വിമുഖതയാണ് പ്രകടിപ്പിച്ചിട്ടുള്ളത്. കേരളത്തിൽ പാരമ്പര്യേതര ഊർജ്ജ മേഖല വിപുലപ്പെടുത്താൻവേണ്ടി കെ.എസ്.ഇ.ബി.യുടെ സമീപനത്തിൽ മാറ്റം വരുത്താൻ അങ്ങ് ശ്രദ്ധിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പാരമ്പര്യേതര ഊർജ്ജ മേഖലയിൽ മറ്റ് സംസ്ഥാനങ്ങൾ നമ്മളേക്കാൾ വളരെ മുന്നിലാണെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് ശരിയാണ്. കാരണം മറ്റ് സംസ്ഥാനങ്ങളിൽ ആവശ്യത്തിന് ഭൂമി ലഭിക്കുന്നുണ്ട്. ഇവിടെ ഭൂമിയില്ലാത്തതാണ് കാരണം. ഒരു മെഗാ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഏകദേശം 5 ഏക്കർ ഭൂമി വേണം. ഇവിടെ സ്വകാര്യ മേഖലയാണ് ചെയ്യുന്നതെങ്കിലും, കൂടുതൽ പരിഗണനയും പ്രോത്സാഹനവും നൽകും. മെമ്പർ ചൂണ്ടിക്കാണിച്ച avocation facility-ക്കുവേണ്ടി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഇപ്പോഴും പല സ്ഥലങ്ങളിലും ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ സാമ്പത്തിക കഴിവനുസരിച്ച് എത്രത്തോളം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ അത്രയും ചെയ്യാൻ കെ.എസ്.ഇ.ബി. തയ്യാറാണ്.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ സംസ്ഥാനത്ത് സിഗ്നൽ ലൈറ്റിനായി സോളാർ എനർജിയാണ് പ്രയോജനപ്പെടുത്തുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഏറ്റവും കൂടുതൽ സോളാർ എനർജി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന സംസ്ഥാനമാണ് കേരളം. ജലവൈദ്യുതിക്കുവേണ്ടി പണം ചെലവഴിക്കുന്നതിൽ കുറവ് വരുത്തുന്ന ഈ സന്ദർഭത്തിൽ നമ്മുടെ ആവശ്യത്തിനായി കേരളത്തിൽ സോളാർ എനർജി എത്രത്തോളം ലഭിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കേരളത്തിൽ സോളാർ എനർജി എത്രത്തോളം ലഭിക്കും എന്നതു സംബന്ധിച്ച് ഒരു പഠനം നടത്താനും സോളാർ എനർജി ഉൽപ്പാദിപ്പിക്കാനാവശ്യമായ ചെലവ് സംസ്ഥാന വൈദ്യുതി വകുപ്പുതന്നെ വഹിക്കുകയും ആ വൈദ്യുതി ഉപയോഗിക്കുന്നവരിൽനിന്ന് പണം ഈടാക്കുകയും ചെയ്യുന്ന രൂപത്തിലുള്ള വിപുലമായ പരിപാടി അടിയന്തരമായി നടപ്പാക്കാനും സർക്കാർ സന്നദ്ധമാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതുതന്നെയാണ് ഗവൺമെന്റ് ഇപ്പോൾ ചെയ്യുന്നത്. ഗവൺമെന്റ് നേരിട്ടല്ല, തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്വകാര്യമേഖല, കേന്ദ്രഗവൺമെന്റ് ഇവരെയെല്ലാം ഉപയോഗിച്ചാണ് ഇത് ചെയ്തുവരുന്നത്.

ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടും ലഭിക്കും. സംസ്ഥാന ഗവൺമെന്റിന് ഇതിൽ യാതൊരു ചെലവുമില്ല, 1000 ഏക്കർ സ്ഥലം മാത്രം നമ്മൾ ലഭ്യമാക്കിയാൽ മതി. 5 വർഷം കഴിഞ്ഞാൽ ആ സ്ഥലത്തിന് നമുക്ക് ലീസ് റെന്റ് വാങ്ങാൻ സാധിക്കും. ഇതാണ് സ്കീം. അതുകൊണ്ട് പരമാവധി സോളാർ എനർജി ഉൽപ്പാദിപ്പിക്കാൻ വേണ്ടിയുള്ള ശ്രമമാണ് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ളത്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, നമ്മുടെ രാജ്യം ലക്ഷ്യമിടുന്നത് 2 ലക്ഷം മെഗാവാട്ട് സോളാർ എനർജി ഉൽപ്പാദിപ്പിക്കാനാണ്. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പകുതി വീതം ഇൻസ്റ്റാൾ ചെയ്യണമെന്നതാണ് പോളിസി. മിക്ക സംസ്ഥാനങ്ങളും ഇത് അംഗീകരിച്ചു. തമിഴ്നാട് ഏകദേശം 3000 മെഗാവാട്ട് സോളാർ എനർജി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്, 2500 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ടെണ്ടറും നൽകിക്കഴിഞ്ഞു. ഇവിടെ കൊല്ലത്തും കാസർഗോഡും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സോളാർ പാർക്കുകളിൽ ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എത്രയാണ് ചെലവ് വരുന്നത്; അതുപോലെ റൂഫ് ടോപ് സോളാർ പാനൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് പറഞ്ഞു, എംപാനൽ ചെയ്ത ഏജൻസികൾ ചെയ്യുന്നതിനെക്കാൾ കുറഞ്ഞ ചെലവിൽ പുറത്ത് ചെയ്യാൻ കഴിയുന്നതുകൊണ്ട് മിക്കവാറും ആളുകൾ ഇക്കാര്യത്തിൽ മുന്നോട്ടുവരുന്നില്ല. സംസ്ഥാന സർക്കാരിന്റെ സബ്സിഡി ലഭ്യമാകാത്തതും മറ്റൊരു കാരണമാണ്. ഇതിനെല്ലാം മാറ്റം വരുത്തിക്കൊണ്ട് സമഗ്രമായ ഒരു സോളാർ പോളിസി ആവിഷ്കരിക്കാൻ സാധിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സോളാർ പോളിസി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യം ലക്ഷ്യമിടുന്നത് 2 ലക്ഷം മെഗാവാട്ട് സോളാർ എനർജിയാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. 2 ലക്ഷം മെഗാവാട്ട് കേന്ദ്ര ഗവൺമെന്റ് വിഭാവനം ചെയ്യുന്നുണ്ടെങ്കിലും ഒരു മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന്, സൂര്യപ്രകാശം ലഭിക്കുന്ന 5 ഏക്കർ സ്ഥലം ആവശ്യമാണ്. വന മധ്യത്തിൽ ചെയ്യാൻ കഴിയില്ല. സ്ഥലത്തിന്റെ ലഭ്യതക്കുറവ് കൊണ്ടാണ് ഇവിടെ സോളാർ പാനൽ സ്ഥാപിക്കാൻ കഴിയാത്തത്. രാജസ്ഥാൻ പോലുള്ള സംസ്ഥാനങ്ങളിൽ അനുയോജ്യമായ ധാരാളം ഭൂമിയുള്ളതുകൊണ്ട് 5000, 10000 മെഗാവാട്ട് വരെ ഉത്പാദിപ്പിക്കാവുന്ന പദ്ധതികൾ സ്ഥാപിക്കാൻ കഴിയുന്നുണ്ട്.

മറ്റൊരു കാര്യം മെമ്പർ പറഞ്ഞത്, അനെർട്ട് സബ്സിഡി നൽകുന്നത് MNRE എം-പാനൽ ചെയ്ത കമ്പനികൾക്കാണെന്നത് സംബന്ധിച്ചാണ്. ആ

കമ്പനികൾ ചെയ്താൽ മാത്രമേ MNRE-യുടെ സബ്സിഡി ലഭിക്കുകയുള്ളൂ, അല്ലെങ്കിൽ സബ്സിഡി നഷ്ടപ്പെടും. മറ്റൊരു കാര്യം കൂടി ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. കമ്പനികളുടെ ടെക്നിക്കൽ സ്റ്റാഫ്, കപ്പാസിറ്റി, കഴിഞ്ഞ കാല പ്രവർത്തനം എന്നിവ പരിഗണിച്ചാണ് എം-പാനൽ ചെയ്തിട്ടുള്ളത്. അതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് കിട്ടുമെന്നു പറയുന്നത് ശരിയാണെങ്കിലും അത് ക്വാളിറ്റി മോശമായിരിക്കും,

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, പാരമ്പര്യേതര ഊർജ്ജ മേഖലയിൽ സോളാർ പോലെ പ്രധാനപ്പെട്ടതാണ് കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഷോളയൂരിൽ സുസ്ലോൺ കമ്പനിയുമായി ബന്ധപ്പെട്ട ഒരു സ്ഥാപനം പ്രവർത്തിച്ചിരുന്നു. അന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആ സ്ഥലം ആദിവാസികളുടേതാണെന്നു പറഞ്ഞ് പൊന്നി എന്ന ആദിവാസിയെ സോണിയാ ഗാന്ധിയുടെ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോയി ആ പദ്ധതി ഇല്ലാതാക്കി. ഇപ്പോൾ അത്തരത്തിലുള്ള ഒരു പദ്ധതി അവിടെ തുടങ്ങാൻ സർക്കാൻ മുൻകൈ എടുക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. കാറ്റിൽ നിന്നും നമുക്ക് ലഭിക്കുന്ന 32 മെഗാവാട്ട് വൈദ്യുതിയിൽ 28-30 മെഗാവാട്ട് വൈദ്യുതി ഇപ്പോഴും അവിടെ നിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ട്. അംഗം പറഞ്ഞതു പോലുള്ള ആക്ഷേപം ഉണ്ടായതും ശ്രീമതി സോണിയാ ഗാന്ധിയുടെ അടുത്ത് പോയതും ശരിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചീഫ് സെക്രട്ടറി ചെയർമാനായ കമ്മിറ്റി അന്വേഷണം നടത്തുകയും അതിൽ കുറച്ച് ഭൂമി ആദിവാസികളുടേതാണെന്ന് തെളിയുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമില്ല. ഇപ്പോൾ എൻ.എച്ച്.പി.സി. യുമായി ആലോചിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ, 80-89 ഹെക്ടർ സ്ഥലം മാത്രമാണ് ആദിവാസികളുടെ ഭൂമിയെന്നാണ് ആ കമ്മിറ്റി കണ്ടെത്തിയിട്ടുള്ളത്.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള മാർഗ്ഗമാണ് സോളാർ എനർജി. കെ.എസ്.ഇ.ബി.-ക്ക് മാത്രമല്ല, 5 ഏക്കർ സ്ഥലവും മുടക്കാൻ പണവുമുള്ള ആർക്കും സോളാർ എനർജി ഉൽപ്പാദിപ്പിക്കാൻ അനുവാദം കൊടുക്കുമോ, അതോടൊപ്പം പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അനുമതിയും നമ്പരും നൽകുന്നതിന് സോളാർ എനർജി നിർബന്ധമാക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, സോളാർ എനർജിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചില റെസ്ട്രിക്ഷൻസ് കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതുസംബന്ധിച്ച റൂൾ നിയമ വകുപ്പിന്റെ പരിഗണനയിലാണ്. അത് വെറ്റ് ചെയ്ത് വന്നാലുടൻതന്നെ റെസ്ട്രിക്ഷൻസ് കൊണ്ടുവരുന്നതാണ്. സ്വകാര്യ മേഖലയിൽ സൗരോർജ്ജം ഉത്പാദിപ്പിക്കുന്നതിന് കേന്ദ്രത്തിൽ നിന്ന് സബ്സിഡി ലഭിക്കുന്നുണ്ട്. ഒന്ന് മുതൽ നൂറ് കിലോവാട്ട് വരെ സോളാർ എനർജി ഉത്പാദിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റും ചെറിയ തോതിൽ സബ്സിഡി നൽകുന്നുണ്ട്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അതിർത്തി പ്രദേശങ്ങളിൽ നല്ല വേഗതയിൽ കാറ്റ് വീശുന്നുണ്ട്. സെക്കന്റിൽ 20000 കിലോമീറ്റർ വേഗതയിൽ കാറ്റ് വീശിയാൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും. അതിന്റെ അടിസ്ഥാനത്തിലാണ് സീ-വെറ്റിനെക്കൊണ്ട് പരിശോധിപ്പിച്ച് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 33 മെഗാവാട്ട് വൈദ്യുതി രാമക്കൽമേട്ടിൽ നിന്നും അട്ടപ്പാടിയിൽ നിന്നും ഉൽപ്പാദിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ പിന്നീട് വിവാദങ്ങൾ ഉണ്ടാവുകയും ആ പദ്ധതികൾ നിന്നുപോവുകയും ചെയ്തു. എന്നാൽ ഇപ്പോഴും 150-ഓളം മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല, അത് കോസ്റ്റ് ഇഫക്ടീവുമാണ്. ഇപ്പോൾ സോളാർ സംവിധാനത്തിലേക്കാണ് പോകുന്നത്. എൽ.ഡി.എഫ്. ഭരണകാലത്ത് സോളാറിൽ നിന്ന് ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ 20 രൂപ ചെലവ് വരുമായിരുന്നു. അതുകൊണ്ടാണ് അന്ന് ആ പദ്ധതിയുമായി മുന്നോട്ടുപോകാതിരുന്നത്. ഇന്ന് പാനൽ രംഗത്ത് ചൈന വന്നതോടുകൂടി വളരെ കോസ്റ്റ് ഇഫക്ടീവായി. ഒരു യൂണിറ്റ് വൈദ്യുതി സോളാറിൽ നിന്നുല്പാദിപ്പിക്കാൻ ശരാശരി എത്ര രൂപ ചെലവാകും; അത് കോസ്റ്റ് ഇഫക്ടീവാണോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഇപ്പോൾ സോളാർ പാനൽ ചൈനയിൽ നിന്നും അതിനേക്കാൾ കൂടുതൽ ജർമ്മനിയിൽ നിന്നും വരുന്നുണ്ട്. ഏകദേശം 25000 മെഗാവാട്ട് വൈദ്യുതി സോളാറിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വലിയ രാജ്യമാണ് ജർമ്മനി. അവരുടെ സാങ്കേതികവിദ്യ വന്നപ്പോൾ ഒരു മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ 8000-9000 രൂപയ്ക്കുമധ്യേ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഇന്ന് സോളാർ പാനൽ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കാൻ ആളുകൾക്ക് താൽപ്പര്യമുണ്ട്. അതിൽ എനർജി

സേവ് ചെയ്യാൻ ബാറ്ററിയാണ് ഉപയോഗിക്കുന്നത്. ആ ബാറ്ററി വലിയ വേസ്റ്റായി മാറുകയാണ്. അതുപോലെ അതിന്റെ മെയിന്റനൻസും വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഗ്രിഡ്ഡിലേക്ക് മാറ്റാനുള്ള എന്തെങ്കിലും പരിശ്രമം ഇപ്പോൾ നടക്കുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതാണ് ഈ വർഷം ചെയ്യുന്നത്. 12000 വീടുകളിലേക്ക് 12 മെഗാവാട്ട്, അതായത് 12000 ആളുകൾക്ക് 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ഗ്രിഡ് കണക്റ്റഡായി ചെയ്യുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. എം. ഹംസ: സർ, സോളാർ എനർജി ഉപയോഗിച്ച് കൊണ്ടുള്ള വൈദ്യുതി പ്രശ്ന പരിഹാരത്തിന് ഏറ്റവും അനുയോജ്യമായ സംസ്ഥാനമാണ് കേരളം. ഇവിടെ 7 മാസവും വേനലാണ്. അതുകൊണ്ട് സോളാർ എനർജി ഉപയോഗപ്പെടുത്തുന്നതിന് ഹൈവേ ഉൾപ്പെടെയുള്ള റോഡുകൾ, ജലാശയങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കെട്ടിടങ്ങൾ എന്നിവ ഉപയോഗിക്കാനുള്ള പദ്ധതി തയ്യാറാക്കുമോ; മാത്രമല്ല, സമ്പൂർണ്ണ സാക്ഷരതാ യജ്ഞം നടത്തിയതുപോലെയും ജനകീയാസൂത്രണ പ്രവർത്തനം കേരളത്തിലെ ജനങ്ങളെ പഠിപ്പിച്ചതുപോലെയും സോളാർ എനർജി ഉപയോഗിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഒരു കാമ്പയിൻ നടത്തി കേരളത്തിലെ മുഴുവൻ ജനങ്ങളെയും അതിലേക്ക് കൊണ്ടുവരാനും വികേന്ദ്രീകരണാടിസ്ഥാനത്തിൽ സോളാർ എനർജി ഉല്പാദിപ്പിക്കാനുമുള്ള കാമ്പയിനും ഇടപെടലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കാമ്പയിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററും അനെർട്ടും ധാരാളം ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇവിടെ വെയിലും ചൂടും ഉണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ ആവശ്യത്തിന് ഭൂമി ഉണ്ടെങ്കിൽ മാത്രമേ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. ചൂടുള്ളതു കൊണ്ടുമാത്രം വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയില്ല. ഡാമിന്റെ കരയിലും മറ്റും സോളാർ പാനൽ സ്ഥാപിക്കുന്ന കാര്യം പറഞ്ഞു. അതിനും ഗവൺമെന്റ് മുൻഗണന നൽകുന്നുണ്ട്.

**വൈദ്യുതി വിതരണ ശൃംഖലയിലൂടെയുള്ള നഷ്ടം**

2(*334) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. കെ. രാജു:
ശ്രീ. ചിറ്റയം ഗോപകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലൂടെയുള്ള നഷ്ടം കുറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾ വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതികൾ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലുള്ള നഷ്ടത്തെ സാങ്കേതിക നഷ്ടമെന്നും (Technical loss) വാണിജ്യ നഷ്ടമെന്നും (Commercial loss) രണ്ടായി തരംതിരിച്ചിരിക്കുന്നു. പ്രസരണ വിതരണ ലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിലൂടെയും വൈദ്യുതി പ്രസരിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെയാണ് സാങ്കേതിക നഷ്ടമായി കണക്കാക്കുന്നത്. വൈദ്യുതി മോഷണം, കേടായ മീറ്ററുകൾ വഴി വീടുകളിൽ വൈദ്യുതി കൃത്യമായി രേഖപ്പെടുത്താത്തതും ബില്ലിംഗിൽ വരുന്ന തെറ്റുകളും വാണിജ്യ നഷ്ടമായി കണക്കാക്കുന്നു. സാങ്കേതിക നഷ്ടം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികൾ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്.

1. കൂടുതൽ എച്ച്.ടി. ലൈനുകൾ സ്ഥാപിച്ച് എച്ച്.ടി./എൽ.ടി. അനുപാതം മെച്ചപ്പെടുത്തുക.
2. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് എൽ.ടി. ലൈനുകളിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കുക.
3. എച്ച്.ടി. ലൈനുകളിലും എൽ.ടി. ലൈനുകളിലും പഴയ കണ്ടക്ടർ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കുക.
4. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുക.
5. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

വിതരണ ശൃംഖലയിലുള്ള വാണിജ്യ നഷ്ടം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികൾ ബോർഡ് നടപ്പാക്കിവരുന്നു:

1. കേടായ മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

2. ബോർഡിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൂടുതൽ കാര്യക്ഷമമാക്കുക.

3. ഉപഭോക്താക്കളുടെ ബിൽ, റവന്യൂ കളക്ഷൻ എന്നിവ കമ്പ്യൂട്ടർവൽക്കരിക്കുക.

4. എനർജി ഓഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

2001-02 മുതൽ 2013-14 വരെയുള്ള കാലയളവിൽ സാങ്കേതിക നഷ്ടം കുറയ്ക്കുന്നതിനു വേണ്ടി ഏകദേശം 2356 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും, 181 ഇ.എച്ച്.ടി. സബ്സ്റ്റേഷനുകളും 26000 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും 89500 സർക്യൂട്ട് കിലോമീറ്റർ എൽ.ടി. ലൈനുകളും 33500 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ ഈ കാലയളവിൽ വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനായി 78 ലക്ഷം കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കുകയും ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾവഴി വൈദ്യുതി മോഷണം നടത്തിയതിന് പിഴയായി 158 കോടിരൂപയും ഈടാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. മേൽപ്പറഞ്ഞ നടപടികൾ വഴി 2001-02 കാലയളവിലെ പ്രസരണ വിതരണ നഷ്ടമായ 30.76 ശതമാനം 2013-14 കാലയളവിൽ 14.96 ശതമാനമായി കുറയ്ക്കുക വഴി ഏകദേശം 1639 കോടിരൂപ വൈദ്യുതി വാങ്ങൽ ഇനത്തിൽ കുറവ് വരുത്തുന്നതിന് ബോർഡിന് സാധിച്ചിട്ടുണ്ട്.

2014-15 വർഷത്തിൽ ഏകദേശം 361 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും 27 പുതിയ സബ്സ്റ്റേഷനുകളും 2565 സർക്യൂട്ട് കിലോമീറ്റർ 11 കെ.വി. ലൈനുകളും 3780 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 11 ലക്ഷം കേടായ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിരുന്നു.

കൂടാതെ 2015-16 വർഷത്തിലേക്ക് ഏകദേശം 295 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും 15 പുതിയ സബ്സ്റ്റേഷനുകളും 2800 സർക്യൂട്ട്

കിലോമീറ്റർ 11 കെ.വി. ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 4000 സർക്യൂട്ട് കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും 8 ലക്ഷം കേടായ മീറ്ററുകളും മാറ്റിസ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. മേൽനടപടികൾവഴി വൈദ്യുതി പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, വൈദ്യുതി ഉൽപ്പാദനം പോലെതന്നെ വളരെ പ്രധാനപ്പെട്ടതാണ് വൈദ്യുതി വിതരണരംഗത്തെ പ്രസരണ നഷ്ടമെന്നു പറയുന്നത്. ഇക്കാര്യങ്ങളെ സംബന്ധിച്ച് വളരെ വിശദമായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. 14.96% മാത്രമാണ് നമുക്ക് പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും ഏതാണ്ട് 1639 കോടി രൂപ ഈയിനത്തിൽ ലാഭിക്കാൻ കഴിഞ്ഞുവെന്നും അദ്ദേഹത്തിന്റെ മറുപടിയിൽ പറയുന്നുണ്ട്. എന്ത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സ്റ്റേറ്റ്മെന്റ് പറഞ്ഞിട്ടുള്ളതെന്ന് അറിയില്ല. എച്ച്.ടി. ഡിസ്ട്രിബ്യൂഷൻ സിസ്റ്റം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചില പരീക്ഷണങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുണ്ട്. ഇൻഡ്യൻ ഇലക്ട്രിസിറ്റി റൂൾ 56 പ്രകാരം 5 ശതമാനത്തിൽ കൂടുതൽ വൈദ്യുതി നഷ്ടമുണ്ടാകാൻ പാടില്ലായെന്ന് പറയുന്നുണ്ടെങ്കിലും ഇക്കാര്യങ്ങളൊന്നും നമുക്ക് ബാധകമല്ലായെന്നുള്ള നിലയിലാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും നടക്കുന്നത്. അതുകൊണ്ട് വിദേശ രാജ്യങ്ങളിൽ ഫലപ്രദമായി വൈദ്യുതി വിതരണ രംഗത്ത് പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം നമ്മുടെ സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; തിരുവനന്തപുരത്തുള്ള പേയാട്, മഞ്ചാടി എന്നീ രണ്ട് സ്ഥലങ്ങളിലാണ് ഈ സിസ്റ്റം ഇപ്പോൾ ഇംപ്ലിമെന്റ് ചെയ്യാൻ സാധിച്ചിട്ടുള്ളത്. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ഇത് വ്യാപിപ്പിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, ഈ കാര്യം ഗവൺമെന്റ് പ്രത്യേകം പരിഗണിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് അവരുടെ സഹായത്തോടെ ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുമുണ്ട്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, നമ്മൾ ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തെക്കുറിച്ച് പറയുമ്പോഴും നമ്മുടെ സംസ്ഥാനത്ത് ഒടിഞ്ഞുതൂങ്ങി കെട്ടിവച്ച പോസ്റ്റുകളുമായി ഇപ്പോഴും നമ്മുടെ വിതരണ ശൃംഖല

നിലനിൽക്കുന്നു. വൈദ്യുതി ലൈനുകളിൽ ടച്ച്മൂലം ഉണ്ടാകുന്ന പ്രസരണ നഷ്ടം വ്യാപകമാണ്. ട്രാൻസ്ഫോർമറുകൾ കേടാകുന്നതുമൂലവും വൈദ്യുതി നഷ്ടമുണ്ടാകുന്നു. കൂടാതെ, പഴയതും ഭാരം കൂടിയതുമായ ട്രാൻസ്ഫോർമറുകളാണ് പലപ്പോഴും നമ്മുടെ വിതരണ മേഖലകളിലുപയോഗിക്കുന്നത്. കേടായ പോസ്റ്റുകൾ മാറ്റി പുതിയ പോസ്റ്റുകൾ സ്ഥാപിച്ച് നമ്മുടെ വൈദ്യുതി വിതരണരംഗം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ചും വൈദ്യുതി പാഴാകാതെ സേവ് ചെയ്യുന്നതിനെ സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇത് വൈദ്യുതി ബോർഡ് നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തി തന്നെയാണ്. വൈദ്യുതി ലൈനുകളിലുണ്ടാകുന്ന ടച്ചിംഗ് വളരെ ശരിയാണ്. ഇതിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ ഇപ്രാവശ്യം കാറ്റും മിന്നലും കൂടുതൽ വന്നതിന്റെ ഫലമായി കുറച്ച് കൂടുതൽ നഷ്ടമുണ്ടായി. ടച്ചിംഗ് ശരിയാക്കാൻ പോകുന്ന ആളുകളെ കല്ലെറിഞ്ഞ് താഴെ ഇറക്കുന്ന ഒരു പ്രവണതകൂടി ചില സ്ഥലങ്ങളിലുണ്ടെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് വൈദ്യുതി ലൈനിലെ ടച്ചിംഗ് ഒരു പ്രധാന പ്രശ്നംതന്നെയാണ്. അത് ശരിയാക്കുന്ന ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾ അനുഭവിക്കുന്ന പീഡനം എത്രമാത്രമാണെന്ന് പറഞ്ഞാൽ തീരില്ല. അതുപോലെതന്നെ ഒടിയാറായ പോസ്റ്റുകൾ മാറ്റാൻ യാതൊരു പ്രയാസവുമില്ല. എവിടെയാണെങ്കിലും അത് മാറ്റി റീപ്ലെയ്സ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, നമ്മുടെ വൈദ്യുതി മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെല്ലാം പ്രശംസനീയമാണ്. അങ്ങയുടെ കണക്ക് പ്രകാരം ഒറ്റവർഷം കൊണ്ട് 1639 കോടി രൂപയുടെ ലാഭം ഉണ്ടാക്കിയിട്ടുണ്ട്. നഷ്ടം കുറച്ചിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള നഷ്ടമാണെന്നാണ് ഈ കണക്കുകൾ പറയുന്നത്. എന്താണിതിന്റെ കണക്കെന്ന് മനസ്സിലാകുന്നില്ല. കേരളത്തിലെ വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും നഷ്ടം കുറയ്ക്കുകയും ചെയ്യുമ്പോൾ, കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ ബിൽ വലിയ ഒരു ശാപവും ഭാരവുമായി മാറുകയാണ്. വൈദ്യുതി ബിൽ നോക്കിയാൽ ഉപഭോക്താക്കളിൽനിന്ന് നിരവധി ടൈറ്റിലുകളിൽ കാശ് ഈടാക്കിക്കൊണ്ടിരിക്കുകയാണെന്ന് മനസ്സിലാകും. എന്തിനാണെന്ന് ആർക്കുമറിഞ്ഞുകൂടാ. അതോടൊപ്പം പവർ തെഫ്റ്റ് തടയുന്നതിന് വിദഗ്ധമായ നടപടികൾ എടുത്തിരുന്നു. ഇപ്പോൾ അങ്ങനെയൊരു

ഉദ്യോഗസ്ഥൻ ഉണ്ടോ; ഇത്തരത്തിലുള്ള എന്തെങ്കിലും നടപടികൾ നടക്കുന്നുണ്ടോ; വൈദ്യുതി മോഷണം കണ്ടുപിടിച്ച ആളിന് എന്തെങ്കിലും സമ്മാനം കൊടുത്തിട്ടുണ്ടോ; എറണാകുളത്ത് എവിടെയോ നമുക്ക് വേണ്ടപ്പെട്ട ഒരാളുടെ വൈദ്യുതി മോഷണം പിടിച്ചതിനുശേഷമാണ് അതിന്റെ ഉദ്യോഗസ്ഥനെ മാറ്റി ആ ഡിവിഷൻതന്നെ ഇല്ലാതാക്കിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്താണ് ഇതിനെക്കുറിച്ച് പറയാനുള്ളത്?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, അതിൽ യാതൊരു അടിസ്ഥാനവുമില്ല. ഇതിന്റെ ചീഫായ ഒരു ഉദ്യോഗസ്ഥനെ മാറ്റിയിട്ടുണ്ട്. അദ്ദേഹം ഈ ആരോപണം നിഷേധിക്കുകയും അദ്ദേഹത്തിന്റെ ആവശ്യപ്രകാരമാണ് മാറ്റിയതെന്ന് പറയുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ഡിപ്പാർട്ടുമെന്റിലേക്ക് പോകാൻ തയ്യാറാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തെ മാറ്റി. അദ്ദേഹത്തിന്റെ അഭിപ്രായം ചോദിച്ചു കൊണ്ടുതന്നെയാണ് ഡിപ്പാർട്ടുമെന്റ് അത് ചെയ്തത്. പിന്നെ എറണാകുളത്തല്ല ഒരു സ്ഥലത്തും പവർ തെഫ്റ്റ് കണ്ടുപിടിച്ചതിന്റെ പേരിൽ ഒരിടപെടലും ഈ ബോർഡോ ഗവൺമെന്റോ നടത്തിയിട്ടില്ല. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ വിളിച്ച് എവിടെയെങ്കിലും തെഫ്റ്റ് നടത്തിയ ആളെ സഹായിക്കണമെന്ന് ഒരു ഉദ്യോഗസ്ഥനോടും ഞാനിതുവരെ പറഞ്ഞിട്ടില്ല എന്നതാണ് സത്യം. ഇതൊരു വസ്തുതയാണ്. ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ അങ്ങനെ പറയുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരു ഉദ്യോഗസ്ഥൻ തന്നോട് പറഞ്ഞിട്ടാണ്, തന്റെ അറിവോടു കൂടിത്തന്നെയാണ് സ്ഥലം മാറ്റിയതെന്ന് പറയുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ ആലോചിക്കുന്നതുതന്നെ ശരിയായില്ല എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. ഇവിടെ വൈദ്യുതി താരിഫ് കൂടുതലാണെന്ന് അങ്ങ് പറഞ്ഞു. ഇന്ന് ഇൻഡ്യയിൽ മറ്റേത് സംസ്ഥാനത്തെക്കാളും താരിഫ് കുറഞ്ഞ സംസ്ഥാനം കേരളമാണ്. ഇപ്പോൾ ഡൽഹിയിൽ പുതിയ ഗവൺമെന്റ് വന്നപ്പോൾ താരിഫ് പകുതിയാക്കി കുറച്ചു. അതിനേക്കാൾ കുറവാണ് കേരളത്തിലേത്. പിന്നെ 1639 കോടി രൂപയുടെ ലാഭം എന്നത് ഒരു വർഷത്തെ മാത്രം കണക്കല്ല. അത് നഷ്ടത്തിൽ കുറവുവന്നതാണ്. 2012-13-ലെ സി. ആന്റ് എ.ജി. റിപ്പോർട്ട് അനുസരിച്ച് നമ്മുടെ ആകെ റവന്യൂവിന്റെ 102 ശതമാനമാണ് വൈദ്യുതി പർച്ചേസ് ചെയ്യാൻ നമ്മൾ ചെലവഴിച്ചിട്ടുള്ളത്. കൂടാതെ, ശമ്പളം, പെൻഷൻ, ബാക്കി കാര്യങ്ങൾ, മെയിന്റനൻസ്, റിപ്പയർ ഇതിനെല്ലാം പണം വേണം. 2000-ൽപ്പരം കോടി രൂപയുടെ നഷ്ടമാണ് ആ ഒരു വർഷം ഉണ്ടായിട്ടുള്ളത്.

<u>ശ്രീ. കെ. രാജു:</u> സർ, പ്രകൃതിക്ഷോഭംമൂലം പ്രസരണ നഷ്ടവും വിതരണ

നഷ്ടവും ഉണ്ടാകുന്നുണ്ട്. കൊടുങ്കാറ്റും മഴയും വന്ന് ധാരാളം പോസ്റ്റുകൾ ഒടിഞ്ഞു വീഴുകയും ലൈനുകൾ തകരാറിലാവുകയും ചെയ്യുന്നത് വനമേഖലകളിൽ നിത്യസംഭവമാണ്. ഇതിനൊരു പരിഹാരമെന്ന അണ്ടർ ഗ്രൗണ്ട് കേബിൾ ലൈനിലേക്ക് ഇത് കൺവെർട്ട് ചെയ്യുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ? വനമേഖലയിൽ മാത്രമല്ല, പട്ടണ പ്രദേശങ്ങളിലടക്കം അണ്ടർ കേബിൾ ലൈനായാൽ അതിന്റെ പ്രയോജനം ഇലക്ട്രിസിറ്റി ബോർഡിനും നാട്ടുകാർക്കുമുണ്ടാകും. ഇതുപോലെ കറണ്ടിന് ഇന്ററപ്ഷനുമുണ്ടാകില്ല. ആ കാര്യത്തെക്കുറിച്ച് അങ്ങ് പരിശോധിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഈ ലൈനൊക്കെ അണ്ടർ ഗ്രൗണ്ട് കേബിളിട്ട് പോകുകയാണെങ്കിൽ ഇന്ററപ്ഷൻ വളരെയധികം കുറയ്ക്കാൻ സാധിക്കും. അദ്ദേഹം പറഞ്ഞതുപോലെ നാലഞ്ച് ഇരട്ടിയോളം സംഖ്യ അതിനുവേണ്ടി ചെലവുവരും. ആയിരക്കണക്കിന് കോടി രൂപ അതിനുവേണ്ടിവരും. അത് ഗവൺമെന്റ് കണക്കാക്കിക്കൊണ്ടാണ് ഇപ്പോൾ മുഴുവൻ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമെല്ലാം അണ്ടർ ഗ്രൗണ്ട് കേബിൾ R-APDRP അനുസരിച്ച് ചെയ്തുവരുന്നത്. അതുകൊണ്ട് മുഴുവൻ അണ്ടർ ഗ്രൗണ്ട് കേബിൾ ആകില്ല. അതിൽ ഇപ്പോൾ എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലും ബാക്കിയുള്ള മുനിസിപ്പാലിറ്റികളിലുമെല്ലാം ഇത് ചെയ്തുവരികയാണ്. ഒരൊറ്റയടിക്ക് എല്ലാംകൂടി അണ്ടർ ഗ്രൗണ്ട് കേബിൾ ആക്കാനുള്ള സാമ്പത്തികമില്ലാത്തതുകൊണ്ട് പടിപടിയായി അതിലേക്ക് ലക്ഷ്യംവച്ചുകൊണ്ടുള്ള നീക്കമാണ് ബോർഡ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതുൾപ്പെടെയുള്ള ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് പല സ്ഥലത്തും ഇനിയും കമ്മിഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. അത് കമ്മിഷൻ ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുമോ, അതോടൊപ്പംതന്നെ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ, ഇടുക്കി ജലവൈദ്യുത പദ്ധതിക്കുവേണ്ടി നിർമ്മിച്ച ഡാമിന്റെ നിശ്ചിത കാലാവധി കഴിഞ്ഞിരിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ ഡാം നിർമ്മിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ടോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ലെങ്കിലും ഡാമിന്റെ മെയിന്റനൻസും റിനോവേഷനും വേണ്ടിയുള്ള

കാര്യങ്ങളൊക്കെ ഗവൺമെന്റ് ആലോചിച്ച് 'ട്രിപ്പ്' എന്ന പദ്ധതി മുഖേന നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരുഘട്ടത്തിൽ ഇടുക്കിയിൽ മറ്റൊരു ഡാംകൂടി കെട്ടേണ്ടതായിവരും എന്നതന്നെയാണ് എന്റെ അഭിപ്രായം. ഇവിടെ പറഞ്ഞ മറ്റൊരു കാര്യം, ജലസേചന പദ്ധതികളുടെ പ്രവൃത്തികളൊക്കെ താമസിച്ചുപോകുന്നുവെന്നാണ്. അതിനുള്ള പ്രധാന കാരണം ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് ക്ലിയറൻസാണ്. അത് ഈ സഭയിൽ പല പ്രാവശ്യം പറഞ്ഞതാണ്. ഏകദേശം അറുന്നൂറോളം മെഗാവാട്ട് അതിന്റെ പേരിൽ കിടക്കുകയാണ്. പിന്നീടുള്ളത് ചെറുകിട ജലസേചന പദ്ധതികളാണ്. 25 മെഗാവാട്ടിന് താഴെയുള്ള പദ്ധതികൾ ഇപ്പോൾ ഏകദേശം ഇരുന്നൂറോളം മെഗാവാട്ടിന്റെ പദ്ധതികൾ ഓൺഗോയിംഗ് ആണ്. 130-ഓളം മെഗാവാട്ടിന്റെ പുതിയ പദ്ധതികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതിലും പ്രശ്നങ്ങളുണ്ട്. താമസം വരുന്നത് പ്രത്യേകിച്ചും സ്ഥലം കിട്ടാത്തതുകൊണ്ടാണ്. അടുത്ത സ്ഥലങ്ങൾ കിട്ടണം. സ്ഥലം വാങ്ങുന്നത് ഒന്നുകിൽ സ്വകാര്യഭൂമി അല്ലെങ്കിൽ വനഭൂമി. സംസ്ഥാന ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് പരമാവധി സഹകരിക്കുന്നുണ്ടെങ്കിലും കേന്ദ്ര ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുവാദം ലഭിക്കേണ്ടതുണ്ട്. അതുപോലെ പ്രൈവറ്റ് ഭൂമി ഏറ്റെടുക്കാനുള്ള തടസ്സങ്ങളും അതിന്റെ പേരിലുള്ള ലിറ്റിഗേഷൻസുമൊക്കെയാണ് ഇത് താമസം വരാനുള്ള കാരണം.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, നിലവിലുള്ള കേടായ ട്രാൻസ്ഫോർമറുകൾമൂലം ഉണ്ടാകുന്ന വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പഴയ ട്രാൻസ്ഫോർമറുകളൊക്കെ മാറ്റിസ്ഥാപിക്കുന്നതിനുള്ള പദ്ധതിയുണ്ടായിരുന്നു. രാജീവ് ഗാന്ധി വൈദ്യുത പദ്ധതിയുടെ ഭാഗമായി ഇത്തരം ഒരുപാട് സ്കീമുകൾ പലയിടത്തും ആരംഭിക്കുകയും ഇതിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനെക്കുറിച്ച് കളക്ടർമാരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുമൊക്കെ ചെയ്തിരുന്നു. എന്നാൽ ഇത്തരം സ്കീമുകളൊന്നും ഇതുവരെ പൂർണ്ണമായും എവിടെയും തീർന്നിട്ടില്ല. എന്റെ പ്രദേശം ഉൾക്കൊള്ളുന്ന കോഴിക്കോട് ജില്ലയിലൊക്കെയും ഇപ്പോഴും ഒച്ചിന്റെ വേഗതയിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ സ്കീമുകളൊക്കെ പൂർത്തിയായാൽ പഴയ ട്രാൻസ്ഫോർമറുകളൊക്കെ മാറ്റിസ്ഥാപിച്ച് വൈദ്യുതി പ്രശ്നം പരിഹരിക്കുവാൻ സാധിക്കുമായിരുന്നു. ഇതിനൊരു അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ട്രാൻസ്ഫോർമർ മാറ്റലുമായി ബന്ധപ്പെട്ട് 25 കെ.വി.യുടെ ട്രാൻസ്ഫോർമറാണ് ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം വയ്ക്കുന്നത്.

അല്ലാത്തത് ബോർഡിന്റേതാണ്. വളരെയധികം ട്രാൻസ്ഫോർമറുകൾ മാറ്റുന്നുണ്ട്. 8 ലക്ഷം മീറ്ററുകൾ മാറ്റിവയ്ക്കാനാണ് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

ശ്രീ. തോമസ് ചാണ്ടി: സർ, പമ്പാ നദിയും അച്ചൻകോവിലാറും മണിമലയാറും എന്റെ മണ്ഡലത്തിലൂടെയാണ് വേമ്പനാട്ട് കായലിലേക്ക് പോകുന്നത്. ഞാൻ ഇതിനുമുമ്പ് അങ്ങേക്ക് എഴുതിത്തന്നിട്ടുള്ള ഒരു വിഷയമാണ്. 1200-ഓളം ഹൗസ്ബോട്ടുകൾ ഇടതടവില്ലാതെ വിദേശ ടൂറിസ്റ്റുകളെയുംകൊണ്ട് ഓടിക്കൊണ്ടിരിക്കുന്ന ഈ നദിയിൽ ക്രോസ് ചെയ്യുന്ന 11 കെ. വി. ലൈൻ 'റ' മലർത്തിവച്ചതു പോലെയാണിരിക്കുന്നത്. ഞാൻ ഒരിക്കലത് അങ്ങയെ കാണിച്ചുതന്നതാണ്. ഈയടുത്ത കാലത്ത് ഒന്നോ രണ്ടോ ടൂറിസ്റ്റുകൾ മരിച്ചു. അതുകൊണ്ട് അവിടെ ചെറിയ ടവറുകൾ നാട്ടി ലൈനുകൾ നേരെ വലിച്ചു കെട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അടിയന്തരമായി അതിനുള്ള നടപടി കൈക്കൊള്ളും.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, പ്രസരണ - വിതരണ നഷ്ടം പോലെതന്നെ വളരെയധികം നഷ്ടമുണ്ടാകുന്ന ഒന്നാണ് വൈദ്യുതിയുടെ അമിതമായ ഉപഭോഗം. വൈദ്യുതി അനാവശ്യമായി ഉപയോഗിക്കുന്നതുമൂലം വൈദ്യുതി മേഖലയിൽ വലിയ നഷ്ടമുണ്ടാകുന്നു. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്ന ഉപഭോക്താക്കൾക്ക് നേരത്തെ സമ്മാനവും പ്രോത്സാഹനവും കൊടുത്തിരുന്നു. അത്തരം പദ്ധതികൾക്ക് രൂപം കൊടുക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ആ പദ്ധതി ഇപ്പോഴും നിലവിലുണ്ട്. ആ പദ്ധതി പ്രകാരം വൈദ്യുതി ഉപഭോഗം കുറയ്ക്കുന്ന ഉപഭോക്താക്കൾക്ക് പാരിതോഷികം നൽകുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് വളരെ സീനിയർ നേതാവും എത്രയോ പ്രാവശ്യം മന്ത്രിയായി ഭരണരംഗത്ത് കഴിവ് തെളിയിച്ചിട്ടുള്ള ആളുമാണ്. അങ്ങ് ഈ വകുപ്പിന്റെ ചുമതലയേറ്റെടുത്തശേഷം എത്ര മെഗാവാട്ട് വൈദ്യുതി പുതുതായി ഉത്പാദിപ്പിക്കാൻ കഴിഞ്ഞു; നായനാർ മുഖ്യമന്ത്രിയും ശ്രീ. പിണറായി വിജയൻ വൈദ്യുതി വകുപ്പുമന്ത്രിയുമായിരുന്നപ്പോൾ 1058 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിച്ചിരുന്നു. ഇന്ന് അത് ഉത്പാദിപ്പിക്കാൻ കഴിയുന്നില്ല. തിരുവനന്തപുരം സിറ്റിയിൽ 100 കോർപ്പേറേഷൻ വാർഡുകളുണ്ട്. അവിടെ സ്ട്രീറ്റ് ലൈറ്റുകൾ പ്രകാശിപ്പിക്കുന്നതിനുവേണ്ടി കോർപ്പറേഷൻ സാധനങ്ങൾ വാങ്ങി നൽകുകയും വൈദ്യുതിബോർഡ് അവ സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഇവർ തമ്മിലുള്ള തർക്കം കാരണം തെരുവുവിളക്കുകൾ പ്രകാശിക്കാതെയായാൽ രണ്ടും

മൂന്നും മാസം കഴിഞ്ഞാണ് പ്രകാശിപ്പിക്കാൻ സാധിക്കുന്നത്. ഇലക്ട്രിസിറ്റി ബോർഡ് മാത്രമല്ല, കോർപ്പറേഷനും കുറ്റക്കാരാണ്. പക്ഷെ ബുദ്ധിമുട്ടനുഭവിക്കുന്നത് ജനങ്ങളാണ്. എന്റെ മണ്ഡലത്തിലെ പൂങ്കുളം എന്ന സ്ഥലത്ത് വൈദ്യുതി കൂടുതലായി ലൈനിൽക്കൂടി കടന്നുവന്നപ്പോൾ പട്ടികജാതിയിൽപ്പെട്ടവരുടെ ഇരുപതോളം വരുന്ന വീടുകളിലെ ടി.വി.-ക്കും ഫ്രിഡ്ജിനും മറ്റും നാശം സംഭവിച്ചു. ഇലക്ട്രിസിറ്റി ബോർഡിൽ അപേക്ഷ കൊടുത്തിട്ട് ഒരു പൈസപോലും നഷ്ടപരിഹാരം അനുവദിച്ചില്ല. അങ്ങ് വളരെ ദയയുള്ളയാളാണ്. എന്തെങ്കിലും നഷ്ടപരിഹാരം കൊടുക്കുവാനുള്ള തീരുമാനം കൈക്കൊള്ളുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, അങ്ങയുടെ ചോദ്യം ഈ വിഷയവുമായി ബന്ധപ്പെട്ടതല്ലെങ്കിലും ഞാൻ മറുപടി പറയാം. 1058 മെഗാവാട്ട് ഉത്പാദിപ്പിച്ചു എന്നുപറഞ്ഞത് ശരിയാണ്. ഞങ്ങളുടെ കാലത്താണ് അത് തുടങ്ങിയത്. നിങ്ങൾ അതിന്റെ ഉദ്ഘാടനമാണ് ചെയ്തത്. നിങ്ങളുടെ കാലത്ത് അങ്ങനെ ചെയ്യാത്തതുകൊണ്ട് ഞങ്ങൾക്ക് ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇതാണ് വസ്തുത. ഞാൻ നിഷേധിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കെ. കരുണാകരൻ ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കണ്ട് സംസാരിച്ചിട്ടാണ് എൻ.റ്റി.പി.സി.-യുടെ സ്കീം കൊണ്ടുവന്നത്, അത് 360 മെഗാവാട്ടാണ്. അതുപോലെ ബി.എസ്.ഇ.എസ്. അത് 145 മെഗാവാട്ടാണ്, ശബരിഗിരി പ്രോജക്ട്, അതുപോലുള്ള കുറേ പ്രോജക്ടുകൾ ഞങ്ങളുടെ കാലത്ത് പ്രവർത്തിച്ചത് നിങ്ങൾക്ക് കമ്മിഷൻ ചെയ്യാൻ സാധിച്ചു. നിങ്ങൾ അങ്ങനെ ചെയ്യാത്തതുകൊണ്ട് ഞങ്ങൾക്ക് കമ്മിഷൻ ചെയ്യാൻ സാധിച്ചില്ല. ഏതായാലും ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. അതെല്ലാം സാഹചര്യങ്ങളാണ്. അത് ഒരു നല്ല കാര്യമായിരുന്നു. രണ്ടാമത് പറഞ്ഞത്, സ്ട്രീറ്റ് ലൈറ്റിന്റെ കാര്യമാണ്. സ്ട്രീറ്റ് ലൈറ്റ് മുൻപ് കെ.എസ്.ഇ.ബി.യാണ് ചെയ്തിരുന്നത്. പഞ്ചായത്ത് അസോസിയേഷനും മറ്റുംകൂടി സ്ട്രീറ്റ് ലൈറ്റിന്റെ പൂർണ്ണ ഉത്തരവാദിത്വം അവരെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി. ഒരു ജി.ഒ. ഇറക്കി. ഞങ്ങൾക്ക് വിരോധമില്ലെന്ന് പറഞ്ഞു. പൂർണ്ണമായി അവർക്ക് വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൊടുത്തതാണ്. അത് അവർ ചെയ്യേണ്ട കാര്യമാണ്. അത് കോർപ്പറേഷന്റെ അധികാരപരിധിയിൽ വരുന്നതാണ്. അതിന് സ്ട്രിക്റ്റായ നിർദ്ദേശം അർബൻ ഡെവലപ്മെന്റ് മിനിസ്ട്രിയിൽനിന്ന് ഇറക്കിയിട്ടുണ്ട്. അതുപ്രകാരം അവർ ചെയ്യുന്നില്ല. സെപ്റ്റംബർ മാസത്തിനുമുമ്പ് ടെണ്ടർ വിളിക്കണമെന്നു പറഞ്ഞ് വളരെ സ്ട്രിക്റ്റായ സർക്കുലർ അർബൻ ഡെവലപ്മെന്റ് മിനിസ്ട്രിയിൽനിന്ന് പോയതാണ്. അതനുസരിച്ച് കോർപ്പറേഷൻ ചെയ്യാത്തതിന് ഞങ്ങളോട് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? ഞങ്ങൾ അവിടെച്ചെന്നാൽ അവരുടെ അധികാരത്തിൽ കൈകടത്തുന്നുവെന്ന

ആക്ഷേപമാകും വരിക. ബഹുമാനപ്പെട്ട വി. ശിവൻകുട്ടി അവരോട് പറയൂ. ഞാനും അവരോട് പറയാം. അതിനെന്തൊക്കെ സഹായമാണ് കെ.എസ്.ഇ.ബി. ചെയ്യേണ്ടതെങ്കിൽ ആ സഹായം ചെയ്തു കൊടുക്കുവാൻ തയ്യാറാണ്.

## സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം

3 (*335) ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ,

(എ) 10/05/2005-ലെ 951/2005/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അക്കാദമിക്-കലാകായിക രംഗങ്ങളിൽ മികവ് പ്രകടിപ്പിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*

(ബി) ടി പദ്ധതി പ്രകാരം 8, 9, 10, +2, ബിരുദം, ബിരുദാനന്തര കോഴ്സുകൾ, കലാകായിക മത്സരങ്ങൾ (ജില്ലാതലം, സംസ്ഥാനതലം, സർവ്വകലാശാല, അന്തർ സർവ്വകലാശാല) എന്നിവയിൽ മികവ് പ്രകടിപ്പിക്കുന്ന പട്ടികവർഗ്ഗ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകിവരുന്നു. ജില്ലാതല സ്കൂൾ കലാമത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 800 രൂപ, രണ്ടാം സ്ഥാനം നേടുന്നവർക്ക് 600 രൂപയും സംസ്ഥാനതല സ്കൂൾ കലാമത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 1000 രൂപ, രണ്ടാം സ്ഥാനം നേടുന്നവർക്ക് 800 രൂപയും എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നു.

(സി) കലാമത്സരങ്ങളിൽ ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും നേടുന്നവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെയാണ് പരിഗണിക്കുന്നത്.

(ഡി) 2005 മുതൽ പദ്ധതി നടപ്പാക്കിവരുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കലാകായിക രംഗങ്ങളിൽ മികവ് പ്രകടിപ്പിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുണ്ടോ, കാരണം, അവർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ്. അത്തരം കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ അന്യംനിന്നു പോകുന്ന പാരമ്പര്യ കലകളടക്കം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് 2013-14 സാമ്പത്തിക വർഷം തന്നെ സർഗ്ഗോത്സവം എന്ന പരിപാടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യം പ്രത്യേകം പരിശോധിക്കും. ഇപ്പോൾ കൊടുക്കുന്ന ധനസഹായം വളരെ അപര്യാപ്തമാണ്. അവരെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി കൂടുതൽ ധനസഹായം കൊടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പാരമ്പര്യകലകൾ സ്കൂൾ യുവജനോത്സവത്തിൽ ഉൾപ്പെടുത്താൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റും

വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഒരു നിലപാട് സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ അന്യംനിന്നു പോകുന്ന പാരമ്പര്യ കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഇതിനകംതന്നെ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ സ്കൂൾ കലോത്സവ വേദിയിൽവച്ചുതന്നെ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വട്ടക്കളി, കമ്പളക്കളി, പളിയനൃത്തം, ഇരുളനൃത്തം, മംഗലംകളി എന്നീ പാരമ്പര്യകലകൾ സ്കൂൾ കലോത്സവത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി ഇതിനകംതന്നെ സ്വീകരിച്ചു കഴിഞ്ഞു. കിർത്താഡ്സ് പഠനം നടത്തി പ്രത്യേക റിപ്പോർട്ട് പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കഴിഞ്ഞ വർഷത്തെ കലോത്സവ സമയത്താണ് പട്ടികജാതി/പട്ടികവർഗ്ഗ ആദിവാസി കലായിനങ്ങൾകൂടി കലോത്സവത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം വന്നത്. അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിയും ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. അടുത്ത വർഷത്തെ കലോത്സവത്തിൽ ആദിവാസി കലാരൂപത്തിലെ പ്രധാന ഇനങ്ങൾ ഉൾപ്പെടുത്താൻ തീരുമാനിക്കും.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വീടുകളിൽനിന്ന് പഠിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. എസ്.എസ്.എൽ.സി. കഴിഞ്ഞ കുട്ടികൾ ഹോസ്റ്റലിൽ അഡ്മിഷൻ കിട്ടാതെ ബുദ്ധിമുട്ടുകയാണ്. അത്തരം വിദ്യാർത്ഥികൾക്ക് ഹോസ്റ്റലിൽ അഡ്മിഷൻ കിട്ടാനുള്ള സാഹചര്യം ഗവൺമെന്റ് സ്വീകരിക്കുമോ; ഗോത്രസാരഥി പദ്ധതി വിപുലപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഇപ്പോൾതന്നെ ഗോത്രസാരഥി പദ്ധതി വളരെ നന്നായി എല്ലാ സ്കൂളുകളിലും നടക്കുന്നുണ്ട്. ത്രിതല പഞ്ചായത്ത് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്നത്.

പഞ്ചായത്ത് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പി.റ്റി.എ.യുടെയും സ്കൂൾ പ്രിൻസിപ്പലിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥരുടെയും ജോയിന്റ് കമ്മിറ്റി രൂപീകരിച്ചാണ് ഗോത്രസാരഥി പദ്ധതി നടപ്പാക്കുന്നത്. കൂടുതൽ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് ഇതിനകംതന്നെ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഈ വർഷം ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാമതൊന്നുകൂടി ആരംഭിക്കാൻ പോവുകയാണ്.

<u>ശ്രീ. വർക്കല കഹാർ</u>: സർ, പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന സർഗ്ഗോത്സവത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. അതിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകാനും, ഗ്രേസ് മാർക്ക് ഹയർ സെക്കണ്ടറി തലത്തിൽക്കൂടി നടപ്പാക്കുന്ന കാര്യവും പരിഗണിക്കുമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, പട്ടികവർഗ്ഗ വികസന വകുപ്പ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സർഗ്ഗോത്സവം പരിപാടി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി എസ്.എസ്.എൽ.സി. വരെയുള്ള കുട്ടികൾക്ക് ഗ്രേസ് മാർക്ക് അനുവദിച്ചു കഴിഞ്ഞു. ഹയർ സെക്കണ്ടറി തലത്തിലെ ഗ്രേസ് മാർക്കിന്റെ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. അത് വളരെ പെട്ടെന്നുതന്നെ നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കും.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, കുട്ടികൾ മത്സരിക്കണമെങ്കിൽ അവർക്ക് ട്രെയിനിംഗ് വേണം. പല ഐറ്റത്തിനുമുള്ള ട്രെയിനിംഗ് വളരെ എക്സ്പെൻസീവ് ആണ്. അതുകൊണ്ട് മത്സരത്തിലെത്തുന്നവർക്ക് പ്രൈസ് നൽകുന്നതോടൊപ്പംതന്നെ ആ കുട്ടികളെ മത്സരത്തിനൊരുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം കൊടുത്തുകൊണ്ടാണ് അവരെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നത്. ഇതിനോടകംതന്നെ അതിന് എല്ലാവിധ സഹായങ്ങളും ഡിപ്പാർട്ടുമെന്റ് കൊടുക്കുന്നുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പദ്ധതി പ്രവർത്തനങ്ങളിൽ ധൂർത്തും അഴിമതിയും

4(*331) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മന്ത്രാലയങ്ങൾക്ക് കീഴിൽ പദ്ധതി പ്രവർത്തനങ്ങളിൽ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും നടക്കുന്നതായും ഇതുമൂലം സാമ്പത്തിക നഷ്ടം സംഭവിക്കുന്നതായുമുള്ള ആക്ഷേപങ്ങളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) മരാമത്ത്, പഞ്ചായത്ത്, ടൂറിസം വകുപ്പുകളിൽ നിർമ്മാണ, മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയ്ക്ക് അനുസരിച്ച് ഗുണം ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ധനവകുപ്പിന് നിലവിൽ സംവിധാനങ്ങളുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്തെ വിവിധ മന്ത്രാലയങ്ങൾക്ക് കീഴിൽ പദ്ധതി പ്രവർത്തനങ്ങളിൽ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും നടക്കുന്നതായും ഇതുമൂലം സാമ്പത്തിക നഷ്ടം സംഭവിക്കുന്നതായുമുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) മരാമത്ത്, പഞ്ചായത്ത്, ടൂറിസം വകുപ്പുകളിൽ നിർമ്മാണ, മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയ്ക്ക് അനുസരിച്ച് ഗുണം ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടത് അതത് വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. കരാറുകളിലെ നിബന്ധന പ്രകാരമാണോ പ്രവൃത്തികൾ നടക്കുന്നത് എന്നത് സംബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട ഏതാനും

പ്രവൃത്തികളുടെ പരിശോധന ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നേതൃത്വത്തിലുള്ള സാങ്കേതിക പരിശോധനാ വിഭാഗം നടത്തിയിട്ടുണ്ട്.

(സി) ധനകാര്യ സെക്രട്ടറി തലത്തിൽ ഈ വിഭാഗങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി യഥാസമയം അവലോകനം നടത്തി ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

**മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പ്**

5(*332) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. എ. ബേബി :
ശ്രീ. സാജു പോൾ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ബഡ്ജറ്റുകളിൽ ഈ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ എത്രത്തോളം സാദ്ധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തടസ്സമായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ബഡ്ജറ്റിൽ ഏറ്റവും ജനോപകാരപ്രദമെന്ന് വിശേഷിപ്പിച്ച ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ പോയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ജനങ്ങളോടുള്ള പ്രതിബദ്ധതയെന്ന പേരിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ചെറിയ ശതമാനം പോലും നടപ്പിലാക്കാതിരിക്കുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഈ സർക്കാരിന്റെ ഇതുവരെയുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിലൂടെ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ഭരണ വകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികൾ നിർവ്വഹിക്കപ്പെടുന്നത്. ഭരണ വകുപ്പുകളിൽ നിന്ന് ലഭ്യമായിട്ടുള്ള വിവരങ്ങൾ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും അവയിൽ പലതും പൂർത്തിയാക്കപ്പെടുകയും ചിലത് നിർവ്വഹണത്തിന്റെ വിവിധ

ഘട്ടങ്ങളിൽ പുരോഗമിച്ച് വരികയുമാണ്. ദീർഘകാല അടിസ്ഥാനത്തിൽ മാത്രമേ ചില പദ്ധതികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തടസ്സമായിട്ടില്ല.

(സി) ജനോപകാരപ്രദമായ വിവിധ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ചില പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആണ്. ഇവയുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് പൊതുവായ അവലോകനം നടത്താറുണ്ട്.

(ഡി) പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയും അവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലുമാണ്.

## കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ചേർന്നുള്ള വിപണി വിപുലീകരണം

6 (*336) ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ&ബി) ഉണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയുക്ത സംരംഭങ്ങൾക്കൊപ്പംതന്നെ

വിപണി വിപുലീകരിക്കുന്നതിനുവേണ്ടി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ മേഖലകളിലുള്ള സഹകരണം ഉറപ്പുവരുത്തുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപണന വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, നവീനമായ സാങ്കേതികവിദ്യയുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ഈ സഹകരണം വഴി ലക്ഷ്യമിടുന്നത്.

(സി&ഡി) ഇതിനായി സഹകരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വീകരിച്ചുവരുന്ന നടപടികളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

**കൈത്തറി സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിന് നടപടി**

7 (*337) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലധനമില്ലായ്മയും അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനയും പവർലൂം മേഖലയിൽ നിന്നുള്ള മത്സരവും കൈത്തറി സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കൈത്തറി മേഖലയെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റുന്നതിന് ആസൂത്രണ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനും കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ധനകാര്യസ്ഥാപനങ്ങളിൽ നിന്നും യഥാസമയം വായ്പ ലഭിക്കാത്തതു കാരണം മൂലധനക്കുറവ് കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനയും പവർലൂം മേഖലയിൽ നിന്നുള്ള മത്സരവും കൈത്തറി മേഖലയെ സാരമായി ബാധിച്ചിട്ടില്ല. ഈ കുറവുകൾ പരിഹരിക്കാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്:

1. റിവൈവൽ, റിഫോം&റീസ്ട്രക്ചറിംഗ് പാക്കേജ് വഴി സൊസൈറ്റികളുടെ ബാങ്കിലുള്ള കടം തീർക്കാൻ നടപടി സ്വീകരിച്ചു.
2. കൂടാതെ ഷെയർ പാർട്ടിസിപ്പേഷൻ പദ്ധതി വഴി ധനസഹായം നൽകി മൂലധനക്കുറവ് പരിഹരിക്കുന്നുണ്ട്.

(ബി) ഉണ്ട്. കൈത്തറി മേഖലയെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് ആസൂത്രണ ബോർഡ് മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

## ശബ്ദ മലിനീകരണ നിയന്ത്രണം

8 (*338) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബ്ദ മലിനീകരണ നിയന്ത്രണം നടപ്പാക്കുന്നതു സംബന്ധിച്ച് ഹരിത ട്രിബ്യൂണലിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യത്തിൽ നേരത്തെ ഹൈക്കോടതിയുടെ നിർദ്ദേശങ്ങളെന്തെങ്കിലും ഉണ്ടായിരുന്നോ ; എങ്കിൽ അതെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) വ്യത്യസ്ത മേഖലകളിൽ അനുവദനീയമായതിൽ കൂടുതൽ ശബ്ദ മലിനീകരണമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ദേശീയ ഹരിത ട്രിബ്യൂണലിന്റെ (SZ) ചെന്നൈ ബെഞ്ചിലെ ആപ്ലിക്കേഷൻ നമ്പർ. 445/2013 (SZ) (transferred from High Court)(കേരള ഹൈക്കോടതിയിലെ WP No.32109/2008 ട്രിബ്യൂണലിലേക്ക് ട്രാൻസ്ഫർ ചെയ്തത്) -ൽ 13/05/2015 തീയതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 2000-ലെ നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) റൂൾസ് ഉത്തരവ് തീയതി മുതൽ 4 മാസത്തിനകം സംസ്ഥാനത്ത് നടപ്പാക്കണമെന്ന് സർക്കാരിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി) നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) ചട്ടങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഹൈക്കോടതിയുടെ K. N. Namboodiri & Others Vs. State of Kerala & Others എന്ന കേസിൽ 22-8-2003-ൽ പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാന സർക്കാർ നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) ചട്ടങ്ങൾ നടപ്പാക്കണമെന്ന് ഉത്തരവിട്ടിരുന്നു. ടി ഉത്തരവിനെ കുറിച്ച് 13-5-2015-ലെ ദേശീയ ഹരിത ട്രിബ്യൂണലിന്റെ മേൽ സൂചിപ്പിച്ച ഉത്തരവിലും പരാമർശമുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളും ശബ്ദമലിനീകരണ (ക്രമീകരണവും നിയന്ത്രണവും) ചട്ടങ്ങൾ 2000 പ്രകാരം ഏതു സോണിൽ വരുമെന്ന് Town Planning Department ആണ് വിജ്ഞാപനം ചെയ്യേണ്ടത്. അതുപ്രകാരം ഓരോ സോണിലും അനുവദനീയമായ ശബ്ദപരിധിയിൽ കൂടുതൽ ശബ്ദം ഉണ്ടാകുവാൻ അനുവദിക്കാത്ത തരത്തിലുള്ള പ്രവർത്തനം മാത്രമേ അനുവദിക്കുകയുള്ളൂ. ശബ്ദമലിനീകരണ നിയന്ത്രണ ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിനായി 28-4-2015-ൽ സ.ഉ. (അച്ചടി 06/15/പരി. നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം കോടതിവിധികൾ കർശനമായി നടപ്പാക്കുന്നതിനും ശബ്ദതീവ്രത അളക്കാനുള്ള ഉപകരണങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കുന്നതിനും ശബ്ദമേഖല നിർണ്ണയിച്ച് ബോർഡുകൾ സ്ഥാപിക്കുന്നതിനും ശബ്ദമലിനീകരണം സംബന്ധിച്ച സമഗ്രമായ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.)

**കുറഞ്ഞ ചെലവിൽ വൈദ്യുതി**

9 (*339) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റ്, തിരമാല, സൂര്യപ്രകാശം തുടങ്ങിയവയിൽ നിന്നും കുറഞ്ഞ ചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പഠനങ്ങൾ വൈദ്യുത ബോർഡ് നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് പഠനം നടത്തിയത്;ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കാറ്റ്, തിരമാല, സൂര്യപ്രകാശം എന്നിവയിൽ നിന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് വേണ്ടിവരുന്ന ചെലവ് എത്ര വീതമാണെന്നാണ് പഠനത്തിലൂടെ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾ വ്യാപകമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ&ബി) ഇല്ല. എന്നാൽ സംസ്ഥാനത്ത് കാറ്റിൽ നിന്ന് ലഭ്യമാക്കാവുന്ന വൈദ്യുതോല്പാദനത്തിന് വേണ്ട അനുബന്ധ പ്രസരണ ശൃംഖല വികസിപ്പിച്ചെടുക്കുന്നത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 3-7-2007-ൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും power evacuation-ന് വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സഹായം നല്കിയിട്ടില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 2013-ൽ പുറത്തിറക്കിയ Power Procurement from Renewable Sources by Distribution Licensee Regulation പ്രകാരം കാറ്റിൽ നിന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവ് 575 ലക്ഷം രൂപയും, സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിനുള്ള ചെലവ് 31-3-2015-ലെ Central Electricity Regulatory Commission (CERC) order-ലെ കണക്കുകൾ പ്രകാരം 605.85 ലക്ഷം രൂപയും ആണ്. തിരമാലയിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിനുള്ള പദ്ധതികൾ നിലവിലില്ലാത്തതിനാൽ ചെലവ് കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്ത് തിരമാലയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നിലവിലില്ല. കാറ്റ്, സൂര്യപ്രകാശം എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ചിട്ടി സെക്യൂരിറ്റി തുകയ്ക്ക് പലിശ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

10 (*340) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിട്ടി സെക്യൂരിറ്റി തുകയ്ക്ക് പലിശ ലഭിക്കാത്തതുമൂലം കെ.എസ്.എഫ്.ഇ.-ക്ക് ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാധാരണക്കാർക്കും ഗ്രാമീണർക്കുമടക്കം സാമൂഹ്യ ബാദ്ധ്യതയുടെ ഭാഗമായി ലോണും മറ്റും നൽകുന്നതിന് ഇതുമൂലം കുറവുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ ചിട്ടി സെക്യൂരിറ്റി തുക ഗാരന്റി നൽകി ഏതെങ്കിലും സ്ഥാപനത്തിന് ലോൺ ലഭ്യമാക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ഡി) ചിട്ടിയുടെ സെക്യൂരിറ്റി തുകയ്ക്ക് പലിശ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ&ബി) നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കാവുന്നതല്ല. ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾക്കുള്ള പലിശ, ചിട്ടി തീരുന്നമുറയ്ക്ക് കെ.എസ്.എഫ്.ഇ.-യ്ക്ക് ലഭിക്കുന്നുണ്ട്. ഇതുമൂലം വായ്പയും മറ്റും നൽകുന്നതിൽ കുറവുണ്ടായിട്ടില്ല.

(സി) കെ.എസ്.എഫ്.ഇ.-യുടെ ചിട്ടി സെക്യൂരിറ്റി തുക ഗാരന്റി നൽകി ഒരു സ്ഥാപനത്തിനും ലോൺ ലഭ്യമാക്കിയിട്ടില്ല.

(ഡി) ചിട്ടി സെക്യൂരിറ്റി നിക്ഷേപത്തിനുള്ള പലിശ, ചിട്ടി തീരുന്നമുറയ്ക്ക് കെ.എസ്.എഫ്.ഇ.-യ്ക്ക് ലഭിക്കുന്നുണ്ട്. ചിട്ടി സെക്യൂരിറ്റി തുകയ്ക്കുള്ള പലിശ പ്രതിമാസം ലഭിക്കുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ. നൽകിയിട്ടുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

**ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി**

11 (*341) ശ്രീ. ആർ . സെൽവരാജ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ നേതൃത്വത്തിൽ ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് വേണ്ടി ലഭ്യമാക്കിയതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ ദേശീയതലത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് ദേശീയ ഭക്ഷ്യസംസ്കരണ മിഷൻ. ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചയും വികസനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിലുള്ള കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മൂല്യവർദ്ധന, മികച്ച വില ലഭ്യമാക്കുക, ഉൽപന്നങ്ങൾ കേടാകുന്നത് തടയുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൂടാതെ ഉപഭോക്താവിന് ഗുണമേന്മയുള്ള ഭക്ഷ്യഉല്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം രൂപീകരിച്ച ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ ഏപ്രിൽ 2012-ൽ നിലവിൽ വന്നു. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രായത്തിലെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ

കേന്ദ്ര വിഹിതം 75 ശതമാനവും സംസ്ഥാന വിഹിതം 25 ശതമാനവുമാണ്.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി ലഭ്യമാക്കിയ കേന്ദ്ര സഹായങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75 ശതമാനവും സംസ്ഥാന വിഹിതം 25 ശതമാനവും ആണ്. ഇതുപ്രകാരം കിൻഫ്രയ്ക്ക് 9.67 കോടി രൂപ ലഭിച്ചിട്ടുണ്ട്. ടി തുക 23 വ്യവസായ സംരംഭകർക്കായി അവരുടെ വ്യവസായങ്ങൾ വിപുലീകരിക്കുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും മറ്റും സഹായമായും, ഒരു പ്രോത്സാഹന പദ്ധതിക്കും, 24 സംരംഭകത്വ വികസന പദ്ധതികൾക്കുമായും (EDP) പ്രാരംഭ പ്രവർത്തനങ്ങൾക്കായും പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.* മേൽപ്പറഞ്ഞ വ്യവസായ സംരംഭങ്ങളിൽ നേരിട്ട് 780 പേർക്കും പരോക്ഷമായി 1196 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്. സംരംഭകത്വ വികസന പദ്ധതികൾ വഴി 734 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ 2014-15 ഓടെ കേന്ദ്ര ഗവൺമെന്റ് പദ്ധതിക്കുള്ള സഹായം നിർത്തലാക്കിയിട്ടുണ്ട്.

**സി.എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ**

12 (T*342) ശ്രീ. കെ. ദാസൻ :
ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിമാരുടെയും വകുപ്പ് മേധാവികളുടെയും മൊത്തത്തിലുള്ള നിയന്ത്രണത്തിന് വിധേയമായി പ്രഖ്യാപിത പദ്ധതികൾ യഥാസമയം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതിയ പ്രഖ്യാപനങ്ങൾ നടത്തുന്നതിലല്ലാതെ അവ നടപ്പാക്കുന്നതിലോ, അതിനായി വരുമാനം കണ്ടെത്തുന്നതിലോ വിമുഖത കാണിച്ചു വരുന്നതിനെ സി. എ .ജി. തന്നെ വിമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2014 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള സി ആന്റ് എ. ജി. റിപ്പോർട്ടിൽ 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പുതുതായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതിയെ കുറിച്ചുള്ള പട്ടികയും പരാമർശവും കണ്ടെത്തലുകളും വിശദമാക്കാമോ; ഇതേക്കുറിച്ചുള്ള നിലപാട് വിശദമാക്കാമോ; പ്രഖ്യാപനങ്ങൾ നടപ്പിലാക്കാതെ പോയതിന്റെ യഥാർത്ഥ കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അവതരിപ്പിച്ച ഏതെങ്കിലും ബഡ്ജറ്റുകളിലെ പുതിയ പ്രഖ്യാപനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) മുഖ്യമന്ത്രി തലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ അവലോകന യോഗം നടത്താറുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകന യോഗം ചേർന്ന് പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നത് ഉറപ്പു വരുത്തുന്നതിനായി നിർവ്വഹണ പുരോഗതി വിലയിരുത്തിവരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുന്നതിനായി 'പ്ലാൻ സ്പേസ്' സംവിധാനം സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരുക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അഞ്ച് കോടിയോ അതിൽ അധികമോ അടങ്കൽ വരുന്ന 40 പുതിയ പദ്ധതികളുടെ നടത്തിപ്പിന്റെ നിജസ്ഥിതിയെ സംബന്ധിച്ച 2014 മാർച്ചിലെ സി ആന്റ് എ. ജി റിപ്പോർട്ടിലെ

പട്ടിക അനുബന്ധമായി ചേർക്കുന്നു.* പ്രഖ്യാപിത പദ്ധതികളിൽ നടപ്പാക്കാതിരുന്നതിന്റെയും നടത്തിപ്പിൽ വന്ന കാലതാമസത്തിന്റെയും സി&എ. ജി റിപ്പോർട്ടിലെ കണ്ടെത്തലുകളും/ പരാമർശങ്ങളും ചുവടെ ചേർക്കുന്നു.

**കണ്ടെത്തലുകളും/പരാമർശങ്ങളും**

1. വകുപ്പുകൾ പ്രോജക്ട് പ്രസ്താവനകൾ നൽകാതിരുന്നത്.
2. ഭരണാനുമതി ലഭിച്ച ശേഷവും ഫണ്ട് വകയിരുത്താത്തതും നൽകാത്തതും.
3. ഫണ്ട് വിനിയോഗം - പണികൾ നടപ്പിലാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ ആയതിനാലും ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായം വിനിയോഗിക്കുന്നതിലെ കാലതാമസവും കാരണമാണ് ഫണ്ട് വിനിയോഗിക്കാത്തത്.

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലുള്ള കാലതാമസം, പണികൾ നടപ്പിലാക്കുന്നതിലെ താമസം, പരിസ്ഥിതി അനുമതി ലഭിക്കാത്തത്, ഭൂമി വാങ്ങുന്നതിൽ തീരുമാനം എടുക്കുന്നതിലുള്ള താമസം, റെയിൽവേയിൽ നിന്നുള്ള അനുമതി ലഭിക്കാത്തത് എന്നിവയാണ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കാതെ പോയതിന്റെ യഥാർത്ഥ കാരണങ്ങളായി അനുമാനിക്കുന്നത്.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളതുമായ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ/ പദ്ധതികൾ ചുവടെ ചേർക്കുന്നു.

കാർഷിക മേഖലയുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള ഹൈടെക് ഫാമിംഗ് പദ്ധതി, നിറവ് പദ്ധതി, കേര കർഷകർക്ക് കൈത്താങ്ങായി നീരയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപാദനം, വൈറ്റില മൊബിലിറ്റി ഹബ്ബ്, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, കാരുണ്യ ഭാഗ്യക്കുറിയിലൂടെ കാരുണ്യ ചികിത്സാ സഹായനിധിയിൽ നിന്നുള്ള ധനസഹായം, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല, സർക്കാരിന്റെ ഭരണപരവും നയപരവുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം, പി.എസ്.സി. പരീക്ഷയ്ക്ക് ഓൺലൈൻ സംവിധാനം, 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് തൊഴിൽരഹിതരായി തുടരുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയിന്മേലുള്ള പലിശ സബ്സിഡി, വൈദ്യുതി സ്വയംപര്യാപ്തത ലക്ഷ്യമാക്കി റാന്നി-പെരിനാട്, പീച്ചി പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കമ്മിഷൻ ചെയ്യൽ, വിദ്യാർത്ഥി സംരംഭകത്വ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള അധിക നൈപുണ്യ പദ്ധതി, 2011-12 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടപ്പിലാക്കൽ, സിവിൽ സപ്ലൈസ് വകുപ്പിൽ കംപ്യൂട്ടറൈസേഷൻ പൈലറ്റ് പ്രോജക്ട്, സ്ത്രീ ശാക്തീകരണ നയത്തിനനുസൃതമായി കെ.എസ്.ആർ.ടി.സി 46 ബസ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീ യാത്രാ പദ്ധതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ജനനി ജന്മരക്ഷ, ഗോത്രസാരഥി തുടങ്ങിയ പദ്ധതികൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമം തടയാൻ നിർഭയ, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ 1522 കോടി രൂപയുടെ സുസ്ഥിര നഗരവികസന പദ്ധതികൾ, ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽ നിന്നും പതിനാലാക്കൽ. കൂടാതെ കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയും പുരോഗമിച്ചു വരികയാണ്.

**നിർമ്മാണ മേഖലയിലെ മാന്ദ്യം**

13 (*343) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ മാന്ദ്യം, സാമ്പത്തിക മാന്ദ്യം അടക്കം ഏതെല്ലാം മേഖലകളിലും തരത്തിലും പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധികൾ അപഗ്രഥിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും ജാഗ്രത കാണിക്കാത്തതാണ് ഈ മേഖലയിൽ പ്രതിസന്ധി രൂക്ഷമാക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വിലയിരുത്തിയിട്ടുണ്ട്. മണലിന്റെ ലഭ്യതക്കുറവ്, സിമന്റ്, കമ്പി, ഹോളോബ്രിക്സ്, മെറ്റൽ തുടങ്ങിയവയുടെ വിലവർദ്ധനവും കരിങ്കൽ ക്വാറികളിലെ

കൂടെക്കൂടെയുള്ള സമരവും നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

(ബി) നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

(സി) മണലിന്റെ ലഭ്യതക്കുറവ് ഒരു പരിധിവരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ ഇരുമ്പ് ഉരുക്ക് ഉല്പന്നങ്ങൾ ശേഖരിച്ച് സിഡ്കോ വിതരണം ചെയ്യുന്നുണ്ട്. അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽ നിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞു കൂടിയ ചെളിയും മണലും ജലാശയത്തിൽ വച്ചുതന്നെ വേർതിരിച്ച് നീക്കം ചെയ്യാൻ സാങ്കേതിക സംവിധാനമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആഗോള ടെണ്ടർ മുഖാന്തരം Expression of interest ക്ഷണിച്ച് യോഗ്യരായവരെ കണ്ടെത്തുന്നതിനുള്ള terms of reference-ന് രൂപം നൽകുന്നതിന് വ്യവസായം, ജലവിഭവം, വനം, ഊർജ്ജം, തൊഴിൽ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കരിങ്കൽ, ഖനന മേഖലയിലെ പ്രശ്ന പരിഹാരത്തിനായും സിമന്റിന്റെ വിലക്കുറയ്ക്കുന്നതിനായും ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

**യുവജനക്ഷേമ പ്രവർത്തനങ്ങൾ**

14 (*344) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. ഹംസ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ

വിലയിരുത്തിയിട്ടുണ്ടോ;

(ബി) യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) യുവജനങ്ങളുടെ ആവശ്യങ്ങളും അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ ;

(ഡി) ഇത്തരം നടപടികൾ യുവജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) യുവജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി യുവജനകാര്യ വകുപ്പും വിവിധ വകുപ്പുകളും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വകുപ്പുതലത്തിലും നിർവ്വഹണ ഏജൻസികളും ഇവയുടെ പുരോഗതി വിലയിരുത്തുകയും മോണിറ്റർ ചെയ്യുകയും ചെയ്തുവരുന്നുണ്ട്.

(ബി) കേരളത്തിൽ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്നത് സംബന്ധിച്ച് ഔപചാരികമായ പഠനങ്ങൾ ഒന്നുംതന്നെ വകുപ്പുതലത്തിൽ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന യുവജനനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി നടത്തിയ ശിൽപ്പശാലകളിൽ ഇത്തരം കാര്യങ്ങൾ ചർച്ചാ വിഷയമാവുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ ശക്തിയും ദൗർബല്യവും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. യുവജന നയത്തിന്റെ ഖണ്ഡിക 5.2-ൽ ഇക്കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. യുവജനനയം 2012 ഡിസംബർ മാസത്തിൽ സർക്കാർ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(സി) സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാ യുവജനകേന്ദ്രങ്ങൾ വഴി യൂത്ത് ക്ലബ്ബുകൾക്ക് സ്വയംതൊഴിൽ പരിശീലനത്തിനുള്ള ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ തൊഴിൽരഹിതർക്കായി തൊഴിൽ മേളകൾ, ജില്ലകൾതോറും സംരംഭകത്വ പരിശീലന പരിപാടികൾ, പി.എസ്.സി./ബാങ്കിംഗ് മേഖലകളിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് തുടങ്ങി യുവജനങ്ങളുടെ ആവശ്യങ്ങൾ മുൻനിർത്തി വിവിധ പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തിവരുന്നു.

(ഡി) യുവജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക് പുറമേ, തൊഴിൽ വകുപ്പ്, കൃഷി വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, നോർക്ക, വിവിധക്ഷേമ കോർപ്പറേഷനുകൾ തുടങ്ങിയവയുടെ പദ്ധതികൾ ക്രോഡീകരിക്കുകയും തൊഴിൽ, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ, അടിസ്ഥാന വികസനം എന്നീ വിഷയങ്ങളിൽ യുവജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്കവിധം വിപുലമായ പ്രചരണ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാന ലോട്ടറിയുടെ തകർച്ച**

15 (*345) ശ്രീ. ബി. സത്യൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ തകർച്ചയ്ക്കുതന്നെ കാരണമാകുന്ന തരത്തിൽ വിവിധ മേഖലകളിൽ നിന്നുണ്ടാകുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത തകർന്നാൽ അത് സംസ്ഥാനത്തെ ഏതെല്ലാം തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാന ലോട്ടറിയുടെ വ്യാജടിക്കറ്റുകൾ വിറ്റഴിക്കൽ, ടിക്കറ്റുകൾ ചൂതാട്ടങ്ങൾക്ക് ഉപയോഗപ്പെടുത്തൽ തുടങ്ങി ലോട്ടറിയുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കുന്ന സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പരിശോധിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ അവസാന

മൂന്നക്കം ഉപയോഗിച്ചുള്ള 'എഴുത്ത് ലോട്ടറി' എന്ന പേരിലുള്ള സമാന്തര അനധികൃത കച്ചവടം, ഒറ്റ അക്ക നമ്പർ, രണ്ടക്ക നമ്പർ എന്നിങ്ങനെ ചൂതാട്ട സ്വഭാവത്തിലുള്ള ലോട്ടറി നടത്തിപ്പുകൾ, നമ്പർ എഴുതി നൽകുന്ന ലോട്ടറി, ഫോൺ മുഖാന്തിരം നമ്പർ നൽകുന്ന ലോട്ടറി എന്നിങ്ങനെ സംസ്ഥാന ലോട്ടറിയുടെ തകർച്ചയ്ക്കുതന്നെ കാരണമാകുന്ന നിയമവിരുദ്ധ ലോട്ടറികളെ സംബന്ധിച്ചുള്ള നിരവധി കേസുകൾ സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുഖ്യ പങ്കുവഹിക്കുന്ന ഒന്നാണ് കേരള സംസ്ഥാന ഭാഗ്യക്കുറി. സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത തകർന്നാൽ അത് കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവിൽ ഗണ്യമായ കുറവ് വരുത്തുകയും സംസ്ഥാന ഗവൺമെന്റിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കൂടാതെ ലോട്ടറി വ്യവസായത്തെ ഉപജീവനമാക്കി ജീവിക്കുന്ന ലക്ഷക്കണക്കിന് ആൾക്കാരുടെ ജീവിതത്തെയും കാരുണ്യ പദ്ധതി പോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കാനിടയാകും.

(സി) സംസ്ഥാന ലോട്ടറിയുടെ വ്യാജ ടിക്കറ്റുകൾ വിറ്റഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനാർഹങ്ങളായ നമ്പർ ടിക്കറ്റുകൾ വ്യാജമായി നിർമ്മിച്ച് ലോട്ടറി ഏജന്റുമാരെ കബളിപ്പിക്കുന്നതായി ലഭിക്കുന്ന പരാതികളും, ടിക്കറ്റ് ചൂതാട്ടങ്ങളെക്കുറിച്ചുള്ള പത്രവാർത്തകളും അനന്തര നടപടികൾക്കായി ഇന്റലിജൻസ് എ.ഡി.ജി.പി. മേധാവിയായിട്ടുള്ള സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് തുടർനടപടി സ്വീകരിക്കുന്നതിനായി അയച്ചു കൊടുക്കാറുണ്ട്.

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

16 (*346) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) മുൻ സർക്കാർ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രാബല്യത്തിലാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾക്ക് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ ഉപഭോഗമനുസരിച്ച് ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ആസൂത്രണത്തിലും ഊർജ്ജ ഉൽപാദന രംഗത്തും കാണിച്ച ജാഗ്രത ഈ സർക്കാർ കാണിക്കാത്തതാണ് വൈദ്യുതി മേഖലയിലെ പ്രതിസന്ധിക്ക് കാരണമാകുന്നതെന്ന ആക്ഷേപത്തിൻമേൽ നിലപാട് വ്യക്തമാക്കാമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ&ബി) നിയോജകമണ്ഡലം തിരിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലില്ല. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി, ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന, സംസ്ഥാന സർക്കാരിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെയും ഫണ്ട് എന്നിവയിലൂടെയാണ് സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി അനുസരിച്ച് 57356 പുതിയ കണക്ഷനുകളാണ് നൽകാൻ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി പദ്ധതിയിലൂടെ 92175 പുതിയ കണക്ഷനുകൾ നൽകി കഴിഞ്ഞു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ലക്ഷ്യമിട്ടിട്ടുള്ള കണക്ഷനുകൾ നല്കിയിട്ടില്ലാത്തതിനാൽ 30-9-2015 വരെ ടി പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ഷനുകൾ നൽകാൻ നടപടി സ്വീകരിച്ചു വരികയാണ്. ഇപ്പോൾ പുതുതായി നിലവിൽവന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം നിർദ്ധനർക്ക് ഏകദേശം 1 ലക്ഷം കണക്ഷനുകളും നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ടി പദ്ധതി പ്രകാരം, പദ്ധതി നടത്തിപ്പ് ടേൺകീ അടിസ്ഥാനത്തിൽ ആണെങ്കിൽ പൂർത്തീകരണ കാലാവധി 24 മാസവും കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വയം നടത്തുകയാണെങ്കിൽ ടി കാലാവധി 30 മാസവുമായി നിഷ്കർഷിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്ന തോതിൽ

ആഭ്യന്തര ഉത്പാദനം ഉയർത്തുന്നതിന് കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി സാധിച്ചിട്ടില്ല. 2005-06 വർഷത്തെ കേരളത്തിലെ വൈദ്യുത നിലയങ്ങളിൽ നിന്നുള്ള ആകെ ഉത്പാദനം 6377.06 മില്യൻ യൂണിറ്റും ഉപഭോഗം 9384.40 മില്യൻ യൂണിറ്റും ആണ്. എന്നാൽ 10 വർഷങ്ങൾക്കുശേഷം 2014-15 വർഷത്തിൽ ഇത് യഥാക്രമം 7311.52 മില്യൻ യൂണിറ്റും 18432.48 മില്യൻ യൂണിറ്റും ആണ്. ഉപഭോഗത്തിൽ ഏകദേശം 97 ശതമാനത്തോളം വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായപ്പോൾ ആഭ്യന്തര ഉത്പാദന ശേഷിയിൽ 15 ശതമാനത്തോളം മാത്രമേ വർദ്ധനവ് വന്നിട്ടുള്ളൂ.

(ഡി) ഇപ്രകാരം ആക്ഷേപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന്റെ പരിഗണനയിലുള്ള ശേഷി കൂടിയ വൈദ്യുതോല്പാദന പദ്ധതികൾ നടപ്പിലാക്കുന്നതിന് പലവിധ തടസ്സങ്ങൾ നേരിട്ട സാഹചര്യത്തിൽ വാതകാധിഷ്ഠിത പദ്ധതികളിലൂടെയും ജലവൈദ്യുത പദ്ധതികളിലൂടെയും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ചുള്ള പദ്ധതികളിലൂടെയും ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വിപുലമായി നടത്തുന്നതിനും ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. 2011-12-ൽ പ്രസരണ വിതരണ നഷ്ടം 15.62 ശതമാനമായിരുന്നത് 2014-15-ൽ 14.68 ശതമാനത്തിലേക്ക് കുറയ്ക്കുവാനായി എന്നതും, അന്യ സംസ്ഥാന സ്രോതസ്സുകളിൽ കേന്ദ്ര നിലയങ്ങളെ മാത്രം ആശ്രയിച്ചിരിക്കുക എന്ന അവസ്ഥയിൽ നിന്നു മാറി വ്യക്തമായ ആസൂത്രണത്തോടെ വളരെ കുറഞ്ഞ വിലയിൽ ദീർഘകാല-മധ്യകാല-ഹ്രസ്വകാല കരാറുകൾ വഴി വരും വർഷങ്ങളിലേക്കായി വൈദ്യുതി കണ്ടെത്താനായി എന്നതും സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്.

**വ്യവസായ സംരംഭകത്വ വികസന പദ്ധതി**

17 (*347) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) യുവജനങ്ങളിൽ സംരംഭകത്വ കഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ജയലക്ഷ്മി):</u>

(എ) ഉണ്ട്.

(ബി) യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ് ലക്ഷ്യം.

(സി) സംരംഭകത്വ പരിശീലന പരിപാടിയിൽ സംരംഭകാവസരം കണ്ടെത്തുന്നതു മുതൽ അവരെ വിജയകരമായി മുന്നോട്ടു കൊണ്ടുപോയി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതുവരെ പരിശീലനാർത്ഥികൾക്ക് സഹായം നൽകുന്നതിലേക്ക് മോട്ടിവേഷൻ, മാർക്കറ്റ് അനാലിസിസ്, മെന്റിംഗ്, പ്രോജക്റ്റ് റിപ്പോർട്ട് പ്രിപ്പറേഷൻ എന്നിവ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രീ-ട്രെയിനിംഗ് ഘട്ടം, ട്രെയിനിംഗ് ഘട്ടം, മെന്റിംഗ് ഘട്ടം എന്നീ വിധത്തിൽ മൂന്ന് ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

(ഡി) Entrepreneurship Development Institute of India-യുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഇ) ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും സംരംഭക മേഖലയിൽ ആഭിമുഖ്യമുള്ള 12-നും 40-നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കളിൽ നിന്നും പത്രപരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതുപ്രകാരം അപേക്ഷ സമർപ്പിച്ച 498 പേർക്ക് പരിശീലനം നൽകുകയും, ഇവയിൽ 300 പേർ സ്വയം സംരംഭകരാകുകയും ചെയ്തു. യുവ

സംരംഭകരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 2014 നവംബർ 17, 18 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് യുവസംരംഭക സംഗമം സംഘടിപ്പിച്ചു. കൂടാതെ കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സംരംഭകത്വ പരിശീലനം നടത്തി വരുന്നു.

**ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ**

18 (*348) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എം. എ. ബേബി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ പ്രക്ഷോഭങ്ങളിൽ ഈ സർക്കാരിന്റെ കാലയളവിലുണ്ടാക്കിയ ഒത്തുതീർപ്പ് തീരുമാനങ്ങൾ നടപ്പിലാക്കപ്പെട്ടത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ സമരങ്ങളിലുണ്ടാക്കിയ തീരുമാനങ്ങൾ നടപ്പിലാക്കാതിരുന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്. ഒത്തുതീർപ്പ് തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കേന്ദ്ര സർക്കാരും സുപ്രീം കോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആറളം ഫാമിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. റ്റി.ആർ.ഡി.എം.-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ

ആദിവാസി ഭൂരിപക്ഷമുള്ള മേഖലകളെ പട്ടികവർഗ്ഗ മേഖലകളായി പ്രഖ്യാപിക്കുന്ന (പെസ) നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ റിപ്പോർട്ട് 7-4-2015-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗത കൃഷിരീതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. മുത്തങ്ങ സമരത്തിൽ കുടിയിറക്കപ്പെട്ട 447 ആദിവാസി കുടുംബങ്ങൾക്ക് പുനരധിവാസത്തിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. സമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട 44 കുട്ടികളിൽ അർഹരായ 43 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് അവരുടെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസികളുടെ പുനരധിവാസ പദ്ധതിക്കായി അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആറളം ഫാമിലെ പൈനാപ്പിൾ കൃഷിയുടെ പാട്ടക്കാലാവധി പുതുക്കി നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖകൾ നൽകുന്നതിനുള്ള നടപടി പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നടത്തപ്പെട്ട നിൽപ്പുസമരം അവസാനിപ്പിക്കുന്നതിന് 17-12-2014-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗതീരുമാനങ്ങൾ നടപ്പിലാക്കിവരുന്നു.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

19 (*349) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കാനുദ്ദേശിക്കുന്ന സിലബസ് ഏതാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം സ്കൂളുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഏതെല്ലാം ക്ലാസുകളാണ് പ്രസ്തുത സ്കൂളുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) കേന്ദ്ര സർക്കാർ സഹായത്തോടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി സംസ്ഥാനത്തൊട്ടാകെ പത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ടി പദ്ധതിക്കായുള്ള ഭരണാനുമതിയും സാമ്പത്തിക സഹായവും ലഭ്യമാകുന്നമുറയ്ക്ക് ഈ സ്കൂളുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സി.ബി.എസ്.ഇ. സിലബസാണ് ഈ സ്കൂളുകളിൽ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) അനുബന്ധം -I ആയി ചേർക്കുന്നു.*

(ഡി) 1 മുതൽ 12 വരെയുള്ള ക്ലാസുകളാണ് ഈ സ്കൂളുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നത്.

**സഹകരണ സംഘങ്ങളുടെ വികസനം**

20 (*350) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നൽകി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണമാണ് ഈ മേഖലയിൽ ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദമാക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ&ബി) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., ആർ.റ്റി.ജി.എസ്., എൻ.ഇ.എഫ്.ടി. മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ആണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. ജില്ലാ സഹകരണ ബാങ്കുകളുടേയും അർബൻ സഹകരണ ബാങ്കുകളുടേയും ഭരണസമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള രണ്ടു പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥയുണ്ട്. 97-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തി കേരള നിയമസഭ പാസ്സാക്കിയ 2013-ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ (2013-ലെ 8-ാം നമ്പർ 1 നിയമം) വകുപ്പ് 28-ൽ എല്ലാ സഹകരണ സംഘങ്ങളിലും അതാത് സംഘങ്ങളുടെ ഉദ്ദേശ ലക്ഷ്യത്തിനനുസൃതമായി പ്രൊഫഷണൽ യോഗ്യതയുള്ളവരെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തിയിട്ടുണ്ട്. അർബൻ ബാങ്കുകളിൽ NAFCUB-ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളും സർവ്വീസ് സഹകരണ ബാങ്കുകളും സ്വന്തം നിലയിലാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്.

(ഡി) നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളിലെ ഹെഡാഫീസുകളിൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് അതിനു വേണ്ടുന്ന പരിശീലനവും ബാങ്കുകൾ നൽകിവരുന്നു.

സർവ്വീസ് സഹകരണ ബാങ്കുകളിൽ ഏകീകൃതമായ പദ്ധതി നടപ്പിലാക്കുന്നതിനും ആലോചിച്ചു വരുന്നു.

**കുന്നുകൾ ഇടിച്ചു നിരത്തൽ**

21 (*351) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി.തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണത്തിനും മറ്റും മണ്ണെടുക്കുന്നതിനുള്ള നിബന്ധനയിൽ നൽകിയ ഇളവിന്റെ മറവിൽ കുന്നുകൾ ഇടിച്ചു നിരത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം റോയൽറ്റി ഇനത്തിൽ ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(സി) വ്യാപകമായി കുന്ന് ഇടിച്ചുനിരത്തുന്നതുമൂലം ഉണ്ടാകുന്ന ശുദ്ധജലക്ഷാമവും മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളും തടയുന്നതിനായി നടപടി സ്വീകരിക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻസ് ചട്ടം 14 അനുസരിച്ച് താമസാവശ്യത്തിനുള്ള ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ, 300 ച.മീ. വരെ തറവിസ്തൃതിയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ സാധാരണ മണ്ണ് എടുക്കുന്നതിന് പെർമിറ്റ് എടുക്കേണ്ടതില്ല. എന്നാൽ ഇത്തരം നിർമ്മാണങ്ങൾ നടക്കുന്ന സ്ഥലത്ത് നിന്നും മണ്ണ് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകണമെങ്കിൽ റോയൽറ്റി അടച്ച് മിനറൽ ട്രാൻസിറ്റ് പാസ്സ് ജില്ലാ ജിയോളജിസ്റ്റുമാരിൽ നിന്നും വാങ്ങണം എന്ന നിബന്ധനയും ചട്ടത്തിൽ നിലവിലുണ്ട്. എന്നാൽ ഫ്ലാറ്റുകൾ ഒഴികെയുള്ള വ്യക്തിഗത ഗൃഹനിർമ്മാണങ്ങൾക്ക് മണ്ണെടുക്കുന്നതിന് മുൻകൂർ പാരിസ്ഥിതികാനുമതി വേണമെന്ന നിബന്ധന ഒഴിവാക്കി പരിസ്ഥിതി വകുപ്പ് 15-11-14-ൽ പുറപ്പെടുവിച്ച സ.ഉ (കൈ) 12/14/പരി നമ്പർ ഉത്തരവിന്റെ മറവിൽ കുന്നുകൾ ഇടിച്ചു നിരത്തുന്നുവെന്ന് പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത ഉത്തരവ് ദേശീയ ഹരിത ട്രിബ്യൂണലിന്റെ തെക്കൻ മേഖല ബെഞ്ച് സ്റ്റേ

ചെയ്തിരിക്കുകയാണ്. ആയതിനാൽ നിലവിൽ മണ്ണ് മാറ്റേണ്ടിവരുന്ന എല്ലാവിധ പ്രവർത്തനങ്ങൾക്കും മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമാണ്.

(ബി) കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഇളവുകളുടെ മറവിൽ ചട്ടം ദുരുപയോഗം ചെയ്താലോ അനധികൃതമായി ഖനനം ചെയ്താലോ സാധാരണ മണ്ണിന്റെ അളവ് തിട്ടപ്പെടുത്തി നോട്ടീസ് നൽകി പിഴ അടപ്പിച്ചുവരുന്നു. പിഴയടയ്ക്കാത്തവർക്കെതിരെ 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻസ് ചട്ടങ്ങൾ അനുസരിച്ച് റവന്യൂ റിക്കവറി അടക്കമുള്ള നിയമ നടപടികളും ജില്ലാ ജിയോളജിസ്റ്റുമാർ സ്വീകരിച്ചുവരുന്നു.

(സി) വ്യാപകമായി കുന്നുകൾ ഇടിച്ചു നീക്കുന്നതിനിടനൽകുംവിധം പെർമിറ്റുകൾ അനുവദിക്കാറില്ല. വലിയ തോതിൽ മണ്ണ് മാറ്റുന്നതിനു മുൻകൂർ പാരിസ്ഥിതികാനുമതി നിർബന്ധമാണ്. പാരിസ്ഥിതിക ശോഷണം തടയുന്നതിനാണ് ഇത്തരം നിബന്ധന വച്ചത്. ദേശീയ ഹരിതട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവോടെ ചെറിയ തോതിൽ മണ്ണ് മാറ്റേണ്ടി വരുന്നവ ഉൾപ്പെടെ എല്ലാവിധ പ്രവർത്തനങ്ങൾക്കും മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമാണ്.

**പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുക കണ്ടെത്തൽ**

22 (*352) <u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>പ്രൊഫ. സി.രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുകകൾ കണ്ടെത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി ചെലവുകൾക്കായി പ്രഖ്യാപിച്ച തുകകൾ കണ്ടെത്താൻ സാധിക്കാത്തതിന്റെ ഫലമായി കഴിഞ്ഞ നാല് വർഷങ്ങളിൽ ഓരോ വർഷവും പ്രഖ്യാപിത പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാതിരിക്കുകയോ വെട്ടിച്ചുരുക്കുകയോ ഉണ്ടായിട്ടുണ്ടോ;

(സി) പ്രഖ്യാപിത പദ്ധതികൾക്ക് വിഭവ സമാഹരണം കണ്ടെത്താൻ ഓരോ

വർഷവും സാധിക്കാതിരിക്കുമ്പോഴും വീണ്ടും പ്രഖ്യാപനങ്ങൾ നടത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | പദ്ധതി അടങ്കൽ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2011-12 | 12010 | 11759 | 98% |
| 2012-13 | 14010 | 12573 | 90% |
| 2013-14 | 17000 | 14029 | 83% |
| 2014-15 | 20000 | 14252* | 71% |

(*താൽക്കാലിക കണക്കുകൾ പ്രകാരം)

കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുകയുടെ ശരാശരി 83% ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുക കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് അനുമാനിക്കാവുന്നതാണ്.

(ബി) പദ്ധതി ചെലവുകൾക്കായി പ്രഖ്യാപിച്ച തുകകൾ കണ്ടെത്താൻ സാധിക്കാത്തതു കാരണം പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാതിരിക്കുകയോ വെട്ടിച്ചുരുക്കുകയോ ഉണ്ടായിട്ടില്ല.

(സി) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നുകൊണ്ടുമാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതും പ്രഖ്യാപിക്കുന്നതും. പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

**സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി**

23 (*353) <u>ശ്രീ. കെ. കെ. നാരായണൻ</u> :
<u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> :
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ മേഖല നാശോന്മുഖമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങളോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈക്കൊള്ളുന്ന നടപടികൾ സ്ഥിതിഗതികൾ ഗുരുതരമാക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ മേഖല ശക്തിപ്പെടുത്തി സാമൂഹ്യ പുരോഗതിക്ക് ഉപയുക്തമാക്കുന്ന നടപടികൾക്ക് തയ്യാറാകുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി <u>(ശ്രീ. സി. എൻ. ബാലകൃഷ്ണൻ):</u>

(എ) കേരളത്തിലെ സഹകരണ മേഖല നാശോന്മുഖമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കി സംസ്ഥാന സഹകരണ വകുപ്പ് നിരവധി കർമ്മ പരിപാടികൾ നടപ്പിലാക്കുകയും അതിലൂടെ സഹകരണ മേഖലയിൽ ഒരു പുത്തനുണർവ് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ രംഗം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നിലവിലുള്ളവയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അതോടൊപ്പം പ്രവർത്തന മേഖലയിലെ പോരായ്മകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും സഹകരണ മേഖലയെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്ര സർക്കാർ രാജ്യവ്യാപകമായി സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന ചില നയങ്ങളും, തീരുമാനങ്ങളും സംസ്ഥാനത്തെ സഹകരണ മേഖലക്ക് അനുയോജ്യമല്ലെന്ന് ശ്രദ്ധയിൽപ്പെടുകയും ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ആദായനികുതി നിയമപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്നും ആദായനികുതി വകുപ്പ് വിവരങ്ങൾ ശേഖരിക്കുന്ന വിഷയം പാർലമെന്റ് സമ്മേളനങ്ങൾക്ക് മുന്നോടിയായുള്ള എം.പി.-മാരുടെ യോഗത്തിൽ ചർച്ച ചെയ്യുകയും അതോടൊപ്പം തന്നെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സർക്കാർ കത്തുകൾ നൽകുകയും

ചെയ്തിട്ടുണ്ട്.

(ബി) സാമൂഹ്യ പുരോഗതിക്ക് ഉപയുക്തമാക്കുന്ന നിരവധി പദ്ധതികൾ സഹകരണ വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പക്കാർക്ക് കുടിശ്ശിക ഇളവ് നൽകുന്നതിനുമായി കുടിശ്ശിക നിവാരണ പദ്ധതിയായ 'ആശ്വാസ്' നടപ്പിലാക്കി. നിക്ഷേപ രംഗത്ത് ഉണർവ്വുണ്ടാക്കുന്നതിനുള്ള 'നിക്ഷേപ സമാഹരണ പദ്ധതി', നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് 'നിക്ഷേപ ഗ്യാരന്റി സ്കീം', സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് പ്രാതിനിധ്യം, കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ, ടൂറിസം രംഗത്ത് അപ്പക്സ് സ്ഥാപനം രജിസ്റ്റർ ചെയ്തത്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ, സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികളുടെ പരിഷ്കരണം, വിവിധ മേഖലകളിൽ പഠനസമിതികളെ നിയമിക്കൽ, റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം, 'എന്റെ സംഘം' 'ഉണർവ്' ക്യാമ്പയിനുകൾ, സഹകരണ നിയമ ഭേദഗതി, വകുപ്പിന്റെ ആസ്ഥാന മന്ദിരം, 7-ാം സഹകരണ കോൺഗ്രസ്സ്/എക്സ്പോ എന്നിവ സംഘടിപ്പിച്ചത്, ഹ്രസ്വകാല കാർഷിക വായ്പയിലെ പലിശ രഹിത വായ്പാ പദ്ധതി, കർഷക സേവന കേന്ദ്രങ്ങൾ, സഹകാരികളുമായി ആശയവിനിമയം നടത്തുന്നതിനുള്ള "മുഖാമുഖം" പരിപാടി, ആഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, സഹകരണ സ്ഥാപനങ്ങൾ മുഖേന അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയായ "ആലില", ജൈവ പച്ചക്കറികൃഷി ലക്ഷ്യമാക്കിക്കൊണ്ടുള്ള "സുവർണ്ണകേരളം" പദ്ധതി, സഹകരണ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുക എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

**ആദിവാസി മേഖലയിലെ പദ്ധതി വിഹിതം**

24 (*354) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന പദ്ധതികൾക്കുള്ള പണം വക മാറ്റി ചെലവഴിക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആദിവാസി മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾക്കായി അനുവദിക്കുന്ന പണം പദ്ധതി നടപ്പിലാക്കുന്നതിൽ വരുന്ന വീഴ്ച കാരണം ലാപ്സാവുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ടോ; വിശദമാക്കാമോ;

(സി) ആദിവാസികൾക്ക് അനുവദിക്കുന്ന പദ്ധതികളുടെ തുക പോലും അതത് ആവശ്യങ്ങൾക്കായി സമയബന്ധിതമായി ഉപയോഗിക്കുന്നതിന് സാധ്യമാകാതെ വരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ആദിവാസി മേഖലയിൽ പട്ടികവർഗ്ഗക്ഷേമ പ്രവർത്തനത്തിനായി സംസ്ഥാന പദ്ധതികൾക്ക്, അനുവദിക്കുന്ന തുക ഏതെങ്കിലും കാരണത്താൽ വർഷാന്ത്യവേളയിൽ മുഴുവനായി ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടെന്ന് കണ്ടാൽ അധിക തുക ആവശ്യമായി വരുന്ന പദ്ധതികൾക്ക് തുക വക മാറ്റി ചെലവഴിക്കാറുണ്ട്.

(ബി) പട്ടികവർഗ്ഗ ക്ഷേമകാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നുണ്ട്. വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ചില സാങ്കേതിക കാരണങ്ങളാൽ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുന്ന തുക മുഴുവൻ വർഷാവസാനം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്.

(സി) പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്കുതന്നെ സമയബന്ധിതമായി ചെലവഴിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പദ്ധ്യക്ഷൻമാർ വകുപ്പുതല അവലോകന യോഗങ്ങൾ

നടത്തി ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി പദ്ധതി പുരോഗതി കൈവരിക്കാറുണ്ട്.

**റെയിൽവേ വികസനം**

25 (*355) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേയുടെ പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണ പദ്ധതികൾ എന്നിവയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതുവർഷം മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ഭാഗത്തു നിന്നുള്ള അലംഭാവം കാരണം പാതയിരട്ടിപ്പിക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ റെയിൽവേ ലൈനിന്റെ ശേഷിയുടെ എത്ര ശതമാനമാണ് ഇപ്പോഴത്തെ ഗതാഗതനിരക്കെന്ന് വ്യക്തമാക്കാമോ;

(ഇ) സുഗമമായ ഗതാഗതത്തിന് പുതിയ തീവണ്ടികൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; അനുവദിച്ചാൽ ഇന്നത്തെ അവസ്ഥയിൽ സുഗമമായി സർവ്വീസ് നടത്താൻ സാധ്യമാകുമോ; വിശദാംശം വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പാത ഇരട്ടിപ്പിക്കൽ സംബന്ധിച്ച നിലവിലെ അവസ്ഥ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

വൈദ്യുതീകരണം:

ഷൊർണ്ണൂർ-കണ്ണൂർ വൈദ്യുതീകരണ പ്രവൃത്തി പുരോഗമിക്കുന്നു. ഷൊർണ്ണൂർ - കോഴിക്കോട് വരെയുള്ള സെക്ഷൻ ഉടൻ കമ്മിഷൻ ചെയ്യുകയും ബാക്കിയുള്ളത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മാർച്ച് 2016-നോടുകൂടി കമ്മിഷൻ ചെയ്യുകയും ചെയ്യും. കണ്ണൂർ-മംഗലാപുരം വൈദ്യുതീകരണ പ്രവൃത്തി 2016 ജൂൺ മാസത്തിൽ കമ്മിഷൻ ചെയ്യത്തക്ക രീതിയിൽ പുരോഗമിക്കുന്നു.

(ബി) <u>പാത ഇരട്ടിപ്പിക്കൽ:</u>

മുളംതുരുത്തി - കുറുപ്പൻത്തറ - 2005-06

കുറുപ്പൻത്തറ - ചിങ്ങവനം - 2007-08

ചിങ്ങവനം - ചെങ്ങന്നൂർ - 2006-07

ഹരിപ്പാട് - അമ്പലപ്പുഴ - 2007-08

എറണാകുളം - കുമ്പളം - 2010-11

കുമ്പളം - തുറവൂർ - 2011-12

<u>വൈദ്യുതീകരണം:</u>

ഷൊർണ്ണൂർ -കണ്ണൂർ - 2011-12

കണ്ണൂർ - മംഗലാപുരം - 2011-12

(സി) സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ അലംഭാവം ഉണ്ടായിട്ടില്ല. ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേയ്ക്ക് നൽകുന്നതിനുണ്ടായ തടസ്സങ്ങളും കാരണമാണ് പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും, ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി റെയിൽവേ പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് ത്വരിതപ്പെടുത്താനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുമുണ്ട്.

(ഡി) പാലക്കാട് ഡിവിഷന്റെ ലൈൻ ശേഷിയുടെ ഇപ്പോഴത്തെ ഗതാഗത

നിരക്കിന്റെ ശതമാനം (Line Capacity Certificate) താഴെചേർക്കുന്നു:

പോടന്നൂർ - പാലക്കാട് - 127.5%

പാലക്കാട് - ഷൊർണ്ണൂർ - 101%

ഷൊർണ്ണൂർ - കോഴിക്കോട് - 88.5%

കോഴിക്കോട് - കണ്ണൂർ - 86%

കണ്ണൂർ - നേത്രാവതി - 76%

തിരുവനന്തപുരം ഡിവിഷന്റെ ലൈൻ ശേഷിയുടെ ഇപ്പോഴത്തെ ഗതാഗത നിരക്കിന്റെ ശതമാനം (Line Capacity Certificate) താഴെ ചേർക്കുന്നു:

ഷൊർണ്ണൂർ - തൃശ്ശൂർ - 97%

തൃശ്ശൂർ - എറണാകുളം - 102%

എറണാകുളം - പിറവം റോഡ് - < 90%

പിറവം റോഡ് - ചെങ്ങന്നൂർ - 126%

കായംകുളം -ചെങ്ങന്നൂർ -82%

കായംകുളം - കൊല്ലം - 82%

കൊല്ലം - തിരുവനന്തപുരം - 74%

തിരുവനന്തപുരം-നാഗർകോവിൽ - 95%

എറണാകുളം - ആലപ്പുഴ- 108%

ആലപ്പുഴ – കായംകുളം - 95%

(ഇ) ലൈൻ ശേഷിയുടെ നൂറ് ശതമാനത്തിലധികം ഗതാഗത നിരക്കുള്ള സെക്ഷനുകളിൽ പുതിയ ട്രെയിനുകൾ ഏർപ്പെടുത്തുന്നത് സെക്ഷനുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കും. മറ്റ് സെക്ഷനുകളിൽ പുതിയ ട്രെയിനുകൾ ഏർപ്പെടുത്തുന്നത് സാധ്യമാണ്. പാത ഇരട്ടിപ്പിക്കൽ, പാതയുടെ വൈദ്യുതീകരണം എന്നിവ പൂർത്തിയാകുന്നമുറയ്ക്ക് സർവ്വീസുകൾ കൂടുതൽ സുഗമമാകുമെന്ന് പ്രതീക്ഷിക്കുന്നു. 50:50 ഓഹരിയിൽ സംസ്ഥാന സർക്കാരിനോട് ചേർന്ന് സബർബൻ റെയിൽ പദ്ധതി നടപ്പാക്കണമെന്ന് റെയിൽവേയോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ സാധിച്ചാൽ ഹ്രസ്വദൂര

യാത്രക്കാർക്ക് കൂടുതൽ സുഗമമായ ട്രെയിൻ യാത്രാ സൗകര്യം ലഭ്യമാകുന്നതാണ്.

**കെ.എ.സ്.ഇ.ബി.യുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത**

26 (*356) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.യുടെ പ്രവർത്തന മേഖലകൾ വിപുലമായ പ്രദേശങ്ങളിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കെ.എസ്.ഇ.ബി.-യിലെ മസ്ദൂർ, ലൈൻമാൻ, ഓവർസിയർ തസ്തികകളിൽ യഥാസമയം പ്രൊമോഷൻ നടത്തി നിയമനം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 1. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി. ആർ.പി-യുടെ പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള ഐ.ടി ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച് നെറ്റ്‌വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്‌മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

2. മാനവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഹ്യൂമൻ റിസോഴ്സ് മാനേജ്‌മെന്റ് സിസ്റ്റം മുഖേന നടപ്പിലാക്കി.

3. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ്

ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

4. മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.

5. ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. 1912 അഥവാ 0471 2555544 എന്ന ടെലഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും.

6. ഇ-ടെണ്ടർ സംവിധാനം മുഖേന 25 ലക്ഷം വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.

7. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ട ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു. തുടക്കമെന്ന നിലയിൽ ചീഫ് എഞ്ചിനീയർ ട്രാൻസ്മിഷൻ (നോർത്ത്), കോഴിക്കോട് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ജീവനക്കാരെ ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് കഴിയും വേഗത്തിലും ഉചിതമായ രീതിയിലും നിയമിക്കുന്നുണ്ട്.

(ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ മസ്ദൂർ തസ്തികയിലും, ലൈൻമാൻ തസ്തികയിലും ഒഴിവില്ല. ഓവർസിയർ തസ്തികയിൽ ഉള്ള 158 ഒഴിവുകൾ ലൈൻമാൻ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകി നികത്തുന്നതിനും, ഇപ്രകാരം ഉണ്ടാവുന്ന ലൈൻമാൻ ഒഴിവിലേക്ക് മസ്ദൂർ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

**ആദിവാസികളുടെ ഭരണഘടനാപരമായ അവകാശങ്ങളും ആരോഗ്യപ്രശ്നങ്ങളും**

27 (*357) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ഭരണഘടനാപരമായി ലഭ്യമാകേണ്ട അവകാശങ്ങൾ സംരക്ഷിച്ചു നൽകുന്നതിൽ ഈ സർക്കാരിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആദിവാസി മേഖലയിൽ ഗർഭിണികൾക്കും കുട്ടികൾക്കും ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നൽകിയ ഉറപ്പ് പാലിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പകർച്ചവ്യാധികളും പോഷകാഹാരക്കുറവുംമൂലം ആദിവാസി മേഖലയിൽ ദുരിതങ്ങളും മരണങ്ങളും തുടരുമ്പോഴും അധികൃതരുടെ ഭാഗത്തുനിന്നും ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി ):

(എ) വിലയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ ജനവിഭാഗത്തിന് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങളായ - പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, ഭക്ഷണം തുടങ്ങിയവ ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് മറ്റ് വകുപ്പുകൾ എന്നിവ മുഖേന നടപ്പാക്കിവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിന് ചൂഷണത്തിന് എതിരെ പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാന സർക്കാർ ആദിവാസികളായ സ്ത്രീകൾക്കും, കുട്ടികൾക്കും പോഷകാഹാരക്കുറവ് ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി വിവിധ ക്ഷേമ പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കി വരുന്നു. പട്ടികവർഗ്ഗക്കാർക്കായി ആശുപത്രിയിൽ സൗജന്യ ചികിത്സ

ലഭ്യമാക്കുന്നതോടൊപ്പം ചികിത്സയ്ക്കും പുനരധിവാസത്തിനുമായി ചികിത്സാ ധനസഹായം പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ വഴി നൽകി വരുന്നു. ജനനി-ജൻമരക്ഷാ പദ്ധതി പ്രകാരം എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ എല്ലാ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 1000 രൂപ വീതം ആവശ്യമായ പോഷകാഹാരം വാങ്ങി കഴിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മണിയോർഡറായി തുക അയച്ചു കൊടുക്കുന്നു. കുട്ടിക്ക് 1 വയസ് തികയുന്നതു വരെ പരമാവധി 18 മാസം ടി ആനുകൂല്യം ലഭ്യമാക്കി വരുന്നു. പട്ടികവർഗ്ഗക്കാർക്ക് വേണ്ടി അനാഥരായ കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്ന കൈത്താങ്ങ് പദ്ധതി, അരിവാൾ രോഗികൾക്ക് പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്ന പദ്ധതികളും വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. വർഷകാലത്ത് പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ജാഗ്രതാ നിർദ്ദേശം എല്ലാ ജില്ലാ ഓഫീസർമാർക്കും യഥാസമയം നൽകിവരുന്നു.

(സി) പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റേയും സഹായത്തോടെ അടിയന്തര നടപടികൾ സ്വീകരിക്കുന്നു. പകർച്ചവ്യാധികളും മറ്റും ആദിവാസി മേഖലയിൽ ദുരിതങ്ങൾ ഉണ്ടാക്കുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ടി മേഖലയിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും നടപ്പിലാക്കുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ടി മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തു വരുന്നു. ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് സൗജന്യചികിത്സയും അവരെ സഹായിക്കുന്നതിന് ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

**ആദിവാസി മേഖലയിലെ യാത്രയും സുരക്ഷയും**

28(*358) ശ്രീ. കെ. എം. ഷാജി :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിനും സുരക്ഷിതയാത്ര ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വനവിഭവ ശേഖരണത്തിനിടയിലും വിപണന കേന്ദ്രങ്ങളിലേക്കുള്ള യാത്രക്കിടയിലും ഉണ്ടാകുന്ന അപകടങ്ങളും ജീവഹാനിയും ഒഴിവാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള മുൻകരുതൽ നടപടികൾ പര്യാപ്തമാണോ എന്ന് പരിശോധിക്കുമോ ;

(സി) പ്രകൃതിക്ഷോഭ സാദ്ധ്യതകൾ മുൻകൂട്ടിക്കണ്ട് സെറ്റിൽമെന്റുകളിൽ സുരക്ഷയൊരുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ജയലക്ഷ്മി ):</u>

(എ) ആദിവാസി മേഖലയിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ, നടപ്പാലങ്ങൾ എന്നിവ നിർമ്മിക്കുന്നു. കൂടാതെ ഉൾവനങ്ങളിലും ഒറ്റപ്പെട്ടതും, വന്യമൃഗഭീഷണി ഉള്ളതും, പൊതു ഗതാഗത സൗകര്യമില്ലാത്തതുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സുരക്ഷിതമായി സ്കൂളുകളിൽ എത്തിക്കുന്നതിനും അതുവഴി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശ നിയമം സംരക്ഷിക്കുന്നതിനുമായി ഗോത്ര സാരഥി എന്ന പദ്ധതി 2013-14 മുതൽ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വനത്തിനുള്ളിൽ വനം വകുപ്പ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുണ്ട്. വന്യമൃഗങ്ങളുടെ ഭീഷണി ഒഴിവാക്കാൻ കിടങ്ങുകളും ജനവാസമുള്ള മേഖലകളിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനായി വൈദ്യുതി കമ്പിവേലിയും വനം വകുപ്പിന്റെ സഹകരണത്തോടെ സ്ഥാപിച്ചിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭമുണ്ടാകുന്ന അവസരങ്ങളിൽ ആദിവാസികളെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റിപാർപ്പിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ

ചെയ്തു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**വിഭവ സമാഹരണ പദ്ധതി**

29(*359) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക വിഭവ സമാഹരണ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയിലൂടെ സമാഹരിക്കുന്ന പണമുപയോഗിച്ചുള്ള പദ്ധതികളുടെ ഫീസിബിലിറ്റി, സമയബന്ധിത നിർവ്വഹണം, കൈവരിക്കാനാകുന്ന നേട്ടം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനംകൂടി ഇതോടൊപ്പം പരിഗണിക്കുമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി ):

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിഭവസമാഹരണത്തിലേക്കായി 29-12-2014-ലെ സ.ഉ. (പി) നമ്പർ 583/14/ധന പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

(1) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനേയും കേരള റോഡ് ഫണ്ട് ബോർഡിനേയും സ്പോൺസർമാരാക്കുന്നതിന് നിയമഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഇടക്കാല ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ജനറൽ ഒബ്ളിഗേഷൻ ബോണ്ടും റവന്യൂ ബോണ്ടും പുറപ്പെടുവിക്കുന്നതാണ്.

(2) ദീർഘകാല ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്, ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് എന്നിവ മുഖേന ഫണ്ട്

സമാഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഇവയുടെ നടത്തിപ്പിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് താഴെപ്പറയുന്ന ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്:

ധനമന്ത്രി (ചെയർമാൻ) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുമന്ത്രി

വ്യവസായ വകുപ്പുമന്ത്രി

റെയിൽവേയുടെ ചുമതലയുള്ള മന്ത്രി

ഊർജ്ജ വകുപ്പുമന്ത്രി

തുറമുഖ വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

(4) ഇതുകൂടാതെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു നിർവ്വഹണ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

(5) നൂതനമായ ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ഫിനാൻഷ്യൽ കൺസൾട്ടൻസി, ഫിനാൻഷ്യൽ റിസർച്ച്, മെർച്ചന്റ് ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ പരിചയമുള്ള ഒരു കൺസൾട്ടന്റ് അഥവാ കൺസൾട്ടിംഗ് ഏജൻസിയുടെ സേവനം സുതാര്യവുമായ മാർഗ്ഗങ്ങളിലൂടെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള നിർവ്വഹണ വിഭാഗത്തിന്റെ അംഗീകാരത്തോടുകൂടി ഏർപ്പെടുത്താൻ ധനവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(6) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനും ഒരു സെക്ഷൻ ഓഫീസറും രണ്ട് അസിസ്റ്റന്റും ഉൾപ്പെടുന്ന ഒരു സെക്ഷൻ (ധനകാര്യ ഇൻഫ്രാസ്ട്രക്ചർ) ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പദ്ധതിയിലൂടെ സമാഹരിക്കുന്ന പണമുപയോഗിച്ച് നടപ്പാക്കുന്ന

പദ്ധതികളുടെ ഫീസിബിലിറ്റി, സമയബന്ധിത നിർവ്വഹണം, കൈവരിക്കാനാകുന്ന നേട്ടം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം പരിഗണിക്കുന്നതാണ്.

## ഇ-ട്രഷറി സംവിധാനം

30(*360) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ട്രഷറി സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെയെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സംയോജിപ്പിച്ചിരിക്കുന്നത്;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി ):

(എ&ബി) സർക്കാരിലേക്കുള്ള പണം ഒടുക്കലുകൾ ഓൺലൈനായി നിർവ്വഹിക്കുന്നതിന് സൗകര്യമൊരുക്കുന്ന ഇ-ട്രഷറി സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. നെറ്റ് ബാങ്കിംഗ് അക്കൗണ്ടുള്ള ഉപഭോക്താക്കൾക്ക് ട്രഷറി സന്ദർശിക്കാതെ തന്നെ ലോകത്തെവിടെനിന്നും ഏതു സമയത്തും ഓൺലൈനായി ഗവൺമെന്റിലേക്ക് പണമടയ്ക്കുവാൻ ഇതുവഴി സാധിക്കുന്നു. സർക്കാരിന്റെ വിവിധ സേവനങ്ങൾ ലഭിക്കുന്നതിനായി ഇ-ട്രഷറിയിൽ നിന്ന് ലഭിക്കുന്ന ഇ-ചലാൻ ബന്ധപ്പെട്ട അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ മതിയാകും. ഇ-ട്രഷറി സംവിധാനത്തിന്റെ വിശദമായ നടപടിക്രമങ്ങൾ 30-7-2014-ലെ സ.ഉ.(പി)നമ്പർ 310/2014/ധന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. യാതൊരുവിധ സർവ്വീസ് ചാർജ്ജുകളോ അധിക ചാർജ്ജുകളോ ഇല്ലാത്ത ഇ-ട്രഷറി സംവിധാനം തികച്ചും സുതാര്യവും സൗകര്യപ്രദവുമാണ്. പണം കൈമാറ്റത്തിൽ ഇലക്ട്രോണിക് സംവിധാനം നടപ്പിൽ

വരുത്തണമെന്ന കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റേയും നിർദ്ദേശങ്ങളും ഇ-ട്രഷറി സംവിധാനം വഴി പ്രാപ്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. Physical cash flow നിയന്ത്രിക്കുന്നതിനും ഈ സംവിധാനം വഴി സാധിക്കുന്നു.

എസ്.ബി.റ്റി., എസ്.ബി.ഐ., കാനറാ ബാങ്ക് എന്നീ മൂന്ന് ഏജൻസി ബാങ്കുകളെയായിരുന്നു തുടക്കത്തിൽ ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിരുന്നത്. ഇ-ട്രഷറി സംവിധാനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഉപഭോക്താക്കൾക്ക് പ്രസ്തുത സൗകര്യമൊരുക്കുന്നതിനുമായി 9 ബാങ്കുകളെക്കൂടി ഇ-ട്രഷറി സംവിധാനത്തിൽ ഉൾപ്പെടുത്തി 28-2-2014-ലെ സ.ഉ. (പി)നം.89/2014/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു.

(സി) ട്രഷറി, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, എൻ.ഐ.സി., അക്കൗണ്ടന്റ് ജനറൽ, സർക്കാർ അനുമതി ലഭ്യമായ ബാങ്കുകൾ, സംസ്ഥാനത്തെ പ്രധാന വരുമാനദായക സർക്കാർ വകുപ്പുകൾ എന്നിവയാണ് ഇ-ട്രഷറിയുമായി സംയോജിപ്പിച്ചിരിക്കുന്നത്.

(ഡി) ഇ-ട്രഷറി സംവിധാനം നടപ്പാക്കുന്നതിനായി ഒരു സെൻട്രൽ സെർവ്വർ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ട്രഷറി ഡയറക്ടറേറ്റിൽ എല്ലാവിധ സാങ്കേതിക സൗകര്യങ്ങളാലും സജ്ജമായ ഒരു ഇ-ട്രഷറി ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സോളാർ വൈദ്യുത പ്ലാന്റുകൾ

1 (3154) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാസയോഗ്യവും കൃഷിയോഗ്യവുമല്ലാത്ത സ്ഥലങ്ങൾ കണ്ടെത്തി അവിടെ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ വൻകിട പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടോ;

വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിലെ പടിഞ്ഞാറെക്കല്ലടയിൽ വെള്ളം കെട്ടിക്കിടക്കുന്ന 300 ഏക്കർ സ്ഥലത്ത് 50 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുത പദ്ധതി എൻ.എച്ച്.പി.സി.-മായി ചേർന്നു നടപ്പിൽ വരുത്താൻ നടപടി എടുത്തു വരുന്നു. കൂടാതെ 200 മെഗാവാട്ടിന്റെ ഒരു സൗരോർജ്ജ പാർക്ക് പദ്ധതി കാസർഗോഡ് ജില്ലയിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് നിർമ്മിക്കാനുള്ള നടപടികളും നടന്നു വരുന്നു.

**സൗരോർജ്ജ വൈദ്യുത പദ്ധതി കേരളത്തിൽ**

2 (3155) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദ്യ സൗരോർജ്ജ വൈദ്യുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി ചെലവിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഈ പദ്ധതി വഴി ലഭിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) അനെർട്ടിന്റെ ഉടമസ്ഥതയിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് സ്ഥാപിക്കുന്ന സൗരോർജ്ജ പവർ പ്ലാന്റിൽ നിന്നു പ്രതിവർഷം 30

ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതി സംസ്ഥാന വൈദ്യുതി ബോർഡിന്റെ ശൃംഖലയിലേക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വഴി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് നിർമ്മിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റിൽ നിന്നും 1.63 മില്യൻ യൂണിറ്റ് വൈദ്യുതിയാണ് ഒരു വർഷം ഉല്പാദനം പ്രതീക്ഷിക്കുന്നത്. സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി ഒരളവുവരെ ഒഴിവാക്കാനാവുന്നതോടൊപ്പം കെ.എസ്.ഇ.ബി. യുടെ സോളാർ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (Solar RPO) നിറവേറ്റുന്നതിലേക്കും ഈ പദ്ധതി ഉപകരിക്കുന്നതാണ്.

(സി) പാലക്കാട് കുഴൽമന്ദത്ത് സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിനുള്ള ചെലവ് അനെർട്ടിൽ ചെലവഴിക്കാത്ത പദ്ധതി ഫണ്ടിൽ നിന്നും ഉപയോഗിക്കാനായി 30-3-2015-ലെ സ.ഉ. (ആർ.റ്റി.) 77/2015 ഊവ പ്രകാരം അനുമതി നല്കിയിട്ടുണ്ട്. 220 കെ.വി. സബ്സ്റ്റേഷനിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിന് 50% തുക ഗവൺമെന്റും 50% തുക കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ചെലവഴിക്കുന്നതിനുള്ള അനുമതി 30-11-2013-ലെ സ. ഉ.. (ആർ.റ്റി.) 305/2013/ഊ.വ. പ്രകാരം നല്കിയിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ പദ്ധതികളിലൂടെ 3 മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

**കെ.എസ്.ഇ.ബി. -യിലെ ശമ്പള പരിഷ്കരണം**

3 (3156) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ. ബി.യിൽ ജീവനക്കാരുടെ ശമ്പള വർദ്ധനവ് നടപ്പാക്കാനുള്ള കാലാവധി കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇതിന് മുൻപ് എന്നാണ് ശമ്പള വർദ്ധനവ് നടത്തിയിട്ടുള്ളത്;

(സി) ഇതിന്റെ കാലാവധി എന്ന് അവസാനിച്ചു; വിശദമാക്കുമോ;

(ഡി) പുതിയ ശമ്പള വർദ്ധനവ് നടപ്പാക്കാൻ ചർച്ചകൾ നടന്നുവരുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഓഫീസർ കാറ്റഗറിയിലുള്ള ജീവനക്കാരുടെ നിലവിലുള്ള ശമ്പള പരിഷ്കരണം 1-7-2008 മുതൽ പ്രാബല്യത്തിലും വർക്ക്മെൻ കാറ്റഗറിയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം 1-8-2008 മുതൽ പ്രാബല്യത്തിലും ആണ് നടപ്പാക്കിയിട്ടുള്ളത്.

(സി) ഓഫീസർ കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി 30-6-2013-നം വർക്ക്മെൻ കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി 31-7-2013 - നം അവസാനിച്ചു.

(ഡി) പുതിയ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതിലേക്കുള്ള ചർച്ചകൾ ആരംഭിച്ചിട്ടില്ല.

**കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പ്രൊമോഷൻ**

4 (3157) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ തസ്തികയിലും ഗ്രേഡ് പ്രൊമോഷൻ ലഭിച്ചിട്ടും 10 വർഷത്തിലധികമായി അടുത്ത പോസ്റ്റിലേക്ക് പ്രൊമോഷൻ ലഭിക്കാത്തവരുടെ എണ്ണം വിശദമാക്കാമോ;

(ബി) ഇവർക്ക് ഒഴിവ് വരുന്ന പോസ്റ്റുകളിലേക്ക് യോഗ്യത അനുസരിച്ച് പ്രൊമോഷൻ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

| | | |
|---|---|---|
| (എ) | എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 12 |
| | അക്കൗണ്ട്സ് ഓഫീസർ | 5 |
| | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 30 |

| | |
|---|---|
| (സിവിൽ) | 122 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 50 |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 156 |
| സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 32 |
| സബ് എഞ്ചിനീയർ | |
| (ഇലക്ട്രിക്കൽ) | 173 |
| (സിവിൽ) | 406 |
| സീനിയർ അസിസ്റ്റന്റ് | 1175 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 31 |
| സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 30 |
| ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 1 |
| ഓവർസിയർ (ഇലക്ട്രിക്കൽ) | 31 |
| ഓവർസിയർ (സിവിൽ) | 23 |
| കാഷ്യർ | 18 |
| ലൈൻമാൻ | 11 |
| ഓഫീസ് അറ്റൻഡന്റ് | 79 |

(ബി) ഓരോ തസ്തികയിലും ഒഴിവ് വരുന്നമുറയ്ക്ക് ബോർഡിൽ നിലവിലുള്ള നിയമ പ്രകാരം പ്രൊമോഷൻ നൽകിവരുന്നുണ്ട്.

**കെ.എസ്.ഇ.ബി.-യിലെ ശമ്പളപരിഷ്കരണം**

5 (3158) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ ജീവനക്കാരുടെ നിലവിലുള്ള ശമ്പളപരിഷ്കരണ കരാറിന്റെ കാലാവധി 31-7-2013-ൽ അവസാനിച്ചതായി ശ്രദ്ധിച്ചിരുന്നുവോ; പുതിയ കരാർ രൂപീകരിക്കുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ശമ്പള കരാറിനായി എത്ര സംഘടനകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന് അവകാശപത്രിക സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത സംഘടനകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) 1-8-2013 തീയതിയിൽ മുൻകാലപ്രാബല്യത്തോടെ പുതിയ കരാർ രൂപീകരിക്കുവാൻ സന്നദ്ധമാകുമോ; ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ ശമ്പള പരിഷ്കരണം നടത്തുവാൻ തയ്യാറാകുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ വർക്ക്മെൻ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ ഏറ്റവും ഒടുവിലായി പൂർത്തീകരിച്ചിട്ടുള്ള ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി 31-7-2013-ൽ അവസാനിച്ചു. പുതിയ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതിലേക്കായുള്ള നടപടികൾ ബോർഡിൽ ആരംഭിച്ചിട്ടില്ല.

(ബി) പുതിയ ശമ്പളപരിഷ്കരണ കരാറിനായി കേരളാ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.റ്റി.യു.സി.) എന്ന സംഘടന അവകാശ പത്രിക സമർപ്പിച്ചിട്ടുണ്ട്.

(സി) ശമ്പള പരിഷ്കരണ ചർച്ചകളിൽ ഉരുത്തിരിയുന്ന തീരുമാനങ്ങൾ മുൻനിർത്തിയും കരാർ രൂപപ്പെടുത്തുന്നതിൽ മുൻകാലങ്ങളിൽ പാലിച്ചു വരുന്ന വ്യവസ്ഥകൾ/നിബന്ധനകൾ/നിയമങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം നൽകിയും, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും അനുമതിക്ക് വിധേയമായാണ് ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നത്. പുതിയ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതിനുള്ള

നടപടികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച മറ്റ് വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

**കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട്**

6 (3159) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷവും മുൻവർഷവും ARR & ERC(Aggregate Revenue Requirement and Expected Revenue Collection) പ്രകാരം പെൻഷൻ ഫണ്ടിലേക്ക് തുക വകമാറ്റുന്നതിലേക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് കേരള സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷനോട് അനുവാദം ചോദിച്ചിരുന്നുവോ; എങ്കിൽ എത്ര തുക വീതമാണെന്ന് വർഷം തിരിച്ച് പ്രത്യേകമായി അറിയിക്കുമോ;

(ബി) ഇപ്രകാരം ആവശ്യപ്പെട്ട തുക റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, ARR & ERC പെറ്റീഷൻ മുഖേന പെൻഷൻ ഫണ്ടിലേക്കുള്ള വാർഷിക വിഹിതമായി 101.12 കോടി രൂപയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മാസ്റ്റർ ട്രസ്റ്റിന്റെ ബോണ്ടിന്റെ പലിശയിനത്തിൽ 814.44 കോടി രൂപയും വകയിരുത്തുന്നതിനുള്ള അനുവാദം നൽകണമെന്ന് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ അഭ്യർത്ഥിച്ചിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ പെൻഷൻ ഫണ്ടിലേക്ക് വാർഷിക വിഹിതമായ 111.23 കോടി രൂപയും മാസ്റ്റർ ട്രസ്റ്റിന്റെ ബോണ്ടുകളുടെ പലിശയിനത്തിൽ 814.44 കോടി രൂപയും കണക്കാക്കിക്കൊണ്ടുള്ള അപേക്ഷ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ, ടി തുക മുഴുവനായും വകയിരുത്തുന്നതിന് റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിരുന്നു. 2015-16 സാമ്പത്തിക വർഷത്തെ ARR & ERC പെറ്റീഷൻമേൽ, കമ്മീഷൻ നാളിതുവരെ തീർപ്പ് കൽപിച്ചിട്ടില്ല.

**കെ.എസ്.ഇ.ബി. ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങളിൽ നിന്നും നികുതി**

7 (3160) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള പുതിയ പദ്ധതി ഏത് മാനദണ്ഡം അനുസരിച്ചാണെന്ന് വിവരിക്കുമോ ;

(ബി) ഇതിനായി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ അമിത നികുതി ഈടാക്കുന്നതിൽ നിന്നും കെ.എസ്.ഇ.ബി. പിൻമാറുമോ;വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ ശമ്പളം, വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാന നികുതി അതാത് കാലത്ത് നിലവിലുള്ള ആദായ നികുതി നിയമം, 1961-ലെ വകുപ്പുകൾക്ക് അനുസൃതമായാണ് ഈടാക്കുന്നത്.

(ബി) നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.-യിൽ നിന്നും ഈ വർഷം പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ആദായ നികുതി നിയമം അനുശാസിക്കുന്ന ആദായ നികുതിയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ജിവനക്കാരിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നത്. ആദായ നികുതിയിൽ ഇളവുകൾ അനുവദിക്കേണ്ടത് കേന്ദ്ര സർക്കാർ ആണ്. കെ.എസ്.ഇ.ബി.-ക്ക് ജീവനക്കാരെ ആദായ നികുതിയിൽ നിന്നും ഒഴിവാക്കാനാവില്ല.

**നഗര പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി**

8 (3161) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കെ.എസ്.ഇ.ബി., നഗര പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പദ്ധതിയുടെ പാർട്ട്-എയുടെ ഭാഗമായിട്ടുള്ള 43 നഗരങ്ങളിലേക്കുള്ള വിവരസാങ്കേതിക വിദ്യ പദ്ധതികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന ഒരു കേസ് കാരണം ആരംഭിക്കാൻ വൈകി. കോടതി വിധി വന്നതിനുശേഷം 7-11-2012-ലാണ് ഈ പദ്ധതികൾ പുനരാരംഭിച്ചത്. പദ്ധതി ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പദ്ധതിയുടെ ഭാഗമായി ഇതുവരെ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി.

- ഡാറ്റാ സെന്റർ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം എന്നിവ സ്ഥാപിക്കൽ
- 27 നഗരങ്ങളിൽ പദ്ധതി ഭാഗികമായ പൂർത്തീകരണം
- 43 നഗരങ്ങളിലെ വിവര സാങ്കേതിക വിദ്യ ശൃംഖല സ്ഥാപിക്കൽ
- 37 നഗരങ്ങളിലെ സമഗ്ര വിവര ശൃംഖല വിശകലന പൂർത്തീകരണം
- 23 നഗരങ്ങളിലെ മോഡം സ്ഥാപിക്കൽ പുരോഗമിക്കുന്നു
- ഇവ കൂടാതെ 3 നഗരങ്ങളിലേക്കുള്ള സ്കാഡ പദ്ധതി സമയബന്ധിതമായി പുരോഗമിക്കുകയാണ്.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പുനരാവിഷ്കൃത ഊർജ്ജിത വികസന പരിഷ്കരണ പദ്ധതി പാർട്ട്-ബി (RAPDRP- Part.B)-ക്ക് 2010-ൽ അനുമതി ലഭിച്ചു. ഇതിൻപ്രകാരം 43 പട്ടണങ്ങളിൽ 1078 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചത്. ഇതിൽ നാളിതുവരെ 411 കോടി

രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി.

(ബി) ആർ.എ.പി.ഡി.ആർ.പി.- പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള വിവര സാങ്കേതിക വിദ്യ പദ്ധതികൾ മുഖേന വിതരണ മേഖലയുടെ സമഗ്രമായ കമ്പ്യൂട്ടർ വൽക്കരണം ലക്ഷ്യമിടുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഓഫീസുകളേയും ബന്ധിപ്പിച്ച് വിവരസാങ്കേതികവിദ്യ ശൃംഖല സ്ഥാപിക്കുക, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, ഊർജ്ജ ഓഡിറ്റിംഗ് നടപ്പിലാക്കുക, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങൾ എടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കുക, ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തുക തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്. സ്കാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

വൈദ്യുതി വിതരണരംഗം ആധുനികവത്കരിച്ച് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കി കുറയ്ക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുവാനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൻപ്രകാരം പദ്ധതി പ്രദേശത്ത് ഈ പ്രവൃത്തികൾ ചെയ്യുന്ന മുറയ്ക്ക് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കേന്ദ്ര സർക്കാർ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങൾക്കുമായി 50,000 കോടി രൂപ ധനസഹായം നൽകുവാൻ വിഭാവനം ചെയ്തിരിക്കുന്നു. മേൽപ്പറഞ്ഞ തുകയിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി വൈദ്യുതി വിതരണ മേഖലയിൽ വിവര സാങ്കേതിക വിദ്യ നടപ്പിലാക്കുന്ന പദ്ധതിയിൽ 10,000 കോടി രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി കേരളത്തിന് 214.38 കോടി രൂപ കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്കാഡ പദ്ധതിക്കായി 83.15 കോടി രൂപയും കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്. RAPDRP-പാർട്ട്-ബി -യിൽ 1078 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പ്രവൃത്തികൾക്കാണ് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചത്. ഇതിൽ 25% വായ്പയായാണ് ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ വായ്പാതുക ഗ്രാന്റായി മാറുന്നതാണ്. പാർട്ട്-ബി-ക്കായി കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ 161.74 കോടി രൂപ ലഭിച്ചിട്ടുണ്ട്.

**പുതിയ വൈദ്യുതി നിയമ ഭേദഗതി ബിൽ**

9 (3162) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വൈദ്യുതി നിയമ ഭേദഗതി ബിൽ നടപ്പായാൽ കെ.എസ്.ഇ.ബി.-യെ പൊതുമേഖലയിൽ നിലനിർത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; ആയതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

പുതിയ വൈദ്യുതി നിയമ ഭേദഗതി ബില്ലിൽ നിലവിലുള്ള വിതരണ ലൈസൻസി ഒരു 'ഇൻകുമ്പന്റ്' വിതരണ ലൈസൻസിയായി തുടരണമെന്നും പുതിയ സപ്ലൈ ലൈസൻസികൾ വിതരണം നടത്താൻ താല്പര്യപ്പെടാത്ത മേഖലകളിൽ ഇൻകുമ്പന്റ് ലൈസൻസി വൈദ്യുത വിതരണം നടത്തണമെന്നും വിവക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് കെ.എസ്.ഇ.ബി.യെ പൊതുമേഖലയിൽ നിലനിർത്താൻ തടസ്സമില്ല. എന്നാൽ ഈ നിയമം നടപ്പിലായാൽ താഴെപ്പറയുന്ന സാഹചര്യം ഉണ്ടാകാനിടയുണ്ട്.

(1) പുതിയ സപ്ലൈ ലൈസൻസികൾ നിലവിൽ വരുമ്പോൾ, ഉയർന്ന നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന വാണിജ്യ ഉപഭോക്താക്കളും അതുപോലെയുള്ള മറ്റ് ഉപഭോക്താക്കളും പുതിയ സപ്ലൈ ലൈസൻസികളിലേക്ക് പോകുകയും, കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന ഭൂരിപക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കളും, ഉയർന്ന നിരക്കിൽ സബ്സിഡി ലഭിക്കുന്ന ദുർബല വിഭാഗ ഉപഭോക്താക്കളും മാത്രം ഉൾപ്പെടുന്ന ഒരു 'ഇൻകുമ്പന്റ് വിതരണ ലൈസൻസി മാത്രമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് മാറും. ദുർബല വിഭാഗങ്ങൾക്കും, ഗാർഹിക ഉപഭോക്താക്കൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ നിർബന്ധിതമായ സർക്കാർ മേഖലയിലുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡ് നഷ്ടത്തിലേക്ക് നീങ്ങുകയും, നിലവിലുള്ള സഞ്ചിത നഷ്ടം

വർദ്ധിച്ച് സാമ്പത്തിക തകർച്ചയിലേക്ക് നീങ്ങുകയും ചെയ്യും.

(2) പുതിയ ഇന്റർമീഡിയറി കമ്പനികൾ നിലവിൽ വരുമ്പോൾ വൈദ്യുതി ഉല്പാദകരും, ട്രേഡേഴ്സുമായി നിലനിൽക്കുന്ന കുറഞ്ഞ വിലയ്ക്കുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ ഏകപക്ഷീയമായ റദ്ദാക്കലുകൾക്ക് വിധേയമാകാനും പ്രസ്തുത വൈദ്യുതി സ്വകാര്യ സപ്ലൈ ലൈസൻസികളുമായി പങ്കുവയ്ക്കുവാനും വ്യവസ്ഥ ചെയ്തിട്ടുള്ളത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മത്സരക്ഷമത തകർക്കും.

(3) പുതിയ സപ്ലൈ ലൈസൻസികളുടെ വരവോടുകൂടി, കെ.എസ്.ഇ.ബി. ലിമിറ്റഡ് വിഭജിച്ച് സപ്ലൈ ലൈസൻസിയും വിതരണ ലൈസൻസിയും ആകും. ഇതുമൂലം ജീവനക്കാരുടെ എണ്ണം ഗണ്യമായി കുറയ്ക്കേണ്ടിവരും.

(4) ഗാർഹിക ഉപഭോക്താക്കൾക്കും മറ്റുമുള്ള ക്രോസ് സബ്സിഡി ഭാരമില്ലാത്ത പുതിയ സപ്ലൈ ലൈസൻസികൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകുന്ന വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വാണിജ്യ വ്യാവസായിക വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകാനാവും. ഇതുവഴി കെ.എസ്.ഇ.ബി. ലിമിറ്റഡ് കൂടുതൽ നഷ്ടത്തിലേക്ക് നീങ്ങുകയും ചെയ്യും. നിർദ്ദിഷ്ട ബില്ലിന്മേലുള്ള അഭിപ്രായങ്ങൾ പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ കേരളം അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ദോഷവശങ്ങൾ പരിഗണിക്കുമ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡി-നെ പൊതുമേഖലയിൽ നിലനിർത്താൻ തടസ്സമില്ലെങ്കിലും, അതിന്റെ മത്സരക്ഷമത കുറയുകയും ലാഭത്തിൽ പ്രവർത്തിക്കാനുള്ള സാദ്ധ്യത തീരെ ഇല്ലാതാകുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. ഇത് പരിഹരിക്കാൻ സംസ്ഥാന സർക്കാരിന് ആകെ ചെയ്യാൻ കഴിയുന്നത് പുതിയ സപ്ലൈ ലൈസൻസികൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ കർക്കശമാക്കണമെന്ന നയപരമായ നിർദ്ദേശം റെഗുലേറ്ററി കമ്മീഷന് നല്കുക മാത്രമാണ്.

**തടസ്സം കൂടാതെ വൈദ്യുതി എത്തിക്കാൻ നടപടി**

10 (3163) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മൂവാറ്റുപുഴ കൊളമ്പൂര കടവിൽ സ്ഥാപിച്ചിട്ടുള്ള പ്രധാന ജല പമ്പിംഗ് സ്റ്റേഷനിലേക്ക് തടസ്സം കൂടാതെ വൈദ്യുതി എത്തിക്കുന്നതിനായി പ്രത്യേക വൈദ്യുത വിതരണ ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി 4.42 കോടി രൂപ 2/1/2009-ൽ ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ തുക അടച്ച് ആറ് വർഷം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനോ, തടസ്സം കൂടാതെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ഇതര നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വൈദ്യുതി മുടങ്ങുന്നുമൂലം പമ്പിംഗ് തടസ്സപ്പെടുന്നതിനാൽ അടിയന്തരമായി പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത തുക രണ്ട് 11 കെ.വി. ലൈനുകൾ നിർമ്മിക്കുന്നതിനാണ് ഒടുക്കിയിട്ടുള്ളത്. അതിൽ ഒരു 11 കെ.വി. ഫീഡർ നിർമ്മാണം പൂർത്തീകരിച്ച് ചാർജ്ജ് ചെയ്തിട്ടുള്ളതാണ്. രണ്ടാമത്തെ ഫീഡർ 9.5 കി.മീ. ഭൂഗർഭ കേബിളും 200 മീറ്റർ ഓവർ ഹെഡ് ലൈനും (നദിക്കു കുറുകെ) ഉൾപ്പെട്ടിട്ടുള്ളതാണ്. ഇതിൽ 5 കി.മീ. കേബിൾ സ്ഥാപിച്ചതിനുശേഷം പി.ഡബ്ല്യു.ഡി.-യുടെ റോഡ് മുറിച്ചു കടക്കുന്നതിലെ തടസ്സംമൂലം മേയ് 2013-ൽ ജോലി തടസ്സപ്പെട്ടു. പിന്നീട് കോൺട്രാക്ടർ റേറ്റ് റിവിഷൻ ആവശ്യപ്പെടുകയും 11-6-2014-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അതിന് അനുമതി നൽകുകയും ചെയ്തു. ഇതു പ്രകാരം കോൺട്രാക്ടർ 2 കി.മീ. കേബിൾ സ്ഥാപിക്കുന്ന ജോലികൂടി പൂർത്തീകരിച്ചു. ഇനി ബാക്കിയുള്ള 2.5 കി.മീ. കേബിൾ സ്ഥാപിക്കുന്ന ജോലിയും 200 മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്ന ജോലിയും എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ**

11 (3164) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

66 കെ.വി. കാവാലം സബ്സ്റ്റേഷൻ നിർമ്മാണാവശ്യത്തിനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം 0.874 ഹെക്ടർ സ്ഥലം വാങ്ങാനായി 17-8-2008-ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ടി സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നികത്താൻ പാടില്ലായെന്നുള്ള ആലപ്പുഴ ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. പുതുതായി, കാവാലത്തിനു സമീപം അനുയോജ്യമായ സ്ഥലം കണ്ടെത്താനായിട്ടില്ല. എന്നാൽ നീലംപേരൂർ എന്ന സ്ഥലത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും സാങ്കേതിക പഠനം നടത്തിവരികയുമാണ്.

**എനർജി ഓൺ ഇന്നവേറ്റീവ് സോൺ സംബന്ധിച്ച വിശദാംശങ്ങൾ**

12 (3165) <u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) K.S.E.B ലിമിറ്റഡ് എനർജി ഓൺ ഇന്നവേറ്റീവ് സോണിന് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് കളമശ്ശേരിയിലുള്ള സ്റ്റാർട്ടപ്പ് വില്ലേജിൽ എനർജി ഓപ്പൺ ഇന്നവേഷൻ സോൺ സ്ഥാപിച്ചിട്ടുണ്ട്.

(ബി) വൈദ്യുതിയുടെ ഉത്പാദന പ്രസരണ വിതരണ മേഖലകളിലെ ചെലവ് ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും നൂതന ആശയങ്ങളുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിൽ ഗവേഷണങ്ങൾ നടത്തുന്നതിനുമായാണ് എനർജി ഓപ്പൺ ഇന്നവേഷൻ സോൺ സ്ഥാപിച്ചത്. നൂതന ആശയങ്ങളുള്ള

തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം എനർജി ഓപ്പൺ ഇന്നവേഷൻ സോൺ വഴി നൽകുന്നു.

(സി) 12-6-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റാർട്ട് അപ്പ് വില്ലേജിൽ എനർജി ഓപ്പൺ ഇന്നവേഷൻ സോൺ സ്ഥാപിക്കുന്നതിനായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നൂതന ആശയങ്ങൾ ഉള്ള തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനായുള്ള സാമ്പത്തിക സഹായം നൽകുന്നതിന് 7-8-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**വൈദ്യുത കമ്മി**

13 (3166) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി എത്രയാണെന്നും അത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് ഉല്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഇതിലെല്ലാം കൂടി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുവാൻ കഴിയുന്നത്;

(സി) സംസ്ഥാനത്തിന്റെ ഉപയോഗത്തിന് ആവശ്യമുള്ള വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ വൈദ്യുതി കമ്മി നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 8-7-2015-ലെ കണക്കുപ്രകാരം പ്രതിദിനം ശരാശരി 61.25 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിന്റെ ആവശ്യകത. (ഇപ്പോൾ വൈകുന്നേരങ്ങളിൽ പീക് സമയത്ത് സംസ്ഥാനത്തെ ആവശ്യകത 3400 മെഗാവാട്ടാണ്). ഇത് നിറവേറ്റുന്നത് താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| (a) | ജലവൈദ്യുതി നിലയങ്ങൾ (KSEBL) | 25 ദശലക്ഷം യൂണിറ്റ് |
| (b) | ക്യാപ്റ്റീവ് നിലയങ്ങൾ | 0.3 ദശലക്ഷം യൂണിറ്റ് |

| | | |
|---|---|---|
| (c) | താപം (KSEBL) | 0.48 ദശലക്ഷം യൂണിറ്റ് |
| (d) | കാറ്റ് (KSEBL) | 0.004 ദശലക്ഷം യൂണിറ്റ് |
| (e) | കേരളത്തിനകത്തുള്ള സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങിയ വൈദ്യുതി | 0.79 ദശലക്ഷം യൂണിറ്റ് |
| (f) | കേന്ദ്ര വിഹിതം | 27.00 ദശലക്ഷം യൂണിറ്റ് |
| (g) | URS/Deviation | 2.96 ദശലക്ഷം യൂണിറ്റ് |
| (h) | ട്രേഡർ പവർ എക്സ്ചേഞ്ച് ഉൾപ്പെടെയുള്ള open access | 4.72 ദശലക്ഷം യൂണിറ്റ് |
| | ആകെ | 61.254 |

പീക്ക് സമയത്തെ ആവശ്യകത നിറവേറ്റുന്നതിനുള്ള ഉത്പാദനത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആഭ്യന്തര ഉത്പാദനം (ജലം + താപം) | 1670 MW |
| (പുറമേ നിന്നുള്ള വൈദ്യുതി) | 1730 MW |
| കേന്ദ്രവിഹിതം : 1100MW | |
| ട്രേഡർമാർ മുഖേന / എക്സ്ചേഞ്ച് വഴി } 400MW | |
| Deviation/URS : 230 MW | |
| ആകെ | 3400MW |

(ബി) കേരളത്തിലെ ഉത്പാദന കേന്ദ്രങ്ങളുടെ ആകെ ശേഷി 2839 മെഗാവാട്ടാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ ജലവൈദ്യുത പദ്ധതികൾ, സ്വകാര്യ സംരംഭകരുടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റാടി വൈദ്യുത പദ്ധതികൾ, കെ.എസ്.ഇ.ബി.എൽ.-ന്റെ രണ്ട് താപനിലയങ്ങൾ, കേന്ദ്രത്തിന്റെ അധീനതയിലുള്ള കായംകുളം നിലയം, കൊച്ചിയിലെ ബി.എസ്.ഇ.എസ്. താപനിലയം, കഞ്ചിക്കോട്ടെ കെ.എസ്.ഇ.ബി.എൽ.-ന്റെ കാറ്റാടി പദ്ധതി ഇവയെല്ലാം ഉൾപ്പെടെയാണ് കേരളത്തിന് 2839 മെഗാവാട്ട് ശേഷിയുള്ളത്.

ഇവയിൽ നിന്നും പ്രതിദിനം ഉത്പാദിപ്പിക്കാൻ കഴിഞ്ഞത് (1-7-2015-ലെ കണക്കനുസരിച്ച്) 29.5857 ദശലക്ഷം യൂണിറ്റ് ആണ്. ഇത് ആകെ ഉപഭോഗത്തിന്റെ 52% മാത്രമാണ്.

(സി) സംസ്ഥാനത്തിന്റെ ഉപയോഗത്തിന് ആവശ്യമായ വൈദ്യുതി ആഭ്യന്തര ഉത്പാദനത്തിലൂടെ ലഭിക്കുന്നില്ല.

(ഡി) വൈദ്യുതി കമ്മി നികത്തുന്നതിനായി ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 107.5 MW-ന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ, സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി വൈദ്യുത ഉത്പാദനം സാധ്യമാക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. കെ.എസ്.ഇ.ബി.എൽ. സ്വന്തം നിലയിലും മറ്റു സ്വകാര്യ സംരംഭകർ വഴിയും, പൊതുസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചും സൗരോർജ്ജ പ്ലാന്റുകൾ, ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റാടി പദ്ധതികൾ എന്നിവ തുടങ്ങുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. കമ്മി നികത്തുന്നതിനായി ട്രേഡർമാർ വഴി കരാറടിസ്ഥാനത്തിലും പവർ എക്സ്ചേഞ്ച് വഴിയും മെറിറ്റ് ഓർഡർ വഴിയും വൈദ്യുതി ലഭ്യമാക്കുന്നു. കൂടാതെ, deviation account (UI) വഴിയും കേന്ദ്ര നിലയങ്ങളിലെ URS വഴിയും വൈദ്യുതി ലഭ്യമാക്കുന്നു. കൂടാതെ, സംസ്ഥാനത്തെ IPP-കളായ RGCCPP/BSES എന്നിവയിൽ നിന്നുള്ള വില കൂടിയ വൈദ്യുതിയും ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നു. സംസ്ഥാനത്തിനു പുറത്തുള്ള കേന്ദ്ര നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് ഇപ്പോൾ 1577 MW വൈദ്യുതി അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്ന് മെയിന്റനൻസും ആക്സിലറി ഉപയോഗവും കഴിച്ച് പ്രതിദിനം 1150 മുതൽ 1200 മെഗാവാട്ട് വരെ വൈദ്യുതി (27 മുതൽ 28 ദശലക്ഷം യൂണിറ്റ് വരെ) ലഭ്യമാകുന്നുണ്ട്. കൂടുതലായി വേണ്ടിവരുന്ന വൈദ്യുതി, വ്യാപാരികൾ വഴി കരാർ മുഖേന ലഭ്യമാക്കുന്നു. 400 മെഗാവാട്ട് വൈദ്യുതി, Case-1 Bid വഴി (വൈദ്യുതി വ്യാപാരികളായ NVVN മുഖേന 300 MW, PTC മുഖേന 100 MW) 2017 ഫെബ്രുവരി വരെ ലഭ്യമാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. 300 മെഗാവാട്ട്

വൈദ്യുതി, ദക്ഷിണേന്ത്യയിലെ സിംഹാപുരി നിലയത്തിൽ നിന്നും (PTC മുഖേന) 2015 ജൂൺ മുതൽ 2016 മേയ് 31 വരെ ലഭ്യമാക്കുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്.

210 മെഗാവാട്ട് വൈദ്യുതി LANCO, Kondapally-ൽ നിന്ന് 2015 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ, കേന്ദ്ര ഗവൺമെന്റിന്റെ 2015-16, 2016-17 വർഷത്തേക്കുള്ള വാതകാധിഷ്ഠിത വൈദ്യുതോല്പാദന ശേഷി ഉപയോഗപ്പെടുത്തൽ പദ്ധതി പ്രകാരം (Scheme for utilization of gas based power generation capacity for the Year 2015-16 & 2016-17) വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ കൂടുതലായി വേണ്ടിവരുന്ന വൈദ്യുതി, പവർ എക്സ്ചേഞ്ചുകളിൽ നിന്നാണ് ലഭ്യമാക്കി വരുന്നത്.

**ലാഭപ്രഭ പദ്ധതി**

14 (3167) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ എന്തെല്ലാം പ്രോത്സാഹനങ്ങളും സമ്മാനപദ്ധതികളുമാണ് ലാഭപ്രഭ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്;വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി മുഖേന സമ്മാനങ്ങൾ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻവേണ്ടി ഊർജ്ജസംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നതിനു വേണ്ടിയുള്ള ബൃഹത്തായ ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടിയാണ് ലാഭപ്രഭ.

കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ സമ്മാനാർഹരായവരെ ഊർജ്ജ

സംരക്ഷണ അംബാസഡർമാരായി നിയോഗിച്ച് സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, എൻ.എസ്.എസ്., എൻ.സി.സി., പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടെസ്റ്റ്പെൻ, സി.എഫ്. ലാമ്പുകൾ, സൗരോർജ്ജ റാന്തലുകൾ, സൗരോർജ്ജാധിഷ്ഠിത ഇൻവർട്ടറുകൾ, ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന സൗരോർജ്ജ പ്രോജക്ട് തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മാന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ I കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 22,80,750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2013 മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. 2013 മേയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.1 ദശലക്ഷം യൂണിറ്റ് ആയിരുന്നു യഥാർത്ഥ ഉപഭോഗം. 2014 മാർച്ച് 1 മുതൽ മേയ് 31 -ന് അവസാനിച്ച ലാഭപ്രഭ സീസൺ-II കാമ്പയിൻ പീരിയഡിൽ മാർച്ചിൽ 10.77 ശതാമാനം അധിക വൈദ്യുതി ഉപഭോഗമാണ് ഉണ്ടായിരുന്നത്. എന്നാൽ മേയ് മാസത്തിൽ അത് 8.02 ശതമാനമായി കുറയുകയും 9.47 ദശലക്ഷം യൂണിറ്റ് രേഖപ്പെടുത്തുകയും ചെയ്തു.

(സി) ലാഭപ്രഭ 2013 (സീസൺ-I) പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി.എഫ്.എൽ. സൗജന്യമായി നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകൾ അതാത് സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. ലാഭപ്രഭ 2014 (സീസൺ -II) പദ്ധതിയിൽ 193215 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ. വീതം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

**വൈദ്യുത പ്രസരണ മേഖല**

15 (3168) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ

പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിനായി ഏതെല്ലാം സബ് സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത് ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികളുടെ ഭാഗമായി വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുകയും, അനുബന്ധ ലൈനുകൾ നിർമ്മിക്കുകയും ചെയ്തു വരുന്നു. കൂടാതെ നിലവിലുള്ള സിംഗിൾ സർക്യൂട്ട് ലൈനുകൾ ഇരട്ടിപ്പിക്കുക, ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, സബ്സ്റ്റേഷനുകളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക മുതലായ നടപടികളും സ്വീകരിച്ചു വരുന്നു. മേൽപ്പറഞ്ഞ നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് 10 വർഷത്തേക്കുള്ള (2013-2023) ദീർഘകാല പ്രസരണ പദ്ധതി (Long term transmission plan) വൈദ്യുതി ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുബന്ധമായി 2032 വരെ ആവശ്യമായി വന്നേക്കാവുന്ന പദ്ധതികളുടെ പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 39 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. കൂടാതെ 25 സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പൂർത്തിയാക്കിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും, നിർമ്മാണം നടക്കുന്ന സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സൗരോർജ്ജ പദ്ധതികൾ**

16 (3169) <u>ശ്രീ.എ.കെ.ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ സംസ്ഥാനത്ത് നടപ്പാക്കുന്ന സൗരോർജ്ജ പദ്ധതിക്കായി എവിടെയെല്ലാം സ്ഥലം കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;സ്ഥലം കൈമാറുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(ബി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) പദ്ധതി നടപ്പാക്കുന്നതും തുടർപ്രവർത്തനവും വൈദ്യുതി കൈകാര്യം ചെയ്യുന്നതും സംബന്ധിച്ച് സോളാർ കോർപ്പറേഷനും കെ.എസ്.ഇ.ബി.യും തമ്മിലുണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്ഥലം കൈമാറിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ലഭ്യമായതിനുശേഷവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുശേഷവും ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പദ്ധതി സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ IREDA-യുമായും THDCIL-യുമായും സെക്കിയും കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്ന് അമ്പത് മെഗാവാട്ട് വീതം സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെവ്വേറെ ത്രികക്ഷി പ്രാരംഭ കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രാരംഭ കരാർ വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.*

**കെട്ടിട നമ്പർ ലഭിച്ചിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത്**

17 (3170) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നമ്പർ ലഭിച്ചിട്ടില്ലാത്ത ലൈബ്രറി, വായനശാലകൾ, കായിക /സാംസ്കാരിക സംഘടനകൾ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ലഭിക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ലൈബ്രറികൾ, വായനശാലകൾ, കായിക/സാംസ്കാരിക സംഘടനകൾ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക്, സ്ഥാപനം അഞ്ചു വർഷത്തിൽ കൂടുതലായി തുടർച്ചയായി ഇതേ ആവശ്യത്തിനായി ഇതേ പ്രെമിസസ്സിൽ പ്രവർത്തിച്ചു വരികയാണെന്നുള്ള തെളിവ് ഹാജരാക്കുന്നപക്ഷം, കെട്ടിട നമ്പർ ഇല്ലാതെതന്നെ കണക്ഷൻ നൽകുന്നതിന് 12-6-2015-ലെ ജി.ഒ. (ആർറ്റി.)131/15/ഊ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നടപ്പിലാക്കുന്നതിന് 7-7-2015-ൽ വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ലഭിക്കുന്നതിനായി, പ്രസ്തുത സ്ഥാപനങ്ങൾ 'സ്ഥാപനം അഞ്ചു വർഷത്തിൽ കൂടുതലായി തുടർച്ചയായി ഇതേ ആവശ്യത്തിനായി ഇതേ പ്രെമിസസ്സിൽ പ്രവർത്തിച്ചുവരികയാണ് എന്നതിന് വേണ്ടത്ര തെളിവ് സഹിതം ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറെ സമീപിക്കേണ്ടതാണ്.

**സോളാർ പാർക്ക്**

18 (3171) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് ആലോചന നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) ആരുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ അമ്പലത്തറ, കിനന്നൂർ, കരിന്തളം, പൈവേളികൈ, മീഞ്ച എന്നീ വില്ലേജുകളിലാണ് സൗരോർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ട സ്ഥലം കണ്ടെത്തിയിട്ടുള്ളത്. സ്ഥല സർവ്വേ പൂർത്തിയായിക്കഴിഞ്ഞു.

(സി) കേന്ദ്ര പൊതുമേഖല സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും (സെക്കി) കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) സോളാർ പാർക്ക് പദ്ധതി പ്രകാരം ഇരുന്നൂറ് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ നൂറ് മെഗാവാട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വഴിയാണ് നടപ്പിലാക്കുന്നത്. സോളാർ പാർക്ക് സ്കീം പ്രകാരം 100 മെഗാവാട്ട് ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ പദ്ധതിക്കായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 31-3-2015-ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ SECI, IREDA-യും THDCIL-ഉം ആയി (50 മെഗാവാട്ട് വീതം) വെവ്വേറെ രണ്ടു ത്രികക്ഷി പ്രാരംഭ കരാർ ഒപ്പുവച്ചിട്ടുണ്ട്.

**ആദിവാസി കോളനികളുടെ വൈദ്യുതീകരണം**

19 (3172) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി എത്താത്ത ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എന്തെങ്കിലും പദ്ധതി ഇതിനായി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിലുൾപ്പെട്ട കുന്തിപ്പുഴ, തച്ചമ്പാറ, കരിമ്പ എന്നീ പഞ്ചായത്തുകളിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനാവശ്യമായ നിർദ്ദേശം നല്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി എത്താത്ത ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

താഴെ പറയുന്ന ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിനായി എസ്.റ്റി. ഡിപ്പാർട്ടുമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്:

1. ഇടുക്കി-ഒഴുവാനടംകുടി, കലമാൻ കുടി, പ്ലാമല, പട്ടായിറമ്പൻ കുടി, പടിക്കകുടി, പുതുക്കുടി, തലയിറപ്പൻ കുടി, മൈനപ്പാറ, കൊച്ചുകുടക്കൽ - പണി പുരോഗമിക്കുന്നു.

2. തൊടുപുഴ-ഇടമലക്കുടി കോളനി - ജോലി ആരംഭിച്ചിട്ടില്ല.

3. തിരുവനന്തപുരം - മേലേ അമല, താഴേ അമല, പത്തായം വച്ചാപ്പ്, ആയിരംകൽ - ജോലി ആരംഭിച്ചിട്ടില്ല.

എറണാകുളം ജില്ലയിലെ പോങ്ങിൻചുവട്, ഇടുക്കി എന്നീ ആദിവാസി കോളനികളുടെ വൈദ്യുതീകരണം എസ്.റ്റി. ഡിപ്പാർട്ടുമെന്റിന്റെ 9-6-2015-ലെ മീറ്റിംഗിൽ പരിഗണിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ചാവടിപ്പാറ, വരാൾപ്പതി എന്നീ ആദിവാസി കോളനികൾ വനമേഖലയായതിനാൽ കേരളത്തിലെ വൈദ്യുത ഗ്രിഡുമായി ബന്ധിപ്പിക്കാവുന്നവയല്ല. എന്നാൽ തമിഴ്നാട് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്നവയാണ്. അതിനാൽ തമിഴ്നാട്ടിലെ വിതരണ കമ്പനിയായ "ടാൻ ജെഡ്കോ"- യുമായി ബന്ധപ്പെട്ട് ഈ കോളനികൾ വൈദ്യുതീകരിക്കുന്നതിന് നടപടി എടുത്തുവരുന്നു. പാലക്കാട് ജില്ലയിലെ 15 കോളനികളിൽ 531.83 ലക്ഷം രൂപ ചെലവിൽ 131.5 KW സ്ഥാപിത ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനായി ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ 5 കോളനികളിലേക്കുള്ള പദ്ധതി നിർവ്വഹണത്തിനായുള്ള വർക്ക്ഓർഡർ നൽകിയിട്ടുണ്ട്. ഇത് 2015 ഡിസംബറോടുകൂടി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് 10 കോളനികളിലേക്കുള്ള പുനർദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) തച്ചമ്പാറ, കരിമ്പ പഞ്ചായത്തുകളിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് ഡി.ഡി.യു.ജി.ജെ.വൈ. - പദ്ധതിയിൽ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

**സോളാർ ഇൻവെർട്ടർ പ്രോൽസാഹന പദ്ധതി**

20 (3173) <u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

<u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഇൻവെർട്ടറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും വിശദാംശങ്ങളും വ്യക്തമാക്കാമോ ;

(സി) പദ്ധതിയിൻ കീഴിൽ ഉപഭോക്താവ് നൽകേണ്ട തുക എത്രയാണെന്നും സർക്കാരിന്റെ സബ്സിഡി ലഭ്യമാണോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സോളാർ ഇൻവെർട്ടറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനായി 'സൺ ഷിഫ്റ്റ്' എന്നൊരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

(ബി) പീക്ക് ലോഡ് സമയങ്ങളിൽ ആവശ്യത്തിനനുസരിച്ച് വൈദ്യുതി ലഭ്യമല്ലാത്തതിനാൽ, ഈ പ്രശ്നം തരണം ചെയ്യുന്നതിലേക്കായി ചാക്രികമായ ലോഡ്ഷെഡ്ഡിംഗ് നടപ്പിലാക്കാറുണ്ട്. ഉപഭോക്താക്കൾ ഇത് മറികടക്കുന്നതിലേക്കായി ഇൻവെർട്ടറുകൾ ഉപയോഗിക്കുന്നു. ഇത്തരത്തിലുള്ള 15 ലക്ഷത്തിലേറെ ഇൻവെർട്ടറുകൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവ ചാർജ്ജ് ചെയ്യാനായി ശൃംഖലാ ബന്ധിത വൈദ്യുതി തന്നെയാണ് ഉപയോഗിക്കുന്നത്. ഇതുമൂലം ലോഡ്ഷെഡ്ഡിംഗ് കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നില്ല എന്നു മാത്രമല്ല ഈ പ്രവണത, മറ്റു സമയങ്ങളിലും വൈദ്യുതിയുടെ ആവശ്യകത അധികമാക്കുകയും ചെയ്യുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് 'സൺ ഷിഫ്റ്റ്' പദ്ധതിക്ക് തുടക്കമിട്ടത്. ഇതിലൂടെ ഇത്തരം ഇൻവെർട്ടറുകൾ ചാർജ്ജ് ചെയ്യുവാനായി സൂര്യപ്രകാശം ഉപയോഗിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇൻവെർട്ടറുകൾ ചാർജ്ജ് ചെയ്യുവാനായി ശൃംഖലാ ബന്ധിത വൈദ്യുതി ഉപയോഗിക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയാണ് ലക്ഷ്യം.

(സി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് എംപാനൽ ചെയ്തിട്ടുള്ള കമ്പനികളിൽ നിന്നുമാണ് ഉപഭോക്താക്കൾ പ്രസ്തുത സിസ്റ്റം വാങ്ങേണ്ടത്. ഏതു കമ്പനി എന്നതനുസരിച്ച് 37,000 രൂപ മുതൽ 44,000 രൂപ വരെയാണ് സിസ്റ്റത്തിന്റെ വിലയായി ഉപഭോക്താവ് നൽകേണ്ടത്. സോളാർ ഇൻവെർട്ടറുകൾ സ്ഥാപിച്ചശേഷം ആദ്യം അപേക്ഷിക്കുന്ന 2750

ഗുണഭോക്താക്കൾക്ക് ഓരോ സിസ്റ്റത്തിനും 5000 രൂപ വീതം സബ്സിഡി അനെർട്ട് വഴി നൽകുന്നതാണ്.

**വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് നിയമനിർമ്മാണം**

21 (3174) <u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജത്തിന് മുൻതൂക്കം നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമുതകുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾക്കാണ് പ്രസ്തുത നിയമം ബാധകമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന് ഊർജ്ജ സംരക്ഷണത്തിനും ഊർജ്ജ കാര്യക്ഷമതയ്ക്കും മുന്തിയ പരിഗണന നൽകുന്നതിനും ഹരിത വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിനുംവേണ്ടി 2001-ലെ കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം 18-ാം വകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ എസ്.ആർ.ഒ. നമ്പർ 401/2015 ആയി വിജ്ഞാപനം ചെയ്തിട്ടുള്ള 11-6-2015-ലെ ജി.ഒ.(പി)21/2015/ഊ.വ. പ്രകാരം എനർജി കൺസർവേഷൻ (എനർജി കൺസംപ്ഷൻ സ്റ്റാൻഡേർഡ്സ് ഫോർ എക്യൂപ്മെന്റ്സ് ആന്റ് അപ്ളൈയൻസസ് ) ഡയറക്ഷൻസ്, 2015 പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ സൗരോർജ്ജ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണ് കേരളത്തിന്റെ സൗരോർജ്ജ നയം

പ്രഖ്യാപിച്ചിട്ടുള്ളത്. സൗരോർജ്ജ നയത്തിൽ 2017-ഓടെ 50 മെഗാവാട്ടും 2030-ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുത ഉത്പാദനശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിൽ വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവെർട്ടറുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുക, ഉപയോഗ്യമല്ലാത്ത പ്രദേശങ്ങളിലും, കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുക, കെൽട്രോൺ തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങൾ സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി ഉത്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിംഗിനുള്ള വഴികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഊർജ്ജ സംരക്ഷണത്തിനും ഊർജ്ജ കാര്യക്ഷമതയ്ക്കും മുന്തിയ പരിഗണന നൽകുന്നതിനും ഹരിതവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിനുംവേണ്ടി 2001-ലെ കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം 18-ാം വകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള എനർജി കൺസർവേഷൻ (എനർജി കൺസംപ്ഷൻ സ്റ്റാൻഡേർഡ്സ് ഫോർ എക്യുപ്മെന്റ്സ് ആന്റ് അപ്ളൈയൻസസ്) ഡയറക്ഷൻസ്, 2005-ലെ ഖണ്ഡം 3 (എ) (i) പ്രകാരവും, സൗരോർജ്ജ നയപ്രകാരവും 3000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള പുതിയ കെട്ടിടങ്ങൾക്ക് 1 KW സോളാർ പി. വി. പവർ പ്ലാന്റ് സ്ഥാപിക്കേണ്ടതാണ്. ഖണ്ഡം 3 (എ) (ii) പ്രകാരം 2000 ച. അടി മുതൽ 3000 ച. അടി വരെയുള്ള പുതിയ കെട്ടിടങ്ങൾക്ക് സൗരോർജ്ജ പോളിസിയിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ 500 W സോളാർ പി. വി. സിസ്റ്റം നിർബന്ധമാക്കിയിട്ടുണ്ട്. ഖണ്ഡം 3 (എ) (iii) പ്രകാരം 2000 ച. അടി വിസ്തീർണ്ണത്തിന് മുകളിലുള്ള കെട്ടിടങ്ങളിലെ ചൂടുവെള്ളത്തിന്റെ ആവശ്യകത ഏറ്റവും കുറഞ്ഞത് 100 ലിറ്റർ വലിപ്പമുള്ള വാട്ടർ ഹീറ്റർ സ്ഥാപിച്ചുകൊണ്ട് കണ്ടെത്തേണ്ടതാണ്. ഖണ്ഡം 3 (എ) (ബി) പ്രകാരം ഗ്രിഡ് കണക്ടഡ് ഇൻവെർട്ടറുകൾ ഘട്ടംഘട്ടമായി സോളാർ ഫോട്ടോ വോൾട്ടായിക് ചാർജ്ജിലേക്ക് മാറ്റേണ്ടതാണ്. ഖണ്ഡം 3 (സി) പ്രകാരം പുതിയ എല്ലാത്തരം ഇൻവെർട്ടറുകളും സോളാർ ഫോട്ടോ വോൾട്ടായിക് ചാർജ്ജ് ചെയ്യേണ്ടതാണ്.

(സി) 2000 സ്ക്വയർ ഫീറ്റ് അധികം തറവിസ്തീർണ്ണമുള്ള ഗാർഹിക

കെട്ടിടങ്ങളിൽ സൗരോർജ്ജ ഉപയോഗം നിർബന്ധമാക്കാനാണ് ഉദ്ദേശിക്കുന്നത്. 2000 മുതൽ 3000 സ്ക്വയർ ഫീറ്റ് തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കുറഞ്ഞത് 100 ലിറ്റർ സൗരോർജ്ജ വാട്ടർ ഹീറ്ററും, 500 വാട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനവും 3000 സ്ക്വയർ ഫീറ്റിൽ അധികം തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 100 ലിറ്റർ വാട്ടർ ഹീറ്ററും 1000 വാട്ട് സൗരോർജ്ജ വൈദ്യുത സംവിധാനവും നിർബന്ധമാക്കാൻ സൗരോർജ്ജ നയം നിഷ്കർഷിക്കുന്നു.

(ഡി) സൗരോർജ്ജ നയത്തിൽ അതിന്റെ നടത്തിപ്പിനായി ഒരു സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഊർജ്ജ സംരക്ഷണത്തിനും ഊർജ്ജ കാര്യക്ഷമതയ്ക്കും മുന്തിയ പരിഗണന നൽകുന്നതിനും ഹരിതവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിനുംവേണ്ടി 2001-ലെ കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം 18-ാം വകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ എനർജി കൺസർവേഷൻ (എനർജി കൺസംപ്ഷൻ സ്റ്റാൻഡേർഡ്സ് ഫോർ എക്യുപ്മെന്റ്സ് ആന്റ് അപ്ളൈയൻസസ്) ഡയറക്ഷൻസ്, 2015-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സ്വാശ്രയ കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി നിരക്ക്**

22 (3175) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കുടിവെള്ള പദ്ധതികൾക്ക് യൂണിറ്റൊന്നിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി നൽകുന്നതെന്ന് പറയാമോ ;

(ബി) കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്കോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ പദ്ധതികൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പൊതുജനങ്ങളുടെ കൂട്ടായ്മയിൽ നടത്തിവരുന്ന പ്രസ്തുത സ്വാശ്രയ കുടിവെള്ള പദ്ധതികൾക്ക് ഉയർന്ന വൈദ്യുതി നിരക്കാണ് ചുമത്തുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പ്രസ്തുത കുടിവെള്ള പദ്ധതികൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്വാശ്രയ കുടിവെള്ള പദ്ധതികൾക്ക് നിലവിലുള്ള വൈദ്യുതി ചാർജ്ജ്

അനുബന്ധം-1* ആയി കൊടുത്തിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ജലധാര, ജലനിധി, സ്വജലധാര പദ്ധതികൾ പ്രകാരമുള്ള കുടിവെള്ള പദ്ധതികളും MLA, MP-മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കുടിവെള്ള പദ്ധതികൾ, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ നടത്തുന്ന കുടിവെള്ള പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ എന്നിവയ്ക്കുള്ള വൈദ്യുതി (LT VI (E) താരിഫ് പ്രകാരമാണ്. ഈ കുടിവെള്ള പദ്ധതികൾക്ക് ബില്ല് ചെയ്യുന്നത് താഴെ പറയുന്ന പ്രകാരമാണ്.

കുടിവെള്ള പദ്ധതിയുടെ ആകെ വൈദ്യുതി ഉപയോഗം എനർജി മീറ്ററിൽ നിന്ന് കണക്കാക്കിയ ശേഷം, അതിനെ ആകെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ, ഒരു ഗുണഭോക്താവിന്റെ ഉപഭോഗം ലഭ്യമാകും. ഈ ഉപഭോഗത്തിന്റെ വൈദ്യുതി ചാർജ്ജ് നിലവിലുള്ള വൈദ്യുതി നിരക്കിൽ കണക്കാക്കുകയും പ്രസ്തുത ചാർജ്ജിനെ ആകെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിക്കുകയും ചെയ്യുമ്പോൾ കുടിവെള്ള പദ്ധതിയുടെ ആകെ വൈദ്യുതി ചാർജ്ജ് ലഭ്യമാകും. ടി രീതിയിൽ വൈദ്യുതി ചാർജ്ജ് കണക്കാക്കുമ്പോൾ, ഗുണഭോക്താക്കളുടെ ശരാശരി പ്രതിമാസ ഉപഭോഗം 50 യൂണിറ്റിൽ താഴെയാണെങ്കിൽ എനർജി ചാർജ്ജ് 2 രൂപ 80 പൈസ മാത്രമാണ്. ടി താരിഫ് ഗാർഹിക ഉപഭോക്താക്കളുടെ നിരക്കിന് സമാനമാണ്.

(സി) 16-8-2014-ൽ നിലവിൽ വന്ന താരിഫ് പരിഷ്കരണ ഉത്തരവിലൂടെ കുടിവെള്ള പദ്ധതികളുടെ താരിഫ് പരിഷ്കരിച്ച് LTI ഗാർഹിക നിരക്കിലുള്ള താരിഫിൽ നിന്ന് LT VI (E) ജനറലാക്കി മാറ്റിയിട്ടുണ്ട്. നിലവിലെ താരിഫ് പ്രകാരം, മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളിലെ ഒരു ഗുണഭോക്താവിന്റെ ശരാശരി ഉപയോഗം 50 യൂണിറ്റ് വരെയാണെങ്കിൽ, ടി നിരക്കുകൾ നിലവിലെ ഗാർഹിക വൈദ്യുതി നിരക്കുകൾക്ക് സമാനമാണ്. സംസ്ഥാനത്ത് താരിഫ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. പ്രതിമാസം 50 യൂണിറ്റുവരെ വൈദ്യുതി മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളിൽ ഉപയോഗിക്കുന്ന ഗുണഭോക്താവിന്റെ താരിഫ് ഗാർഹിക ഉപഭോക്താവിന്റെ താരിഫിന് സമാനമാകയാൽ, ഇപ്പോഴത്തെ നിരക്ക് കൂടുതലല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്.

**വൈദ്യുതി മോഷണം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

23 (3176) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.യുടെ വരുമാനത്തിന്റെ നല്ലൊരു ശതമാനം വൈദ്യുതി മോഷണംമൂലം നഷ്ടപ്പെടുന്നതിനാൽ വൈദ്യുതി മോഷണം തടയുന്നതിന് കാര്യക്ഷമമായ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

വൈദ്യുതി മോഷണം തടയുന്നതിനായി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. വൈദ്യുതി മോഷണം തടയുന്നതിനായി, ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും, പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്തുവരുന്നു. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം തടയുന്നതിന് സഹായകമായി കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടീമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

വൈദ്യുതി മോഷണം നിയന്ത്രിക്കുന്നതിന് സഹായകമായി നടത്തുന്ന പരിശോധനകളുടെ കൃത്യതയ്ക്കായി പ്രൈമറി കറണ്ട് ഇൻജക്ഷൻ കിറ്റ് എന്ന നൂതന ഉപകരണം വാങ്ങുകയും, എച്ച്.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, എൽ.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ തുടങ്ങിയ നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ എല്ലാമാസവും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും നടത്തിവരുന്നുണ്ട്.

**വൈദ്യുതി വിതരണം നടത്തുന്ന സ്വകാര്യ കമ്പനികൾ**

24 (3177) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണം നടത്തുന്നതിന് എത്ര ലൈസൻസികളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് വൈദ്യുതി വിതരണവും വൈദ്യുതി ഉല്പാദനവും നടത്തുന്ന എത്ര സ്വകാര്യ കമ്പനികളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ കമ്പനികളുടെ വൈദ്യുതി വിതരണംമൂലം ഉണ്ടാകുന്ന പ്രസരണനഷ്ടം എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഈ നഷ്ടം വൈദ്യുതി വകുപ്പിന്റെ പ്രസരണ നഷ്ടവുമായി താരതമ്യപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണം നടത്തുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് പുറമേ താഴെപ്പറയുന്ന 10 ലൈസൻസികൾ ഉണ്ട്:

1. തൃശ്ശൂർ കോർപ്പറേഷൻ
2. കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്
3. കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ അതോറിറ്റി
4. കൊച്ചിൻ പോർട്ട് ട്രസ്റ്റ്
5. കിനസ്കോ പവർ ആന്റ് യൂട്ടിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്
6. ഇലക്ട്രോണിക്സ് ടെക്നോളജി പാർക്സ് - കേരള (ടെക്നോപാർക്ക്)
7. റബർ പാർക്ക് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്
8. ഇൻഫോ പാർക്ക്സ് - കേരള
9. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (സൈബർ പാർക്ക്)
10. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്.

(ബി) ലൈസൻസികളിൽ സ്വകാര്യ കമ്പനിയായ കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് വൈദ്യുതി വിതരണം നടത്തുന്നു. വൈദ്യുതി ഉല്പാദനം നടത്തുന്ന സ്വകാര്യ കമ്പനികളുടെ വിശദാംശങ്ങൾ

അനുബന്ധം-I *ആയി ചേർക്കുന്നു.

(സി) പ്രസരണ വിതരണ നഷ്ടമായി 2014-15 വർഷത്തേക്ക് റഗുലേറ്ററി കമ്മീഷൻ നിജപ്പെടുത്തിയത്.

കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് 12%

(ഡി) വൈദ്യുതി ബോർഡിന്റെ 2013-14 വർഷത്തിലെ യഥാർത്ഥ പ്രസരണ വിതരണ നഷ്ടം 14.96 ശതമാനമാണ്. ഇതിൽ 4.5% പ്രസരണ നഷ്ടംകൂടി ഉൾക്കൊള്ളുന്നതാണ്. 2014-15-ലെ പ്രസരണ വിതരണ നഷ്ടം 14.5% ആണ്.

**അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി**

25 (3178) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതിയിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധ്യമാണോ; വർഷം മുഴുവൻ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമോ;

(ബി) നിലവിൽ പദ്ധതി ഏറ്റെടുത്തിരിക്കുന്നത് ഏത് സ്ഥാപനമാണ് ;

(സി) പദ്ധതി നടപ്പിലാക്കാനാവശ്യമായ ഭൂമി ലഭ്യമാണോ ;

(ഡി) നിലവിലുള്ള പദ്ധതി നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ മേഖലയിൽ BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന് (CIAL) അനുവദിച്ചിട്ടുള്ള അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി സംരംഭകർ നൽകിയ വിശദമായ രൂപരേഖ (TEFR) Technical Committee പരിശോധിച്ചുവരികയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷംതന്നെ തുടങ്ങുന്നതാണ്. 4.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതിയിൽ നിന്ന് വർഷത്തിൽ 14.7 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ചെറിയ തടയണ ഉപയോഗിച്ചിട്ടുള്ള റൺ ഓഫ് റിവർ പദ്ധതിയായതിനാൽ മഴക്കാലത്തു മാത്രമേ വൈദ്യുതി ഉല്പാദനം നടക്കുകയുള്ളൂ.

(ബി) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (CIAL)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സബ്സിഡിയറി കമ്പനിയായ സിയാൽ ഇൻഫ്രാസ്ട്രക്ചർ കമ്പനിയാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്.

(സി) പദ്ധതിക്കാവശ്യമായ ഭൂമിയുടെ 80 ശതമാനത്തോളം സിയാൽ കമ്പനി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി സ്ഥലം ഏറ്റെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) 4.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതിയിൽ നിന്ന് വർഷത്തിൽ 14.7 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഉല്പാദിപ്പിക്കുന്ന വൈദ്യുതി കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന യൂണിറ്റ് റേറ്റിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതാണ്. പദ്ധതി 30 വർഷത്തേക്ക് BOOT അടിസ്ഥാനത്തിലാണ് അനുവദിച്ചിരിക്കുന്നത്. 30 വർഷത്തിനുശേഷം സർക്കാരിലേക്ക് പദ്ധതി തിരിച്ചു നൽകേണ്ടതാണ്.

### വൈദ്യുതി ചാർജ്ജ്

26 (3179) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

### വൈദ്യുതി ബോർഡിലെ നിയമനം

27 (3180) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;എങ്കിൽ ഒഴിവുകളിലേയ്ക്ക് ഏത് രീതിയിൽ നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന്

വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബോർഡിന്റെ പ്രസരണമേഖലയിൽ സ്ഥിരം ജീവനക്കാരെ ഒഴിവാക്കാനും പകരം കരാർ നിയമനം നടത്താനും ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) അതീവ സുരക്ഷയും ജാഗ്രതയും ആവശ്യമുള്ള സബ് സ്റ്റേഷനുകളിൽ സ്ഥിരം ജീവനക്കാരെ ഒഴിവാക്കി മുൻപരിചയമില്ലാത്ത ജീവനക്കാരെ നിയമിക്കുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ;

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുകയും കരാർ നിയമനങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നകാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാ ക്വാട്ടകളിലുമായി നിലവിൽ 250 ഒഴിവുകളുണ്ട്. 40% ക്വാട്ടയിലെ ഒഴിവുകൾ പി.എസ്.സി. വഴി നേരിട്ടും, 10% ക്വാട്ടയിലെ ഒഴിവുകൾ യോഗ്യരായ ബോർഡ് ജീവനക്കാരിൽ നിന്നും പി.എസ്.സി. വഴിയും, 30% ക്വാട്ടയിലെ ഒഴിവുകൾ ഡിപ്ലോമ യോഗ്യതയുള്ള സബ് എഞ്ചിനീയർമാരിൽ നിന്നും പ്രൊമോഷനിലൂടെയും, 20% ക്വാട്ടയിലെ ഒഴിവുകൾ ഐ.റ്റി.ഐ. സർട്ടിഫിക്കറ്റുള്ള സബ് എഞ്ചിനീയർമാരിൽ നിന്നും പ്രൊമോഷനിലൂടെയും നികത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇത്തരത്തിൽ തീരുമാനമെടുത്തിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാണ് നടത്തുന്നത്. സ്ഥിരം തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. ഫീൽഡ് തലത്തിൽ അടിയന്തര സ്വഭാവമുള്ള ജോലികൾക്ക് പുറം കരാർ നൽകാറുണ്ട്.

**വൈദ്യുതി വകുപ്പിലെ കരാർ ജീവനക്കാർ**

28 (3181) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി വൈദ്യുതി വകുപ്പിൽ പണിയെടുക്കുന്ന കരാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ബോർഡും സർക്കാരും സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഈ വിഭാഗത്തിൽ സംസ്ഥാനത്ത് എത്ര ജീവനക്കാർ പണിയെടുക്കുന്നു എന്നറിയിക്കാമോ. ഇവരെ ബോർഡിൽ സ്ഥിരം തൊഴിലാളികളായി നിയമിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) പുതിയ കോടതി വിധികളുടെ അടിസ്ഥാനത്തിൽ കരാർ ജീവനക്കാരെ വൈദ്യുതി വകുപ്പ് ഏറ്റെടുക്കുന്ന കാര്യം ഏത് ഘട്ടം വരെയായി എന്നറിയിക്കാമോ ?

ഉത്തരം

(എ) 3-4-2004-ലെ ബോർഡ് ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ/ടെണ്ടർ സമർപ്പിക്കുന്ന കരാറുകാർക്ക് വൈദ്യുതി ബോർഡ് ലിമിറ്റഡ് കരാർ അടിസ്ഥാനത്തിൽ വർക്ക് ഓർഡർ/കോൺട്രാക്ട് ഓഫ് എഗ്രിമെന്റിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ ജോലികൾ അനുവദിച്ചു വരുന്നു. കരാർ പ്രകാരമുള്ള വ്യത്യസ്ത ജോലികൾ ചെയ്യുന്നതിനുള്ള വേതനം കണക്കാക്കുന്നതിലേക്കായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള PWD Schedule of Rates-ലെ മാനദണ്ഡങ്ങൾ പാലിച്ചുവരുന്നു. അടിയന്തര ഘട്ടങ്ങളിൽ വൈദ്യുതി താമസംവിനാ പുനഃസ്ഥാപിക്കുന്നതിലേക്കായി Tear off slip/employment slip മുതലായവ നൽകി ജോലിക്ക് ചുമതലപ്പെടുത്തുന്ന രീതിയും അവലംബിച്ചു വരുന്നു.

(ബി) ഏകദേശം 2000-ത്തോളം ജീവനക്കാർ സംസ്ഥാനമൊട്ടാകെ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നതായി കണക്കാക്കിയിട്ടുണ്ട്. ഒരു പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ കെ.എസ്.ആർ., കെ.എസ്.എസ്.ആർ. എന്നീ നിയമ വ്യവസ്ഥകൾ ബാധകമായതിനാലും, നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാണ് നടത്തുന്നത് എന്നതിനാലും നിലവിലുള്ള നിയമപ്രകാരം കരാർ ജീവനക്കാർക്ക് സ്ഥിര നിമയനം നൽകുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സി) 2004-ലെ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയും ബഹുമാനപ്പെട്ട ഹൈക്കോടതി, സുപ്രീംകോടതി വിധികളുടെയും അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ/അഡീഷണൽ ലേബർ കമ്മീഷണർ 1001 കരാർ ജീവനക്കാർ ഉൾപ്പെടുന്ന ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ അടിസ്ഥാനത്തിൽ 763 കരാർ

തൊഴിലാളികളുടെ അഡീഷണൽ ലിസ്റ്റ് ഡെപ്യൂട്ടി ലേബർ കമ്മീഷണർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിനുശേഷം ലഭ്യമായിട്ടുള്ള 1700-ഓളം അപ്പീൽ അപേക്ഷയിന്മേൽ അഡീഷണൽ ലേബർ കമ്മീഷണർ കൂടിക്കാഴ്ച നടത്തി അർഹരായവരെ കണ്ടെത്തി ലിസ്റ്റ് സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു.

**വടക്കൻ ജില്ലകളിലെ വോൾട്ടേജ് ക്ഷാമം**

29 (3182) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ ജില്ലകളിലെ ഉൾനാടൻ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കാലവർഷത്തിന് മുന്നോടിയായി നടത്തിവരുന്ന മെയിന്റനൻസ് പ്രവൃത്തികൾ കാര്യക്ഷമമായി നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ വകുപ്പിനു കീഴിൽ പ്രായോഗിക നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ടോ;

(സി) വൈദ്യുതി വിതരണത്തിന് പരമാവധി കൃത്യതയും, പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും മേൽപ്പറഞ്ഞ പ്രവൃത്തികൾ അനിവാര്യമാണെന്ന് മനസ്സിലാക്കി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഈ മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 885 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുകയും 1630 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 956.18 കി. മീ. എൽ.റ്റി. ലൈനുകൾ ത്രീ ഫേസ് ലൈനാക്കി മാറ്റിസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 1066 കി. മീ. എച്ച്.റ്റി. ലൈൻ നിർമ്മിക്കാനും 1617 ട്രാൻസ്ഫോർമർ സ്ഥാപിക്കാനും 1339 കി.മീ. എൽ.റ്റി. സിംഗിൾഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റിസ്ഥാപിക്കാനും ലക്ഷ്യമിട്ടിട്ടുള്ളതിൽ ഇതുവരെ 87.22 കി. മീ. 11 കെ. വി. ലൈൻ നിർമ്മിക്കുകയും 232 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 151.96 കി. മീ. എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വൈദ്യുതി നിരക്കുകൾ**

30 (3183) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ എൽ.ടി I(എ ) എൽ.ടി I(ബി), എൽ.ടി.II, എൽ.ടി III/ IV/V/ VI/ VI ബി/ VI സി / VI ഡി/എൽ.ടി VII (എ)/VII ബി/VII സി, എൽ.ടിVIII,/എൽ.ടിIX,/എൽ.ടി X, ഹൈടെൻഷൻ, /എക്സ്ട്രാ ഹൈടെൻഷൻ , എച്ച്.ടി I എച്ച്.ടി II , എച്ച്.ടി III , എച്ച്.ടി IV, ഇ.എച്ച്.ടി. വിഭാഗം റയിൽ ട്രാക്ഷൻ, മറ്റ് ബൾക്ക് ഉപഭോക്താക്കൾ, ലൈസൻസികൾ എന്നിവയുടെ വൈദ്യുതി നിരക്കുകൾ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ വിഭാഗത്തിലും ഈ സർക്കാർ എത്ര തവണകളായി എത്ര തുകയുടെ വർദ്ധനവ് വരുത്തിയെന്നും ഏതെങ്കിലും വിഭാഗങ്ങൾക്ക് കുറവ് വരുത്തിയോയെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ ഇവയ്ക്കുള്ള വൈദ്യുതി നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ?

**ഉത്തരം**

(എ-സി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്നു പ്രാവശ്യമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. 1-7-2012 മുതലും, 1-5-2013 മുതലും 16-8-2014 മുതലും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിരുന്നു. ഓരോ വിഭാഗം ഉപഭോക്താക്കളുടെ കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോഴുള്ള ചാർജ്ജും, തുടർന്നുള്ള നിരക്കുകളും, അതിൻപ്രകാരമുള്ള വർദ്ധനവും, നിലവിലുള്ള നിരക്കും അനുബന്ധമായി കൊടുത്തിരിക്കുന്നു.*

**വൈദ്യുതി വിതരണത്തിന് അണ്ടർഗ്രൗണ്ട് കേബിളുകൾ**

31 (3184) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ കുറയ്ക്കുന്നതിന് അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണ് ;വ്യക്തമാക്കാമോ?

ഉത്തരം

(എ) വിതരണ മേഖല ശക്തിപ്പെടുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വൈദ്യുതി ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കിവരുന്ന പദ്ധതിയായ പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP)-യിൽ ഉൾപ്പെട്ടിട്ടുള്ള 11 KV ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) RAPDRP-യിൽ ഉൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഭൂഗർഭ കേബിൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ കോഴിക്കോട് കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളും, കുന്ദമംഗലം, കക്കോടി, രാമനാട്ടുകര, ഫറോക്ക്, കടലുണ്ടി, ബേപ്പൂർ, പെരുമണ്ണ, പന്തീരങ്കാവ് എന്നീ സ്ഥലങ്ങളിലും പുതിയ കേബിളുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

**വൈദ്യുതി ഉല്പാദനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ**

32 (3185) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബഡ്ജറ്റുകളിലും വൈദ്യുതി ഉല്പാദനത്തിനായി പ്രഖ്യാപിച്ച പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയുടെ അധിക ഉല്പാദനമാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) പ്രസ്തുത ഉല്പാദനലക്ഷ്യം കൈവരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബഡ്ജറ്റുകളിലും (2011-12 മുതൽ 2015-16 വരെ) വൈദ്യുത ഉല്പാദനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ അനുബന്ധം-I *ആയി ചേർത്തിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികളിൽ 39.41 മെഗാവാട്ടിന്റെ ശേഷി വർദ്ധപ്പിക്കുവാൻ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സാധിച്ചു (അനുബന്ധം-2)*. കൂടാതെ ഈ വർഷവും അടുത്ത വർഷവുമായി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന 187.6 മെഗാവാട്ടിന്റെ 12 പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിക്കുകയാണ് (അനുബന്ധം-3)*. കാറ്റിൽ നിന്നുള്ള പദ്ധതികളിൽ സ്വകാര്യ സംരംഭകരായ INOX-ലൂടെ കഞ്ചിക്കോട് നടപ്പിലാക്കുന്ന 22 മെഗാവാട്ടിന്റെ പദ്ധതിക്ക് അനെർട്ട് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അഗളിയിൽ 82 മെഗാവാട്ടിന്റെ പദ്ധതി സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷനു (NHPC) -മായി സംസ്ഥാന സർക്കാർ 6-1-2014-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിയ്ക്കുള്ള പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് എൻ.എച്ച്.പി.സി. തയ്യാറാക്കി വരുന്നു. രാമക്കൽ മേട്ടിൽ NTPC-യുമായി ചേർന്ന് സ്ഥാപിക്കാനുദ്ദേശിച്ച 200 മെഗാവാട്ടിന്റെ പദ്ധതിയിൽ നിന്നും NTPC പിൻമാറി. എന്നാൽ സ്വകാര്യ സംരംഭകർ ഈ പ്രദേശത്ത് നിരവധി നിക്ഷേപ നിർദ്ദേശങ്ങൾ വച്ചിട്ടുള്ളത് പരിശോധനയിലാണ്. സർക്കാർ പ്രഖ്യാപിച്ച വിവിധ സൗരോർജ്ജ പദ്ധതികളിൽ 1 മെഗാവാട്ടിന്റെ പദ്ധതി കഞ്ചിക്കോട്ട് പുരോഗമിക്കുന്നു. ഈ പദ്ധതി ആഗസ്റ്റ് മാസം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ SECI മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചീമേനി (1200 മെഗാവാട്ട് ), NTPC (കായംകുളം 1050 മെഗാവാട്ട്), പുതുവൈപ്പിനിലെ പെട്രോനെറ്റ് (1200 മെഗാവാട്ട്), ബ്രഹ്മപുരം (400 മെഗാവാട്ട്) എന്നിവയാണ് പ്രഖ്യാപിക്കപ്പെട്ടിരുന്ന പ്രകൃതി വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾ. ഇറക്കുമതി ചെയ്യേണ്ടുന്ന അന്താരാഷ്ട്ര പ്രകൃതിവാതകത്തിന്റെ വില ക്രൂഡ് പെട്രോളിന്റെ വിലയും, ഡോളർ നിരക്കിലെ വ്യത്യാസവുമായും ബന്ധപ്പെട്ടിരിക്കുന്നതിനാൽ വില വർദ്ധനവ് കൃത്യമായി പ്രവചിക്കാനാവില്ല. വിലയിൽ സ്ഥിരത പ്രതീക്ഷിക്കുന്ന ആഭ്യന്തര പ്രകൃതി വാതകം ഉത്പാദനത്തിലെ ഇടിവ് കാരണം ലഭ്യമല്ലാത്ത സാഹചര്യമുണ്ട്. ഇക്കാരണങ്ങളാൽ പ്രകൃതി വാതകാധിഷ്ഠിത പദ്ധതികൾ രാജ്യമൊട്ടാകെ നിർമ്മാണ മാന്ദ്യത്തിലാണ്. കൂടാതെ NTPC കായംകുളം, ചീമേനി എന്നീ പദ്ധതികൾക്ക് വാതക പൈപ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തരപ്രകൃതി വാതകത്തിന്റെ ലഭ്യതയും പൈപ്പ് ലൈനിന്റെ പൂർത്തീകരണവും ഉറപ്പാക്കുന്നതോടുകൂടി മാത്രമേ വാതകാധിഷ്ഠിത പദ്ധതികൾക്ക് ഉണർവ് ഉണ്ടാകൂ. പെറ്റ്കോക്ക് ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതി (500 - 600) മെഗാവാട്ട് നടപ്പിലാക്കാൻ FACT-യുടെ കൈവശമുള്ള 150 ഏക്കർ ഭൂമിയാണ് യോഗ്യമായി കണ്ടെത്തിയിട്ടുള്ളത്. സർക്കാർ FACT-ക്ക് നൽകിയ സ്ഥലം തിരികെ എടുക്കുന്നതിന് പ്രാരംഭമായി FACT-ന്റെ കൈവശ ഭൂമിയിന്മേൽ അവർക്ക് ഫ്രീ ഹോൾഡ് നൽകിക്കൊണ്ട് 7-5-2015-ൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഒറീസ്സയിലെ ബൈതരണി കോൾ ബ്ലോക്ക് അനുവദിച്ചത് 2012-ൽ കേന്ദ്ര സർക്കാർ ഡി അലോക്കേറ്റ് ചെയ്തതിനാൽ പ്രസ്തുത കൽക്കരി ഉപയോഗിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്ന വൈദ്യുത പദ്ധതി നടപ്പാക്കാനായിട്ടില്ല. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ കൽക്കരിപ്പാടം അനുവദിക്കൽ നയം അനുസരിച്ച് ബൈതരണി ഉൾപ്പെടെ ഒറീസ്സയിലെ മൂന്ന് കൽക്കരിപ്പാടങ്ങൾക്ക് അപേക്ഷ സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന കൽക്കരി ഉപയോഗിച്ച് ഒരു വൈദ്യുതി നിലയം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതുണ്ട്.

**വൈദ്യുതി കമ്പി പൊട്ടിവീഴുന്നതുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ**

33 (3186) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മേയ്, ജൂൺ മാസങ്ങളിൽ ശക്തമായ കാറ്റിലും മഴയിലും വൈദ്യുതി കമ്പി പൊട്ടിവീണ് എത്ര അപകടങ്ങൾ കാസർഗോഡ് ജില്ലയിൽ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അപകടം പറ്റിയവർക്കും കെ. എസ്. ഇ. ബി. എന്തെങ്കിലും സഹായം നൽകാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്താത്തതാണ് അപകടം കൂടാൻ കാരണമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒരു അപകടം ഉണ്ടാകുകയും ഒരാൾ മരിക്കുകയും ചെയ്തു. വൊർക്കാടി സെക്ഷന്റെ പരിധിയിൽ 23/06/2015-ൽ ഉണ്ടായ പ്രസ്തുത അപകടത്തിൽ സുജിത്

കുമാർ എന്ന വ്യക്തിയാണ് മരിച്ചത്.

(ബി) വൈദ്യുതാപകടങ്ങളിൽപ്പെട്ട് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 5 ലക്ഷം രൂപയും അപകടത്തിൽപ്പെടുന്നവർക്ക് അപകടത്തിന്റെ ഫലമായി സംഭവിച്ച സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരമാവധി ₹ 5,00,000 രൂപ) അനുവദിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

**വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനായി നടപ്പിലാക്കിയ പദ്ധതികൾ**

34 (3187) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ എത്ര വൈദ്യുതിയാണ് ലാഭിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കരുനാഗപ്പള്ളിയിൽ അനുവദിച്ച അഞ്ചുകോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി വിതരണ രംഗം ആധുനികവത്കരിച്ച് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം കുറയ്ക്കാനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP). ഇതുകൂടാതെ, പ്രസരണ-വിതരണ-വാണിജ്യ നഷ്ടം കുറയ്ക്കാനായി Kerala State Electricity Board Limited ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സാങ്കേതിക നഷ്ടങ്ങൾ കുറയ്ക്കുന്നതിലേക്കായി വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് എന്നീ പദ്ധതികൾ വഴി വിതരണ മേഖലയിൽ സംസ്ഥാനത്തൊട്ടാകെ 7950 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുകയും, 14034 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 10776 കി. മീ. സിംഗിൾ ഫേസ്

ലൈൻ, ത്രീ ഫേസ് ലൈനായി ഉയർത്തുകയും, 41431 കി.മീ. പഴയ ലൈനുകൾ മാറ്റി പകരം കാര്യക്ഷമതയുള്ള പുതിയ ലൈനുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 39 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. കൂടാതെ 25 സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2011-ൽ പ്രസരണ-വിതരണ നഷ്ടം 16.09% ആയിരുന്നത് 2015-ൽ 14.65% ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) KPIS പദ്ധതി കരുനാഗപ്പള്ളി പട്ടണത്തിൽ പുരോഗമിച്ചു വരുന്നു. ഇതിൻപ്രകാരം നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. 3 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു.
2. ABC ഉപയോഗിച്ച് പഴകിയ 11 KV ലൈൻ മാറ്റി പുതിയ 22 KM ലൈൻ വലിച്ചു.
3. 4 KM 11 KV ABC സ്ഥാപിച്ചു.
4. 3 KV ത്രീ ഫേസ് ലൈൻ സ്ഥാപിച്ചു.
5. കരുനാഗപ്പള്ളി 110 KV സബ് സ്റ്റേഷനിൽ പുതിയ VCB സ്ഥാപിക്കൽ
6. 70 എണ്ണം 11 KV AB സ്വിച്ച് സ്ഥാപിക്കൽ.

കരുനാഗപ്പള്ളിയിൽ അനുവദിച്ച 5 കോടി രൂപയുടെ പദ്ധതി പ്രകാരം കരുനാഗപ്പള്ളി സബ്സ്റ്റേഷനിൽ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും കരുനാഗപ്പള്ളി സൗത്ത് സെക്ഷനു കീഴിലുള്ള കരുനാഗപ്പള്ളി ടൗൺ ഏരിയയിലേക്ക് രണ്ടാമതൊരു 11 കെ.വി. ഫീഡർ വലിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്.

**കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം**

35 (3188) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെല്ലാം കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്;

(ബി) അതിനായി കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങൾ നല്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ആകെ എത്ര മെഗാവാട്ട് വൈദ്യുതി നിലവിൽ ഉല്പാദിപ്പിക്കുന്നുണ്ട്;

(ഡി) കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, അഗളി, അട്ടപ്പാടി എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിലും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് സഹായങ്ങളൊന്നും ലഭിക്കുന്നില്ല.

(സി) നിലവിൽ കേരളത്തിൽ 34.875 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉത്പാദിപ്പിക്കുന്നുണ്ട്.

(ഡി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

### വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

36 (3189) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ കൊല്ലം ജില്ലയിൽ നിന്ന് പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണ്; ഏതെല്ലാം സ്ഥാപനങ്ങൾ എത്ര തുക വീതമാണ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കൊല്ലം ജില്ലയിലെ കൊട്ടാരക്കര, കൊല്ലം ഇലക്ട്രിക്കൽ സർക്കിളുകളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിധിയിൽ വരുന്ന എച്ച്.റ്റി/ഇ.എച്ച്.റ്റി. വിഭാഗത്തിൽ വരുന്ന ഉപഭോക്താക്കളിൽ നിന്നും 31-3-2015-ലെ ത്രൈമാസ കണക്കുപ്രകാരം 37.58 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഈ തുകയിൽ 4.29 കോടി രൂപ വ്യവഹാരങ്ങളിൽ ഉൾപ്പെട്ടതാണ്. ടി വിഭാഗത്തിൽ ഓരോ സ്ഥാപനങ്ങളും അടയ്ക്കേണ്ട തുക പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.* വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ കൊല്ലം ജില്ലയിൽ നിന്നും എൽ.റ്റി. വിഭാഗത്തിൽ 4616.06 ലക്ഷം രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. ഈ വിഭാഗത്തിൽ കൂടുതൽ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ പേരും തുകയും ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | കുടിശ്ശിക തുക (ലക്ഷത്തിൽ) |
|---|---|
| കൃഷി വകുപ്പ് | 3.04 |
| ബി.എസ്.എൻ.എൽ. | 6.63 |
| വനം വകുപ്പ് | 4.00 |
| ആരോഗ്യ വകുപ്പ് | 5.59 |
| കല്ലട ഇറിഗേഷൻ പ്രോജക്ട്സ് | 74.46 |
| കേരള വാട്ടർ അതോറിറ്റി | 2907.96 |
| പോലീസ് വകുപ്പ് | 129.52 |
| പബ്ലിക് ലൈറ്റ്/സ്ട്രീറ്റ് ലൈറ്റ് | 9.77 |
| സുനാമി (റവന്യൂ) | 66.09 |
| എം.റ്റി. പ്ലാസ്റ്റിക്, കുണ്ടറ | 5.44 |
| കുഴിയം കയർ സൊസൈറ്റി | 2.42 |
| എം.ജി.എം. സ്കൂൾ, മൈലം | 9.68 |
| ശബരിഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് | 6.60 |
| ഭാരതി ടെലി വെൻച്വർ | 4.98 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| റീഗൽ ടൈൽ വർക്സ് | 4.53 |
| പഞ്ചമി എക്സ്പോർട്ട്സ് | 4.47 |
| ക്വാർട്ട്സ്, പരവൂർ | 3.80 |
| ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 6.92 |

**ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന**

37 (3190) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പ്രകാരം കോഴിക്കാട് ജില്ലയിൽ നടക്കുന്ന പ്രവൃത്തികൾ ഏതെല്ലാം;

(ബി) ഡോക്യുമെന്റ് നോഡൽ ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ. ഇ. സി.) ഏതെല്ലാം പദ്ധതികളുടെ നീഡ് അസസ്സ്മെന്റ് സമർപ്പിച്ചിട്ടുണ്ട്; ഏതെല്ലാം പദ്ധതികളുടെ ഡി.പി.ആർ. തയ്യാറായി എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പ്രകാരം കോഴിക്കോട് ജില്ലയിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച്, ലൈൻ വലിച്ച് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് (ബി.പി.എൽ.) വൈദ്യുതി കണക്ഷൻ നൽകുന്നതിനും കേടായ മീറ്ററുകൾ മാറ്റുന്നതിനും നിലവിലുള്ള സബ്സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള പദ്ധതികൾ നീഡ് അസസ്സ്മെന്റിൽ ഉൾപ്പെടുത്തി ആർ.ഇ.സി.-ക്ക് നൽകിയിരുന്നു. ഇവയെല്ലാം ഉൾപ്പെടുന്ന ഡി.പി.ആർ. തയ്യാറാക്കി, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് സമർപ്പിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

**വൈപ്പിൻ മണ്ഡലത്തിലെ സെക്ഷൻ ഓഫീസുകൾ**

38 (3191) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള സെക്ഷൻ ഓഫീസുകൾ

ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സെക്ഷന്റെയും പരിധിയിൽ എത്ര ഉപഭോക്താക്കൾ ഉണ്ട്;

(സി) ഓരോ സെക്ഷനിലും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

(ഡി) ഏഷ്യയിലെതന്നെ ജനസാന്ദ്രതയേറിയതും കായൽ, തോടുകൾ എന്നിവ ഏറെയുള്ളതിനാൽ ദുർഘടവുമായ വൈപ്പിനിൽ മികച്ച സേവനം നൽകുന്നതിന് നിലവിലുള്ള സെക്ഷൻ ഓഫീസുകൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം കണക്കിലെടുത്ത് വൈപ്പിൻ മണ്ഡലത്തിൽ പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ചെറായി, വൈപ്പിൻ, ഞാറക്കൽ എന്നീ സെക്ഷൻ ഓഫീസുകളാണ് നിലവിലുള്ളത്.

(ബി) ചെറായി സെക്ഷനു കീഴിൽ 18699 ഉപഭോക്താക്കളും വൈപ്പിൻ സെക്ഷനു കീഴിൽ 22873 ഉപഭോക്താക്കളും ഞാറക്കൽ സെക്ഷനു കീഴിൽ 22673 ഉപഭോക്താക്കളുമാണുള്ളത്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ച.കി.മീ.), അഥവാ 20000 ഉപഭോക്താക്കൾ/100 ച.കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ജലവൈദ്യുത പദ്ധതികളുടെ നേട്ടങ്ങൾ**

39 (3192) <u>ശ്രീ. സി. മോയിൻകുട്ടി</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദമാക്കുമോ;

(ബി) സ്ഥാപിതശേഷിയിൽ ഉണ്ടായ വർദ്ധന എത്രയാണ്;

(സി) ഇനിയും ഉപയോഗപ്പെടുത്താനാവുംവിധമുള്ള ജലവിഭവശേഷി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 15.25 MW വൈദ്യുതി ശൃംഖലയിലേക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്. കൂടാതെ, പുനരുദ്ധാരണ നവീകരണ പ്രവർത്തനം വഴി 9 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ, 63.6 MW-ന്റെ 6 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ഈ കാലഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ 80.7 MW-ന്റെ 9 പദ്ധതികൾക്ക് സർക്കാർ ഭരണാനുമതിയും 146.2 MW-ന്റെ 10 പദ്ധതികൾക്ക് ബോർഡ് ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ, 22 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നത് പുരോഗമിക്കുന്നു. ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 107.5 MW-ന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സ്വകാര്യപങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നയരേഖ ആവിഷ്കരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്ക് പദ്ധതികൾ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതികൾ വഴി ആകെ 24.25 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സ്വകാര്യ മേഖലയിൽ 10.5 മെഗാവാട്ട് ശേഷിയുള്ള കാരിക്കയം ജലവൈദ്യുത പദ്ധതി, 3 മെഗാവാട്ടിന്റെ മീൻവല്ലം ജലവൈദ്യുത പദ്ധതി, 0.11 മെഗാവാട്ട് പാമ്പുക്കയം പദ്ധതി, 1.5 മെഗാവാട്ട് ഇരുട്ടുക്കാനം പദ്ധതി, 0.05 മെഗാവാട്ടിന്റെ കല്ലാർ പദ്ധതി എന്നിവ കമ്മിഷൻ ചെയ്തു. 50 കിലോവാട്ടിന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി, 110 കിലോവാട്ടിന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതിയും പുതുക്കി ഗ്രിഡുമായി കണക്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ 53 പീക്കോ ജലവൈദ്യുത പദ്ധതികൾ (1kw) കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ (CFA) കമ്മിഷൻ ചെയ്തിട്ടുണ്ട്.

(സി) കേരളത്തിന്റെ മൊത്തം ജലവിഭവശേഷി കണക്കാക്കിയിട്ടുള്ള ഉദ്ദേശം 4333 MW-ൽ ഇപ്പോൾ നിലവിൽ 2076 MW ഉല്പാദനശേഷി കൈവരിച്ചിട്ടുണ്ട്. 185 MW-ന്റെ 11 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ള 2072 MW ഇനിയും ഉപയോഗപ്പെടുത്താനാവുംവിധം ഉള്ളതാണ്. ഇതിൽ 1200 MW ശേഷി വരുന്ന വിവിധ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കലും ഇൻവെസ്റ്റിഗേഷനും പുരോഗമിക്കുന്നു.

**ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി**

40 (3193) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജലവൈദ്യുത പദ്ധതികളിൽ നിന്നും പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ വിവിധ അണക്കെട്ടുകളിൽ എത്ര വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ജലം സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ കാലയളവിൽ കഴിഞ്ഞ വർഷത്തെ സംഭരണവും ഉല്പാദനശേഷിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) പീക്ക് സമയത്ത് പ്രതിദിനം ശരാശരി 1600 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. വിവിധ ജലവൈദ്യുത പദ്ധതികളിൽ നിന്നും 2014-15 വർഷത്തിൽ 7279.63 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്.

(ബി) 8-7-2015-ലെ കണക്കുപ്രകാരം 1686.72 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ജലമാണ് സംഭരണികളിൽ നിലവിലുള്ളത്. കഴിഞ്ഞ വർഷം ഇത് 653.52 ദശലക്ഷം യൂണിറ്റായിരുന്നു.

**വൈദ്യുതി പോസ്റ്റുകളിലൂടെ കേബിളുകൾ**

41 (3194) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡിന്റെ വൈദ്യുതി പോസ്റ്റുകളിലൂടെ അലക്ഷ്യമായി മറ്റു സ്ഥാപനങ്ങളുടെ കേബിളുകൾ വലിക്കുന്നതുമൂലം ബോർഡിലെ ഫീൽഡ്

ജീവനക്കാർക്ക് ജോലി ചെയ്യുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

ബോർഡിന്റെ ഉത്തരവുപ്രകാരം അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങൾ അനുസരിച്ചു മാത്രമേ വൈദ്യുതി പോസ്റ്റുകളിലൂടെ കേബിളുകൾ വലിക്കുവാൻ അനുവാദം നൽകാറുള്ളൂ. കെ.എസ്.ഇ.ബി. ലിമിറ്റഡുമായി കരാറിൽ ഏർപ്പെടാത്ത കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ കേബിളുകൾ പോസ്റ്റിൽ നിന്നും അഴിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**അനെർട്ട് വഴിയുള്ള സേവനങ്ങൾ**

42 (3195) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാരമ്പര്യേതര മാർഗ്ഗങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് എത്ര പേർക്ക് അനെർട്ടിൽ നിന്നും സേവനം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ;

(സി) സൗരോർജ്ജ വിളക്കുകൾ, സൗരറാന്തൽ, സൗരോർജ്ജ തെരുവ് വിളക്കുകൾ, സൗരോർജ്ജ പ്ലാന്റുകൾ അടക്കമുള്ള എത്ര ഉപകരണങ്ങൾ ഈ കാലയളവിൽ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ ഓരോ ഉപകരണത്തിനും വാങ്ങുന്ന വിലയും സബ്സിഡിയും എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിൽ അനെർട്ട് വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാരമ്പര്യേതര ഊർജ്ജ മേഖലയിൽ അനെർട്ട് നടപ്പിലാക്കിവരുന്ന 10,000 റൂഫ് ടോപ്പ് സോളാർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി വഴി സംസ്ഥാനത്തിലുടനീളം 7100 ഓളം 1 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുകയും അതിൽ അനെർട്ടിന്റെ സാങ്കേതിക പരിശോധനയ്ക്കുശേഷം 5615 സൗരപ്ലാന്റുകൾക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെയായി 14700 ഓളം അപേക്ഷകൾ ലഭിച്ചിട്ടുള്ള ഈ പദ്ധതി തുടർന്നും പുരോഗമിച്ചുവരുകയാണ്. 12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് അനെർട്ട് നടപ്പിലാക്കി വരുന്ന ശൃംഖലാ ബന്ധിത വൈദ്യുതോത്പാദന പദ്ധതിയായ സോളാർ കണക്ട് വഴി 2 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള സൗരപ്ലാന്റ് സ്ഥാപിക്കുന്നതിന് നാളിതുവരെയായി 711 ഓളം അപേക്ഷകൾ (11 മെഗാവാട്ട്) ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർനടപടികൾ പുരോഗമിക്കുകയാണ്. അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് സൗരോർജ്ജ റാന്തലുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. ഇതുവരെ 61321 സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 1191 സൗരോർജ്ജ തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്ത സൗരോർജ്ജ തെരുവ് വിളക്കുകളുടെയും, സൗരോർജ്ജ റാന്തലുകളുടെയും, റൂഫ് ടോപ്പ് സോളാർ പ്ലാന്റുകളുടെയും ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 2,3,4 ആയി ചേർക്കുന്നു.*

(ഡി) ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന 2013-14 സ്കീം പ്രകാരമുള്ള സൗരോർജ്ജ റാന്തലുകളുടെ വില വിവരം താഴെ ചേർക്കുന്നു:

| | | |
|---|---|---|
| സംസ്ഥാന സർക്കാരിന്റെ സബ്സിഡി | - | 750/- |
| ഗുണഭോക്തൃ വിഹിതം | - | 1520/- |
| ആകെ വില | | 2270/- |

2014-15-ലെ ഭരണാനുമതി പ്രകാരം പുതുതായി വിളിച്ച ടെണ്ടർ അനുസരിച്ചുള്ള വിശദാംശം താഴെ പറയും പ്രകാരമാണ്.

1. സോളാർ സി.എഫ്.എൽ. ലാന്റേണിന്റെ വില – 2190

<u>സബ്സിഡി</u>

ജനറൽ വിഭാഗം - 500

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എസ്സി./എസ്റ്റി./ബി.പി.എൽ./ഫിഷർമെൻ - 1000

2. സോളാർ എൽ.ഇ.ഡി. ലാന്റേണിന്റെ വില - 2230

സബ്സിഡി

ജനറൽ വിഭാഗം - 500

എസ്സി./എസ്റ്റി./ബി.പി.എൽ./ഫിഷർമെൻ - 1000

3. സൗരോർജ്ജ പവർ പ്ലാന്റുകൾ

സബ്സിഡി

കേന്ദ്ര ഗവൺമെന്റ് - 53262/-

സംസ്ഥാന ഗവൺമെന്റ് - 39000/-

സൗരോർജ്ജ പവർ പ്ലാന്റുകളുടെ വിലയെ സംബന്ധിക്കുന്ന വിശദാംശം അനുബന്ധം-5* ആയി ചേർത്തിരിക്കുന്നു.

**സൗരോർജ്ജ പാനലുകൾ**

43 (3196) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതിയുടെ കനാലിന് മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏർപ്പെടുത്തിയിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഉണ്ട്. കണ്ണൂർ ജില്ലയിലെ ബാരപ്പോൾ ചെറുകിട വൈദ്യുത പദ്ധതിയോടനുബന്ധിച്ചുള്ള കനാലിന്റെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുവാൻ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വഴി രണ്ട് മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) മേൽ പദ്ധതിക്കായി 26.89 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ആറ് കോടി രൂപ ധനസഹായം ലഭിക്കുന്നതാണ്. ബാക്കി തുക ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

**കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം**

44 (3197) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 സപ്തംബർ 30-ന് പി.എസ്.സി പുറത്തിറക്കിയ കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) 2010-ൽ നിയമനം കിട്ടിയ വർക്കർമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശമുണ്ടോ ;

(സി) പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം കിട്ടിയവർ ഒഴികെയുള്ളവരെ പ്രൊമോഷൻ വഴി വരുന്ന ഒഴിവുകളിലേക്ക് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) 222 പേർക്ക് നിയമനം നല്കിയിട്ടുണ്ട്.

(ബി) 2010-ൽ നിയമനം കിട്ടിയ ധാരാളം ഇലക്ട്രിസിറ്റി വർക്കർമാർക്ക്

ലൈൻമാനായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) ലൈൻമാൻ തസ്തികയിൽ ഒഴിവുവരുന്നമുറയ്ക്ക് മസ്ദൂർമാർക്ക് പ്രൊമോഷൻ നൽകുന്നുണ്ട്.

**കൊയിലാണ്ടി നഗരത്തിൽ വോൾട്ടേജ് വ്യതിയാനവും പവർകട്ടും**

45 (3198) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ പകൽ സമയങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് വ്യതിയാനവും പവർകട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം നഗരത്തിലെ ആശുപത്രികളിലും മറ്റ് സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുകാരണം വൈദ്യുതയന്ത്രങ്ങൾക്കുവരുന്ന പ്രവർത്തന ചെലവ് വർദ്ധനവും തകരാറുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ-ഡി) തലശ്ശേരി 110 കെ.വി. സബ്സ്റ്റേഷനിൽ നിന്ന് വടകര 110 കെ.വി. സബ്സ്റ്റേഷൻ വരെ നിലവിലുള്ള സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ലൈനാക്കി മാറ്റുന്ന പ്രവൃത്തിയുടെ ഭാഗമായി ഓർക്കാട്ടേരി മുതൽ വടകര വരെയുള്ള ഭാഗങ്ങളിൽ 2015 ഏപ്രിൽ 24 മുതൽ ജൂൺ 10 വരെ ചേവായൂർ, കൊയിലാണ്ടി, മേപ്പയൂർ എന്നീ 110 കെ.വി. സബ്സ്റ്റേഷനുകളിലും ബാലുശ്ശേരി, മേലടി, തിരുവള്ളൂർ എന്നീ അനുബന്ധ 33 കെ. വി. സബ്സ്റ്റേഷനുകളിലും വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നു. പ്രസ്തുത ഭാഗങ്ങളിലേക്ക് കോഴിക്കോട്, നല്ലളം ഭാഗത്ത് നിന്നും ദൈർഘ്യമേറിയ ലൈനുകളിലൂടെ വൈദ്യുതി എത്തിക്കേണ്ടി വന്നതിനാൽ വോൾട്ടേജ് ക്ഷാമം നേരിട്ടിരുന്നു. 110 കെ. വി. ലൈൻ ഇരട്ടിപ്പിക്കൽ പ്രവൃത്തി ഏകദേശം 2015 ജൂലൈ പകുതിയോടുകൂടി പൂർത്തീകരിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**കൊയിലാണ്ടി മണ്ഡലത്തിലെ ഊർജ്ജ പദ്ധതികൾ**

46 (3199) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിൽ വരുത്തിയതും ഭരണാനുമതി ലഭിച്ചതുമായ ഊർജ്ജ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ പ്രസ്തുത പ്രദേശങ്ങളിൽ നിന്നും വൈദ്യുതി കണക്ഷനായി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്രപേർക്ക് കണക്ഷൻ നൽകി; ഇനി എത്രപേർക്ക് നൽകാനുണ്ട്; നൽകാനുള്ളവർക്ക് എപ്പോൾ കണക്ഷൻ നൽകും; വിശദമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈദ്യുതീകരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ 43% പൂർത്തിയായിട്ടുണ്ട്. ടി പദ്ധതി 15-8-2015-ഓടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(i) കൊയിലാണ്ടി 110 കെ.വി. സബ്സ്റ്റേഷനിൽ നിലവിലുള്ള 10 MVA ട്രാൻസ്ഫോർമർ മാറ്റി 20 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(ii) വടകര 110 കെ.വി. സബ്സ്റ്റേഷൻ മുതൽ വെസ്റ്റ് ഹിൽ 110 കെ.വി. സബ്സ്റ്റേഷൻ വരെ നിലവിലുള്ള 110 കെ.വി. ലൈൻ ഇരട്ടിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര മുതൽ കൊയിലാണ്ടി വരെയുള്ള ഭാഗത്ത് സ്റ്റബ് സെറ്റിംഗ് പ്രവൃത്തി പുരോഗമിക്കുന്നു. കൊയിലാണ്ടി മുതൽ വെസ്റ്റ് ഹിൽ വരെയുള്ള ഭാഗത്ത് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി)

| കാലയളവ് | ലഭിച്ച അപേക്ഷകൾ (എണ്ണം) | നൽകിയ വൈദ്യുതി കണക്ഷനുകൾ (എണ്ണം) | നൽകാൻ ബാക്കിയുള്ളവ (എണ്ണം) |
|---|---|---|---|

| | | | |
|---|---|---|---|
| 2011-12 | 3428 | 3428 | ၀ |
| 2012-13 | 3221 | 3221 | ၀ |
| 2013-14 | 2999 | 2999 | ၀ |
| 2014-15 | 3256 | 3256 | ၀ |
| 2015-16 | 774 | 774 (1-7-2015 വരെ) | ၀ |
| മൊത്തം | 13678 | 13678 | ၀ |

**കൊട്ടാരക്കര വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം**

47 (3201) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം എത്രയാണ്;

(ബി) വൈദ്യുതീകരിക്കുന്നതിന് ഇനിയും ബാക്കിയുള്ള വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മണ്ഡലത്തിലെ ഏതൊക്കെ വിഭാഗത്തിൽപെട്ട എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 108989 വീടുകൾ.

(ബി) വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നൽകിയിട്ടുള്ള എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ട്. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരങ്ങൾ ലഭ്യമല്ല.

(സി) കൊട്ടാരക്കര മണ്ഡലത്തിൽ ബി.പി.എൽ. വിഭാഗത്തിൽ 1266 കണക്ഷനും എസ്.സി./എസ്.റ്റി. വിഭാഗത്തിൽ 177 കണക്ഷനും മറ്റ് വിഭാഗത്തിൽ 11005 കണക്ഷനും നൽകിയിട്ടുണ്ട്.

## സൺഷിഫ്റ്റ് പദ്ധതി

48 (3202) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൺഷിഫ്റ്റ് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പദ്ധതി വ്യാപിപ്പിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ എടുത്ത് കഴിഞ്ഞിട്ടുണ്ട്?

### ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി വ്യാപിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡിന്റെ നിർദ്ദേശപ്രകാരം പ്രത്യേകമായി രൂപകല്പന ചെയ്ത സോളാർ ഇൻവെർട്ടറുകളുടെ വില്പന പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ടിന്റെ സഹായം തേടിയിട്ടുണ്ട്. വൈദ്യുതി ബോർഡ് എംപാനൽ ചെയ്ത സ്ഥാപനം വഴി സോളാർ ഇൻവെർട്ടറുകൾ സ്ഥാപിച്ചശേഷം ആദ്യം ലഭിക്കുന്ന 2750 അപേക്ഷകൾക്ക് അനെർട്ട് വഴി 5,000 രൂപ സബ്സിഡി നൽകുന്നതാണ്. ഇതിനുള്ള അനുവാദം 5-2-2015-ലെ സ.ഉ. (ആർറ്റി.) 31/2015/ഊവ പ്രകാരം നല്കിയിട്ടുണ്ട്.

## പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികൾ

49 (3203) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികൾ ഏതെല്ലാം;

(ബി) പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും എത്ര തുക ഈ സാമ്പത്തിക വർഷം അനുവദിച്ചു; വിശദാംശം ഇനം തിരിച്ച് നൽകാമോ;

(സി) അനെർട്ടിന്റെ നിലവിലുള്ള വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്തി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു; ഓരോ പദ്ധതികളിൽ നിന്നും

ലഭ്യമാക്കുന്ന വൈദ്യുതിയുടെ അളവ് പ്രത്യേകം പ്രത്യേകം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കുന്ന പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ താഴെ പറയുന്നവയാണ്:

1. 10000 റൂഫ് ടോപ്പ് പദ്ധതി പ്രകാരം 10000 വീടുകളിൽ ഒരു കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
2. 2 kw മുതൽ 50 kw വരെ ശേഷിയുള്ള ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റുകൾ.
3. നിലവിലുള്ള ഇൻവെർട്ടറുകൾ സൗരോർജ്ജം ഉപയോഗിച്ച് ചാർജ്ജു ചെയ്യുന്നതിന് കെ.എസ്.ഇ.ബി.-യും അനെർട്ടും ചേർന്ന് നടപ്പിലാക്കുന്ന സോളാർ പീക്ക് ലോഡ് ഷിഫ്റ്റ് പദ്ധതി.
4. പാചകത്തിനായി ഊർജ്ജക്ഷമതയേറിയ അടുപ്പുകളുടെയും മറ്റുപകരണങ്ങളുടെയും വ്യാപനത്തിനുള്ള പദ്ധതി.
5. ബയോഗ്യാസ് പ്ലാന്റുകളുടെ (ഗാർഹികം, ഗാർഹികേതരം) നിർവ്വഹണ പദ്ധതി.
6. സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി
7. സൗരോർജ്ജ റാന്തലുകളുടെ വിതരണം
8. കയർ മേഖലയിലെ ഗ്രാമീണ വനിതകൾക്ക് സൗരോർജ്ജത്തിൽ പ്രവർത്തിപ്പിക്കാവുന്ന സോളാർ കയർ റാട്ടുകളുടെ വ്യാപനത്തിനുള്ള പദ്ധതി.
9. സോളാർ സ്റ്റീം ജനറേറ്റർ ഉപയോഗിച്ച് കമ്മ്യൂണിറ്റി പാചകം നടപ്പാക്കാനുള്ള പദ്ധതി.
10. 140 hp വരെ ശേഷിയുള്ള വാട്ടർ പമ്പിംഗ് സിസ്റ്റംസ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി *ചേർക്കുന്നു.

(ബി) പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും സോളാർ വാട്ടർ ഹീറ്റർ (2011-12)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സബ്സിഡി വകയിൽ 40,40,000 രൂപയും സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 5,66,56,356 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും സോളാർ പദ്ധതി നടപ്പിലാക്കുന്നതിന് 2015-16 വർഷത്തിൽ 6 കോടി രൂപ സംസ്ഥാന സർക്കാരിന് അനുവദിച്ചിട്ടുണ്ട്.

(സി) അനെർട്ടിന്റെ 10000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം ഇതിനകം സ്ഥാപിച്ച കഴിഞ്ഞ 1 കിലോവാട്ട് ശേഷിയുള്ള 7100 പ്ലാന്റുകൾ വഴി 7.1 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ഡെമോൺസ്ട്രേഷൻ പദ്ധതി പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിച്ച 110 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ 0.11 മെഗാവാട്ട് സ്ഥാപിതശേഷിയുള്ളവയാണ്.

**രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി**

50 (3204) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ആർ.ജി.ജി.വൈ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് പുതുതായി കണക്ഷൻ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രവൃത്തികൾ കേരളത്തിൽ 10 ജില്ലകളിൽ പൂർത്തീകരിച്ചു. ബാക്കിയുള്ള തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഈ പദ്ധതി 30-9-2015-ൽ പൂർത്തീകരിക്കും.

(ബി) ആകെ 10621 പേർക്ക് വൈദ്യുതി കണക്ഷൻ നൽകി. ഇതിൽ 9741 പേർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളാണ്.

(സി) 1675.3 ലക്ഷം രൂപ ചെലവഴിച്ചു.

**വാതകാധിഷ്ഠിത പദ്ധതി**

51 (3205) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാതകാധിഷ്ഠിത വൈദ്യുതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) എൽ.എൻ.ജി ഉപയോഗിച്ച് വൈദ്യുതോൽപാദനം നടത്തുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) കൽക്കരി അധിഷ്ഠിത വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി വൈദ്യുതി നിലയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കായംകുളത്ത് നാഫ്ത ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപനിലയം എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ബ്രഹ്മപുരം ഡീസൽ പ്ലാന്റിലെ രണ്ട് കേടായ ജനറേറ്ററുകൾ മാറ്റി എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന ജനറേറ്ററുകൾ സ്ഥാപിക്കുക, ബ്രഹ്മപുരത്ത് 400 മെഗാവാട്ടിന്റെ വാതകാധിഷ്ഠിതനിലയം സ്ഥാപിക്കുക, കൊച്ചിയിലെ ബി.എസ്.ഇ.എസ്. നിലയം നാഫ്തയിൽ നിന്ന് എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന നിലയമാക്കുക എന്നീ പദ്ധതികൾ പരിഗണനയിലാണ്.

(സി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ.

**മസ്ദൂർമാരുടെ ഒഴിവുകൾ**

52 (3206) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് KSEB-യുടെ കീഴിലുള്ള മസ്ദൂർമാരുടെ ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ലാത്തതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

**കടമക്കുടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ**

53 (3207) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി കോരാമ്പാടം കപ്പേളയ്ക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് രൂപരേഖ തയ്യാറാക്കി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് (ആർ.ഇ.സി.) സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ആർ.ഇ.സി. ഇക്കാര്യത്തിലുള്ള അഭിപ്രായം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ഡി.ഡി.യു.ജി.ജെ.വൈ. സ്കീമിൽ ഉൾപ്പെടുത്തി 9-7-2015-ൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ആർ.ഇ.സി. ഇക്കാര്യത്തിലുള്ള അഭിപ്രായം സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തിക്ക് ആർ.ഇ.സി.-യുടെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ആർ.ഇ.സി.-യുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുട്ടനാട്ടിൽ വൈദ്യുതാഘാതംമൂലമുള്ള മരണങ്ങൾ**

54 (3208) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ആറുകളുടേയും തോടുകളുടേയും കുറുകെ താഴ്ന്ന കിടക്കുന്ന വൈദ്യുതി ലൈനുകളിൽ നിന്നും ഷോക്കേറ്റ് മരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വൈദ്യുതി ലൈനുകൾ ഉയർത്തുന്നതിനുള്ള അപേക്ഷയിന്മേൽ

എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ലൈനുകൾ താഴ്ന്നുകിടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അവ ഉയർത്തി അപകടരഹിതമാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്.

**കമ്പനിവൽക്കരണം**

55 (3209) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്പനിയിൽ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന മാസ്റ്റർ ട്രസ്റ്റിന്റെ മൂലധന നിക്ഷേപമായി നിശ്ചയിച്ചിട്ടുള്ള തുക എത്രയാണ് ?

ഉത്തരം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനും മേൽനോട്ടത്തിനുമായി രൂപീകരിച്ചിട്ടുള്ള മാസ്റ്റർ ട്രസ്റ്റിന്റെ പ്രാഥമിക മൂലധനം പത്ത് ലക്ഷം രൂപയാണ്.

**വൈദ്യുതിനിരക്ക് വർദ്ധനവും സെക്യൂരിറ്റി ഡെപ്പോസിറ്റും**

56 (3210) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിനിരക്ക് വർദ്ധനവിനോടൊപ്പം കാലാകാലങ്ങളിൽ സെക്യൂരിറ്റി തുക ഈടാക്കുന്നതിൻെറ മാനദണ്ഡങ്ങൾ എന്താണ്;

(ബി) ഒരു ഗാർഹിക ഉപഭോക്താവ് എത്ര തുകയാണ് ഡെപ്പോസിറ്റായി നൽകേണ്ടത്?

ഉത്തരം

(എ) സപ്ലൈ കോഡ് 2014-ന്റെ 73-ലെ വ്യവസ്ഥയനുസരിച്ച് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ, മുൻവർഷത്തെ ശരാശരി മാസ ഉപഭോഗത്തിന്റെ

അടിസ്ഥാനത്തിലാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക നിർണ്ണയിക്കുന്നത്. പ്രസ്തുത തുക നിലവിലെ ഡെപ്പോസിറ്റ് തുകയുമായി താരതമ്യം ചെയ്ത് ഏറ്റക്കുറച്ചിൽ പരിഹരിക്കുന്ന രീതിയാണ് വൈദ്യുതി ബോർഡ് അവലംബിച്ച് വരുന്നത്.

(ബി) ദ്വൈമാസ ബില്ലിംഗ് സമ്പ്രദായത്തിൽ ഒരു ഗാർഹിക ഉപഭോക്താവ് ശരാശരി മാസ ഉപഭോഗത്തിന്റെ തുകയുടെ മൂന്നിരട്ടിയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കേണ്ടത്.

**വൈദ്യുതി ബോർഡിൽ നിന്ന് വിരമിച്ചവരുടെ കാലാവധി നീട്ടൽ**

57 (3211) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നയത്തിന് വിപരീതമായി വൈദ്യുതിബോർഡിൽ നിന്ന് വിരമിച്ച ചിലർക്ക് കാലാവധി നീട്ടാനുള്ള നീക്കം നടക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡിൽ നിന്നും വിരമിച്ച ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇവരുടെ പേരുവിവരവും ഏത് പോസ്റ്റിലാണ് കാലാവധി നീട്ടിക്കൊടുത്തിരിക്കുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ബാധകമല്ല.

(സി) ഇത്തരത്തിൽ കാലാവധി നീട്ടിക്കൊടുത്തിട്ടില്ല. എന്നാൽ ഒരു ബോർഡ് മെമ്പർക്ക് ഒരു വർഷത്തേക്ക് പുനർ നിയമനം നൽകിയിട്ടുണ്ടായിരുന്നു.

**കോതമംഗലം നെല്ലിക്കുഴിയിൽ K.S.E.B. സെക്ഷൻ ഓഫീസ്**

58 (3212) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം നിയോജകമണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ KSEB സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പ്രസ്തുത നിർദ്ദേശം വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കോതമംഗലം നമ്പർ.1 സെക്ഷൻ ഓഫീസ് വിഭജിച്ച് നെല്ലിക്കുഴി പഞ്ചായത്തിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഇലക്ട്രിക് ലോക്കോഷെഡ് സ്ഥാപിക്കുന്നതിന് നടപടി**

59 (3213) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രെയിനുകളുടെ വൈദ്യുതി എൻജിൻ അറ്റകുറ്റപ്പണികൾക്കുള്ള ഇലക്ട്രിക് ലോക്കോഷെഡ് കേരളത്തിൽ ലഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഇല്ല. സംസ്ഥാനത്ത് നിലവിൽ ഇലക്ട്രിക് ലോക്കോഷെഡ് ഇല്ല. ഈറോഡുള്ള ഇലക്ട്രിക് കം ഡീസൽ ലോക്കോഷെഡിലാണ് എഞ്ചിൻ അറ്റകുറ്റപ്പണികൾ നിലവിൽ ചെയ്തുവരുന്നത്. റെയിൽവേയുടെ മാനദണ്ഡ പ്രകാരം സംസ്ഥാനത്ത് ഇലക്ട്രിക് ലോക്കോഷെഡ് സ്ഥാപിക്കേണ്ടതാണ്. അതിനാൽ ഇക്കാര്യം റെയിൽവേ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

**തീരദേശ റെയിൽവേ വികസനം**

60 (3214) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ട്രെയിൻ സർവ്വീസുകളുടെ പ്രശ്നങ്ങളും തീരദേശ റെയിൽവേ സ്റ്റേഷനുകളുടെ പോരായ്മകളും സംബന്ധിച്ച് എന്തെല്ലാം പരിഹാര നിർദ്ദേശങ്ങളും അപേക്ഷകളുമാണ് സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ, ചേർത്തല ഭാഗങ്ങളിലെ തീരദേശ റെയിൽ പാതയിലൂടെ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലധികവും കാലപ്പഴക്കംമൂലം അപകട സാധ്യത കൂടിയവയാണെന്നും പല കോച്ചുകളിലും ടോയ്‌ലെറ്റ്, ലൈറ്റ്, ഫാൻ എന്നീ സൗകര്യങ്ങൾ പോലുമില്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോരായ്മകൾ പരിഹരിച്ചുകിട്ടുന്നതിന് വേണ്ട ഇടപെടൽ നടത്തുമോ;

(സി) തീരദേശ റെയിൽ പാതയിലൂടെ സർവ്വീസ് നടത്തുന്ന പല ട്രെയിനുകളും മറ്റ് മേഖലകളിലൂടെ പോകുന്ന ട്രെയിനുകൾക്കുവേണ്ടി പിടിച്ചിടുന്ന സാഹചര്യം ഉണ്ടാകുന്നതിനാൽ തീരദേശ റെയിൽ പാതയിലെ സ്ഥിരം ട്രെയിൻയാത്രക്കാർക്കുണ്ടാകുന്ന കഷ്ടപ്പാടും അവർക്ക് കൃത്യസമയത്ത് ലക്ഷ്യത്തിലെത്താൻ കഴിയാത്തതും സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തീരദേശ ട്രെയിൻ സർവ്വീസുകളുടെ പ്രശ്നങ്ങളും തീരദേശ റെയിൽവേ സ്റ്റേഷനുകളുടെ പോരായ്മകളും സംബന്ധിച്ച് പ്രത്യേകമായി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ബഹുമാനപ്പെട്ട എം.പി.-മാരും മറ്റു ബന്ധപ്പെട്ടവരും മുന്നോട്ടുവയ്ക്കുന്ന റെയിൽവേ സ്റ്റേഷനുകളുടെ വികസനം ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ റെയിൽവേ ശൃംഖലയുടേയും സമഗ്രമായ വികസനത്തിന് സംസ്ഥാനത്തിനായി പ്രഖ്യാപിക്കപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളായ തൃശ്ശൂർ, എറണാകുളം, കോട്ടയം, കൊല്ലം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഏകദേശം 10 കോടി രൂപ റെയിൽവേയ്ക്ക് നൽകുകയും റെയിൽവേ പണികൾ നടപ്പിലാക്കാനുള്ള നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു.

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടംഘട്ടമായി 5 കൊല്ലത്തിനകം മാറ്റുക;

1. തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പെയർ സൗകര്യങ്ങൾ പ്രധാന റിപ്പെയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തുക;
2. റിപ്പെയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കുക;
3. കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുക.

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽ തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുമുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ട്രെയിനുകൾ സ്ഥിരമായി വൈകാറില്ല എന്നും സാങ്കേതിക തടസ്സങ്ങൾ കാരണം ചിലപ്പോൾ വൈകാറുണ്ടെന്നും റെയിൽവേയിൽ നിന്നും അറിഞ്ഞിട്ടുണ്ട്. ആലപ്പുഴ വഴി ഓടുന്ന ട്രെയിനുകൾ കൃത്യസമയം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേ ബോർഡ് ചെയർമാനോട് മുമ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇപ്പോൾ ഇക്കാര്യം വീണ്ടും

റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**മറ്റൂർ-ചെങ്ങൽ ബൈപ്പാസ് റോഡ് അടയ്ക്കുന്നത് സംബന്ധിച്ച തർക്കം**

61 (3215) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽവേയുടെ കാലടി റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റൂർ - ചെങ്ങൽ ബൈപ്പാസ് റോഡ് അടയ്ക്കുന്നത് സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശബരി റെയിൽവേയുടെ കാലടി റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റൂർ-ചെങ്ങൽ ബൈപ്പാസ് റോഡ് അടയ്ക്കുന്നത് സംബന്ധിച്ച് തർക്കം പരിഹരിക്കുന്നതിന്റെ ഭാഗമായി ശ്രീ. അൻവർ സാദത്ത് എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിലും, എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലും 19.05.2014-ന് ആലുവ ഗസ്റ്റ് ഹൗസിൽ വച്ച് ടി പ്രശ്നം ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഒരു യോഗം നടത്തിയിട്ടുള്ളതും, എന്നാൽ മറ്റൂർ-ചെങ്ങൽ റോഡ് അടയ്ക്കുന്നത് സംബന്ധിച്ച തർക്കം പരിഹരിക്കപ്പെട്ടിട്ടില്ലാത്തതുമാണ്.

**റെയിൽവേ വികസനം**

62 (3216) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റെയിൽവേ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഇവ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

മുഖ്യമായും പാതയിരട്ടിപ്പിക്കലും, വൈദ്യുതീകരണവും, ഗേജ് മാറ്റവും, അങ്കമാലി-ശബരി റെയിൽപ്പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, പ്രത്യേക

റെയിൽവേ സോൺ തുടങ്ങിയവയാണ് സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടുള്ളതും ഇനിയും പൂർത്തീകരിക്കപ്പെടാനുള്ളതുമായ റെയിൽവേ പദ്ധതികൾ. ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേക്ക് നല്കുന്നതിനുണ്ടായ തടസ്സങ്ങളും കാരണമാണ് പാതയിരട്ടിപ്പിക്കൽ, ഗേജ് മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി റെയിൽവേ പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

**റെയിൽവേ സേവനങ്ങളിൽ പരിഷ്കരണങ്ങൾ**

63 (3217) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജനങ്ങൾക്ക് റെയിൽവേ നൽകുന്ന സേവനങ്ങളിൽ അടിയന്തരമായ ഇടപെടലും പരിഷ്കരണവും വേണ്ട എന്തെല്ലാം കാര്യങ്ങൾക്കാണ് സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ സമർപ്പിച്ച അത്തരത്തിലുള്ള പരിഷ്കരണ നിർദ്ദേശങ്ങൾ എന്തെല്ലാം പരിഹരിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലൂടെ ഓടുന്ന ട്രെയിനുകളിലധികവും ഉപയോഗശൂന്യമായതും കാലപ്പഴക്കംമൂലം അപകടസാദ്ധ്യത കൂടുതലുള്ളവയുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഈ പോരായ്മകൾ പരിഹരിച്ചുകിട്ടുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളും ആവശ്യങ്ങളുമാണ് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് മുന്നിൽ സർക്കാർ സമർപ്പിച്ചിട്ടുള്ളത്; അത് ഏതെല്ലാം കാലയളവിലാണ് നൽകിയത്; അതിൽ ഏതെല്ലാം പരിഹരിക്കപ്പെട്ടു; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിനാവശ്യമായ എല്ലാ പദ്ധതികളും പണികളും എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം 2015-16 റെയിൽ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരുന്നു. അതിലുൾപ്പെടുത്തിയിരുന്ന പ്രധാന കാര്യങ്ങൾ അനുബന്ധം* ആയി വച്ചിരിക്കുന്ന രേഖയിൽ കാണാവുന്നതാണ്.

(ബി) പാത ഇരട്ടിപ്പിക്കൽ-വൈദ്യുതീകരണ-ഗേജ് മാറ്റ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചത് ഒഴിച്ചാൽ സംസ്ഥാന സർക്കാർ സമർപ്പിച്ച മിക്ക നിർദ്ദേശങ്ങളും പരിഗണിക്കപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70 ശതമാനത്തിനുമേൽ 2 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് 1-12-2012-ലും 17-2-2014-ലും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു.

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടംഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും;

(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പെയർ സൗകര്യങ്ങൾ പ്രധാന റിപ്പെയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും;

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും.

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത അവസ്ഥ സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽത്തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ 3-6-2015-ൽ അറിയിച്ചിട്ടുണ്ട്.

**റെയിൽവേ ക്രോസുകളുടെ നിലവാരം**

64 (3218) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റെയിൽവെ ക്രോസുകളുടെ നിലവാരം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിൽ ആകെ എത്ര റെയിൽവേ ക്രോസുകളുണ്ടെന്നും അവയിൽ എത്ര എണ്ണത്തിന് മേൽപ്പാലങ്ങളുണ്ടെന്നും എത്ര കാവൽക്കാരില്ലാത്ത റെയിൽ ക്രോസുകളുണ്ടെന്നും അറിയിക്കുമോ;

(സി) ഈ പോരായ്മ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആളില്ലാ ലെവൽ ക്രോസ്സുകളിലെല്ലാം ആളെ നിയമിക്കണമെന്ന് മുമ്പ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇപ്പോൾ ആളില്ലാ ലെവൽ ക്രോസ്സുകളൊന്നും തന്നെ സംസ്ഥാനത്തില്ല.

(ബി&സി) ആകെ റെയിൽവേ ക്രോസ്സുകളുടെ എണ്ണം - 294

മേൽപ്പാലങ്ങളുടെ എണ്ണം - 113

കാവൽക്കാരില്ലാത്ത റെയിൽ ക്രോസ്സുകൾ- ഇല്ല.

**റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ**

65 (3219) ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പല പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പഴകിയ ബോഗികൾ നൽകിയും യാത്രാസുരക്ഷിതത്വം ഉറപ്പുവരുത്താതെയും സംസ്ഥാനത്തെ അവഗണിക്കുന്നുവെന്ന വസ്തുത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നതിനെപ്പറ്റിയുള്ള നിലപാട് വ്യക്തമാക്കാമോ;

(സി) ഇതിനായി എന്ത് തുടർനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗ യോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70 ശതമാനത്തിനുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ

വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു:

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണം;

(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണം;

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യമായ ആളുകളെ നിയമിക്കണം;

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽത്തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ട്രെയിൻ യാത്രക്കാരിയായ സൗമ്യയുടെ ദാരുണ മരണത്തെത്തുടർന്ന് ട്രെയിൻ യാത്രക്കാരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സംസ്ഥാന പോലീസും റെയിൽവേയും ചേർന്ന് കൂടുതൽ ഊർജ്ജിതമായും കർശനമായും സ്വീകരിച്ചു വരുന്നുണ്ട്.

**വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ വികസനം**

66 (3220) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ വികസനമൊന്നുമില്ലാതെ അവഗണിക്കപ്പെട്ടു കിടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനകരമാകുന്ന വിധം സ്റ്റേഷൻ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. സതേൺ റെയിൽവേ ജനറൽ മാനേജരുടെ വാർഷിക പരിശോധനകളുടെ ഭാഗമായി ടി സ്റ്റേഷൻ മോടിപിടിപ്പിച്ചതായി റെയിൽവേ അറിയിച്ചിട്ടുണ്ട്. ടി റെയിൽവേ സ്റ്റേഷൻ ഭേദപ്പെടുത്തുന്നതിനുവേണ്ട നടപടി താമസംവിനാ ആസൂത്രണം ചെയ്യുന്നതാണെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

**ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അപര്യാപ്തതയും**

67 (3221) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അപര്യാപ്തതയും ഉണ്ടാക്കുന്ന അപകടങ്ങളും നഷ്ടങ്ങളും ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) മേജർ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്ത് എവിടെയെങ്കിലും റെയിൽവേ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരമുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര

റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു:

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണം;

(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണം;

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യമായ ആളുകളെ നിയമിക്കണം;

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽത്തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനും ഉള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല. തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്ന്

ഇതിനകംതന്നെ റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ട്രെയിനുകളുടെ സമയ പുനഃക്രമീകരണം**

68 (3222) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ഭാഗങ്ങളിൽ നിന്ന് രാവിലെയും വൈകിട്ടും പോവുന്നതിനും തിരികെ വരുന്നതിനുമുള്ള ജനങ്ങളുടെ യാത്രാക്ലേശവും ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് ഈ സമയങ്ങളിൽ ഓടുന്ന ധൻബാദ്, ഏറനാട്, പാസഞ്ചർ ട്രെയിനുകളുടെ സമയങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വൈകുന്നേര സമയത്തെ യാത്രാക്ലേശം കണക്കിലെടുത്ത് ആലപ്പുഴയിൽ യാത്ര അവസാനിക്കുന്ന ധൻബാദ് എക്സ്പ്രസിനും ആലപ്പുഴ വഴി കടന്നുപോകുന്ന ഏറനാട് എക്സ്പ്രസിനും തൃശ്ശൂരിനുശേഷമുള്ള അങ്കമാലി ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ദീർഘദൂര ട്രെയിനുകളായ ധൻബാദ്, ഏറനാട് ട്രെയിനുകൾ ആലപ്പുഴയ്ക്കും തൃശ്ശൂരിനും ഇടയ്ക്കുള്ള ഒരു വിഭാഗം ഹ്രസ്വദൂര യാത്രക്കാർക്കുവേണ്ടി പുനഃക്രമീകരിക്കുന്നത് മറ്റ് എക്സ്പ്രസ് ട്രെയിനുകളുടെ സമയക്രമത്തെ ബാധിക്കും. ഹ്രസ്വദൂര യാത്രക്കാർക്കുവേണ്ടി പാസഞ്ചർ ട്രെയിനുകൾ ഓടുന്നുണ്ട്. ദീർഘദൂര ട്രെയിനുകൾക്ക് അധിക സ്റ്റോപ്പുകൾ അനുവദിക്കുന്നത് പിന്നാലെയുള്ള മറ്റു ട്രെയിനുകളെ ബാധിക്കും. എക്സ്പ്രസ് ട്രെയിനുകൾ പരമാവധി വേഗത്തിലും കുറഞ്ഞ എണ്ണം സ്റ്റോപ്പുകളോടെയും സർവ്വീസ് നടത്തുന്നതാണ് സംസ്ഥാനത്തിന്റെ താല്പര്യത്തിന് നല്ലത് എന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. ധൻബാദ് എക്സ്പ്രസ്സിനും ഏറനാട് എക്സ്പ്രസ്സിനും പുതിയ സ്റ്റോപ്പ് അനുവദിക്കാൻ പദ്ധതിയില്ലെന്നും ഏറനാട് എക്സ്പ്രസ്സിന് തൃശ്ശൂരിനും ആലുവയ്ക്കും ഇടയിൽ ചാലക്കുടിയിൽ സ്റ്റോപ്പുണ്ടെന്നും ട്രെയിനുകൾക്ക് അധികമായി സ്റ്റോപ്പുകൾ അനുവദിക്കുന്നത് പിന്നാലെയുള്ള ഒരുകൂട്ടം സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സ് ട്രെയിനുകളെ ബാധിക്കുമെന്നതിനാൽ പുതുതായി അധിക സ്റ്റോപ്പുകൾ അനുവദിക്കാൻ നിർവ്വാഹമില്ലെന്നുമാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്.

**തപാൽ മേഖലയിലെ പരിഷ്കരണങ്ങൾ**

69 (3223) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പിത്തപാൽ മേഖലയിലെ സേവനങ്ങളിൽ പലതും പ്രാദേശികമായ സൗകര്യക്കുറവുകൾമൂലം പരിഷ്കരിക്കപ്പെടേണ്ടതും മാറ്റപ്പെടേണ്ടതുമാണെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിന്ന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇന്റർനെറ്റിലൂടെ വളരെ വേഗം വിവരവിനിമയത്തിന് സാധ്യതയുള്ളപ്പോൾ കുറഞ്ഞചെലവിൽ വിവരങ്ങളെത്തിക്കാൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന പോസ്റ്റ് കാർഡ്, ഇൻലന്റ് ലെറ്റർ കാർഡ് എന്നിവയിൽ കമ്പ്യൂട്ടർ പ്രിന്റ് എടുത്താൽ കാർഡിന്റെ വില 50 പൈസ എന്നതിൽ നിന്നും പലമടങ്ങ് വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഇപ്പോഴും കൂടുതലായി ഉപയോഗിക്കപ്പെടുന്ന പോസ്റ്റ് കാർഡിൽ കമ്പ്യൂട്ടർ പ്രിന്റോ, സീലോ ഉപയോഗിക്കുന്നതിന് അധിക തുക ഈടാക്കുന്ന നടപടി ഒഴിവാക്കുന്നതിന് അനുമതി തേടുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പോസ്റ്റ് കാർഡിന്റെ നിരക്ക് ഇപ്പോഴും വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചിട്ടുള്ള 50 പൈസ തന്നെയാണ്. എന്നാൽ അതിന്റെ ഫോട്ടോകോപ്പി ഉപയോഗിക്കുമ്പോൾ "Printed Post Card" എന്ന വിഭാഗത്തിൽ വരുന്നതുകൊണ്ടാണ് 6 രൂപ ചാർജ്ജ് നൽകേണ്ടി വരുന്നത്.

**മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം**

70 (3224) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണബോർഡിൽ വിവിധ കാറ്റഗറികളിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകളിലേക്കുള്ള നിയമനത്തിന് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള എല്ലാ സ്ഥിരനിയമനങ്ങളും പി.എസ്.സി. വഴി നടത്തണമെന്ന 2015 മേയ് 13- ാം തീയതിയിലെ 48/2015/ധന നമ്പർ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സർക്കുലറിന് കടകവിരുദ്ധമായി മലിനീകരണ നിയന്ത്രണ ബോർഡിലെ ഒഴിവുകൾ നികത്തുന്നതിനായി എൽ.ബി.എസ്. സെന്ററിന്റെ വെബ് പേജിൽ അപേക്ഷകൾ ക്ഷണിച്ചിരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; മേൽ സർക്കുലറിന് വിരുദ്ധമായി പ്രവർത്തിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) മലീനീകരണ നിയന്ത്രണ ബോർഡിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലിനീകരണ നിയന്ത്രണ ബോർഡിൽ വിവിധ വിഭാഗങ്ങളിലായി 166 ഒഴിവുകളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എഞ്ചിനീയറിംഗ് വിഭാഗം | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | - | 13 |
| സയന്റിഫിക് വിഭാഗം | | |
| അസിസ്റ്റന്റ് സയന്റിസ്റ്റ് | - | 6 |
| സീനിയർ സയന്റിഫിക് അസിസ്റ്റന്റ്/ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് | - | 37 |
| മിനിസ്റ്റീരിയൽ വിഭാഗം | | |
| അസിസ്റ്റന്റ് | - | 26 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 3 |
| ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റ്) | - | 17 |
| ഡ്രൈവർ | - | 21 |
| അറ്റന്റർ | - | 10 |
| പ്യൂൺ/ബ്ളൂ പ്രിന്റർ | - | 29 |
| വാച്ച്മാൻ | - | 4 |

(ബി) ഇല്ല

(സി) ഉണ്ട്

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്താനുള്ള ബില്ലിൽ നിയമനിർമ്മാണം ആകാത്ത സാഹചര്യത്തിൽ ബോർഡിലെ ഒഴിവുള്ള സയന്റിഫിക്/എഞ്ചിനീയറിംഗ് തസ്തികകളിലേക്കും മിനിസ്റ്റീരിയൽ തസ്തികകളിലേക്കും ഒറ്റത്തവണ നേരിട്ട് എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി മുഖേന നിയമനം നടത്താൻ സർക്കാർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഈ ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ സാങ്കേതികമായ ചില അപ്രായോഗികത ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 03.07.2015-ലെ സ.ഉ.(കൈ) നമ്പർ.10/2015/പരി. പ്രകാരം ടി നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഉപയോഗശൂന്യമായ സി.എഫ്.ലാമ്പുകളുടെ നിർമ്മാർജ്ജനം**

71 (3225) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതുസംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് തയ്യാറാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സി.എഫ്. ലാമ്പുകളുടെ റീ-സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ& ബി) സി.എഫ്.എൽ., ട്യൂബ് ലൈറ്റ് എന്നിവ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിശദ പഠന റിപ്പോർട്ട്

(Detailed Project Report) തയ്യാറാക്കുന്നതിന് ഡൽഹിയിലെ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ 2014-ൽ ചുമതലപ്പെടുത്തി. റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പരിഗണനാ വിഷയങ്ങൾ താഴെപ്പറയുന്നവയായിരുന്നു:

- കേരളത്തിലെ ഇത്തരത്തിലുള്ള വിളക്കുകളുടെ ഉപയോഗത്തെക്കുറിച്ച് പഠനം നടത്തി പരിസ്ഥിതി സൗഹൃദവും, ചെലവു കുറഞ്ഞതും കേരളത്തിന് അനുയോജ്യമായതും ലോക നിലവാരത്തിലുള്ളതുമായ റീസൈക്കിൾ മാതൃകകൾ കണ്ടെത്തുക.
- സി.എഫ്.എൽ., ട്യൂബ് ലൈറ്റുകൾ ഇവ ശേഖരിക്കുന്നതിനും സുരക്ഷിതമായി നശിപ്പിക്കുന്നതിനുമുള്ള പ്ലാന്റുകളുടെ വിന്യാസം നിർണ്ണയിക്കുക.
- ഇവയിൽ അടങ്ങിയിരിക്കുന്ന മെർക്കുറി വേർതിരിക്കൽ, അവയുടെ സംസ്കരണം എന്നിവയ്ക്ക് മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

തദനുസരണം ഐ.ആർ.ജി. സിസ്റ്റംസ് തയ്യാറാക്കിയ വിശദപഠന റിപ്പോർട്ട് 29-6-2015-ൽ തിരുവനന്തപുരത്ത് വച്ച് Pollution Control Board, KSUDP, Environment Department, KSEB, ANERT, Clean Kerala Company എന്നിവയിലെ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ഇതുസംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) റീ-സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൂടി അടങ്ങിയ അന്തിമ റിപ്പോർട്ടാണ് തയ്യാറാക്കിവരുന്നത്.

**മാവേലിക്കരയിലെ കോട്ടത്തോടിന്റെ നവീകരണം**

72 (3226) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നഗരസഭയിൽ കോട്ടത്തോടിന്റെ നവീകരണത്തിന് മലിനീകരണ നിയന്ത്രണ വകുപ്പിൽ നിന്നും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര നഗരസഭയിലെ കോട്ടത്തോടിന്റെ നവീകരണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2013-14 വർഷത്തെ പ്ലാൻ സ്കീമിൽപ്പെടുത്തി 'ക്ളീനിംഗ് ആന്റ് റെജുവിനേഷൻ ഓഫ് കോട്ടത്തോട്, മാവേലിക്കര, ആലപ്പുഴ' എന്ന പദ്ധതിക്കായി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച തുക മാവേലിക്കര മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നഗരസഭയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**സഹകരണവകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ്**

73 (3227) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പുതുതായി ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ രേഖകൾ ഇനിയും പി.എസ്.സി.ക്ക് അയച്ചുനൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പുതുതായി ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ നടപടികൾ ഇനിയും പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. വെരിഫിക്കേഷൻ നടപടികളിൽ കാലതാമസം ഉണ്ടാകുന്നതിനാൽ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷനും തുടർന്ന് ലഭിക്കാവുന്ന ഉദ്യോഗക്കയറ്റവും വൈകുന്ന സ്ഥിതിവിശേഷം നിലവിലുണ്ടെങ്കിൽ അവ പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2014 ഡിസംബർ 31 വരെ ഈ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ, 5 ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ രേഖകൾ ഇനിയും പി.എസ്.സി.ക്ക് നൽകേണ്ടതുണ്ട്.

(ബി) 2014 ഡിസംബർ 31 വരെ ഈ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ 37 ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാകാനുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

**സഹകരണ ബാങ്കുകളുടെ പ്രവർത്തന പരിധി**

74 (3228) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സഹകരണ ബാങ്കുകൾക്ക് പ്രവർത്തന പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഏതെങ്കിലും ബാങ്കുകൾക്ക് അവയുടെ പ്രവർത്തനപരിധിക്ക് പുറത്ത് ബ്രാഞ്ചുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) കാരശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന് കൊടുവള്ളി പഞ്ചായത്തിൽ ശാഖ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതി ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സഹകരണ ബാങ്കുകൾക്ക് അതാതു ബാങ്കുകളുടെ ബൈലാ പ്രകാരം പ്രവർത്തന പരിധി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രവർത്തനപരിധിക്ക് പുറത്ത് ശാഖകൾ ആരംഭിക്കുന്നതിന് സഹകരണ ബാങ്കുകൾക്ക് അനുമതി നൽകാറില്ല. എന്നാൽ പൊതു താൽപര്യം മുൻനിർത്തി ചില സഹകരണ ബാങ്കുകൾക്ക് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 7(1)(സി)യിൽ നിന്നും ഇളവ് അനുവദിച്ച് പ്രവർത്തനപരിധി വ്യാപിപ്പിക്കാറുണ്ട്.

(സി) അനുമതി നൽകിയിട്ടില്ല.

**കേപ്പി നെ സാമ്പത്തിക തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ നടപടി**

75 (3229) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് പ്രകാരം കേപ്പിന് നഷ്ടപരിഹാരം നൽകേണ്ടതുണ്ടോ എന്നു പരിശോധിക്കാൻ ധനകാര്യ വകുപ്പ് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് കമ്മിറ്റി അംഗങ്ങൾ; കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 17-12-2013-ൽ സർക്കാർ ഏറ്റെടുത്തതു മുതൽ നാളിതുവരെ എറണാകുളം മെഡിക്കൽ കോളേജിൽ ശമ്പളം നൽകുന്നതിനായി കേപ്പ് നൽകിയ തുക റീഫണ്ട് ചെയ്തു കിട്ടാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ;

(സി) 17-12-2013-ൽ എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ വരുമാനം ആർക്കാണ് നൽകുന്നത്; വ്യക്തമാക്കാമോ;

(ഡി) മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം അവിടെ നടന്ന നിർമ്മാണ പ്രവൃത്തികളുടെ കരാറുകാരൻ ആരായിരുന്നു? വ്യക്തമാക്കാമോ;

(ഇ) കരാറുകാരന് കേപ്പ് തുക നൽകേണ്ടിവന്ന സാഹചര്യം വ്യക്തമാക്കാമോ; കേപ്പുമായി നേരിട്ട് കരാറിലേർപ്പെടാത്ത ആളിന് പണം നൽകിയത് ഏതു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്; വ്യക്തമാക്കാമോ;

(എഫ്) സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട കേപ്പ് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിനായി ശമ്പളത്തിനും നിർമ്മാണപ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ച തുക തിരികെ ലഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ജി) സാമ്പത്തിക തകർച്ച നേരിടുന്ന കേപ്പിനെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 17-12-2013-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ബി) വ്യവസ്ഥയുണ്ട്.

(സി) 17-12-2013-ലെ സ.ഉ.(കൈ)നമ്പർ 488/2013/ആ.കു.വ. പ്രകാരം കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. അന്നേ ദിവസത്തെ വരുമാനം കൊച്ചി മെഡിക്കൽ കോളേജിനാണ് ലഭിച്ചത്.

(ഡി) എറണാകുളം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ബി.പി.സി.എൽ. തുടങ്ങിയ

കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി മുഖേനയുള്ള സ്പോൺസർഷിപ്പ് വഴിയാണ് നടന്നിട്ടുള്ളത്. റോഡിന്റെ അറ്റകുറ്റപ്പണികൾ പി.ഡബ്ള്യൂ.ഡി. ആണ് നിർവ്വഹിച്ചത്.

(ഇ ) മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം കരാറുകാരന് കേപ്പ് പണം നൽകിയിട്ടില്ല.

(എഫ്) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന് കേപ്പ് കൈമാറിയ തുക തിരികെ ലഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ജി) കേപ്പ് സാമ്പത്തിക തകർച്ച നേരിടുന്നില്ല.

## എസ്.സി.-എസ്.ടി. ഫെഡറേഷനിലെ ജീവനക്കാരുടെ പി.എഫ്., ഗ്രാറ്റുവിറ്റി വിഹിതങ്ങൾ

76 (3230) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.-എസ്.ടി. ഫെഡറേഷനിലെ ജീവനക്കാരുടെ പി.എഫ്., ഗ്രാറ്റുവിറ്റി തുടങ്ങിയവയുടെ വിഹിതങ്ങൾ ഇപ്പോൾ അടയ്ക്കാതെ കുടിശ്ശികയുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ജീവനക്കാരുടെ പേര്, തസ്തിക, അടയ്ക്കുവാനുള്ള കുടിശ്ശിക തുക എന്നീ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) എസ്.സി./എസ്.ടി. ഫെഡറേഷനിലെ ജീവനക്കാരുടെ പി.എഫ്., ഗ്രാറ്റുവിറ്റി പെൻഷൻ തുടങ്ങിയവയുടെ വിഹിതങ്ങൾ താഴെപ്പറയുന്ന പ്രകാരം അടയ്ക്കാൻ കുടിശ്ശികയാണ്;

1. എസ്.പി.എഫ്. കുടിശ്ശിക - 14,92,290 രൂപ - എ 1
2. ഗ്രാറ്റുവിറ്റി കുടിശ്ശിക - 60,32,898 രൂപ - എ 2
3. പെൻഷൻ - 40,32,176 രൂപ - എ 3

കൂടാതെ, ഫെഡറേഷന്റെ ആയുർധാര യൂണിറ്റിലെ താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ്. കുടിശ്ശിക - 25,00,625 രൂപ

പെട്രോൾ പമ്പ് ജീവനക്കാരുടെ ഇ.പി.എഫ്. കുടിശ്ശിക - 12,11,875 രൂപ എന്നീ പ്രകാരമാണ്.

(ബി) കുടിശ്ശികക്കാരായ ജീവനക്കാരുടെ പേര്, തസ്തിക, അടയ്ക്കുവാനുള്ള കുടിശ്ശിക തുക എന്നീ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**എസ്.സി.-എസ്.ടി. സഹകരണ ഫെഡറേഷനിലെ ഭരണസമിതിയെ പിരിച്ചുവിട്ട നടപടി**

77 (3231) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ഭരണ സമിതിയെ പിരിച്ചുവിട്ട് ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചതിനു ശേഷം, വീണ്ടും തെരഞ്ഞെടുപ്പ് നടത്തി അധികാരമേറ്റ ഭരണസമിതിയെ പിന്നെയും പിരിച്ചുവിട്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. ഫെഡറേഷനിൽ 5-2-2013-ന് ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുകയും അതേ തീയതിയിൽ തന്നെ ഭരണസമിതി അധികാരമേറ്റെടുക്കുകയും ചെയ്തു. ഫെഡറേഷനിൽ സെപ്റ്റംബർ 2014 മുതൽ ഭരണസമിതിയോഗം വിളിച്ചു ചേർത്തെങ്കിലും യോഗത്തിന് ആവശ്യമായ ക്വാറം (Section 28 (5) of the Kerala Co-operative Societies Act 1969 and bylaw clause 14 (B) of the Federation) ഇല്ലാത്തതിനാൽ ഭരണസമിതി തീരുമാനങ്ങൾ കൈക്കൊണ്ട് പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ലെന്നും, തുടർച്ചയായി മൂന്ന് കമ്മിറ്റികൾ കൂടാത്ത സാഹചര്യത്തിൽ ഫെഡറേഷനിൽ നിലവിൽ ഭരണസ്തംഭനം സംജാതമായിട്ടുണ്ടെന്നും, ആയതിനാൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിന് സെക്ഷൻ 33(1)(എ.എ.) പ്രകാരം സഹകരണസംഘം രജിസ്ട്രാറുടെ 13.03.2015-ലെ എസ്.സി.റ്റി.(1)39906/2014 നമ്പർ ഉത്തരവ് പ്രകാരം ഫെഡറേഷനിൽ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റർ 13.03.2015-ന് ചാർജ്ജെടുക്കുകയും ചെയ്തു.

**എസ്.സി.-എസ്.ടി. ഫെഡറേഷനിലെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

78 (3232) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി ഫെഡറേഷനിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇനിയും നൽകാൻ ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എസ്.സി./എസ്.റ്റി. ഫെഡറേഷനിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ ബാക്കിയുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഫെഡറേഷനിൽ സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് കുടിശ്ശിക നൽകാൻ കഴിയുന്നതാണ്.

**ലീവ് സറണ്ടറും യൂണിഫോം അലവൻസും നൽകാൻ നടപടി**

79 (3233) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിൽ പുന്നപ്രയിൽ പ്രവർത്തിക്കുന്ന സാഗര സഹകരണ ആശുപത്രിയിലെ ജീവനക്കാർക്ക് ലീവ് സറണ്ടർ, യൂണിഫോം അലവൻസ് എന്നീ ആനുകൂല്യങ്ങൾ നൽകാത്തതിനു കാരണം വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധിയാണോ ഇതിനു കാരണമെന്ന് വിശദമാക്കാമോ;

(സി) ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ലീവ് സറണ്ടറും യൂണിഫോം അലവൻസും സാഗര ആശുപത്രിയിൽ നിന്ന് അപേക്ഷ ലഭിക്കുന്നതിനനുസരിച്ച് അനുവദിക്കുന്നുണ്ട്.

**നന്മ സ്റ്റോറുകളുടെ പ്രവർത്തനം**

80 (3234) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സഹകരണ വകുപ്പിനു കീഴിൽ എത്ര നന്മ സ്റ്റോറുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്;

(ബി) നന്മ സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) വിവിധ നന്മ സ്റ്റോറുകളിലായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ള നന്മ സ്റ്റോറുകളിൽ എത്ര എണ്ണം പൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) നന്മ സ്റ്റോറുകൾ പൂട്ടാനിടയായ സാഹചര്യം വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സഹകരണ വകുപ്പിനു കീഴിൽ കൺസ്യൂമർ ഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 804 നന്മ സ്റ്റോറുകളും വിവിധ സഹകരണ സംഘങ്ങൾ മുഖാന്തിരം 751 നന്മ സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളിൽ ആകെ 1741 ജീവനക്കാർ നിലവിൽ ജോലി ചെയ്തുവരുന്നു. സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മ സ്റ്റോറുകളിൽ അതാതു സംഘത്തിന്റെ ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്.

(ഡി) നന്മ സ്റ്റോറുകൾ എല്ലാം ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചിട്ടുള്ളത്. ഇവയിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളിൽ 63 എണ്ണവും സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മ സ്റ്റോറുകളിൽ 560 എണ്ണവും നിർത്തലാക്കിയിട്ടുണ്ട്.

(ഇ) നന്മ സ്റ്റോറുകളിൽ പൂർണ്ണമായും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയും ഇത്തരത്തിൽ പ്രവർത്തനം തുടർന്നാൽ ഫെഡറേഷന്റെ സാമ്പത്തിക മാന്ദ്യം വർദ്ധിക്കുന്നതിനുമാത്രം ഇടയാക്കുമെന്ന അവസ്ഥയിലുള്ളതുമായ സ്ഥാപനങ്ങൾ നിർത്തലാക്കുവാൻ ഫെഡറേഷൻ നിർബന്ധിതമായ സാഹചര്യത്തിലാണ് ടി സ്റ്റോറുകൾ അടച്ചുപൂട്ടാനിടയായത്.

**റ്റി. കരുണാകരന് അനുവദിച്ച കടാശ്വാസം**

81 (3235) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുന്നാട് വില്ലേജിൽ താമസിക്കുന്ന

റ്റി.കരുണാകരൻ എന്നയാൾക്ക് കർഷക കടാശ്വാസ കമ്മീഷൻ അനുവദിച്ച കടാശ്വാസം G.O. (M.S) No.264/10/AD/Dated 6-10-2010-ലെ ഉത്തരവ് പ്രകാരം (Application No.306706/08/AD) ഇതുവരെ ലഭ്യമാക്കി ടിയാന്റെ പ്രമാണം തിരികെ നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മീഷൻ അനുവദിച്ച പ്രകാരമുള്ള തുക സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ നിന്നും ബേരഡുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം ബാങ്കിന് (കാസർഗോഡ്) നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ തുക ഇതുവരെ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കടാശ്വാസ കമ്മീഷൻ ഉത്തരവ് പ്രകാരം ശ്രീ. റ്റി. കരുണാകരൻ ടിയാന്റെ വിഹിതമായ 15000/- രൂപ 28-4-2010-ൽ ബാങ്കിൽ അടച്ച് പണയ ആധാരങ്ങൾ തിരികെ വാങ്ങിയിട്ടുണ്ട്.

(ബി) നൽകിയിട്ടില്ല.

(സി) ശ്രീ. റ്റി. കരുണാകരൻ ബേരഡുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 11-4-2005-ന് 25000 രൂപ എം.ടി.എൻ.എ. വായ്പയായും 6-1-2007-ൽ 25000 രൂപ എസ്.റ്റി.എൻ.എ. വായ്പയായും എടുത്തിരുന്നു. ടി വായ്പയ്ക്ക് കടാശ്വാസ കമ്മീഷന് ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചതു പ്രകാരം ഹിയറിംഗ് നടക്കുമ്പോൾ രണ്ട് വായ്പകളിലുമായി മുതലും പലിശയുമായി 45300 രൂപ ബാക്കി നിൽപ്പുണ്ടായിരുന്നു. കടാശ്വാസ കമ്മീഷൻ 306706/08/എ.ഡി. നമ്പർ അപേക്ഷയിന്മേൽ നൽകിയ അവാർഡിൽ 15000 രൂപ വായ്പക്കാരൻ അടയ്ക്കുന്നതിനും 300 രൂപ ബാങ്ക് ഇളവ് നൽകുന്നതിനും 30000 രൂപയുടെ ബാധ്യത സർക്കാർ ഏറ്റെടുത്തും ഉത്തരവായിരുന്നു. വായ്പക്കാരൻ 28-4-2010-ന് വായ്പക്കാരന്റെ വിഹിതം അടച്ചത് പ്രകാരം ടിയാന് അന്നേ ദിവസം തന്നെ പണയാധാരങ്ങൾ ബാങ്ക് തിരികെ നൽകിയിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത ബാധ്യതയായ 30,000 രൂപ 6-10-2010-ലെ ജി.ഒ.(എംഎസ്.) 264/10/എ.ഡി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിരുന്നു. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ടി തുകയുടെ അർഹത ഉറപ്പാക്കുന്നതിനുള്ള വകുപ്പുതല പരിശോധനയിൽ എം.ടി.എൻ.എ. വായ്പ അവസാനിപ്പിച്ചിട്ടുണ്ടെന്ന്

കണ്ടെത്തിയതിനാലും എസ്.ടി.എൻ.എ. വായ്പയിൽ ബാക്കി നിൽപ്പുള്ള കാര്യം ബാങ്ക് പരിശോധനാ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്താത്തതിനാലുമാണ് സർക്കാർ ആനുകൂല്യം ബാങ്കിന് അനുവദിച്ച് നൽകാതിരുന്നത്.

**സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ**

82 (3236) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ അപേക്ഷിച്ചാലുടൻ തന്നെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരം സഹകരണ ബാങ്ക്/സംഘങ്ങൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വായ്പയെടുക്കുന്നതിന് ജാമ്യം നൽകാൻ കഴിയാത്തവർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തിക ശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാനവർഗ്ഗ വിഭാഗക്കാരെ കൊള്ളപ്പലിശക്കാരുടെ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി 10,000 രൂപ വരെയുള്ള ചെറുകിട വായ്പകൾ നൽകുന്നതിനും ചെറുകിട കച്ചവടാവശ്യത്തിനും തലച്ചുമടായി കച്ചവടം ചെയ്യുന്നവർക്കും 5000 രൂപ വരെ സ്വന്തം ജാമ്യത്തിന്മേൽ വായ്പ നൽകുന്നതിനുള്ള വായ്പാ പദ്ധതി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 5000 രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 2 ദിവസത്തിനകം സംഘം ചീഫ് എക്സിക്യൂട്ടീവും 5000 രൂപ മുതൽ 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 5 ദിവസത്തിനകം ചീഫ് എക്സിക്യൂട്ടീവിന്റെ ശിപാർശയിൽ സംഘം പ്രസിഡന്റിനും അനുവദിക്കുന്നതിനുള്ള നിർദ്ദേശം

നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖേനയാണ് പ്രസ്തുത വായ്പാ പദ്ധതി നടപ്പിലാക്കുന്നത്.

(സി) സഹകരണ സംഘം രജിസ്ട്രാർ 25/14 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അംഗീകാരം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ അംഗങ്ങൾക്കും ഇടപാടുകാരായ മറ്റ് പൊതുജനങ്ങൾക്കും സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങളുടെ/ബാങ്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും പ്രവർത്തിപ്പിക്കുന്നതിനും കൂടാതെ ഞായറാഴ്ചകളിൽ രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ " സൺഡേ ബാങ്കിംഗ് " നടത്തുന്നതിനും അനുമതി നൽകി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**സഹകരണ നിക്ഷേപക ഗ്യാരന്റി സ്കീം**

83 (3237) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിക്ഷേപക ഗ്യാരന്റി സ്കീമിൽ ചേരാൻ ഏതെല്ലാം തരം സഹകരണ ബാങ്കുകൾക്കാണ് അർഹതയുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് അർഹതയുള്ള എല്ലാ ബാങ്കുകളും പ്രസ്തുത സ്കീമിൽ അംഗങ്ങളായിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സ്കീമിൽ അംഗത്വമെടുക്കാൻ ഇനി എത്ര ബാങ്കുകൾ ബാക്കിയുണ്ട്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ബാങ്കുകളെ പ്രസ്തുത സ്കീമിൽ അംഗങ്ങളാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) പ്രവർത്തനം മന്ദീഭവിച്ചതോ, നിന്നുപോയതോ ലിക്വിഡേഷൻ നടപടികളിൽ ഉൾപ്പെട്ടതോ അല്ലാത്തതും, ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്രാരന്റി സ്കീമിൽ ഉൾപ്പെടാത്തതും, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാത്തരം സംഘങ്ങളെയും സഹകരണ നിക്ഷേപക ഗ്യാരന്റി സ്കീമിൽ അംഗങ്ങളായി ചേർക്കാവുന്നതാണ്.

(ബി) ജില്ലകളിലെ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന സംഘങ്ങളെയാണ് സ്കീമിൽ അംഗങ്ങളായി ചേർത്തുവരുന്നത്. ഇപ്രകാരം നാളിതുവരെ പല ഘട്ടങ്ങളിലായി ആകെ 2250 സംഘങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ 1773 സംഘങ്ങൾ നാളിതുവരെ പ്രസ്തുത സ്കീമിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) സഹകരണ സംഘം രജിസ്ട്രാർ വിജ്ഞാപനം പുറപ്പെടുവിച്ചതിൽ 484 സഹകരണ ബാങ്കുകൾ/സംഘങ്ങൾ സ്കീമിൽ അംഗത്വമെടുക്കുന്നതിനായി ബാക്കിയുണ്ട്.

(ഡി) നിക്ഷേപക ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിൽനിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തിയും വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആകയാൽ സഹകരണ സംഘം രജിസ്ട്രാർ കേരള സഹകരണ നിക്ഷേപക ഗ്യാരന്റി ഫണ്ട് ബോർഡിലേയ്ക്ക് നോട്ടിഫൈ ചെയ്ത എല്ലാ വായ്പാ സഹകരണ സംഘങ്ങളും നിക്ഷേപ സുരക്ഷാ പദ്ധതിയിൽ ചേർന്ന് നിശ്ചിത വിഹിതം അടയ്ക്കേണ്ടതാണെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമിൽ ചേരാത്ത സംഘങ്ങൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

**സഹകരണ ബാങ്കുകൾ വഴി ലഭ്യമാകുന്ന കാർഷിക വായ്പ**

84 (3238) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി ലഭ്യമാകുന്ന കാർഷിക വായ്പകൾ ഏതെല്ലാം; ഇതിന്റെ മാനദണ്ഡങ്ങൾ എന്ത്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് 2012-13, 2013-14, 2014-15 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ ഇപ്രകാരം അനുവദിച്ച കാർഷിക വായ്പ വർഷം തിരിച്ചും സ്ഥാപനം തിരിച്ചും വിശദമാക്കുമോ?

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ വഴി ഹ്രസ്വകാല/മധ്യകാല കാർഷിക വായ്പകൾ വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി ദീർഘകാല കാർഷിക വായ്പകളും വിതരണം ചെയ്തുവരുന്നു. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായാണ് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന നെൽകൃഷിക്കും പച്ചക്കറിക്കും ഉൾപ്പെടെയുള്ള കാർഷിക വിള വായ്പകൾ വിതരണം ചെയ്തുവരുന്നത്. ഓരോ വർഷവും ജില്ലയിലെ കാർഷിക വായ്പാ വിതരണത്തിനുള്ള സ്കെയിൽ ഓഫ് ഫിനാൻസ് കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. നബാർഡ് റീഫൈനാൻസ് ലഭ്യമാക്കുന്ന ഒരുവർഷ കാലാവധിയുള്ള ഹ്രസ്വകാല കാർഷിക വിള വായ്പകളുടെ പരിധി സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി 10 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ നെൽകൃഷിക്ക് പരിധിയില്ലാതെ പലിശരഹിത വായ്പയും നൽകി വരുന്നു. അപേക്ഷകന് കാർഷികാവശ്യത്തിനാണ് വായ്പയെന്നും, ടിയാന് കൃഷി ചെയ്യുന്നതിനുള്ള ഭൂമി കൈവശത്തിലുണ്ടെന്നും ബോധ്യപ്പെട്ട് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന വിളയ്ക്ക് അനുവദനീയമായ തുകയാണ് നൽകിവരുന്നത്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**സഹകരണ സംഘത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെ അംഗത്വം**

85 (3239) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ അംഗത്വം ലഭിക്കുന്നതിനും സംഘങ്ങളിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനും നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; ഈ നടപടികൾ ലഘൂകരിക്കാനും സുതാര്യമാക്കുവാനും അർഹരായ അപേക്ഷകർക്കെല്ലാം തന്നെ അംഗത്വം ലഭിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് പറയാമോ;

(ബി) അപേക്ഷകൾ ഓൺലൈനായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുവാനും സഹകരണ നിയമപ്രകാരമുള്ള യോഗ്യതകൾ അപേക്ഷകനുണ്ടെങ്കിൽ ഒരു നിശ്ചിത തീയതിക്കകം അംഗത്വം നിശ്ചയമായും ലഭിക്കുവാനും പ്രവർത്തന മൂലധനത്തിന്റെയോ, ഷെയറിന്റെയോ കുറവുകൊണ്ട് അംഗത്വം നൽകുവാൻ സഹകരണ സംഘത്തിന് കഴിയാത്തപക്ഷം തുടർന്നു വരുന്ന അംഗത്വ ഒഴിവിലേയ്ക്ക് അപേക്ഷകനെ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതിനും യോഗ്യതയുണ്ടെങ്കിലും അംഗത്വം തടസ്സപ്പെടുത്തിയാൽ സഹകരണ സംഘത്തിന്റെ അംഗീകാരം റദ്ദ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ സംഘങ്ങളിൽ അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 16, ചട്ടം 16 എന്നിവ പ്രകാരമാണ്. ആയത് ചുവടെ ചേർക്കുന്നു. സഹകരണ സംഘം നിയമം വകുപ്പ് 16 പ്രകാരം ചുവടെ ചേർക്കുന്നവർ ഒഴികെയുള്ളവർക്ക് സംഘത്തിൽ അംഗത്വം നൽകുന്നതല്ല:

1. പതിനെട്ട് വയസ്സുള്ളവരും (ഏതെങ്കിലും സ്കൂൾ/കോളേജിലെ വിദ്യാർത്ഥികളുടെ ക്ഷേമത്തിന് മാത്രമായി രൂപീകരിച്ചിട്ടുള്ള സംഘം ഒഴികെ) ബുദ്ധിസ്ഥിരതയുള്ളയാളും സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ താമസക്കാരനോ അല്ലെങ്കിൽ സ്ഥലമോ ഉള്ള ആളുമായിരിക്കണം.

2. മറ്റേതെങ്കിലും സഹകരണ സംഘം

3. തദ്ദേശസ്വയം ഭരണ സ്ഥാപനം

4. സർക്കാർ

5. പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവുമൂലം സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതോ ഏതെങ്കിലും നിയമത്തിന് വിധേയമായി രൂപീകരിക്കപ്പെട്ടതോ അല്ലാത്തതോ ആയ വ്യക്തി സംഘടനകൾ.

എന്നാൽ നിശ്ചിത പ്രവർത്തനങ്ങളിലൂടെ അംഗങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിച്ച സംഘടനയ്ക്ക് മേൽപ്പറഞ്ഞ പ്രവർത്തനം വഴി നേരിട്ട് പ്രയോജനം ലഭിക്കാൻ ഇടയില്ലാത്ത യാതൊരാളേയും, ചട്ടങ്ങൾ വ്യക്തമായി ഇതിന് അനുവാദം നൽകിയിട്ടില്ലാത്തപക്ഷം അംഗമായി പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല. മാത്രമല്ല, ഒരു പ്രത്യേക വ്യവസായവുമായി ബന്ധപ്പെട്ട വ്യക്തികളുടെ ഉന്നമനത്തിനായി മാത്രം രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘങ്ങളെ സംബന്ധിച്ച് സംഘത്തിലെ മൊത്തം അംഗങ്ങളുടെ വ്യവസ്ഥ അനുസരണമായുള്ള നിരക്കിൽ കൂടുതൽ പ്രസ്തുത വ്യവസായവുമായി യഥാർത്ഥത്തിൽ ബന്ധപ്പെടാത്ത ഏതൊരു വ്യക്തിയേയും അംഗമായി പ്രവേശിപ്പിക്കാവുന്നതല്ല. കൂടാതെ ഒരു വ്യവസായത്തിന്റെ വികസന ഉദ്ദേശ്യത്തോടെ രൂപീകരിക്കപ്പെട്ടിട്ടുള്ള കോഫി ബോർഡ്, റബ്ബർ ബോർഡ്, നിയമാധിഷ്ഠിതമോ അല്ലാതെയോ ഉള്ള മറ്റ് ഏതെങ്കിലും ബോർഡ്, കോർപ്പറേഷൻ എന്നിവയ്ക്ക് അതത് വ്യവസായ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും ബന്ധപ്പെട്ടിട്ടുള്ളതും പ്രസ്തുത വ്യവസായത്തിലെ തൊഴിലാളികൾക്കും ഉത്പാദകർക്കും വേണ്ടി രൂപീകരിച്ചിട്ടുള്ളതുമായ സംഘത്തിൽ അംഗമാകാവുന്നതാണ്. എന്നാൽ അപ്രകാരമുള്ള ബോർഡിനോ, കോർപ്പറേഷനോ, കമ്മിറ്റിക്കോ ഒരു

സഹകരണ വായ്പ്പാ സംഘത്തിലെ അംഗം എന്ന നിലയിൽ പ്രവേശനം നൽകാവുന്നതല്ല.

കൂടാതെ നിലവിലുള്ള മറ്റ് നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങളെ ഹോസ്പിറ്റൽ സഹകരണ സംഘങ്ങളിൽ അംഗങ്ങളായി ചേർക്കാവുന്നതാണ്. പട്ടികജാതിയിലോ പട്ടികവർഗ്ഗങ്ങളിലോ ഉൾപ്പെട്ട ആളുകളുടെ സാമ്പത്തികോന്നമനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സംഘങ്ങൾ ഒഴികെയുള്ള മറ്റ് സംഘങ്ങളിൽ ഒരാൾ ഒരു പ്രത്യേക ജാതിയിലോ മതത്തിലോ വർഗ്ഗത്തിലോ ഉൾപ്പെട്ട ആളാണെന്ന കാരണത്താൽ അംഗത്വം നിഷേധിക്കാൻ പാടുള്ളതല്ല. അംഗത്വ അപേക്ഷയിൻമേലുള്ള തീരുമാനം അപേക്ഷ കിട്ടിയ തീയതി മുതൽ രണ്ട് മാസത്തിനകം എടുക്കേണ്ടതാണ്.

ചട്ടം 16 പ്രകാരം അംഗത്വം എടുക്കുന്നതിന് അനുവർത്തിക്കേണ്ട നടപടികൾ താഴെ പറയുന്നവയാണ്:

I

1. അയാൾ രേഖാമൂലം സംഘത്തിൽ നിർണ്ണയിച്ചിട്ടുള്ള അപേക്ഷ ഫാറത്തിൽ അപേക്ഷിച്ചിട്ടുണ്ടായിരിക്കണം.
2. സംഘത്തിന്റെ ഭരണസമിതി അയാളുടെ അപേക്ഷ അംഗീകരിക്കുകയും
3. അയാൾ നിയമത്തിലും ചട്ടങ്ങളിലും ബൈലോയിലും വ്യക്തമാക്കിയിട്ടുള്ള മറ്റെല്ലാ വ്യവസ്ഥകളും പരിപാലിച്ചിട്ടുണ്ടായിരിക്കുകയും
4. മറ്റ് സംഘങ്ങളുടെയും ഏതെങ്കിലും വ്യവസായ വികസനത്തിനും വേണ്ടി രൂപീകരിക്കപ്പെട്ട കോർപ്പറേഷന്റെ ഏതെങ്കിലും കമ്മിറ്റി അല്ലെങ്കിൽ ഗവൺമെന്റ് അംഗീകരിച്ച ഏതെങ്കിലും നിയമാധിഷ്ഠിതമോ അല്ലാത്തതോ ആയ ബോർഡ്, ഏകോപിപ്പിക്കപ്പെട്ടതോ അല്ലാത്തതോ ആയ ഒരു വ്യക്തി സംഘടന എന്നിവരുടെയും കാര്യത്തിൽ അംഗത്വത്തിനുള്ള അപേക്ഷയോടൊപ്പം അതിനായി അധികാരപ്പെടുത്തുന്ന ഒരു തീരുമാനംകൂടി ഉണ്ടായിരിക്കുകയും ചെയ്യാത്തപക്ഷം സംഘടനയിലെ അംഗമായി ചേർക്കുവാൻ പാടില്ലാത്തതുമാകുന്നു.

II ഒരു സഹകരണ സംഘത്തിലെ അംഗമാകുന്നതിന് യാതൊരാളും -

1. അയാൾക്ക് 18 വയസ് തികഞ്ഞിട്ടില്ലെങ്കിലും

2. അയാൾ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ താമസക്കാരനല്ലാതിരിക്കുകയോ അയാൾക്ക് ആ പ്രദേശത്ത് സ്വന്തമായോ കൈവശമായോ ഭൂമി ഇല്ലാതിരിക്കുകയോ ആണെങ്കിലും. എന്നാൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി മാത്രം രൂപീകൃതമായിട്ടുള്ള സംഘത്തിന്റെ കാര്യത്തിൽ ഈ വ്യവസ്ഥ ബാധകമാകുന്നതല്ല.

3. അയാൾ നിർദ്ധനനാകുന്നതിന് അപേക്ഷിക്കുകയോ അവിമുക്ത നിർധനനായിരിക്കുകയോ ആണെങ്കിലും

4. രാഷ്ട്രീയ സ്വഭാവത്തോടുകൂടിയ ഒരു കുറ്റത്തിനോ സൻമാർഗ്ഗഭ്രംശം ഉൾപ്പെടാത്ത ഒരു കുറ്റത്തിനോ അല്ലാതെ മറ്റേതെങ്കിലും കുറ്റത്തിന് അയാളെ ശിക്ഷിക്കുകയും ശിക്ഷ തീർന്ന തീയതി മുതൽ അഞ്ചു വർഷം കഴിയുകയും ചെയ്തിട്ടില്ലെങ്കിലും

5. അയാൾ സംഘത്തിന്റെയോ ധനസഹായ ബാങ്കിന്റെയോ ശമ്പളം പറ്റുന്ന ജീവനക്കാരനാണെങ്കിലും എന്നാൽ ഈ നിയന്ത്രണം സഹകരണ മോട്ടോർ ട്രാൻസ്പോർട്ട് സംഘങ്ങൾക്കും സഹകരണ തൊഴിൽ ശാലകൾക്കും ധനസഹായ ബാങ്കിലെ ജീവനക്കാർക്ക് വേണ്ടിയുള്ള സംഘങ്ങൾക്കും യഥാർത്ഥ തൊഴിലാളികളുടെ നൻമയ്ക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള സംഘങ്ങൾക്കും ബാധകമാകുന്നതല്ല.

6. സഹകരണ നിയമം വകുപ്പ് 68 പ്രകാരം അയാളെ സർചാർജ്ജ് ചെയ്യുകയും പണം കൊടുത്തത് മുതലോ സർചാർജ്ജിന്റെയോ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം വസ്തു തിരികെ കൊടുത്തതുമുതലോ മൂന്നുവർഷം കഴിഞ്ഞിട്ടില്ലെങ്കിലും അർഹനായിരിക്കുന്നതല്ല.

കേരള സഹകരണ സംഘം ചട്ടം 56 പ്രകാരം സംഘങ്ങൾ അനുവദിക്കുന്ന വായ്പകളിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ, നബാർഡ്, റിസർവ് ബാങ്ക് എന്നിവർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വ്യവസ്ഥകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമായാണ്

സംഘങ്ങൾ വായ്പകളും അഡ്വാൻസുകളും നൽകേണ്ടതെന്ന് ചട്ടം 56(5)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘങ്ങളിൽനിന്നും വായ്പകൾ നൽകുന്നതിനായി ഓരോ വായ്പകളുടെയും ഉപനിബന്ധനകൾ സഹകരണ സംഘം രജിസ്ട്രാറിൽനിന്നും അംഗീകാരം ലഭ്യമാക്കുകയും വായ്പ നൽകുന്നതിനുള്ള വ്യവസ്ഥകൾ സംഘം ബൈലോയിൽ ഉണ്ടായിരിക്കേണ്ടതാണ്. അംഗീകരിച്ച ഉപ നിബന്ധനകൾ പ്രകാരം സംഘം നിഷ്കർഷിക്കുന്ന നിശ്ചിത അപേക്ഷാ ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നൽകുകയും ആയത് സംഘം പരിശോധിച്ച് ഭരണ സമിതിയുടെ അനുവാദം ലഭ്യമാക്കിയശേഷമാണ് വായ്പ അനുവദിക്കുന്നത്. വായ്പാ നടപടിക്രമങ്ങൾ ലഘൂകരിക്കാനും സുതാര്യമാക്കുവാനും സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ സർക്കുലർ നിർദ്ദേശം നൽകാറുണ്ട്. അർഹരായ അപേക്ഷകർക്ക് അംഗത്വം ലഭിക്കാതെ വരികയാണെങ്കിൽ ആയതിനെതിരെ രജിസ്ട്രാർ/സർക്കാരിന് പരാതി നൽകുവാൻ സഹകരണ നിയമം വകുപ്പ് 16 പ്രകാരം വ്യവസ്ഥയുണ്ട്.

(ബി) സഹകരണ സംഘങ്ങളിൽ അംഗത്വത്തിനുള്ള അപേക്ഷ അതാത് സംഘങ്ങൾക്കാണ് സമർപ്പിക്കേണ്ടത്. സഹകരണ നിയമം വകുപ്പ് 16 പ്രകാരം അംഗത്വത്തിനുള്ള അപേക്ഷയിൽ 60 ദിവസങ്ങൾക്കുള്ളിൽ സംഘം തീരുമാനമെടുത്തിരിക്കണം. അപ്രകാരം തീരുമാനമുണ്ടായിട്ടില്ലെങ്കിൽ അപേക്ഷകന്റെ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്ട്രാർ/സർക്കാരിന് തീരുമാനമെടുക്കാവുന്നതാണ്. യോഗ്യതയുള്ള അപേക്ഷകന് ഓഹരി മൂലധനത്തിന്റെ കുറവുകൊണ്ട് അംഗത്വം നൽകാൻ കഴിയാത്തപക്ഷം തുടർന്നുവരുന്ന ഒഴിവിലേക്ക് അപേക്ഷകനെ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതിനോ അപ്രകാരം അംഗത്വം നൽകാതിരുന്നാൽ ബന്ധപ്പെട്ട സംഘത്തിന്റെ അംഗീകാരം റദ്ദ് ചെയ്യുന്നതിനോ നിലവിൽ നിയമത്തിൽ വ്യവസ്ഥയില്ല.

**സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന് ആദായനികുതി**

86 (3240) ശ്രീ. കെ. വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷത്തിലധികം രൂപ സഹകരണ ബാങ്കുകളിൽ നിക്ഷേപം നടത്തി 10,000 രൂപയിൽ കൂടുതൽ പലിശ ലഭിക്കുന്നപക്ഷം ആയതിന് നികുതി ഏർപ്പെടുത്തിയ കേന്ദ്ര ആദായ നികുതി വകുപ്പിന്റെ നടപടിയുടെ ഭാഗമായി സഹകരണ ബാങ്കുകളിൽനിന്ന് വൻതോതിൽ നിക്ഷേപം ചോർന്നുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഈ നടപടിയുടെ ഭാഗമായി സഹകരണ ബാങ്കുകൾ നഷ്ടത്തിലും പ്രവർത്തനരഹിതവുമാകുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ പശ്ചാത്തലത്തിൽ ടി സാഹചര്യം മറികടക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ഒരു സർവ്വകക്ഷി സംഘത്തെ അയക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിക്ഷേപങ്ങളുടെ പലിശ ഇനത്തിൽ ഒരു സാമ്പത്തിക വർഷം 10,000 രൂപയോ അതിലധികമോ നൽകിയിട്ടുള്ള സഹകരണ ബാങ്കുകൾ ആദായ നികുതി ഈടാക്കണമെന്ന ആദായ നികുതി നിയമത്തിലെ വ്യവസ്ഥ നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുകയും സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നിക്ഷേപം പിൻവലിക്കപ്പെടാൻ സാധ്യതയുള്ളതിനാൽ സംഘങ്ങൾ/ബാങ്കുകൾക്ക് ദോഷകരമാകുമോ എന്നുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദായനികുതി നിയമം വകുപ്പ് 194(എ)യിൽ വന്ന ഭേദഗതി പ്രകാരം 2015 ജൂൺ 1 മുതൽ പ്രസ്തുത വ്യവസ്ഥ നിലവിൽ വരികയുണ്ടായി. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത സഹകരണ സംഘങ്ങൾ, അംഗങ്ങളുടെ നിക്ഷേപങ്ങൾക്കുനൽകുന്ന പലിശയ്ക്ക് ആദായനികുതി ഈടാക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുണ്ട്.

(ബി) രാജ്യത്തൊട്ടാകെ സഹകരണ ബാങ്കുകൾക്കും പോസ്റ്റോഫീസ് ഉൾപ്പെടെ എല്ലാ ബാങ്കുകൾക്കും ബാധകമായ പ്രസ്തുത വ്യവസ്ഥ നടപ്പിലാക്കുകകൊണ്ടുമാത്രം സഹകരണ ബാങ്കുകൾ നഷ്ടത്തിലും പ്രവർത്തന രഹിതവുമാകുന്ന സ്ഥിതിവിശേഷം സംജാതമാകുമെന്ന് കരുതുന്നില്ല. എന്നാൽ സഹകരണ ബാങ്കുകളുടെ നിലവിലുള്ള പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്ന് സഹകരണ മേഖലയ്ക്ക് ആശങ്കയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദായ നികുതി നിയമപ്രകാരം സഹകരണ സ്ഥാപനങ്ങളിൽനിന്നും ആദായ

നികുതി വകുപ്പ് വിവരങ്ങൾ ശേഖരിക്കുന്ന വിഷയം പാർലമെന്റ് സമ്മേളനങ്ങൾക്ക് മുന്നോടിയായുള്ള എം.പി.- മാരുടെ യോഗത്തിൽ ചർച്ച ചെയ്യുകയും ഇതോടൊപ്പംതന്നെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സർവ്വകക്ഷി സംഘത്തെ അയയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ബിൽ കളക്ടർമാരെ സ്ഥിരപ്പെടുത്താൻ നടപടി**

87 (3241) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ബിൽ കളക്ടർമാരായി പ്രവർത്തിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അവരുടെ സേവന വേതന വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ടോ;

(സി) ബിൽ കളക്ടർമാരുടെ സേവന വേതന വ്യവസ്ഥ, തൊഴിൽ സ്വഭാവം എന്നിവയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ശ്രീ.ശൂരനാട് രാജശേഖരൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഉള്ളടക്കം പ്രസിദ്ധീകരിക്കുമോ; അത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്ന് സമർപ്പിക്കുമെന്ന് പറയാൻ കഴിയുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ജില്ലാ സഹകരണ ബാങ്കുകളിലും ചില പ്രാഥമിക സഹകരണ ബാങ്കുകളിലും ബിൽ കളക്ടർമാരുടെ സ്ഥിരം തസ്തിക നിലവിലുണ്ട്. എന്നാൽ വായ്പാ സഹകരണ സംഘങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ നിക്ഷേപ/വായ്പാ പിരിവുകാരായി സേവനമനുഷ്ഠിച്ചവരിൽ ആറുമാസത്തിൽ കുറയാത്ത സേവന ദൈർഘ്യമുള്ളവരെ അതേ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി വ്യവസ്ഥ ചെയ്തുകൊണ്ട് സഹകരണ സംഘം രജിസ്ട്രാറുടെ 13-4-2005-ലെ 10/2005 നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജില്ലാ സഹകരണ ബാങ്കുകളിലെ ബിൽ കളക്ടർമാരുടെ സേവന

വേതന വ്യവസ്ഥകൾ ഇതിനകം പരിഷ്കരിച്ചിട്ടുണ്ട്. പ്രാഥമിക ബാങ്കിലെ ബിൽ കളക്ടർമാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സഹകരണ സ്ഥാപനങ്ങളിൽ സ്ഥിരം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ബിൽ കളക്ടർമാരുടെ സേവനവേതന വ്യവസ്ഥകൾ, തൊഴിൽ സ്വഭാവം എന്നിവയെക്കുറിച്ച് പഠിക്കാൻ പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അഡ്വ. പി. എം. സുരേഷ്ബാബു ചെയർമാനായി കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ രജിസ്ട്രാറുടെ കീഴിലുള്ള സഹകരണ സംഘങ്ങൾ**

88 (3242) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ എത്ര സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇവയിൽ എത്ര സംഘങ്ങൾക്കാണ് മാനേജീരിയൽ സബ്സിഡി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സബ്സിഡി വാങ്ങിയ സംഘങ്ങളെല്ലാം പ്രവർത്തിക്കുന്നവയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത്തരം പരിശോധനയിൽ പ്രവർത്തനരഹിതമായ സംഘങ്ങളെ കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇത്തരം സംഘങ്ങൾക്കെതിരെ എന്തെങ്കിലും നടപടി

സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ ആകെ 1664 സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 272 |
| കൊല്ലം | 126 |
| പത്തനംതിട്ട | 48 |
| ആലപ്പുഴ | 45 |
| കോട്ടയം | 78 |
| ഇടുക്കി | 57 |
| എറണാകുളം | 116 |
| തൃശ്ശൂർ | 143 |
| പാലക്കാട് | 107 |
| മലപ്പുറം | 121 |
| കോഴിക്കോട് | 210 |

| | |
|---|---|
| വയനാട് | 28 |
| കണ്ണൂർ | 193 |
| കാസർഗോഡ് | 94 |
| ഒന്നിൽകൂടുതൽ ജില്ലകളിലോ സംസ്ഥാനം മുഴുവനായോ പ്രവർത്തന പരിധിയായി രജിസ്റ്റർ ചെയ്ത സംഘങ്ങൾ | 26 |
| ആകെ | 1664 |

(സി) ഇവയിൽ എറണാകുളം ജില്ലയിൽ രജിസ്റ്റർ ചെയ്ത 2 സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി നൽകിയിട്ടുണ്ട്.

(ഡി) സബ്സിഡി വാങ്ങിയിട്ടുള്ള 2 സംഘങ്ങളും പ്രവർത്തിക്കുന്നവയാണ്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

**സഹകരണ സേവന മേഖലകളുടെ ഏകോപനത്തിന് നിയമത്തിൽ ഭേദഗതി**

89 (3243) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയേയും സേവന മേഖലയേയും ഒരുമിച്ച് കൊണ്ടുപോകാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി സഹകരണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം

പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് വഴി പ്രാദേശിക ബാങ്കിംഗ് മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ മേഖല ബാങ്കിംഗ്, ആതുര ശുശ്രൂഷ, ടൂറിസം, വിദ്യാഭ്യാസം തുടങ്ങി നിരവധി സേവന പ്രവർത്തനങ്ങളിലേർപ്പെട്ടു വരുന്നുണ്ട്. ഇതിലേക്കായി അതാത് മേഖലയിൽത്തന്നെ പ്രത്യേകം സംഘങ്ങൾ രൂപീകരിച്ചുകൊണ്ടും കൂടാതെ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ സേവന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുമാണ് ഇത് സാധ്യമാക്കുന്നത്. എന്നാൽ ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ബാങ്കിംഗ് ബിസിനസ് നടത്തുന്ന സഹകരണ ബാങ്കുകൾക്ക് ബാങ്കിംഗ് ഇതര സേവന മേഖലയിൽ പ്രവർത്തിക്കാൻ കഴിയില്ല. സംസ്ഥാന തലത്തിൽ ധനസഹായ ബാങ്കായി പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളും സേവന മേഖലയിൽ പ്രവർത്തിക്കുന്നതും അഫിലിയേഷൻ ഉള്ളതുമായ സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുന്നുണ്ട്. സഹകരണ സംഘങ്ങളുടെ അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സബ്സിഡിയായി സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള വ്യവസ്ഥ കേരള സഹകരണ സംഘം ഭേദഗതി നിയമം 2013 (2013 ലെ 8-ാം നമ്പർ നിയമം)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അംഗങ്ങളുടെ ക്ഷേമത്തിനായി സഹകരണ സംഘങ്ങൾ തമ്മിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥയും 2013-ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ വകുപ്പ് 14 ബി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായി സഹകരണ സംഘങ്ങൾക്ക് സബ്സിഡിയായി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും സംഘങ്ങൾ തമ്മിലുള്ള പങ്കാളിത്തം ഉറപ്പ

വരുത്തുന്നതിനുമായി മേൽ പരാമർശിച്ച പ്രകാരം 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം ഇതിലേക്കുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ഡി) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം സേവന മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സബ്സിഡിയായി സ്ഥാപനങ്ങൾ രൂപീകരിക്കാനും പങ്കാളിത്ത വ്യവസ്ഥയിൽ പ്രവർത്തിക്കാനും കഴിയും. രാജ്യത്തെ ബാങ്കിംഗ് നിയമം വിവക്ഷിക്കുന്ന തരത്തിലുള്ള ബാങ്കിംഗ് സേവനങ്ങൾ എല്ലാം നൽകാതെ അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിച്ച് അംഗങ്ങൾക്ക് മാത്രം വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾക്കുമേൽ പരാമർശിച്ച നിയമ വ്യവസ്ഥകൾക്ക് പ്രകാരം അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**റാന്നി താലൂക്ക് തൊഴിൽദായക ക്ഷേമ സഹകരണ സംഘം**

90 (3244) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് തൊഴിൽദായക ക്ഷേമ സഹകരണ സംഘം P.T.277 എന്ന പേരിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടോ;എങ്കിൽ എന്നാണ് ഇത് രജിസ്റ്റർ ചെയ്തിട്ടുള്ളത്; എത്ര അംഗങ്ങളാണ് ഈ സംഘത്തിൽ ഉള്ളത്; ആരൊക്കെയാണ് പ്രൊമോട്ടർമാർ;

(ബി) സംഘം തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ; ഏതു രീതിയിലുള്ള തെരഞ്ഞെടുപ്പാണ് നടന്നതെന്ന് വിശദമാക്കാമോ;

(സി) സംഘം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ടോ; തെരഞ്ഞെടുപ്പ് നടത്തുന്നതു സംബന്ധിച്ച് കോടതി എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ; എങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നതെന്നു വിശദമാക്കാമോ;

(ഡി) കോടതി നിർദ്ദേശങ്ങൾക്ക് അനുസൃതമായാണോ തെരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും നടത്തിയത്; കേസിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ഹൈക്കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 23-3-2015-ൽ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിലവിൽ 114 അംഗങ്ങൾ ഉണ്ട്.

പ്രൊമോട്ടർമാരുടെ വിവരം:

1. സാബു. പി. ജോയി, പാറാനിക്കൽ വീട്, റാന്നി പി.ഒ.

2. സന്തോഷ്കുമാർ. പി.എൻ., പാറ്റുർകിഴക്കേതിൽ, ഇടക്കുളം

3. രാജൻ പി. കെ, പൗർണ്ണമി, മന്ദിരം പി.ഒ., റാന്നി

4. ജയകുമാരി എൻ. എസ്., കൃഷ്ണമംഗലം, തോട്ടമൺ, റാന്നി പി.ഒ.

5. പ്രഭാ. ജി. നായർ, വെട്ടിമേപ്രത്ത് വീട്, തോട്ടമൺ.

6. തിലകശ്രീ. ആർ, ശ്രീവത്സം, മുണ്ടപ്പുഴ, റാന്നി പി.ഒ.

7. തങ്കമ്മജോയി, കടക്കേത്ത്ഉണ്ടിയിൽ, മന്ദിരം പി.ഒ.

8. കെ. വി. തോമസുകുട്ടി, കഞ്ഞിക്കുഴിയിൽ, റാന്നി പി.ഒ.

9. കെ. എസ്. തോമസ്, പാറാനിക്കൽ ഗ്രീൻവ്യൂ, ഇടക്കുളം പി.ഒ.

10. എ. ഒ. ഉണ്ണിക്കുട്ടൻ, ഇടശ്ശേരിയിൽ വീട്, തോട്ടമൺ, റാന്നി പി.ഒ.

11. സെൻ സഖറിയ, കുന്നിരിക്കൽ വീട്, തോട്ടമൺ, റാന്നി പി.ഒ.

12. വാസുദേവൻ വി. കെ. വിളയിൽ വീട്, ഉതിമൂട്, റാന്നി പി.ഒ.

13. പി. കെ. പുരുഷോത്തമൻ, കിഴക്കേമുറിയിൽ, റാന്നി പി. ഒ.

14. ഡോ. വി. ആർ. മോഹനൻ നായർ, വാണിയം പറമ്പിൽ, മന്ദിരം പി.ഒ.

15. ഷൈൻ ജി. കുറുപ്പ്, ഈട്ടികാലയിൽ വീട്, മന്ദിരം പി.ഒ.

16. അഡ്വ. മുഹമ്മദ് മുസ്തഫ, പൗവ്വത്ത് പുത്തൻവീട്, മന്ദിരം

17. സാബുകുട്ടി ജോയി, പുതുചിറയിൽ വീട്, മന്ദിരം പി.ഒ.

18. ശ്യാമള മോഹൻ, കിഴക്കേടത്ത്, തോട്ടമൺ, റാന്നി

19. എബ്രഹാം മാമ്മൻ, ചെത്തോംകര വീട്, പഴവങ്ങാടി

20. ജി. സതീഷ്, ലതാഭവൻ, ചെറുകുളഞ്ഞി പി.ഒ., റാന്നി

21. ഇ. സി. സന്തോഷ് കുമാർ, ഇഞ്ചോലിൽ വീട്, ഉതിമൂട്.

22. ടി. ടി. ജോസഫ്, തോപ്പിൽ പുത്തൻപുരയിൽ, ഉതിമൂട്.

23. ഫിലിപ്പ് പി. കുര്യാക്കോസ്, പുതുചിറകാലായിൽ, മന്ദിരം

24. കെ. ഒ. സ്കറിയ, കുന്നരിക്കൽ വീട്, തോട്ടമൺ

25. റോയി മാത്യൂ, പാറാനിക്കൽ വീട്, റാന്നി പി. ഒ.

26. പി. എച്ച്. ഷാജുദ്ധീൻ, പാറപ്പാട്ട് വീട്, പുതുശ്ശേരിമല

27. സൈജു വി. എസ്. നായർ, വലിയകാലയിൽ വീട്, പുതുശ്ശേരിമല പി.ഒ.

28. സി. കെ ബാലൻ, കേശവ വിലാസം, ചെല്ലക്കാട് പി.ഒ.

(ബി) ഉണ്ട്. 1969 – ലെ കേരള സഹകരണ സംഘം ആക്ട് വകുപ്പ് 28 ബി ചട്ടം 35 (എ) ഉപചട്ടം (4) (2) എന്നിവ പ്രകാരം സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ കമ്മീഷണർ 8-5-2015-ൽ പുറപ്പെടുവിച്ച ഇ(1)1791/15 എസ്.സി.ഇ.സി. നമ്പർ തെരഞ്ഞെടുപ്പ വിജ്ഞാപനപ്രകാരമാണ് തെരഞ്ഞെടുപ്പ് നടന്നിട്ടുള്ളത്. വിജ്ഞാപനപ്രകാരം തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണത്തിൽ കൂടുതൽ അംഗങ്ങൾ മത്സര രംഗത്ത് അതാത് മണ്ഡലങ്ങളിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ വോട്ടെടുപ്പ് വേണ്ടി വന്നില്ല.

(സി) സംഘം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)നമ്പർ 16889/2015(1) കേസ് നിലനിൽക്കുന്നുണ്ട്. 16-6-2015 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) നം. 16889/2015(1)

കേസിൽ 19-6-2015-ൽ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ കോടതി തെരഞ്ഞെടുപ്പു നടപടികളിൽ ഇടപെടുന്നില്ല എന്നും തെരഞ്ഞെടുപ്പ് നേരത്തെ തീരുമാനിച്ചതിൻപ്രകാരംതന്നെ നടത്താവുന്നതാണെന്നും തെരഞ്ഞെടുപ്പ് ഫലം റിട്ട് പെറ്റീഷന്റെ വിധിക്കു വിധേയമായിരിക്കുമെന്നും ഇടക്കാല ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) കോടതി നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് തെരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും നടത്തിയിട്ടുള്ളത്. കേസിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ 8-6-2015, 25-6-2015 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

**വായ്പാ പലിശ നിരക്ക്**

91 (3245) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിൽ പലിശനിരക്ക് കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം വായ്പകൾക്കാണ് പലിശനിരക്ക് കുറച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് ഇത് ബാധകമായിട്ടുള്ളത്;

(ഡി) ഏത് തീയതി മുതൽക്കാണ് ഇതിന് പ്രാബല്യമുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും നൽകുന്ന വിവിധ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ 15 ശതമാനമായും, സ്വർണ്ണപണയ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് 12 ശതമാനമായും, നിജപ്പെടുത്തിക്കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ക്യാഷ് ക്രെഡിറ്റ്/ഓവർ ഡ്രാഫ്റ്റ്, മോർട്ട്ഗേജ്/ഭൂസ്വത്ത് വാങ്ങാൻ, സാധാരണ വായ്പാ, ബിസിനസ് വായ്പ, വ്യവസായ വായ്പ, സ്വർണ്ണപ്പണയ വായ്പ എന്നിവയ്ക്ക് 30-5-2014 മുതൽ പലിശ നിരക്ക് കുറച്ചിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്കുമാണ് ഈ നിരക്കുകൾ ബാധകമായിട്ടുള്ളത്.

(ഡി) പുതുക്കിയ വായ്പാ പലിശ നിരക്കുകൾക്ക് 30-5-2014 മുതലാണ് പ്രാബല്യമുള്ളത്.

**കേപ്പ് എടുത്തിട്ടുള്ള വായ്പകൾ**

92 (3246) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പ് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേപ്പിന് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഓവർഡ്രാഫ്റ്റ് നൽകുന്നത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലാസഹകരണ ബാങ്കിൽ നിന്നും കേപ്പ് വായ്പ എടുത്തിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് വായ്പയായി എടുത്തത്; എന്നാണ് വായ്പ എടുത്തത്; പണയമായി നൽകിയത് എന്താണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 74.86 കോടി രൂപ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്.

(ബി) ഉണ്ട്. ഈട് നൽകിയ കൊച്ചി മെഡിക്കൽ കോളേജും അതുൾപ്പെടുന്ന സ്ഥലവും സർക്കാർ ഏറ്റെടുത്തതുകൊണ്ട്.

(സി) ഇല്ല. ക്യാഷ് ക്രെഡിറ്റ് അക്കൗണ്ട് ആരംഭിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചുവരുന്നു.

**സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വായ്പാ പദ്ധതികൾ**

93 (3247) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വായ്പ നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം കർഷകർക്ക് എത്ര രൂപ വായ്പ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം മേഖലകൾക്കാണ് വായ്പകൾ നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) കർഷകർക്കുള്ള വായ്പാ പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കിന് എന്തെല്ലാം അധികാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമഗ്ര കാർഷിക-ഗ്രാമീണ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് വിവിധ ഹ്രസ്വകാല-ദീർഘകാല വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അവ ചുവടെ പറയുന്നവയാണ്:

1. കാർഷിക വായ്പാ പദ്ധതികൾ :

എ. സാധാരണ വായ്പകൾ

ബി. പദ്ധതി വായ്പ

സി. ഹ്രസ്വകാല കാർഷിക വായ്പ

ഡി. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് വായ്പ

2. കാർഷികേതര വായ്പാ പദ്ധതികൾ :

എ. വ്യവസായ വായ്പ

ബി. വിദ്യാഭ്യാസ വായ്പ

സി. വാഹന വായ്പ

ഡി. സ്വരോജ്ഗാർ ക്രെഡിറ്റ് കാർഡ് വായ്പ

3. ഭവന വായ്പ :

എ. പുതിയ ഭവന നിർമ്മാണം

ബി. ഭവനം വാങ്ങുന്നതിന്

സി. നിലവിലുള്ള ഭവനം അറ്റകുറ്റപ്പണി നടത്തുന്നതിന്

4. മറ്റ് വായ്പാ പദ്ധതികൾ :

എ. സ്വർണ്ണ പണയ വായ്പ

ബി. കൺസ്യൂമർ വായ്പ

സി. ട്രേഡേഴ്സ് വായ്പ

ഡി. സെക്കന്റ് ഹാൻഡ് വാഹന വായ്പ

ഇ. ക്യാഷ് ക്രെഡിറ്റ്

എഫ്. വിവാഹ സഹായ വായ്പ

ജി. റബ്ബർ സ്ലോട്ടർ ടാപ്പിംഗ് നടത്തുന്നതിനുള്ള വായ്പ

എച്ച്. പേഴ്സണൽ ലോൺ

ഐ. പിൽഗ്രിമേജ് ലോൺ.

(ബി) നടപ്പുസാമ്പത്തിക വർഷം 2200.00 കോടി രൂപയാണ് വായ്പ നൽകുന്നതിനായി ലക്ഷ്യമിട്ടിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കാർഷിക വായ്പ | : 650 കോടി രൂപ |
| കാർഷികേതര വായ്പ | : 280 കോടി രൂപ |
| ഭവന വായ്പ | : 930 കോടി രൂപ |

മറ്റ് ഹ്രസ്വകാല വായ്പകൾ : 340 കോടി രൂപ

(സി) കാർഷികം, കാർഷികേതരം, ഭവന വായ്പ, മറ്റ് ഹ്രസ്വകാല വായ്പകൾ എന്നീ മേഖലകളിലാണ് വായ്പകൾ നൽകിവരുന്നത്.

(ഡി) 1984 ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ആക്ടിനും ചട്ടങ്ങൾക്കും വിധേയമായി കർഷകർക്കുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബാങ്കിന് അധികാരമുണ്ട്.

**പുന്നപ്ര സാഗര സഹകരണ ആശുപത്രി സൂപ്രണ്ടിനെതിരെയുള്ള പരാതി**

94 (3248) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര സാഗര സഹകരണ ആശുപത്രി സൂപ്രണ്ട് കൃത്യമായി ആശുപത്രിയിൽ എത്തുന്നില്ലെന്നും ആഴ്ചയിൽ ഒരു ദിവസം വന്ന് ഒപ്പിട്ട് പോകുന്നുവെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) യു.എസ്.ജി. സ്കാൻ പ്രവർത്തിപ്പിക്കാൻ റേഡിയോളജിസ്റ്റില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റേഡിയോളജിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർജറി, ഓർത്തോ, കാർഡിയോളജി എന്നീ വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നെഫ്രോളജി വിഭാഗം ഡോക്ടറുടെ സേവനം പൂർണ്ണതോതിൽ ലഭ്യമായാൽ മാത്രമേ സാഗര ആശുപത്രിയിൽ 24 മണിക്കൂറും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം പരിശോധിച്ചു വരുന്നു.

(സി) നിലവിൽ HLL Life Care Limited-ന്റെ സഹകരണത്തോടെ 24

മണിക്കൂറും ടെലിറേഡിയോളജി സംവിധാനം സാഗര ആശുപത്രിയിൽ ലഭ്യമാണ്.

(ഡി) സർജറിയിലും ഓർത്തോയിലും കാർഡിയോളജിയിലും നിലവിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

**പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം**

95 (3249) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് എന്നതിനെക്കുറിച്ച് വിശദവിവരം നല്കുമോ ;

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് കോർ ബാങ്കിംഗിന് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കുന്നതിന് സംഘങ്ങൾക്കുള്ള സ്വാതന്ത്ര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി സഹകരണ രജിസ്ട്രാറുടെ അനുമതി നിർബന്ധമാക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ വായ്പാ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു.

(ബി) കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. മുതലായ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ അംഗങ്ങൾക്കും/പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) നിലവിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും

ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണസമിതിയാണ്.

(ഡി) കോർ ബാങ്കിംഗ് നടപ്പിൽ വരുത്തുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ ടി സംവിധാനങ്ങൾ നടപ്പിൽ വരുത്തുമ്പോൾ പൊതു ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്.

**പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ**

96 (3250) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്;

(ബി) ഇവയിലെല്ലാം കൂടി എത്ര കോടി രൂപയാണ് കാർഷിക വായ്പയായി 2014-15 സാമ്പത്തിക വർഷം നൽകിയിട്ടുള്ളത്;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പച്ചക്കറികളിലും ഭക്ഷ്യ ഉൽപന്നങ്ങളിലും മാരകമായ വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ട് എന്ന വാർത്തകൾ പുറത്തുവരുന്നതിന്റെ ഭാഗമായി കർഷകർ ജൈവകൃഷിയിലേയ്ക്ക് വലിയ തോതിൽ ആകൃഷ്ടരാകുന്നുണ്ട് എന്നത് കണക്കിലെടുത്ത് ഇപ്രകാരമുള്ള കാർഷിക വായ്പ കർഷകർക്ക് ലളിതമായ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 1604 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന 3642.15 കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്.

(സി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി സഹകരണ സ്ഥാപനങ്ങൾ മുഖേന നെൽകൃഷിക്കും പച്ചക്കറിക്കും ഉൾപ്പെടെ കാർഷിക വിള വായ്പകൾ വിതരണം ചെയ്തുവരുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ നിലവിൽ 7% പലിശ നിരക്കിലാണ്

നൽകിവരുന്നത്. ടി വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് സംസ്ഥാന സർക്കാരിന്റെ 5% പലിശ ഇളവ് നൽകി വരുന്നുണ്ട്. ഇതിന് പുറമേ 31-7-2015 വരെ എടുക്കുന്ന വായ്പകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ പരമാവധി 3% പലിശ ഇളവും ലഭ്യമാണ്. പൊതുവിൽ ലളിതമായ വ്യവസ്ഥയിലാണ് കാർഷിക വായ്പകൾ നൽകി വരുന്നത്.

**പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ**

97 (3251) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലെ ദിവസ വേതന ജീവനക്കാർക്ക് ശമ്പളം കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽ താത്കാലിക ജീവനക്കാരായി എത്ര പേർ ജോലി ചെയ്യുന്നു എന്നറിയിക്കാമോ; താത്കാലിക ജീവനക്കാരിൽനിന്ന് ESI, PF വിഹിതമായി പിടിക്കുന്ന തുക ബന്ധപ്പെട്ട വകുപ്പുകളിൽ എത്തുന്നില്ല എന്ന പരാതിയുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ തുക അടയ്ക്കുവാനുണ്ടെന്ന് അറിയിക്കാമോ; കുടിശ്ശിക അടിയന്തരമായും തുടർന്നുള്ള വിഹിതം കൃത്യമായും അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഇതുവരെ എത്ര ത്രിവേണി സ്റ്റോറുകൾ പൂട്ടിയിട്ടുണ്ട്; ഇത് ഏതെല്ലാം ജില്ലകളിൽ എത്രയെണ്ണം വീതമെന്ന് അറിയിക്കാമോ; ഇവിടങ്ങളിലെ ജീവനക്കാരെ എവിടെ നിയമിച്ചു എന്നും അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ത്രിവേണി സൂപ്പർമാർക്കറ്റുകളിൽ താൽക്കാലിക ജീവനക്കാരായി 915 പേർ ജോലി ചെയ്യുന്നു. താൽക്കാലിക ജീവനക്കാരിൽനിന്ന് ESI, PF വിഹിതമായി പിടിക്കുന്ന തുക ചില റീജിയണുകളിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം ഭാഗികമായി മാത്രമേ അടച്ചിട്ടുള്ളൂ. പ്രോവിഡന്റ് ഫണ്ട് തുക നവംബർ 2014 വരെ അടച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ വിഹിതംകൂടി ചേർത്ത് മാത്രമേ ജീവനക്കാരിൽനിന്നും പിടിച്ച പ്രോവിഡന്റ് ഫണ്ട് തുകകൾ അടയ്ക്കാൻ കഴിയുകയുള്ളൂ. സബ് കോഡുകൾ അനുവദിച്ച് ലഭിക്കാത്തതും തുക അടയ്ക്കാൻ വൈകുന്നതിന് കാരണമായിട്ടുണ്ട്. കുടിശ്ശിക തുക എത്രയും വേഗത്തിൽ അടയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് ഇതുവരെ 30 ത്രിവേണികൾ പൂട്ടിയിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ത്രിവേണികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 7 |
| കൊല്ലം | 4 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 3 |
| കോട്ടയം | 7 |
| എറണാകുളം | 5 |
| തൃശ്ശൂർ | 2 |
| വയനാട് | 1 |
| ആകെ | 30 |

പ്രവർത്തനം അവസാനിപ്പിച്ച ത്രിവേണികളിലെ ജീവനക്കാരെ കൺസ്യൂമർഫെഡിന്റെ മറ്റ് യൂണിറ്റുകളിലേക്ക് പുനർവിന്യസിപ്പിച്ചിട്ടുണ്ട്.

**ചടയമംഗലം മണ്ഡലത്തിൽ നന്മ സ്റ്റോറുകൾ**

98 (3252) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ എത്രയെണ്ണം പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 17 നന്മ സ്റ്റോറുകൾ ആരംഭിച്ചിരുന്നു. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള 4 നന്മ സ്റ്റോറുകൾ

നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ചടയമംഗലം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി ചുവടെ ചേർക്കുന്ന 17 നന്മ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്:

| ക്രമ നമ്പർ | പഞ്ചായത്ത് | നന്മ സ്റ്റോറുകൾ |
|---|---|---|
| 1 | കടയ്ക്കൽ | 2 |
| 2 | ചടയമംഗലം | 1 |
| 3 | കരിയോട് | 1 |
| 4 | നിലമേൽ | 1 |
| 5 | ചിതറ | 4 |
| 6 | ഇട്ടിവ | 1 |
| 7 | ഇളമാട് | 3 |
| 8 | വെളിനെല്ലൂർ | 3 |
| 9 | അലയമൺ | 1 |
| | ആകെ | 17 |

സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 4 നന്മ സ്റ്റോറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | നന്മ സ്റ്റോറുകൾ |
|---|---|---|
| 1 | ചടയമംഗലം | 2 |
| 2 | കടയ്ക്കൽ | 2 |
| | ആകെ | 4 |

(സി) കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിലുള്ള 16 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള 4 നന്മ സ്റ്റോറുകളും ഇപ്പോൾ

പ്രവർത്തിച്ചു വരുന്നുണ്ട്.

**ത്രിവേണി സ്റ്റോറുകളിലെ ദിവസവേതന ജീവനക്കാർ**

99 (3253) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിവേണി സ്റ്റോറുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത ജീവനക്കാരുടെ വേതന ഘടന തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) ദിവസവേതന ജീവനക്കാർക്ക് ശമ്പളം മുടങ്ങിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം മുടക്കം കൂടാതെ ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ത്രിവേണി സ്റ്റോറുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ 915 ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്.

(ബി) ത്രിവേണി സ്റ്റോറുകളിൽ സെയിൽസ്മാൻ എന്ന തസ്തിക മാത്രമാണ് ദിവസവേതനാടിസ്ഥാനത്തിൽ ഉള്ളത്. ടി തസ്തികയിലുൾപ്പെട്ടവർക്ക് നൽകുന്ന ദിവസവേതനം 300 രൂപയാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ത്രിവേണി യൂണിറ്റുകളിൽ കണക്കുകൾ പൂർത്തീകരിച്ച് സമർപ്പിക്കാത്തതിനാൽ വേതനം നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഫെഡറേഷൻ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

**കാർഷിക വായ്പകൾക്കുള്ള പലിശ**

100 (3254) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകുന്നതിന് നൽകിയിരുന്ന സഹായം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാർഷിക വായ്പയുടെ പലിശയിൽ എത്ര ശതമാനം ഇളവാണ് കേന്ദ്ര സർക്കാർ നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ബാങ്കുകൾ കാർഷിക വായ്പയ്ക്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്;

(സി) കേന്ദ്ര സഹായം പിൻവലിച്ചാലും പലിശ രഹിത കാർഷിക വായ്പ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകുന്നതിന് നൽകിയിരുന്ന പലിശ ഇളവ് പദ്ധതി 2015 ജൂലൈ മാസം 31 വരെയായി നിജപ്പെടുത്തിയിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തവണ തീയതിയിലോ അതിന് മുൻപോ തിരിച്ചടയ്ക്കുന്നവർക്ക് പരമാവധി 3% പലിശ സബ്‌വെൻഷൻ നൽകിവരുന്നു.

(ബി) ബാങ്കുകൾ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശയാണ് ഈടാക്കുന്നത്.

(സി) നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി 4% പലിശ സബ്‌സിഡി സർക്കാർ അനുവദിച്ച് വരുന്നുണ്ട്. 5% പലിശ ഇളവ് അനുവദിക്കാൻ വ്യവസ്ഥയുള്ളതിനാൽ പലിശയിനത്തിൽ ബാക്കി 2% കൂടി അനുവദിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ കേന്ദ്ര സഹായം തുടർന്നും നൽകണമെന്നഭ്യർത്ഥിച്ച് മുഖ്യമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്.

**സുവർണ്ണ കേരളം പദ്ധതി**

101 (3255) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ കേരളം പദ്ധതിപ്രകാരം ജൈവപച്ചക്കറി ഉല്പാദനത്തിനായി നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് സഹായം അനുവദിക്കുന്നത്; കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്;

ഓരോ സ്ഥാപനത്തിനും സഹായം അനുവദിച്ച തുക എത്ര;

(ബി) പ്രസ്തുത പദ്ധതിയിൽ സന്നദ്ധസംഘടനകൾ, പാടശേഖര സമിതി പോലെയുള്ള കാർഷിക മേഖലയിലെ സന്നദ്ധസംഘടനകൾ എന്നിവയ്ക്ക് സഹായം ലഭ്യമാണോ?

<u>ഉത്തരം</u>

(എ&ബി) സുവർണ്ണ കേരളം പദ്ധതി പ്രകാരം ജൈവപച്ചക്കറി ഉൽപ്പാദനത്തിനായി സഹകരണ വകുപ്പിൽനിന്നും ഒരു സ്ഥാപനത്തിനും സഹായം അനുവദിച്ചിട്ടില്ല.

**ആയൂർധാര പഞ്ചകർമ്മ സെന്റർ**

102 (3256) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നവരത്ന ലോട്ടറി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച പേരൂർക്കടയിലെ എസ്.സി./എസ്.ടി. ഫെഡറേഷന്റെ കീഴിലുള്ള ആയുർധാര പഞ്ചകർമ്മ സെന്റർ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെന്റർ പ്രവർത്തിക്കുന്നുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) ആയുർധാര പഞ്ചകർമ്മ സെന്ററിൽ ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:

| Sl.No. | Item |
|---|---|
| 1 | Abhayangam & Swedanam |
| 2 | Choorna Pinda Swedam |

| | |
|---|---|
| 3 | Patra Patola Swedam |
| 4 | Njavara Kizhi & Naranga Kizhi |
| 5 | Udwartanum |
| 6 | Thakradhara |
| 7 | Dhanymla Dhara |
| 8 | Nasyam |
| 9 | Pizhichil |
| 10 | Rooksha Swedam |
| 11 | Sirodhara (Thailam) |
| 12 | Kati Vasti |
| 13 | Head Massage |
| 14 | Matra Vasti |
| 15 | Kashaya Vasti |
| 16 | Ksheera Dhara |
| 17 | Talam |
| 18 | Poochu |
| 19 | Face Massage (Facial) |

**കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ**

103 (3257) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പിനു കീഴിലുള്ള ത്രിവേണി, നൻമ, നീതി സ്റ്റോറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ; വിശദമാക്കുമോ;

<u>ഉത്തരം</u>

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സഹകരണ വുകപ്പിനുകീഴിലുള്ള ത്രിവേണി, നന്മ, നീതി സ്റ്റോറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു?

| സ്റ്റോറുകൾ | എണ്ണം | പ്രവർത്തിക്കുന്ന സ്ഥലം |
|---|---|---|
| ത്രിവേണി സ്റ്റോറുകൾ (കൺസ്യൂമർഫെഡ്) | 1 | കൽപ്പറ്റ |
| നന്മ സ്റ്റോറുകൾ (കൺസ്യൂമർഫെഡ്) | 3 | പൊഴുതന<br>മുട്ടിൽ<br>പള്ളിക്കുന്ന് |
| നന്മ സ്റ്റോറുകൾ (സഹകരണ സംഘങ്ങൾ മുഖാന്തിരം) | 5 | മുട്ടിൽ<br>വാഴവറ്റ<br>വെണ്ണിയോട്<br>കൽപ്പറ്റ<br>കുമ്പളക്കാട് |
| നീതി സ്റ്റോറുകൾ (സഹകരണ സംഘങ്ങൾ മുഖാന്തിരം) | 3 | കൽപ്പറ്റ SCB<br>മടക്കമല SCB<br>മേപ്പാടി STCS |

(ബി) നന്മ സ്റ്റോറുകൾ എല്ലാംതന്നെ ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചിട്ടുള്ളത്.

(സി) പ്രസ്തുത സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നുവെന്നത് പരിശോധിക്കാറുണ്ട്.

**കോഴിക്കോട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ**

104 (3258) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തുവെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത ജില്ലയിൽ രജിസ്റ്റർ ചെയ്ത സംഘങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘങ്ങളിൽ ഇനിയും പ്രവർത്തനം ആരംഭിക്കാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ 77 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഇതുവരെ 210 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത സംഘങ്ങൾ എല്ലാംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ജീവനക്കാരുടെ ശമ്പളം**

105 (3259) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഫെഡറേഷനിലെ മാനേജിംഗ് ഡയറക്ടർ, ബിസിനസ്സ് മാനേജർ എന്നിവർക്കുള്ള ശമ്പളം സംസ്ഥാന സഹകരണ വകുപ്പ് നോൺ പ്ലാൻ ഹെഡിൽ ഉൾപ്പെടുത്തി നൽകുന്നതുപോലെ ഈ സ്ഥാപനത്തിലെ മറ്റു ജീവനക്കാർക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നോൺ പ്ലാൻ ഹെഡിൽ നിന്ന് നൽകാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഫെഡറേഷനിൽ സഹകരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്ന മാനേജിംഗ് ഡയറക്ടർ, ബിസിനസ്സ് മാനേജർ, തൃശ്ശൂർ ആയുർധാരാ മാനേജർ എന്നിവർക്കുള്ള ശമ്പളം സംസ്ഥാന സഹകരണ വകുപ്പ് പ്ലാൻ ഹെഡിൽനിന്നുമാണ് നല്കുന്നത്. ഫെഡറേഷനിലെ മറ്റു ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നോൺ പ്ലാൻ ഹെഡിൽ തുക വകയിരുത്തുന്നതിന് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**വായ്പയുമായി ബന്ധപ്പെട്ട സഹായങ്ങൾ**

106 (3260) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പ എഴുതി തള്ളുന്ന പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പയുമായി ബന്ധപ്പെട്ട് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ കഴിയുക എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്ന് വായ്പ എടുത്ത വായ്പക്കാരൻ മരണപ്പെട്ടാൽ അവരെ വായ്പാബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നതിനായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 1-4-2008 മുതൽ നടപ്പിലാക്കി വരുന്നു.

(ബി) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്കു വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി

നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതി തള്ളാവുന്നതാണ്. വായ്പ എടുത്തശേഷം വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പ മുതലിനത്തിൽ പരമാവധി 75,000 രൂപയുടെ ആനുകൂല്യവും ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന ഇതിലേക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും നൽകുന്ന ഓരോ വായ്പകളിൽനിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് വായ്പക്കാരനിൽനിന്നും ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അടക്കേണ്ടതായിട്ടുണ്ട്.

### കൺസ്യൂമർഫെഡ് മുൻ എം.ഡി. നടത്തിയ ക്രമക്കേടുകൾ

107 (3261) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ് മുൻ എം.ഡി. ശ്രീ. റിജി ജി. നായരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യാൻ കാരണമായ ക്രമക്കേടുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ടിയാനെതിരെ എത്ര തുകയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ടിയാനെതിരെ എന്നാണ് വിജിലൻസ് റിപ്പോർട്ട് നൽകിയത്; വിശദമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡ് മുൻ എം.ഡി. ശ്രീ. റിജി ജി. നായരെ 3-6-2015-ലെ സ.ഉ.(സാധാ)76/15/വിജി നമ്പർ ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന ആരോപണങ്ങളുടെ വെളിച്ചത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

1. കൺസ്യൂമർഫെഡിൽ 2011-12 കാലയളവിൽ സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളിലും സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങളിലും ഇളവ് വരുത്തുകയും ചെയ്തതുമൂലം സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും കൺസ്യൂമർഫെഡിലേക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന വിതരണക്കാർക്ക് ലാഭമുണ്ടാക്കുകയും ചെയ്തു.

2. ഫെഡറേഷന് ഗുണനിലവാരം കുറഞ്ഞ അത്യാവശ്യ സാധനങ്ങൾ എത്തിക്കുന്നതിന് വിതരണക്കാരെ അനുവദിച്ചു.

3. വിവിധ തലങ്ങളിൽ സ്റ്റോക്ക് സംബന്ധിച്ച വ്യക്തമായ കണക്കുകൾ സൂക്ഷിക്കാതെ സ്റ്റോക്കിൽ കൃത്രിമം കാണിച്ചതിനെ തുടർന്ന് സർക്കാരിന് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാക്കി.

(ബി & സി) ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**കൺസ്യൂമർഫെഡ് അഴിമതി**

108 (3262) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ് അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും ഇതിൽ എത്ര കേസുകളിലാണ് അന്വേഷണം നടക്കുന്നതെന്നും വിശദമാക്കാമോ ;

(ബി) കൺസ്യൂമർ ഫെഡിലെ വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ പ്രസിഡന്റ് ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) ആഭ്യന്തര അന്വേഷണത്തിന് ഉത്തരവിട്ടശേഷം ആഭ്യന്തര പരിശോധനാതലവനെതിരെ ആഭ്യന്തര മന്ത്രി നേരിട്ട് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിരുന്നോ ;

(ഡി) ആഭ്യന്തര അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ വിജിലൻസ് അന്വേഷണത്തിന് കൈമാറിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡ് അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിജിലൻസ് അന്വേഷണ നടപടികൾ തുടർന്നുവരുന്നു.

(ബി) വിജിലൻസ് കേസിന്റെ പരിധിയിൽ പ്രസിഡന്റിനെ ഉൾപ്പെടുത്തിയതായി അറിയില്ല.

(സി & ഡി) ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

**ത്രിവേണിയുടെ മദ്യ സൂപ്പർ മാർക്കറ്റ്**

109 (3263) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ത്രിവേണിയുടെ മദ്യ സൂപ്പർ മാർക്കറ്റ് പുതുതായി ആരംഭിക്കുകയുണ്ടായോ ;

(ബി) എങ്കിൽ എത്ര മദ്യ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചുവെന്നും എന്നു മുതലാണ് ഓരോ ഔട്ട് ലെറ്റും പ്രവർത്തനം ആരംഭിച്ചതെന്നും ഓരോ ഔട്ട് ലെറ്റിലെയും അധികവരുമാനമെത്രയെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ പുതുതായി ആരംഭിക്കുന്ന ഔട്ട് ലെറ്റുകൾ വരുന്നതോടുകൂടി പത്ത് വർഷം കൊണ്ട് സമ്പൂർണ്ണ മദ്യനിരോധനം എങ്ങനെ നടപ്പാക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ - സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ത്രിവേണിയുടെ മദ്യ സൂപ്പർ മാർക്കറ്റുകൾ ഒന്നുംതന്നെ പുതുതായി ആരംഭിച്ചിട്ടില്ല.

**കൺസ്യൂമർഫെഡിലെ ക്രമക്കേട്**

110 (3264) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ എത്ര തുകയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട് ;

(ബി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആയവർ ആരെല്ലാമാണ് ; പ്രസ്തുത ആൾക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) കൺസ്യൂമർഫെഡിൽ കഴിഞ്ഞ 4 വർഷത്തിനിടയിൽ നടന്നതെന്ന് പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച ആധികാരിക റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കുറ്റക്കാരെ കണ്ടെത്താനാകുകയുള്ളൂ.

**കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ**

111 (3265) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിലെ ഇപ്പോഴത്തെ എം.ഡി. ചുമതലയേറ്റതിനുശേഷം നടത്തിയ ആഭ്യന്തര അന്വേഷണത്തിൽ എന്ത് തുകയുടെ സാമ്പത്തിക ക്രമക്കേടാണ് കണ്ടെത്തിയത് ;

(ബി) അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിൽ ഇപ്പോഴത്തെ എം.ഡി. ചുമതലയേറ്റതിനുശേഷം നടത്തിയ ആഭ്യന്തര അന്വേഷണത്തിൽ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപണിയും നടത്തിയത് സംബന്ധിച്ച് കൃത്യമായ തുക തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ 16 പേരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

**കൺസ്യൂമർഫെഡിനെ സംരക്ഷിക്കാൻ നടപടി**

112 (3266) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീതി, നന്മ, ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ, ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ എന്നിവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര എന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര എന്നും വ്യക്തമാക്കാമോ ;

(ബി) കൺസ്യൂമർഫെഡിന്റെ 2006 മുതലുള്ള ടേൺ ഓവർ വർഷം തിരിച്ച്

വ്യക്തമാക്കാമോ ;

(സി) 2006 മുതൽ മദ്യവില്പനയിൽ നിന്ന് കൺസ്യൂമർഫെഡിനു ലഭിച്ച ലാഭം വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്ജറ്റ് വിഹിതമായി കൺസ്യൂമർഫെഡിന് തുക വകയിരുത്തിയിരുന്നോ; വിശദമാക്കാമോ ;

(ഇ) സബ്സിഡി ഇനത്തിൽ സർക്കാരിൽ നിന്ന് എന്തു തുക ലഭിക്കാനുണ്ട് ; വിശദമാക്കാമോ ;

(എഫ്) കൺസ്യൂമർഫെഡിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതിയും ധൂർത്തും അവസാനിപ്പിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിനു കീഴിൽ നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല. 5 ത്രിവേണി സ്റ്റോറുകളും 30 നീതി മെഡിക്കൽ സ്റ്റോറുകളും ലാഭത്തിൽ പ്രവർത്തിക്കുന്നു. നന്മ സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവ എല്ലാംതന്നെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) കൺസ്യൂമർഫെഡിന്റെ 2006 മുതലുള്ള ടേൺ ഓവർ സംബന്ധിച്ച് വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ടേൺ ഓവർ (കോടിയിൽ) |
|---|---|
| 2006-07 | 456.66 |
| 2007-08 | 591.22 |
| 2008-09 | 737.58 |
| 2009-10 | 1015.99 |
| 2010-11 | 1213.92 |
| 2011-12 | 1333.09 |
| 2012-13 | 1688.97 |

| | |
|---|---|
| 2013-14 | 1496.95 |
| 2014-15 | 1572.25 |

(സി) 2006-07 മുതൽ 2014-15 വരെ വിദേശ മദ്യ വ്യാപാരത്തിലൂടെ ലഭിച്ച വിൽപ്പനയും മാർജിനും ലാഭവും ചുവടെ ചേർക്കുന്നു:

| വർഷം | വിൽപ്പന | മാർജിൻ | ലാഭം |
|---|---|---|---|
| 2006-07 | 2898621659.00 | 482910368.39 | 159424191.25 |
| 2007-08 | 3490152006.87 | 581459324.34 | 191958360.38 |
| 2008-09 | 4109181936.00 | 684589710.54 | 226005006.48 |
| 2009-10 | 4947983346.07 | 824334025.46 | 272139084.03 |
| 2010-11 | 5970755026.86 | 994727787.47 | 328391526.48 |
| 2011-12 | 6870760128.15 | 1144668637.35 | 377891807.05 |
| 2012-13 | 7513885707.50 | 1251813358.87 | 413263713.91 |
| 2013-14 | 7689219112.00 | 1281023904.06 | 422907051.16 |
| 2014-15 | 10676441219.00 | 1778695107.09 | 587204267.05 |
| ആകെ | 54167000141.45 | 9024222223.57 | 2979185007.28 |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്ജറ്റ് വിഹിതമായി തുകകൾ വകയിരുത്തിയിരുന്നു. ടി തുകകൾ സംബന്ധിച്ച് വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | നീക്കിയിരുപ്പ് തുക | |
|---|---|---|
| | ബഡ്ജറ്റ് വിഹിതം (കോടി) | അഡീഷണൽ ആതറൈസേഷൻ (കോടി) |

| | | |
|---|---|---|
| 2011-12 | 5.00 | 25.00 |
| 2012-13 | 5.00 | 65.00 |
| 2013-14 | 10.00 | 70.00 |
| 2014-15 | 11.00 | 39.00 |
| 2015-16 | 15.00 | |

(ഇ) കൺസ്യൂമർഫെഡിന്റെ കണക്കുപ്രകാരം സബ്സിഡി ഇനത്തിൽ 409.54 കോടി രൂപ നൽകാനുണ്ട്.

(എഫ്) പോലീസ് വിജിലൻസ് വിഭാഗവും സഹകരണ വകുപ്പ് പരിശോധനാ സംവിധാനവും കൺസ്യൂമർഫെഡിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലും അന്വേഷണ നടപടികൾ നടത്തിവരുന്നു. കുറ്റക്കാരെന്ന് പ്രാഥമികമായി കണ്ടെത്തിയിട്ടുള്ള എല്ലാ ജീവനക്കാരുടെയും പേരിൽ സസ്പെൻഷനുൾപ്പെടെ നടപടികൾ സ്വീകരിച്ച് തുടർ അന്വേഷണം നടത്തിവരുന്നു.

**കുറ്റിക്കോൽ സഹകരണ ബാങ്കിൽ വായ്പ തട്ടിയെടുക്കൽ**

113 (3267) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ കുറ്റിക്കോൽ സഹകരണ ബാങ്കിൽ ജീവനക്കാരുടെ നേതൃത്വത്തിൽ മുക്കുപണ്ടം പണയം വച്ച് വായ്പ തട്ടിയെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം**

114 (3268) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര ത്രിവേണി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, നന്മ സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു എന്ന് വേർതിരിച്ച് വ്യക്തമാക്കുമോ;

(സി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളിൽ എത്രയെണ്ണം പ്രവർത്തനം അവസാനിപ്പിച്ചു എന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിനു കീഴിൽ 272 ത്രിവേണി സ്റ്റോറുകളും 102 നീതി മെഡിക്കൽ സ്റ്റോറുകളും 869 നന്മ സ്റ്റോറുകളും 142 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളും അനുവദിച്ചിരുന്നു.

(ബി) ഇവയിൽ 5 ത്രിവേണി സ്റ്റോറുകളും 30 നീതി മെഡിക്കൽ സ്റ്റോറുകളുമാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നത്. നന്മ സ്റ്റോറുകളും സഞ്ചരിക്കുന്ന ത്രിവേണികളും എല്ലാം നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(സി) ഉണ്ട്. സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 142 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചിരുന്നു. ഇവയിൽ 76 എണ്ണത്തിന്റെ പ്രവർത്തനം ടെണ്ടർവർക്കുമൂലമുള്ള അറ്റകുറ്റപ്പണികൾ, ഡ്രൈവർമാരുടെ ലഭ്യതക്കുറവ്, സ്റ്റോക്ക് പരിമിതികൾമൂലമുള്ള വിൽപ്പനക്കുറവ് എന്നീ കാരണങ്ങളാൽ താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്. ബാക്കിയുള്ള 66 എണ്ണം പ്രവർത്തിച്ചുവരുന്നു. മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമായ രീതിയിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മൊബൈൽ ത്രിവേണികൾ ആരംഭിച്ചത്. യൂണിറ്റുകൾ എല്ലാംതന്നെ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്നു.

(ഡി) സംസ്ഥാനത്ത് ആരംഭിച്ച 142 സഞ്ചരിക്കുന്ന ത്രിവേണികളിൽ 76 എണ്ണത്തിന്റെ പ്രവർത്തനം സാങ്കേതിക കാരണങ്ങളാൽ താല്ക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

**സഹകരണ ബാങ്കുകളിലെ ടൈപ്പിസ്റ്റ് തസ്തികകൾ**

115 (3269) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകളിൽ ആകെ എത്ര ടൈപ്പിസ്റ്റ് തസ്തികകളാണുള്ളത്;

(ബി) എൽ.ഡി. ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ അനുപാതക്രമം എത്രയാണ്;

(സി) നിലവിൽ സഹകരണ വകുപ്പിൽ ആകെ എത്ര എൽ.ഡി. ടൈപ്പിസ്റ്റുകളുണ്ടെന്നും ആകെ എത്ര യു.ഡി.ടൈപ്പിസ്റ്റുകളുണ്ടെന്നും ആകെ എത്ര സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുകളുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) സഹകരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണ്;

(ഇ) ഇപ്പോൾ യു.ഡി. ടൈപ്പിസ്റ്റുകളുടെ എത്ര ഒഴിവുകളുണ്ടെന്നും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുകളുടെ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) 2014-ലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുവാനും അതുപ്രകാരം ഒഴിവുള്ള തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം നൽകുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിൽ 78 എൽ.ഡി ടൈപ്പിസ്റ്റുമാരും 18 യു.ഡി. ടൈപ്പിസ്റ്റുമാരും 29 സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരുമാണ് ഉള്ളത്.

(ഡി) അവസാനമായി ടൈപ്പിസ്റ്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 17-4-2015 നാണ്.

(ഇ) നിലവിൽ 27 യു.ഡി. ടൈപ്പിസ്റ്റിന്റെയും 16 സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെയും ഒഴിവുണ്ട്.

(എഫ്) 2014 ലെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

**കൺസ്യൂമർഫെഡിലെ അഴിമതി**

116 (3270) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ നടക്കുന്നതായ അഴിമതി സംബന്ധിച്ച

വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൺസ്യൂമർഫെഡിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കൺസ്യൂമർഫെഡിൽ നടന്നതായി പറയപ്പെടുന്ന അഴിമതികളിൻമേൽ നടന്ന വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. വിജിലൻസ് വകുപ്പ് രണ്ടുപേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തിയ പരിശോധനകളിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ 16 പേരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## കൺസ്യൂമർഫെഡിന് ലഭിക്കാനുള്ള സബ്സിഡി തുക

117 (3271) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് സപ്ലൈയർമാർക്ക് നൽകാനുള്ള ആകെ തുക എത്രയെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്നും കൺസ്യൂമർഫെഡ് എത്ര രൂപയാണ് നിക്ഷേപമായി സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയായി എടുത്തിട്ടുള്ള തുക എത്രയാണ് ;

(ഡി) 2011 മാർച്ച് മുതൽ 2015 മാർച്ച് വരെ നിർമ്മാണ പ്രവൃത്തികൾക്കും, അറ്റകുറ്റ പണികൾക്കും വേണ്ടി ചെലവഴിച്ച തുക എത്ര എന്ന് വിശദമാക്കാമോ;

(ഇ) സർക്കാരിൽ നിന്നും കൺസ്യൂമർഫെഡിന് ലഭിക്കാനുള്ള സബ്സിഡി തുക എത്രയെന്ന് അറിയിക്കുമോ ;

(എഫ്) 2011 മേയ് മുതൽ 2015 മാർച്ച് വരെ സർക്കാരിൽ നിന്നും ലഭിച്ച സബ്സിഡി തുക എത്ര ?

ഉത്തരം

(എ) കൺസ്യൂമർഫെഡ് സപ്ലൈയർമാർക്ക് ഫെഡറേഷന്റെ കണക്ക് പ്രകാരം 357.99 കോടി രൂപ നൽകാനുണ്ട്.

(ബി) സംസ്ഥാന സഹകരണ ബാങ്കുകളിൽനിന്നും കൺസ്യൂമർഫെഡ് നിക്ഷേപങ്ങൾ സ്വീകരിച്ചിട്ടില്ല.

(സി) സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് 176.17 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് 239.41 കോടി രൂപയും കൺസ്യൂമർ ഫെഡറേഷൻ വായ്പയെടുത്തിട്ടുണ്ട്.

(ഡി) 2011 മാർച്ച് മുതൽ 2015 മാർച്ച് വരെ നിർമ്മാണ പ്രവർത്തികൾക്കും, അറ്റകുറ്റപണികൾക്കും വേണ്ടി 37,92,85,069 രൂപ കൺസ്യൂമർ ഫെഡറേഷൻ ചെലവഴിച്ചിട്ടുണ്ട്.

(ഇ) സർക്കാർ സബ്സിഡിയോടെ സാധനങ്ങൾ വിറ്റ വകയിൽ 2015-16 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 15 കോടി രൂപ ഒഴികെ 100.4572 കോടി രൂപ ഫെഡറേഷന്റെ കണക്ക് പ്രകാരം നൽകാനുണ്ട്. കൺസ്യൂമർ ഫെഡറേഷന്റെ സ്വന്തം സബ്സിഡിയോടെ വിൽപ്പന നടത്തിയതിൽ 294.955 കോടി രൂപ നൽകാനുണ്ട്.

(എഫ്) 2011 മേയ് മുതൽ 2015 മാർച്ച് വരെ സർക്കാരിൽനിന്നും 229.50 കോടി രൂപ സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്.

**ഖാദി തൊഴിലാളികളുടെ മിനിമം വേതനം**

118 (3272) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഖാദി തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടില്ല.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ഖാദി തൊഴിലാളികൾക്ക് നൽകാനുള്ള കുടിശ്ശിക തുക**

119 (3273) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂരക വരുമാന പദ്ധതി അനുസരിച്ച് 2014-15 വർഷത്തിൽ ഖാദി തൊഴിലാളികൾക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് ഖാദി സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പൂരക വരുമാന പദ്ധതിയനുസരിച്ച് 2014-15 വർഷത്തിൽ ഖാദി തൊഴിലാളികൾക്ക് 4,15,59,627 രൂപ കുടിശ്ശിക നൽകാനുണ്ട്. (ഖാദി സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.) *

(ബി) 2015-16 സാമ്പത്തിക വർഷം പരമ്പരാഗത മേഖലയിൽ വരുമാന താങ്ങൽ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) നടപ്പാക്കുന്നതിനുള്ള നടപടികൾ തൊഴിലും നൈപുണ്യവും വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിലേക്ക് പ്രസ്തുത വകുപ്പ് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകൾക്കായി ആകെ 65 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ഖാദിമേഖലയുടെ നവീകരണം**

120 (3274) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോപിനാഥൻ നായർ കമ്മിറ്റി ശിപാർശ അനുസരിച്ച് ഖാദിമേഖല നവീകരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

ഖാദി മേഖല നവീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആദ്യഗഡുവായി അനുവദിച്ച 15.21 കോടി രൂപ ഉപയോഗിച്ച് താഴെ പറയുന്ന പദ്ധതികളാണ് സംസ്ഥാനത്തെ ഖാദി പ്രോജക്ടുകൾവഴിയും ഖാദി സ്ഥാപനങ്ങൾവഴിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. പുതിയ 780 ചർക്കകൾ സ്ഥാപിക്കുക.
2. പുതിയ 650 തറികൾ സ്ഥാപിക്കുക.
3. പുതിയതായി 650 പേർക്ക് പരിശീലനം നൽകുക.
4. പുതിയ 20 റെഡിമെയ്ഡ് പാവ് യൂണിറ്റുകൾ സ്ഥാപിക്കുക.
5. പുതിയ 25 വർക്ക് ഷെഡ്ഡുകൾ സ്ഥാപിക്കുക.
6. നിലവിലെ 60 പഴയ വർക്ക് ഷെഡ്ഡുകൾ റിപ്പയർ ചെയ്യുക.
7. പ്രവർത്തന മൂലധനം നൽകുക.
8. പുതിയതായി ഡൈ ഹൗസ് സ്ഥാപിക്കുക.
9. 10,000 ച.മീറ്റർ വിസ്തീർണ്ണത്തിൽ ഒരു കോട്ടൺ ഗോഡൗൺ സ്ഥാപിക്കുക.
10. പുതിയതായി ഒരു സിൽക്ക് യൂണിറ്റ് സ്ഥാപിക്കുക.

**പുതിയ പദ്ധതികൾ**

121 (3275) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആവിഷ്കരിക്കുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൂർണമായും നടപ്പിലാക്കുകയും ചെയ്ത, അടിസ്ഥാന സൗകര്യവികസന മേഖലയിലെ പദ്ധതികൾ ഏതൊക്കെയായിരുന്നു;

(ബി) ഈ പദ്ധതികൾക്ക് ചെലവഴിച്ച തുകയും, കമ്മീഷൻ ചെയ്ത തീയതിയും, പദ്ധതിയുടെ പേരും വിശദമാക്കാമോ; പദ്ധതി ഓരോന്നിന്റെയും ഭൗതിക നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി)2014-15-ൽ മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി 1225 കോടി സമാഹൃതഫണ്ടായി വകയിരുത്തുകയുണ്ടായി. ഇതിൽ കൃത്യമായി ഡി.പി.ആർ സമർപ്പിക്കുന്ന പദ്ധതികൾക്കാണ് ഫണ്ട് അനുവദിക്കുന്നത്. അതിൻപ്രകാരം ദേശീയ ഗെയിംസ്, കൊച്ചി മെട്രോ, തലസ്ഥാന നഗര വികസന പദ്ധതി എന്നിവയ്ക്ക് യഥാക്രമം 216, 196, 3.95 കോടി രൂപ വീതം അനുവദിക്കുകയുണ്ടായി. 31.03.2015 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം കൊച്ചി മെട്രോയ്ക്ക് 247 കോടി രൂപയും ദേശീയ ഗെയിംസിന് 216 കോടി രൂപയും തലസ്ഥാന നഗര വികസന പദ്ധതിക്ക് 26.87 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സ്മാർട്ട്സിറ്റി പദ്ധതി അന്തിമഘട്ടത്തിലാണ്.

**ശമ്പള പരിഷ്കരണത്തിന് വകയിരുത്തിയ തുക**

122 (3276) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് മാത്രമായി തന്നാണ്ടിലെ ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് ഏത് ഹെഡ്ഡിൽ; എത്ര കോടി രൂപ ആണെന്ന് വിശദമാക്കാമോ;

(ബി) ശമ്പള കമ്മീഷന്റെ ശിപാർശ അതേപടി നടപ്പിലാക്കുന്നതിന് കുടിശ്ശിക ഉൾപ്പെടെ നൽകാൻ മൊത്തം എത്ര കോടി രൂപ തന്നാണ്ടിൽ ആവശ്യമായി വരും; ഇത് സംബന്ധമായ കമ്മീഷന്റെ നിഗമനം എന്താണെന്നറിയാമോ; വിശദമാക്കാമോ;

(സി) ജീവനക്കാർക്കും അധ്യാപകർക്കും തന്നാണ്ടിൽ അർഹമായ ഡി.എ. നൽകുന്നതിനും, ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർ ഉൾപ്പെടെ പുതുതായി സൃഷ്ടിച്ച തസ്തികകളിലുള്ളവർക്ക് തന്നാണ്ടിൽ നൽകേണ്ടതായ ശമ്പളം നൽകുന്നതിനും മൊത്തം എന്തു തുക ആവശ്യമായിവരും; തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക ഇവയ്ക്കെല്ലാം പര്യാപ്തമാണോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കൊണ്ടുണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനായി 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകളുടെ ശമ്പള ശീർഷകങ്ങളിലായി 1750 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് ആയത് പഠിച്ചതിനുശേഷം മാത്രമേ കമ്മീഷന്റെ ശിപാർശ അതേപടി നടപ്പിലാക്കുന്നതിന്

ആവശ്യമായ തുക എത്രയാണെന്ന് കണക്കാക്കുന്നതിന് സാധിക്കുകയുള്ളൂ.

(സി) ജീവനക്കാർക്കും അദ്ധ്യാപകർക്കും തന്നാണ്ടിൽ അർഹമായ ഡി.എ. നൽകുന്നതിന് ബഡ്ജറ്റിൽ 11609.71 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകർ ഉൾപ്പെടെ പുതുതായി സൃഷ്ടിച്ച തസ്തികയിലുള്ളവർക്ക് തന്നാണ്ടിൽ ശമ്പളം നൽകുന്നതിന് ആവശ്യമായ തുകയെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

123 ( T* 3277) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പളകമ്മീഷനെ നിയമിച്ചത് എന്നാണെന്നും, ഇതിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും വ്യക്തമാക്കാമോ;

(ബി) മഹാരാഷ്ട്ര, തമിഴ്നാട് സംസ്ഥാനങ്ങളിൽ ജീവനക്കാർക്കായി നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത സംസ്ഥാനങ്ങളിൽ വ്യത്യസ്ത രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രീമിയം തുക സർക്കാർ നൽകുമോ; അഥവാ അംഗങ്ങളിൽ നിന്നും ഈടാക്കുമോ ; വിശദമാക്കാമോ;

(ഡി) ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ആയതിലേയ്ക്കായി കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30-11-2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു. 2014 ആഗസ്റ്റ് മാസം വരെ കമ്മീഷൻ സെക്രട്ടറിയേറ്റിലെ താൽക്കാലിക ഓഫീസിലാണ് പ്രവർത്തിച്ചിരുന്നത്. 2014 സെപ്റ്റംബർ മാസം മുതൽ നന്തൻകോട് സ്വരാജ് ഭവനിൽ കമ്മീഷന് സ്വന്തമായി ഓഫീസ് അനുവദിച്ചു. സ്ഥിരമായ ഓഫീസ് സംവിധാനം ലഭിച്ചതിനുശേഷമാണ് പൂർണ്ണ തോതിലുള്ള പ്രവർത്തനം

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ആരംഭിക്കുവാൻ കമ്മീഷന് സാധിച്ചത്.

(ബി & സി) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം സർക്കാർ തീരുമാനമെടുക്കുന്നതാണ്.

(ഡി) സംസ്ഥാന സർവ്വീസിലെ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സാദ്ധ്യതാ പഠനം, പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ പ്രധാന ഇനങ്ങളിൽ ഓന്നാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ വിവിധ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി ചർച്ച നടത്തിവരുന്നു. ജീവനക്കാർക്കും പെൻഷൻകാർക്കും സ്വീകാര്യമായ രീതിയിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സാക്ഷാത്കരിക്കാൻ ദീർഘ പഠനം ആവശ്യമാണ്. ഇക്കാര്യം കൂടി കണക്കിലെടുത്ത് പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 1-7-2015-ലെ സ.ഉ.(കൈ)നമ്പർ263/2015/ധന പ്രകാരം 30-11-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**ധർമ്മടം നിയോജകമണ്ഡലത്തിലെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട്**

124 (3278) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്ന് 2014-15 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ധനകാര്യവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ധനകാര്യവകുപ്പ് അനുവാദം നൽകാൻ ബാക്കി ഉണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) ആസ്തി വികസന പദ്ധതിയിൻകീഴിൽ 2014-15 സാമ്പത്തിക വർഷത്തിൽ ധർമ്മടം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ധനകാര്യ വകുപ്പ് ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* നിലവിൽ പ്രവൃത്തികളൊന്നും ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കർഷകരുടെ ക്ഷേമത്തിനായി വകയിരുത്തിയ തുക**

125 (3279) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ കർഷകരുടെ ക്ഷേമത്തിനായി ഓരോ വർഷവും എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു; ഇതിൽ ഓരോ സാമ്പത്തികവർഷവും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ റബ്ബർ, ഏലം, കുരുമുളക്, അടയ്ക്ക എന്നീ കൃഷിക്കാരുടെ ഉന്നമനത്തിനായി കഴിഞ്ഞ ബഡ്ജറ്റുകളിൽ എത്ര തുക വീതം നീക്കി വച്ചിട്ടുണ്ട്; വിവരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന 2011-ൽ വിവിധ ഗ്രേഡിലുള്ള റബ്ബറിന്റെ വില കിലോയ്ക്ക് എത്രയെന്ന് ധനകാര്യ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(ഡി) ഇപ്പോഴത്തെ റബ്ബർ വില വിവിധ ഗ്രേഡിൽ കിലോയ്ക്ക് എത്ര രൂപയാണെന്ന് വിവരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ കർഷകരുടെ ക്ഷേമത്തിനായി വിവിധ സംസ്ഥാന കേന്ദ്രാവിഷ്കൃത കാർഷിക വികസന പദ്ധതികൾക്കായി ഓരോ വർഷവും ബഡ്ജറ്റിൽ നീക്കിവച്ചതും അതിൽ ചെലവഴിച്ചതുമായ തുക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക (ലക്ഷത്തിൽ) | | ചിലവഴിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|---|---|---|
| | | പ്ലാൻ | നോൺ പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ |
| 1 | 2012-13 | 70939.00 | 16362.184 | 66128.18 | 15261.17 |

| | | | | | |
|---|---|---|---|---|---|
| 2 | 2013-14 | 73286.18 | 14421.400 | 64764.56 | 14403.18 |
| 3 | 2014-15 | 103898.78 | 14842.153 | 72711.72 | 14841.301 |
| 4 | 2015-16 | 95332.00 | 14842.440 | -- | -- |

(ബി) റബ്ബർ, ഏലം എന്നീ വിളകളുടെ കൃഷി വികസനത്തിന് കൃഷി വകുപ്പിലൂടെ ധനസഹായം നൽകുന്നില്ല. അടയ്ക്കാ കൃഷി വികസനത്തിനായി 2012-13 മുതൽ 2015 വരെ തുകയൊന്നും ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. കുരുമുളക് കൃഷി വികസനത്തിനായി ഇക്കാലയളവിൽ ബഡ്ജറ്റിൽ നീക്കിവച്ച തുക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2012-13 | 2000.00 |
| 2 | 2013-14 | 1700.00 |
| 3 | 2014-15 | 1975.00 |
| 4 | 2015-16 | 1995.00 |

(സി) 2011-12 ൽ RSS-4 ഗ്രേഡിലുള്ള സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വിപണി വില കിലോയ്ക്ക് 208.05 രൂപയാണെന്ന് റബ്ബർ ബോർഡിൽനിന്നും അറിയിച്ചിട്ടുണ്ട്.

2011-ൽ വിവിധ ഗ്രേഡിലുള്ള റബ്ബറിന്റെ വില വിവരം റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ കണക്കുപ്രകാരം ലഭിച്ചിട്ടുള്ളത് താഴെ ചേർത്തിരിക്കുന്നു:

| 2011 | വിവിധ ഗ്രേഡിലുള്ള റബ്ബറിന്റെ വില ₹ 1 kg | | | | |
|---|---|---|---|---|---|
| മാസം | RSS-1 | RSS-2 | RSS-3 | RSS-4 | RSS-5 |
| (1) | (2) | (3) | (4) | (5) | (6) |
| ജനുവരി | 234.36 | 232.36 | 230.36 | 221.60 | 212.50 |
| ഫെബ്രുവരി | 253.88 | 250.42 | 246.54 | 234.00 | 226.00 |

| | | | | | |
|---|---|---|---|---|---|
| മാർച്ച് | 245.30 | 236.96 | 231.96 | 220.02 | 217.15 |
| ഏപ്രിൽ | 258.00 | 249.45 | 242.95 | 238.68 | 235.68 |
| മേയ് | 245.69 | 240.69 | 230.92 | 225.23 | 223.06 |
| ജ്യൂൺ | 240.77 | 236.15 | 225.54 | 221.85 | 219.50 |
| ജ്യൂലൈ | 231.46 | 227.46 | 217.15 | 212.42 | 209.94 |
| ഓഗസ്റ്റ് | 214.17 | 209.52 | 206.71 | 204.62 | 199.17 |
| (1) | (2) | (3) | (4) | (5) | (6) |
| സെപ്റ്റംബർ | 218.54 | 216.98 | 215.98 | 214.59 | 207.44 |
| ഒക്ടോബർ | 215.92 | 214.92 | 213.88 | 211.85 | 209.31 |
| നവംബർ | 203.48 | 201.44 | 199.20 | 195.02 | 192.06 |
| ഡിസംബർ | 210.00 | 205.00 | 203.00 | 200.30 | 196.83 |

(ഡി) റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ കണക്കപ്രകാരം ഇപ്പോഴത്തെ വില (06/07/2015-ൽ) RSS-4 ഗ്രേഡിന് കിലോയ്ക്ക് 127.50 രൂപയും RSS-5 ഗ്രേഡിന് കിലോയ്ക്ക് 126.00 രൂപയുമാണ്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ സ്റ്റേഡിയം നിർമ്മാണം**

126 (3280) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുവാൻ അനുമതി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി ഏതെങ്കിലും സ്ഥലങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി ശ്മശാനം നിർമ്മിക്കുവാൻ സ്ഥലം

ഏറ്റെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ അനുമതി കൊടുത്തുവെങ്കിൽ സ്റ്റേഡിയത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുവാനും നിർമ്മിക്കുവാനുമുള്ള അനുമതി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് ആവശ്യമെങ്കിൽ സ്ഥലമേറ്റെടുക്കുന്നതിന് അനുമതി നൽകി. 9-4-2013-ലെ G.O.(P)No.161/13/Fin പ്രകാരം ഉത്തരവ്വ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ മാനദണ്ഡങ്ങൾക്കനുസൃതമായി ലഭിക്കുന്ന പ്രവൃത്തി നിർദ്ദേശങ്ങൾക്ക് അനുമതി നൽകിവരുന്നുണ്ട്. എന്നാൽ മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുവാൻ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് പ്രൊപ്പോസലുകളൊന്നും തന്നെ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടില്ല. ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) പൊതുജനോപകാരപ്രദവും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ശ്മശാന നിർമ്മാണം ഒരു ആസ്തിയായി കരുതുവാൻ കഴിയില്ലെങ്കിലും അതിന്റെ സാമൂഹികമായ ആവശ്യകത കണക്കിലെടുത്ത് അനുമതി നൽകിവരുന്നുണ്ട്.

**ഇ-സ്റ്റാമ്പിംഗ്**

127 (3281) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) വ്യാജ മുദ്രപത്രങ്ങൾ തടയുന്നതിന് ഇത് എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) താഴെപ്പറയുന്ന ഉദ്ദേശലക്ഷ്യങ്ങൾ ഇ-സ്റ്റാമ്പിംഗ്മൂലം കൈവരിക്കാൻ കഴിയുമെന്ന് കരുതുന്നു:

1. വ്യാജമുദ്രപ്പത്രങ്ങൾ തടയുവാൻ കഴിയുന്നു.
2. ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ കഴിയുന്നതാണ്.
3. ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ തിരിമറികൾക്ക് സാധ്യതയില്ല.
4. സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തരം ആയതിനാൽ തിരുത്തലുകൾക്ക് സാധ്യതയില്ല.
5. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.

(സി) ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാലും സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തിരം ആയതിനാലും തിരുത്തലുകൾക്ക് സാധ്യതയില്ല. ഇത് വ്യാജ മുദ്രപ്പത്രങ്ങൾ തടയുവാൻ സഹായകമാണെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേരള മുദ്രപ്പത്ര (ഭേദഗതി) നിയമം, 2015-ന്റെ കരട് ബില്ലിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ**

128 (3282) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാർക്ക് അനുവദിച്ചിട്ടുള്ള ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിന് കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ

ആട്ടോത്ത് താഴ പാലം നിർമ്മാണപ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനാനുമതിക്കായി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയ പരിധിക്കുള്ളിൽ ധനാനുമതി നൽകുന്നതിന് കഴിയാത്ത സാഹചര്യം നിലവിൽ ഉണ്ടായിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഭരണവകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ കൂടുതലായി സമർപ്പിക്കപ്പെട്ടതും ധനകാര്യ (നോഡൽ) വകുപ്പിൽ ആവശ്യമായ ജീവനക്കാരുടെ കുറവും ധനാനുമതി നൽകുന്നതിൽ അല്പം കാലതാമസം സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) ടി പ്രവൃത്തിക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി 6-7-2015 ൽ ധനകാര്യ വകുപ്പ് ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്.

**സേവന-വേതന വ്യവസ്ഥകൾ-കാര്യക്ഷമമായ സിവിൽ സർവ്വീസ്**

129 ( T * 3283) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണം എന്നത്തേയ്ക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പുനർ നിർണ്ണയിക്കുന്നതോടൊപ്പംതന്നെ കാര്യക്ഷമമായ സിവിൽ സർവ്വീസ് യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം മാത്രമേ ശമ്പള പരിഷ്കരണം എന്നത്തേക്ക് നടപ്പാക്കണമെന്ന് തീരുമാനമെടുക്കുകയുള്ളൂ.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പുനർ നിർണ്ണയിക്കുന്നതോടൊപ്പം തന്നെ കാര്യക്ഷമമായ സിവിൽ സർവ്വീസ് യഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

## ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

130 (3284) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നാളിതുവരെ അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; അനുമതി ലഭിച്ച പ്രവൃത്തികളുടെ ആകെ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2014-15 വരെയുള്ള കാലയളവിൽ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയും ചെലവഴിക്കാനുള്ള തുകയും എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി എം.എൽ.എ നിർദ്ദേശിച്ച പ്രവൃത്തികളിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അനുമതി വൈകുന്നതിന്റെ കാരണങ്ങൾ എന്തെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആസ്തി വികസന ഫണ്ടിൽപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. *

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ മാത്രം 359 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി മൊത്തം 1366 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിട്ടുണ്ട്. 1.34 കോടി രൂപ ബാക്കിയുണ്ട്.

(സി) തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ഖാദി സർവ്വോദയ സംഘത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ധനാനുമതിയും ഭരണാനുമതിയും നൽകിയിരുന്നു. ടി ഫയൽ ശീർഷകം മാറ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകുന്നതുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് വിംഗിൽ പരിശോധിച്ചുവരികയാണ്. നടപടികൾ പൂർത്തിയാക്കുന്നതിനായുള്ള അടിയന്തര നിർദ്ദേശം നൽകുന്നതാണ്.

**ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്**

131 (3285) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചുകൊടുക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശമ്പളം പെൻഷൻ പരിഷ്കരണം എന്നിവ ഉൾപ്പെടുന്ന റിപ്പോർട്ടിന്റെ ഒന്നാം ഭാഗം 13-7-2015-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30-11-2013 തീയതിയിലെ സ.ഉ.(കൈ)നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു. 2014 ആഗസ്റ്റ് മാസം വരെ കമ്മീഷൻ സെക്രട്ടേറിയറ്റിലെ താൽക്കാലിക ഓഫീസിലാണ് പ്രവർത്തിച്ചിരുന്നത്. 2014 സെപ്റ്റംബർ മാസം മുതൽ നന്തൻകോട് സ്വരാജ് ഭവനിൽ കമ്മീഷന് സ്വന്തമായി ഓഫീസ് സംവിധാനം നിലവിൽ വന്നതിനുശേഷമാണ് പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചത്. പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പ്രതിപാദിച്ചിട്ടുള്ള ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, വിവര സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി സേവനങ്ങൾ ലഭ്യമാക്കുന്നതിലൂടെ പൊതുസേവന വ്യയം കുറയ്ക്കുന്നതിന് അനുയോജ്യമായ ശിപാർശകൾ നൽകുക എന്നിവയ്ക്ക് ദീർഘമായ പഠനം ആവശ്യമാണ്. കൂടാതെ കേരള ജല അതോറിറ്റി, ഹൈക്കോടതി എന്നിവയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ ചുമതലയും പത്താം ശമ്പള പരിഷ്കരണ കമ്മീഷന് സർക്കാർ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 1-7-2015-ലെ സ.ഉ.(കൈ) നം.263/2015/ധന പ്രകാരം പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 30-11-2015 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**സ്വയം സംരംഭകത്വ മിഷൻ**

132 (3286) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

സ്വയം സംരംഭകത്വ മിഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് തൊഴിൽ ലഭ്യമായി; ഓരോ ജില്ലയിലും ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര സംരംഭങ്ങൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

31-5-2015-ലെ കണക്കുകൾ പ്രകാരം കേരള സംരംഭകത്വ വികസന മിഷനിലൂടെ 5453 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ നേരിട്ടുള്ള സംരംഭകരായ 2403 പേരെ കൂടാതെ 3050 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകളുടെയും അനുവദിച്ച സംരംഭങ്ങളുടെയും കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ജില്ല | ലഭിച്ച അപേക്ഷകൾ | വായ്പ അനുവദിച്ച സംരംഭങ്ങൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 1504 | 198 |
| 2 | കൊല്ലം | 765 | 29 |
| 3 | പത്തനംതിട്ട | 366 | 25 |
| 4 | കോട്ടയം | 956 | 63 |
| 5 | ആലപ്പുഴ | 777 | 46 |
| 6 | എറണാകുളം | 1350 | 121 |
| 7 | ഇടുക്കി | 761 | 90 |
| (1) | (2) | (3) | (4) |
| 8 | തൃശ്ശൂർ | 617 | 30 |
| 9 | മലപ്പുറം | 1400 | 131 |
| 10 | പാലക്കാട് | 717 | 55 |
| 11 | കോഴിക്കോട് | 937 | 101 |

| | | | |
|---|---|---|---|
| 12 | വയനാട് | 476 | 58` |
| 13 | കണ്ണൂർ | 441 | 62 |
| 14 | കാസർഗോഡ് | 411 | 35 |
| | ആകെ | 11478 | 1044 |

**റവന്യൂ വരുമാനം**

133 (3287) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഓരോ ബഡ്ജറ്റിലും അതാത് വർഷത്തേയ്ക്ക് പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്ര കോടി രൂപയായിരുന്നു ; ഓരോ വർഷത്തെയും യഥാർത്ഥ റവന്യൂ വരുമാനം എത്രയായിരുന്നു ; ഓരോ വർഷവും പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ ലഭിക്കുകയുണ്ടായി;

(ബി) ഓരോ ബഡ്ജറ്റിലും പ്രതീക്ഷിച്ച നികുതി വരുമാനം എത്ര രൂപയായിരുന്നു; യഥാർത്ഥത്തിൽ നേടാൻ കഴിഞ്ഞ നികുതി വരുമാനം എത്രയായിരുന്നു; ഓരോ വർഷവും പ്രതീക്ഷിച്ച നികുതി വരുമാനത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ ഓരോ ബഡ്ജറ്റിലും അതാത് വർഷത്തേയ്ക്ക് പ്രതീക്ഷിച്ച റവന്യൂ വരുമാനം, നികുതി വരുമാനം അവ ഓരോ ഇനത്തിലും ലഭിച്ച യഥാർത്ഥ വരുമാനത്തിന്റെയും അതിന്റെ ശതമാന കണക്കിന്റെയും വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**നികുതി വരുമാനം**

134 (3288) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരിക്കുന്ന മൊത്ത നികുതി വരുമാനം, മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ്; ഇത് 2014-15 വർഷത്തേതിനേക്കാൾ കുറവാണോ കൂടുതലാണോ; വിശദമാക്കുമോ;

(ബി) 2014 വർഷത്തിൽ ബഡ്ജറ്റിൽ നിർണ്ണയിച്ചിരുന്ന നികുതി വരുമാനം ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമായിരുന്നു; മുൻ വർഷത്തെ കണക്കുകൾ പ്രകാരം യഥാർത്ഥത്തിൽ എത്ര ശതമാനമാണ് ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരിക്കുന്ന മൊത്ത നികുതി വരുമാനം മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 10.26 ശതമാനമാണ്. ഇത് 2014-15-ലേതിനെക്കാൾ കുറവാണ്. 2015-16 ലെ മൊത്തം ആഭ്യന്തര ഉല്പാദനം കണക്കാക്കിയിരിക്കുന്നത് Market Price നെ അടിസ്ഥാനമാക്കിയാണ്. എന്നാൽ 2014-15 ൽ ഇത് Constant Price-നെ അടിസ്ഥാനമാക്കിയാണ് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ കണക്കാക്കിയപ്പോൾ മൊത്തം ആഭ്യന്തര ഉല്പാദനം കൂടിയതാണ് ഈ വ്യത്യാസത്തിന് കാരണം.

(ബി) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരുന്ന നികുതി വരുമാനം, ആഭ്യന്തര ഉല്പാദനത്തിന്റെ 11.14 ശതമാനമായിരുന്നു. മുൻ വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകളെ അടിസ്ഥാനമാക്കി കണക്കാക്കുമ്പോൾ ഇത് യഥാർത്ഥത്തിൽ 9.21 ശതമാനമാണ്

**റാന്നി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്**

135 (3289) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ഡയാലിസിസ് യൂണിറ്റ് അനുവദിച്ചുകൊണ്ട് എന്നാണ് ഉത്തരവായത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്;

(ബി) റാന്നി താലൂക്ക് ആശുപത്രിക്ക് അനുവദിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉത്തരവ് ഇറങ്ങി രണ്ട് വർഷം കഴിഞ്ഞിട്ടും ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ പ്രവർത്തനം ആരംഭിക്കണമെങ്കിൽ ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്;

(ഇ) പ്രസ്തുത ഡയാലിസിസ് യൂണിറ്റിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ആർക്കാണ് തുക കൈമാറിയിട്ടുള്ളത്; റാന്നിയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി)നമ്പർ 114/2013/റ്റി.ഡി. തീയതി 5-2-2013 പ്രകാരമാണ് ഡയാലിസിസ് യൂണിറ്റ് അനുവദിച്ചുകൊണ്ട് ഉത്തരവായത്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലുകളിൽ താമരശ്ശേരിയിൽ മാത്രമാണ് കാരുണ്യ ഡയലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി - ഇ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള 95,61,949 രൂപയുടെ എസ്റ്റിമേറ്റ് കാരുണ്യ ബനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല സമിതി അംഗീകരിച്ച് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നം.114/2013/റ്റി.ഡി. തീയതി 5-2-2013 പ്രകാരമാണ് ഡയാലിസിസ് യൂണിറ്റ് അനുവദിച്ചുകൊണ്ട് ഉത്തരവായത്. ആശുപത്രി, കാരുണ്യ ബനവലന്റ് ഫണ്ട്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവർ ചേർന്നുള്ള Tripartite Agreement ഒപ്പിടുന്ന മുറയ്ക്ക് ആകെ എസ്റ്റിമേറ്റ് തുകയുടെ 50% നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകുന്നതാണ്. ഈ തുക നൽകിയതിനുശേഷം നിശ്ചിത തീയതിക്കുള്ളിൽ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ജില്ലാ ഇന്നവേഷൻ ഫണ്ട് സംബന്ധിച്ച്**

136 (3290) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഇന്നവേഷൻ ഫണ്ട് എന്നപേരിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഒരു കോടി രൂപയുടെ പദ്ധതി ഏറ്റെടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശപ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരങ്ങളും ആദ്യഗഡുവായി കിട്ടിയ 50 ലക്ഷം രൂപയുടെ ഉപയോഗ സർട്ടിഫിക്കറ്റും ജില്ലാകളക്ടർമാർ നൽകിയിട്ടും ബാക്കി ഗഡുവായ 50 ലക്ഷം രൂപ ഇനിയും അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ 19-3-2011-ലെ സ.ഉ.(സാധാ) 2054/11/RD എന്ന സർക്കാർ ഉത്തരവ് മുഖേന ജില്ലാ ഇന്നവേഷൻ ഫണ്ട് സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

1. നിലവിലുള്ള ആസ്തികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
2. ഫണ്ടിന്റെ അപര്യാപ്തതമൂലം നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പ്രവർത്തനത്തിലുള്ള പോരായ്മകൾ പരിഹരിക്കുക.
3. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുക.
4. മറ്റ് യാതൊരു ധനസഹായവും ലഭിക്കാത്ത സാഹചര്യത്തിൽ അടിയന്തര പ്രാധാന്യമുള്ള പദ്ധതികൾക്ക് അടിയന്തര ധനസഹായം അനുവദിക്കുക എന്നീ ലക്ഷ്യത്തോടുകൂടിയാണ് ജില്ലാ ഇന്നവേഷൻ ഫണ്ട് നടപ്പിലാക്കുന്നത്.

(ബി) മേൽ സർക്കാർ ഉത്തരവുപ്രകാരം ഒരു കോടി രൂപയുടെ പദ്ധതി ഏറ്റെടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 3-3-2015 ലെ CSFC A2/10/15/Fin എന്ന കത്തിലൂടെ കേന്ദ്ര സർക്കാരിലേക്ക് ആദ്യ ഗഡുവായി അനുവദിച്ച 7 കോടി രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിരുന്നുവെങ്കിലും രണ്ടാം ഗഡുവായ 7 കോടി രൂപ അനുവദിക്കുന്നതിനു പകരം 70.87 ലക്ഷം രൂപ മാത്രമേ കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളൂ. കേന്ദ്ര സർക്കാരിൽനിന്നും കുടിശ്ശികയുള്ള തുക ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### പദ്ധതി നിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാൻ നിർദ്ദേശങ്ങൾ

137 (3291) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി നിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാൻ 2013-14 വർഷത്തെ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുകയുണ്ടായിട്ടുണ്ടോ;

(സി) 2015-16 ലെ പദ്ധതികളുടെ രൂപകല്പന 2015 മെയ് 31 ന് മുമ്പായി എല്ലാ വകുപ്പുകളിലും പൂർത്തിയാക്കിയിട്ടുണ്ടോ; പൂർത്തിയാക്കാത്ത വകുപ്പുകൾ ഏതൊക്കെ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ വിദഗ്ദ്ധ പരിശീലനം എല്ലാ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും നൽകിയിട്ടുണ്ടോ;

(ഇ) ഓരോ പദ്ധതികളുടെയും നിർവ്വഹണ ഉത്തരവാദിത്വം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; ഇത് ചെയ്തിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെ; നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ പേരുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(എഫ്) പദ്ധതി നടപ്പാക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തിയ എത്രെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി; കാര്യക്ഷമത പ്രകടിപ്പിച്ച എത്ര പേർക്ക് പ്രത്യേക അംഗീകാരം നൽകുകയുണ്ടായി?

ഉത്തരം

(എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിലേക്കായി ഭരണാനുമതി നൽകേണ്ട പദ്ധതികൾക്ക് സമയബന്ധിതമായി യഥാസമയം

ഭരണാനുമതി നൽകുന്നതിനും വർഷാന്ത്യത്തിൽ പദ്ധതി ചെലവ് അധികരിക്കുന്നത് തടയുന്നതിന് പാദാടിസ്ഥാനത്തിൽ ലക്ഷ്യം കൈവരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇലക്ട്രോണിക് സംവിധാനത്തിലൂടെ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് പ്ലാൻ സ്പേസ് സംവിധാനവും നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) നടപ്പിലാക്കിയിട്ടുണ്ട്.

(സി) പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) IIITMK, IKM മുതലായ സ്ഥാപനങ്ങൾ വഴി ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവ്വഹണ പരിശീലനം ഘട്ടം ഘട്ടമായി നൽകിവരുന്നു.

(ഇ) എല്ലാ വകുപ്പുകളുടെയും നിർവ്വഹണ ഉത്തരവാദിത്വം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(എഫ്) കുറ്റകരമായ വീഴ്ച വരുത്തിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ വകുപ്പുകൾക്ക് അവാർഡ് നൽകുന്ന പദ്ധതി നിലവിലുണ്ട്.

**ട്രഷറി നിക്ഷേപങ്ങൾ**

138 (3292) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ട്രഷറിയിൽ തിരിച്ച് നൽകേണ്ടതായ നിക്ഷേപം മൊത്തം എത്ര കോടി രൂപയുണ്ട്; പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം എത്ര; സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം എത്ര; ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം എത്ര; കോർപ്പറേഷനുകളുടെ നിക്ഷേപം എത്ര; ഇതിനെല്ലാം പുറമേയുള്ള മറ്റ് നിക്ഷേപങ്ങൾ എത്ര; വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള നിക്ഷേപങ്ങൾക്ക് പ്രതിമാസം എത്ര രൂപയുടെ പലിശ നല്കേണ്ടതായിട്ടുണ്ട്; പലിശ ഇനത്തിൽ 2015 ജൂൺ 30-ന് നൽകേണ്ടുന്ന മൊത്തം തുക എത്ര; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2015 ജൂലൈ 10-ലെ കണക്കുകൾ പ്രകാരം ഗവൺമെന്റ് ട്രഷറിയിൽ തിരിച്ച് നൽകേണ്ട നിക്ഷേപം (മൊത്തം) 6794.30 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം 2382.17 കോടി രൂപയും സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 156.19 കോടി രൂപയും ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം 95.06 കോടി രൂപയും കോർപ്പറേഷനുകളുടെ നിക്ഷേപം 138.42 കോടി രൂപയും മറ്റ് നിക്ഷേപങ്ങൾ 4022.46 കോടി രൂപയുമാണ്.

(ബി) നിലവിലുള്ള നിക്ഷേപങ്ങൾക്ക് പ്രതിമാസം നൽകേണ്ടുന്ന പലിശ 40.80 കോടി രൂപയും പലിശയിനത്തിൽ 2015 ജൂൺ 30 ന് നൽകേണ്ട മൊത്തം തുക 52.96 കോടി രൂപയുമാണ്.

**ചരക്ക് സേവന നികുതിമൂലം ഉണ്ടാകുന്ന വ്യതിയാനം**

139 (3293) <u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരക്ക് സേവന നികുതി ഘടന പരിഷ്കരിക്കുമ്പോൾ കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനത്തിന് വരുമാനത്തിൽ ഉണ്ടാകുന്ന വ്യതിയാനം കണ്ടെത്തുന്നതിന് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ ?

<u>ഉത്തരം</u>

പ്രാപ്യസ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവ്വീസ് മേഖലകൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. നേട്ടമാകുമെന്നാണ് പ്രാഥമിക വിലയിരുത്തൽ. എന്നാൽ ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ വിവിധ സംസ്ഥാന നികുതികൾ ലയിപ്പിക്കുമ്പോൾ ഉണ്ടായേക്കാവുന്ന റവന്യൂ നഷ്ടം കണക്കിലെടുത്ത് നിലവിലെ നികുതി വരുമാനം സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തിന് ബാധകമായ റവന്യൂ ന്യൂട്രൽ റേറ്റ് എത്രയായിരിക്കണം എന്നതിനെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖേന പഠനം നടത്തിവരുന്നു.

**വാണിജ്യ നികുതി**

140 (3294) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാണിജ്യ നികുതി പിരിച്ചെടുക്കുന്നതിൽ അലംഭാവവും വീഴ്ചയും ഉണ്ടായെന്ന ആക്ഷേപം കണക്കിലെടുത്ത് നികുതി വെട്ടിപ്പ് തടഞ്ഞ് പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വാണിജ്യ നികുതി പിരിച്ചെടുക്കുന്നതിൽ അലംഭാവവും വീഴ്ചയും ഉണ്ടായിട്ടില്ല. എന്നിരുന്നാലും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുടിശ്ശിക അസസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്കൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്കുവരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതുമൂലം സംസ്ഥാനത്തിനകത്തേക്കു വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഡംബര നികുതി, കാർഷികാദായ നികുതി, മണി ലെന്റേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺ ലൈനാക്കിയിട്ടുണ്ട്. കൂടാതെ നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചതിനുശേഷം കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

141 (3295) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) സർക്കാരിന്റെ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ രൂപീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ആസ്ഥാനമാക്കി പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 13-2-2013 തീയതിയിലെ സ.ഉ.(പി) നം.78/2013/ധന ഉത്തരവ് പ്രകാരം പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള സമൂഹവും സമ്പദ്‌വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കുന്നതിനായി വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപ്പാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യം.

(സി) സർക്കാറിന്റെ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് ഓരോ മേഖലയിലും അക്കാഡമിക് രംഗത്തും ഭരണരംഗത്തും വൈദഗ്ധ്യമുള്ളവരുടെ പാനൽ രൂപീകരിക്കുകയും അവർ കേരളത്തിന് ഏറ്റവും അനുയോജ്യമായ നയരൂപീകരണത്തിന് പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യും. ഇപ്രകാരം തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ വിവിധ മേഖലകളിലുള്ളവരുടെ അഭിപ്രായം തേടുകയും അവകൂടി ക്രോഡീകരിച്ച് കുറ്റമറ്റ രീതിയിൽ റിപ്പോർട്ടും നയപരമായ നിർദ്ദേശങ്ങളും സർക്കാറിന് ലഭ്യമാക്കുകയും ചെയ്യും. ഇത്തരത്തിൽ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് അനുയോജ്യമായ വിധത്തിലാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിച്ചിരിക്കുന്നത്.

**കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്നും സംസ്ഥാനത്തിനുള്ള വിഹിതം**

142 (3296) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്ന് സംസ്ഥാനങ്ങൾക്ക് പണം നൽകുന്ന നിലവിലെ മാനദണ്ഡ പ്രകാരം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട പണം കുറഞ്ഞു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ എന്നും എങ്കിൽ 14-ാം ധനകാര്യ കമ്മീഷന്റെ മുമ്പാകെ അധിക പണം ലഭിക്കാനായി എന്തെല്ലാം

മാറ്റങ്ങൾ വേണമെന്ന് ആവശ്യപ്പെടുകയുണ്ടായി എന്നും എന്നാണ് ആവശ്യമുന്നയിച്ചതെന്നും എന്തു തുടർ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) 11, 12, 13 ധനകാര്യ കമ്മീഷനുകളുടെ ശിപാർശകൾ പ്രകാരം സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനം നടത്തിയോ എന്നും എങ്കിൽ എന്തു പഠനം നടത്തി എന്നും അതിന്മേൽ എന്തു നടപടി നിലവിലെ സർക്കാർ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) വിഹിതം നിശ്ചയിക്കുന്നതിൽ ജനസംഖ്യയ്ക്ക് ഉയർന്ന വെയ്റ്റേജും പ്രതിശീർഷ ആഭ്യന്തര ഉല്പന്നത്തിന് കുറഞ്ഞ വെയ്റ്റേജും ലഭിച്ചാൽ സംസ്ഥാനത്തിന് കൂടുതൽ വിഹിതം ലഭിക്കുമെന്നതിനാൽ ആയത് നേടിയെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) വർദ്ധിച്ചു വരുന്ന റവന്യൂ കമ്മി കുറയ്ക്കാൻ സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാം എന്നും ഇവയിൽ 14-ാം ധനകാര്യ കമ്മീഷൻ അംഗീകരിച്ചവ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്ന് ധനകാര്യ കമ്മീഷനുകൾ കേരളത്തിന് അനുവദിച്ച നികുതി വിഹിതവും പതിനാലാം ധനകാര്യ കമ്മീഷനിൽ നിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന വിഹിതവും താഴെപ്പറയുന്നു:

| കമ്മീഷൻ | വർഷം | വിഹിതം (ശതമാനത്തിൽ) |
|---|---|---|
| പതിനൊന്ന് | 2000-05 | 3.05 |
| പന്ത്രണ്ട് | 2005-10 | 2.66 |
| പതിമൂന്ന് | 2010-15 | 2.34 |
| പതിനാല് | 2015-20 | 2.50 |

പതിനാലാം ധനകാര്യ കമ്മീഷനിന്റെ മുമ്പാകെ അധിക പണം ലഭിക്കാനായി ആവശ്യപ്പെട്ട മാറ്റങ്ങൾ:

1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.

2. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടുവരണം.

3. കേന്ദ്ര റവന്യൂ വരുമാനത്തിന്റെ വിവിധ ഇളവുകൾക്കായി മാറ്റി വയ്ക്കുന്ന തുകയുടെ തോത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കണം.

4. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണം.

5. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവത്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്തുകൊണ്ട് 1971-ലെ ജനസംഖ്യയെ ക്രമപ്പെടുത്തണം.

6. മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിത്തള്ളണം

7. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സ്ഥാപനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം.

8. യഥാർത്ഥ വരുമാന കമ്മിറ്റി (മൂലധന ആസ്തികൾ വർദ്ധിപ്പിക്കുന്നതിനുള്ള ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) എന്ന ആശയത്തിന് മതിയായ അംഗീകാരം നൽകണം.

9. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 1.5% ആയി നിജപ്പെടുത്തിക്കൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുനഃക്രമീകരിക്കുയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം ചെയ്യേണ്ടതുമാണ്.

10. വനവിഭവങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വനസംരക്ഷണം

നടത്തുന്നതിന് കേരളത്തിന് അർഹമായ നഷ്ടപരിഹാരം നൽകണം.

11. ചതുപ്പ് നിലങ്ങളുടെ സംരക്ഷണത്തിനും തീരദേശ പരിപാലത്തിനും വേണ്ടത്ര പരിഗണന നൽകണം.

12. പദ്ധതിയേതര റവന്യൂ നികത്തുന്നതിനും ഭരണ ഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15574.69 കോടി രൂപയുടെ ധനസഹായം അനുച്ഛേദം 275 പ്രകാരം അനുവദിക്കണം.

13. സംസ്ഥാന ദുരന്തനിവാരണ ഫണ്ട് 30 ശതമാനം കണ്ട് വർദ്ധിപ്പിക്കണമെന്നും നിവാരണ ഫണ്ടിലെ കേന്ദ്രവിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 18-12-2013 നാണ് പതിനാലാം ധനകാര്യ കമ്മീഷനു മുമ്പാകെ ആവശ്യമുന്നയിച്ചത്. പതിനാലാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടുകൂടി 1-4-2015 ന് നിലവിൽ വന്നിട്ടുണ്ട്.

(ബി) 11, 12, 13 ധനകാര്യ കമ്മീഷനുകളുടെ ശിപാർശകൾ സർക്കാർ വിശദമായ അവലോകനത്തിന് വിധേയമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ അവാർഡ് നിശ്ചയിക്കുന്നതിൽ വരുത്തേണ്ട മാറ്റങ്ങൾ തുടർ കമ്മീഷനുകൾക്ക് നൽകിയ നിവേദനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) താഴെപ്പറയുന്ന രീതിയിൽ നടപടി സ്വീകരിക്കണമെന്ന നിവേദനം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്:

1. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണം.

2. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവത്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്തുകൊണ്ട് 1971-ലെ ജനസംഖ്യയെ ക്രമപ്പെടുത്തണം.

3. നികുതി കാര്യക്ഷമത, ധന അച്ചടക്കം എന്നീ മാനദണ്ഡങ്ങൾ

ഒഴിവാക്കുക.

4. വരുമാന അകലത്തിനു പകരം ജനസംഖ്യാ വിഹിതത്തിൽ നിന്നുള്ള അകലമായ നികുതി കാര്യക്ഷമത അകലം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തുകയും ഇതിന്റെ വെയിറ്റേജ് കുറയ്ക്കുകയും ചെയ്യുക.

(ഡി) വർദ്ധിച്ചുവരുന്ന റവന്യൂ കമ്മി കുറയ്ക്കുന്നതിന് സംസ്ഥാനം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചു:

1. വർദ്ധിച്ചുവരുന്ന റവന്യൂ കമ്മി കുറയ്ക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32%-ത്തിൽ നിന്ന് 50% ആയി ഉയർത്തുക.

2. പദ്ധതിയേതര റവന്യൂകമ്മി നികത്തുന്നതിനും ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15574.69 കോടി രൂപയുടെ ധനസഹായം അനുച്ഛേദം 275 പ്രകാരം അനുവദിക്കണം.

ഇതിന്മേൽ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം നിലവിലുള്ള 32% ൽ നിന്ന് 42% ആയി ഉയർത്താൻ കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കുന്നതിന് റവന്യൂ കമ്മി ഗ്രാന്റ് ആയി 9519 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**കാരുണ്യ ചികിത്സാ സഹായം**

143 (3297) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് സ്കീം അനുസരിച്ചുള്ള ചികിത്സാ സഹായം ലഭിക്കുന്നതിന്, അടിയന്തര ശസ്ത്രക്രിയയ്ക്കും ചികിത്സയ്ക്കും ശേഷം, വൈകി ലഭിച്ച അപേക്ഷകളിൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുവാൻ നടപടി എടുക്കുമോ?

ഉത്തരം

അടിയന്തര ഘട്ടങ്ങളിൽ അപേക്ഷ നൽകുന്നതിനുമുമ്പ് സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകേണ്ടി വരുന്ന ഗുണഭോക്താക്കൾ

സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. അടിയന്തര ശസ്ത്രക്രിയയ്ക്കും ചികിത്സയ്ക്കും ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അടുത്ത സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് നൽകുന്നു. അഡ്മിനിസ്ട്രേറ്റർ അപേക്ഷയുടെ പ്രാഥമിക പരിശോധന നടത്തിയതിനുശേഷം അപേക്ഷകൾ ഡോക്ടർമാർ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് സംസ്ഥാനതല കമ്മിറ്റിക്ക് സമർപ്പിക്കുന്നു. ഡോക്ടർമാരുടെ ശിപാർശയിന്മേൽ ഉചിതമായ തീരുമാനം സംസ്ഥാനതല കമ്മിറ്റി കൈക്കൊള്ളുന്നു.

**മദ്യനയം മൂലമുള്ള വരുമാന നഷ്ടം**

144 (3298) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ ഫലമായി ഖജനാവിലേക്ക് ലഭിക്കേണ്ടിയിരുന്ന എത്ര രൂപയാണ് നാളിതുവരെ നഷ്ടമായിട്ടുള്ളത്; എത്ര ശതമാനം;

(ബി) ഈ വരുമാന നഷ്ടം നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തു പ്രവർത്തിച്ചുകൊണ്ടിരുന്ന 710 ബാറുകൾ (എഫ്.എൽ.3 ഷോപ്പുകൾ) നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ കിട്ടേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ട്. കൂടാതെ മദ്യ ഉപഭോഗത്തിൽ കുറവുവന്നിട്ടുള്ളതിനാൽ ഈ മേഖലയിൽ നിന്നും എക്സൈസ് ഡ്യൂട്ടി തുടങ്ങിയ ഇനങ്ങളിൽ ലഭിക്കേണ്ട വരുമാനത്തിൽ സാരമായ കുറവ് വരുവാൻ സാദ്ധ്യതയുണ്ട്. ഇതുസംബന്ധിച്ച വരുമാനക്കുറവ് പൂർണ്ണമായും കണക്കാക്കിയിട്ടില്ല. എന്നാൽ ബാറുകൾ അടച്ചതിനുശേഷം കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി 2015 മേയ് മാസം വരെ നടന്ന മദ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 2015-16-ലെ മാസ വിൽപ്പന 2014-15-മായി താരതമ്യം ചെയ്ത് ചുവടെ ചേർക്കുന്നു:

| മാസം | 2015-16 | 2014-15 |
|---|---|---|
| ഏപ്രിൽ | 992.90 | 880.81 |

| | | |
|---|---|---|
| മേയ് | 1006.15 | 899.71 |
| ആകെ | 1999.05 | 1780.52 |

നടപ്പ് സാമ്പത്തിക വർഷം നികുതി പിരിവ് ലക്ഷ്യമിട്ടിരിക്കുന്നത് 2600.66 കോടി രൂപയാണ്. 2015 ജൂൺ വരെയുള്ള കാലയളവിൽ സമാഹരിക്കാനായത് 501.57 കോടി രൂപയാണ്.

സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 എഫ്.എൽ-3 ലൈസൻസുള്ള ബാറുകൾ നിർത്തലാക്കിയതും 52 എഫ്.എൽ.1 വിദേശ മദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 710 എഫ്.എൽ.3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.30 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളിലെ വിദേശ മദ്യ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ തന്നെ എക്സൈസ് വകുപ്പുവഴി സമാഹരിക്കാനുദ്ദേശിക്കുന്ന വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ട്.

(ബി) മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടു വരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യ വില്പനയിൽ വർദ്ധനവ് വരുത്തി വരുമാനത്തിന്റെ വളർച്ചാനിരക്ക് കൂട്ടുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ മദ്യത്തിന്മേലുള്ള വില്പന നികുതി, എക്സൈസ് ഡ്യൂട്ടി എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്.

## സംസ്ഥാന ബഡ്ജറ്റിലും കേന്ദ്രാവിഷ്കൃത പദ്ധതികളിലുമായി വകുപ്പുകൾക്കുള്ള തുക

145 (3299) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക (ഉപധനാഭ്യർത്ഥന ഒഴികെയുള്ളത്) എത്ര; വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതിനകം ചെലവഴിക്കുകയുണ്ടായിട്ടുണ്ട്; വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുകയാണ് ഇതിനകം ചെലവഴിച്ചത്; വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) 2015-16 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഓരോ വകുപ്പിലും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; അതിൽ ഇതിനകം ചെലവഴിക്കപ്പെട്ടത് എത്ര; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുകയും (ഉപധനാഭ്യർത്ഥന ഒഴികെയുള്ളത്) വകയിരുത്തിയ തുകയിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2015 ഏപ്രിൽ 30 വരെയുള്ള ചെലവിന്റെ ശതമാനക്കണക്കും അനുബന്ധം -1 ആയിചേർക്കുന്നു*.

(സി) 2015-16 സാമ്പത്തികവർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വിവിധ വകുപ്പുകൾക്ക് വകയിരുത്തപ്പെട്ട തുകയും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 2015-മെയ് 31 വരെയുള്ള ചെലവും അനുബന്ധം -2 ആയി ചേർക്കുന്നു*.

**വാർഷിക പദ്ധതിയിലെ മേഖലാ അടങ്കൽ തുക**

146 (3300) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വർഷം വരെ ഓരോ വർഷവും വാർഷിക പദ്ധതിയിലെ മേഖലാ അടങ്കൽ വിശദമാക്കാമോ; ഓരോ വർഷത്തേയും വർദ്ധനയുടെ ശതമാനം എത്ര വീതമാണ്;

(ബി) പ്രസ്തുത വാർഷിക പദ്ധതികളിലെ ഓരോ മേഖലാ അടങ്കലിന്റെയും എത്ര ശതമാനം യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ടിട്ടുണ്ട്; തുകയും ശതമാനവും വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഓരോ വർഷങ്ങളിലെയും മൊത്തം പദ്ധതി അടങ്കൽ, മൊത്തം പദ്ധതി ചെലവ്, അതിന്റെ ശതമാനം എന്നിവ വിശദമാക്കാമോ ?

ഉത്തരം

(എ-സി) 2011-12 മുതൽ 2015-16 വരെയുള്ള വാർഷിക പദ്ധതിയിലെ മേഖലാ അടങ്കൽ തുകയും ചെലവഴിച്ച വിവരങ്ങളും അനുബന്ധമായി നൽകുന്നു*.

**ധർമ്മടം നിയോജകമണ്ഡലത്തിലെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട്**

147 (3301) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിൽ അസറ്റ് ഡവലപ്പ്മെൻറ് ഫണ്ട് നിലവിൽ വന്നതിനുശേഷം ഏതെല്ലാം പ്രവർത്തികൾക്ക് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫണ്ട് മുഖേന ഓരോ പ്രവർത്തിക്കും അനുവദിച്ച തുക എത്രയെന്നു ഇനം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ആസ്തി വികസന പദ്ധതി നിലവിൽ വന്നതിനുശേഷം ധർമ്മടം നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ധനകാര്യ വകുപ്പ് ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

148 (3302) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്നും അവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഓരോ പ്രവൃത്തിക്കും എത്ര തുകയാണെന്നും ഇനി എത്ര തുക അവശേഷിക്കുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഓരോ നിയോജക മണ്ഡലത്തിന്റെയും ആസ്തി വികസനത്തിനായി 5 കോടി രൂപ വീതം പ്രതിവർഷം അനുവദിച്ചിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൽ കീഴിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ഭരണ വകുപ്പിന്റെ വ്യക്തമായ ശിപാർശയോടെ ധനകാര്യ വകുപ്പിൽ ലഭിച്ചതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്. 2012-13 മുതൽ 2015-16 വരെ കാലയളവിൽ ഇനി ധനാനുമതി നൽകുന്നതിനായി അവശേഷിക്കുന്ന തുക 888 ലക്ഷം രൂപയാകുന്നു.

**ആസ്തി വികസന ഫണ്ട്**

149 (3303) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളിലെ കാലതാമസം ഒഴിവാക്കാനും കൂടുതൽ സുതാര്യമാക്കാനും തയ്യാറാകുമോ?

<u>ഉത്തരം</u>

(എ & ബി) എം.എൽ.എ.മാരുടെ നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ സർക്കുലർ നമ്പർ 73/2012/ധന പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പ് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത പത്ത് ദിവസത്തിനുള്ളിൽ തന്നെ ഭരണാനുമതി നൽകണമെന്ന് ടി സർക്കുലറിൽ നിർദ്ദേശിക്കുന്നു. കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനാനുമതി ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികളുടെ ഭാഗമായി ധനകാര്യ (നോഡൽ-സി) വകുപ്പിന് രൂപം നൽകിയിട്ടുണ്ട്. ഭരണാനുമതി കാലതാമസം കൂടാതെ പുറപ്പെടുവിക്കുന്നതിനുള്ള കർശന നിർദ്ദേശം ഭരണ വകുപ്പുകൾക്ക്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

150 (3304) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പദ്ധതിയിൻ കീഴിൽ പെൻഷൻ ഫണ്ടിലേയ്ക്ക് മുഴവൻ സർക്കാർ വിഹിതവും നൽകിയോ?

ഉത്തരം

ദേശീയ പെൻഷൻ പദ്ധതിയിൻകീഴിൽ പെൻഷൻ ഫണ്ടിലേക്ക് നാളിതുവരെ ജീവനക്കാരിൽ നിന്നും പിടിച്ച വിഹിതത്തിന് തുല്യമായ സർക്കാർ വിഹിതം മുഴവനായും നൽകിയിട്ടുണ്ട്.

**സാമ്പത്തിക പ്രതിസന്ധിയും ഓവർ ഡ്രാഫ്റ്റും**

151 (3305) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതു വരെ ഏതെങ്കിലും ദിവസം റിസർവ് ബാങ്കിൽ ഉണ്ടായിരിക്കുന്ന ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വരികയുണ്ടായോ; എങ്കിൽ ഏതെല്ലാം തീയതികളിൽ;

(ബി) ഈ സർക്കാരിന്റെ എതെങ്കിലും കാലഘട്ടത്തിൽ സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിട്ടുണ്ടോ; എങ്കിൽ എപ്പോഴെല്ലാം; ഓവർ ഡ്രാഫ്റ്റിന് പലിശ നൽകേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ;

(സി) സംസ്ഥാനത്ത് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി ഉണ്ടോ; ഇല്ലെങ്കിൽ കോൺട്രാക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് നൽകാനുള്ള കുടിശ്ശിക നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) എന്തെല്ലാം ഇനത്തിൽ എത്ര കോടി രൂപ സംസ്ഥാന ഗവൺമെന്റ് നൽകേണ്ടതായ ഇനത്തിൽ കുടിശ്ശിക ആയിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 ജൂൺ 30 വരെയുള്ള കണക്കുകൾ പ്രകാരം റിസർവ് ബാങ്കിൽ ഉണ്ടായിരിക്കുന്ന ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വന്ന ദിവസങ്ങൾ ചുവടെ ചേർക്കുന്നു:

8-10-2013, 9-4-2014, 4-9-2014 മുതൽ 11-9-2014 വരെ, 9-10-2014 മുതൽ 11-10-2014 വരെ, 6-1-2015 മുതൽ 12-1-2015 വരെ, 4-3-2015 മുതൽ 10-3-2015 വരെ, 28-3-2015, 8-4-2015 മുതൽ 13-4-2015 വരെ, 23-4-2015 മുതൽ 28-4-2015 വരെ, 30-4-2015, 7-5-2015 മുതൽ 8-5-2015 വരെ

(ബി) ഉണ്ട്. 5-9-2014 മുതൽ 11-9-2014 വരെ സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിരുന്നു. ഓവർ ഡ്രാഫ്റ്റിന് പലിശ നൽകിയ ഇനത്തിന് 45,04,968 രൂപ ചെലവായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. എന്നാൽ നികുതി പിരിവിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാനാകാത്തതിനാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്. എന്നിരുന്നാലും കരാറുകാരുടെ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുന്നതിനായി 25-2-2015-ലെ സ.ഉ.(പി) നമ്പർ 97/2015/ധന പ്രകാരം ആവിഷ്കരിച്ച ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായത്തിനനുസൃതമായി 10-6-2015-ലെ സ.ഉ.(സാധാ) നമ്പർ 5597/2015/ധന പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിലെ സെപ്റ്റംബർ 2014 വരെയുള്ള കുടിശ്ശിക ബില്ലുകൾ 2015 ഡിസംബർ മാസത്തോടു കൂടിയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾ 2015 നവംബർ മാസത്തോടുകൂടിയും ജലവിഭവ വകുപ്പിലെ ഒക്ടോബർ 2014 വരെയുള്ള ബില്ലുകൾ 2015 നവംബർ മാസത്തോടു കൂടിയും കൊടുത്തുതീർക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**കുന്നംകുളം നിയോജകമണ്ഡലത്തിലെ കാരുണ്യ ചികിത്സാ പദ്ധതി**

152 (3306) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ചികിത്സാ പദ്ധതി ആരംഭിച്ചതു മുതൽ കുന്നംകുളം നിയോജക മണ്ഡലത്തിൽ ഇതുവരെ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; ധനസഹായം അനുവദിച്ചവരുടെ പേരുവിവരവും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

തൃശ്ശൂർ ജില്ലയിൽ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 30-5-2015-വരെ 5328 രോഗികൾക്കായി 43,96,77,338 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. എന്നാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല.

**റവന്യൂ കമ്മി**

153 (3307) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും അവതരിപ്പിച്ച ബഡ്ജറ്റിൽ നിർണ്ണയിക്കപ്പെട്ട റവന്യൂ കമ്മി എത്രയായിരുന്നുവെന്നും പിന്നിട്ട ഓരോ വർഷത്തെ യഥാർത്ഥ റവന്യൂ കമ്മി എത്ര തുക വീതമായിരുന്നുവെന്നും വിശദമാക്കാമോ;

(ബി) സർക്കാർ പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് 2014-15 അവസാനിക്കുമ്പോൾ റവന്യൂ കമ്മി എത്രയായി കുറയണമായിരുന്നു; യഥാർത്ഥത്തിൽ എത്രയായി കുറയുകയുണ്ടായി; 2015-16 അവസാനിക്കുമ്പോൾ റവന്യൂകമ്മി എത്രയായി നിയമവ്യവസ്ഥ പ്രകാരം കുറയേണ്ടതുണ്ട്; ഇപ്പോഴത്തെ സ്ഥിതിയിൽ റവന്യൂ കമ്മി എത്രയായി വർദ്ധിക്കും; വിശദമാക്കാമോ;

(സി) പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് എന്തെങ്കിലും പുതിയ ആനുകൂല്യങ്ങൾ നൽകിയതിന്റെ പേരിൽ റവന്യൂ കമ്മി കൂടുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ബഡ്ജറ്റിൽ പറയാതിരുന്ന പുതിയ ആനുകൂല്യങ്ങൾ എന്തെല്ലാമായിരുന്നു?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ബഡ്ജറ്റിൽ നിർണ്ണയിക്കപ്പെട്ട റവന്യൂകമ്മിയുടെയും ഈ വർഷങ്ങളിലെ യഥാർത്ഥ റവന്യൂ കമ്മിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|

| രൂപ കോടിയിൽ | | | | | |
|---|---|---|---|---|---|
| പ്രതീക്ഷിച്ച റവന്യൂ കമ്മി | 5533.91 | 3463.77 | 2269.97 | 7131.69 | 7831.92 |
| യഥാർത്ഥ റവന്യൂ കമ്മി | 8034.26 | 9351.44 | 11308.55 | 12916.65* | 196.43# |

(ബി) 2011-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത ഭേദഗതി ആക്ട് പ്രകാരം 2014-15 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ പൂജ്യം ശതമാനം ആകേണ്ടതാണ്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തെ റവന്യൂ കമ്മി സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2.8 ശതമാനമാണ്. 2015-16 സാമ്പത്തികവർഷം അവസാനിക്കുമ്പോൾ റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ പൂജ്യം ശതമാനം ആയിരിക്കണം. സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ കണക്കുകൾ ലഭിക്കുമ്പോൾ മാത്രമേ റവന്യൂ കമ്മി എത്രയായി വർദ്ധിക്കുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് പുതിയ ആനുകൂല്യങ്ങൾ നൽകിയതിന്റെ പേരിൽ റവന്യൂ കമ്മി കൂടിയിട്ടില്ല. വിവിധ റവന്യൂ വരുമാന സ്രോതസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്തതാണ് റവന്യൂ കമ്മി കൂടാനുള്ള പ്രധാന കാരണം.

**നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ബസ്സുകൾ**

154 (3308) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ബസുകൾ വാങ്ങി നൽകുന്നതിന് അനുമതി തേടിക്കൊണ്ട് ഗതാഗത വകുപ്പ് നൽകിയ ഫയൽ എന്നാണ് ധനകാര്യ വകുപ്പിലെത്തിയത്; എത്ര എം.എൽ.എ.മാരുടെ എത്ര കോടി രൂപയുടെ നിർദ്ദേശമാണ് വന്നത്;

*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം

#അക്കൗണ്ടന്റ് ജനറലിന്റെ മേയ് മാസം വരെയുള്ള കണക്കുകൾ പ്രകാരം

(ബി) ഇവർക്ക് ധനകാര്യ വകുപ്പ് കൺകറൻസ് നൽകുകയുണ്ടായോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് കൺകറൻസ് നൽകാതിരുന്നതെന്ന് വിശദമാക്കാമോ;

(സി) നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി നൽകിയ ഈ പാക്കേജിന് പ്രത്യേക പരിഗണന നൽകി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് ബസ്സ് വാങ്ങുന്നതിനായി ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ഗതാഗത വകുപ്പിൽ നിന്നും ലഭിച്ച ഫയലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഫയൽ നമ്പർ 9837/A2/2014/ഗതാഗതം തീയതി 21-7-2014.
2. ഫയൽ നമ്പർ 14086/A2/2014/ഗതാഗതം തീയതി 22-1-2015 8 എം.എൽ.എ.-മാരുടെ 7.40 കോടി രൂപയുടെ നിർദ്ദേശമാണ് ലഭിച്ചിരുന്നത്.

(ബി) പൊതുജനോപകാരപ്രദവും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-ക്ക് ബസ്സ് വാങ്ങുന്നതിനായി ടി ഫണ്ട് വിനിയോഗിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ല. സർക്കാരിന്റെ സാമ്പത്തിക പരിമിതികളും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ദീർഘകാലം നിലനിൽക്കണമെന്നുള്ള താല്പര്യവും കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് ഫണ്ട് അനുവദിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) താൽപ്പര്യം പരിഗണനയിലില്ല.

**കരാറുകാരുടെ കുടിശ്ശിക തുക നൽകാൻ നടപടി**

155 (3309) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാരുടെ നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് സമരസമിതിക്ക് നൽകിയ ഉറപ്പുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് - ജലവിഭവ വകുപ്പ് കരാറുകാർക്ക് 31-5-2015 വരെ

നൽകാനുള്ള കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക പൂർണ്ണമായി കൊടുത്ത് തീർക്കുന്നതിനായി എന്തു പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ കാരാറുകാരുടെ ബിൽ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനായി കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായി 26-4-2015-ൽ ചർച്ച നടത്തിയിരുന്നു. അതനുസരിച്ച് പൊതുമരാമത്ത് നിരത്തുവിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിലെ കുടിശ്ശിക 2015 ഡിസംബറിലും നിരത്തു വിഭാഗത്തിന്റേത് 2016 മാർച്ചിലും കൊടുത്തു തീർക്കാൻ ധാരണയായിട്ടുണ്ട്. സർക്കാർ ആവിഷ്കരിച്ച നടപ്പാക്കിയ ബിൽ ഡിസ്കൗണ്ടിങ്ങ് സിസ്റ്റം പ്രകാരം കരാറുകാരുടെ ആറുമാസത്തെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിന് സൗകര്യം ഉണ്ടാകുന്നതും ആറുമാസത്തിലധികം പഴക്കമുള്ള ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുമ്പോൾ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50% സർക്കാർ മടക്കി നൽകുന്നതുമാണ് എന്ന് അറിയിച്ചിരുന്നു. നിലവിൽ ഇത് 25% ആണ്. കൂടാതെ കെട്ടിട വിഭാഗത്തിന്റെ ഭരണാനുമതി തുക 10 ലക്ഷം രൂപയിൽ അധികരിക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കാനുള്ള അധികാരം ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നൽകാനും ജലവിഭവ വകുപ്പിലെ കുടിശ്ശിക ബില്ലുകൾ ഏപ്രിൽ മാസം മുതൽ നൽകി തുടങ്ങാനും നബാർഡ് പദ്ധതികൾ, ഡെപ്പോസിറ്റ് വർക്കുകൾ എന്നിവയുടെ ബില്ലുകൾക്കുള്ള തുക കുടിശ്ശികയാകാതെ അനുവദിക്കുമെന്നും കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായുള്ള ചർച്ചയിൽ ധാരണയായിട്ടുണ്ടായിരുന്നു.

(ബി) ഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-4-2014 മുതൽ 28-2-2015 വരെ 12698.51 കോടി രൂപയുടെയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 394.57 കോടി രൂപയുടെയും ജലവിഭവ വകുപ്പിൽ 1-4-2014 മുതൽ 30-8-2014 വരെ എല്ലാ വിഭാഗങ്ങളിൽ നിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 132.58 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 1795.66 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

(സി) കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ജി.ഒ.(പി) നമ്പർ 97/2015/Fin. Dated 25-2-2015

പ്രകാരം ആവിഷ്കരിച്ച ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായത്തിന് അനുസൃതമായി ജി.ഒ.(ആർറ്റി) നമ്പർ 5597/2015/Fin. Dated 10-6-2015 പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിലെ സെപ്റ്റംബർ 2014 വരെയുള്ള കുടിശ്ശിക ബില്ലുകൾ 2015 ഡിസംബർ മാസത്തോടുകൂടിയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾ നവംബർ 2015 മാസത്തോടുകൂടിയും ജലവിഭവ വകുപ്പിലെ ഒക്ടോബർ 2014 വരെയുള്ള ബില്ലുകൾ നവംബർ 2015 മാസത്തോടുകൂടിയും കൊടുത്തു തീർക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജി.ഒ.(പി) നമ്പർ 221/2015/Fin. Dated 10-6-2015 പ്രകാരം 2015 ആഗസ്റ്റ് മാസം ഒന്നുമുതൽ ഡിസ്കൗണ്ട് ചെയ്യുന്ന ബില്ലുകളുടെ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50% കരാറുകാർക്ക് മടക്കി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ജി.ഒ.(പി) നമ്പർ 198/2015/Fin. Dated 28-5-2015 അനുസരിച്ച് 5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഭരണാനുമതി നൽകിയിട്ടുള്ള കെട്ടിട വിഭാഗ ഡിപ്പോസിറ്റ് പ്രവർത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്.

**ബഡ്ജറ്റിൽ ലക്ഷ്യമിട്ട പദ്ധതി ചെലവും പദ്ധതി ഇതര ചെലവും**

156 (3310) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ലക്ഷ്യമിട്ട പദ്ധതി ചെലവിലും പദ്ധതി ഇതര ചെലവിലും എത്ര ശതമാനം വീതം ചെലവഴിക്കാതിരുന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഏറ്റവും കൂടുതൽ ശതമാനം ചെലവഴിക്കൽ നടന്നിട്ടില്ലാത്ത അഞ്ച് പദ്ധതി ചെലവ് മേഖല ഏതെല്ലാമായിരുന്നു; ഈ പദ്ധതികൾക്ക് ലക്ഷ്യമിട്ടിരുന്ന തുക എത്ര; ചെലവഴിക്കാൻ കഴിയാതിരുന്ന തുകയുടെ ശതമാനവും തുകയും എത്ര; വ്യക്തമാക്കുമോ;

(സി) ലക്ഷ്യമിട്ട നികുതികൾ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടായിരുന്നെങ്കിൽ പദ്ധതി ചെലവ് നൂറ് ശതമാനവും നടപ്പിലാക്കുവാൻ സാധിക്കുമായിരുന്നുവോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014-15

സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ലക്ഷ്യമിട്ട പദ്ധതി ചെലവിൽ 40.97 ശതമാനവും പദ്ധതി ഇതര ചെലവിൽ 8.13 ശതമാനവും ചെലവഴിക്കാതിരുന്നിട്ടുണ്ട്.

(ബി) പദ്ധതി ചെലവ് സംബന്ധിച്ച വകുപ്പ് തിരിച്ചുള്ള കണക്കുകളാണ് ലഭ്യമായിട്ടുള്ളത്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ ശതമാനം ചെലവഴിക്കൽ നടന്നിട്ടില്ലാത്ത അഞ്ച് വകുപ്പുകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഇല്ല. ഭരണാനുമതി, സാങ്കേതികാനുമതി, പാരിസ്ഥിതികാനുമതി, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ ഘടകങ്ങൾ പദ്ധതി നിർവ്വഹണത്തെ സ്വാധീനിക്കുന്നുണ്ട്.

**സർക്കാർ സർവ്വീസിലെ തസ്തികകൾ സംബന്ധിച്ച പഠനം**

157 (3311) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ തസ്തികകൾ കുറയ്ക്കുന്നത് സംബന്ധിച്ച് ധനവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിൽ എത്ര തസ്തികകളാണ് കൂടുതലായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട് ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മന്ത്രിസഭാ തീരുമാനപ്രകാരം പുറപ്പെടുവിച്ച 19-9-2014-ലെ സ.ഉ.(പി) നമ്പർ 400/2014/ധന ഉത്തരവുപ്രകാരം വിവിധ വകുപ്പുകളിൽ കണ്ടെത്തിയ 30000 ത്തോളം താൽക്കാലിക തസ്തികകളിൽ 25% നിർത്തലാക്കാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ വെളിച്ചത്തിൽ നടത്തിയ പഠന റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാനുമുള്ള അന്തിമ ഘട്ടത്തിലാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ജീവനക്കാർക്കുള്ള കുടുംബ പെൻഷൻ പദ്ധതി**

158 (3312) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള കുടുംബപെൻഷൻ പദ്ധതി എന്നു മുതലാണ് നടപ്പിലാക്കി തുടങ്ങിയത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാർ സർവ്വീസിലുണ്ടായിരുന്നവരുടെ ആശ്രിതർക്ക് ഏതു തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങളാണ് നൽകിയിരുന്നതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ചുള്ള വിശദവിവരങ്ങളും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനായി ആശ്രിതർ ആർക്ക് അപേക്ഷ നൽകണമെന്നും അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകൾ സമർപ്പിക്കണമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.ഒ.(പി) നമ്പർ 269/64/ധന. തീയതി 13-5-1964 എന്ന ഉത്തരവ് മുഖേന 1-4-1964 മുതലാണ് ഈ പദ്ധതി പ്രാബല്യത്തിൽ വന്നത്.

(ബി) കോൺട്രിബ്യൂട്ടറി ഫാമിലി പെൻഷൻ സ്കീം 1964 ൽ നിലവിൽ വരുന്നതിന് മുമ്പ് നോൺ കോൺട്രിബ്യൂട്ടറി ഫാമിലി പെൻഷൻ സ്കീം എന്ന പേരിൽ ഒരു കുടുംബ പെൻഷൻ പദ്ധതി നിലവിലുണ്ടായിരുന്നു.

(സി) ബന്ധപ്പെട്ട രേഖകൾ സഹിതം പെൻഷണർ അവസാനം ജോലി ചെയ്ത ആഫീസ് മേലധികാരി മുഖേന അക്കൗണ്ടന്റ് ജനറലിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓരോതരം ആശ്രിതർക്കും പ്രത്യേക തരത്തിലുള്ള ഫോമുകളും അനുബന്ധ രേഖകളുമാണ് സമർപ്പിക്കേണ്ടത്. ഇത് ചട്ടം 90 ഭാഗം III കെ. എസ്. ആർ.-ൽ വ്യക്തമാക്കിയിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ പൊതുകടം**

159(3313) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുകടത്തിന്റെ സംസ്ഥാനത്തിലെ ആളോഹരി എത്ര രൂപയായിരുന്നു;

(ബി) 2015 മാർച്ച് 31-ൽ സംസ്ഥാനത്തിന്റെ ആളോഹരി കടം എത്ര രൂപയാണ്;

(സി) 2016 മാർച്ച് 31 ആകുമ്പോൾ കണക്കാക്കപ്പെട്ട തുകയനുസരിച്ച് സംസ്ഥാനത്തിന്റെ ആളോഹരി കടം എത്ര രൂപയായി വർദ്ധിക്കും?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെ പൊതുകടത്തിന്റെ സംസ്ഥാനത്തിന്റെ ആളോഹരി തുക 23554.86 രൂപയായിരുന്നു.

(ബി) 2015 മാർച്ച് 31-ൽ സംസ്ഥാനത്തിന്റെ ആളോഹരി കടം അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകളുടെ അടിസ്ഥാനത്തിൽ 39673.93 രൂപയാണ്.

(സി)2016 മാർച്ച് 31 വരെയുള്ള ആളോഹരി കടം അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

160 (3314) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി എത്ര തുകയാണ് ഓരോ വകുപ്പിലും അനുവദിച്ചിരിക്കുന്നത് ;

(ബി) അതിൽ ഓരോന്നിലും സംസ്ഥാന സർക്കാരിന്റെ പങ്ക് എത്രയാണ്;

(സി) അതിനുവേണ്ടി ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്;

(ഡി) വകുപ്പ് തിരിച്ച് കേന്ദ്രത്തിന്റെ വിഹിതം ,സംസ്ഥാനത്തിന്റെ വിഹിതം എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ -ഡി) 2015-16-ലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വകുപ്പ് തിരിച്ചുള്ള ബഡ്ജറ്റ് വിഹിതം (കേന്ദ്ര/സംസ്ഥാന വിഹിതം ഉൾപ്പെടെ) സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക**

161 (3315) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) 2014-15, 2013-14, 2012-13, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും നൂറു ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭ്യമായ തുക മൊത്തം എത്ര കോടി ആയിരുന്നു; അതിൽ ഓരോ വർഷവും യഥാർത്ഥത്തിൽ ചെലവഴിച്ച മൊത്തം തുക എത്ര വീതമായിരുന്നു;

(ബി) മേല്പറഞ്ഞ കാലയളവിൽ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തപ്പെട്ട തുകകളുടെയും ഓരോ വർഷം ചെലവഴിച്ച തുകകളുടെയും മൊത്ത കണക്കുകൾ വിശദമാക്കാമോ;

(സി) മേല്പറഞ്ഞ കാലയളവിൽ ഓരോ വർഷവും വകയിരുത്തപ്പെട്ട പൂർണ്ണ കേന്ദ്രാവിഷ്കൃത/മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഓരോ വർഷവും ചെലവഴിക്കാൻ കഴിയാതിരുന്ന തുകകൾ എത്രയായിരുന്നു?

ഉത്തരം

(എ) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും നൂറു ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുക ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ )

| വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| 2011-12 | 758.04 | 750.00 |
| 2012-13 | 1054.22 | 838.12 |
| 2013-14 | 1220.14 | 877.70 |
| 2014-15 | 1340.57 | 795.46 |

(ബി) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുക ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ )

| വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|

| | | |
|---|---|---|
| 2011-12 | 648.24 | 572.60 |
| 2012-13 | 1122.38 | 753.86 |
| 2013-14 | 1423.06 | 643.41 |
| 2014-15 | 1392.96 | 769.59 |

(സി) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ പൂർണ കേന്ദ്രാവിഷ്കൃത/മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയ്ക്ക് ഓരോ വർഷവും ചെലവഴിക്കാൻ കഴിയാതിരുന്ന തുകകൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ )

| വർഷം | 100% കേന്ദ്രാവിഷ്കൃത പദ്ധതികൾ | മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ |
|---|---|---|
| 2011-12 | 8.04 | 75.64 |
| 2012-13 | 224.20 | 368.52 |
| 2013-14 | 342.44 | 779.65 |
| 2014-15 | 545.11 | 623.37 |

**ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ്**

162 (3316) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് നടപ്പാക്കിയതിനുശേഷം മറ്റു വകുപ്പുകളിൽ നിന്ന് ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുന്ന ഫയലുകൾ സ്കാൻ ചെയ്ത് ഇ.ഫയലാക്കി മാത്രമെ സ്വീകരിക്കു എന്ന തീരുമാനം ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം വരുത്തുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റു വകുപ്പുകളിൽ ആവശ്യത്തിന് സ്കാനറുകൾ ഇല്ലാത്തത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇക്കാരണത്താൽ ആസ്തി വികസന പദ്ധതി പ്രവൃത്തികൾ വൈകുന്നു

എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ-ഓഫീസ് നടപ്പാക്കിയതിനുശേഷം ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം കുറഞ്ഞിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**കരാറുകാർക്കുള്ള കുടിശ്ശിക**

163 (3317) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് പണം നൽകാത്തതിനാൽ വികസന പ്രവർത്തനങ്ങൾ ശുഷ്കാന്തിയിൽ നടക്കാതെ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽ ഉണ്ടോ;

(ബി) മരാമത്ത് കരാറുകാർക്ക് എത്ര കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക വർദ്ധിച്ചതിനാൽ തടസ്സപ്പെട്ട വർക്കുകളുടെ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-4-2014 മുതൽ 28-2-2015 വരെ 1268.51 കോടി രൂപയുടെയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 394.57 കോടി രൂപയുടെയും ജലവിഭവവകുപ്പിൽ 1-4-2014 മുതൽ 30-8-2014 വരെ എല്ലാ വിഭാഗങ്ങളിൽ നിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 132.58 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 1795.66 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

(സി) ബാധകമല്ല.

**വികസന നിർമ്മാണ പ്രവൃത്തികളിലെ ധനദുർവ്യയം**

164 (3318) ശ്രീ. ബി.സത്യൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസന നിർമ്മാണ പ്രവൃത്തികളിൽ വൻതോതിൽ ധനദുർവ്യയവും അഴിമതിയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇത് തടയാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) ഇന്നത്തെ രീതിയിൽ പദ്ധതിപ്രവർത്തനം നടത്തുമ്പോൾ ധനം ദുർവ്യയം ചെയ്യപ്പെടാനുള്ള സാദ്ധ്യതകൾ എത്രത്തോളമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന് നഷ്ടം വരുന്നത് തടയാനും നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ പൂർണ്ണ ഫലപ്രാപ്തിയിലെത്തിക്കാനും ഉതകുന്ന തരത്തിൽ എന്ത് മാറ്റങ്ങൾ വരുത്താനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വികസന നിർമ്മാണ പ്രവൃത്തികളിൽ ധനദുർവ്യയവും അഴിമതിയും നടക്കുന്നതായി പരാതികൾ ലഭിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന് ലഭിക്കുന്ന പരാതികൾ ധനകാര്യ പരിശോധന വിഭാഗങ്ങൾ (ടെക്നിക്കൽ/നോൺ ടെക്നിക്കൽ) മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് വാങ്ങിക്കുന്നു. സർക്കാർ ഈ റിപ്പോർട്ടുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ തലവന്മാരെ ചുമതലപ്പെടുത്തുന്നു.

(ബി) പദ്ധതി പ്രവർത്തനം നടത്തുമ്പോൾ ധനം ദുർവ്യയം ചെയ്യപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടത് അതാത് വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. കരാറിലെ നിബന്ധന പ്രകാരമാണോ പ്രവൃത്തികൾ നടക്കുന്നത് എന്നത് സംബന്ധിച്ച് തെരഞ്ഞെടുക്കുന്ന ഏതാനും പ്രവർത്തികളുടെ പരിശോധന, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നേതൃത്വത്തിൽ സാങ്കേതിക പരിശോധന

വിഭാഗം നടത്താറുണ്ട്.

(സി) കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മറ്റ് നിർദ്ദേശങ്ങളും കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നത് വഴി സംസ്ഥാനത്തിന് നഷ്ടം വരുന്നത് തടയാനും നടക്കുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണ ഫലപ്രാപ്തിയിലെത്തിക്കാനും സാധിക്കുന്നതാണ്.

## 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനം

165 (3319) ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനം സംബന്ധിച്ച് ഏറ്റവും ഒടുവിൽ ചീഫ് സെക്രട്ടറി തലത്തിൽ റിവ്യൂ ചെയ്തത് എപ്പോഴാണ്; പ്ലാൻ പെർഫോമൻസ് സംബന്ധിച്ച പ്രസ്തുത മീറ്റിംഗിന്റെ വിലയിരുത്തലുകൾ വിശദമാക്കാമോ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക (ഉപധനാഭ്യർത്ഥന ഒഴികെയുള്ളത്)എത്ര, വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട (ഉപധനാഭ്യർത്ഥന ഇല്ലാതെ) തുകയുടെ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ടായിരുന്നു; യഥാർത്ഥ ചെലവിന്റെ ശതമാന കണക്കുകൾ വിശദമാക്കാമോ;

(ഡി) 2014-15 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഓരോ വകുപ്പിലും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; അതിൽ 2015 മാർച്ച് 31 വരെ ചെലവഴിക്കപ്പെട്ടത് എത്ര; യഥാർത്ഥ ചെലവിന്റെ ശതമാന കണക്കുകൾ വിശദമാക്കാമോ?

ഉത്തരം

(എ) 22-5-2015-ലെ ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരുമായുള്ള യോഗത്തിലാണ് 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനം സംബന്ധിച്ച് ഏറ്റവും ഒടുവിൽ റിവ്യൂ ചെയ്തത്. പദ്ധതി പെർഫോർമൻസ് സംബന്ധിച്ച പ്രസ്തുത യോഗത്തിലെ പ്രധാനപ്പെട്ട വിലയിരുത്തലുകൾ ചുവടെ ചേർക്കുന്നു:

- 1479 പദ്ധതികളിലായി മൊത്തം 4451 ഘടകങ്ങളിൽ 4433 ഘടകങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
- പ്രോജക്ട് എസ്റ്റിമേറ്റുകളുടെ ഉയർന്ന തോതിലുള്ള പരിഷ്കരണം,

എസ്റ്റിമേറ്റഡ് ചെലവിനെക്കാൾ ഉയർന്ന തുക quote ചെയ്യൽ, ഭൂമിയുടെ ദൗർലഭ്യം, യോഗ്യമായ പ്രൊപ്പോസലുകൾ/അപേക്ഷകരുടെ ദൗർലഭ്യം എന്നിവയാണ് യഥാസമയത്ത് ഭരണാനുമതി നൽകാൻ കഴിയാത്ത കാരണങ്ങൾ.

- 20000 കോടി രൂപയുടെ പദ്ധതി അടങ്കലിൽ 14251 കോടി രൂപ (71%) ചെലവഴിച്ചിട്ടുണ്ട്. ഇത് 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 10% കുറവാണ്.

- പദ്ധതി നടത്തിപ്പിലും നിരീക്ഷണത്തിലും ഏർപ്പെട്ടിട്ടുള്ള 39 വകുപ്പുകളുടെ പ്രകടനം വിലയിരുത്തുമ്പോൾ 22 വകുപ്പുകൾ സംസ്ഥാന ശരാശരിയായ 71% മുകളിലും അവശേഷിക്കുന്ന 17 വകുപ്പുകൾ സംസ്ഥാന ശരാശരിയുടെ താഴെയുമാണ്.

- 'payment' നടത്തുന്നതിലുള്ള സാങ്കേതികവും മറ്റുതരത്തിലുമുള്ള കാരണങ്ങൾ കൊണ്ടുള്ള കാലതാമസം വൻകിട വികസന പ്രോജക്ടുകൾക്കുള്ള സ്ഥലം ഏറ്റെടുക്കലിലുള്ള കാലതാമസം 'Bidder' പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ 'pre qualification' മാനദണ്ഡങ്ങൾ പരിഷ്കരിക്കേണ്ടതായിരുന്നത്, ടെണ്ടർ ഉറപ്പിക്കുന്നതിനുള്ള കാലതാമസം, കേന്ദ്രസഹായം യഥാസമയം നൽകാത്തത് എന്നിവയാണ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ചില തടസ്സങ്ങൾ.

(ബി&സി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കുള്ള പദ്ധതി വിഹിതം, ചെലവഴിച്ച തുക, ചെലവിന്റെ ശതമാനം ഇവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു*.

(ഡി) ഇത് സംബന്ധിച്ച വിവരം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു*.

## 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവും ടി.പി. അക്കൗണ്ടുകളിലെ തുകയും

166 (3320) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 31-ന് പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എത്ര തുക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിവിധ T.P.അക്കൗണ്ടുകളിലുണ്ടായിരുന്നു; വിശദമാക്കാമോ; തദ്ദേശ സ്വയംഭരണ വകുപ്പിനായി വകയിരുത്തപ്പെട്ട തുകയിൽ ചെലവഴിക്കാതിരുന്ന തുക എത്രയായിരുന്നുവെന്നു വെളിപ്പെടുത്തുമോ;

(ബി) 2015 മാർച്ച് 31ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ T.P അക്കൗണ്ടുകളിലുണ്ടായിരുന്ന മൊത്തം തുക എത്രയായിരുന്നുവെന്നു വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) 23 ജില്ലാ ട്രഷറികളിലുമായി 388 T.P. അക്കൗണ്ടുകൾ ഉള്ളതിൽ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2015 മാർച്ച് 31-ന് 185,96,53,110 രൂപ നിലനിന്നിരുന്നു. തദ്ദേശ വകുപ്പിനായി വകയിരുത്തപ്പെട്ട തുകയിൽ ചെലവഴിക്കാതിരുന്ന തുക 18,61,41,652 രൂപയാണ്.

(ബി) 2015 മാർച്ച് 31-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ T.P. അക്കൗണ്ടുകളിലുണ്ടായിരുന്ന മൊത്തം തുക 128,73,37,913 രൂപയാണ്.

**ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപ സമാഹരണം**

167 (3321) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപ സമാഹരണം എന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിക്ഷേപ സമാഹരണത്തിലെ കുറവ് സംസ്ഥാനത്തിന് വായ്പയായി ലഭിക്കുന്ന തുകയിൽ കാര്യമായ നഷ്ടം ഉണ്ടാക്കുന്നുണ്ടോ;

(സി) ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഉയർത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ നിക്ഷേപ

സമാഹരണ ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടില്ല.

(ബി) നിക്ഷേപ സമാഹരണത്തിലെ കുറവ് സംസ്ഥാനത്തിന് വായ്പയായി ലഭിക്കുന്ന തുകയിൽ കാര്യമായ നഷ്ടം ഉണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപങ്ങളുടെ പലിശ നിരക്ക് ഉയർത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**ചരക്ക് സേവന നികുതി നടപ്പാക്കാനുള്ള പദ്ധതി**

168 (3322) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നികുതി ഘടനയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇത് വഴി ഉണ്ടാകുന്നത്;

(സി) ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ നികുതി വരുമാനത്തിൽ എന്തെങ്കിലും കുറവ് വരുമെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാനും കൂടുതൽ വരുമാനം ലഭിക്കുവാനും എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചരക്ക് സേവന നികുതി സംബന്ധിച്ച് 122-ാം ഭരണഘടനാ ഭേദഗതി ഇപ്പോൾ രാജ്യസഭയുടെ പരിഗണനയിലാണ്. കേരളം ചരക്ക് സേവന നികുതി സമ്പ്രദായത്തെ പിന്തുണക്കുന്നു.

(ബി) ചരക്ക് സേവന നികുതി നിലവിൽ വരുന്നതോടുകൂടി കേന്ദ്ര നികുതികളായ എക്സൈസ് ഡ്യൂട്ടി, അധിക എക്സൈസ് ഡ്യൂട്ടികൾ, സേവന നികുതി,

കൗണ്ടർവെയിലിംഗ് ഡ്യൂട്ടി എന്നറിയപ്പെടുന്ന അധിക കസ്റ്റംസ് ഡ്യൂട്ടി, സെസ്സ് മുതലായവയും സംസ്ഥാന നികുതികളായ മൂല്യവർദ്ധിത നികുതി വില്പന നികുതി (ഭാഗീകമായി), തദ്ദേശസ്ഥാപനങ്ങളിൽ കൂടിയല്ലാതെ പിരിച്ചെടുക്കുന്ന വിനോദ നികുതി, ആഡംബരനികുതി, ലോട്ടറി, ചൂതാട്ടം, പന്തയം എന്നിവയിന്മേലുള്ള നികുതി, ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണവുമായി ബന്ധപ്പെട്ട സംസ്ഥാന സെസ്സുകൾ, സർചാർജ്ജുകൾ എന്നിവ ചരക്ക് സേവന നികുതിയിൽ സംയോജിക്കപ്പെടും.

(സി&ഡി) ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനങ്ങൾക്ക് സേവന മേഖലയിൽ നികുതി ചുമത്താമെന്നുള്ളതുകൊണ്ടും ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി വരുമാനത്തിൽ കുറവ് വരുമെന്ന് കരുതുന്നില്ല. എന്നാൽ ആദ്യ 5 വർഷക്കാലം വരുമാന നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഈ നഷ്ടം പൂർണ്ണമായും കേന്ദ്രം നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. കൃത്യമായി പരിശോധിക്കപ്പെടുന്ന ഒരു സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും പ്രത്യേക ഗ്രാന്റായി ഈ നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്ക് നൽകുമെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ വാറ്റ് നടപ്പിലാക്കിയപ്പോൾ കോമ്പൻസേഷൻ സമ്പ്രദായത്തിലുണ്ടായ അപാകതകൾ ആവർത്തിക്കാതിരിക്കുന്നവാനായി ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെട്ട ഒരു സമിതി നിശ്ചയിക്കേണ്ടതാണെന്ന ആവശ്യവും ചരക്ക് സേവന നികുതി വിഭാവനം ചെയ്യുന്ന പ്രാപ്യസ്ഥാനതത്ത്വം ഭരണഘടനയിൽത്തന്നെ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യവും സംസ്ഥാനം ശക്തമായി ഉന്നയിച്ചിട്ടുണ്ട്.

**നികുതി പിരിവ്**

169 (3323) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം നികുതി പിരിവിൽ കുറവ് ഉണ്ടായിട്ടുണ്ടോ;എങ്കിൽ, അത് എന്തൊക്കെ കാരണങ്ങളാലാണ് എന്ന് വിശദീകരിക്കാമോ;

(ബി) നികുതി പിരിവ് ഊർജ്ജിതമാക്കാൻ, നടപ്പ് വർഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ അനുസരിച്ച് കാർഷികാദായ നികുതി, സംസ്ഥാന എക്സൈസ് നികുതി എന്നീ നികുതി ഇനങ്ങളിൽ 2014-15 സാമ്പത്തിക വർഷം, 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കുറവ് വരുമാനമാണ് ലഭിച്ചത്. റബ്ബറിന്റെ വിലയിൽവന്ന കുറവ് കാരണം റബ്ബറിൽ നിന്നുള്ള വരുമാനത്തിൽ 41% കുറവുണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും നികുതി വരുമാനത്തിൽ കുറവുണ്ടാകാൻ കാരണമായിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 എഫ്.എൽ.-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 52 എഫ്.എൽ.-1 വിദേശമദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ, പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽ നിന്നും ലഭിച്ചിരുന്ന വരുമാനത്തിലും കുറവുണ്ടായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ (കെ.എസ്.ബി.സി.) വഴിയുള്ള മദ്യവില്പനയിലും കുറവു വന്നിട്ടുണ്ട്.

(ബി) നികുതി പിരിവ് ഊർജ്ജിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വകുപ്പുതിരിച്ച് താഴെച്ചേർക്കുന്നു.

ലാന്റ് റവന്യൂ വകുപ്പ്:

ഭൂനികുതി പിരിവ് കൂടുതൽ കാര്യക്ഷമവും കൃത്യവുമാക്കുന്നതിനായി ഓരോമാസവും കൈവരിക്കേണ്ട പിരിവ് ലക്ഷ്യം മുൻകൂട്ടി നിശ്ചയിച്ച് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതും ഇതനുസരിച്ച് പിരിവ് നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നതുമാണ്. ലാന്റ് റവന്യൂനികുതി ഇനങ്ങളിലെ മുഖ്യ വരുമാന ഇനമായ ബിൽഡിംഗ് ടാക്സ് പിരിച്ചെടുക്കുന്നതിന് ഓരോ മാസവും അസസ് ചെയ്യേണ്ട ഏറ്റവും കുറഞ്ഞ കെട്ടിടങ്ങളുടെ എണ്ണം മുൻകൂറായി നിശ്ചയിച്ച് ജില്ലകൾക്ക് നൽകിയിട്ടുള്ളതുപ്രകാരം ഊർജ്ജിത നികുതി പിരിവ് നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പ്:

മദ്യത്തിന്മേലുള്ള വില്പന നികുതി, എക്സൈസ് ഡ്യൂട്ടി എന്നിവയുടെ നിരക്ക് വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ

നിർമ്മിത വിദേശ മദ്യത്തിന്മേൽ ചുമത്തുന്ന എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ്:

അഞ്ച് വർഷമോ അതിൽ കൂടുതലോ കാലയളവിൽ നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള വാഹനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം അടയ്ക്കുന്നതിനുള്ള തീയതി 31-12-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടാക്സ് കുടിശ്ശിക വരുത്തിയതിനാൽ മോട്ടോർ വാഹന വകുപ്പോ പോലീസോ പിടിച്ചെടുത്ത വാഹനങ്ങൾ ഒരു വർഷത്തിനകം ടാക്സ് അടച്ചില്ലെങ്കിൽ ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിന് നിയമ ഭേദഗതി ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് വർക്ക് ഊർജ്ജിതപ്പെടുത്താനും എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വാണിജ്യനികുതി വകുപ്പ്:

നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിശകലനം നടത്തുകയും റിട്ടേൺ സ്ക്രൂട്ടിണി ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ നടപ്പിലാക്കി. സി.സി.ടി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതി കേസ്സുകളും ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസ്സുകളും അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്കുകളുടെ വിശദാംശങ്ങളും ആഡംബര നികുതി, കാർഷികാദായ നികുതി, മണി ലെന്റേഴ്സ് നിയമം എന്നിവയുടെ റിട്ടേണുകളും ഓൺലൈനാക്കിയിട്ടുണ്ട്. കൂടാതെ നികുതി വെട്ടിപ്പ് കുറയ്ക്കുന്നതിനായി ചെക്ക് പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനവും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ട്രെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിന് ഈ മേഖലയിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്. കൂടാതെ നികുതി നിർണ്ണയ വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിന് ആഡിറ്റ് അസസ്സ്മെന്റ് വിംഗ് പുനഃസ്ഥാപിച്ചിട്ടുണ്ട്.

**കൈത്തറി ഉൽപ്പന്നങ്ങളുടെ വാറ്റ് നികുതി ഒഴിവാക്കൽ**

170 (3324) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി ഉൽപ്പനങ്ങൾക്ക് 1% വാറ്റ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത് പിൻവലിക്കുന്ന കാര്യം പരിശോധിക്കുമോ ;

(ബി) ഇതു മൂലം കഷ്ടത്തിലായ ചെറുകിട ഉൽപ്പാദകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(സി) വാറ്റ് നികുതിയുടെ പേരിൽ വിൽപന നികുതി ഉദ്യോഗസ്ഥരുടെ അനാവശ്യ പരിശോധനയും പീഡനവും അവസാനിപ്പിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ടെക്സ്റ്റൈയിൽ ഉൽപ്പന്നങ്ങൾക്ക് എല്ലാം 1% നികുതി ചുമത്തിയിരിക്കുന്ന സാഹചര്യത്തിൽ തെറ്റായ തരംതിരിവ് ഒഴിവാക്കാൻ വേണ്ടിയാണ് കൈത്തറി ഉൽപ്പന്നങ്ങൾക്ക് 1% വാറ്റ് നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് വളരെ കുറഞ്ഞ നികുതി നിരക്കാണ്. ഈ നികുതി ഉപഭോക്താവിൽ നിന്നും പിരിക്കാവുന്നതുമാണ്. നികുതി പിൻവലിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഈ കുറഞ്ഞ നികുതി നിരക്ക് ഉപഭോക്താവിൽ നിന്നും പിരിക്കാവുന്നതായതിനാൽ ഉല്പാദകർക്ക് ബുദ്ധിമുട്ടുണ്ടാകില്ല.

(സി) പ്രഥമദൃഷ്ട്യാ നികുതി വെട്ടിപ്പ് തെളിയുന്ന സാഹചര്യങ്ങളിൽ മാത്രമേ വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ കർശന പരിശോധന നടത്താറുള്ളൂ. പരിശോധന അനാവശ്യവും അന്യായവും ആയിരുന്നുവെന്ന് തെളിഞ്ഞാൽ അതിന്മേലുള്ള പീനൽ നടപടികൾ ഒഴിവാക്കാറുണ്ട്.

**പാസഞ്ചർ വാഹനങ്ങളിലേയും ട്രെയിനുകളിലെയും അനധികൃത സാധനക്കടത്ത്**

171 (3325) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് തടയാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) സാധനങ്ങൾ കടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ എന്തെല്ലാം സംവിധാനം നിലവിലുണ്ട് ;

(സി) അനധികൃതമായി സാധനങ്ങൾ കടത്തുന്നതിനെതിരെ കർശന നടപടിയെടുക്കാൻ വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിനു പുറത്തുനിന്ന് പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഓൺലൈനിൽ ഫോം 8 എഫ്/8 എഫ് എ എന്നിവ വഴി വിശദാംശങ്ങൾ മുൻകൂറായി ഫയൽ ചെയ്യേണ്ടതാണ്. ഇങ്ങനെ ഡിക്ലയർ ചെയ്യാത്ത സാധനങ്ങൾ കൊണ്ടുവരുമ്പോൾ നിയമപ്രകാരം പിഴ ഈടാക്കുന്നുണ്ട്. തീവണ്ടികളിൽക്കൂടി അനധികൃതമായി സാധനങ്ങൾ കടത്തി നികുതി വെട്ടിപ്പുനടത്തുന്നതു തടയുന്നതിനുവേണ്ടി തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ പാഴ്സൽ ചെക്ക് പോസ്റ്റും എറണാകുളം റെയിൽവേസ്റ്റേഷനിൽ ഒരു ഫെസിലിറ്റേഷൻ സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്. വോൾവോ മുതലായ അന്തർ സംസ്ഥാന പാസഞ്ചർ വാഹനങ്ങൾ അതിർത്തി ചെക്ക്പോസ്റ്റുകളിൽ കർശനമായി പരിശോധിക്കുന്നുണ്ട്. പാസഞ്ചർ വാഹനങ്ങൾ വഴി അനധികൃതമായി സാധനങ്ങൾ കടത്തുന്നവർക്കതെതിരെ മോട്ടോർ വാഹന നിയമപ്രകാരം, ഇത്തരം വാഹനങ്ങൾ ഗുഡ്സ് ഓപ്പറേഷൻ നടത്തുന്നുവെന്ന രീതിയിൽ പെർമിറ്റ് വ്യവസ്ഥകളുടെ ലംഘനമായി കണക്കാക്കി മോട്ടോർ വാഹന വകുപ്പ് പിഴ ഈടാക്കുന്നുണ്ട്. ടൂറിസ്റ്റ് ബസുകളിൽ നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തുന്നത് തടയുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

(ബി) ചരക്കുകൾ കൊണ്ടു പോകുമ്പോൾ മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 47 (1) അനുശാസിക്കുന്ന രേഖകൾ ഉണ്ടായിരിക്കണം. മതിയായ രേഖകൾ ഇല്ലാതെ ചരക്കു കൊണ്ടുപോകുന്നതായി കണ്ടെത്തിയാൽ വകുപ്പ് 47(2) പ്രകാരം

പിഴ ചുമത്തുന്നതാണ്. ചെക്ക് പോസ്റ്റ് വഴി വരുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ 8F ലും റെയിൽവേ വഴി വരുന്നവ 8F A യിലും ഓൺലൈനായി ഡിക്ലയർ ചെയ്യണമെന്ന വ്യവസ്ഥ നിർബന്ധമാക്കിയിട്ടുണ്ട്.

(സി) ഇത്തരം നികുതി വെട്ടിപ്പ് തടയുന്നതിന് ചെക്ക്പോസ്റ്റുകളിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇത്തരം പ്രവണതകൾക്കെതിരെ മൂല്യവർദ്ധിത നികുതി നിയമത്തിലെ നിലവിലുള്ള വകുപ്പുകൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) റെയിൽവേ വഴിയും റോഡു വഴി പാസഞ്ചർ വാഹനങ്ങളിലും നികുതി വെട്ടിച്ചുള്ള ചരക്ക് കടത്ത് തടയുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ സംസ്ഥാനത്തൊട്ടാകെ ഇന്റലിജൻസ് വിഭാഗം ടൂറിസ്റ്റ് ബസ്, റെയിൽവേ സ്റ്റേഷൻ എന്നിവകളിൽ വിശദമായ പരിശോധന നടത്താറുണ്ട്. ടൂറിസ്റ്റ് ബസ് പരിശോധനയ്ക്കായി ഗതാഗത വകുപ്പിന്റെ സഹകരണവും തേടിയിട്ടുണ്ട്. ഓണം പ്രമാണിച്ച് ഇപ്പോൾ സ്പെഷ്യൽ സ്ക്വാഡുകളുടെ പരിശോധനയും ഏർപ്പെടുത്തിയിട്ടുണ്ട്.

## ഭക്ഷ്യോത്പന്നങ്ങളുടെ അമിത വിലയും വ്യാപാരികളുടെ ചൂഷണവും

172 (3326) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻ കീഴിൽ വരുന്ന ഭക്ഷ്യോല്പന്നങ്ങൾ ഏതെല്ലാം; അല്ലാത്തവ ഏതെല്ലാം; വിപണനക്കാർ പായ്ക്കറ്റുകളിൽ അമിത വില പ്രിന്റ് ചെയ്ത് അമിതലാഭം ഉണ്ടാക്കുന്നതായി പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ 2011-12 മുതൽ 2014-15 വരെ ഓരോ വർഷവും കണ്ടെത്തിയ ഉല്പന്നങ്ങൾ ഏതെല്ലാം; നിർമ്മാതാക്കൾ ആരെല്ലാം; ഫൈൻ ആയി ലഭിച്ച തുക എത്ര; വ്യക്തമാക്കുമോ;

(ബി) എം.ആർ.പി.-യേക്കാൾ കൂടുതൽ വില ഈടാക്കിയാലുള്ള ശിക്ഷയെന്താണ്; സംസ്ഥാനത്ത് ഇത്തരം എത്ര കേസ്സുകൾ 2011-12 മുതൽ നാളിതുവരെ റിപ്പോർട്ടു ചെയ്തിട്ടുണ്ട്; യഥാർത്ഥ വിലയേക്കാൾ കൂടുതൽ പ്രിന്റ് ചെയ്ത്

ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) വ്യാപാരികൾ വകുപ്പിന് റിട്ടേൺ സമർപ്പിക്കുന്നത് പാക്കറ്റ് വിലയനുസരിച്ചാണോ ബില്ല് വിലയനുസരിച്ചാണോ എന്നും ബില്ലനുസരിച്ചാണെങ്കിൽ ഇതുവഴി ഇവർ ഉപഭോക്താക്കളെ കബളിപ്പിക്കുന്നതു തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) വ്യാപാരികളുടെ ചൂഷണം തടയുന്നതിനായി ബില്ലിൻപ്രകാരമുള്ളതും നികുതി കൂടെ ഉൾപ്പെടുത്തിയതുമായ വില വ്യാപാരസ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കാനും അതുവഴി അഴിമതി ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) എല്ലാത്തരം ഭക്ഷ്യോത്പന്നങ്ങളും കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻ കീഴിൽ വരുന്നതാണ്. ഹോട്ടലുകളിലും കച്ചവടസ്ഥാപനങ്ങളിലും വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് മാത്രമായും പോലീസ്, ആരോഗ്യം റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്ന് പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of price by Catering Establishment) Order, 1977-ലെയും 1980 ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and stocks) Order പ്രകാരവും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) എം.ആർ.പി.-യേക്കാൾ കൂടുതൽ വില ഈടാക്കിയാൽ 2000 രൂപ വരെ പിഴ ഈടാക്കുന്നതിന് ലീഗൽ മെട്രോളജി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2011-12 മുതൽ നാളിതുവരെ ആകെ 1364 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എം.ആർ.പി.-യേക്കാൾ കൂടുതൽ വില ഈടാക്കിയാൽ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിലോ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലോ പരാതി നൽകാവുന്നതാണ്. ഉപഭോക്തൃ സംരക്ഷണ നിയമം 1986-ന്റെ അടിസ്ഥാനത്തിൽ സാധനങ്ങൾ വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകൾ വിഷയ വിദഗ്ധരെ ഉൾപ്പെടുത്തി സംഘടിപ്പിക്കാറുണ്ട്. കൂടാതെ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ വഴി വിദ്യാർത്ഥികളിൽ ബോധവത്കരണവും നടത്തിവരുന്നു.

(സി) വില്പന വിലയനുസരിച്ചാണ് വ്യാപാരികൾ റിട്ടേൺ സമർപ്പിക്കുന്നത്.

(ഡി) വിലവിവരപ്പട്ടിക പ്രദർശിപ്പാക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കെതിരെ ജില്ലാ കളക്ടർ തലത്തിൽ നോട്ടീസ് നൽകുകയും നിയമപരമായ നടപടി സ്വീകരിച്ച് പിഴ ഈടാക്കുന്നുമുണ്ട്.

**വിവിധ ഇനങ്ങളിൽ നൽകാൻ ബാക്കിയുള്ള കുടിശ്ശികയുടെ കണക്കുകൾ**

173 (3327) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015 ജൂൺ 30 ന് ട്രഷറിയിലെ വിവിധ നിക്ഷേപങ്ങൾ തിരികെ നൽകേണ്ട വകയിലും, കരാറുകാർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ, മെഡിക്കൽ കോർപ്പറേഷൻ, നെല്ല് സംഭരിച്ച ഇനത്തിൽ കൃഷിക്കാർക്ക്, ഭവനരഹിതർക്കായുള്ള ഭവന പദ്ധതികൾ, കർഷകതൊഴിലാളികളുടെ പെൻഷൻ/ക്ഷേമനിധി ആനുകൂല്യങ്ങൾ, തൊഴിലില്ലായ്മ വേതനം, തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി, സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, മറ്റിനങ്ങൾ എന്നീയിനങ്ങളിലായി കുടിശ്ശികയായിട്ടുള്ള തുകയുടെ കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

2015 ജൂൺ 30-ന് ട്രഷറിയിലെ തിരികെ നൽകേണ്ട വകയിലുള്ള വിവിധ നിക്ഷേപം മൊത്തം 13047.59 കോടി രൂപയാണ് കരാറുകാർക്ക് 1795.66 കോടി രൂപയും, സിവിൽ സപ്ലൈസ് കോർപ്പറേഷന് 818.27 കോടി രൂപയും സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ 1.31 കോടി രൂപയും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 398.64 കോടി രൂപയും നെല്ല് സംഭരിച്ചയിനത്തിൽ കൃഷിക്കാർക്ക് 188 കോടി രൂപയും ഭവനരഹിതർക്കായുള്ള ഭവനപദ്ധതിയിനത്തിൽ 29.18 കോടി രൂപയും കർഷകത്തൊഴിലാളികളുടെ പെൻഷൻ/ക്ഷേമനിധി ആനുകൂല്യങ്ങൾ ഇനത്തിൽ 151.18 കോടി രൂപയും, തൊഴിലില്ലായ്മാവേതനം ഇനത്തിൽ 29.75 കോടി രൂപയും, തൊഴിലുറപ്പ് പദ്ധതിയിനത്തിൽ 95.00 കോടി രൂപയും, സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതിയിനത്തിൽ 728.61 കോടി രൂപയും മറ്റിനങ്ങളിലായി 107.77 കോടി രൂപയും കുടിശ്ശികയായിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഈയിനത്തിൽ കുടിശ്ശികയില്ല.

**ജനസമ്പർക്ക പരിപാടി**

174 (3328) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് വിവിധ ഇനങ്ങളിലായി മൊത്തം ചെലവായ തുകയുടെ കണക്കുകൾ ഓരോ ഘട്ട പരിപാടിയുടെയും അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഏതെല്ലാം ചെലവുകളുടെ ബില്ലുകൾ നാളിതുവരെ ട്രഷറിയിൽ നിന്നു മാറിക്കൊടുക്കാൻ സാദ്ധ്യമായിട്ടില്ലെന്നറിയിക്കാമോ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് വിവിധ ഇനങ്ങളിലായി 2011-ൽ നടന്ന ഒന്നാം ഘട്ടത്തിന് 4,42,64,647 രൂപയും 2013-ൽ നടന്ന രണ്ടാം ഘട്ടത്തിന് 4,79,92,617 രൂപയും വിവിധ വകുപ്പുകളുടേതായി ചെലവ് വന്നിട്ടുണ്ട്. 2015-ൽ നടന്ന മൂന്നാം ഘട്ട പരിപാടിയുടെ ചെലവു വിവരങ്ങൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ മുഖേന ക്രോഡീകരിച്ച് വരുന്നു. ചെലവുകൾ അന്തിമമാക്കപ്പെട്ടിട്ടില്ല. പ്രാരംഭ ചെലവുകൾക്കായി ജില്ലാ കളക്ടർമാർക്ക് 99,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ 2013-14 ൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് സമഗ്ര കമ്പ്യൂട്ടർവത്കരണത്തിനും വീഡിയോ ഡോക്യുമെന്റേഷനുമായി 2013-14 ൽ 97,00,000 രൂപയും 2014-15-ൽ 96,30,000 രൂപയും ചെലവു വന്നിട്ടുണ്ട്.

(ബി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ ചെലവിനത്തിൽ പത്തനംതിട്ട ജില്ലയിൽ 2,83,697 രൂപയുടെയും, തൃശ്ശൂർ ജില്ലയിൽ 24,86,250 രൂപയുടെയും പാലക്കാട് ജില്ലയിൽ 8,03,000 രൂപയുടെയും മലപ്പുറം ജില്ലയിൽ 20,84,616 രൂപയുടെയും ചേർത്ത് ആകെ 56,57,563 രൂപയുടെ ബില്ലുകൾ വിവിധ വകുപ്പുകൾക്കായി ട്രഷറിയിൽ നിന്നും മാറി നൽകുവാൻ ബാക്കിയുണ്ട്.

**കുന്ദമംഗലത്ത് അനുവദിച്ച സബ്ട്രഷറിയുടെ പ്രവർത്തനം**

175 (3329) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നമംഗലത്ത് അനുവദിച്ച സബ് ട്രഷറി പ്രവർത്തനമാരംഭിക്കുന്നതിന്

സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി സബ് ട്രഷറി ആരംഭിക്കുന്നതിന് 18/08/2014 ലെ സ.ഉ.(എംഎസ്.) 343/14/ധന പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും, ട്രഷറി കമ്പ്യൂട്ടർവത്കരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട പല പദ്ധതികളും പുരോഗമിച്ചുവരുന്നതിനാലും പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയശേഷം കുന്ദമംഗലത്ത് അനുവദിച്ച ട്രഷറി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ശ്രീ. പി. യു. ഷാജുവിന്റെ ഡയാലിസിസ് ട്രീറ്റ്മെന്റ് ധനസഹായം**

176 (3330) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പോട്ട ദേശത്ത്, പുറക്കുളം വീട്ടിൽ ശ്രീ. പി. യു. ഷാജുവിന്റെ ഡയാലിസിസ് ട്രീറ്റ്മെന്റിനായി തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിലേയ്ക്ക് അനുവദിച്ച കാരുണ്യാ ബനവലന്റ് ഫണ്ടിൽ നിന്നുള്ള രണ്ട് ലക്ഷം രൂപയുടെ ധനസഹായത്തിൽ, ഡയാലിസിസിനു ചെലവായ സംഖ്യ (6000/- രൂപ) കഴിച്ച് ബാക്കിയുള്ള സംഖ്യ ടിയാന്റെ കിഡ്നി ട്രാൻസ്പ്ലാന്റ് സർജറിക്കായി എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലേയ്ക്ക് മാറ്റി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ കാരുണ്യ സംസ്ഥാനതല 15-ാം നമ്പർ കമ്മിറ്റിയുടെ 22-ാം നമ്പർ അജണ്ട പ്രകാരം പരിഗണിച്ചെങ്കിലും നാളിതുവരെയായി പ്രസ്തുത ധനസഹായം അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ധനസഹായം അടിയന്തരമായി അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നതിന്റെ രേഖകൾ ഹാജരാകുന്ന മുറയ്ക്ക് ഡയാലിസിസിനായി ആദ്യം അനുവദിച്ചിരുന്ന തുകയിൽ ഉപയോഗിച്ച 5,200 രൂപ കഴിച്ച് ബാക്കി 1,94,350 രൂപ അനുവദിക്കുന്നതിന് കാരുണ്യ ബനവലന്റ് ഫണ്ട് സംസ്ഥാനതല സമിതി തീരുമാനപ്രകാരം

അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിരുന്നു. ശ്രീ. പി. യു. ഷാജു സമർപ്പിച്ചിട്ടുള്ള ചികിത്സാ രേഖകളും ബില്ലുകളും പരിശോധിച്ച് തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**ലോട്ടറി മേഖലയിലെ സേവന നികുതി**

177 (3331) ശ്രീ. എളമരം കരീം :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി മേഖലയിൽ സേവന നികുതി ഏർപ്പെടുത്തിയതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ട്രേഡ് യൂണിയനുകളുമായുണ്ടാക്കിയ ധാരണകൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സേവന നികുതി ഏർപ്പെടുത്തിയതു മൂലം ഏജന്റുമാർക്ക് ഉണ്ടാകുന്ന ബാദ്ധ്യതകൾ ഏത് രീതിയിൽ പരിഹരിക്കുമെന്നാണ് ഉറപ്പു നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ഏൽപ്പിച്ച ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിനാൻസ് ആന്റ് ടാക്സേഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

<u>ഉത്തരം</u>

(എ-സി) ലോട്ടറി മേഖലയിൽ സേവന നികുതി ഏർപ്പെടുത്തിയത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ട്രേഡ് യൂണിയനുകളുമായി നടത്തിവരുന്ന ചർച്ചകളിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഡി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിനാൻസ് ആന്റ് ടാക്സേഷൻ റിപ്പോർട്ട് നൽകിയിട്ടില്ല.

**കാരുണ്യ ബനവലന്റ് ഫണ്ട്**

178 (3332) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് കാരുണ്യ ലോട്ടറി നടത്തിപ്പിലൂടെ അല്ലാതെ ഫണ്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് സംസ്ഥാന മന്ത്രിമാർ ആരെങ്കിലും സംഭാവനകൾ നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ മന്ത്രിമാരുടെ പേരുകൾ, കൈമാറിയ തുക, തീയതി എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. വിജയ ബാങ്കിൽ നിന്നും വ്യക്തികളിൽ നിന്നും തുകകൾ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇത് കാരുണ്യ ബനവലന്റ് ഫണ്ട് അക്കൗണ്ടിൽ ചേർത്തിട്ടുണ്ട്.

(ബി & സി) കാരുണ്യ ബനവലന്റ് ഫണ്ടിലേയ്ക്ക് സംസ്ഥാന മന്ത്രിമാർ ആരുംതന്നെ സംഭാവന നൽകിയിട്ടില്ല.

### കാരുണ്യ ബനവലന്റ് സ്കീം ആനുകൂല്യങ്ങൾ

179 (T* 3333) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബനവലന്റ് സ്കീമിൽ മംഗലാപുരത്തെ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തുമെന്ന് 2015 ഏപ്രിൽ 14-ന് കാസർഗോഡ് നടന്ന ജനസമ്പർക്ക പരിപാടിയിൽ ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച ഏതെങ്കിലും ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

### കാരുണ്യ ബനവലന്റ് സ്കീം

180 (3334) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പാലക്കാട് ജില്ലയിലെ ഏതൊക്കെ ആശുപത്രികളെയാണ് കാരുണ്യ ബനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

പാലക്കാട് ജില്ലയിലെ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും സ്വകാര്യ ഡയാലിലിസ് സെന്ററുകളിലും ചികിത്സാ സൗകര്യം ലഭ്യമാണ്. പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ഡയാലിസിസ് സെന്ററുകളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**കെ.എസ്.എഫ്.ഇ.-യിൽ ജോലി ചെയ്യുന്ന വിമുക്തഭടന്മാർ**

181 (3335) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ നിലവിൽ ജോലി ചെയ്യുന്ന വിമുക്ത ഭടൻമാരുടെ പേരും തസ്തികയും ബ്രാഞ്ച് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) 31-12-2014-ൽ കെ.എസ്.എഫ്.ഇ.യിൽ ജോലി ചെയ്തിരുന്ന എല്ലാ വിമുക്തഭടൻമാരുടേയും പേരും തസ്തികയും ബ്രാഞ്ച് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) 2013-14, 2014-15 വർഷങ്ങളിൽ കെ.എസ്.എഫ്.ഇ. ആരംഭിച്ച ബ്രാഞ്ചുകളുടെ പേരും അഡ്രസ്സും ലഭ്യമാക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. *

(ബി) വിശദവിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.*

(സി) 2013-14, 2014-15 വർഷങ്ങളിൽ കെ.എസ്.എഫ്.ഇ. ആരംഭിച്ച ബ്രാഞ്ചുകളുടെ പേരും അഡ്രസ്സും അനുബന്ധം -III ആയി ചേർത്തിട്ടുണ്ട്.*

**മുദ്രപ്പത്രത്തിന്റെ ഉയർന്ന വില താഴ്ത്താൻ നടപടി**

182 (3336) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കരാറുകൾക്കും ഉടമ്പടികൾക്കും ഉപയോഗിക്കുന്ന മുദ്രപ്പത്രം 100 രൂപയിൽ നിന്നും 500 രൂപയായി ഈ സാമ്പത്തിക വർഷം ഉയർത്താനുണ്ടായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാരണം വ്യക്തമാക്കാമോ ;

(ബി) വാടകച്ചീട്ട് ഉൾപ്പെടെ ഓരോ വർഷവും പുതുക്കേണ്ട കരാറുകൾക്ക് വിലകൂടിയ മുദ്രപ്പത്രം ഉപയോഗിക്കേണ്ടതുമൂലം സാധാരണക്കാരായ നിരവധിയാളുകൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 100 രൂപ വിലയുള്ള മുദ്രപ്പത്രം എന്നുമുതലാണ് കരാറുകൾക്ക് ഏർപ്പെടുത്തിയിരുന്നത്; ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഹരിച്ച് കരാറുകൾക്കുള്ള മുദ്രപ്പത്രത്തിന്റെ വില താഴ്ത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 2015-16 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകൾക്കും ഉടമ്പടികൾക്കും ഉപയോഗിക്കുന്ന മുദ്രപ്പത്രത്തിന്റെ വില 100 രൂപയിൽ നിന്നും 500 രൂപയായി ഉയർത്തിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഫിനാൻസ് ആക്ട് 2010 (2010 ലെ ആക്ട് 10) മുഖേനയാണ് കരാറുകൾക്ക് 100 രൂപ വിലയിലുള്ള മുദ്രപ്പത്രം ഏർപ്പെടുത്തിയത്. കരാറുകൾക്കുള്ള മുദ്രപ്പത്രത്തിന്റെ വില താഴ്ത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**കെ.എഫ്.സി.യിൽ നേരിട്ട് നിയമനം ലഭിച്ചവർ**

183 (3337) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എഫ്.സി.-യിൽ എത്ര ജീവനക്കാരെ നേരിട്ട് നിയമിച്ചിട്ടുണ്ട്; ഇവർ ആരൊക്കെ;ഏതൊക്കെ തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചിട്ടുണ്ട്; പേരു സഹിതം വിശദമാക്കുമോ;

(ബി) ഇവരുടെ ഓരോരുത്തരുടേയും ശമ്പളസ്കെയിൽ, സർവ്വീസിൽ കയറിയപ്പോഴുള്ള മാസ ശമ്പളം, തീയതി സഹിതം, കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എഫ്.സി യിൽ എത്ര പുതിയ എം.ഡി.-മാർ വന്നിട്ടുണ്ട്; ഇവർ ആരൊക്കെ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 9 പേരെ നേരിട്ടു നിയമിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു:

| പേര് | തസ്തിക |
|---|---|

| | |
|---|---|
| ശ്രീ. വിപിൻ കുമാർ | മാനേജർ |
| ശ്രീ. ബാബു ജോസ് | മാനേജർ |
| ശ്രീമതി ലക്ഷ്മി വി | മാനേജർ |
| ശ്രീമതി ശരണ്യ എം.എസ്. | ഡെപ്യൂട്ടി മാനേജർ |
| ശ്രീമതി സോന വർഗ്ഗീസ് | ഡെപ്യൂട്ടി മാനേജർ |
| ശ്രീ. അരുൺ ജോസ് ജേക്കബ് | ഡെപ്യൂട്ടി മാനേജർ (സാങ്കേതികം) |
| ശ്രീ. ഗിരീഷ് എച്ച്. | ഡെപ്യൂട്ടി മാനേജർ (സാങ്കേതികം) |
| ശ്രീ. ഗോപീശങ്കർ ജി. | ഡെപ്യൂട്ടി മാനേജർ (സാങ്കേതികം) |
| ശ്രീ. ശ്രീജിത്ത് എസ്. | ഡെപ്യൂട്ടി മാനേജർ (സാങ്കേതികം) |

(ബി) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്*.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന 2 പേർ കെ.എഫ്.സി.യിൽ എം.ഡി. ആയി വന്നിട്ടുണ്ട്:

1. ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ്.

2. ശ്രീ. പി. ജോയ് ഉമ്മൻ.

**കേരള സംരംഭകത്വ വികസന മിഷൻ**

184 (3338) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ കേരള വ്യവസായ വാണിജ്യ നയരേഖയിൽ (G.O(P) No.58/15/ID) 5.3 ഖണ്ഡികയിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ പ്രവർത്തിച്ചുവരുന്ന കേരള സംരംഭകത്വ വികസന മിഷനെ (KSEDM) ഒരു പ്രത്യേക വകുപ്പായി മാറ്റുമെന്ന പ്രഖ്യാപനത്തിന്മേൽ അനന്തരനടപടി സ്വീകരിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരള സംരംഭകത്വ വികസന മിഷനെ പ്രത്യേക വകുപ്പായി മാറ്റുമ്പോൾ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമോ ;

(സി) കേരള സംരംഭകത്വ വികസന മിഷന്റെ ആഭിമുഖ്യത്തിൽ നാളിതുവരെ എത്ര സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്; അതിൽ കെ.എഫ്.സിയിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എത്ര സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട് ; ആയതിന്റെ തരംതിരിച്ച കണക്കുകൾ വ്യക്തമാക്കുമോ;

(ഡി) കേരള സംരംഭകത്വ വികസന മിഷനിലൂടെ നാളിതുവരെ എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; പ്രത്യക്ഷമായും പരോക്ഷമായും ലഭിച്ച തൊഴിലവസരങ്ങളുടെ കണക്കുകൾ വ്യക്തമാക്കുമോ;

(ഇ) കേരള സംരംഭകത്വ വികസന മിഷന്റെ ആഭിമുഖ്യത്തിൽ കരാറടിസ്ഥാനത്തിൽ പ്രോജക്ട് എക്സിക്യൂട്ടീവുമാരെ നിയമിച്ചിട്ടുണ്ടോ; കെ.എഫ്.സി.യുടെ എല്ലാ ബ്രാഞ്ചുകളിലും പ്രോജക്ട് എക്സിക്യൂട്ടീവ്മാരുടെ സേവനം ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(എഫ്) കേരള സംരംഭകത്വ വികസന മിഷന്റെ ആഭിമുഖ്യത്തിൽ കരാറടിസ്ഥാനത്തിൽ പ്രോജക്ട് എക്സിക്യൂട്ടീവുമാരെ നിയമിച്ചിട്ടുണ്ടോ; കെ.എഫ്.സി.യുടെ എല്ലാ ബ്രാഞ്ചുകളിലും പ്രോജക്ട് എക്സിക്യൂട്ടീവ്മാരുടെ സേവനം ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ധനകാര്യ വകുപ്പിൽ അനന്തര നടപടി സ്വീകരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) 31-5-2015-ലെ കണക്കുകൾ പ്രകാരം സംരംഭകത്വ വികസന മിഷന്റെ ആഭിമുഖ്യത്തിൽ 1044 സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിൽ കെ.എഫ്.സി.യിൽ നിന്നും 791 സംരംഭങ്ങൾക്കും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 253 സംരംഭങ്ങൾക്കുമാണ് വായ്പ അനുവദിച്ചിട്ടുള്ളത്.

(ഡി) 31-5-2015-ലെ കണക്കുകൾ പ്രകാരം സംരംഭകത്വ വികസന മിഷനിലൂടെ 5453 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ നേരിട്ടുള്ള സംരംഭകരായ 2403 പേരെ കൂടാതെ 3050 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(ഇ &എഫ്) കേരള സംരംഭകത്വ വികസന മിഷന്റെ ആഭിമുഖ്യത്തിൽ കരാറടിസ്ഥാനത്തിൽ പ്രോജക്ട് എക്സിക്യൂട്ടീവുമാരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ കെ.എഫ്.സി.-യിൽ പത്തനംതിട്ട ഒഴികെയുള്ള എല്ലാ ബ്രാഞ്ചുകളിലും പ്രോജക്ട്

എക്സിക്യൂട്ടീവുമാരുടെ സേവനം ലഭ്യമാണ്. 2013 ഡിസംബർ മുതലാണ് പ്രോജക്ട് എക്സിക്യൂട്ടീവുമാരെ നിയമിച്ചു തുടങ്ങിയത്. ഹെഡ് ഓഫീസിൽ രണ്ടും 16 ശാഖകളിലും ആയി മൊത്തം 18 പേരെയാണ് നിയമിച്ചത്. ബി.ടെക്/എം.ബി.എ. യോഗ്യതയുള്ളതും രണ്ടു വർഷത്തെ ധനകാര്യ/വ്യവസായ മേഖലയിലെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. പത്തനംതിട്ട ശാഖ ഒഴികെ 17 പേരുടെ സേവനം നിലവിൽ ലഭ്യമാണ്.

## ഗവൺമെന്റ് പ്ലീഡർ/ സ്റ്റേറ്റ് അറ്റോർണി/ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ/ അഡ്വക്കേറ്റ് ജനറൽ തുടങ്ങിയവരുടെ ശമ്പള വർദ്ധന

185 (3339) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ.പ്ലീഡർ/സ്റ്റേറ്റ് അറ്റോർണി/ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ/അഡ്വക്കേറ്റ് ജനറൽ തുടങ്ങിയവരുടെ ശമ്പളവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എങ്കിൽ ഏതു തീയതി മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ടാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്; വർദ്ധന സംബന്ധിച്ച് തീരുമാനം എടുത്തത് എന്തു മാനദണ്ഡത്തിന്റെയും ആരുടെ ശിപാർശയുടെയും അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ശമ്പള വർദ്ധന മൂലമുണ്ടാകുന്ന അധിക ബാദ്ധ്യതകളെ കുറിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത ശമ്പള വർദ്ധന സംബന്ധമായ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ടത് എപ്പോഴായിരുന്നു; അതിനു മുമ്പേ സമർപ്പിക്കപ്പെട്ട ഇത്തരം നിർദ്ദേശങ്ങളിന്മേൽ തീരുമാനം എടുക്കാനിരിക്കെ ഇക്കാര്യത്തിൽ ധൃതിപിടിച്ച് തീരുമാനം എടുക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയ്നർ ഫീസ് 70,000 രൂപയിൽ നിന്നും 2,00,000 രൂപയായും സുപ്രീം കോടതി മുമ്പാകെ ഹാജരാകുന്നതിന്,

അപ്പിയറൻസിന് 20,000 രൂപയിൽ നിന്നും 40,000 രൂപയായും 27-4-2015-ലെ സ.ഉ.(കൈ) 72/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന് 18-5-2015-ലെ സ.ഉ.(കൈ)82/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം റീട്ടെയ്നർ ഫീസിന് 1-4-2012 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും മേൽ വർദ്ധന ബാധകമാക്കിയിട്ടുണ്ട്. 8-10-2012-ലെ സ.ഉ.(കൈ) 216/2012/നിയമം നമ്പർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് അറ്റോർണിയുടെ വേതനവും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. 13-9-2013-ലെ സ.ഉ.(കൈ) 170/2013/നിയമം നമ്പർ ഉത്തരവ് മുഖേനയാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഗവൺമെന്റ് ലാ ആഫീസർമാരുടെ വേതനം അവസാനമായി വർദ്ധിപ്പിച്ചത്. പ്രസ്തുത ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാർക്ക് 55,000 രൂപയും സീനിയർ ഗവൺമെന്റ് പ്ലീഡർമാർക്ക് 65,000 രൂപയും സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാർക്ക് 75,000 രൂപയും ആയി വേതനം നൽകിവരുന്നു.

(ബി) അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയ്നർ ഫീസ് വർദ്ധനവിന് 1-4-2012 മുതൽ 8-5-2015-ലെ സ.ഉ.(കൈ) 82/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. നിലവിലുള്ള അഡ്വക്കേറ്റ് ജനറൽ ചുമതലയേറ്റതിനുശേഷം സർക്കാർ കേസുകൾ വാദിക്കുന്നതിനുവേണ്ടി സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതും ഹാജരായ പ്രധാനപ്പെട്ട എല്ലാ കേസുകളിലും സർക്കാരിന് അനുകൂലമായ വിധി ഉണ്ടായിട്ടുള്ളതുമാണ്. കൂടാതെ മുൻ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ ഉണ്ടായ ഭീമമായ ചെലവിൽ നിന്നും വളരെ കുറഞ്ഞ തുകയാണ് സർക്കാരിന് ചെലവായിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള ജീവിത സൂചികാ നിലവാരത്തിലുള്ള വർദ്ധനവും കണക്കിലെടുത്തുകൊണ്ട് മന്ത്രിസഭാ യോഗമാണ് ഫീസ് വർദ്ധനവ് സംബന്ധിച്ച തീരുമാനമെടുത്തത്.

അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയ്നർ ഫീസ് വർദ്ധിപ്പിച്ചതുമൂലം പ്രതിമാസം 1,30,000 രൂപയുടെ അധിക ബാദ്ധ്യത സർക്കാരിന് ഉണ്ടാകും.

(സി) പ്രസ്തുത ഫീസ് വർദ്ധനവിന്റെ നിർദ്ദേശം 9-4-2015-നാണ് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചത്. 25-3-2015-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് വർദ്ധിപ്പിച്ചത്. അഡ്വക്കേറ്റ് ജനറലിന്റെ ഫീസ് വർദ്ധിപ്പിച്ച തീരുമാനം ധൃതി പിടിച്ച് എടുത്തതല്ല.

**മഹത് വ്യക്തികളെ അധിക്ഷേപിക്കുന്നത് തടയുന്നതിന് നിയമം**

186 (3340) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മഹത് വ്യക്തികളെയും ചരിത്ര വ്യക്തികളെയും അധിക്ഷേപിക്കുന്നത് കുറ്റകരമാണെന്ന സുപ്രീം കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള കേസുകൾ ശ്രദ്ധിക്കപ്പെട്ടാൽ നിലവിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) മഹാത്മാഗാന്ധി ഉൾപ്പടെയുള്ള മഹത് വ്യക്തികളെ അധിക്ഷേപിച്ചുകൊണ്ട് പ്രസ്താവനകളും സാഹിത്യ സൃഷ്ടികളും നടത്തുന്നത് തടയുന്നതിന് പ്രസ്തുത ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ശക്തമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

**ലോകായുക്തയിൽ താൽക്കാലിക ജീവനക്കാർ**

187 (3341) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകായുക്തയിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത താൽക്കാലിക ജീവനക്കാരുടെ നിയമന വ്യവസ്ഥയെന്താണ്; ഇവരുടെ നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) ലോകായുക്തയിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ നിയമനങ്ങൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കോ-ടെർമിനൽ വ്യവസ്ഥയിലുമാണ് നടത്തിവരുന്നത്. ഇപ്രകാരം ജീവനക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ ലോകായുക്തയുടെ ഉത്തരവുപ്രകാരം ദിവസവേതന അടിസ്ഥാനത്തിലും എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനങ്ങൾ നടത്താറുണ്ട്. നിലവിൽ 3 ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിലും 2 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി നോക്കി വരുന്നുണ്ട്.

(സി) അഞ്ചു വർഷ കാലാവധിയിൽ നിയമിക്കപ്പെടുന്ന ബഹുമാനപ്പെട്ട ലോകായുക്ത ഉപലോകായുക്തമാർ അവരുടെ പേഴ്സണൽ സ്റ്റാഫിനെ കോ-ടെർമിനസ് വ്യവസ്ഥയിൽ ബഹുമാനപ്പെട്ട ലോകായുക്തയുടെ ഉത്തരവ് അനുസരിച്ച് അഞ്ചുവർഷത്തേക്കോ അല്ലെങ്കിൽ ബഹുമാനപ്പെട്ട ലോകായുക്തയുടെ തീരുമാനപ്രകാരം എപ്പോൾ വേണമെങ്കിലുമോ സർവ്വീസിൽനിന്നും പിരിച്ചുവിടാം എന്ന വ്യവസ്ഥയിലാണ് നിയമിക്കുന്നത്.

(ഡി) കേരള ലോകായുക്തയിൽ നിയമനങ്ങളുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ട്.

**നിയമ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ**

188 (3342) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിലും മറ്റുമായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ നിർദ്ദേശമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആളുകൾ എന്നു മുതലാണ് ജോലിയിൽ പ്രവേശിച്ചത്; ഇവരുടെ നിയമനത്തിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്; ഈ നിയമനത്തിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ;

(സി) സ്ഥിരപ്പെടുത്താൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളവരുടെയും സ്ഥിരപ്പെടുത്തിയവരുടെയും

പേരുവിവരവും ജാതിയും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻകീഴിലുള്ള സ്ഥാപനമായ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി ഓഫീസിൽ 2005 ആഗസ്റ്റ് ഒന്നുമുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന രണ്ട് ജീവനക്കാരെ പത്ത് വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇവർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലാണ് ജോലി ചെയ്തുവരുന്നത്. പ്രസ്തുത തസ്തികകളിൽ ഓരോ തസ്തിക മാത്രമാണുള്ളത്. പ്രസ്തുത നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ട്.

(സി) നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളായ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഹിന്ദു നായർ സമുദായത്തിൽപ്പെട്ട ശ്രീമതി ഒ. ആർ. ചിത്ര, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഹിന്ദു വിശ്വകർമ്മ ഒ.ബി.സി. സമുദായത്തിൽപ്പെട്ട ശ്രീ. എം. കുമാർ എന്നിവരെ സ്ഥിരപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ പത്തു വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഹിന്ദു നായർ സമുദായത്തിൽപ്പെട്ട ശ്രീ. ആർ. അജിത്കുമാർ എന്നയാളെ നൈറ്റ് വാച്ച്മാൻ തസ്തികയിൽ 4-2-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 47/2012/ നിയമം ഉത്തരവുപ്രകാരം സ്ഥിരപ്പെടുത്തിയിരുന്നു.

**സാഫല്യം പദ്ധതിയുടെ വിപുലീകരണം**

189 (3343) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> :
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കുവേണ്ടിയുള്ള 'സാഫല്യം' പദ്ധതിയുടെ വിപുലീകരണം ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു തരത്തിലുള്ള വിപുലീകരണമാണ് നടപ്പാക്കുകയെന്ന് വിശദമാക്കുമോ;

(സി) നിലവിലെ പദ്ധതിപ്രകാരം എത്ര ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്; അതിനു ഒട്ടാകെ എന്തു തുക ചെലവായിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകാമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി) കൊല്ലത്ത് ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളുടെ നിർമ്മാണം 30-6-2015-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവരെ 115.17 ലക്ഷം രൂപ ഈ പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ട്.

**സെക്കന്റ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരമുള്ള വായ്പ**

190 (3344) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസ് വായ്പയെടുത്തവർക്ക് സെക്കന്റ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരം ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് വായ്പയെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ പല ദേശസാൽകൃത ബാങ്കുകളും ഈ വ്യവസ്ഥ പ്രകാരം വായ്പ നൽകുന്നതിന് തയ്യാറാകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ ഉത്തരവ് പ്രകാരമുള്ള സെക്കന്റ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരം വായ്പ അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ബാങ്കുകൾ വായ്പ നിഷേധിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസ് വായ്പയെടുത്തവർക്ക് സെക്കന്റ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരം താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിന് 31-7-1991 ലെ സ.ഉ.(പി) നമ്പർ 436/91/ധന. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

1. സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കിംഗ് സ്ഥാപനങ്ങൾ

2. ഭവന വായ്പ അനുവദിക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാരുകൾ രൂപീകരിച്ചിട്ടുള്ള ധനകാര്യ കോർപ്പറേഷനുകൾ

3. ഭവന നിർമ്മാണ സഹകരണ അപ്പെക്സ് ധനകാര്യ സ്ഥാപനങ്ങൾ

4. ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് മാതൃകയിൽ താമസത്തിനായി ഇന്ത്യയിൽ വീടു നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ ദീർഘകാല ധനസഹായം നൽകുന്നതിലേക്കായി രൂപീകരിച്ചിട്ടുള്ളതും ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ പൊതുമേഖലാ കമ്പനികൾ.

(ബി) ഉണ്ട്.

(സി) സർക്കാർ ഉത്തരവ് പ്രകാരമുള്ള സെക്കന്റ് മോർട്ട്ഗേജ് വ്യവസ്ഥയിൽ വായ്പ അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ബാങ്കുകൾ വായ്പ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 31-5-2014-ലെ സർക്കുലർ നമ്പർ 52/2014/ധന. പ്രകാരം എസ്.ബി.ഐ. ഉൾപ്പെടെയുള്ള സംസ്ഥാനത്തെ അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തോട്ടം തൊഴിലാളികൾക്ക് കേന്ദ്ര സഹായത്തോടെ ഭവന പദ്ധതി**

191 (3345) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികൾക്ക് കേന്ദ്ര സഹായത്തോടെ ഭവന പദ്ധതി ഭവന നിർമ്മാണ വകുപ്പ് ആരംഭിക്കുകയുണ്ടായോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് എത്ര ഭവനങ്ങൾ നാളിതുവരെ നൽകിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ ;

(സി) അപേക്ഷിച്ചവരിൽ ഇനിയും വീട് ലഭിക്കാത്തവർ എത്രയുണ്ടെന്നും എന്തെല്ലാം മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വീട് നൽകുന്നതെന്നും അറിയിക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേന തോട്ടം തൊഴിലാളികൾക്ക് മാത്രമായി ഭവന നിർമ്മാണ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ തൊഴിൽ വകുപ്പ് ഭവനം ഫൗണ്ടേഷൻ വഴി പദ്ധതി നടപ്പിലാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗൃഹശ്രീ പദ്ധതി

192 (3346) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ സ്പോൺസർമാർ എത്ര രൂപ വീതമാണ് നൽകേണ്ടതെന്ന് അറിയിക്കുമോ ;

(സി) പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഡി) ഇതുവരെ ഏതെല്ലാം സംഘടനകളും വ്യക്തികളുമാണ് ഈ പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ നിർദ്ദേശിച്ചിട്ടുള്ളതെന്നും ഓരോരുത്തരും എത്ര പേരെ വീതമാണ് നിർദ്ദേശിച്ചതെന്നും വിശദമാക്കാമോ ?

### ഉത്തരം

(എ) ഗൃഹശ്രീ പദ്ധതി 2013-14 വർഷത്തിൽ 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 525 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ 525 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 30-6-2015-ലെ കണക്കു പ്രകാരം 525 പേർക്ക് ഒന്നാം ഗഡുവും 512 പേർക്ക് രണ്ടാം ഗഡുവും 481 പേർക്ക് മൂന്നാം ഗഡുവും 453 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്. ഗൃഹശ്രീ പദ്ധതി 2014-15 വർഷത്തിൽ അനുവദനീയമായ 709 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി 709 വീടുകൾക്കുള്ള സ്പോൺസർഷിപ്പ് തുക ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 709 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 30-6-2015-ലെ കണക്കു പ്രകാരം 507 പേർക്ക് ഒന്നാം ഗഡുവും 241 പേർക്ക് രണ്ടാം ഗഡുവും 101 പേർക്ക് മൂന്നാം ഗഡുവും 11 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്.

(ബി) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ഒരു വീടിന് 1 ലക്ഷം രൂപയാണ് സ്പോൺസർഷിപ്പ് വിഹിതമായി സ്പോൺസർ അടക്കേണ്ടത്.

(സി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**സാന്ത്വനം പദ്ധതി**

193(3347) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതുമായ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് തുച്ഛമായ നിരക്കിൽ വീടുകൾ വാടകയ്ക്ക് ലഭ്യമാക്കുന്ന സാന്ത്വനം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

സാന്ത്വനം വാടക വീട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടില്ല.

**നിർമ്മിതി കേന്ദ്രത്തെ ഏകജാലക കേന്ദ്രമാക്കിമാറ്റുന്നത് സംബന്ധിച്ച്**

194 (3348) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകുംവിധം നിർമ്മിതി കേന്ദ്രത്തെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്ക് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഫീസുകളിൽ നിന്നും സേവനങ്ങൾ നൽകിവരുന്നുണ്ട്. എന്നിരുന്നാലും എല്ലാ സേനവങ്ങളും ലഭിക്കുന്ന കേന്ദ്രങ്ങളായി എല്ലാ കേന്ദ്രങ്ങളും മാറിയിട്ടില്ല.

(ബി) പരിസ്ഥിതിക്കിണങ്ങിയതും ചെലവ് കുറഞ്ഞതുമായ കെട്ടിട നിർമ്മാണശൈലി

പ്രചരിപ്പിക്കുകയും അതിനാവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് നിർമ്മിത കേന്ദ്രത്തിന്റെ പ്രവർത്തനലക്ഷ്യം. അതോടൊപ്പം യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ തൊഴിൽ പരിശീലനം നൽകുക എന്നതും ലക്ഷ്യങ്ങളിൽ ഒന്നാണ്.

(സി) പൊതുജനങ്ങൾക്ക് പ്രധാനമായും താഴെപ്പറയുന്ന സൗകര്യങ്ങൾ നിർമ്മിതി കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചുവരുന്നു :

1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളിൽ ജനങ്ങൾക്ക് അവബോധം നൽകുന്നു.
2. ആവശ്യക്കാർക്ക് ആയത് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിക്കൊടുക്കുന്നു.
3. കെട്ടിടനിർമ്മാണ ന്യായവില വിപണന കേന്ദ്രം (കലവറ) വഴി ബി.പി.എൽ ഗുണഭോക്താക്കൾക്ക് 15% സൗജന്യ നിരക്കിൽ സിമന്റ്, കമ്പി, എന്നിവ നൽകിവരുന്നു.
4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധന ശാലകൾ നടത്തുന്നു.
5. തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകിവരുന്നു.

മേൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:

1. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്തുന്നതിന് പ്രശസ്ത വാസ്തുശില്പി പത്മശ്രീ ലാറി ബേക്കർ അവർകളുടെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന് രൂപം നൽകുകയുണ്ടായി. അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിനായി തിരുവല്ലം വാഴമുട്ടത്ത് 6.9 ഏക്കർ സ്ഥലം അനുവദിക്കുകയുണ്ടായി.
2. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി

പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകിവരുന്നു.

3. മൺമറഞ്ഞു കൊണ്ടിരിക്കുന്ന പരമ്പരാഗത കെട്ടിട നിർമ്മാണ ശൈലിയെ പുനരാവിഷ്കരിക്കുന്നതിനായി പി.ടി.പി. നഗറിലെ സംസ്ഥാന നിർമ്മിതികേന്ദ്രം കാമ്പസിൽ ഒരു ഹെറിറ്റേജ് സോൺ പൊതുജനങ്ങൾക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി സ്ഥാപിച്ചിട്ടുണ്ട്.

**തഴക്കര ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി കൈമാറ്റം**

195 (3349) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴക്കര ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ വിശദാംശങ്ങൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെയും ഗ്യാസ് ഫാക്ടറി പ്രദേശത്തെയും ഉൾപ്പെടെ ലഭ്യമാക്കുമോ;

(ബി) ഈ പ്രദേശത്ത് വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി ഏതൊക്കെ വ്യക്തികൾക്ക് എത്ര വീതമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ;

(ഡി) ഓരോ വസ്തുവിനും എന്ത് വിപണിമൂല്യം കണക്കാക്കിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) വ്യവസായ വകുപ്പിന്റെ കൈവശം ബാക്കിയുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) തഴക്കര ഗ്രാമപഞ്ചായത്തിൽ കൊല്ലക്കടവിൽ സിഡ്കോയുടെ കീഴിൽ ഒരു വ്യവസായ എസ്റ്റേറ്റ് നിലവിലുണ്ട്. തഴക്കര ഗ്രാമപഞ്ചായത്തിൽ കൊല്ലക്കടവ് ഡെവലപ്മെന്റ് ഏരിയായിൽ 16.22 ഏക്കർ സ്ഥലവും കൂടാതെ ഐ.സി. ഗ്ലാസ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എസ്.ഇൻഡ്(എ) 17-ന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 38.80 ആർ സ്ഥലം ലിക്വിഡേഷൻ നടപടികളെ തുടർന്ന് ആലപ്പുഴ മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘം എസ്. ഇൻഡ്(എ) 107,08/08/2002-ൽ വിലയ്ക്ക് വാങ്ങിയിരുന്നതും വ്യവസായ

വകുപ്പിന്റെ കൈവശമുണ്ട്.

(ബി) മാവേലിക്കര മിനി വ്യവസായ എസ്റ്റേറ്റിൽ താഴെപ്പറയുന്ന വ്യവസായികൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്.

1. ശ്രീ. ഷാജഹാൻ, മെ.റീജന്റ് അലൂമിനീയം ഫാബ്രിക്കേഷൻ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്-20 സെന്റ്.
2. ശ്രീ. കെ. ആർ. ബാബുരാജ്, മെ.ഹൈ ടെക് എഞ്ചിനീയറിംഗ് -10 സെന്റ്
3. ശ്രീമതി സോഫി ബി. രാജ്, മെ.സോപാനം എന്റർപ്രൈസസ് -10 സെന്റ്

കൊല്ലകടവ് വികസന ഏരിയായിൽ സ്ഥലം അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*:

(സി) 5-4-1969 ലെ. ജി.ഒ.(എംഎസ്) നമ്പർ 169/69/ഐ.ഡി. ഉത്തരവ് പ്രകാരമാണ് വികസന ഏരിയായിൽ വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ച് നൽകുന്നത്. വ്യവസായ സംരംഭകർ സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ട്, അപേക്ഷിച്ച സ്ഥലത്തിന്റെ ആവശ്യകത, അപേകന്റെ സാമ്പത്തിക ശേഷി, ഡെവലപ്മെന്റ് ഏരിയയിൽ ടി പ്രോജക്ട് അനുയോജ്യമാണോ തുടങ്ങിയ വിവരങ്ങൾ ഡിസ്ട്രിക്ട് ലെവൽ പ്രോജക്ട് അപ്രൈസൽ കമ്മിറ്റി പരിശോധിക്കുകയും ആവശ്യക്കാരെ ഇന്റർവ്യൂ നടത്തി തയ്യാറാക്കുന്ന മുൻഗണന പട്ടിക പ്രകാരം ലഭ്യമായ സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ സംരംഭകർക്ക് സ്ഥലം അനുവദിച്ച് നൽകുകയാണ്. മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘത്തിൽ, വ്യവസായ വാണിജ്യ ഡയറക്ടറുടെ ഷെഡ്ഡ്/സ്ഥലം അലോട്ട്മെന്റ് വ്യവസ്ഥകളുടെയും സംഘം ബൈലാ പ്രകാരവും നേരിട്ടും പത്ര പരസ്യം മുഖാന്തിരവും അപേക്ഷ ക്ഷണിച്ച് സംരംകരെ സംഘം മാനേജിംഗ് കമ്മിറ്റി ഇന്റർവ്യൂ നടത്തി അനുയോജ്യരായവർക്ക് സ്ഥലവും ഷെഡ്ഡുകളും അനുവദിക്കുന്നു.

(ഡി) കൊല്ലകടവ് വികസന ഏരിയായിൽ സെന്റിന് 4026 രൂപയും മാവേലിക്കര മിനി വ്യവസായ എസ്റ്റേറ്റിൽ സെന്റിന് 1,27,000 രൂപ പ്രകാരവുമാണ് സ്ഥലം അനുവദിച്ചിട്ടുള്ളത്.

(ഇ) കൊല്ലകടവ് വികസന ഏരിയയിൽ (common amenities) -1.83 ഏക്കർ സ്ഥലമുണ്ട്. ഇവിടെ 0.471 ഏക്കർ സ്ഥലം ഒഴിഞ്ഞുകിടക്കുന്നു. മാവേലിക്കര മിനി വ്യവസായ എസ്റ്റേറ്റിൽ 38.80 ആറിൽ 40 സെന്റ് ഒഴികെ ബാക്കിയുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വി.മിഷൻ കേരള**

196 (3350) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ 'വി. മിഷൻ കേരള' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വനിതാ സംരംഭകരെ ശക്തിപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള വനിതാ സംരംഭകർക്ക് അവരുടെ പ്രവർത്തനങ്ങൾക്ക് വേണ്ട പ്രോത്സാഹനവും സഹായവും നൽകുകയാണ് WE മിഷന്റെ പ്രധാന ലക്ഷ്യം.

(സി) താഴെപ്പറയുന്ന അഞ്ചു കാര്യങ്ങൾ WE മിഷൻ വഴി വനിതാ സംരംഭകർക്ക് നൽകുന്നു.

1. തുടർച്ചയായുള്ള ഉപദേശ-നിർദ്ദേശ പിന്തുണ
2. വിജയകരമായ യൂണിറ്റുകൾ സന്ദർശിക്കുവാനുള്ള അവസരം
3. സാമ്പത്തിക പിന്തുണ
4. ഇൻകുബേഷനും അടിസ്ഥാന സൗകര്യത്തിനുമുള്ള പിന്തുണ
5. വിപണനത്തിനുള്ള പിന്തുണ.

(ഡി) കെ.എസ്.ഐ.ഡി.സി.-യിൽ WE മിഷന്റെ ഒരു സെൽ സജീവമായി പ്രവർത്തിക്കുന്നു. കുടുംബശ്രീ ജില്ലാ വ്യവസായ കേന്ദ്രം, എം.എസ്.എം.ഇ.ടി.ഐ.

തുടങ്ങിയവയുടെ സഹകരണത്തോടെ വനിതാ സംരംഭകർക്ക് വേണ്ടി പിന്തുണ യഥാസമയം നൽകി വരുന്നു.

**മെയ്ക്ക് ഇൻ കേരള പദ്ധതി**

197 (3351) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'മേയ്ക്ക് ഇൻ കേരള' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വ്യവസായ സംരംഭ വളർച്ചയ്ക്ക് ഈ പദ്ധതി എത്ര മാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ 'മേയ്ക്ക് ഇൻ ഇന്ത്യ' -യുടെ ചുവട് പിടിച്ച് ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേർസ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (FICCI), ഏർണസ്റ്റ് &യംഗ് (EY), സൊസൈറ്റി ഫോർ ഇന്റഗ്രേറ്റഡ് ഗ്രോത്ത് ഓഫ് ദ നേഷൻ (SIGN) എന്നിവയുടെ സഹകരണത്തോടെ കേരളത്തിൽ നിക്ഷേപക സമാഹരണവും സംരംഭകത്വ വികസനവും ലക്ഷ്യമിട്ട് നടപ്പാക്കുവാനുദ്ദേശിക്കുന്ന പദ്ധതിയാണ് 'മെയ്ക്ക് ഇൻ കേരള'

(ബി &സി) സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയും, വികസനവും സാധ്യമാക്കുന്നതിനാണ് 'മെയ്ക്ക് ഇൻ കേരള' പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഇലക്ട്രോണിക് സിസ്റ്റങ്ങളും മെഷിനറിയും ലൈറ്റ് എഞ്ചിനീയറിംഗ്, റബ്ബർ ഉൽപ്പന്നങ്ങൾ, ഭക്ഷ്യ സംസ്കരണം, സുഗന്ധ വ്യഞ്ജനങ്ങൾ, കൈത്തറി ടെക്സ്റ്റൈൽ, ആയുർവ്വേദം, കേരള ബ്രാന്റുകളുടെ പ്രോത്സാഹനം, സാങ്കേതിക വിദ്യയുടെ നവീകരണം, പ്രചാരണ പരിപാടികളുടെയും സംരംഭക സംഗമങ്ങളുടെയും സംഘാടനം, വനിതാ സംരംഭകത്വ പ്രോത്സാഹനം എന്നീ മേഖലകൾക്കാണ് ഇതിലൂടെ കൂടുതൽ പ്രാധാന്യം നൽകുവാൻ

ഉദ്ദേശിക്കുന്നത്. കൂടാതെ യുവാക്കളുടെയും വനിതകളുടെയും മറ്റ് സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നുമുള്ള സംരംഭകരെ സൃഷ്ടിക്കുന്നതിനും, ഇതിനുവേണ്ടിയുള്ള സംരംഭക സമ്മേളനങ്ങൾ ദേശീയ, അന്തർദ്ദേശീയ തലത്തിൽ സംഘടിപ്പിക്കുകയുമാണ് ' മേയ്ക്ക് ഇൻ കേരള' വഴി ലക്ഷ്യമിടുന്നത്.

(ഡി) 2015-16 ലെ സംസ്ഥാന ബഡ്ജറ്റിൽ 'മെയ്ക്ക് ഇൻ കേരള' പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുള്ളതായി സഭയുടെ മേശപ്പുറത്തുവച്ച രേഖയിൽ പറയുന്നുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ചർച്ച ചെയ്യുവാൻ 28-1-2015 ലും 28-4-2015 ലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ പിന്തുണ FICCI യ്ക്ക് വാഗ്ദാനം ചെയ്യുകയുമുണ്ടായി. സംസ്ഥാന സർക്കാരിന്റെ സഹായം ആവശ്യമുള്ള വിഷയങ്ങളിൽ കെ.എസ്.ഐ.ഡി.സി.യുമായും കിൻഫ്രയുമായും സഹകരിക്കുവാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും FICCI-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വി മിഷൻ കേരള**

198 (3352) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വി -മിഷൻ കേരള പദ്ധതി പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖല പ്രോത്സാഹിപ്പിക്കുന്നതിന് വനിതാ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ആർക്കാണ് ചുമതല നൽകിയിട്ടുള്ളത്?

ഉത്തരം

(എ) WE മിഷൻ വഴി വനിതാ സംരംഭകർക്ക് താഴെപ്പറയുന്ന അഞ്ചു കാര്യങ്ങൾ നൽകിവരുന്നു:

1. തുടർച്ചയായുള്ള ഉപദേശ നിർദ്ദേശ പിന്തുണ
2. വിജയകരമായ യൂണിറ്റുകൾ സന്ദർശിക്കുവാനുള്ള അവസരം.
3. സാമ്പത്തിക പിന്തുണ

4. ഇൻകുബേഷനും അടിസ്ഥാന സൗകര്യത്തിനുമുള്ള പിന്തുണ

5. വിപണനത്തിനുള്ള പിന്തുണ

(ബി) കെ.എസ്.ഐ.ഡി.സി.-ക്കാണ് ചുമതല നൽകിയിട്ടുള്ളത്.

**പി.പി.പി. പദ്ധതികൾ മുഖേന പുതിയ സംരംഭങ്ങൾ**

199 (3353) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ലെ എമർജിംഗ് കേരളയുടെ ഭാഗമായി വിഭാവനം ചെയ്തിരുന്ന പി. പി. പി പദ്ധതികൾ മുഖേന പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പുരോഗതികൾ അറിയിക്കാമോ;

(ബി) ഏതെല്ലാം സംരംഭങ്ങൾ ആരംഭിച്ചുവെന്നും അവയുടെ മുതൽമുടക്കും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാവി സംബന്ധിച്ച അനിശ്ചിതത്വം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) എമർജിംഗ് കേരള സംഗമത്തിൽ പി.പി.പി. പദ്ധതികൾ പ്രത്യേകിച്ച് വിഭാവനം ചെയ്തിരുന്നില്ല. എന്നാൽ ബി.പി.സി.എൽ.-ന്റെ പെട്രോകെമിക്കൽ പദ്ധതി പി.പി.പി. അടിസ്ഥാനത്തിലുള്ള പദ്ധതിയായിരുന്നു. കൂടാതെ വിവിധ വകുപ്പുകളുടെ കീഴിൽ ലഭിച്ച 177 പദ്ധതികളിൽ 85 പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 19 പദ്ധതികളിൽ രണ്ട് പദ്ധതികൾ പൂർത്തിയാകുകയും ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

**കേരള ക്ലേയിസ് & സെറാമിക്സ് ലിമിറ്റഡ്**

200 (3354) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള ക്ലേയിസ് & സിറാമിക്സ്

ലിമിറ്റഡിനു കീഴിലുള്ള ഏതെങ്കിലും യൂണിറ്റുകൾ അടച്ചു പൂട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം യൂണിറ്റുകളാണെന്നുള്ള വിശദാംശം നൽകുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിലെ ട്രേഡ് യൂണിയനുകളുടെ അഭിപ്രായം തേടിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും തൊഴിലാളികളുടെയും ജോലിയും സംരക്ഷണവും ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) പഴയങ്ങാടി യൂണിറ്റിൽ സംസ്കരണത്തിനുശേഷം ബോക്സൈറ്റും സൾഫറും കലർന്ന അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ എന്ത് പദ്ധതിയാണ് പരിഗണനയിലുള്ളത് ;

(എഫ്) പ്രസ്തുത യൂണിറ്റിന്റെ നിയന്ത്രണത്തിലുള്ള മുട്ടം, മാടായി, വെങ്ങര മേഖലകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതി തുടർന്നും എങ്ങനെ മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ - ഡി) കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന്റെ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടില്ല. പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ മാടായി യൂണിറ്റിന്റെ ഖനന പ്രവർത്തനങ്ങളും ക്ലേ ശുദ്ധീകരണവും നിർത്തിവയ്ക്കുന്നതിനും യൂണിറ്റിന്റെ വൈവിധ്യവത്കരണത്തിനുള്ള വിശദമായ ശുപാർശ സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കരിന്തളം യൂണിറ്റിൽ സർവ്വകക്ഷി ജനകീയ സമിതിയുടെ നേതൃത്വത്തിൽ സമരം നടക്കുന്നതിനാൽ കഴിഞ്ഞ അഞ്ച് മാസമായി ഉൽപാദനം നടക്കുന്നില്ല.

(ഇ) ചൈനാ ക്ലേ സംസ്കരണത്തിന് ശേഷം പഴയങ്ങാടി യൂണിറ്റിൽ ബോക്സൈറ്റ്, സൾഫർ തുടങ്ങിയ പദാർത്ഥങ്ങൾ ഉണ്ടാകുന്നില്ല. എന്നാൽ ചൈനാ ക്ലേ ഖനനം ചെയ്യുമ്പോൾ ലഭിക്കുന്ന സൾഫർ കലർന്ന മണ്ണ് ഖനനം ചെയ്ത സ്ഥലത്തിട്ട് നികത്തി ചുവന്ന മണ്ണിട്ട് മരങ്ങൾ വച്ചുപിടിപ്പിക്കുകയാണ് ചെയ്യുന്നത്.

(എഫ്) നിലവിൽ മാടായിലും വെങ്ങരയുടെ ഒരു ഭാഗത്തും മാത്രമാണ്

കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മുട്ടം പ്രദേശത്ത് ഗ്രാമപഞ്ചായത്ത് മുഖാന്തരം മുട്ടം ജമാ അത്ത് കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള കിണറും സ്ഥലവും കുടിവെള്ള പദ്ധതി ആരംഭിക്കുവാനായി കമ്പനിക്ക് വിട്ടുതന്നിരുന്നു. ഇതിനായി 3500 മീറ്ററോളം പൈപ്പും ടാങ്കും മറ്റ് സാമഗ്രികളും കമ്പനി വാങ്ങി വച്ചിട്ടുണ്ട്. എന്നാൽ കിണർ വൃത്തിയാക്കിയ ശേഷം നിലവിലുള്ള വാട്ടർ ടാങ്കിന്റെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചപ്പോൾ പ്രദേശവാസികളിൽ ചിലർ പ്രവൃത്തി തടസ്സപ്പെടുത്തിയതിനാൽ പൂർത്തിയാകാതെ കിടക്കുകയാണ്.

## പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ പദ്ധതികൾ

201 (3355) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഓരോ പദ്ധതിയെ സംബന്ധിച്ചുമുള്ള വിശദാംശം നൽകാമോ;

(ബി) അപേക്ഷകർക്ക് യഥാസമയം വായ്പ അനുവദിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

(എ) കേരളത്തിലെ യുവവിദ്യാർത്ഥി സംരംഭകരുടെ നൂതന ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനും അവർക്ക് സംരംഭകത്വത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിലേക്കുമായി യുവ സംരംഭകസംഗമം കെ.എസ്.ഐ.ഡി.സി. സംഘടിപ്പിച്ചു. യുവ വിദ്യാർത്ഥി സംരംഭകർക്ക് ഇൻകുബേഷൻ സൗകര്യം, മെന്ററിംഗ്/സാമ്പത്തിക സഹായം തുടങ്ങിയ അടിസ്ഥാന സഹായങ്ങൾ യുവ സംരംഭകർക്ക് എത്തിക്കുവാനുള്ള ശ്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങളുമായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമായ ഘട്ടത്തിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ധനകാര്യ

സ്ഥാപനങ്ങളിലേക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുകയും ചെയ്യുന്നു.

**സിഡ്കോ മുഖേന പുഴമണൽ വിൽപ്പന**

202 (3356) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴമണൽ വിൽപനക്കായി സിഡ്കോ പരസ്യം നൽകിയത് എന്നാണ്;

(ബി) പ്രസ്തുത പരസ്യത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) പ്രസ്തുത പരസ്യത്തിന്റെ അടിസ്ഥാനത്തിൽ മണൽ ലഭിക്കുന്നതിനായി എത്ര പേർ സെക്യൂരിറ്റി തുക കെട്ടിവച്ച് സിഡ്കോയ്ക്ക് അപേക്ഷ നൽകിയിരുന്നു ; ഈ ഇനത്തിൽ എത്ര തുക ലഭിച്ചു ;

(ഡി) അപേക്ഷകർക്ക് മണൽ ലഭ്യമാക്കിയിട്ടുണ്ടോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കുമോ; അപേക്ഷകർക്ക് മണൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) പുഴമണൽ വിൽപ്പനക്കായി സിഡ്കോ 20-2-2015-നാണ് മാതൃഭൂമി പത്രത്തിൽ പരസ്യം നൽകിയത്.

(ബി) 19-2-2015-ലെ SIDCO/Tdg/Sand/2014-15/7-ാം നമ്പർ നോട്ടീസ് പ്രകാരം കേരളത്തിലുടനീളം പുഴമണൽ വിപണനം നടത്താൻ താലൂക്കടിസ്ഥാനത്തിൽ വിതരണക്കാരെ ക്ഷണിച്ചു.

(സി) സെക്യൂരിറ്റി തുക ഈടാക്കിയിട്ടില്ല. 40 പേർ മണൽ എടുക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചു. അവരവർ എടുക്കുന്ന മണലിന്റെ അളവിനനുസൃതമായി മുൻകൂർ തുക അടക്കുകയും ചെയ്തു.

(ഡി) അപേക്ഷകർക്ക് മണൽ ലഭ്യമാക്കിയിട്ടില്ല. ബാങ്കിൽ നിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കുന്നതിനുവേണ്ടി സിഡ്കോയ്ക്കു സർക്കാർ ഗ്യാരണ്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫാക്ട് നേരിടുന്ന പ്രതിസന്ധി**

203 (3357) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. ജി. സുധാകരൻ :

ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ഫാക്ട് നേരിടുന്ന പ്രതിസന്ധിക്ക് കേന്ദ്ര സർക്കാരിനെക്കൊണ്ട് പരിഹാരം കണ്ടെത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഫാക്ടിന്റെ പുനരുദ്ധാരണത്തിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പാക്കേജ് പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ലാഭകരമായി പ്രവർത്തിച്ചിരുന്ന ഫാക്ടിന് ഇത്തരത്തിൽ പ്രതിസന്ധിയുണ്ടാകുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സാമ്പത്തിക പ്രതിസന്ധിയിലായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി. ലിമിറ്റഡിനെ സമ്പൂർണ്ണ തകർച്ചയിൽ നിന്നും രക്ഷിക്കുവാൻ പൊതുമേഖലാ പുനരുദ്ധാരണ ബോർഡ് (BRPSE) ശിപാർശ ചെയ്ത 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് മുൻ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഈ പാക്കേജിൽ 550 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുക, 442 കോടി രൂപയുടെ ലോൺ, പലിശ തുടങ്ങിയവ ഉൾപ്പെടുന്ന കമ്പനിയുടെ ബാദ്ധ്യതകൾ എഴുതിത്തള്ളുക, നികുതി ഇളവ് അനുവദിക്കുക എന്നിവ ഉൾപ്പെടുന്നു. പൊതുമേഖലാ പുനരുദ്ധാരണ ബോർഡ് ശിപാർശ ചെയ്ത 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് അംഗീകരിച്ച് ഫണ്ട് അനുവദിക്കണമെന്നും പ്രകൃതി വാതകത്തിന്റെ അധിക വിലയ്ക്ക് കോമ്പൻസേഷൻ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം, കേരള നിയമസഭ 20-6-2014 ന് ഏകകണ്ഠമായി പാസ്സാക്കിയിരുന്നു. ഈ പ്രമേയത്തിന്റെ ഇംഗ്ലീഷ് പരിഭാഷ കേന്ദ്ര സർക്കാരിന്റെ രാസവളം മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും, പ്രമേയത്തിൻമേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി സംസ്ഥാന സർക്കാരിനെ അറിയിക്കുവാൻ കേന്ദ്ര രാസവള മന്ത്രാലയത്തിലെ ഡയറക്ടറോടും കേരള റസിഡന്റ് കമ്മീഷണറോടും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആർ.എൽ.എൻ.ജി.-യ്ക്ക് മേലുള്ള 14% മൂല്യവർദ്ധിത നികുതി ഒഴിവാക്കിത്തരണമെന്നുള്ള ഫാക്ടിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, കമ്പനിക്കായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിക്ക്

വിധേയമായി അവർ വാങ്ങുന്ന എൽ.എൻ.ജി.-യെ KVAT-ൽ നിന്നും ഒഴിവാക്കാൻ സംസ്ഥാന മന്ത്രിസഭ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് സംസ്ഥാനത്ത് എൽ.എൻ.ജി.-യുടെ എല്ലാ ഉപഭോക്താക്കൾക്കും അവർ വാങ്ങുന്ന എൽ.എൻ.ജി.-യെ 1-4-2015 മുതൽ ഒരു വർഷത്തേക്ക് KVAT -ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) നാഫ്തയുടെ/പുനർവാതകമാക്കിയ ദ്രവീകൃത പ്രകൃതി വാതകത്തിന്റെ (ആർ.എൽ.എൻ.ജി.) വളരെ ഉയർന്ന വില പ്രവർത്തന മൂലധനത്തിന്റെ കുറവ്, വർദ്ധിച്ച പലിശ ഭാരം, കാപ്രോലാക്ടം പ്ലാന്റ് അടച്ചിട്ടത് തുടങ്ങിയ വിവിധ കാരണങ്ങളാലാണ് ലാഭകരമായി പ്രവർത്തിച്ച് വന്നിരുന്ന ഫാക്ടിനു നഷ്ടം നേരിടേണ്ടി വന്നത്.

**കൊച്ചി കപ്പൽശാലയുടെ പ്രവർത്തനം**

204 (3358) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിരോധ വകുപ്പിൽ നിന്നും കൊച്ചി കപ്പൽശാലയ്ക്ക് സംയുക്ത സംരംഭങ്ങൾ ലഭിക്കാനുള്ള സാദ്ധ്യത ഒരുക്കുന്നതിൽ വേണ്ടത്ര ജാഗ്രത കാണിക്കാത്തത് കപ്പൽശാലയുടെ പുരോഗതിക്ക് വിഘാതമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ മേഖലയെ സഹായിക്കാൻ പൊതുമേഖലയിലെ കപ്പൽ നിർമ്മാണ ശാലയ്ക്ക് ലഭിക്കേണ്ട ഓർഡറുകൾ ഇല്ലാതാക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതായ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടത്ര ശ്രദ്ധ കാണിക്കാത്തത് സർക്കാരിന്റെ പൊതുമേഖലയോടുള്ള താല്പര്യക്കുറവും സ്വകാര്യ സംരംഭകർക്ക് ഒത്താശ ചെയ്യുന്ന സമീപനവുമാണ് വ്യക്തമാക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയത്തിന്റെ പൂർണ്ണ

നിയന്ത്രണത്തിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കൊച്ചി കപ്പൽശാല. പ്രതിരോധ വാണിജ്യ മേഖലകളിൽ നിന്നുള്ള ഓർഡറുകൾ കൊച്ചി കപ്പൽ ശാലയ്ക്ക് ലഭിക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ബദ്ധശ്രദ്ധമാണ്. നിലവിൽ ഇന്ത്യൻ നാവികസേനയ്ക്ക് വേണ്ടി ഏറ്റവും വലിയ തദ്ദേശ നിർമ്മിത വിമാനവാഹിനി കപ്പലിന്റെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുകയാണ് കൊച്ചി കപ്പൽശാല. ഇതിന്റെ ആദ്യഘട്ടം പൂർത്തിയാകുകയും രണ്ടാം ഘട്ടത്തിന്റെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ തീരസംരക്ഷണസേനയ്ക്ക് വേണ്ടി 20 അതിവേഗ നിരീക്ഷണ കപ്പലുകൾ നിർമ്മിക്കുവാനുള്ള ഓർഡറും കൊച്ചി കപ്പൽശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇവയിൽ 13 കപ്പലുകൾ നിർമ്മിച്ച് സേനയ്ക്ക് കൈമാറിയിട്ടുമുണ്ട്.

(ബി) ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൊച്ചി കപ്പൽശാല ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. ഇന്ത്യയിലെ മികച്ച കപ്പൽ നിർമ്മാണശാലകളിൽ ഒന്നായി കൊച്ചി കപ്പൽശാലയെ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം വിലയിരുത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിലോ, ഭരണപരമായ കാര്യങ്ങളിലോ സംസ്ഥാന സർക്കാരിന് യാതൊരു നിയന്ത്രണവുമില്ല. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുവാനും നിലനിർത്തുവാനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനുവേണ്ടി സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

**കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി**

205 (3359) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും ഭൂമി നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ഇതു സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിൽ 43 കി. മീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. എറണാകുളം, മലപ്പുറം ജില്ലികളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട്. വെൽഡിംഗ് കഴിഞ്ഞ് ഉപരിതലത്തിൽ 32 കിലോമീറ്റർ ദൂരത്തിൽ കിടക്കുന്ന പൈപ്പുകൾ ഭൂമിക്കടിയിലേക്ക് നിക്ഷേപിക്കുവാനായി 11-6-2015-ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടം ഉൾപ്പെടുന്ന മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ പൈപ്പ് ലൈൻ ഇടുന്നതിനെതിരെ ജനങ്ങളുടെ ശക്തമായ എതിർപ്പ് അനുഭവപ്പെടുന്നുണ്ട്. പൈപ്പ് ലൈനിന്റെ സുരക്ഷിതത്വത്തെപ്പറ്റിയുള്ള ആശങ്കയും, നഷ്ടപരിഹാരത്തുക സംബന്ധിച്ച തർക്കവുമാണ് പദ്ധതിക്കെതിരെ ഉയർന്നിട്ടുള്ള ജനകീയ പ്രക്ഷോഭസമരങ്ങൾക്ക് ആധാരമായിട്ടുള്ളത്. പൈപ്പ് ലൈനിന്റെ സുരക്ഷയെപ്പറ്റി ജനങ്ങളുടെ മനസ്സിലുടലെടുത്തിട്ടുള്ള ആശങ്ക അടിസ്ഥാനരഹിതമാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ സർക്കാർ വകുപ്പുകൾ വിവിധ എൻ.ജി.ഒ.കൾ മുഖേനയും GAIL അധികൃതർ നേരിട്ടും ബോധവത്കരണപരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതോടൊപ്പം പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകൾ വിതരണം ചെയ്തും എഫ്.എം. റേഡിയോയിലെ പരസ്യങ്ങളിലൂടെയും പദ്ധതികൊണ്ട് സംസ്ഥാനത്തിനും ജനങ്ങൾക്കുമുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് അവബോധം വളർത്തുവാനും ശ്രമിക്കുന്നുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഭൂമിയുടെ വിനിയോഗാവകാശം മാത്രമേ GAIL-ന് നൽകേണ്ടതുള്ളൂ. ആയതിനാൽ പി. ആന്റ് എം.പി. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഭൂമിയുടെ ന്യായവിലയുടെ 10% മാത്രമാണ് നഷ്ടപരിഹാര തുകയായി ഭൂഉടമകൾക്ക് GAIL നൽകേണ്ടത്. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സഹാചര്യം, സ്ഥല ദൗർലഭ്യം തുടങ്ങിയവ പരിഗണിച്ചും ജനകീയ പ്രക്ഷോഭങ്ങൾ കണക്കിലെടുത്തും നഷ്ടപരിഹാരത്തുക ഭൂമിയുടെ ന്യായവിലയുടെ 50% വരെ വർദ്ധിപ്പിച്ച് നൽകുവാൻ GAIL സന്നദ്ധത അറിയിച്ചിട്ടുണ്ട്. കൂടാതെ നഷ്ടപ്പെടുന്ന ഫലവൃക്ഷാദികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് എന്നീ താലൂക്കുകളിലൂടെയാണ് പൈപ്പ് ലൈൻ വിന്യസിക്കുന്നത്. ജില്ലയിൽ മൊത്തം പൈപ്പ് ലൈൻ വിന്യസിക്കേണ്ടത് 83.7 കി.മീറ്റർ ദൂരത്തിലാണ് പി. & എം.പി. ആക്ട് സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള വിജ്ഞാപനം കേന്ദ്ര ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ജില്ലയിൽ അഞ്ച് SV സ്റ്റേഷനുകൾക്കും ഒരു IP സ്റ്റേഷനും വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇവയിൽ മൂന്ന്

എസ്.വി.സ്റ്റേഷനുകൾക്കുള്ള ഭൂമി, ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ളവ ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിക്കുന്നു.

**ചെറുകിട-ഇടത്തരം വ്യവസായങ്ങളെക്കുറിച്ചുള്ള പഠനം**

206 (3360) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും എന്തെല്ലാമാണ്;

(സി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രസ്തുത മേഖലയ്ക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ചെറുകിട - ഇടത്തരം സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**വ്യവസായ വികസനം**

207 (3361) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യവസായ വികസനം പൂർണ്ണമായും തടസ്സപ്പെട്ടു കിടക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വിശദമാക്കാമോ;

(സി) വ്യവസായ വികസനത്തിന് പ്രധാന തടസ്സം കാലഹരണപ്പെട്ട നിയമങ്ങളാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം നിയമങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) വ്യവസായ വികസനത്തിനുവേണ്ടി നിയമപ്രകാരമുള്ള അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1999-ലെ ദി കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം**

208 (3362) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട വ്യവസായ യൂണിറ്റുകളിൽ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചവയും നഷ്ടത്തിൽ പ്രവർത്തിച്ചവയും എത്ര വീതമെന്ന് വിശദമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**വ്യവസായ മേഖലയുടെ വളർച്ച**

209 (3363) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ;

(ബി) ഈ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് ആവശ്യമായ തരത്തിൽ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്തെ എല്ലാ വ്യവസായ മേഖലയും സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായങ്ങൾ ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നയം സർക്കാർ ഉത്തരവ് ജി.ഒ.(പി) 58/15/വ്യവ. തീയതി 8-5-2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ വളർച്ച ഉറപ്പാക്കുന്നതിന് സർക്കാർ കർമ്മ പദ്ധതികൾ ആരംഭിക്കുകയും വേണ്ട സഹായങ്ങൾ നൽകിവരികയും ചെയ്യുന്നു.

(ബി) സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം-വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി സംസ്ഥാനത്തെയും ജില്ലകളിലെയും മികച്ച വ്യവസായ സംരംഭകർക്ക് ജനറൽ വനിത, എസ്സി./എസ്റ്റി. വിഭാഗങ്ങൾക്ക് സംസ്ഥാന ജില്ലാതല അവാർഡുകൾ നൽകുന്നു. സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി വിശേഷ അവസരങ്ങളിൽ എക്സിബിഷനുകൾ നടത്തുന്നു. അഖിലേന്ത്യാ തലത്തിൽ മികച്ച ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. സംരംഭകർക്ക് മികച്ച മെഷിനറികൾ വാങ്ങുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ മെഷിനറി എക്സിബിഷനും നടത്തിയിട്ടുണ്ട്.

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക് ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് ബോധവൽക്കരണം നടത്തുന്നു.

2. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടിയെടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകിവരുന്നു.

3. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു.

4. വ്യവസായ എസ്റ്റേറ്റുകളിൽ ലഭ്യത അനുസരിച്ച് വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂമി ലഭ്യമാക്കുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട

ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി (ESS-Entrepreneur Support Scheme) നടപ്പിലാക്കിവരുന്നു.

> സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനും അവയെ സാമ്പത്തികമായി സഹായിക്കുന്നതിനും ലക്ഷ്യമിട്ട് അതിനുമുമ്പുണ്ടായിരുന്ന വിവിധ സ്കീമുകളെ സംയോജിപ്പിച്ചുകൊണ്ട് 1-4-2012 മുതൽ സംരംഭകത്വ സഹായ പദ്ധതി നിലവിൽ വന്നു. ഇതുവഴി വ്യവസായ സംരംഭകർക്ക് ഒറ്റത്തവണ സാമ്പത്തിക സഹായം നൽകിവരുന്നു. സംരംഭകർക്ക് ആകെ നിക്ഷേപത്തിന്റെ 15% (പരമാവധി 20 ലക്ഷം രൂപ) വരെ സബ്സിഡി നൽകുന്നു. വനിതാ സംരംഭകർ, പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകർ, യുവ സംരംഭകർ മുതലായവർക്ക് 20% (പരമാവധി 30 ലക്ഷം രൂപ) വരെ സബ്സിഡി നൽകിവരുന്നു. ഇതിനുപുറമെ 9 തരം വ്യവസായങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി 10% അധികസബ്സിഡി (പരമാവധി 10% രൂപ) നൽകിവരുന്നു. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട മുതലായ ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ആകെ നിക്ഷേപത്തിന്റെ 15%-നു പുറമേ 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ കരസ്ഥമാക്കി സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്നു.

കൂടാതെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് നവീകരണത്തിനായി 70:30 സ്കീം, 60:40 സ്കീം, പുതിയ ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് രൂപീകരണം എന്നിവയും വ്യവസായ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനായി നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ധനകാര്യ സ്ഥാപനങ്ങളിലേക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുകയും ചെയ്യുന്നു.

**വ്യവസായ ഷെഡ്ഡുകളുടെ പുനഃക്രമീകരണം**

210 (3364) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ മിനി ഇൻഡസ്ട്രീസ് എസ്റ്റേറ്റുകളിലുള്ള വ്യവസായ ഷെഡുകൾ ഒന്നിലേറെ എണ്ണം വാടക നൽകിക്കൊണ്ട് കൈവശംവയ്ക്കുകയും എന്നാൽ ഉപയോഗിക്കാതെയും ഇരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്രയെണ്ണമുണ്ടെന്ന് ജില്ലതിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഷെഡുകൾ വ്യവസായം നടത്തുന്നവർക്കായി പുനഃക്രമീകരിച്ച് പുതിയ സംരംഭകർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സിഡ്കോയുടെ ഷെഡ്ഡുകൾ ഇങ്ങനെ കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

**വ്യവസായ വകുപ്പിൽനിന്നും സ്റ്റാർട്ട് അപ് സഹായം വാങ്ങിയ സംഘങ്ങൾ**

211 (3365) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഇ.എസ്.എസ്. പദ്ധതിയിൻ കീഴിൽ സ്റ്റാർട്ട് അപ് സഹായം വാങ്ങിയ സംഘങ്ങൾ സെക്കന്റ് ഹാന്റ് മെഷിനറികൾ സ്ഥാപിച്ച് യൂണിറ്റ് തുടങ്ങിയെന്ന് വ്യവസായ വകുപ്പിനെ തെറ്റിദ്ധരിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര യൂണിറ്റുകൾ ഇപ്രകാരം സ്ഥാപനം തുടങ്ങിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ഈ യൂണിറ്റുകൾക്കെതിരെ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) സംഘങ്ങൾ ഇത്തരത്തിൽ സെക്കന്റ് ഹാന്റ് മെഷിനറി വാങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില വ്യവസായ യൂണിറ്റുകൾ

ഇത്തരത്തിൽ സെക്കന്റ് ഹാന്റ് മെഷിനറി വാങ്ങി സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. ഇവ പൊതുവായി വന്നിട്ടുള്ള വിവരം മാത്രമാണ്. യഥാർത്ഥ കണക്കുകൾ ലഭിച്ചിട്ടില്ല.

(ബി) വ്യക്തമായി യൂണിറ്റുകളുടെ വിവരം ലഭിക്കുന്ന മുറയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച ധനസഹായം തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വ്യവസായ വകുപ്പിന്റെ ഡയറക്ടറേറ്റിലെ ഒഴിവുകൾ**

212 (3366) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ ഡയറക്ടറേറ്റിൽ എൽ. ഡി. സി., എൽ. ജി. എസ്., എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലായി എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ; ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ;

(ബി) വരുന്ന ആറുമാസ കാലയളവിൽ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) എൽ.ഡി.സി., എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ നിലവിൽ ഒഴിവുകളൊന്നുംതന്നെയില്ല. എൽ.ജി.എസ്. തസ്തികയിൽ മൂന്ന് ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എൽ.ഡി.സി. തസ്തികയിൽ സ്ഥാനക്കയറ്റം വഴി 22 ഒഴിവുകൾ വരുമെന്ന് കണക്കാക്കിയിരിക്കുന്നു. എൽ.ജി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഒഴിവുകൾ ഒന്നുംതന്നെ വരില്ല.

(സി) ഒഴിവുകൾ വരുന്നമുറയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

**വ്യവസായ പ്ലോട്ടുകൾ**

213 (3367) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിൽ കഴിഞ്ഞ 5 വർഷമായി ഉപയോഗിക്കാതെ കിടക്കുന്ന വ്യവസായ പ്ലോട്ടുകൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇങ്ങനെ ഉപയോഗിക്കാതെ കിടക്കുന്ന പ്ലോട്ടുകൾ ഒഴിപ്പിച്ച് പുതിയ സംരംഭകർക്ക് വ്യവസായം തുടങ്ങുവാൻ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സിഡ്കോയുടെ കീഴിൽ കഴിഞ്ഞ അഞ്ച് വർഷമായി ഉപയോഗിക്കാതെ കിടക്കുന്ന വ്യവസായ പ്ലോട്ടുകൾ ഇല്ല. വ്യവസായ സംരംഭകർക്ക് അനുവദിച്ച് നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ഉപയോഗിക്കാതെ കിടക്കുന്ന പ്ലോട്ടുകൾ ഒഴിപ്പിച്ച് പുതിയ സംരംഭകർക്ക് വ്യവസായം തുടങ്ങുവാൻ സിഡ്കോ അനുവദിച്ചു നൽകുന്നുണ്ട്. വ്യവസായ വകുപ്പിന് കീഴിൽ കഴിഞ്ഞ അഞ്ച് വർഷമായി ഉപയോഗിക്കാതെ കിടക്കുന്ന 90 വ്യവസായ പ്ലോട്ടുകളുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന പ്ലോട്ടുകളിൽ ഭൂരിഭാഗവും ഒഴിപ്പിച്ച് പുതിയ സംരംഭകർക്ക് വ്യവസായം തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്നവ റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**കശുവണ്ടി വ്യവസായം**

214 (3368) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ചു പഠിക്കാൻ 23 പേരടങ്ങിയ ഒരു കമ്മിറ്റി ഗവണ്മെന്റ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത 23 പേരടങ്ങിയ കമ്മിറ്റി 3 മാസത്തിനകം പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുക പ്രായോഗികമാണോ;

(സി) വ്യവസായത്തിൽത്തന്നെ യന്ത്രവത്കൃത മേഖലയിലെ തൊഴിലാളികളുടെ കൂലി ഘടന നിർണ്ണയിക്കാൻ പ്രസ്തുത കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ; കശുവണ്ടി വ്യവസായത്തിൽ പുതിയ മിനിമം വേജസ് നിശ്ചയിച്ചു പ്രഖ്യാപിച്ച സാഹചര്യത്തിൽ അതേ വ്യവസായത്തിലെ യന്ത്രവത്കൃത വിഭാഗത്തിലേക്കു പ്രത്യേക മിനിമം കൂലി നിശ്ചയിക്കുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുകയല്ലേ എന്ന് കരുതുന്നുണ്ടോ;

(ഡി) തൊഴിൽ വകുപ്പിനാണ് മിനിമം വേജസ് നിശ്ചയിക്കാനുള്ള അവകാശമെന്നിരിക്കെ വ്യവസായ വകുപ്പ് ഇടപെടുന്നതിലുള്ള പ്രസക്തി എന്താണെന്ന് അറിയിക്കാമോ; മിനിമം വേജസ് കമ്മിറ്റിയിൽ തൊഴിലാളി - തൊഴിലുടമ പ്രതിനിധികൾക്ക് തുല്യ പ്രാതിനിധ്യമുണ്ടാകണമെന്ന നിയമം നിലനിൽക്കുമ്പോൾ പ്രസ്തുത നിയമവും കീഴ്വഴക്കവും പാലിച്ച് നിലവിൽ പ്രഖ്യാപിച്ച മിനിമം വേജസ് നടപ്പിലാക്കാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കശുവണ്ടി വ്യവസായ രംഗത്ത് യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പറ്റി പഠിക്കുവാനും യന്ത്രവൽക്കരണരംഗത്ത് പുതിയ കൂലി ഘടന നിശ്ചയിക്കുന്നതിനുവേണ്ടി തൊഴിലാളി-തൊഴിലുടമ-ഗവൺമെന്റ് പ്രതിനിധികൾ അടങ്ങിയ കമ്മിറ്റിയെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 448/2015/വ്യവ തീയതി 6-6-2015 പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാനാണ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി&ഡി) കശുവണ്ടി വ്യവസായ രംഗത്ത് യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പറ്റി പഠിക്കുവാനും യന്ത്രവൽക്കരണ രംഗത്ത് പുതിയ കൂലിഘടന നിശ്ചയിക്കുന്നതിനും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കശുവണ്ടി മേഖലയിൽ മിനിമം കൂലി നിശ്ചയിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയുണ്ടോ എന്ന് കമ്മിറ്റി പരിശോധിക്കുന്നതാണ്. ഇതുകൂടാതെ കശുവണ്ടി വ്യവസായത്തിന്റെ പുരോഗതിക്ക് ഒരു സമഗ്ര പാക്കേജ് വേണമെന്ന കാഷ്യൂ മാനുഫാക്ചേഴ്സ് ആന്റ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ അതിനനുസരിച്ച് ഉല്പാദനശേഷി വർദ്ധിക്കുകയും അതിന് ആനുപാതികമായി പുതിയ തൊഴിൽഘടനയ്ക്ക് രൂപം നൽകേണ്ടതായും വരും. ഈ സാഹചര്യത്തിലാണ് പുതിയ കമ്മിറ്റിക്ക് സർക്കാർ രൂപം നൽകിയത്. നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള മിനിമം വേജസ് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലും കാപെക്സിലും നടപ്പിലാക്കിയിട്ടുണ്ട്.

## ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് മുഖാന്തിരം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

215 (3369) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് പോലുള്ള മേളകളിലൂടെ ഇതിനോടകം എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു; ഇതിൽ തദ്ദേശ വ്യവസായ സംരംഭകരുടെ ഉടമസ്ഥതയിലുള്ളവ എത്ര; വിദേശ സംരംഭകരുടെ ഉടമസ്ഥതയിലുള്ളവ എത്ര; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം ജില്ലയിലാണെന്നും, അതിനായി നൽകിയ സൗകര്യങ്ങളും സൗജന്യങ്ങളും എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു; ഇവ ഏതെല്ലാം വിഭാഗങ്ങളിൽ; കേരളീയരായ എത്ര യുവാക്കൾക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചു; വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2003 ജനുവരിയിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ജിം) എന്ന സംരംഭത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിൽ വിദേശ സംരംഭകരുടെ പദ്ധതികൾ ഒന്നുംതന്നെ വന്നിട്ടില്ല. എന്നാൽ തദ്ദേശ വ്യവസായ സംരംഭകരുടെ 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ ആരംഭിച്ച ജില്ല, അതുമൂലം ലഭിച്ച തൊഴിലവസരങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ജിം സംഗമത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിൽ ആരംഭിച്ച 19 പദ്ധതികളിൽ ആലപ്പുഴ ജില്ലയിൽ നിന്നുള്ള പദ്ധതികളൊന്നും ഉൾപ്പെടുന്നില്ല.

## അങ്കമാലി ഇൻകെല്ലിൽ സ്ഥലം അനുവദിക്കൽ

216 (3370) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ഇൻകെല്ലിൽ സ്ഥലം അനുവദിക്കുന്നതിലെ മാനദണ്ഡം എന്തെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അവിടെ സ്ഥലം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായ വകുപ്പ് മുഖാന്തിരം ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ അവിടെ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) അങ്കമാലി ഇൻകെല്ലിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടി പൂർത്തീകരിച്ച കെട്ടിട സമുച്ചയത്തിനും സ്ഥലത്തിനുമായി നാളിതുവരെ പല പ്രാവശ്യങ്ങളിലായി കഴിഞ്ഞ നാല് വർഷങ്ങളിൽ പത്രങ്ങളിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. പദ്ധതികളുടെ മേന്മയുടെയും വയബിലിറ്റിയുടെയും അടിസ്ഥാനത്തിലാണ് കെട്ടിടങ്ങളും സ്ഥലവും നൽകാൻ തീരുമാനിക്കുന്നത്. അലോട്ട്മെന്റിന് അപേക്ഷകൾ ലഭിക്കുന്ന ക്രമത്തിൽ പരിഗണിക്കുന്നതാണ്.

(ബി) ബിൽറ്റ് അപ് സ്പേസ്, പ്ലോട്ട് എന്നിവ ഗ്രീൻ വ്യവസായങ്ങൾ, വിവര സാങ്കേതിക സംരംഭങ്ങൾ, സേവന മേഖല, വിദ്യാഭ്യാസ തൊഴിൽ പരിശീലനം, ധനകാര്യ സേവനം തുടങ്ങിയവയ്ക്കാണ് നൽകുന്നത്.

(സി) ഇൻകെൽ നേരിട്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. എന്നിരുന്നാലും കെ.എസ്.,ഐ.ഡി.സി. ഇൻകെല്ലിന്റെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയിൽ 5000 ചതുരശ്ര അടി സ്ഥലം ഇൻകുബേഷൻ സെന്റർ തുടങ്ങുന്നതിനുവേണ്ടി എടുത്തിട്ടുണ്ട്.

(ഡി) ഇൻകെൽ പണി കഴിപ്പിച്ച ഒന്നാം കെട്ടിട സമുച്ചയത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കേരള സ്കിൽ അക്കാദമി ഓഫ് എക്സലൻസ് (KASE), പലവിധ തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾക്കായി സ്ഥലമെടുത്തിട്ടുണ്ട്.

**അങ്കമാലി ടെൽക്കിന്റെ പ്രവർത്തനം**

217 (3371) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ അങ്കമാലി ടെൽക്കിന്റെ പ്രവർത്തനത്തെ കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ടെൽക്ക് ലാഭത്തിലായിരുന്നോ നഷ്ടത്തിലായിരുന്നോ എന്ന് വെളിപ്പെടുത്താമോ;

(സി) ടെൽക്കിന്റെ പ്രതിസന്ധിയുടെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എഫ്) ദീർഘകാല കരാറിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ടെൽക്ക് നഷ്ടത്തിലായിരുന്നു.

(സി) ടെൽക്ക് - എൻ.റ്റി.പി.സി. സംയുക്ത സംരംഭം പ്രകാരം നടപ്പാക്കേണ്ടിയിരുന്ന നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കാത്തതാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. ഇതോടൊപ്പംതന്നെ ബഹുരാഷ്ട്ര കമ്പനികളിൽനിന്ന് കടുത്ത മത്സരം നേരിടുന്നതും നിർമ്മാണ ചെലവിന് ആനുപാതികമായുള്ള വില ലഭിക്കാത്തതും ടെൽക്കിനെ പ്രതിസന്ധിയിലാക്കുന്നു.

(ഡി&ഇ) കൂടുതൽ ഉൽപാദനശേഷിയുള്ള ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ട 25 കോടി രൂപയുടെ വികസന പദ്ധതി ഈ വർഷം സംസ്ഥാന സർക്കാരിന്റെയും എൻ.റ്റി.പി.സി.-യുടെയും ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്.

(എഫ്) ദീർഘകാല കരാറിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനച്ചെലവിലേയ്ക്കുള്ള സർക്കാർ വിഹിതം

218 (3372) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനച്ചെലവ് വിഹിതത്തിലേക്ക് എത്ര രൂപ നൽകുകയുണ്ടായി;

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിനും മൂലധനച്ചെലവ് വിഹിതത്തിലേക്ക് നൽകിയ തുക എത്രയാണെന്നും ഏത് വർഷമാണ് തുക നൽകിയതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനച്ചെലവ്, നവീകരണ വികസന പദ്ധതികൾ എന്നിവയ്ക്കായി 718.50 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകിയ ധനസഹായത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## കുറ്റ്യാടി നാളികേര പാർക്കിന്റെ പ്രവർത്തന പുരോഗതി

219 (3373) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കുറ്റ്യാടി നാളികേര പാർക്കിന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത നാളികേര പാർക്ക് എപ്പോൾ പ്രവർത്തനസജ്ജമാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന് 115 ഏക്കർ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പോക്കുവരവ് നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ രണ്ട് വർഷത്തിനകം പ്രസ്തുത പാർക്ക് പ്രവർത്തനം ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി**

220 (3374) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ നിക്ഷേപത്തിനായി നടപ്പാക്കിയ എമർജിംഗ് കേരളയിൽ കരാർ വച്ച വ്യവസായ സംരംഭങ്ങളിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണമാണ് ആരംഭിക്കാത്തവയെന്ന് വിശദീകരിക്കുമോ ;

(ബി) കരാറിൽ ഏർപ്പെട്ട വ്യവസായ സംരംഭങ്ങളുടെ നിർമ്മാണം മുടങ്ങാനുള്ള കാരണം വ്യക്തമാക്കുമോ; ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കരാറിൽ ഏർപ്പെട്ട വ്യവസായ സംരംഭങ്ങളുടെ നിർമ്മാണം മുടങ്ങാനുള്ള കാരണം വ്യക്തമാക്കുമോ; ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ-സി) 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള സംഗമത്തിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ കരാർ ഒന്നും വച്ചിരുന്നില്ല. എന്നാൽ, എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. ഇതിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഇവയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികളാണുള്ളത്. ഈ 19 പദ്ധതികളിൽ രണ്ടെണ്ണം പൂർത്തിയായി. ബാക്കിയുള്ള 17 പദ്ധതികൾ പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൊട്ടാരക്കര വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നടപ്പിലാക്കിയ പ്രവൃത്തികളും**

221 (3375) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കരീപ്ര മിനി വ്യവസായ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റേതായി ഒരു ഏക്കർ ആറ് സെന്റ് ഭൂമിയുണ്ട്.

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ചെയ്ത പ്രവൃത്തികൾ

1. 283 സംരംഭക യൂണിറ്റുകൾ തുടങ്ങുന്നതിനായി EM Part-II ഫയൽ ചെയ്തിട്ടുണ്ട്.
2. PMEGP പദ്ധതി പ്രകാരം 13 യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. അവയുടെ പദ്ധതി ചെലവ് - 1,13,00,000 രൂപ.
3. സംരംഭക സഹായ പദ്ധതിപ്രകാരം 19 വ്യവസായ യൂണിറ്റുകൾക്കായി 33.38 ലക്ഷം രൂപ സബ്സിഡിയിനത്തിൽ നൽകി.
4. കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 4 സെമിനാറും 7 ഇൻഡസ്ട്രിയൽ അവയർനസ് പ്രോഗ്രാമും 3 സ്കിൽ ഡെലവപ്മെന്റ് ട്രെയിനിംഗും നടത്തി.
5. 62 യൂണിറ്റുകൾക്കായി 572.4 ലക്ഷം രൂപയുടെ ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് വ്യവസായ വായ്പയ്ക്കായി ബാങ്കിലേയ്ക്ക് ശിപാർശ ചെയ്തു.

**ഇലക്ട്രോണിക് ഇടപാടുകളിൽ കേരളത്തിന് ഒന്നാം സ്ഥാനം**

222 (3376) ശ്രീ. ആർ . സെൽവരാജ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഇലക്ട്രോണിക് ഇടപാടുകൾ നടത്തുന്ന സംസ്ഥാനങ്ങളിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന് ഈ ബഹുമതി ലഭിച്ചിട്ടുള്ളത് ;

(സി) സംസ്ഥാന ഐ.ടി. മിഷൻ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ?

ഉത്തരം

(എ&ബി) ഇ-താൾ വെബ് പോർട്ടലിൽ ഇലക്ട്രോണിക് ഇടപാടുകൾ നടക്കുന്ന സംസ്ഥാനങ്ങളിൽ ഇന്ത്യയിൽ നിലവിൽ കേരളം മൂന്നാം സ്ഥാനത്താണ്. ഓരോ ദിവസവും നടക്കുന്ന ഇലക്ട്രോണിക് ഇടപാടുകളുടെ എണ്ണം അനുസരിച്ച് സംസ്ഥാനങ്ങളുടെ സ്ഥാനങ്ങളിൽ മാറ്റങ്ങൾ സംഭവിക്കാം. ഇതിനോടകംതന്നെ പല ദിവസങ്ങളിലും കേരളം ഒന്നാമത് എത്തിയിട്ടുണ്ട്. ഒരു ഇ-ഗവേണൻസ് ആപ്ലിക്കേഷൻ ഇ-താളിൽ രജിസ്റ്റർ ചെയ്യണമെങ്കിൽ ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്:

1. ഉപഭോക്താവ് സേവനങ്ങൾ ആവശ്യപ്പെടുന്നത് ഇലക്ട്രോണിക് മാതൃകയിൽ ആവണം. അത് മൊബൈൽ ഫോണിലൂടെയോ വെബ്സൈറ്റിലൂടെയോ ആവാം.

2. ഉപഭോക്താവ് ഇപ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാർ ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്യുന്നതും സർട്ടിഫിക്കറ്റുകൾ അംഗീകരിക്കുന്നതും വിതരണം ചെയ്യുന്നതും ഇലക്ട്രോണിക്/ ഡിജിറ്റൽ രൂപത്തിലാകണം.

3. ഇതുമായി ബന്ധപ്പെട്ട ഡാറ്റാ ഡിജിറ്റൽ രീതിയിൽ സൂക്ഷിക്കണം.

4. ഉപഭോക്താവ് സമർപ്പിച്ച അപേക്ഷയ്ക്കുള്ള മറുപടി സമയബന്ധിതമായി ഡിജിറ്റൽ രൂപത്തിൽ എത്തിച്ചുകൊടുക്കണം.

(സി) 2013 ഒക്ടോബർ 1-ന് കേന്ദ്ര വിവരസാങ്കേതിക വകുപ്പിന്റെ ഇ-താൾ വെബ് പോർട്ടൽ ഔപചാരികമായി ഉദ്ഘാടനം ചെയ്തതിനെ തുടർന്ന് കേരള സംസ്ഥാന ഐ.ടി. മിഷൻ സംസ്ഥാനത്ത് ഇതിന്റെ ചുമതല ഏറ്റെടുക്കുകയും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് സമയബന്ധിതമായി ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഇ-താളിൽ വിവരങ്ങൾ നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**കെൽട്രോണിൽ ഒഴിവുള്ള തസ്തികകൾ**

223 (3377) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കെൽട്രോൺ ഉൾപ്പെടെ ഓരോ പൊതുമേഖലാ സ്ഥാപനത്തിലും നിലവിൽ എത്ര പേർ ദിവസവേതനാടിസ്ഥാനത്തിലും കൺസോളിഡേറ്റഡ് പേ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെൽട്രോണിൽ നിലവിൽ 263 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) ഉണ്ട്. ഇതിൽ 127 ഒഴിവുകളിലേക്കുള്ള അപേക്ഷകൾ 24-11-2014-ൽ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു. ബാക്കി 136 ഒഴിവുകളിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**യെസ് 2014**

224 (3378) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "യെസ് 2014"സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം ആശയങ്ങളാണ് സമ്മിറ്റ് വഴി മുന്നോട്ട് വച്ചത്;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) 2014 സെപ്റ്റംബറിൽ 'യെസ്' സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ ഏകദേശം 4000-ത്തോളം യുവതീയുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

(ബി) 2014 സെപ്റ്റംബർ 12-ാം തീയതി കൊച്ചിയിൽ വച്ച് നടത്തിയ 'യുവ സംരംഭക സംഗമത്തിന്റെ' ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക
- യുവതലമുറയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക.

- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
- കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക.
- സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക.

(സി&ഡി) യുവ സംരംഭകത്വ സംഗമം 2014-ന്റെ ഭാഗമായി യുവ/വിദ്യാർത്ഥി സംരംഭകർ അവരുടെ അതിനൂതനമായ ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി അഗ്രികൾച്ചർ & ഫുഡ് പ്രോസസിംഗ്, ഇലക്ട്രോണിക്സ് & ഡിജിറ്റൽ മീഡിയ, ഹെൽത്ത് കെയർ & ലൈഫ് സയൻസ്, ബിസിനസ് ഇന്നവേഷൻ & ഗ്രീൻ ടെക്നോളജി, ടൂറിസം & ഹോസ്പിറ്റാലിറ്റി, മാനുഫാക്ചറിംഗ്, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങി ഏഴ് മേഖലകളിൽനിന്നും ഏകദേശം അഞ്ഞൂറോളം ആശയങ്ങളാണ് ലഭിച്ചത്. ഇവയിൽനിന്നും തെരഞ്ഞെടുത്ത മികച്ച പത്ത് ആശയങ്ങൾക്ക് അവാർഡും നൽകുകയുണ്ടായി. യുവസംരംഭക സംഗമത്തിൽ പങ്കെടുത്ത യുവസംരംഭകർ മുന്നോട്ടുവച്ച അടിസ്ഥാന ആവശ്യങ്ങൾ ഇൻക്യുബേഷൻ സ്പേസ്, മെന്ററിംഗ്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം എന്നിവയാണ്. മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- സാമ്പത്തിക സഹായം-വിദ്യാർത്ഥി/യുവസംരംഭകരിൽനിന്നും അവരുടെ നൂതന ആശയങ്ങൾ സമാഹരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ഏകദേശം എഴുപതോളം ആശയങ്ങളാണ് കെ.എസ്.ഐ.ഡി.സി.-യിൽ ലഭിച്ചത്. ഇവയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട നാല് നൂതന ആശയങ്ങൾക്ക് 25.00 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി. വിദ്യാർത്ഥി/യുവസംരംഭകരുടെ അനവധി നൂതന ആശയങ്ങളുടെ സൂക്ഷ്മപരിശോധന നടന്നുവരുന്നു. അവയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- മെന്ററിംഗ്-ആവശ്യമായ മെന്ററിംഗ് നൽകുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി.-യും ടൈ.സി.ഐ.ഐ. എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെയുള്ള എഞ്ചിനീയറിംഗ് ഇതര കോളേജ് വിദ്യാർത്ഥികളിൽ സംരംഭകത്വ ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനായി ശില്പശാലകളും സെമിനാറുകളും

സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കേരള പോലീസുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് സംരംഭകത്വത്തിൽ അവബോധവും പരിശീലനവും നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

ഇൻക്യുബേഷൻ സ്പേസ്/സ്കിൽ ഡെലവപ്മെന്റ് സെന്റർ- യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ എരുമേലി എം.ഇ.എസ്. കോളേജിൽ ഒരു സ്കിൽ ഡെവലപ്മെന്റ് സെന്ററും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ഇൻക്യുബേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇൻക്യുബേഷൻ സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യിൽനിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.ടി. വിഭാഗത്തിൽപ്പെട്ട കോളേജുകൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**നിംസ് (NIMZ) പ്രോജക്ട്**

225 (3379) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ച്ചറിംഗ് സോണിൽ ഉൾപ്പെടുന്ന ജില്ലകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ബി) വ്യാവസായിക വികസനത്തിന് നിംസ് (NIMZ) പ്രോജക്ട് ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നു എന്ന് വിശദീകരിക്കാമോ;

(സി) നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ച്ചറിംഗ് സോണിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രോജക്ടിനായി എത്ര തുകയാണ് നീക്കി വെച്ചത്; അതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച കൊച്ചി പാലക്കാട് നിംസ് പദ്ധതിയിൽ എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളാണ്

ഉൾപ്പെട്ടിരുന്നത്. എന്നാൽ പദ്ധതിക്കുവേണ്ടി കണ്ടെത്തിയ 5200 ഹെക്ടർ സ്ഥലം തുടർച്ചയായുള്ളതല്ലെന്നും അങ്ങിങ്ങായി പലയിടങ്ങളിലുള്ള സ്ഥലമായതുകൊണ്ട് അനുമതി നൽകാനാകില്ലെന്നും കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ സാങ്കേതികമായ ബുദ്ധിമുട്ടുള്ളതിനാൽ നിംസ് പദ്ധതിയുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാരിനു കഴിഞ്ഞിട്ടില്ല.

**കെട്ടിട നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ**

226 (T*3380) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ക്ഷാമവും കെട്ടിടനിർമ്മാണ മേഖലയെ ബാധിച്ചുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ നടക്കുന്ന സീസണുകളിൽ സിമന്റ് കമ്പനികൾ വില കൂട്ടുന്നതു തടയുവാൻ എന്തു നടപടി സ്വീകരിച്ചുവെന്നും ഈ സർക്കാർ അധികാരത്തിൽ എത്തിയപ്പോഴുള്ള സിമന്റു വിലയും നിലവിലെ സിമന്റുവിലയും എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) തമിഴ്നാട് ഉൾപ്പെടെ പല സംസ്ഥാനങ്ങളും കുറഞ്ഞ വിലയ്ക്ക് സിമന്റും മറ്റു കെട്ടിടനിർമ്മാണ സാമഗ്രികളും നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംസ്ഥാനത്തും നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ ലഭ്യമാകാത്തത് മൂലം പാറപ്പൊടിയുടെയും മറ്റു നിർമ്മാണ ഉല്പന്നങ്ങളുടെയും വില വർദ്ധിച്ചത് നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(എഫ്) നിർമ്മാണ വസ്തുക്കളുടെ ക്ഷാമവും വിലക്കയറ്റവുംമൂലം പൊതുമരാമത്ത് പണികളും കെട്ടിടനിർമ്മാണവും മുടങ്ങികിടക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇങ്ങനെ കെട്ടിടനിർമ്മാണം തുടങ്ങി പൂർത്തീകരിക്കാൻ കഴിയാത്തവർ എത്രയെന്നും വ്യക്തമാക്കുമോ; ഇതു പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ക്ഷാമവും കെട്ടിട

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിർമ്മാണ മേഖയെ ബാധിച്ചിട്ടുണ്ട്. രൂക്ഷമായ മണൽ ക്ഷാമം പരിഹരിക്കുന്നതിനായി അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽ നിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് 4-3-2-2014-ലെ സ.ഉ. (എംഎസ്.) 38/14/വ്യവ. പ്രകാരം കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മണലിന്റെ ലഭ്യതക്കുറവ് ഒരു പരിധിവരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിമന്റ്, കമ്പി എന്നിവ ശേഖരിച്ച് സിഡ്കോ വിതരണം ചെയ്യുന്നുണ്ട്. സിമന്റ് ബ്ലോക്കുകൾ, പെയിന്റ്, റെഡിമിക്സ് മോർട്ടാർ എന്നിവ വിതരണം ചെയ്യാനും നടപടികൾ സ്വീകരിച്ചുവരുന്നു. ക്രഷർ ഉല്പന്നങ്ങളുടെ വില വർദ്ധനവുമായി ബന്ധപ്പെട്ട് മലപ്പുറം സിമന്റ് ബ്ലോക്ക് മാനുഫാക്ചറിംഗ് അസോസിയേഷൻ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ചു ചേർക്കുകയും സാധ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും അതിനനുസരിച്ച് ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ അനുസരിച്ച് മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും പെർമിറ്റുകൾ നിയമാനുസൃതം നൽകി വരുന്നുണ്ട്.

(സി) സിമന്റ് കമ്പനികൾ വില കൂട്ടുന്നത് തടയുന്നതിനായി 5-2-15-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ സിമന്റ് നിർമ്മാതാക്കളുമായി ചർച്ച നടത്തി. അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സിമന്റിന് 300/- രൂപയും നിലവിലെ വില 380 രൂപയുമാണ്.

(ഡി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ലഭ്യമല്ല.

(ഇ) സിഡ്കോ സംസ്ഥാനത്തിന് പുറത്തുനിന്നും മണൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ്, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ ബിറ്റുമിന്റെ 50% സിഡ്കോ വഴി

വിതരണം ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഖനന നയം**

227 (3381) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖനന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഖനനത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നത് മുഖ്യലക്ഷ്യമാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പ്രധാനമായും എന്തെല്ലാമാണ് ഖനനം ചെയ്യുന്നത്, വ്യാപകമായ ഖനനം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പുതുക്കി പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല. പാരിസ്ഥിതിക പ്രശ്നങ്ങൾകൂടി പരിഗണിച്ചുകൊണ്ടു മാത്രമേ ഖനനാനുമതി നൽകുകയുള്ളൂ. ഖനനത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുകയെന്നത് മുഖ്യ ലക്ഷ്യമല്ല.

(സി) കരിമണൽ, കരിങ്കല്ല്, ചെങ്കല്ല്, സാധാരണ മണ്ണ്, സാധാരണ കളിമണ്ണ്, സാധാരണ മണൽ, ചൈനാക്ലേ, അലുമിനസ് ലാറ്ററൈറ്റ്, സിലിക്കാ മണൽ, ചുണ്ണാമ്പുകല്ല്, കക്ക എന്നിവയാണ് പ്രധാനമായും ഖനനം ചെയ്യുന്നത്. അനിയന്ത്രിതമായ ഖനനം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഖനനത്തിന് പുതിയ പെർമിറ്റുകൾ അനുവദിക്കുന്നതിന് മൈനിംഗ് പ്ലാനും പാരിസ്ഥിതികാനുമതിയും നിർബന്ധമാണ്.

**പാറവില വർദ്ധനവ്**

228 (T* 3382) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നൽകുമോ:

(എ) പാറവില ക്രമാതീതമായി വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ഇല്ലാതെ പാറവില വർധിപ്പിക്കരുതെന്ന നിർദ്ദേശം നടപ്പിലാവാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏകീകൃത പാറവില ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പാറവില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പാറവില നിയന്ത്രണം സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും സർക്കാർ നൽകിയിട്ടില്ല.

**കരിങ്കൽ/ചെങ്കൽ ക്വാറികളുടെ പ്രവർത്തനം**

229 (3383) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പ്രവർത്തിക്കുന്ന കരിങ്കൽ/ചെങ്കൽ ക്വാറികളിൽ ഈ സർക്കാർ അനുമതി നൽകി പ്രവർത്തനമാരംഭിച്ചവ ഏതെല്ലാമാണ്; ഈ സർക്കാർ പല കാരണങ്ങളാൽ അടപ്പിച്ച ക്വാറികൾ എത്രയാണ് ; ഇവകളിൽ നിന്നും ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച വരുമാനത്തുക എത്ര എന്നും ജില്ല തിരിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) റവന്യൂ പുറമ്പോക്ക്, വനം, മറ്റു സർക്കാർ അധീന മേഖലകളിലായി പ്രവർത്തിക്കുന്ന എത്ര ക്വാറികൾ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നിയമത്തിലെ പഴുതുകൾ, റോയൽറ്റി എന്നിവ ദുരുപയോഗം ചെയ്ത് ക്വാറി ഉടമകൾ അനധികൃത ഖനനം നടത്തുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇതു തടയുവാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്. അനധികൃതമായി ധാതുക്കളുടെ ഖനനം, കടത്ത്, ധാതുശേഖരണം എന്നിവ തടയുന്നതിനും നിയമലംഘനം നടത്തിയാൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ ചട്ടങ്ങൾ ഉൾപ്പെടുത്തി, സംസ്ഥാനത്തെ ഖനനനിയമങ്ങൾ കാലാനുസൃതമായി സമഗ്രമായി ഭേദഗതി ചെയ്ത് കേരള മൈനർ മിനറൽ കൺസെഷൻസ് റൂൾസ് - 2015 , കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ റൂൾസ് 2015 എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അനധികൃത ഖനനം നടത്തുന്നവർക്കെതിരെ നോട്ടീസ് നൽകി റോയൽറ്റിയും പിഴയും ഈടാക്കുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. തുടർച്ചയായി അനധികൃത ഖനനത്തിൽ ഏർപ്പെടുന്ന വ്യക്തികൾക്കെതിരെ രണ്ട് വർഷത്തെ തടവ് ശിക്ഷയോ/അഞ്ച് ലക്ഷം രൂപ വരെ പിഴയും (രണ്ടും കൂടിയോ) നിയമം അനുശാസിക്കുന്നുണ്ട്. ധാതുക്കളുടെ അനധികൃത ഖനനം തടയുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് സമയബന്ധിതമായി പരിശോധന നടത്തിവരുന്നു. എല്ലാ ചെറുകിട ധാതുക്കളുടെയും റോയൽറ്റി നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ട് 5-1-2015 -ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**ക്വാറികളുടെ പ്രവർത്തനം**

230 (3384) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്വാറികൾക്ക് അനുമതി നൽകുന്നത് എന്തെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ;

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന എത്ര ക്വാറികൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) ലൈസൻസ് ഇല്ലാതെയും നിയമങ്ങൾ ലംഘിച്ചും പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ എന്താല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പരിസ്ഥിതിക്ക് കോട്ടംതട്ടുന്ന രീതിയിലുള്ള ഖനനം അവസാനിപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾക്ക് വിധേയമായാണ് ക്വാറികൾക്ക് അനുമതി നൽകുന്നത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിയമലംഘനം നടത്തുന്ന ക്വാറികൾ പ്രവർത്തിക്കാതിരിക്കാൻ രേഖാമൂലം നോട്ടീസ് നൽകുന്നു. വിവരം ബന്ധപ്പെട്ട പോലീസ് അധികാരികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വില്ലേജ് ആഫീസറെയും അറിയിക്കുന്നുണ്ട്. അനധികൃത ഖനനം നടത്തിയതിന് സ്ഥലമുടമയ്ക്കെതിരെയും ക്വാറി ഉടമയ്ക്കെതിരെയും കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നു. കൂടാതെ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം, കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ റൂൾസ്) 2015 എന്നിവ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുയും റോയൽറ്റി, പിഴ സംഖ്യ എന്നിവ ഈടാക്കുകയും ചെയ്യുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരം ഖനനാനുമതി നൽകുന്നതിന് മൈനിംഗ് പ്ലാനും എൻവയോൺമെന്റൽ ക്ലിയറൻസും നിർബന്ധമാക്കിയിരിക്കുന്നു. അതിനാൽ പുതിയ നിയമനിർമ്മാണം ആവശ്യമില്ല.

### നെയ്ത്ത് സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക

231 (3385) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എത്ര നെയ്ത്ത് സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ചുവടെ ചേർക്കുന്ന 7 കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

1. കാസർഗോഡ് - എൽ .381
2. കാളിനാട്-എഫ്-10
3. തൃക്കരിപ്പൂർ-സി136
4. നീലേശ്വരം നമ്പർ 10577

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. മാണിയാട്ട് - സി-18

6. രാംനഗർ-സി.8

7. പേർഴ-എൽ.382

**കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം**

232 (3386) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രധാന കണ്ടെത്തലുകൾ എന്ന് വിശദമാക്കുമോ;

(ബി) വ്യാജ കൈത്തറി വസ്ത്രത്തിന്റെ കടന്നുകയറ്റം ഈ പരമ്പരാഗത തൊഴിൽ മേഖലയെ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്യ സംസ്ഥാനത്ത് നിന്നും മറ്റും യന്ത്രത്തറികളിൽ നിർമ്മിച്ചതും ഗുണനിലവാരം കുറഞ്ഞതുമായ ഉത്പന്നങ്ങൾ കൈത്തറിയാണെന്ന വ്യാജേന വിൽപ്പന നടത്തുന്നത് കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) യഥാർത്ഥ കൈത്തറി വസ്ത്രങ്ങൾ തിരിച്ചറിയുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഹാൻഡ്‌ലൂം മാർക്കിന്റെ മാതൃകയിൽ ഒരു തിരിച്ചറിയൽ അടയാളം കൈത്തറി വസ്ത്രങ്ങൾക്ക് നിർബന്ധമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൈത്തറി മേഖലയിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് അരക്കൻ ബാലൻ ചെയർമാനായ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) യഥാർത്ഥ കൈത്തറി വസ്ത്രങ്ങൾ തിരിച്ചറിയുന്നതിനായി കേന്ദ്ര സർക്കാർ ഹാന്റ്‌ലൂം മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തുള്ള കൈത്തറി ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളിൽ കൈത്തറി മാർക്ക് ടാഗ് ചെയ്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൃത്യമായി ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ കൈത്തറി വിൽപ്പന തടയുന്നതിന് ഹാന്റ്ലൂം മാർക്ക് സംബന്ധിച്ച് ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്കായി വൻതോതിൽ പ്രചരണം നടത്തുന്നുണ്ട്. കൂടാതെ സ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ഇതുസംബന്ധിച്ച് അവബോധം നൽകുന്നതിനായി പെയിന്റിംഗ് മത്സരം നടത്തിവരുന്നു. അത്തം ദിനത്തോടനുബന്ധിച്ച് കോളേജുതലത്തിൽ സെമിനാറുകളും എക്സിബിഷനുകളും സംഘടിപ്പിച്ച് ഹാന്റ്ലൂം മാർക്ക് സംബന്ധിച്ച് പ്രചരണം നടത്തിവരുന്നു. കൂടാതെ 1985-ലെ ഹാന്റ്ലൂം റിസർവേഷൻ ആക്ട് പ്രകാരം കൈത്തറിയിൽ മാത്രം ഉല്പാദിപ്പിക്കുന്ന 11 ഇനങ്ങൾ സംസ്ഥാനത്തെ പവർലൂം യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തി ഹാന്റ്ലൂം റിസർവേഷൻ ആക്ടിൽ ഉൾപ്പെട്ടിട്ടുള്ള 11 ഇനങ്ങൾ നമ്മുടെ സഹകരണ പവർലൂം യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) നിലവിൽ കൈത്തറി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് കൈത്തറി മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.

**കോതമംഗലം കേന്ദ്രമാക്കി ഐ.ടി. പാർക്ക്**

233 (3387) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിന്റെ കവാടം എന്നറിയപ്പെടുന്ന കോതമംഗലം കേന്ദ്രമാക്കി ഒരു ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) ഇവിടെ ടെക്നോപാർക്ക് മാതൃകയിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**ഐ.ടി. മേഖലയിലെ പുതിയ സ്ഥാപനങ്ങൾ**

234 (T* 3388) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി മേഖലയിൽ എത്ര

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും, അവ ഏതൊക്കെയെന്നും എത്ര പേർക്ക് ഇതുവഴി തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

തിരുവനന്തപുരം ടെക്നോപാർക്കിന് കീഴിൽ 126 പുതിയ കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. ഈ കമ്പനികളിൽ ഏകദേശം 17106 പേർക്ക് പ്രത്യക്ഷമായും ഇതിന്റെ നാല് മടങ്ങ് പേർക്ക് പരോക്ഷമായും തൊഴിൽ ലഭിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് കീഴിൽ എറണാകുളം, കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിൽ നാല് ടെക്നോലോഡ്ജുകൾ പ്രവർത്തനം ആരംഭിച്ചു. കെ.എസ്.ഐ.റ്റി.ഐ.എൽ. ഇംപ്ലിമെന്റിംഗ് ഏജൻസിയായി ICT അക്കാദമി നിലവിൽ വന്നു. ഈ സ്ഥാപനങ്ങളിലായി 234 പേർക്ക് ജോലി ലഭിച്ചു. കൊച്ചി ഇൻഫോപാർക്കിന്റെ ക്യാംപസുകളിലും കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന ടെക്നോളജി ബിസിനസ്സ് സെന്ററിലുമായി 98-ഓളം കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5200 -ഓളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർ പാർക്കിന് കീഴിൽ നാല് ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. നാല് കമ്പനികളിലുമായി 80 -ഓളം പേർക്ക് ജോലി ലഭിച്ചു. സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ട് 40 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിലൂടെ 226 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

**എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ**

235 (3389) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നിലവിൽ പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലും തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികളിലും വൈ-ഫൈ ഹോട്ട്സ്പോട്ട് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഡിജിറ്റൽ ഇന്ത്യ പദ്ധതി പൂർണ്ണമായും പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തെ മിക്കവാറും

വീടുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കൊച്ചി സ്മാർട്ട് സിറ്റി**

236 (3390) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സമാർട്ട് സിറ്റിയിൽ മൊത്തം എത്ര ചതുരശ്ര അടി കെട്ടിടം നിർമ്മിക്കാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്; അതിൽ മൊത്തം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനായിരുന്നു പദ്ധതി ലക്ഷ്യം;

(ബി) നിർമ്മാണം പൂർത്തിയാകാറായ കെട്ടിടം എത്ര ചതുരശ്ര അടിയാണ്; ഇതിന്റെ എത്ര ശതമാനം ഏരിയ ഐ.ടി. കമ്പനികൾക്ക് നൽകാൻ സാധ്യമാകും എന്ന് വ്യക്തമാക്കുമോ;

(സി) സ്പെയ്സ് അലോട്ട് ചെയ്തിട്ടുള്ള കമ്പനികളുടെ പേരും അലോട്ട് ചെയ്ത വിസ്തൃതിയും വിശദമാക്കാമോ;

(ഡി) ഒരു സ്ക്വയർ മീറ്ററിന് എത്ര നിരക്കിലാണ് സ്പെയ്സ് അലോട്ട്മെന്റ് നടത്തിയിരിക്കുന്നത്; ഏതെങ്കിലും കമ്പനി ഇന്റീരിയർ ജോലികൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) കമ്പനികൾക്കായി നീക്കിവച്ച മൊത്തം സ്ഥലവും പ്രവർത്തന ക്ഷമമാക്കാൻ ഇനിയും എത്ര മാസങ്ങൾ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്; ഏതെങ്കിലും കമ്പനി സ്ഥലം ഏറ്റെടുത്ത് ജീവനക്കാരെ നിയോഗിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 88 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമ്മിക്കാനും 90000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 6.5 ലക്ഷം ചതുരശ്ര അടിയാണ് കെട്ടിട വിസ്തീർണ്ണം. ഇതിന്റെ 70%-മാണ് ഐ.ടി. കമ്പനികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നത്.

(സി & ഡി) സ്പെയ്സ് അലോട്ട് ചെയ്തിട്ടുള്ള കമ്പനികളുടെ പേരും അലോട്ട് ചെയ്ത വിസ്തൃതിയും നിരക്ക് സംബന്ധിച്ച വിവരങ്ങളും സർക്കാരിൽ ലഭ്യമല്ല.

(ഇ) നിലവിൽ സ്ഥലം ലഭിച്ച കമ്പനികൾ 3-4 മാസത്തിനകം ഓഫീസ് സജ്ജീകരണം പൂർത്തീകരിക്കുമെന്ന് കരുതുന്നതായി സ്മാർട്ട് സിറ്റി അധികൃതർ

അറിയിച്ചിട്ടുണ്ട്.

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

237 (3391) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്ക് ഭൂമി ഏറ്റെടുത്തതു മുതൽ ഇതേവരെ ഏതെല്ലാം കാര്യങ്ങൾക്കായി മൊത്തം എത്ര കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സ്മാർട്ട് സിറ്റി കമ്പനിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ എത്ര കോടിയാണ്; പെയ്ഡഡ് ഷെയർ ക്യാപിറ്റൽ എത്ര കോടി, സർക്കാരിന്റെ ഷെയർ എത്ര കോടി; ദുബായ് കമ്പനിയുടെ ഷെയർ എത്ര; ഇതിനകം ഉണ്ടായ മൊത്തം നിക്ഷേപം എത്ര ; വിശദമാക്കാമോ;

(സി) എത്ര ഏക്കർ ഭൂമി പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ട്; ഇതിൽ റിയൽ എസ്റ്റേറ്റ് വികസനത്തിനായി ഉപയോഗിക്കുന്ന ഭൂമി എത്ര ഏക്കറായിരിക്കും; വിശദാംശം ലഭ്യമാക്കുമോ;

(ഡി) എത്ര ഏക്കർ സ്ഥലം എസ്.ഇ. ഇ. സെഡായി (S.E.Z)ഗവൺമെന്റ് ഓഫ് ഇന്ത്യ നോട്ടിഫൈ ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) മൊത്തം 92.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം സ്മാർട്ട് സിറ്റി കമ്പനിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ - 680 കോടി, പെയ്ഡ് അപ് ഷെയർ ക്യാപിറ്റൽ - 120 കോടി, സർക്കാരിന്റെ ഷെയർ 31.2 കോടി, ടീകോം കമ്പനിയുടെ ഷെയർ - 84 % മറ്റു വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

(സി) 246 ഏക്കർ ഭൂമി പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ട്. ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം ആകെ ഭൂമിയുടെ 12% ഭൂമിയിൽ ടീകോം കമ്പനിക്ക് സ്വതന്ത്ര അവകാശത്തിന് അർഹതയുണ്ട്.

(ഡി) 232 ഏക്കർ ഭൂമി പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്തിട്ടുണ്ട്.

**നെറ്റ് ന്യൂട്രാലിറ്റി നിയന്ത്രണങ്ങൾ**

238 (3392) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് സേവനം പരിമിതപ്പെടുത്തി വിവര സാങ്കേതിക രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന കുതിച്ചുചാട്ടം തടസ്സപ്പെടുത്തുന്ന തരത്തിൽ നെറ്റ് ന്യൂട്രാലിറ്റി ഇല്ലാതാക്കാനുമുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നെറ്റ് ന്യൂട്രാലിറ്റി നിയന്ത്രണങ്ങൾ വന്നാൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടേതടക്കം ഇന്റർനെറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് തടസ്സം വരുന്നതും അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) നെറ്റ് ന്യൂട്രാലിറ്റി സംബന്ധിച്ച വിഷയം കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയമാണ്. ഇത് സംബന്ധിച്ച ആധികാരിക വിവരങ്ങൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

**സ്മാർട്ട് സിറ്റി പദ്ധതി സി.ഇ.ഒ.**

239 (3393) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പദ്ധതിയുടെ സി.ഇ.ഒ. ആരെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സി.ഇ.ഒ. ശ്രീ. ജിജോ ജോസഫിനെ തൽസ്ഥാനത്തു നിന്നും മാറ്റിയതിനുള്ള സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) ഡോ. ബാജു ജോർജ്ജാണ് നിലവിൽ കൊച്ചി സ്മാർട്ട് സിറ്റി സി.ഇ.ഒ. -യുടെ ചുമതല വഹിക്കുന്നത്.

(ബി) ഇതുസംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

**സമ്പൂർണ്ണ ഡിജിറ്റൽ കേരള പദ്ധതികൾ**

240 (3394) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഡിജിറ്റൽ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇത് വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. സർക്കാർ സേവനങ്ങളും സർവ്വീസുകളും സർക്കാർ ഓഫീസ് സന്ദർശിക്കാതെതന്നെ ഡിജിറ്റലായും ഇലക്ട്രോണിക്കായും കൈകാര്യം ചെയ്യുവാൻ ജനങ്ങളെ പ്രാപ്തമാക്കുക എന്നതാണ് സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ ഫയൽ സംവിധാനമായ ഇ-ഓഫീസ് സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കുക, എല്ലാ സർക്കാർ വകുപ്പുകളിലും ഡിജിറ്റൽ ഡാറ്റാബേസ് ഉണ്ടാക്കുക, ഇ-മെയിലിലൂടെയും സർക്കാരുമായി ആശയ വിനിമയത്തിന് പൊതുജനങ്ങളെ പ്രേരിപ്പിക്കുക, പഞ്ചായത്തുതലം വരെ KSWAN കണക്ഷൻ ലഭ്യമാക്കുക, സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ചറോടുകൂടി ഓൺലൈൻ വഴി ലഭ്യമാക്കുക, സർക്കാരിലേക്കുള്ള പണമിടപാടുകൾ ഇ-പേയ്മെന്റ് ഗേറ്റ്‌വേ വഴി നടത്തുക പഞ്ചായത്ത് തലം വരെ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് (NOFN) ഏർപ്പെടുത്തുക, സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുക എന്നീ കാര്യങ്ങളാണ് ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പരിപാടികൾ. ഈ ലക്ഷ്യം കൈവരിക്കാനായി നിരവധി ഇ-ഗവേണൻസ് പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്നുണ്ട്. സർക്കാർ സേവനങ്ങൾ ഓൺലൈനായി നൽകുന്ന ഇ-ഡിസ്ട്രിക്ട്, ഇ-പ്രൊക്യുർമെന്റ്, എം-ഗവേണൻസ്, ഇ-പേയ്മെന്റ്, ഗേറ്റ് വേ

തുടങ്ങിയ നിരവധി പദ്ധതികൾ കാര്യക്ഷമമായി തുടരുന്നതോടൊപ്പം നൂതന പദ്ധതികളും നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ വ്യാപനവും സർക്കാർ ജീവനക്കാർക്ക് ഇ-ഗവേണൻസിൽ പരിശീലന പരിപാടിയും ഡിജിറ്റൽ കേരള പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഇ-ലേണിംഗ് പോർട്ടൽ ആധാറുമായി ബന്ധിച്ച് Know Your Customer (KYC) എന്നിവയും ഈ പദ്ധതി വഴി നടപ്പിലാക്കിയിട്ടുണ്ട്.

(സി&ഡി) നൂതന ഇ-ഗവേണൻസ് പദ്ധതികളായ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ (SSDG), സർവ്വീസ് പ്ലസ്, ഇ-ഓഫീസ്, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമതയോടും കൂടി പൂർത്തിയാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവൻമാരും അംഗങ്ങളായിട്ടുള്ള സംസ്ഥാനതല അപ്പെക്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

**പള്ളിപ്പുറം ഇൻഫോപാർക്കിലെ വികസന പ്രവർത്തനങ്ങൾ**

241 (3395) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഇൻഫോപാർക്കിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; നിലവിൽ ഇവിടെ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനായി എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പള്ളിപ്പുറം ഇൻഫോപാർക്കിൽ 60000 ചതുരശ്ര അടി സ്ഥലം plug & play രൂപത്തിൽ 10 കോടി രൂപ മുടക്കി interior fitout ചെയ്യുകയും 110 kv സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുകയും പവർ ലൈസൻസ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 7 ലക്ഷം രൂപ മുടക്കി sports facility പൂർത്തീകരിച്ചു. കമ്പനികൾക്ക് മീറ്റിംഗ് കൂടുന്നതിനും മറ്റ് ആവശ്യങ്ങൾക്കുംകൂടി ഉപകരിക്കുംവിധം 60 ലക്ഷം രൂപ മുടക്കി ഒരു മൾട്ടിപർപ്പസ് കോൺഫറൻസ് ഹാളിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.

ഇതുകൂടാതെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വൈറ്റിലയിൽ നിന്നും ഇൻഫോപാർക്ക് ചേർത്തലയിലേയ്ക്ക് ബസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ 22 കമ്പനികൾ ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അരൂർ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കൺട്രോൾസിന്റെ നവീകരണത്തിന്റെ ഭാഗമായി 2011-12-ൽ സോണാർ അരൈ, ഡിജിറ്റൽ സെറ്റ് ടോപ്പ് ബോക്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ നൽകിയിട്ടുണ്ട്. 2012-13-ൽ ഡിജിറ്റൽ സെറ്റ് ടോപ്പ് ബോക്സ് നിർമ്മാണത്തിനാവശ്യമായ എസ്.എം.ടി. സൗകര്യങ്ങൾക്കായി 6 കോടി രൂപയും നൽകിയിട്ടുണ്ട്. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ തുറവൂർ സിൽക്ക് ജനറൽ എഞ്ചിനീയറിംഗ് വർക്സിന് 2011-12 സാമ്പത്തിക വർഷ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്, മലബാർ സിമന്റ്സിന്റെ യൂണിറ്റിനായി ചെലവഴിച്ച തുക ശേഖരിച്ചു നൽകുന്നതാണ്.

**കെൽട്രോണിനെ ഏൽപ്പിച്ച പദ്ധതികൾ**

242 (3396) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഇലക്ട്രോണിക്സ്/ ഇലക്ട്രിക് മേഖലയിൽ എത്ര സർക്കാർ പദ്ധതികൾ കെൽട്രോണിനെ ഏൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) 108 ആംബുലൻസ്, റേഷൻകട കമ്പ്യൂട്ടറൈസേഷൻ, എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ്, സിഗ്നൽ സുരക്ഷാ സംവിധാനം എന്നീ പദ്ധതികൾ സർക്കാർ കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ഏൽപിച്ചതെന്ന് വിശദമാക്കാമോ ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഇലക്ട്രോണിക്സ്/ ഇലക്ട്രിക് മേഖലയിൽ കെൽട്രോണിനെ ഏൽപ്പിച്ചിട്ടുള്ള സർക്കാർ പദ്ധതികൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. സൗരോർജ്ജ പദ്ധതികൾ

2. എൽ.ഇ.ഡി തെരുവുവിളക്ക് പദ്ധതികൾ

3. ട്രാഫിക് സിഗ്നൽ പദ്ധതികൾ

4. ട്രാഫിക് എൻഫോഴ്സ്മെന്റ് പദ്ധതികൾ

5. സി.സി.ടി.വി, സർവൈലൻസ് ആന്റ് സെക്യൂരിറ്റി പദ്ധതികൾ.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**സ്മാർട്ട് സിറ്റി പ്രദേശത്ത് അനുബന്ധ സേവനങ്ങൾക്കുള്ള ഭൂമി**

243 (3397) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സ്മാർട്ട്സിറ്റി പ്രദേശത്ത് എത്ര ശതമാനം സ്ഥലമാണ് 'ഐ.ടി വർക്ക്സ്പേസ്' ഇനത്തിൽ മാറ്റിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.ടി അനുബന്ധ കാര്യങ്ങൾക്ക് എത്ര ശതമാനം സ്ഥലമാണ് നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഐ.ടി. അനുബന്ധ ഇനത്തിൽ ഏതെല്ലാം വിഭാഗങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഐ.ടി. അനുബന്ധ സേവനങ്ങൾ നടപ്പാക്കുന്നതിന് സ്മാർട്ട്സിറ്റി കമ്പനി ഭൂമി വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ, എത്ര ഭൂമി വീതമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സ്മാർട്ട് സിറ്റിയുമായുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരമുള്ള 88 ലക്ഷം സ്ക്വയർ ഫീറ്റിൽ 63 ലക്ഷം സ്ക്വയർ ഫീറ്റാണ് ഐ.ടി./ഐ.ടി.ഇ.എസ്. ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത്.

(സി) ഐ.ടി./ഐ.ടി. അനുബന്ധ സേവനങ്ങൾ, മീഡിയ, ഫിനാൻസ്, റിസർച്ച് സെന്ററുകൾ മുതലായവ.

(ഡി) ഇതുസംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല.

**അക്ഷയ കേന്ദ്രങ്ങളിൽനിന്നും മെച്ചപ്പെട്ട സേവനങ്ങൾ**

244 (3398) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾക്ക് പ്രയോജനകരമായ സേവനങ്ങൾ ലഭ്യമാക്കാൻ സ്ഥാപിച്ചിട്ടുള്ള അക്ഷയകേന്ദ്രങ്ങളിൽ വേണ്ടത്ര പരിശീലനവും പരിജ്ഞാനവുമില്ലാത്തവർ പ്രവൃത്തിയെടുക്കുന്നതു കാരണം നിശ്ചിത സമയത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്തതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അപാകതകൾ പരിഹരിക്കുവാൻ കർശന നിർദ്ദേശം നൽകുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസിനേക്കാൾ കൂടുതൽ തുക സ്വീകരിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുവാൻ കർശന നിർദ്ദേശം നൽകാനും ഓരോ സേവനത്തിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ വിശദാംശങ്ങൾ വ്യക്തമായി പ്രദർശിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുമോ; കൂടുതൽ ഫീസ് ഈടാക്കുന്ന കേന്ദ്രങ്ങളുടെ അംഗീകാരം റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ത്രിതല പരീക്ഷണ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട അക്ഷയ സംരംഭകരാണ് അക്ഷയ കേന്ദ്രങ്ങൾ നടത്തിവരുന്നത്. അക്ഷയ വഴി നൽകിവരുന്ന എല്ലാ സേവനങ്ങൾക്കും ഒരു പ്രാരംഭതല പരിശീലനം അക്ഷയ സംരംഭകർക്ക് നൽകിവരുന്നുണ്ട്. ആയതിനാൽ പരിശീലനവും പരിജ്ഞാനമില്ലാത്തതു കാരണം സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്തതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫീസ് നിരക്കുകളുടെ ചാർട്ട് എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നൽകിയിട്ടുണ്ട്. എന്നാൽ ചില സേവനങ്ങളുടെ സർവ്വീസ് ചാർജ്ജിൽ ഭേദഗതി വന്നിട്ടുള്ളതിനാൽ അവ പുതുതായി അച്ചടിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളിൽ

ഇ-ഡിസ്ട്രിക്ട് സേവനങ്ങൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കാനും നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് പ്രദർശിപ്പിക്കുവാൻ എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, അക്ഷയ ജില്ല/സംസ്ഥാന ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുകയും കൂടുതൽ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പിഴ ഈടാക്കുകയും വീണ്ടും കൂടിയ നിരക്കിൽ ഫീസ് ഈടാക്കുന്നപക്ഷം അക്ഷയ സംരംഭകത്വം റദ്ദ് ചെയ്യുകയും ചെയ്തുവരുന്നു.

**വഖഫ് സ്വത്തുക്കളുടെ സർവ്വേ**

245 (3399) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് സ്വത്തുക്കളുടെ സർവ്വേ നടത്തുന്നതിന് കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വഖഫ് സ്വത്തുക്കളുടെ കയ്യേറ്റം തടയുന്നതിനും അവയുടെ സംരക്ഷണത്തിനും എന്തെല്ലാം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വഖഫ് സ്വത്തുക്കളുടെ സർവ്വേ നടത്തുന്നതിന് സർവ്വേ കമ്മീഷണറെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വഖഫ് സ്വത്തുക്കളുടെ കയ്യേറ്റം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ വഖഫ് ആക്റ്റ് 52, 52A, 54 എന്നീ വകുപ്പുകൾ അനുസരിച്ച് നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

**ഹജ്ജ് ഹൗസ് നിർമ്മാണം**

246 (3400) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരിയിൽ പുതിയ ഹജ്ജ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ ഹജ്ജ് കമ്മിറ്റിക്ക് സ്വന്തമായുള്ള വാഹനങ്ങൾ ഏതെല്ലാമാണ്;

(സി) ഈ വാഹനങ്ങൾ ആരെല്ലാമാണ് ഉപയോഗിക്കുന്നത്;

(ഡി) ഇവയുടെ ഇന്ധനച്ചെലവ് ആരാണ് വഹിക്കുന്നത്;

(ഇ) സ്വന്തം വാഹനത്തിന് പുറമെ കരാർ അടിസ്ഥാനത്തിൽ വാഹനം ഓടുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെടുമ്പാശ്ശേരിയിൽ പുതിയ ഹജ്ജ് ഹൗസ് നിർമ്മിക്കാൻ സംസ്ഥാന ഹജ്ജ് കമ്മിറ്റി മുമ്പാകെ നിർദ്ദേശം ഒന്നുംതന്നെ നിലവിലില്ല.

(ബി) 1. മാരുതി എർട്ടിഗ

2. ഇന്നോവ

എന്നീ കാറുകളാണ് ഹജ്ജ് കമ്മിറ്റിക്ക് സ്വന്തമായുള്ള വാഹനങ്ങൾ.

(സി) എർട്ടിഗ കാർ ഉപയോഗിക്കുന്നത് ഹജ്ജ് കമ്മിറ്റി ചെയർമാനും ഇന്നോവ കാർ ഉപയോഗിക്കുന്നത് എക്സിക്യൂട്ടീവ് ഓഫീസർ കൂടിയായ മലപ്പുറം ജില്ലാ കളക്ടറുമാണ്.

(ഡി) എർട്ടിഗ കാറിന്റെ ഇന്ധനചെലവ് സംസ്ഥാന ഹജ്ജ് കമ്മിറ്റിയിൽ നിന്നാണ് വഹിക്കുന്നത്. ഇന്നോവ കാറിന്റെ ഇന്ധനച്ചെലവ് കളക്ടറേറ്റിൽനിന്നും വഹിക്കുന്നു.

(ഇ) കരാറടിസ്ഥാനത്തിൽ വാഹനം ഓടുന്നില്ല.

**ഗോത്ര ജ്യോതി പദ്ധതി**

247 (3402) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്ര ജ്യോതി പദ്ധതിക്കായി എത്ര രൂപ നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തമിഴ്നാട്ടിലെ ശ്രീപെരുമ്പത്തൂരിൽ പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡെവലപ്മെന്റിന്റെ സാമ്പത്തിക സഹായത്തോടെ 2013-14-ൽ പദ്ധതി നടപ്പിലാക്കിയിരുന്നു. അതിനുശേഷം ടി സ്ഥാപനത്തിൽനിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതിക്കായി തുക നീക്കിവച്ചിട്ടില്ല.

(ബി) 2013-14 സാമ്പത്തിക വർഷം രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡെവലപ്മെന്റിൽനിന്നും ലഭിച്ച 12,60,000 രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 9,18,000 രൂപയും ഉൾപ്പെടെയുള്ള ആകെ തുകയിൽനിന്നും ചെലവായ 21,26,222 രൂപയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | ജില്ല | ചെലവഴിച്ച തുക |
|---|---|---|
| (1) | (2) | (3) |
| 1. | തിരുവനന്തപുരം | 2,14,322 |
| 2. | കൊല്ലം | 1,50,036 |
| 3. | പത്തനംതിട്ട | 83,774 |
| 4. | കോട്ടയം | 1,04,866 |
| 5. | ഇടുക്കി | 3,28,940 |
| 6. | എറണാകുളം | 1,06,770 |
| 7. | വയനാട് | 4,53,046 |
| 8. | പാലക്കാട് | 2,02,073 |
| 9. | മലപ്പുറം | 95,281 |
| 10. | തൃശ്ശൂർ | 82,238 |
| 11. | കോഴിക്കോട് | 1,05,762 |

| | | |
|---|---|---|
| 12. | കണ്ണൂർ | 1,00,260 |
| 13. | കാസർഗോഡ് | 98,854 |
| | ആകെ | 21,26,222 |

**പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

248 (3403) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും പട്ടിക വർഗ്ഗ വികസന വകുപ്പുവഴി നടപ്പാക്കിയ പദ്ധതികളുടെ പേരുവിവരവും ഇവ നടപ്പാക്കുന്നതിനായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ നീക്കിവച്ച തുകയുടെ വിശദാംശവും ലഭ്യമാക്കുമോ;

(ബി) ഓരോ വർഷവും പ്രസ്തുത ഇനങ്ങളിൽ ചെലവായ തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും ലാപ്സായ തുക പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി 2011-12 വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ പ്ലാൻ, നോൺ പ്ലാൻ പദ്ധതിയിൽ അനുവദിച്ച തുകയും ചെലഴിച്ച തുകയുടെയും വിവരം വർഷംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**നൈപുണ്യ വികസന പദ്ധതി**

249 (3404) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. 2013-14 സാമ്പത്തിക വർഷം 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും ചെയ്തു.

2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ തുടങ്ങിയ സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകിയ പദ്ധതി.

3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ ട്രേഡിലുള്ള ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കിവരുന്നു.

4. കെൽട്രോൺ മുഖേന വിദ്യാർത്ഥികൾക്കായി വിവിധ പരിശീലനങ്ങൾ നൽകുന്നു.

5. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി മുഖേന ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ കോഴ്സുകൾ നടത്തിവരുന്നു.

6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ വച്ച് ഉന്നത

പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു.

7. 2014-15 വർഷത്തിൽ തിരുവനന്തപുരത്തെ ഗവൺമെന്റ് ആയുർവേദ കോളേജിൽ വച്ച് 30 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിൽ പരിശീലനം നൽകി.

8. സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക്കുകളിൽ വച്ച് 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ. പരിശീലനം നൽകുന്നു.

9. 2014-15 വർഷം കാസർഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേക്കുള്ള റിക്രൂട്ട്മെന്റിനായി പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം നൽകി.

10. ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സരപ്പരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ നല്കിവരുന്നു.

(ബി) പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിലൂടെ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിക്കുന്നു:

1. പട്ടികവർഗ്ഗക്കാരിലെ (പ്രത്യേകിച്ചും അഭ്യസ്തവിദ്യരുടെ) തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നു.

2. ആധുനിക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക.

3. ഉന്നത വിദ്യാഭ്യാസത്തിലേക്കും സാങ്കേതിക വിദ്യാഭ്യാസത്തിലേയ്ക്കും പട്ടികവർഗ്ഗക്കാരെ കൊണ്ടുവരികയും അവരുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയും ചെയ്യുന്നു.

4. സംരംഭക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരിൽനിന്നും കൂടുതൽ സംരംഭകരെ വളർത്തിക്കൊണ്ടു വരിക.

5. തൊഴിൽ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി മത്സരക്ഷമതയും/ സാഹചര്യവും സൃഷ്ടിക്കുക.

6. തൊഴിൽ പരിശീലനത്തിലൂടെയും തൊഴിൽ ലഭ്യതയിലൂടെയും

സ്ത്രീകളുടെ ശാക്തീകരണം കൈവരിക്കുക.

(സി) ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കെൽട്രോൺ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി കോവളം, ഗവൺമെന്റ് പോളിടെക്നിക്കുകൾ, കിൻഫ്ര അപ്പാരൽ ട്രെയിനിംഗ് സെന്റർ, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരുമായാണ് നൈപുണ്യ വികസനത്തിനായി നിലവിൽ പ്രധാനമായും സഹകരിക്കുന്നത്.

(ഡി) നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ എ പിരിവിൽ ചേർത്തിരിക്കുന്നു. ഇതിനുപുറമെ പട്ടികവർഗ്ഗക്കാർക്ക് ഗുണകരമാമെന്നു കാണുന്ന നൈപുണ്യ പരിശീലന പദ്ധതികൾ ജില്ലാതല/സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കിവരുന്നു.

**ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യവികസന പദ്ധതികൾ**

250 (3405) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഏജൻസികളിലൂടെ ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യവികസനത്തിനായി എന്ത് തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക ചെലവാക്കിയെന്നതിനും കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഏജൻസികൾ പദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുകയും വിഭാവനം ചെയ്ത ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയാതെ വരുകയും ചെയ്യുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇത്തരത്തിൽ പദ്ധതിവിഹിതം വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഊരുവികസന പദ്ധതികളിൽ (ഹാംലറ്റ് പദ്ധതി) മാത്രമേ ഏജൻസികളെ നിയോഗിക്കുന്നുള്ളൂ.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 150 കോടി രൂപ അനുവദിക്കുകയും 135.75 കോടി രൂപ ചെലവഴിക്കുകയും ചെയ്തിരുന്നതിൽ ഭൂരിഭാഗം തുകയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനാണ് വിനിയോഗിച്ചത്. ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്ക് 2013-14 സാമ്പത്തിക വർഷം 20 കോടി രൂപയും 2014-15 സാമ്പത്തിക വർഷം 25 കോടി രൂപയും 2015-16 സാമ്പത്തിക വർഷം 10 കോടി രൂപയും തുക അനുവദിച്ചിട്ടുണ്ട്. ഇതിൽ 2013-14 സാമ്പത്തിക വർഷത്തിൽ 982.93 ലക്ഷം രൂപയും 2014-15-ൽ 1061.64 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2015-16-ൽ പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. ഭവന നിർമ്മാണത്തിനായി 2011-12 മുതൽ നാളിതുവരെ 15,333 ലക്ഷം രൂപ അനുവദിച്ചതിൽ 11,810.84 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രാന്റ്**

251 (3406) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിനും അവ യഥാസമയം നൽകുന്നതിനും എന്തെല്ലാം നടപടികൾ

സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സ.ഉ.(കൈ.) നമ്പർ 6/12/പജപവവിവ തീയതി 11-1-2012 പ്രകാരമാണ് നൽകിവരുന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)* വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലെ നിരക്കിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. പോസ്റ്റ് മെട്രിക് തലത്തിലുള്ള ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈനായി നൽകുന്നതിനാൽ ആയത് യഥാസമയം കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ചുരുക്കം ചില കേസ്സുകളിൽ ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ ആധാർ നമ്പർ, അക്കൗണ്ട് നമ്പർ, ബാങ്ക് ഐ.എഫ്.എസ്.സി. കോഡ് തുടങ്ങിയവയിലേതിലെങ്കിലും അപാകതയുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമാണ് ഗ്രാന്റ് ലഭിക്കാൻ വൈകുന്നത്. ആയത് പരിഹരിച്ച് യഥാസമയം ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ ക്ഷേമവകുപ്പ് പദ്ധതികൾ**

252 (3407) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഈ കാലയളവിൽ കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കല്യാശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന കോളനികൾ ഇല്ലാത്തതിനാൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിർമ്മാണ പ്രവൃത്തികൾക്കായി 4 കോടി 11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിരക്കുകയാണ്.

**ചാലക്കുടി പെരുമ്പാറ കാടർ കോളനിയിലെ സഹകരണ സംഘങ്ങൾ**

253 (3408) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറ പെരുമ്പാറകാടർ കോളനി നിവാസികളടക്കമുള്ള നിരവധി പേർക്ക് പി.വി.ടി.ജി. പദ്ധതി പ്രകാരം അനുവദിച്ച വീടിന്റെ നിർമ്മാണം കരാറുകാർ പൂർത്തീകരിക്കാത്തതുമൂലം കോളനി നിവാസികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.വി.ടി.ജി. പദ്ധതി പ്രകാരം നടത്തുന്ന കെട്ടിട നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും, ഈ പദ്ധതിയുടെ പ്രവർത്തനത്തിലുണ്ടായതായി ആരോപിക്കപ്പെടുന്ന അഴിമതിയും കെടുകാര്യസ്ഥതയും അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.വി.ടി.ജി. പദ്ധതി പ്രകാരം ഭവന നിർമ്മാണം ഗുണഭോക്താക്കൾ നേരിട്ടാണ് നടത്തുന്നത്. കരാറുകാരെയോ ഏജൻസികളെയോ നിർമ്മാണ പ്രവർത്തി നടത്തുന്നതിന് ഏൽപ്പിച്ചിട്ടില്ല. ഭവന നിർമ്മാണം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ഗുണഭോക്താക്കളുടെ യോഗം ചേരാൻ

നടപടി സ്വീകരിക്കുന്നതാണ്.

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടിയും ഒപ്പംതന്നെ നടത്തിപ്പിൽ അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കും നടപടി കൈക്കൊള്ളുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണം

254 (3409) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ കീഴിൽ എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ട് ; മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഓരോ മണ്ഡലത്തിനും അനുവദിച്ച തുക സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ വകുപ്പിന്റെ കീഴിൽ 35 റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1. തൃക്കരിപ്പൂർ മണ്ഡലം - 8
2. കാഞ്ഞങ്ങാട് മണ്ഡലം - 25
3. ഉദുമ മണ്ഡലം - 2

(ബി) 1. തൃക്കരിപ്പൂർ മണ്ഡലം - 2,76,50,000 രൂപ (രണ്ട് കോടി എഴുപത്തിയാറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)

2. കാഞ്ഞങ്ങാട് മണ്ഡലം - 3,58,43,000 രൂപ (മൂന്ന് കോടി അൻപത്തിയെട്ട് ലക്ഷത്തി നാല്പത്തി മൂവായിരം രൂപ മാത്രം)

3. ഉദുമ മണ്ഡലം - 43,31,000 രൂപ (നാല്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിയൊന്നായിരം രൂപ മാത്രം).

## മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പട്ടികയിലെ പട്ടികവർഗ്ഗ വിഭാഗക്കാർ

255 (3410) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ പ്രാവശ്യത്തെ മെഡിക്കൽ - എഞ്ചിനീയറിംഗ് പ്രവേശന പട്ടികയിൽ മെരിറ്റ് അടിസ്ഥാനത്തിൽ എത്ര പട്ടികവർഗ്ഗ വിഭാഗക്കാർ യോഗ്യത നേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യം കുറയാൻ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇവരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എം.ബി.ബി.എസ്./ബി.ഡി.എസ്.-ന് ആകെ 36 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യത നേടിയിട്ടുണ്ട്. ഇവരിൽ 19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയിൽ 50%-ന് മുകളിൽ മാർക്ക് നേടിയിട്ടുണ്ട്. മറ്റ് മെഡിക്കൽ കോഴ്സുകൾക്ക് 582 പട്ടികവർഗ്ഗ വിദ്യാർത്ഥികളും എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് 169 വിദ്യാർത്ഥികളും യോഗ്യത നേടിയിട്ടുണ്ട്.

(ബി) ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിലനിന്നിരുന്ന സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയാണ് മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പ്രവേശന പട്ടികയിൽ ടി വിഭാഗങ്ങളുടെ പ്രാതിനിധ്യം കുറയുവാൻ കാരണം.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ മുൻപന്തിയിൽ നിൽക്കുന്ന എൻട്രൻസ് പരിശീലന കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന മിടുക്കരായ 80 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വീതം എല്ലാ വർഷവും ബി.ടെക്, എം.ബി.ബി.എസ്., ബി.ഡി.എസ്. മറ്റ് അനുബന്ധ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനായി 10 മാസം നീണ്ടുനിൽക്കുന്ന പരിശീലന ക്ലാസ്സുകളിൽ

പങ്കെടുപ്പിച്ച് എൻട്രൻസ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിന് പ്രാപ്തമാക്കുന്നുണ്ട്. കൂടാതെ എല്ലാ വർഷവും എൻട്രൻസ് പരീക്ഷയ്ക്ക് മുന്നോടിയായി ഒരു മാസം നീണ്ടുനിൽക്കുന്ന crash കോഴ്സും ടി സ്ഥാപനങ്ങളിൽ വച്ച് സർക്കാരിന്റെ മേൽനോട്ടത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്.

**കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഹാംലെറ്റ് പദ്ധതി**

256 (3411) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളെയാണ് ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളനികളിൽ എന്തെല്ലാം പ്രവൃത്തികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തികളുടെയും ഇനം തിരിച്ചുള്ള വിശദാംശവും ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം കോട്ടത്തറ പഞ്ചായത്തിലെ കല്ലുമൊട്ടംകുന്ന്, കരിങ്കുറ്റി കുറിച്യ, പണിയ കോളനികൾ അടങ്ങിയ ക്ലസ്റ്ററും 2015-16 സാമ്പത്തിക വർഷം കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ കാവടം, ആവവയൽ പണിയ കോളനികൾ അടങ്ങിയ ക്ലസ്റ്റർ എന്നീ കോളനികളെയുമാണ് കല്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) റോഡ് നിർമ്മാണം, കലുങ്ക് നിർമ്മാണം, വീട് പുനരുദ്ധാരണം, റോഡ് സൈഡ് കെട്ടി മണ്ണിട്ട് ഇന്റർലോക്ക് ചെയ്യൽ എന്നിവ 2014-15 -ൽ ആരംഭിച്ചിട്ടുണ്ട്. 2015-16 -ൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി**

257 (3413) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതീക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെട്ടിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയാണ് ടി പദ്ധതികൾ നടപ്പിലാക്കിയിരുന്നത്. ഇവയ്ക്ക് പുറമേ പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് സ്നേഹസ്പർശം എന്ന പേരിൽ പെൻഷൻ പദ്ധതി സാമൂഹ്യനീതി വകുപ്പിലെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം അവിവാഹിതരായ അമ്മമാർക്ക് 1000 രൂപ പ്രതിമാസം പെൻഷൻ നൽകി വരുന്നുണ്ട്.

(സി) സ്നേഹസ്പർശം പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയും മറ്റ് പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മഖേനയുമാണ് നടപ്പിലാക്കുന്നത്.

(ഡി) അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസത്തിന്റെ ഭാഗമായി 700 പേർക്ക് ജീവനോപാധികൾ അനുവദിക്കുകയും 2 പേർക്ക് വീട്

റിപ്പയറിനും 236 പേർക്ക് ഭവനനിർമ്മാണത്തിനും ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

**ആദിവാസി ക്ഷേമസമിതി ഉന്നയിച്ച ആവശ്യങ്ങൾ**

258 (3415) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിൽ ആദിവാസികൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശനിയമം നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) ആദിവാസിക്ഷേമ സമിതിയുടെ നേതൃത്വത്തിൽ 2014-ൽ നടത്തിയ വയനാട് കളക്ടറേറ്റ് ഉപരോധസമരം എത്രദിവസം നീണ്ടുനിന്നുവെന്നും എന്തെല്ലാം ആവശ്യങ്ങളാണ് മുന്നോട്ട് വച്ചതെന്നും വിശദമാക്കാമോ;

(സി) സമരം അവസാനിപ്പിക്കാൻ സർക്കാർ ഇടപെട്ടപ്പോൾ സമരക്കാരുടെ ആവശ്യങ്ങളെല്ലാം അംഗീകരിക്കുകയുണ്ടായോ; ആവശ്യങ്ങൾ മുഴുവൻ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്ത ആവശ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വനഭൂമിയിൽ ആദിവാസികൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശ നിയമം കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ 2014-ൽ നടത്തിയ വയനാട് കളക്ടറേറ്റ് ഉപരോധ സമരം രണ്ട് ദിവസം (1-9-2014, 2-9-2014) നീണ്ടുനിന്നു. സമരക്കാർ മുന്നോട്ടുവച്ചത് താഴെപറയുന്ന ആവശ്യങ്ങളാണ്:

1. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുക
2. ഭവനരഹിതർക്ക് വീട് നൽകുക
3. വനാവകാശ നിയമപ്രകാരം വനഭൂമി കൈവശമുള്ളവർക്ക് കൈവശ രേഖ നൽകുക.
4. ആദിവാസികളുടെ കടങ്ങൾ എഴുതിത്തള്ളുക.
5. 10-ാം ക്ലാസ്സ് വിജയിച്ച എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും +1 ന് പ്രവേശനം നൽകുക.

(സി) 2-9-2014-ൽ ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സമരക്കാരുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് സമരം അവസാനിപ്പിച്ചത്. ഇതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- ടി.ആർ.ഡി.എം. മുഖേന വയനാട് ജില്ലയിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് നൽകിയ 50 കോടി രൂപ ചെലവഴിച്ച് ഭൂമി വാങ്ങുന്ന പദ്ധതി പുരോഗമിക്കുന്നു.
- ഭവനരഹിതർക്ക് വീട് നൽകുന്നതിന് ഹഡ്കോ, എ.റ്റി.എസ്.പി. , ജനറൽ ഹൗസിംഗ് എന്നീ ഭവന നിർമ്മാണ പദ്ധതികളിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്.
- വനഭൂമി കൈവശമുള്ളവർക്ക് വനാവകാശ നിയമ പ്രകാരമുള്ള കൈവശ രേഖ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- കടങ്ങൾ എഴുതിത്തള്ളുന്നതിന് ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ശേഖരിക്കുകയും പദ്ധതി നടപ്പാക്കൽ അന്തിമഘട്ടത്തിലുമാണ്.
- പ്ലസ് വൺ ക്ലാസ് പ്രവേശനത്തിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മൂന്ന് താലൂക്കുകളിലും സ്പെഷ്യൽ ക്യാമ്പുകൾ നടത്തി +1 അഡ്മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ ആവശ്യങ്ങളിൻമേലും നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ

259 (3417) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അഭിമുഖ്യത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ അറിയിക്കുമോ ;

(സി) വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 1. ചികിത്സാ ധനസഹായം

2. ഭക്ഷ്യസഹായ പദ്ധതി
3. ഭവന നിർമ്മാണം
4. വിവാഹ ധനസഹായം
5. അതിക്രമങ്ങൾക്കിരയാകുന്നവരുടെ പുനരധിവാസം
6. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ
7. അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം
8. എസ്.സി.എ. ടു ടി.എസ്.പി.
9. പുര കെട്ടി മേയൽ
10. കൈത്താങ്ങ്
11. ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി
12. യുവതികൾക്ക് ഓട്ടോറിക്ഷ
13. ലാപ്ടോപ്പ് വിതരണം
14. സ്വയംതൊഴിൽ
15. ഗോത്രസാരഥി
16. മിശ്ര വിവാഹം
17. കോർപ്പസ് ഫണ്ട്
18. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ
19. എ.ടി.എസ്.പി. വിഹിതം ഉപയോഗിച്ചുള്ള പദ്ധതികൾ
20. വീട് പുനരുദ്ധാരണം
21. ജനനീ ജന്മരക്ഷ.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) അനുബന്ധത്തിൽ പരാമർശിക്കും പ്രകാരമുള്ള പദ്ധതികൾ തുടർപദ്ധതികളായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതാണ്.

**പട്ടികവർഗ്ഗ വിഭാഗത്തിലെ രോഗികൾക്കുള്ള ചികിത്സാ ധനസഹായം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

260 (3418) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി അനുവദിക്കേണ്ട തുക കുടിശ്ശികയായിരിക്കുന്നതുമൂലം ഇവർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ അരയ്ക്കാപ്പ് എസ്.റ്റി. കോളനിയിലെ രാമകൃഷ്ണന്റെ ഹൃദ്രോഗ സംബന്ധമായ ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് ബൈപാസ് സർജറിക്കുള്ള നിർദ്ദേശം ലഭിച്ചുവെങ്കിലും വകുപ്പിൽ നിന്നും പ്രസ്തുത ആശുപത്രിയിലേയ്ക്ക് തുക അനുവദിക്കുവാൻ കുടിശ്ശികയുള്ളതുകൊണ്ട് തൽക്കാലം ചികിത്സ നിഷേധിച്ച സാഹചര്യത്തിൽ രാമകൃഷ്ണന്റെ ചികിത്സയ്ക്കായി അടിയന്തരമായി ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രീ. ബി. രാമകൃഷ്ണൻ, S/o. രാഘവൻ, അരയ്ക്കാപ്പ് ട്രൈബൽ കോളനി, അതിരപ്പിള്ളി, തൃശ്ശൂർ എന്നയാൾ 26-5-2015-ൽ കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ ചികിത്സയ്ക്കായി പ്രവേശിക്കപ്പെടുകയും 28-5-2015-ൽ ഡിസ്ചാർജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കാർഡിയോളജി ഡോക്ടറുടെ നിർദ്ദേശപ്രകാരം 20-6-2015-ൽ ആൻജിയോഗ്രാം ചെയ്യുകയും ബൈപ്പാസ് സർജറി ചെയ്യുന്നതിലേക്ക് തൊറാസിക് സർജറി വിഭാഗത്തിൽ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. ടിയാന് കോട്ടയം മെഡിക്കൽ കോളേജിൽ 10,142 രൂപ ചികിത്സയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ലാബ് ടെസ്റ്റ്, മെഡിസിൻ, ആംബുലൻസ് എന്നീ ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത്. കൂടാതെ ടിയാന് പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അടിയന്തര ചികിത്സാ ധനസഹായമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ നൽകുന്ന പദ്ധതി**

261 (3419) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ ശാക്തീകരണം എത്രത്തോളം ഫലപ്രദമാക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സൗജന്യമായി ഓട്ടോറിക്ഷകൾ നൽകുന്ന ഒരു പദ്ധതി 2012 വർഷം നടപ്പാക്കിയിരുന്നു. 14 ജില്ലകളിൽ നിന്നുള്ള 500 പേരെയാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ഓട്ടോറിക്ഷ വിതരണം നടത്തിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗ യുവതികൾക്ക് സൗജന്യമായി ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് കരസ്ഥമാക്കി കൊടുക്കുന്നതിനുള്ള ധനസഹായവും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു.

(ബി) പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ നേടികൊടുക്കുന്നതോടൊപ്പം സ്ഥിരവരുമാനം ഉറപ്പാക്കി ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം.

(സി) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട് ജീവിച്ചു വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും സ്ഥിരവരുമാനം ഉറപ്പാക്കി സ്വയംപര്യാപ്തമാക്കി ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(ഡി) പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത് ജില്ലാതലത്തിലായിരുന്നു. ജില്ലാതലത്തിൽ ഓരോ പട്ടികവർഗ്ഗ സമുദായത്തിനും ജനസംഖ്യക്ക് ആനുപാതികമായി പ്രാതിനിധ്യം നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ആനുപാതിക പ്രാതിനിധ്യം നൽകുന്നതിന് ഒരു സമുദായത്തിൽ നിന്നും അപേക്ഷകർ ഇല്ലാതെ വന്നാൽ ടി അവസരം മറ്റ് പട്ടികവർഗ്ഗ സമുദായക്കാർക്ക് നൽകിയിരുന്നു. അപേക്ഷകരിൽ അവിവാഹിതരായ

അമ്മമാർ, അവരുടെ ആശ്രിതർ, വിധവകൾ, വിധവകളുടെ അവിവാഹിതരായ മക്കൾ, സ്ത്രീകൾ കുടുംബനാഥയായുള്ള കുടുംബത്തിലെ പെൺകുട്ടികൾ എന്നിവർക്ക് മുൻഗണന നൽകിയിരുന്നു. ജില്ലാ കളക്ടർ ചെയർമാനായ ഇന്റർവ്യൂ ബോർഡ് കൂടിക്കാഴ്ച നടത്തിയാണ് അപേക്ഷകരിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്.

**പോഷകാഹാരക്കുറവുമൂലം മരണപ്പെട്ട പട്ടികവർഗ്ഗ ഗർഭിണികൾ**

262 (3423) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിനുശേഷം പോഷകാഹാരക്കുറവുമൂലം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഗർഭിണികൾ മരണപ്പെടുകയുണ്ടായി ;

(ബി) പ്രസ്തുത സംഭവത്തെ തുടർന്ന് പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്ക് പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും അതിനായി എത്ര തുക ഇതിനോടകം ലഭ്യമാക്കിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 2011-ന് ശേഷം സംസ്ഥാനത്ത് പോഷകാഹാരക്കുറവുമൂലം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾ മരിച്ചതായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

**അടിച്ചിൽത്തൊട്ടി കോളനി റോഡ് നിർമ്മാണം**

263 (3425) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി-ആനമല റോഡിൽ നിന്നും അടിച്ചിൽത്തൊട്ടി കോളനിയിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ നീക്കി, നിർമ്മാണം ആരംഭിക്കുവാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അടിച്ചിൽത്തൊട്ടി കോളനിയിലേക്കുള്ള റോഡ് നിർമ്മാണത്തിന്റെ ചുമതല തൃശ്ശൂർ ജില്ലാ കളക്ടറെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി&സി) നിർമ്മാണ പ്രവർത്തനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ**

264 (3426) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികവർഗ്ഗക്ഷേമത്തിനായി ഓരോ വർഷവും നടപ്പാക്കിയ പദ്ധതികളുടെ പേരും അതിന്റെ നടത്തിപ്പിനായി നീക്കി വച്ച ബഡ്ജറ്റ് വിഹിതവും പ്ലാൻ, നോൺ പ്ലാൻ തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഉണ്ടായ ചെലവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) ഓരോ വർഷവും ലാപ്സായ തുക ഓരോ പദ്ധതിയിലും എത്രയെന്ന് പറയാമോ;

(സി) ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് മാറ്റിവച്ച പദ്ധതികൾ ഉണ്ടോ;

(ഡി) അവയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്നും ആയതിലുള്ള വകയിരുത്തലും ചെലവും വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി 2011-12 വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ പ്ലാൻ, നോൺ പ്ലാൻ പദ്ധതിയിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി&ഡി) പട്ടികവർഗ്ഗ വികസന വകുപ്പിൽ ഫണ്ടിന്റെ അപര്യാപ്തതയിൽ മാറ്റിവച്ച പദ്ധതികളില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഭാരത ദർശൻ യാത്ര**

265 (3428) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് ഭാരത ദർശൻ യാത്രയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത യാത്രയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഇതിനായി ആരെയെല്ലാമാണ് തെരഞ്ഞെടുക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

1. ജനറൽ വിഭാഗത്തിൽപ്പെട്ട ഭാരത് ദർശൻ യാത്രയാണ് ആദ്യത്തേത്. ഇതിൽ കേരളത്തിലെ യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകരെയാണ് പ്രധാനമായും പങ്കെടുപ്പിച്ചിട്ടുള്ളത്. അതോടൊപ്പം സംസ്ഥാന കേരളോത്സവം, നാഷണൽ യുവോത്സവം, യൂത്ത് അവാർഡ് ജേതാക്കൾ തുടങ്ങിയവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

2. രണ്ടാമതായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള യാത്രയാണ് എസ്.റ്റി. ഭാരത് ദർശൻ യാത്ര. പട്ടകവർഗ്ഗത്തിൽപ്പെട്ട 18-നും 40-നും മദ്ധ്യേ പ്രായമുള്ള തദ്ദേശഭരണ സ്ഥാനപനങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുള്ള യാത്രയാണ് പട്ടികവർഗ്ഗ ഭാരതദർശൻ.

(ബി) കേരളത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന യുവാക്കൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും വിവിധ ഭാഷാ സംസ്കാരങ്ങൾ, ആചാരങ്ങൾ, കലാരൂപങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് ഭാരതദർശൻ യാത്ര സംഘടിപ്പിക്കുന്നത്. ജനറൽ വിഭാഗങ്ങൾക്കുള്ള ഭാരത്ദർശൻ യാത്രയ്ക്കായി യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകർ, കേരളോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ,

ദേശീയ യുവോത്സവ വിജയികൾ എന്നിവരിൽ നിന്നമാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

രണ്ടാമത്തെ ഭാരതദർശനിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 18-നം 40-നം മദ്ധ്യേ പ്രായമുള്ള ജനപ്രതിനിധികളെയാണ് തെരഞ്ഞെടുക്കുന്നത്.

(സി) 1. ജനറൽ കാറ്റഗറിയിലുള്ള ഭാരതദർശൻ 2013 ഫെബ്രുവരി 20-ന് തിരുവനന്തപുരത്ത് നിന്ന് ട്രെയിൻ യാത്ര ആരംഭിച്ച് ഗോവ, അഹമ്മദാബാദ്, ജോധ്പൂർ, ജയ്പൂർ, ഉദയ്പൂർ, ഹൈദ്രാബാദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 2013 മാർച്ച് 6 ന് തിരുവനന്തപുരത്ത് തിരിച്ചെത്തി. ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് & ടൂറിസം കോർപ്പറേഷൻ ലിമിറ്റഡ് വഴിയാണ് യാത്രാപരിപാടി സംഘടിപ്പിച്ചത്.

2. ആദ്യ പട്ടികവർഗ്ഗ ഭാരതദർശൻ 2013 നവംബർ 22 മുതൽ 26 വരെ സംഘടിപ്പിച്ചു. 22-ാം തീയതി കോഴിക്കോട് നിന്ന് വിമാനമാർഗ്ഗം ഡൽഹിയിലെത്തുകയും തുടർന്ന് ഡൽഹിയിലെ വിവിധ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചു. തുടർന്ന് അമൃത്സർ, വാഗാ ബോർഡർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ചശേഷം 26-ാം തീയതി തിരുവനന്തപുരത്ത് തിരിച്ചെത്തി.

3. രണ്ടാമത് പട്ടികവർഗ്ഗ ഭാരതദർശൻ 2014 നവംബർ 19 മുതൽ 25 വരെയാണ് സംഘടിപ്പിച്ചത്. ഈ യാത്രാ പരിപാടിയുടെ ഭാഗമായി കൽക്കട്ട, കാഠ്മണ്ഡു എന്നിവിടങ്ങളിലെ വിവിധ സ്ഥലങ്ങളാണ് സന്ദർശിച്ചത്.

**യുവജനക്ഷേമ ബോർഡിന്റെ പരീക്ഷ പരിശീലന പരിപാടി**

266 (3429) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.റ്റി.പി., പി.എസ്.സി., ഓൺലൈൻ പരീക്ഷ എന്നിവയ്ക്ക് പരിശീലനം നൽകുന്നതിന് യുവജനക്ഷേമ ബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ആരെല്ലാമാണെന്നുള്ള വിശദാംശങ്ങൾ നൽകാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സാധാരണ കുടുംബങ്ങളിലെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെയും യുവജനങ്ങൾക്ക് സൗജന്യമായി മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനം നൽകി സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധതരം ജോലികൾ നേടിയെടുക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പി.എസ്.സി., യു.പി.എസ്.സി./ബാങ്കിംഗ് മേഖലകളിലെ പരീക്ഷകൾക്ക് ജില്ലകൾതോറും എംപ്ലോയ്മെന്റ് വകുപ്പ് മുഖേന പരിശീലനം നൽകിയിട്ടുണ്ട്. ഡി.റ്റി.പി. ട്രെയിനിംഗിന് സി-ഡിറ്റിന്റെ അംഗീകൃത സ്ഥാപനങ്ങൾ വഴിയും പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) എംപ്ലോയ്മെന്റ് വകുപ്പ്, സർക്കാർ സ്ഥാപനായ സി-ഡിറ്റ് എന്നിവയുമായി സഹകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

**യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ**

267 (3430) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയംതൊഴിൽ പരിശീലനത്തിനും ബോധവൽക്കരണ ക്യാമ്പയിനുകൾക്കും രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിലെ യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുക, അവരെ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുക എന്നതാണ് സ്വയംതൊഴിൽ പരിശീലനത്തിന്റെ ഉദ്ദേശലക്ഷ്യം. മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയ സമൂഹത്തെ കാർന്നുതിന്നുന്ന വിപത്തുകളെ ക്കുറിച്ച് യുവാക്കളെ ബോധവാൻമാരാക്കുക എന്നതാണ് ബോധവൽക്കരണ ക്യാമ്പയിനുകളുടെ ഉദ്ദേശലക്ഷ്യം.

(സി) സ്വയംതൊഴിൽ പരിശീലനവുമായി ബന്ധപ്പെട്ട് ഓരോ പ്രദേശത്ത് നിന്നും അനുയോജ്യമായ സ്വയംതൊഴിൽ പരിശീലനം സംഘടിപ്പിക്കുവാൻ താൽപ്പര്യമുള്ള യുവജന ക്ലബ്ബുകൾ/സന്നദ്ധ സംഘടനകൾ എന്നിവരിൽനിന്നും അപേക്ഷകൾ ക്ഷണിച്ച് അവർ നൽകുന്ന പ്രോജക്ട് പരിശോധിച്ച് ഉചിതമായ ധനസഹായം നൽകിവരുന്നു. കൂടാതെ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ, അഹമ്മദാബാദ് എന്ന സ്ഥാപനവുമായി സഹകരിച്ച് ജില്ലകൾതോറും വ്യവസായ സംരംഭകത്വ പരിശീലനം നടത്തിവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലും തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും സംരംഭകത്വ പരിശീലനം നടത്തിവരുന്നു. ബോധവൽക്കരണത്തിന്റെ ഭാഗമായി മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങി സമൂഹത്തെ കാർന്നു തിന്നുന്ന വിപത്തുകളെക്കുറിച്ച് ബോധവാൻമാരാക്കാൻ 2013-14 സാമ്പത്തികവർഷം കലാജാഥ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ 14 ജില്ലകളിലും മിസ് ഫിറ്റ് എന്ന സിനിമയും പ്രദർശിപ്പിച്ചു.

(ഡി) സ്വയംതൊഴിൽ പരിശീലനം അഹമ്മദാബാദിലെ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുടെയും ബോധവൽക്കരണ പരിപാടികൾ സംസ്ഥാന എക്സൈസ് വകുപ്പ്, എൻ.എസ്.എസ്., വിവിധ ക്ലബ്ബുകൾ, യൂത്ത് കമ്മീഷൻ എന്നിവയുടെ സഹകരണത്തോടു കൂടിയാണ് സംഘടിപ്പിച്ചത്. യുവ സംരംഭകത്വ പരിശീലന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലായി പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. ബോധവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന എക്സൈസ് വകുപ്പിന്റെയും എൻ.എസ്.എസ്.-ന്റെയും സഹകരണത്തോടെ 84 ലക്ഷം രൂപ ചെലവിൽ ലഹരിവിരുദ്ധ ബോധവൽക്കരണ കലാജാഥ 2014 ജനുവരി 3 മുതൽ ഫെബ്രുവരി 11 വരെ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ യൂത്ത് കമ്മീഷനുമായി ചേർന്ന് 14 ജില്ലകളിലും സേഫ് ക്യാമ്പസ് ക്ലീൻ ക്യാമ്പസ് എന്ന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്.

**കാഴ്ചബംഗ്ലാവും മൃഗശാലകളും**

268 (3431) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാർവക കാഴ്ചബംഗ്ലാവ്, മൃഗശാല ഇവകൾ ഏതൊക്കെ സ്ഥലങ്ങളിലാണ് ഉള്ളത് വിശദമാക്കുമോ ;

(ബി) ഇവിടങ്ങളിലൊക്കെ നല്ല നിലയിൽ മെയിന്റൻസുകളില്ലാതെ വളരെ ശോചനീയമായ അവസ്ഥയിലാണ് കാഴ്ചബംഗ്ലാവ്, മൃഗശാലകൾ നടക്കുന്നതെന്നുള്ള പരാതികൾ കിട്ടിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കും വിശദമാക്കുമോ;

(സി) മൃഗശാലകളിൽ നല്ല ഇനം പക്ഷി, സർപ്പ, മൃഗാദികളെ കൊണ്ടുവന്ന് ജനങ്ങൾക്ക് കാണുവാനും മറ്റും അവസരം ഒരുക്കുവാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കാഴ്ചബംഗ്ലാവുകളും തിരുവനന്തപുരത്തും തൃശ്ശൂരുമായി മൃഗശാലകളും സ്ഥിതി ചെയ്യുന്നു.

(ബി) മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിലുള്ള മൃഗശാലകൾ, കാഴ്ചബംഗ്ലാവുകൾ എന്നിവ മെയിന്റനൻസുകളില്ലാതെ വളരെ ശോചനീയമായ അവസ്ഥയിലാണെന്നുള്ള പരാതികൾ ലഭിച്ചിട്ടില്ല. മെയിന്റനൻസുകൾ യഥാസമയം നടത്തിവരുന്നു.

(സി) കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ മറ്റ് മൃഗശാലകളിൽനിന്നും പക്ഷിമൃഗാദികളെ കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. മറ്റ് മൃഗശാലകളുമായി ബന്ധപ്പെട്ട് വിവിധയിനം പക്ഷിമൃഗാദികളെ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3200,3401, 3412, 3414, 3416, 3420, 3421, 3422, 3424, 3427 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 A.M.]

## II അടിയന്തരപ്രമേയം

### മൂന്നാം ക്ലാസ് വിദ്യാർത്ഥിയുടെ ദാരുണമരണം

മി. സ്പീക്കർ: ഇന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് ലഭിച്ച അതേ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം എൻ. എ. നെല്ലിക്കുന്ന് ഇന്നലെ ഒരു സബ്മിഷന് നോട്ടീസ് നൽകിയിരുന്നതനുസരിച്ച് അദ്ദേഹത്തിന് ഇന്നത്തേക്ക് സബ്മിഷൻ അനുവദിച്ചിരുന്നു. എന്നാൽ സംഭവം നടന്നത് ബഹുമാനപ്പെട്ട അംഗം കെ. കുഞ്ഞിരാമൻ (ഉദുമ)-യുടെ മണ്ഡലത്തിലാണെന്നു പറഞ്ഞ് അദ്ദേഹവും ഇന്നലെ ഒരു സബ്മിഷൻ തന്നിരുന്നു. ഇന്ന് അടിയന്തരപ്രമേയം വന്ന സാഹചര്യത്തിൽ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ സബ്മിഷൻ ഇന്ന് അവതരിപ്പിക്കാൻ സാധ്യമല്ല. ഈ അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് എടുക്കുകയാണ്. ഈ അടിയന്തരപ്രമേയത്തെ സംബന്ധിച്ച് ശ്രീ. ഇ. പി. ജയരാജൻ സംസാരിച്ചതിനുശേഷം ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)-ക്ക് സംസാരിക്കണമെന്നുണ്ടെങ്കിൽ ഒരു മിനിട്ട് അദ്ദേഹത്തിനും നൽകുന്നതാണ്. സംഭവം നടന്നത് ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ നിയോജക മണ്ഡലത്തിലല്ലാത്തതുകൊണ്ടാണ് അങ്ങേക്ക് അവസരം നൽകാത്തത്.

സഹോദരിക്കും കൂട്ടുകാർക്കുമൊപ്പം സ്കൂളിലേയ്ക്ക് നടന്നുപോകുകയായിരുന്ന കാസർഗോഡ് കല്ല്യോട്ട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥി ഫഹദിനെ ചാന്തൻമുള്ള് എന്ന സ്ഥലത്തുവച്ച് 9-7-2015-ന് വെട്ടികൊലപ്പെടുത്തിയതുമൂലം പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്കുണ്ടായ ആശങ്ക സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ. പി. ജയരാജൻ, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ 9-ാം തീയതി കാസർഗോഡ് ജില്ലയിലുണ്ടായത് അത്യന്തം വേദനാജനകമായ ഒരു സംഭവമാണ്. കാസർഗോഡ് കല്ല്യോട്ട് കണ്ണോത്ത് നിവാസിയും ഓട്ടോറിക്ഷ ഡ്രൈവറുമായ അബ്ബാസിന്റെ മകൻ എട്ടു വയസ്സുകാരൻ ഫഹദിനെ 9-7-2015-ന് രാവിലെ 9 മണിയോടെ സ്കൂളിൽ പോകുന്ന വഴിക്ക് ചാന്തൻമുള്ള് എന്ന സ്ഥലത്ത്

വച്ച് അതേ നാട്ടുകാരനും തെങ്ങുകയറ്റത്തൊഴിലാളിയുമായ വിജയകുമാർ (35) കഴുത്തിലും തലയിലും മറ്റും വെട്ടിപ്പരിക്കേൽപ്പിച്ചതിൽ ഫഹദ് തൽക്ഷണം മരിച്ചു. ഫഹദിനോടൊപ്പമുണ്ടായിരുന്ന അബ്ദുള്ള അനസ് മുഹമ്മദ് (15) എന്ന വിദ്യാർത്ഥിയുടെ മൊഴി പ്രകാരം വിജയകുമാറിനെ പ്രതിയാക്കി ഐ.പി.സി. 302-ാം വകുപ്പുപ്രകാരം ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം 497/15 ആയി കേസ് രജിസ്റ്റർ ചെയ്തു. ഫഹദ് കല്ല്യോട്ട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ 3-ാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. അതേ സ്കൂളിൽ 5-ാം ക്ലാസിൽ പഠിക്കുന്ന ജ്യേഷ്ഠത്തി ഷൈലയുമൊത്ത് മറ്റു കുട്ടികളോടൊപ്പം സ്കൂളിലേക്ക് പോകവെ അവർക്കുമുന്നിൽ നടന്നുപോകുകയായിരുന്ന പ്രതി വിജയകുമാർ പെട്ടെന്ന് നിന്ന് ഫഹദിന്റെ സ്കൂൾ ബാഗടക്കം പിടിച്ച് കയ്യിലുണ്ടായിരുന്ന വാക്കത്തികൊണ്ട് വെട്ടിയെന്നും അതുകണ്ട് രക്ഷിക്കാൻ ശ്രമിച്ച കുട്ടികളെ വാക്കത്തി കാണിച്ച് പേടിപ്പിച്ചുവിടുകയും ചെയ്തുവെന്നാണ് മൊഴിയിൽ പറഞ്ഞിട്ടുള്ളത്. കുട്ടികൾ സമീപത്തെ വീട്ടിൽ അറിയിച്ചതനുസരിച്ച് വെട്ടുകൊണ്ട് റോഡിൽ ചലനമറ്റു കിടക്കുകയായിരുന്ന ഫഹദിനെ നാട്ടുകാർ ആശുപത്രിയിലെത്തിച്ചെങ്കിലും അപ്പോഴേയ്ക്കും മരണപ്പെട്ടിരുന്നു. കുറ്റകൃത്യത്തിനുശേഷം അവിടെനിന്ന് പോകാൻ ശ്രമിച്ച പ്രതിയെ നാട്ടുകാർ തടഞ്ഞുവയ്ക്കുകയും ബേക്കൽ പോലീസ് സബ് ഇൻസ്പെക്ടർ സ്ഥലത്തെത്തി പ്രതിയെ കസ്റ്റഡിയിലെടുത്ത് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവരികയും 10-7-2015-ന് ഹോർസ്ദുർഗ് JFMC II കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തു. മരണപ്പെട്ട ഫഹദിന്റെ പിതാവ് അബ്ബാസിനോടുള്ള വിരോധമാണ് കൊലപാതകത്തിനുള്ള കാരണമെന്നറിയുന്നു. കുട്ടിയെ കൊലപ്പെടുത്തിയ കേസ് തേച്ചുമാച്ചുകളയാൻ ശ്രമിക്കുന്നുവെന്ന ആരോപണം ശരിയല്ല. കേസന്വേഷണം ശരിയായ രീതിയിൽ കാര്യക്ഷമമായി നടത്തിവരികയാണ്. ഈ കേസിൽ ഒരുതരത്തിലുമുള്ള സാമുദായിക-രാഷ്ട്രീയ ഇടപെടലുമുണ്ടായിട്ടില്ല. കേസന്വേഷണത്തിന് സയന്റിഫിക് അസിസ്റ്റന്റ്, ഡോഗ് സ്ക്വാഡ് എന്നിവയുടെ സേവനങ്ങൾ ഈ കേസിൽ പ്രതിക്കെതിരായ തെളിവുകൾ ശേഖരിക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കേസിലെ തെളിവിലേയ്ക്കായി കുറ്റകൃത്യത്തിനുപയോഗിച്ച ആയുധം, പ്രതിയുടെയും കൊല്ലപ്പെട്ട കുട്ടിയുടെയും തൽസമയം ധരിച്ചിരുന്ന വസ്ത്രങ്ങൾ, സ്ഥലത്തുനിന്ന് ലഭിച്ച രക്തസാമ്പിളുകൾ എന്നിവ എഫ്.എസ്.എൽ. പരിശോധനക്ക് അയച്ചിട്ടുള്ളതാണ്. കുറ്റകൃത്യത്തിനുപയോഗിച്ച ആയുധം ബന്തവസ്സിലെടുത്ത് പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറെ കാണിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. സംഭവമുണ്ടായ ഉടൻതന്നെ ജില്ലാ പോലീസ് സൂപ്രണ്ട് ഡോ. ശ്രീനിവാസ്

ഐ.പി.എസ്. സംഭവസ്ഥലത്തെത്തി അന്വേഷണനടപടികൾക്ക് നേതൃത്വം നൽകി. കണ്ണൂർ ഡി.ഐ.ജി. ദിനേന്ദ്ര കശ്യപിനോട് ഈ കേസ് ഓവർസീ ചെയ്യാൻ പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നലെ സ്ഥലം എം.എൽ.എ. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) ഇതുസംബന്ധിച്ച ഒരു നിവേദനം എനിക്ക് നൽകിയിരുന്നു. ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ. ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു അപേക്ഷയും നൽകിയിരുന്നു.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഏത് മനുഷ്യനെയും അങ്ങേയറ്റം വേദനിപ്പിക്കുന്ന വളരെ നിഷ്ഠൂരമായ കൃത്യമാണ് ആർ.എസ്.എസ്. ദുഷ്ടശക്തികൾ, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് അമ്പലത്തറ കല്ല്യോട്ട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ മൂന്നാം ക്ലാസിൽ പഠിച്ചിരുന്ന എട്ടുവയസ്സുള്ള മുഹമ്മദ് ഫഹദ് എന്ന പിഞ്ചുകുഞ്ഞിനോട് കാണിച്ചത്. അങ്ങ് ഇതുസംബന്ധിച്ച് ഇവിടെ ഒരു വിശദീകരണം നൽകി. പക്ഷേ എന്തിനെന്നറിയില്ല, ആ മറുപടിയിൽ കുറ്റം നടത്തിയ ആർ.എസ്.എസ്. ക്രിമിനലിനെ ആർ.എസ്.എസ്. ആണെന്ന് പറയാൻ അങ്ങ് മടിക്കുകയാണ് ചെയ്തത്. ഇത് റമദാൻ മാസമാണ്. അതേ വിദ്യാലയത്തിൽ തന്നെ 8-ാം ക്ലാസിൽ പഠിക്കുന്ന സ്വന്തം സഹോദരി ഷൈലയോടൊപ്പം ഫഹദിനെ രാവിലെ സ്കൂളിലേയ്ക്ക് അയച്ചതാണ്. ആ കുട്ടി സ്കൂളിലേക്ക് നടന്നുപോകുമ്പോൾ ഒപ്പം മറ്റു കൂട്ടുകാരുമുണ്ടായിരുന്നു. എൻഡോസൾഫാൻ ഇരയായി അസുഖം ബാധിച്ച് കാലിന് സ്വാധീനം കുറഞ്ഞ ഫഹദ് മറ്റു കുട്ടികളുടെ ഒപ്പമെത്താൻ കഴിയാതെ പിന്നിലായിരുന്നു. സ്കൂളിനും കണ്ണോത്തിനുമിടയിലെ റോഡിലൂടെ നടന്നുപോകുമ്പോൾ കാട്ടിനകത്ത് ഒളിച്ചിരുന്ന ആർ.എസ്.എസ്. ക്രിമിനൽ ആയുധവുമായി ചാടിവീണ് പിന്നിൽ നടക്കുന്ന കുട്ടിയെ കഴുത്തിൽ തുരുതുരാ വെട്ടി, കഴുത്ത് ഏതാണ്ട് വേർപെട്ടു. ഇതുകണ്ട് സഹോദരിയും കൂട്ടുകാരും നിലവിളിച്ചപ്പോൾ അവരേയും ആക്രമിക്കാൻ ചെന്നു. കുട്ടികൾ നിലവിളിച്ചതിനെത്തുടർന്ന് നാട്ടുകാർ ഓടിയെത്തി ആർ.എസ്.എസ്. ക്രിമിനലായിട്ടുള്ള വിജയനെ ഇലക്ട്രിക് പോസ്റ്റിൽ പിടിച്ചുകെട്ടി. പോലീസിൽ അറിയിച്ചു. പോലീസ് പിന്നീട് അറസ്റ്റ് ചെയ്തുകൊണ്ടുപോയി. ഈ കൊലപാതകത്തിന് എന്താണ് പ്രേരണ? ആ കുട്ടിയുടെ ബാപ്പ അബ്ബാസ് സി.പി.ഐ.(എം) പ്രവർത്തകനായിപ്പോയി എന്നുള്ളതല്ലേ. അബ്ബാസിന്റെയും അയിഷയുടെയും മകനായ എട്ടുവയസ്സുള്ള ഒരു കുഞ്ഞിനെ വെട്ടിനുറുക്കിയ ഈ ക്രൂരകൃത്യം ചെയ്ത ആർ.എസ്.എസ്.-നെ വെള്ളപൂശാനുള്ള ഒരു സമീപനവും ഗവൺമെന്റ് സ്വീകരിക്കരുത്. എട്ടുവയസ്സുള്ള മൂന്നാം ക്ലാസിൽ പഠിക്കുന്ന ഒരു കുഞ്ഞിനെ വെട്ടിക്കൊന്ന ഒരു സംഭവം നാം ചർച്ച ചെയ്യുമ്പോൾ വർഷങ്ങൾക്കുമുമ്പ് കണ്ണൂർ ജില്ലയിലെ പാനൂരിനടുത്ത് ചെറുവാഞ്ചേരിയിൽ ആർ.എസ്.എസ്. ക്രിമിനൽ സംഘത്തിന്റെ ബോംബേറിൽ അസ്ന എന്ന എൽ.പി. സ്കൂൾ കുട്ടിയുടെ

ഒരു കാൽ നഷ്ടപ്പെട്ട സംഭവം ഓർമ്മയിലേയ്ക്ക് വരികയാണ്. ആ കുട്ടി ഇപ്പോൾ മെഡിക്കൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ആർ.എസ്.എസ്.-ബി.ജെ.പി. ക്രിമിനൽസംഘം നമ്മുടെ സംസ്ഥാനത്ത് അഴിഞ്ഞാടുകയല്ലേ? ഇവിടെത്തന്നെ ഫഹദിനെ വെട്ടിക്കൊല്ലാൻ കഴിഞ്ഞത്; സഹോദരിയെ ആക്രമിക്കാൻ പുറപ്പെട്ടത് ആദ്യത്തെ സംഭവമാണോ? ഇവിടെ കാര്യങ്ങൾ എടുത്തുപരിശോധിച്ചാൽ ഒട്ടനവധി സംഭവങ്ങൾ കാണാൻ സാധിക്കും. 18 വയസ് പ്രായമുള്ള വിദ്യാർത്ഥിയെ ഇവിടെ നിഷ്ഠൂരമായി കൊല ചെയ്തിട്ടുണ്ട്. ധനുവച്ചപുരം ഐ.ടി.ഐ.യിൽ നന്നായി പഠിക്കുന്ന സജിൻ ഷാഹുലെന്ന വിദ്യാർത്ഥിയെ ആർ.എസ്.എസ്.-കാർ ബോംബെറിഞ്ഞും വെട്ടിയും കൊലപ്പെടുത്തി. 21 വയസ് പ്രായമുള്ള മറ്റൊരു വിദ്യാർത്ഥി നേതാവിനെയും തിരുവനന്തപുരത്ത് വെട്ടിക്കൊന്നു. തൃശ്ശൂരിൽ രണ്ട് സഹോദരങ്ങളെ വെട്ടിക്കൊന്നു. ഇങ്ങനെ നമ്മുടെ സംസ്ഥാനത്തിന്റെ പലഭാഗത്തും വിദ്യാർത്ഥികളെയും യുവാക്കളെയും വെട്ടിക്കൊന്ന് കയ്യറപ്പ് മാറിയിട്ടുള്ള ആർ.എസ്.എസ്. സംഘം ഇപ്പോൾ ചെറിയ കുഞ്ഞുങ്ങളെയും വേട്ടയാടുകയാണ്, കുഞ്ഞുങ്ങളെ വെട്ടിക്കൊല്ലുകയാണ്. രാഷ്ട്രീയവിരോധം തീർക്കാൻ ഒരു തെറ്റും ചെയ്തിട്ടില്ലാത്ത കുഞ്ഞിനെ, എൻഡോസൾഫാൻ ബാധിച്ച്, നടക്കാനുള്ള ശേഷി നഷ്ടപ്പെട്ട കുഞ്ഞിനെ വെട്ടിക്കൊല്ലുകയെന്ന നിലയിലേയ്ക്ക് കേരളത്തിൽ ആർ.എസ്.എസ്., സംഘപരിവാർ, ബി.ജെ.പി. എത്തിച്ചേർന്നിരിക്കുകയാണ്. ഇതിനുള്ള ഊർജ്ജം എവിടെനിന്നാണ് അവർക്ക് ലഭിക്കുന്നത്? അമ്പലത്തറ കണ്ണോത്തു നടന്ന നിഷ്ഠൂരമായ കൊലപാതകത്തിലെ പ്രതിയായ ക്രിമിനൽ വിജയനെ പോലീസ് അറസ്റ്റ് ചെയ്തു. പോലീസ് അറസ്റ്റ് ചെയ്തത് ജനങ്ങൾ പിടിച്ചുകെട്ടി കൊടുത്തതിന്റെ ഫലമായിട്ടാണ്. അല്ലെങ്കിൽ വിജയനെ അറസ്റ്റ് ചെയ്യില്ലായിരുന്നുവെന്നുവേണം കണക്കാക്കാൻ. എന്ത് അന്വേഷണമാണ് അത് സംബന്ധിച്ച് നടത്തിയത്? വിജയൻ കഴിഞ്ഞവർഷം തിരുവനന്തപുരം റെയിൽവേ കൺട്രോൾ റൂമിൽ തീവണ്ടി അട്ടിമറിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് തെറ്റായ മെസ്സേജ് കൊടുക്കുകയും ചില ഭീകരപ്രവർത്തനങ്ങൾ നടത്താനുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്തിരുന്നു. അത് പോലീസിന് അറിയാത്തതല്ല. ആ കേസിൽ പക്കാ ക്രിമിനലായിട്ടുള്ള വിജയൻ ജാമ്യത്തിലിറങ്ങിയത് മനോരോഗിയെന്ന് പ്രത്യേകമായി കോടതിയിൽ ബോധിപ്പിച്ചാണ്. ഇപ്പോഴും പോലീസ് എന്താണ് ചെയ്തത്? ആ ക്രിമിനലിന്റെ മൊബൈൽ ഫോൺ എടുത്ത് പരിശോധിച്ചിരുന്നുവെങ്കിൽ എത്രമാത്രം വിവരങ്ങൾ ലഭിക്കുമായിരുന്നു. എന്ത് അന്വേഷണമാണ് പോലീസ് നടത്തിയത്? പോലീസ് ആദ്യം വെളിപ്പെടുത്തിയത് വിജയൻ മാനസികരോഗിയാണെന്നാണ്. മാനസികരോഗം കൊണ്ടാണ് ക്രൂരകൃത്യം ചെയ്തതെന്നാണ്. ഇങ്ങനെയുള്ള ആർ.എസ്.എസ്.കാരുടെ സംരക്ഷണമാണ് ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നത്. കേരളത്തിൽ കാസർഗോഡ്,

കണ്ണൂർ, തൃശ്ശൂർ, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിലും ഇതുപോലെ ഒട്ടനവധി സംഭവങ്ങൾ ആർ.എസ്.എസ്. നടത്തിയിട്ടുണ്ട്. ഈ സംഭവങ്ങളിലെല്ലാം പോലീസും ഗവൺമെന്റും ആർ.എസ്.എസ്.-ന്റെ സംരക്ഷകരായി പ്രവർത്തിച്ചു. ആർ.എസ്.എസ്. ക്രിമിനലുകൾക്ക് ഊർജ്ജം നൽകുന്നത് ഈ ഗവൺമെന്റാണ്. ആർ.എസ്.എസ്. ക്രിമിനലുകൾക്ക് ശക്തിയും പ്രചോദനവും ലഭിക്കുന്നത് ഈ ഗവൺമെന്റിന്റെ സംരക്ഷണയിൽ നിന്നാണ്. കോട്ടയത്ത്, ലോക്കപ്പിനകത്തെ പോലീസ് മർദ്ദനംമൂലം തലയ്ക്കടിയേറ്റ് ബോധംകെട്ട് 11 ദിവസത്തോളം ആശുപത്രിയിൽ കിടന്ന് സിബിയെന്ന യുവാവ് മരിച്ച സംഭവം ഇന്നലെ ഈ നിയമസഭ ചർച്ച ചെയ്തതാണ്. നിങ്ങൾ ആത്മാർത്ഥതയോടു കൂടിയാണോ ആ പ്രശ്നം കൈകാര്യം ചെയ്തത്; ഒരു കൊലപാതകം നടത്തിയിട്ടുള്ള സബ് ഇൻസ്പെക്ടറെ കൊലക്കേസിൽപ്പെടുത്തി അറസ്റ്റ് ചെയ്ത് അന്വേഷണം നടത്താനാണോ നിങ്ങൾ തയ്യാറായത്? നിങ്ങൾക്ക് ആ ക്രിമിനലിനെ രക്ഷിക്കണം, അത് രാഷ്ട്രീയ താൽപ്പര്യമാണ്. നിങ്ങളുടെ പോലീസ് ഓഫീസേഴ്സ് അസോസിയേഷന്റെ നേതാവായതുകൊണ്ട് അവരെ രക്ഷിക്കാനുള്ള നിലപാട് നിങ്ങൾ സ്വീകരിച്ചു.

ഇന്നലെ അടിയന്തരപ്രമേയ ചർച്ചാവേളയിൽ ഒന്നുരണ്ട് കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. തൊഗാഡിയ കോഴിക്കോട് നടത്തിയ പ്രസംഗം വർഗ്ഗീയ കലാപം ഇളക്കിവിടുന്നതാണ്. മുസ്ലീംലീഗുകാർ കോഴിക്കോട്, മലപ്പുറം ജില്ലയിലുള്ളവരില്ലേ; തൊഗാഡിയയുടെ പ്രസംഗം നിങ്ങൾ കേട്ടതല്ലേ; ആ പ്രസംഗമാണല്ലോ ആർ.എസ്.എസ്.-ന്റെ ഒരു സ്ത്രീ മൊബൈലിലൂടെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നുണ്ടോ. ശ്രീ. വി. ഡി. സതീശൻ അസഹിഷ്ണുത കാണിച്ചിട്ട് കാര്യമില്ല. നിങ്ങൾ മനസ്സിലാക്കേണ്ടത് രാജ്യത്തിന്റെ മതേതരത്വത്തിന്റെ പ്രശ്നമാണ്. നിങ്ങൾക്ക് ഞങ്ങളോടുള്ള വിരോധംകൊണ്ട് അസഹിഷ്ണുതയുണ്ടാകും. പക്ഷേ പ്രശ്നത്തിന്റെ ഗൗരവത്തിലേയ്ക്ക് കടക്കണം. ഞാൻ അടിയന്തരപ്രമേയത്തെക്കുറിച്ച് തന്നെയാണ് പറയുന്നത്. ..... (ബഹളം)

<u>മി. സ്പീക്കർ</u>: പ്ലീസ്....പ്ലീസ്.....അദ്ദേഹം അവതരിപ്പിക്കട്ടേ. ശ്രീ. വി. ഡി. സതീശൻ പ്ലീസ്.....പ്ലീസ്.....

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, തൊഗാഡിയ കോഴിക്കോട് നടത്തിയ പ്രസംഗത്തിന്റെ കേസ് പിൻവലിച്ചു. കാഞ്ഞങ്ങാട് തൊഗാഡിയ നടത്തിയ പ്രസംഗത്തിന്റെ കേസ് പിൻവലിച്ചില്ലേ; ഇവിടെ എം.ജി. കോളേജിൽ നടന്നിട്ടുള്ള ആർ.എസ്.എസ്. ബോംബേറുകേസ് പിൻവലിച്ചില്ലേ; ആ പോലീസുദ്യോഗസ്ഥൻ ഇപ്പോഴും കിടപ്പിലാണല്ലോ. ഒന്നരക്കൊല്ലമായി അദ്ദേഹം ചികിത്സയിലാണ്. നിങ്ങൾ എന്തിനാണ് കേസ്സുകൾ പിൻവലിച്ചത്? സി.പി.നായരുടെ കേസ്സിന്റെ കാര്യം ഞാൻ പറയുന്നില്ല. ഇതുമാത്രമാണോ ഈ ഗവൺമെന്റ് പിൻവലിച്ച കേസ്?

മുസ്ലീം ലീഗുകാർ ഇതാണോ മനസ്സിലാക്കിയത്? കേരളത്തിൽ ആർ.എസ്.എസ്. നടത്തിയിട്ടുള്ള മിക്ക കേസ്സുകളും ഈ ഗവൺമെന്റ് പിൻവലിച്ചു കഴിഞ്ഞു. അതാണ് ഇപ്പോഴത്തെ സ്ഥിതി. ആർ.എസ്.എസ്.-നെ ഇങ്ങനെ പ്രീണിപ്പിച്ച് സംരക്ഷിച്ച് ഊർജ്ജം നൽകി, അവർ രാജ്യത്തെ ക്ഷേത്രങ്ങളും മറ്റും കയ്യടക്കി അവരുടെ താവളം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ തൃശ്ശൂരിലെ കൊടുങ്ങല്ലൂർ ക്ഷേത്രം ആർ.എസ്.എസ്.-ന്റെ താവളമാണ്. അവിടെയാണ് ഇവിടത്തെ പ്രധാനപ്പെട്ട ക്രിമിനലുകളുടെ ക്യാമ്പ്. അവിടെ വെടിവഴിപാട് എന്നുപറയുന്ന നേർച്ച ആർ.എസ്.എസ്.-ന്റെ കയ്യിലാണ്. അവിടെ മാറ്റാർക്കും പ്രവേശനമില്ല. അവിടെ ഗുണ്ടാത്താവളം സൃഷ്ടിച്ചിരിക്കുകയാണ്. ഇത് ഒരു കൊടുങ്ങല്ലൂർ ക്ഷേത്രത്തിന്റെ മാത്രം കാര്യമാണെന്ന് നിങ്ങൾ വിചാരിക്കരുത്. പല ക്ഷേത്രങ്ങളിലും ആർ.എസ്.എസ്. ആയുധങ്ങൾ സൂക്ഷിക്കുകയാണ്. ക്ഷേത്രങ്ങൾ വർഗ്ഗീയവത്ക്കരിക്കുക, വിശ്വാസികൾക്ക് ക്ഷേത്രത്തിൽ പോകാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുക; വർഗ്ഗീയവത്ക്കരണത്തിന്റെയും ഭീകരപ്രവർത്തനത്തിന്റെയും കേന്ദ്രങ്ങളായി ആരാധനാലയങ്ങൾ ഉപയോഗപ്പെടുത്തുകയാണ്. നിങ്ങൾ എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഘർവാപസി, ലൗ ജിഹാദ് ഇതുമായി ബന്ധപ്പെട്ട് ഒരു കേസ്സെങ്കിലും രജിസ്റ്റർ ചെയ്തോ; നിങ്ങൾ പിന്തുണ കൊടുത്തോ; ഇനി വേണമെങ്കിലും പിന്തുണ കൊടുത്തോ? രാജ്യത്തെ കൊണ്ടുപോകുന്നത് എങ്ങോട്ടെന്നുള്ളത് ചിന്തിക്കണം. ആർ.എസ്.എസ്.-നെ പ്രീണിപ്പിക്കുന്ന നയം കോൺഗ്രസ് ഗുജറാത്തിൽ സ്വീകരിച്ചു. അതിന്റെ പിന്നാലെ നടന്നു. ഇപ്പോൾ ഗുജറാത്തിൽ കോൺഗ്രസ്സില്ല, കോൺഗ്രസ്സിനെയുംകൊണ്ട് ബി.ജെ.പി. പോയി. ഇവിടെ ആർ.എസ്.എസ്.-നെ പ്രീണിപ്പിക്കുന്ന നയം സ്വീകരിച്ച് കോൺഗ്രസ് ബി.ജെ.പി.-യാകും. മുസ്ലീം ലീഗ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നയം സ്വീകരിച്ചുപോയാൽ എൻ.ഡി.എഫും. എസ്.ഡി.പി.ഐ.-യും നിങ്ങളെയും കൊണ്ടുപോകും. ഈ രാജ്യത്തെ മതസാഹോദര്യം നിലനിർത്താൻ ഞങ്ങളേ ഉണ്ടാകൂ. നിങ്ങൾക്കിപ്പോൾ ബഹളം വയ്ക്കാം. ഇവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ അതാണ്. എസ്.എൻ.ഡി.പി.-ശ്രീനാരായണ ഗുരുദേവന്റെ ധർമ്മപരിപാലനത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള സ്ഥാപനമാണ്. അതിപ്പോൾ ആർ.എസ്.എസ്. പിടിച്ചടക്കിക്കൊണ്ടിരിക്കുകയാണ്. തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിൽ ഒരു ശ്രമം നടത്തി നോക്കിയതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജയരാജൻ 15 മിനിറ്റായി.

ശ്രീ. ഇ. പി. ജയരാജൻ: സർ, അവർ ബഹളം വച്ചിട്ട് എന്റെ സമയം കളഞ്ഞതിന് ഞാൻ എന്തുചെയ്യാനാണ്. ജഗന്നാഥ ക്ഷേത്രത്തിന്റെ പ്രധാന ഭാരവാഹിയായ 83 വയസ്സുള്ള രത്നാകരനെ ആക്രമിച്ചു. അദ്ദേഹം കോൺഗ്രസ്സുകാരനാണ്, പക്ഷേ ആർ.എസ്.എസ്സിന് എതിരാണ്. ആ ജഗന്നാഥ ക്ഷേത്രം കയ്യടക്കാൻ ആർ.എസ്.എസ്.-ന്റെ സംഘടിതമായ നീക്കം നടന്നു. ശ്രീനാരായണീയർ ശക്തമായി അതിനെ ചെറുത്തു. അതുകൊണ്ട്

ശ്രീ നാരായണഗുരു സ്ഥാപിച്ച തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തെ സംരക്ഷിക്കാൻ സാധിച്ചു. ഇന്ന് എസ്.എൻ.ഡി.പി.-യുടെ പലരും ആർ.എസ്.എസ്.-ന്റെ പിന്നാലെ നടക്കുകയാണ്. ഈ നിലപാട് സ്വീകരിച്ചുകൊണ്ട് ശ്രീനാരായണ ഗുരുദേവന്റെ ധർമ്മ പരിപാലനത്തിനുവേണ്ടി ചിന്തിക്കുന്ന ജനങ്ങൾ ആർ.എസ്.എസ്.-ന്റെ നിലപാടിന് എതിരായ സമീപനം സ്വീകരിച്ചുവരികയാണ്. നിങ്ങൾ അധികാരം ഉപയോഗിച്ചുകൊണ്ട് ആർ.എസ്.എസ്.-ന് പ്രചോദനവും സംരക്ഷണവും നൽകുന്നു.

ചില കാര്യങ്ങൾകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ആർ.എസ്.എസ്.-ന്റെ പ്രധാനികളിൽ പലരും ക്രിമിനലുകളാണ്. അവർ ക്രിമിനൽ പശ്ചാത്തലമുള്ളവരാണ്. കേരളത്തിൽ വന്നുകൊണ്ടിരിക്കുന്ന മയക്കുമരുന്നിന്റെ ഒരു ഭാഗം പോകുന്നത് ആർ.എസ്.എസ്.-ന്റെ ശാഖയിലേയ്ക്കാണ്. പാനൂർ വള്ളങ്ങാട് ഒരു ക്രിമിനൽ കൊള്ളസംഘത്തെ, പോലീസ് പിടികൂടി. അവരെ പിടികൂടിയപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്, വള്ളങ്ങാട് ആർ.എസ്.എസ്.-ന്റെ ശാഖാ മുഖ്യ ശിക്ഷക് നിവേദ് എന്ന അപ്പു, അന്തർ സംസ്ഥാന മോഷ്ടാക്കളുടെ നേതാവാണ്. അതൊരു വലിയ റാക്കറ്റാണ്. ആ റാക്കറ്റുകളാണ് ആർ.എസ്.എസ്. എന്ന പേരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇവർക്ക് സംരക്ഷണമാണ്. പോലീസ് പൂർണ്ണമായും ഇവരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നു. ഗവൺമെന്റ് ഇവർക്കുവേണ്ടി എല്ലാ നിലപാടുകളും സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ഈ രാജ്യത്ത് നടത്തിക്കൊണ്ടിരിക്കുന്ന ജനാധിപത്യവിരുദ്ധവും മതനിരപേക്ഷത തകർക്കുന്നതുമായ നിലപാടിനെതിരായി ശക്തമായ സമീപനം സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. ഇപ്പോൾ വരാൻപോകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ആർ.എസ്.എസ്.-ന്റെ സഹായം വേണം. കോൺഗ്രസ്സ് - ആർ.എസ്.എസ്. ബന്ധത്തിനുവേണ്ടിയുള്ള തുടക്കമാണ് ഇവിടെ ആരംഭിച്ചിട്ടുള്ളത്. അവരെ ഇരന്നുപിടിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് അദാനിക്കെതിരായി കോൺഗ്രസ്സിന്റെ കേന്ദ്ര നേതൃത്വം ഒരു ചെറിയ നിലപാട് സ്വീകരിച്ചു. എന്തൊരു വെപ്രാളമായിരുന്നു. ശ്രീ. ഒ. രാജഗോപാൽ ബി.ജെ.പി. - ആർ.എസ്.എസ്.-ന്റെ പ്രകടനം നയിച്ചു, മുഖ്യമന്ത്രിയെ കണ്ടു, ബന്ധം ഉറപ്പിച്ചിട്ടുണ്ട്. പുതിയ രാഷ്ട്രീയ ബന്ധത്തിന്റെ തുടക്കമാണത്. നമ്മുടെ സമാധാനത്തെ തകർക്കുക, പിഞ്ചുകുഞ്ഞുങ്ങളെ വെട്ടിക്കൊല്ലുക, ഭീകരവാദപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ബോംബ് നിർമ്മിക്കുക, ക്ഷേത്രങ്ങളും ആരാധനാലയങ്ങളും ഭീകരന്മാരുടെ പിടിയിലാകുക, അവർക്ക് പോലീസിന്റെ പൂർണ്ണസംരക്ഷണം കൊടുക്കുക, കേരള പോലീസിൽ ആർ.എസ്.എസ്.-ന്റെ ശാഖ പ്രവർത്തിക്കുകയാണ്. അത് നിങ്ങൾക്കറിയാം. പക്ഷേ നിങ്ങൾ നടപടിയെടുക്കാൻ

സന്നദ്ധരല്ല. നിങ്ങൾക്കറിയാവുന്ന പല കാര്യങ്ങളുമുണ്ട്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..... പ്ലീസ് കൺക്ലൂഡ്..... പതിനെട്ട് മിനിട്ട് കഴിഞ്ഞു. അങ്ങേക്ക് ഇഷ്ടംപോലെ സംസാരിക്കാൻ സമയം കിട്ടി.

ശ്രീ. ഇ. പി. ജയരാജൻ: സർ, നിരപരാധികളെ ആക്രമിക്കുകയാണ്. നിരപരാധികളെ കേസ്സിൽപ്പെടുത്തുകയാണ്. ഫസൽ വധക്കേസിൽ നിരപരാധികളെ കേസ്സിൽപ്പെടുത്തി ശിക്ഷിച്ചു. തൃശ്ശൂരിലെ തൊഴിയൂരിൽ സി.പി.എം.-ന്റെ അഞ്ച് സഖാക്കളെ തെറ്റായ കുറ്റം ചുമത്തി പോലീസ് അറസ്റ്റു ചെയ്ത് അവരെ ജയിലിൽ അടച്ചു. ഇവിടെ സെൻകുമാറിന്റെ നേതൃത്വത്തിൽ അന്വേഷണം വന്നു. തീരദേശ സംരക്ഷണ സേനയുടെ ഭാഗമായി റിപ്പോർട്ട് വന്നപ്പോൾ അവർ നിരപരാധികളാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........പ്ലീസ്.......

ശ്രീ. ഇ. പി. ജയരാജൻ: സർ, കൊലപാതകം നടത്തിയത് മറ്റ് ചിലരാണെന്ന് പറഞ്ഞു. ഇത്തരത്തിൽ നിരപരാധികളെ കേസ്സിൽപ്പെടുത്തുക. നിങ്ങൾ വെട്ടിന്റെ എണ്ണം നോക്കി നടക്കുകയാണ്. ആർ.എസ്.എസ്. എത്ര നിരപരാധികളെ വെട്ടിക്കൊന്നു? വെട്ടിന്റെ എണ്ണം നോക്കി നടക്കുന്ന നിങ്ങൾ ഈ സംഭവങ്ങളെക്കുറിച്ച് എന്നെങ്കിലും എണ്ണാൻ പോയോ? എണ്ണാൻ കുറെ ആളുകളുണ്ടല്ലോ. ഇവിടെ സമാധാനം തകർക്കപ്പെടുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........പ്ലീസ്....... ഇരുപത് മിനിട്ടായി. ഇതുവരെ ആരും ഇരുപത് മിനിട്ട് സംസാരിച്ചിട്ടില്ല. പ്ലീസ് കൺക്ലൂഡ്........പ്ലീസ്.......

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരള ജനതയിൽ ഭ്രാന്തിളക്കിവിടുകയാണ്. രാജ്യത്ത് ഹിന്ദു-മുസ്ലീം-ക്രിസ്തീയ കലാപമുണ്ടാക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങലിൽ ക്രിസ്തീയ ദേവാലയം ആക്രമിച്ചു. എവിടെനിന്നാണ് അവർക്ക് പ്രചോദനം കിട്ടിയത്? നിങ്ങളുടെ പിന്തുണയും കരുത്തുമാണ് അവർക്ക് പ്രചോദനമായത്. അല്ലെങ്കിൽ ആർ.എസ്.എസ്.-കാർ ഇവിടെ അനങ്ങുകയില്ല. നിങ്ങൾ അവർക്ക് വോട്ടുണ്ടാക്കിക്കൊടുക്കാൻ നടക്കുകയാണ്. അരുവിക്കര തെരഞ്ഞെടുപ്പിൽ വിജയിക്കാൻ ആർ.എസ്.എസ്.-നേയും ബി.ജെ.പി.-യേയും എങ്ങനെ ഉപയോഗിക്കണമെന്ന് നിങ്ങൾക്കറിയാം. ആർ.എസ്.എസും ബി.ജെ.പി.യുമായുള്ള യു.ഡി.എഫ്.-ന്റെ പ്രത്യേകിച്ച് കോൺഗ്രസ്സിന്റെ ബന്ധം നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയ ഭ്രാന്തിളക്കി വിടുകയാണ്. ....(മൈക്ക് ഓഫ്)

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........പ്ലീസ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അതിന് അവർക്ക് ശക്തി കൊടുക്കുകയാണ്

ഗവൺമെന്റ് ചെയ്യുന്നത്. ഇതിനെ ശക്തമായി നേരിടാൻ ഈ ഗവൺമെന്റ് സന്നദ്ധമല്ല. ആഭ്യന്തര വകുപ്പിന്റെയും കോൺഗ്രസ്സിന്റെയും രാഷ്ട്രീയമായ സഹായമാണ് ഈ അഴിഞ്ഞാട്ടത്തിന് കാരണം. മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന എട്ട് വയസ്സായ ഒരു കുഞ്ഞിന്റെ തല വെട്ടിനുറുക്കിയതിന് ഉത്തരവാദി നിങ്ങളാണ്, ഈ ഭരണമാണ്, ആഭ്യന്തര വകുപ്പാണ്. ഇങ്ങനെ പലരേയും വെട്ടിനുറുക്കി കൊലപ്പെടുത്തുമ്പോൾ നിങ്ങൾ കയ്യടിച്ച് സന്തോഷിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ അവസാനിപ്പിക്കണം. ഇത് രാജ്യത്തിന്റെ പ്രശ്നമാണ്. ഈ നാടിന്റെ പ്രശ്നമാണ്. ഈ നാടിനെ സംരക്ഷിക്കാൻ ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ സമയം നീട്ടി എടുത്തത് അപ്പുറത്ത് ബഹളമുണ്ടാക്കിയതുകൊണ്ടാണ്. അതുകൊണ്ട് ഞങ്ങളുടെ പ്രതിഷേധം ശക്തമായി ഇവിടെ രേഖപ്പെടുത്തുകയാണ്. ജൂലൈ 9-ാം തീയതി രാവിലെ 9 മണിക്കാണ് ഈ സംഭവം നടന്നത്. ഈ സംഭവം കേരളത്തിന്റെ ഒരു വലിയ പ്രശ്നമായതുകൊണ്ടാണ് ഞങ്ങളിന്ന് സഭയുടെ മുമ്പാകെ ഈ വിഷയം ഉന്നയിക്കാൻ നിർബന്ധിക്കപ്പെട്ടത്. ....(മൈക്ക് ഓഫ്).... നിങ്ങൾ ഇതുവരെ ആ കേസിന്റെ കാര്യത്തിൽ ഒരു അന്വേഷണവും നടത്തിയിട്ടില്ല. മൊബൈൽ ഫോൺ പരിശോധിച്ചിട്ടില്ല. ആർ.എസ്.എസ്.-കാരെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് കേരളത്തിന്റെ സമാധാനം നിലനിർത്താൻ വർഗ്ഗീയ ഫാസിസത്തിനെതിരായ, ഭീകരവാദത്തിനെതിരായ, സമാധാനത്തിനുവേണ്ടി ആഗ്രഹിക്കുന്ന കേരള ജനതയുടെ വികാരത്തെ കണക്കിലെടുത്ത് സഭാനടപടികൾ നിറുത്തിവച്ച് ഈ ഗൗരവമേറിയ പ്രശ്നം ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കൊല്ലപ്പെട്ട ഫഹദിന്റെ കുടുംബത്തിന് മതിയായ സാമ്പത്തിക സഹായം അനുവദിക്കാനും ഗവൺമെന്റ് തീരുമാനമെടുക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ ഇതേ വിഷയം സബ്മിഷനായി തന്നിട്ടുണ്ട്. എനിക്കും അവസരം തരണം. .... (ബഹളം).....

<u>മി. സ്പീക്കർ</u>: പ്ലീസ്......ചെയറിനെ പറയാൻ അനുവദിക്കൂ. ചെയർ പറയട്ടെ. .... ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി,........ചെയർ പറയുന്നത് കേൾക്കൂ. ചെയർ പറയുന്നത് കേൾക്കണ്ടേ?......... (ബഹളം)..... ചെയർ പറയാമെന്നുപറഞ്ഞാൽ നിങ്ങൾക്ക് കേൾക്കണ്ടല്ലോ. .... (ബഹളം)..... ചെയർ പറയട്ടെ........ ശ്രീ. എൻ. എ. നെല്ലിക്കുന്ന് രണ്ട് ദിവസം മുമ്പുതന്നെ ഇതിനെ സംബന്ധിച്ച് സബ്മിഷൻ നൽകിയിരുന്നു. അദ്ദേഹത്തിന് സബ്മിഷൻ അനുവദിച്ചിട്ടുണ്ട്. ഇന്നത്തെ സബ്മിഷന്റെ ലിസ്റ്റിൽ അത് വന്നിട്ടുമുണ്ട്. പക്ഷേ തെറ്റായ ഒരു കീഴ്വഴക്കം ചെയർ നടപ്പിലാക്കുന്നില്ല. അങ്ങ് തന്ന സബ്മിഷൻ അടിയന്തരപ്രമേയ സമയത്ത്

അങ്ങേക്ക് അവതരിപ്പിക്കാൻ കഴിയില്ല. സബ്മിഷന്റെ സമയത്ത് അങ്ങേക്ക് ആവശ്യമുണ്ടെങ്കിൽ ആ സബ്മിഷൻ അനുവദിക്കുന്നതാണ്. .... (ബഹളം)..... അടിയന്തരപ്രമേയ സമയത്ത് ആ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയല്ലാത്തവരെ സംസാരിക്കാൻ അനുവദിക്കില്ല. അത് ശരിയല്ല. തെറ്റായ ഒരു കീഴ്‌വഴക്കം ഉണ്ടാക്കരുത്. അങ്ങ് തന്ന സബ്മിഷൻ ഇന്നുതന്നെ സബ്മിഷൻ സമയത്ത് അവതരിപ്പിക്കാം.

10.00 AM]

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):</u> (...ബഹളം.....) സർ, ആ കുട്ടിയുടെ കുടുംബത്തിന് കാര്യമായ സാമ്പത്തികസഹായം നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും പരാതി കൊടുത്തിരുന്നു. ആ കുടുംബത്തിന് 15 ലക്ഷം രൂപയെങ്കിലും കൊടുക്കണമെന്നാണ് പരാതിയിൽ പറഞ്ഞിരുന്നത്. അതിൽ ഒരു സംഖ്യപോലും കുറയാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്യാബിനറ്റിൽവച്ച് പാസ്സാക്കി കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ടാമത്തെ കാര്യം, ഈ ദാരുണമായ സംഭവം നടന്നപ്പോൾ ആദ്യമായി പോലീസിന്റെ പ്രതികരണം ഒരു മനോരോഗിയാണ് ആ കുട്ടിയെ കൊന്നത് എന്നാണ്. ഞാൻ നേരിട്ട് ടി.വി.യിൽ കേട്ടതാണ്. ഇങ്ങനെ പോകുകയാണെങ്കിൽ ഈ കേസ് തേച്ചുമാച്ച് കളയുമെന്നത് ഉറപ്പാണ്. ഇപ്പോൾ എഫ്.ഐ.ആർ.-ൽ ഉള്ളതും അതാണ്.

<u>മി. സ്പീക്കർ:</u> ... പ്ലീസ്... പ്ലീസ്.... അങ്ങേക്ക് ഉന്നയിക്കാൻ മാത്രമേ സാധിക്കൂ. കൂടുതൽ പ്രസംഗിക്കാൻ പറ്റില്ല.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, ഒറ്റ കാര്യം, എഫ്.ഐ.ആർ. തിരുത്തിക്കൊടുത്തില്ലെങ്കിൽ ആ കേസിൽ കൊലയാളി രക്ഷപ്പെടും. മറ്റൊന്ന് അയാൾ മനോരോഗി അല്ല എന്നുള്ളതിന് തെളിവ് ഒരുപാടുണ്ട്. അയാൾ ആർ.എസ്.എസ്.കാരൻ ആണെന്ന തെളിവ് ഞങ്ങളുടെ കയ്യിലുണ്ട്. കഴിഞ്ഞ ലോകസഭ തെരഞ്ഞെടുപ്പിൽ കാസർഗോഡ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡി പ്രസംഗിക്കാൻ വന്നപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗം ഇയാൾ മൊബൈലിൽ പിടിച്ചെടുത്തു. അത് എല്ലാ സ്ഥലങ്ങളിലും കൊണ്ട് കേൾപ്പിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇയാൾ മനോരോഗിയാണോ? (.......മൈക്ക് ഓഫ്.......)

<u>മി. സ്പീക്കർ:</u> പ്ലീസ്... പ്ലീസ്... മതി. ഇനി കൂടുതൽ പ്രസംഗിക്കാൻ പറ്റില്ല. യെസ്... യെസ്... ആവശ്യത്തിനായി. പ്ലീസ്... പ്ലീസ്... അങ്ങനെ പ്രസംഗിക്കാൻ പറ്റില്ല. ...പ്ലീസ്... പ്ലീസ്...

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):</u> സർ, കേസിൽ കള്ളത്തരം നടത്തി ആ കൊലയാളിയെ രക്ഷിക്കാനുള്ള നടപടിയാണ് പോലീസ് സ്വീകരിക്കുന്നതെന്ന് ബലമായി ഞാനും ഞങ്ങളുടെ നാട്ടുകാരും സംശയിക്കുകയാണ്. അത് മാറ്റിയെടുക്കാൻ കഴിയണം. ആ കൊലയാളിക്ക് കടുത്ത ശിക്ഷ കൊടുക്കാനുള്ള നടപടിയായിരിക്കണം പോലീസിന്റെ റിപ്പോർട്ടിലുണ്ടാകേണ്ടത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):</u> സർ, ഇതിൽ എന്തായാലും കീഴ്‌വഴക്കത്തിന്റെ ഒരു പ്രശ്നം ഉണ്ട്. ഇന്നലെ അനുവദിച്ചതാണ്. പക്ഷേ ഇന്നലെ അസംബ്ലി നടന്നില്ല. മെമ്പറുടെ (ശ്രീ. എൻ.എ. നെല്ലിക്കുന്ന്-ന്റെ) അവകാശം നഷ്ടപ്പെടുന്ന ഇഷ്യൂ ഇതിനകത്തുണ്ട്. ഇന്നത്തെ ലിസ്റ്റിൽ ഇത് പ്രിന്റ് ചെയ്തുവരികയും ചെയ്തു. ..... (ബഹളം).... എന്തായാലും കീഴ്വഴക്കത്തിന്റെ പ്രശ്നമുണ്ട്. ഒരു വാക്ക് പറയാൻ അനുവദിച്ചാൽ എന്താണ് തെറ്റ്. ...(ബഹളം)......

<u>മി. സ്പീക്കർ:</u> പ്ലീസ്.... ചെയർ പറയട്ടെ, ഇവിടത്തെ ചട്ടവും കീഴ്വഴക്കവും അനുസരിച്ചാണ് സഭാനടപടികൾ മുന്നോട്ടു കൊണ്ടുപോകുന്നത്. അടിയന്തരപ്രമേയം അവതരിപ്പിച്ചാൽ അതിന് നോട്ടീസ് നൽകിയിട്ടുള്ളവരിൽ ആദ്യത്തെ ആളിനെയാണ് അവതരിപ്പിക്കാൻ വിളിക്കുന്നത്. അത് അവതരിപ്പിക്കും. പക്ഷെ, മറ്റൊരു നിയോജകമണ്ഡലത്തെ ബാധിക്കുന്ന പ്രശ്നമാണെങ്കിൽ ആ നിയോജക മണ്ഡലത്തിലെ എം.എൽ.എ.-യെക്കൂടി ഒരു മിനിട്ട് സംസാരിക്കാൻ അനുവദിക്കാറുണ്ട്. ഇവിടെ സംഭവിച്ചത് ഈ വിഷയം സംബന്ധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന് രണ്ടു ദിവസത്തിനുമുമ്പ് നോട്ടീസ് തന്നതാണ്. ഇന്നലെ അദ്ദേഹത്തിന് നൽകിയിരുന്നു. പക്ഷെ ഇന്നലെ നിയമസഭ നടന്നില്ല. ഇന്ന് അദ്ദേഹത്തിന് ഇത് അനുവദിച്ചിട്ടുണ്ട്. ഇന്നത്തെ ലിസ്റ്റിൽ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ സബ്മിഷൻ വന്നിട്ടുണ്ട് എന്ന് അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് എടുത്തപ്പോൾത്തന്നെ ഞാൻ സൂചിപ്പിച്ചതാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും അത് എടുത്തുപറഞ്ഞു. സാമ്പത്തികം അനുവദിക്കണമെന്ന് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. നമ്മുടെ കീഴ്വഴക്കം ലംഘിച്ചുകൊണ്ട് സഭാനടപടികൾ മുമ്പോട്ടു കൊണ്ടുപോകുന്നത് ......(ബഹളം).......

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> സർ, അങ്ങ് പറഞ്ഞത് ശരിയാണ്, കീഴ്വഴക്കം അങ്ങ് പറഞ്ഞതുതന്നെയാണ്. ഇവിടെ ഒരു അസാധാരണ സംഭവം ഉണ്ടായത് ഇന്നത്തെ അജണ്ടയിൽ ഈ സബ്മിഷൻ അടിച്ചുവന്നു എന്നുള്ളതാണ്.

സാധാരണ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ എന്റെ നിയോജകമണ്ഡലമാണ്; എനിക്കുകൂടി mention ചെയ്യാൻ അനുവദിക്കണം എന്നുപറഞ്ഞ് അന്നേരമാണ് എഴുതിത്തരുന്നത്. തലേദിവസം നടക്കുന്ന സംഭവവുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം കൊണ്ടുവരുമ്പോൾ സാധാരണയായി നടക്കുന്നത് അങ്ങനെയാണ്. ഇവിടെ അതിൽനിന്ന് വ്യത്യസ്തമായി മെമ്പർ നേരത്തെ എഴുതിത്തരികയും ഇന്നലെതന്നെ അത് ലിസ്റ്റ് ചെയ്ത് വരികയും ചെയ്തു. പക്ഷെ, ഇന്നലെ സഭ നടന്നില്ല. ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് വീണ്ടും കൊടുത്തപ്പോൾ അങ്ങ് തന്നെ അനുവദിച്ച് അജണ്ടയിൽ വന്ന ഒരു പ്രത്യേക സാഹചര്യമുണ്ടായി. അങ്ങ് പറഞ്ഞതാണ് ഇവിടത്തെ കീഴ്വഴക്കം. അതാണ് ശരി. ഞാൻ അതിനോട് പൂർണ്ണമായി യോജിക്കുന്നു. പക്ഷേ ഇന്ന് അതിൽനിന്ന് വ്യത്യസ്തമായ ഒരു സാഹചര്യം, ഇന്നത്തെ ലിസ്റ്റിൽ വന്നത്, ഇന്നലെയും ലിസ്റ്റിൽ വന്നതാണ്, അത് വച്ചുകൊണ്ട് ഇതിനെ reconsider ചെയ്യാൻ പറ്റുമോ എന്നുള്ളതാണ്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്നിനെ ക്ഷണിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഈ സംഭവം ഒരു പ്രത്യേക മണ്ഡലത്തിൽ മാത്രം ഒതുക്കി നിർത്തേണ്ടതല്ലായെന്നതുകൊണ്ടാണ് കാസർഗോഡ് ജില്ലക്കാരനായ ഞാൻ അങ്ങേക്ക് ഈ സബ്മിഷൻ ആദ്യം തന്നത്. അങ്ങേയ്ക്ക് ഈ സബ്മിഷൻ തന്നപ്പോൾ ഏതെങ്കിലും എം.എൽ.എ. ഇതുമായി ബന്ധപ്പെട്ട് സബ്മിഷൻ തന്നിട്ടുണ്ടോ എന്ന് ഞാൻ അന്വേഷിച്ചിരുന്നു. അങ്ങ് പറഞ്ഞത് ആരും തന്നില്ല എന്നാണ്. ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച് ശ്രീ. ഇ. പി. ജയരാജൻ പ്രസംഗിച്ചപ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്, അദ്ദേഹം ആ ജില്ലക്കാരനല്ല. അതിൽനിന്നുതന്നെ നമുക്ക് മനസ്സിലാക്കാം ഇത് ഒരു പ്രത്യേക ജില്ലയിലോ മണ്ഡലത്തിലോ ഒതുക്കിനിർത്തേണ്ട പ്രശ്നമല്ല എന്ന്. മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു പിഞ്ചുപൈതലിനെ കഴുത്തറുത്തും വെട്ടിയും കൊന്ന സംഭവം ഒരു പ്രത്യേക മണ്ഡലത്തിൽ ഒതുക്കി നിർത്തേണ്ടതല്ല. ഈ സംസ്ഥാനത്തെയാകെ നടുക്കിയ സംഭവമാണ്. അതുകൊണ്ടാണ് ആ മണ്ഡലക്കാരനല്ലാത്ത ഞാൻ ആ സബ്മിഷൻ ഇവിടെ അവതരിപ്പിക്കാൻ മുന്നോട്ടുവന്നത്. ശ്രീ. ഇ. പി. ജയരാജൻ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിച്ചത് ഫഹദ് എന്ന കുട്ടിയോടുള്ള സ്നേഹം കൊണ്ടോ ആ കുടുംബത്തോടുള്ള സ്നേഹം കൊണ്ടോ അല്ല അവർ ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നത്. ആ വിഷയത്തെക്കുറിച്ച് അവർ ഒന്നും സംസാരിച്ചില്ല. ....(ബഹളം)..... അവർ അടിയന്തരപ്രമേയത്തിൽ തൊഗാഡിയ, മുസ്ലീം ലീഗ് എന്നിങ്ങനെയുള്ള ആഗോള

രാഷ്ട്രീയം പറയാനാണ് സമയം മുഴുവൻ ഉപയോഗിച്ചത്. ആ കുട്ടിയോടും കുടുംബത്തോടുമുള്ള സ്നേഹം കൊണ്ടല്ല അവർ ഈ അടിയന്തരപ്രമേയം ഇവിടെ കൊണ്ടുവന്നതെന്ന് ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കും. ഞാൻ ഈ സബ്മിഷൻ കൊണ്ടുവന്നത് ഈ സംഭവം നമ്മുടെ സംസ്ഥാനത്തെ ഞെട്ടിപ്പിച്ച സംഭവമായതുകൊണ്ടാണ്. ആ കുടുംബത്തോടുള്ള സഹതാപം കൊണ്ടാണ് ഞാൻ ഈ സബ്മിഷൻ കൊണ്ടുവന്നത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ആഭ്യന്തര വകുപ്പുമന്ത്രിയോടും പറയാനുള്ളത് ഈ പ്രതി ഒരു മാനസികരോഗിയല്ല. കോടതിയിൽ ഈ കേസ് എത്തുമ്പോൾ മുമ്പ് ആ പ്രതിക്ക് കിട്ടിയ മാനസികരോഗിയാണ് എന്നുള്ള പരിഗണന ഈ കേസിൽ കിട്ടാൻ പാടില്ലായെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. കാസർഗോഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തിട്ടാവാം പോലീസ് ആ പ്രതി മാനസികരോഗിയാണെന്ന് ആദ്യം പറഞ്ഞത്.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ്.....ശ്രീ. എൻ. എ. നെല്ലിക്കുന്ന്, പ്രസംഗം ചുരുക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാസർഗോഡിന്റെ പ്രത്യേക സാഹചര്യം നമുക്കറിയാം, രണ്ട് റിക്ഷകൾ തമ്മിൽ കുട്ടിമുട്ടിയാൽ മതം നോക്കി ജാതി നോക്കി ഒരു ചെറിയ തീപ്പൊരിപോലും വലിയ തീയായി പടരുന്ന പ്രദേശമാണ് കാസർഗോഡ്. അതുകൊണ്ട് കാസർഗോഡ് ജില്ലയെ രക്ഷിക്കുന്നതിനുവേണ്ടിയായിരിക്കാം പോലീസ് ആദ്യമേ അയാൾ ഒരു മാനസികരോഗിയാണെന്നു പറഞ്ഞത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ആഭ്യന്തര വകുപ്പുമന്ത്രിയോടും പറയാനുള്ളത് ഈ കേസ് കോടതിയിലെത്തുമ്പോൾ മാനസികരോഗിയാണെന്ന പരിഗണന പ്രതിക്ക് കിട്ടാൻ പാടില്ലായെന്നാണ്. അതുപോലെ പാവപ്പെട്ട ഒരു കുടുംബമാണ്; ആ കുടുംബത്തിന് മതിയായ സാമ്പത്തിക സഹായം നല്കണമെന്നുകൂടി ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ്......എല്ലാവരും അവരവരുടെ സീറ്റുകളിലേക്ക് തിരിച്ചുപോകണം.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് തിരിച്ചുപോയി.)

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർ, അസാധാരണമായ ഒരു സന്ദർഭം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അപേക്ഷ പ്രകാരം കൊടുത്തതാണ്. ഞങ്ങൾ അതിനെ ഒബ്ജക്ട് ചെയ്തില്ല. പക്ഷേ ഇന്നലെ നടന്ന അടിയന്തരപ്രമേയത്തിൽ

കോട്ടയത്തുള്ള ശ്രീ. കെ. അജിത് ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട ചെയർ അത് നിഷേധിച്ചു. ഒരു പട്ടികജാതിക്കാരനായതു കൊണ്ടാണോ അത് നിഷേധിച്ചത്? അതറിയണം. ഇന്ന് ഇത് കൊടുത്തു. അത് വിവേചനമാണ് എന്ന് നിർഭാഗ്യവശാൽ പറയേണ്ടിവരും. ഞങ്ങൾക്ക് ഇപ്പുറത്ത് ഒരു മുഖ്യമന്ത്രി ഇല്ലാതെപോയതാണ് ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നം. മുഖ്യമന്ത്രി അപേക്ഷിച്ചാൽ സഭാനടപടികളും ചട്ടങ്ങളുമെല്ലാം കാറ്റിൽ പറക്കുമോ? അങ്ങല്ലേ ആദ്യ റൂളിംഗ് നടത്തിയത്. രണ്ടാമത് അങ്ങയുടെ റൂളിംഗ് മാറ്റി. ഇത് നിർഭാഗ്യകരമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ ഞാൻ ഇന്നലത്തെയും ഇന്നത്തെയുമായ ഒരു വ്യത്യാസം ചൂണ്ടിക്കാണിക്കുകയാണ്. ഇന്ന് അത് അജണ്ടയിൽ വന്നിട്ടുണ്ട്. ശ്രീ. കെ. അജിത് ഒരു സബ്മിഷൻ എഴുതി ക്കൊടുക്കുകയോ അജണ്ടയിൽ വരികയോ ചെയ്തിരുന്നില്ല. ഇന്നലെ എഴുതിത്തന്ന ശ്രീ.എൻ.എ.നെല്ലിക്കുന്നിന്റെ സബ്മിഷൻ ഇന്നത്തെ അജണ്ടയിൽ ഉൾക്കൊള്ളിച്ചതു കൊണ്ടാണ് അത് പരിഗണിക്കണമെന്നു പറഞ്ഞത്. (...ബഹളം......)

മി. സ്പീക്കർ: ചെയർ പറയട്ടെ. ...... ചെയർ പറയട്ടെ.... ശ്രീ. ശിവൻകുട്ടീ പ്ലീസ്....... പ്ലീസ്....... (ബഹളം)..... ഇത് ചർച്ചയാക്കാൻ പറ്റില്ല. അടിയന്തരപ്രമേയമാണ്. ഇനി മന്ത്രി വിശദീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ അങ്ങ് ഇത്തരത്തിൽ ഒരു പരാമർശം നടത്തിയത് വളരെ മോശമായിപ്പോയി. ഇത് ഒട്ടും പ്രതീക്ഷിച്ചതല്ല. സി.പി.ഐ.-യുടെ നിയമസഭാ കക്ഷിനേതാവും മുൻമന്ത്രിയും കൂടിയായ ബഹുമാനപ്പെട്ട സി. ദിവാകരൻ, ഇത്തരത്തിൽ ഒരു പരാമർശം നടത്തിയത് വളരെ മോശമായിപ്പോയി എന്ന് ചെയർ പറയുകയാണ്. ......(ബഹളം)........ കാരണം ഇവിടെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് രണ്ട് ദിവസം മുമ്പാണ് ഈ സബ്മിഷൻ തന്നത്. ഈ വിഷയത്തെ സംബന്ധിച്ച് ആരെങ്കിലും സബ്മിഷൻ നൽകിയിട്ടുണ്ടോ എന്ന് അദ്ദേഹം എന്നോട് ചോദിച്ചു. ഇല്ലെന്ന് ഞാൻ പറഞ്ഞതിനുശേഷമാണ് അദ്ദേഹം സബ്മിഷൻ നൽകിയത്. ഇന്നലെ രാവിലെതന്നെ അദ്ദേഹത്തിന് അനുവദിക്കുകയും അത് ഇന്നത്തെ ലിസ്റ്റിൽ വരികയും ചെയ്തു. പക്ഷേ ഇന്നലെ അടിയന്തരപ്രമേയം നൽകുന്നതിന് തൊട്ടുമുമ്പാണ് ശ്രീ. കെ. അജിത് സബ്മിഷൻ കൊണ്ടുവന്നത്. ഇന്നലെ രാവിലെയാണ് അത് തന്നത്. അത് ലിസ്റ്റിൽ വന്നിട്ടില്ലായിരുന്നു. സ്ഥലം എം.എൽ.എ.-യെ സാധാരണ ചെയർ അനുവദിക്കാറുണ്ട്. ലിസ്റ്റിൽ വന്ന സബ്മിഷനും ലിസ്റ്റിൽ വരാത്ത സബ്മിഷനും ഒരുപോലെ കണ്ടത് മോശമായിപ്പോയി. യാഥാർത്ഥ്യം മനസ്സിലാക്കാതെ വളരെ മോശമായ പദപ്രയോഗമാണ് അങ്ങ് നടത്തിയത്. ഇതിനെ സംബന്ധിച്ച് ഇനി ചർച്ചയില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അത്യന്തം പൈശാചികമായ ഒരു കൊലപാതകമാണ് കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ പഞ്ചായത്തിൽ ഉണ്ടായത്. കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ചിട്ടുള്ള ഒരു സംഭവം എന്നുള്ള നിലയിൽ എല്ലാവരും ഈ സംഭവത്തെ അപലപിക്കുകയാണ്. ..... (ബഹളം).......

ശ്രീ. സി. ദിവാകരൻ: സർ, .....(മൈക്ക് ഓഫ്).... ബഹുമാനപ്പെട്ട സ്പീക്കർ സർ, അങ്ങ് വ്യക്തിപരമായി ഇവിടെ പരാമർശിച്ചതൊന്നും സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല. സഭാംഗങ്ങളെ സ്പീക്കർ വ്യക്തിപരമായി പരാമർശിക്കരുത്. ഞങ്ങൾ അങ്ങയുടെ സഭയിലെ അംഗങ്ങളാണെന്ന കാര്യം വിസ്മരിക്കരുത്.

മി. സ്പീക്കർ: അങ്ങ് ചെയറിനെക്കുറിച്ച് പറഞ്ഞതും മറന്നുപോകരുത്.

ശ്രീ. സി. ദിവാകരൻ: സർ, .....(മൈക്ക് ഓഫ്).... ചെയറിനെക്കുറിച്ച് പറഞ്ഞത് ഞാൻ പിൻവലിച്ചു.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത്യന്തം വേദനാജനകമായ മനുഷ്യ മനഃസാക്ഷിയെ ഞെട്ടിപ്പിച്ച ഒരു സംഭവമായിരുന്നു കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ഒമ്പതാം തീയതി ഉണ്ടായത്. സംഭവം അറിഞ്ഞപ്പോൾത്തന്നെ ഞാൻ കാസർഗോഡ് എസ്.പി.-യുമായും കണ്ണൂർ ഐ.ജി.-യുമായും സംസാരിക്കുകയും ഇതിന് ഉത്തരവാദികളായ ആളുകൾക്കെതിരെ ശക്തമായ നിയമനടപടികളുമായി മുന്നോട്ടുപോകാൻ നിർദ്ദേശം നൽകുകയുമുണ്ടായി. ഇന്നലെ ആ കുട്ടിയുടെ പിതാവ് ശ്രീ. അബ്ബാസുമായി ഞാൻ ഫോണിൽ സംസാരിച്ചു. ആ പിതാവ് നെഞ്ച് പൊട്ടിക്കൊണ്ട് എന്നോട് ചില കാര്യങ്ങൾ പറഞ്ഞു. ഇവിടെ ഒരു സംഘർഷവും ഉണ്ടാകാത്ത സ്ഥലമാണ്. ഞങ്ങൾ അയൽപക്കക്കാരാണ്. ഞങ്ങൾ തമ്മിൽ ഇതുവരെ യാതൊരു സംഘർഷവും ഉണ്ടായിട്ടില്ല. എൻഡോസൾഫാൻ ബാധിതനായ, കാലിന് അല്പം പ്രയാസമുള്ള എന്റെ കുട്ടിയെ ഒരു കാരണവുമില്ലാതെ പൈശാചികമായി കൊലപ്പെടുത്തുകയാണ് ഉണ്ടായതെന്ന് പറഞ്ഞു. ആ സംഭവം എന്നോട് വിശദീകരിച്ചപ്പോൾ എനിക്ക് വളരെയേറെ വേദന തോന്നി. ആ സംഭവസ്ഥലത്തും പരിസരത്തും പോലീസിന്റെ സാന്നിദ്ധ്യമുണ്ടാകണമെന്ന് അപ്പോൾ തന്നെ ഞാൻ ആവശ്യപ്പെട്ടു. കാരണം ഇനിയും അതുമായി ബന്ധപ്പെട്ട് മറ്റൊരു സംഭവം ഉണ്ടാകാൻ പാടില്ല. എന്ത് സംഭവമുണ്ടായാലും ആ സംഭവങ്ങളെ പല തരത്തിൽ വ്യാഖ്യാനിച്ച് പല വിധത്തിലുള്ള സംഘർഷങ്ങൾക്ക് വഴിയൊരുക്കുന്ന ഒരു സ്ഥലമാണ് കാസർഗോഡ് ജില്ല എന്ന് പ്രത്യേകം കണ്ടുകൊണ്ടാണ് ഈ നിലപാട് സ്വീകരിച്ചത്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) ഇന്നലെ നൽകിയ കത്തിലും വളരെ വിശദമായി അത്

പറയുന്നുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളും കാസർഗോഡ് ജില്ലയിൽ ഉണ്ടാകുന്ന സംഭവങ്ങളെ സമചിത്തതയോടെ കാണാനും നേരിടാനും മുന്നോട്ടുവരണം. എനിക്ക് ഒരു കാര്യത്തിൽ സന്തോഷമുണ്ട്. കഴിഞ്ഞ ദിവസം ക്ഷേത്രവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം ശ്രീ. കെ. കുഞ്ഞിരാമൻ ഉന്നയിച്ചു. ആ സന്ദർഭത്തിൽ അദ്ദേഹവും ഞാനും ഇടപെട്ടാണ് അവിടെ തുടർന്നുണ്ടായ സംഘർഷങ്ങൾ ഒഴിവാക്കിയത്. കാസർഗോഡ് ജില്ലയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ എല്ലാ രാഷ്ട്രീയ പാർട്ടികളും തികഞ്ഞ സമചിത്തത പാലിക്കുന്നതുകൊണ്ടാണ് കൂടുതൽ പ്രശ്നങ്ങൾ അവിടെ ഉണ്ടാകാതിരിക്കുന്നത്. അതുകൊണ്ട് ഈ പ്രശ്നത്തെയും ആ നിലയിൽ കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവിടെ ഉണ്ടായ സംഭവത്തിന് പോലീസ് ശക്തമായ നടപടി എടുത്തിട്ടുണ്ട്. 302 പ്രകാരം കേസ് എടുത്തു. 9-7-2015-ന് സംഭവം ഉണ്ടായി, 10-7-2015-ന് കോടതി പ്രതിയെ റിമാന്റ് ചെയ്തു. നിയമപരമായി 25-7-2015-നകം പ്രതിയെ കസ്റ്റഡിയിൽ വാങ്ങണമെന്നാണ്. കസ്റ്റഡിയിൽ വാങ്ങാനുള്ള അപേക്ഷ കൊടുത്തിട്ടുണ്ട്. ഈ പ്രതിയെപ്പറ്റി ബഹുമാനപ്പെട്ട ഇ.പി. ജയരാജൻ ചൂണ്ടിക്കാണിച്ചത് ശരിയാണ്. വിജയകുമാർ എന്ന ഈ പ്രതി തന്റെ മൊബൈൽ ഫോണിൽനിന്നും 27-6-2014-ന് തിരുവനന്തപുരം റെയിൽവേ കൺട്രോൾ റൂമിൽ വിളിച്ച് മംഗലാപുരത്തിനും മലപ്പുറത്തിനും ഇടയിൽ നാലുമാസത്തിനുള്ളിൽ സ്ഫോടനമോ അപകടമോ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് വ്യാജഭീഷണി പരത്തിയതിന് കേസ് എടുത്തില്ലായെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. കാസർഗോഡ് റെയിൽവേ പോലീസ് IT Act-ലെയും, KP Act-ലെയും വകുപ്പ് പ്രകാരം ക്രൈം നമ്പർ 56/2014 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി 28-6-2014-ൽ പ്രതിയെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തതാണ്. 7-7-2014-ൽ കോടതിയിൽനിന്നും പ്രതിക്ക് ജാമ്യം കിട്ടുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പ്രതിയെ ചൂണ്ടിക്കാണിച്ചു കൊടുത്തത് അബ്ബാസ് ആണെന്നുള്ള ചില വാർത്തകൾ അവിടെ പറയുന്നുണ്ട്. സംഭവത്തെപ്പറ്റി നിഷ്പക്ഷമായ അന്വേഷണം നടത്തിയാലേ നിജസ്ഥിതി എന്താണെന്ന് അറിയാൻ സാധിക്കുകയുള്ളൂ. ഇയാൾ ഒരു മാനസികരോഗിയാണെന്ന് പോലീസ് പറഞ്ഞുവെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. കെ. കുഞ്ഞിരാമൻ പറഞ്ഞു. അയാൾ മാനസികരോഗിയാണോ അല്ലയോയെന്ന് എനിക്ക് അറിയില്ല. അതിന് authentic ആയ രേഖകളൊന്നും എന്റെ കൈയിൽ കിട്ടിയിട്ടില്ല. IPC സെക്ഷൻ 84 അനുസരിച്ച് അതിന്റെ ഒരു ആനുകൂല്യവും പ്രതിക്ക് കിട്ടുകയില്ല. അത് കിട്ടാതിരിക്കാനുള്ള നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്. അയാൾ ഒരു മാനസികരോഗിയാണെങ്കിൽ തന്നെയും ഒരു Lucid Interval-ൽ നടത്തുന്ന ഒരു കാര്യമായതിനാൽ IPC Section 84 അനുസരിച്ച് ഇയാൾക്ക് ഒരു ആനുകൂല്യവും കിട്ടാൻ പോകുന്നില്ല. ഈ കേസിനെ വളരെ ഗൗരവത്തോടെയാണ് പോലീസും

ഗവൺമെന്റും എടുക്കുന്നത്. ഇന്ന് കണ്ണൂർ ഐ. ജി. ദിനേന്ദ്ര കശ്യപിനോട് സ്ഥലത്ത് പോകാൻ പറഞ്ഞിട്ടുണ്ട്. എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ കേസിൽ ഒരു അലംഭാവവും ഉണ്ടാകുന്ന പ്രശ്നമില്ല. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതുപോലെ പാവപ്പെട്ട, ഒന്നും അറിഞ്ഞുകൂടാത്ത നിരപരാധിയും നിഷ്ക്കളങ്കനുമായ കുട്ടിയെ കൊലപ്പെടുത്തിയ സംഭവത്തെ ഗവൺമെന്റും പോലീസും അതീവ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. ഇക്കാര്യത്തിൽ ശക്തമായ നടപടി ഉണ്ടാകും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇവിടെ അക്രമം നടത്തുന്നതാരാണെങ്കിലും അക്രമത്തെയാണ് പോലീസ് കാണുന്നത്. അത് ആർ.എസ്.എസ്. ആണെങ്കിലും സി.പി.ഐ.(എം.) ആണെങ്കിലും ബി.ജെ.പി. ആണെങ്കിലും അക്രമത്തെയാണ് പോലീസ് കാണുന്നത്. ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും സംരക്ഷിക്കുന്ന നിലപാട് ഈ ഗവൺമെന്റിനില്ല. ഞങ്ങൾക്ക് അതിന്റെ ആവശ്യവുമില്ല. അദ്ദേഹം പറഞ്ഞ രാഷ്ട്രീയത്തിന് ഞാൻ മറുപടി പറയുന്നില്ല. അത് പറയാൻ വേറെ വേദിയുണ്ട്. അദ്ദേഹം ഈ സംഭവത്തെ ഒന്നു സ്പർശിച്ചുപോയി, എന്നാൽ കൂടുതലും കേരളത്തിന്റെ രാഷ്ട്രീയ സാഹചര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഞാൻ ഈ സംഭവത്തിന്റെ ഗൗരവം കൂടുതൽ കാണുന്നുവെന്നുള്ളതുകൊണ്ട് രാഷ്ട്രീയ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിൽ ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും നേരിടാൻ ശക്തിയുള്ള പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും കേരളത്തിൽ യു.ഡി.എഫും ആണ്. അക്കാര്യത്തിൽ ആരും സംശയിക്കുകയൊന്നും വേണ്ട. ആർ.എസ്.എസ്.-നെയും ബി.ജെ.പി.യെയും നേരിടാൻ ഞങ്ങൾക്ക് ആരുടെയും ഓശാരം വേണ്ട, ഞങ്ങൾക്ക് അതിനുള്ള കരുത്തുണ്ട്. ഞങ്ങളാണ് പരാജയപ്പെടുത്തുന്നത്. കേരളത്തിൽ ബി.ജെ.പി.-ക്ക് ഒരു സീറ്റ് കിട്ടാതിരിക്കുന്നത് യു.ഡി.എഫ്. ഇവിടെ നിൽക്കുന്നതുകൊണ്ടാണ്. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. ദേവാലയങ്ങളെ സംബന്ധിച്ച് ശ്രീ. ഇ.പി. ജയരാജൻ പറഞ്ഞു. ദേവാലയങ്ങളെ ദുരുപയോഗം ചെയ്യുന്നതിനെതിരെ ശക്തമായ നിയമമുണ്ട്. ആ നിയമം ശക്തമായി തന്നെ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, പോലീസ് പറഞ്ഞപ്രകാരം എഫ്.ഐ.ആർ.-ൽ അയാൾ മനോരോഗിയാണെന്ന് ചേർത്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ അത് തിരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും. അങ്ങനെയില്ലെന്നാണ് എന്റെ അറിവ്. അങ്ങനെയുണ്ടെങ്കിൽ തീർച്ചയായും നടപടി സ്വീകരിക്കാം. അതിന് യാതൊരു ആശങ്കയും വേണ്ട.

ഇവിടെ The Religious Institutions (Prevention of Misuse) Act, 1988, Place of Worship (special provisions) Act, 1991, അതുപോലെതന്നെ G.O (P) No. 217/05/Home. ഈ രണ്ട് നിയമപ്രകാരം ആരാധനാലയങ്ങളെ ദുരുപയോഗപ്പെടുത്തുന്ന ആരാണെങ്കിലും അവർക്കെതിരെ നടപടി ഉണ്ടാകും.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ മനോരോഗിയാണോ അല്ലയോയെന്ന് പറഞ്ഞില്ല. അത് എന്തായാലും ഒരു Lucid inerval-ൽ ചെയ്യുന്നതുകൊണ്ട് അദ്ദേഹത്തിന് ആനുകൂല്യം ലഭിക്കില്ലായെന്ന് പറഞ്ഞു. ഇന്റർപ്രെട്ടേഷൻ ഓഫ് ലെജിസ്ലേഷൻ അനുസരിച്ച് അങ്ങ് എന്താണ് ഉദ്ദേശിച്ചതെന്ന് വിശദമാക്കണം. സഭയ്ക്ക് ഇത് മനസ്സിലായിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രതി മനോരോഗിയാണെന്ന് പോലീസ് ചിത്രീകരിക്കരുതെന്ന് ബഹുമാനപ്പെട്ട മെമ്പർ കെ. കുഞ്ഞിരാമൻ പറഞ്ഞപ്പോൾ ഞാൻ അതിന്റെ മറുപടി പറഞ്ഞതാണ്. IPC Section 84 അനുസരിച്ച് " Act of a person of unsound mind- Nothing is an offence which is done by a person who, at the time of doing it, by reason of unsoundness of mind, is incapable of knowing the nature of the act, or that he is doing what is either wrong or contrary to law." കുറ്റകൃത്യം ചെയ്യുന്ന സമയത്ത് അയാൾ മനോരോഗിയാണോ എന്ന് മാത്രമേ Section 84 അനുസരിച്ച് പരിശോധിക്കുകയുള്ളൂ.

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ ഉന്നയിച്ച പ്രശ്നം, മനോരോഗിയാണെന്ന് സംശയിക്കേണ്ട യാതൊരു സാഹചര്യവും ഇല്ലാതിരിക്കെ പോലീസ് എന്തിനാണ് ഈ ഇന്റർപ്രെട്ടേഷൻ ഓഫ് ലെജിസ്ലേഷൻ കൊണ്ടുവരുന്നതെന്നതാണ് സംശയം?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയൊരു പറച്ചിൽ അവിടെ ഉണ്ടെന്നുള്ളതല്ലാതെ ഞങ്ങൾ അത് മുഖവിലയ്ക്ക് എടുക്കുന്നില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, റെയിൽവേ അട്ടിമറിയുടെ കാര്യം സെൻട്രലിലേക്ക് വിളിച്ചുപറഞ്ഞ കേസുമായി ബന്ധപ്പെട്ട് മനോരോഗിയാണെന്ന് പറഞ്ഞിട്ടാണ് ഈ പ്രതിക്ക് ജാമ്യം കിട്ടിയത്. അത് അറിയാവുന്നവരാണ് അവിടുത്തെ പോലീസ്. ഇത് കൃത്രിമമായി ഉണ്ടാക്കിയതാണെന്ന് അവിടത്തെ പോലീസിന് അറിയാം. ഈ സംഭവം കഴിഞ്ഞതിനുശേഷം, മനോരോഗിയാണെന്ന് എഫ്.ഐ.ആർ, ഇട്ടുവെന്നാണ് പോലീസ് പറഞ്ഞിരിക്കുന്നത്. അത് ടെലിവിഷനിൽ പോലീസ് തന്നെയാണ് പ്രക്ഷേപണം ചെയ്യിക്കുന്നത്. എന്തിന് വേണ്ടിയിട്ടാണ്?

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. പോലീസ് തന്നെ മനോരോഗിയെന്നു പറഞ്ഞു ഇത്തരം സാഹചര്യം സൃഷ്ടിക്കുന്നു. കാസർഗോഡിന്റെ പ്രത്യേക സിറ്റ്വേഷൻ പറഞ്ഞ് ഇത്തരം ഒരു സാഹചര്യം സൃഷ്ടിക്കുന്നത് പ്രതികളെ സഹായിക്കുന്നതിന് ഇടയാക്കും. അത് അങ്ങേക്ക് അറിയാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അങ്ങേക്ക് ഉറപ്പുനൽകുന്നു. ഒരു കാരണവശാലും ഒരു പ്രതിയെയും സംരക്ഷിക്കുന്ന പ്രശ്നമുണ്ടാകില്ല. ശക്തമായ നടപടി ഉണ്ടാകും. IPC 84 അനുസരിച്ച് ഈ ആനുകൂല്യം അയാൾക്ക് കിട്ടുകയില്ല. ഉറപ്പ് നൽകുകയാണ്. ദേവാലയങ്ങളെ ദുരുപയോഗപ്പെടുത്തുന്നതിനെതിരായി The Religious Institutions (Prevention of Misuse) Act, 1988, Place of Worship (special provisions) Act, 1991 എന്നീ നിയമങ്ങൾ ഉണ്ട്. കൊടുങ്ങല്ലൂരിന്റെ കാര്യം അങ്ങ് പറഞ്ഞു. അതനുസരിച്ച് ശക്തമായി നടപടികൾ എടുത്തിട്ടുണ്ട്. അങ്ങ് തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിന്റെ കാര്യം പറഞ്ഞു. ഈ സംഭവം ഉണ്ടായപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അസംബ്ലിയിൽ വച്ച് എന്നെ നേരിട്ട് കണ്ട് സംസാരിച്ചു. മതിയായ സംരക്ഷണം കൊടുക്കണം, ബി.ജെ.പി.-യും ആർ.എസ്.എസും. ഇവിടെ അതിക്രമിച്ചു കയറാൻ പോകുന്നു, തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ പോകുന്നു എന്നുപറഞ്ഞു. അങ്ങ് ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിക്കണം, ശക്തമായ പോലീസ് ബന്തവസ്സിലാണ് അവിടെ കാര്യങ്ങൾ നടന്നത്. ഒരു അനിഷ്ട സംഭവവും ഉണ്ടായില്ല. ഞങ്ങൾ എവിടെയാണ് ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും സംരക്ഷിക്കുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് കൊടുങ്ങല്ലൂർ ക്ഷേത്രത്തിന്റെ കാര്യം പറഞ്ഞല്ലോ. ശ്രീകുമാർ എന്നുപറയുന്ന ആർ.എസ്.എസ്.-ന്റെ തലവനാണ് അവിടത്തെ കൈകാര്യ കർത്താവ്. അക്കാര്യം ശ്രീ. ടി. എൻ. പ്രതാപന് അറിയാം. ആർ.എസ്.എസ്.-ന്റെ താവളമാണ്. പോലീസ് അങ്ങോട്ട് കടക്കില്ല. അവിടെനിന്നുമാണ് ബോംബ് നിർമ്മിച്ച് പല ഭാഗത്തും അയയ്ക്കുന്നത്. തലശ്ശേരി താലൂക്കിന്റെ പല ക്ഷേത്രങ്ങളിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും ഇതാണ്. നിങ്ങൾ പലപ്പോഴും ഇന്റലിജൻസിന്റെ റിപ്പോർട്ട് തള്ളിക്കളയുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായാണ് നിങ്ങൾക്ക് ശരിയായി കാര്യങ്ങൾ കാണാൻ കഴിയാത്തത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആരും ബോംബുണ്ടാക്കരുതെന്നാണ് എന്റെ ആഗ്രഹം. ദയവായി ആരും ബോംബുണ്ടാക്കരുത്. ബോംബ് നിർമ്മാണ സംസ്കാരം കേരളത്തിൽ അവസാനിപ്പിക്കണമെന്നത് എല്ലാ രാഷ്ട്രീയ പാർട്ടികളും ചിന്തിക്കേണ്ട കാര്യമാണ്. ബോംബുണ്ടാക്കി ആളുകളെ കൊല്ലുന്ന പ്രവർത്തനം ഒരു രാഷ്ട്രീയപാർട്ടിയും നടത്തരുതെന്നാണ് കേരള ജനതയും ആഗ്രഹിക്കുന്നത്. അങ്ങേക്ക് ഞാൻ ഉറപ്പുനൽകുന്നു, കൊടുങ്ങല്ലൂരിലെ വിഷയം സംബന്ധിച്ച്

ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ഞാൻ വ്യക്തമായ മറുപടി പറഞ്ഞതാണ്, നിയമപരമായ നടപടി അക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. കുഞ്ഞിരാമന്റെ അറിവിലേക്ക് ഞാൻ ഒരു കാര്യംകൂടി പറയുകയാണ്, എഫ്.ഐ.ആർ.-ൽ മാനസികരോഗിയാണെന്ന് പോലീസ് എഴുതിയിട്ടില്ല. അതോടൊപ്പം ഞങ്ങൾ ആരേയും വെള്ളപൂശാൻ ആഗ്രഹിക്കുന്നുമില്ല. കുറ്റകൃത്യങ്ങളുണ്ടായാൽ പാർട്ടിവ്യത്യാസമില്ലാതെ നടപടിയെടുക്കുകയെന്നതാണ് ഗവൺമെന്റിന്റെ സമീപനം. പോലീസിൽ ആർ.എസ്.എസ്.-ന്റെ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം ഇവിടെ പറഞ്ഞത് അടിസ്ഥാനരഹിതമാണ്. ഒരു പാർട്ടിയുടെ യൂണിറ്റും പോലീസിൽ പ്രവർത്തിക്കാൻ അനുവദിക്കില്ല. പോലീസ് ഒരു സേനയാണ്. യൂണിഫോം ഫോഴ്സാണ്. യൂണിഫോം ഫോഴ്സ് അച്ചടക്കത്തോടെ പ്രവർത്തിക്കേണ്ടതാണ്. ഒരുതരത്തിലുമുള്ള രാഷ്ട്രീയ പ്രവർത്തനവും അവിടെ അനുവദിക്കുന്ന പ്രശ്നമില്ലെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കുടുംബത്തിലെ എൻഡോസൾഫാൻ ബാധിതനായ ഒരു കുട്ടിയാണ് ഫഹദ്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, പ്രതി മനോരോഗിയാണെന്ന് കാസർഗോഡ് എസ്.പി. പരസ്യമായി ടെലിവിഷനിൽ പറഞ്ഞത് ഞാനും കണ്ടതാണ്. ആ ചാനലിന്റെ പേരും ഞാൻ പറയാം, മനോരമ ചാനൽ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആ പ്രദേശത്തെ ആളുകൾ അങ്ങനെ പറയുന്നതാണ്. പക്ഷേ എഫ്.ഐ.ആർ.-ൽ അങ്ങനെ ഉൾപ്പെടുത്തിയിട്ടില്ല. അതിന്റെ പേരിൽ പ്രതിക്ക് ഒരാനുകൂല്യവും ലഭിക്കില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുകയാണ്. അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ല. ഈ സംഭവം, പ്രത്യേകിച്ച് പുണ്യമാസത്തിൽ നോമ്പുകാലത്ത് നടന്ന ഇത്രയും നിഷ്ഠൂരമായ കൊലപാതകത്തെ ഗവൺമെന്റ് വളരെ ഗൗരവത്തോടെയാണ് കാണുന്നത്. അതുമാത്രമല്ല, ഒരു എൻഡോസൾഫാൻ ബാധിതനായ കുട്ടിക്കാണ് ഇത് സംഭവിച്ചിരിക്കുന്നത്. ആ കുട്ടിയുടെ കുടുംബത്തെ സഹായിക്കാനാവശ്യമായ ഫണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്നതിന് നാളത്തെ കാബിനറ്റിൽ തീരുമാനിക്കുമെന്നും അങ്ങയെ ഞാൻ അറിയിക്കുന്നു. ഈ വിഷയം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണത്തിൻകീഴിൽ എന്തെല്ലാം കൊടിയപാതകങ്ങളാണ്

നടക്കുന്നത്. കൊലയ്ക്കും കൊള്ളിവയ്പ്പിനും അഴിമതിക്കും എല്ലാവിധ ഒത്താശകളും ചെയ്തു കൊടുക്കുന്ന ഒരു സർക്കാരല്ലേ ഇത്. കാശുള്ളവനും അധികാരമുള്ളവനും എന്തുമാകാമെന്ന സ്ഥിതിയാണ് ഇപ്പോൾ കേരളത്തിലുള്ളത്. ജനങ്ങളെ എങ്ങനെയൊക്കെ ദ്രോഹിക്കാമെന്നും നശിപ്പിക്കാമെന്നും ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ സർക്കാർ. മരങ്ങാട്ടുപിള്ളിയിലെ പാവപ്പെട്ട ഒരു തൊഴിലാളിയെ ലോക്കപ്പിൽ വച്ച് പോലീസ് കൊന്നതിനെ സംബന്ധിച്ച് ഇന്നലെ ഇവിടെ ഞങ്ങൾ ഉന്നയിച്ചതാണ്. കൊലയാളികളായ പോലീസുകാർക്കെതിരെ കൊലക്കുറ്റം ചുമത്തണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം പരിഗണിക്കാൻ നിങ്ങൾ തയ്യാറായില്ല. കാരണം നിങ്ങൾക്ക് പോലീസിനെ പേടിയാണല്ലോ? നിങ്ങളുടെ കൊള്ളരുതായ്മകൾ മൂടിവയ്ക്കുകയാണല്ലോ പോലീസിന്റെ തൊഴിൽ *** എന്ന രീതിയിലല്ലേ സർക്കാരും പോലീസും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കാഞ്ഞങ്ങാട്ട് മൂന്നാം ക്ലാസിൽ പഠിക്കുന്ന എട്ട് വയസ്സായ കുട്ടിയെ ഒരു ബി.ജെ.പി. ക്രിമിനൽ അതിദാരുണമായി വെട്ടിക്കൊന്നത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണെന്ന് തോന്നുന്നു. എന്നിട്ട് ശ്രീ. രമേശ് ചെന്നിത്തലയുടെ പോലീസ് കണ്ടുപിടിച്ചതെന്താണ്? ഈ കൊലയാളിക്ക് മാനസികരോഗമാണെന്നാണ്. അങ്ങനെ അയാളെ രക്ഷിക്കാനല്ലേ നിങ്ങൾ ശ്രമിച്ചത്? പിന്നീടുള്ള അന്വേഷണത്തിൽ അയാൾക്ക് ഒരു മാനസികരോഗവുമില്ലെന്ന് കണ്ടെത്തുകയും അയാൾ വെറും ആർ.എസ്.എസ്. ക്രിമിനലാണെന്നത് പുറത്തുവരികയും ചെയ്തില്ലേ? എന്തിനാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ പോലീസ് ഈ ക്രിമിനലിനെ സംരക്ഷിക്കാൻ*** ശ്രമിച്ചത്, അത് നിങ്ങളും ബി.ജെ.പി.യും തമ്മിലുള്ള അവിഹിത കൂട്ടുകെട്ടുകൊണ്ടാണ്. പൈശാചികമായ കൊലപാതകം ശ്രീ. ഉമ്മൻ ചാണ്ടിയുടേയും ശ്രീ. രമേശ് ചെന്നിത്തലയുടേയുമൊക്കെ മനസിനെ അല്പംപോലും അലട്ടിയിട്ടില്ല എന്നത് അവർ രണ്ടുകൂട്ടരും തമ്മിലുള്ള ബന്ധമാണ് സൂചിപ്പിക്കുന്നത്. എന്താണ് കോൺഗ്രസും ബി.ജെ.പി.-യും തമ്മിലുള്ള ബന്ധം? ശ്രീ. നരേന്ദ്ര മോദി പ്രധാനമന്ത്രിയായതുകൊണ്ടുമാത്രമാണോ ബി.ജെ.പി.ക്കാർ ഡ്രാക്കുളകളെപ്പോലെ ഇവിടെ അഴിഞ്ഞാടുന്നത്? അതുകൊണ്ടുമാത്രമല്ല, കേരളം ഭരിക്കുന്നത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസാണ്. എന്ത് തോന്ന്യാസം കാട്ടിയാലും ശ്രീ. ഉമ്മൻ ചാണ്ടിയും കോൺഗ്രസും അതിനൊക്കെ കൂട്ടുനിൽക്കുമെന്ന് ബി.ജെ.പി.ക്കാർക്കറിയാം. അതുകൊണ്ടാണ് അവർ ഇങ്ങനെ അഴിഞ്ഞാടുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയും ബി.ജെ.പി. നേതാക്കളും തമ്മിലുള്ള ഒത്തുകളി ഇന്നലെ ഈ സഭയിലും നാം കണ്ടതാണ്. പ്രവീൺ തൊഗാഡിയയുടെ പേരിലുള്ള കേസ് പിൻവലിച്ചതിനെപ്പറ്റി ഒരു ഉളുപ്പുമില്ലാതെയല്ലേ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇന്നലെ സഭയിൽ മറുപടി പറഞ്ഞത്. പച്ചക്കള്ളമല്ലേ ഇന്നലെ ഈ സഭയിൽ

***സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം (ഫയൽ നം.4155/ഇ.സി/2015/നി.സെ/തീയതി 28-7-2015)സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

എഴുന്നള്ളിച്ചത്. കോടതി പറഞ്ഞതുകൊണ്ടാണ് കേസ് പിൻവലിച്ചതെന്നല്ലേ അദ്ദേഹം ക്രിമിനൽ നടപടിചട്ട നിയമത്തിലെ വകുപ്പ് ചേർത്തുകൊണ്ട് ഇവിടെ പറഞ്ഞത്. ഇന്ത്യയിലെ ഏതെങ്കിലും കോടതി അങ്ങനെ പറയുമോ? അന്വേഷണത്തിന് സമയപരിധിയില്ലായെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി തന്നെ പറഞ്ഞിട്ടില്ലേ? സഭയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ വിരുത് ഇന്നലെയും നമ്മൾ കണ്ടു. ഞാൻ അത് ആവർത്തിക്കുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രത്യേക താൽപ്പര്യമാണ് പ്രവീൺ തൊഗാഡിയയ്ക്കെതിരെയുള്ള കേസ് പിൻവലിച്ചതിനുപിന്നിലുള്ളത്. ഇതേപ്പറ്റി ശ്രീ. ഉമ്മൻ ചാണ്ടിയുടെ തൊട്ടടുത്തിരിക്കുന്ന വ്യവസായ വകുപ്പുമന്ത്രിക്കെന്താണ് പറയാനുള്ളതെന്ന് അറിയാൻ കേരളത്തിന് അവകാശമുണ്ട്. ആരാണ് പ്രവീൺ തൊഗാഡിയ? സംഘ് പരിവാർ നേതാവെന്നുമാത്രം പറഞ്ഞതുകൊണ്ടായില്ല, വാക്കുകളിൽ മാത്രമല്ല ശ്വാസോച്ഛ്വാസത്തിൽപ്പോലും വർഗ്ഗീയവിഷം ചീറ്റുന്ന അപകടകാരിയാണ് അയാൾ. അയാളുടെ പേരിലുള്ള കേസ് പിൻവലിച്ച് അയാളെ സഹായിക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിക്ക് എന്താണ് ഇത്ര താൽപ്പര്യമെന്ന് മനസിലാകുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടിയും പ്രവീൺ തൊഗാഡിയായും മച്ചമ്പിമാരാണോയെന്ന് ഞാൻ ചോദിക്കുകയാണ്. പ്രവീൺ തൊഗാഡിയയെ രക്ഷിക്കുവാൻ മാത്രമാണോ ശ്രീ. ഉമ്മൻ ചാണ്ടി പരിശ്രമിച്ചത്? തിരുവനന്തപുരം എം.ജി. കോളേജിൽ പോലീസുകാരെ വധിക്കാൻ ശ്രമിച്ച കേസിലെ ആർ.എസ്.എസ്.കാരേയും ശ്രീ. ഉമ്മൻ ചാണ്ടി കേസിൽനിന്നും ഒഴിവാക്കിക്കൊടുത്തില്ലേ? എന്തായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഇതിനുപിന്നിലുള്ള താൽപ്പര്യം? ബി.ജെ.പി.യുമായുള്ള രഹസ്യബാന്ധവമല്ലേ? ശ്രീ. ഉമ്മൻ ചാണ്ടി, കോൺഗ്രസ് മാത്രമല്ല ബി.ജെ.പി കൂടിയാണെന്നാണ് അദ്ദേഹത്തിന്റെ പ്രവൃത്തികൾ തെളിയിക്കുന്നത്. കാലടി ഗോപിയുടെ 'ഏഴ് രാത്രികൾ' എന്ന ഒരു നാടകത്തെക്കുറിച്ച് അങ്ങേക്കറിയാമെന്ന് ഞാൻ വിചാരിക്കുന്നു. അതിലെ ഒരു കഥാപാത്രത്തിന്റെ പേരാണ് 'പാഷാണം വർക്കി'. എന്താണ് പാഷാണം വർക്കിയുടെ സവിശേഷത? അയാളുടെ കയ്യിൽ ഒരു ഫോട്ടോ ഉണ്ട്, ഒരു വശം അയ്യപ്പന്റേയും മറുവശം ഗീവർഗ്ഗീസ് പുണ്യാളന്റേയും. പാഷാണം വർക്കി ഹിന്ദുക്കളുടെ വീട്ടിൽ ചെല്ലുമ്പോൾ അയ്യപ്പന്റെ പടവും ക്രിസ്ത്യാനികളുടെ വീട്ടിലെത്തുമ്പോൾ ഗീവർഗ്ഗീസ് പുണ്യാളന്റെ പടവും കാണിക്കും. കോൺഗ്രസുകാരനായ ശ്രീ. ഉമ്മൻചാണ്ടി ബി.ജെ.പി.-ക്കാരെ പ്രീണിപ്പിക്കാൻ ശ്രമിക്കുന്നതു കാണുമ്പോൾ പാഷാണം വർക്കിയുടെ കഥയാണ് ഓർമ്മവരുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി ബി.ജെ.പി.-ക്കാരേയും ആർ.എസ്.എസ്.-കാരേയും ഇങ്ങനെ സഹായിക്കുകയും പ്രീണിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് ചിലപ്പോൾ നിങ്ങൾക്ക് വ്യക്തിപരമായി എന്തെങ്കിലുമൊക്കെ നടത്തിയെടുക്കാൻ കഴിഞ്ഞേക്കാം. പക്ഷേ ശ്രീ. നരേന്ദ്രമോദിയുടെ ഇഷ്ടക്കാരനായ ഗൗതം അദാനിക്ക് കേരളത്തിന്റെ സമ്പത്ത് ഒന്നാകെ തീറെഴുതിക്കൊടുക്കാൻ ഇന്നലെ നിങ്ങൾ ഉത്തരവിട്ടില്ലേ; അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സിലെ തന്നെ എത്രപേർക്ക് ഇതിൽ എതിർപ്പുണ്ടായിരുന്നു.

മാത്രമല്ല, ഹൈക്കമാൻഡ്പോലും എതിർത്തിട്ടും അദാനിക്കുവേണ്ടി നിങ്ങൾ കേരള ജനതയെ ഒന്നടങ്കം ചതിച്ചില്ലേ; അതിന് നിങ്ങൾക്ക് ബി.ജെ.പി.-ക്കാരുടെയും സഹായം ആവശ്യമാണ്. ഇക്കാര്യത്തിൽ ബി.ജെ.പി. നിങ്ങൾക്കൊപ്പം നിൽക്കുന്നുമുണ്ടല്ലോ; പക്ഷേ ശ്രീ. ഉമ്മൻചാണ്ടി, നിങ്ങളോട് ഒന്ന് പറഞ്ഞേക്കാം. ബി.ജെ.പി.യെയും ആർ.എസ്.എസ്.-നെയും പ്രീണിപ്പിക്കുന്ന നിങ്ങളുടെ വൃത്തികെട്ട രാഷ്ട്രീയക്കളിയുണ്ടല്ലോ; അത് ഈ നാടിന് ആപത്താണ്. പണ്ട് നിങ്ങളുടെ വലിയൊരു നേതാവ് ബിന്ദ്രൻവാല എന്നൊരു ഭീകരനെ ഓമനിച്ച് വളർത്തിയതിന്റെ ദുരന്തം നാം അനുഭവിച്ചതാണ്. ബിന്ദ്രൻവാലയെ നാം ഓർക്കണം. പാർലമെന്റിൽ 415 സീറ്റുണ്ടായിരുന്ന കോൺഗ്രസ്സ് 44 സീറ്റിലേക്ക് ഒതുങ്ങിപ്പോയതും സൂര്യൻ അസ്തമിക്കാത്തത്ര സാമ്രാജ്യത്വം കോൺഗ്രസ്സ് കൊണ്ടുനടന്നിരുന്ന ഗുജറാത്തിലും മഹാരാഷ്ട്രയിലും മദ്ധ്യപ്രദേശിലും രാജസ്ഥാനിലുമിപ്പോൾ കാവിക്കൊടി പാറുന്നതും നാം കണ്ടത് ഓർക്കണം. ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ ബി.ജെ.പി.-ആർ.എസ്.എസ്. പ്രീണനനയമാണ് അവരെക്കൊണ്ട് ഇതുപോലെ മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന അറുംകൊലകൾപോലും ചെയ്യിക്കുന്നത്. ഇത് ചർച്ച ചെയ്യാൻപോലും നിങ്ങൾക്ക് താൽപ്പര്യമില്ലെന്ന് ഞങ്ങൾക്കറിയാം. ഇത് ചർച്ച ചെയ്താൽ നിങ്ങളുടെ പൂച്ച് പുറത്താകും. കണ്ണൂർ ജില്ലയിലെ അസ്ന എന്ന 12 വയസ്സുകാരിയെ ഓർക്കുന്നില്ലേ; ആർ.എസ്.എസ്.-കാർ ബോംബെറിഞ്ഞ് ആ പെൺകുട്ടിയുടെ കാൽ തകർത്തു കളഞ്ഞതാണ്. ഇപ്പോൾ എട്ടുവയസ്സുകാരനെയാണ് ആർ.എസ്.എസ്. ക്രിമിനൽ കഴുത്തറുത്ത് കൊന്നത്. ഗുജറാത്തിൽ ഇഴഞ്ഞുനടക്കുന്ന കുട്ടിയെയാണ് ആർ.എസ്.എസ്. ക്രിമിനലുകൾ കാലിൽ പിടിച്ച് ഭിത്തിയിലടിച്ച് കൊന്നത്; ഗർഭിണിയുടെ വയർ കുത്തിക്കീറി ഗർഭപാത്രത്തിൽ നിന്ന് കുഞ്ഞിനെ പുറത്ത് ചാടിച്ചത്.... ഇതൊക്കെയാണ് ആർ.എസ്.എസ്.ന്റെ ഫാസിസ്റ്റ് മുഖം. ഈ ഫാസിസ്റ്റ് ഭീകരതയ്ക്ക് കുടപിടിക്കുകയല്ലേ ശ്രീ. ഉമ്മൻചാണ്ടിയും കൂട്ടരും ചെയ്യുന്നത്; അതുകൊണ്ടാണ് ആർ.എസ്.എസ്.നെപ്പോലും വെള്ളപൂശാൻ നിങ്ങൾ ഇക്കാര്യം മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഫഹദ് എന്ന എട്ടു വയസ്സുള്ള കുട്ടിയുടെ ദാരുണമായ കൊലപാതകത്തെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി വിശദീകരിച്ചപ്പോൾത്തന്നെ ഈ സഭ അടക്കിപ്പിടിച്ചിരിക്കുകയായിരുന്നു. കേരളത്തിലെ സംഭവവികാസങ്ങളിൽ ഇത്രയേറെ പൈശാചികമായ, ബ്രൂട്ടലായിട്ടുള്ള ഒരു സംഭവം ഇതിനുമുമ്പ് നമ്മൾ കേട്ടിട്ടില്ല. പാവപ്പെട്ട ഒരു കുടുംബത്തിലെ എട്ടുവയസ്സുള്ള ഒരു

കുട്ടിയാണ് പെരുവഴിയിൽ മൃഗീയമായി കൊലചെയ്യപ്പെട്ടത്. അത്യന്തം ആപത്കരമായ രാഷ്ട്രീയ സാഹചര്യത്തിന്റെ ആരംഭമാണ് ഈ സംഭവം സൂചിപ്പിക്കുന്നത്. അതാണ് ഞങ്ങൾ ഇവിടെ പറയുന്നത്. കേന്ദ്രത്തിൽ ബി.ജെ.പി. അധികാരത്തിൽ വന്നതിനുശേഷം എന്തും ചെയ്യാം എന്നൊരു മാനസികാവസ്ഥയിലേക്ക് ആർ.എസ്.എസ്.കാർ അഴിഞ്ഞാടുകയാണ്. ഇവരെ തളയ്ക്കണം. എട്ടുവയസ്സുള്ള കുട്ടിയുടെ ശിരസ്സറ്റ് കിടക്കുമ്പോഴും ബി.ജെ.പി.-യെ നേരിടാൻ കോൺഗ്രസ്സിനെപ്പോലെ വേറെ ആരുമില്ല എന്ന് ആഭ്യന്തര വകുപ്പുമന്ത്രി അഹങ്കാരം കൊള്ളുകയാണ്. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി ആയിരിക്കുമ്പോൾ എട്ട് വയസ്സുള്ള ഒരു കുട്ടിയുടെ ജീവൻപോലും സംരക്ഷിക്കാൻ അങ്ങയുടെ പോലീസിനോ ആഭ്യന്തര വകുപ്പിനോ കഴിഞ്ഞിട്ടില്ല. ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാദ്ധ്യസ്ഥനായ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് ഇത്രയും ദാരുണമായ ഒരു സംഭവം ഉണ്ടായിരിക്കുന്നത്. അങ്ങും ഇത് അപലപിക്കുന്നുണ്ട്. അപലപിക്കാതിരിക്കാൻ സാദ്ധ്യമല്ല. നമ്മൾ എല്ലാവരും അപലപിക്കുകയാണ്. പക്ഷേ അങ്ങനെയുള്ള രാഷ്ട്രീയ സാഹചര്യം സൃഷ്ടിച്ചതിൽ നിങ്ങൾക്ക് പങ്കുണ്ട് എന്ന് ഞങ്ങൾ പറയുമ്പോൾ നിങ്ങൾ ക്ഷുഭിതരായിട്ട് കാര്യമില്ല. കോൺഗ്രസ് മാത്രമാണ് ബി.ജെ.പി.യെ നഖശിഖാന്തം എതിർക്കുന്നത് എന്ന് അങ്ങ് ഇവിടെ പറഞ്ഞു. എതിർത്തിട്ട് ഇപ്പോൾ എന്തായി; എല്ലാ സ്റ്റേറ്റും പോയില്ലേ; അങ്ങ് കെ. ജി. മാരാരുടെ ആത്മകഥ വായിച്ചിട്ടുണ്ടോ; ഇവിടെ ബി.ജെ.പി. കോൺഗ്രസ്സുമായി നടത്തിയ രാഷ്ട്രീയ കൂട്ടുകെട്ടു കച്ചവടത്തെക്കുറിച്ച് അതിനകത്ത് പറഞ്ഞിട്ടുണ്ട്. അങ്ങ് അത് വായിച്ചതിനുശേഷമാണോ ഇത് പറയുന്നത്; ഞാൻ രാഷ്ട്രീയമായ കാര്യങ്ങളിലേക്ക് കൂടുതലായി കടക്കുന്നില്ല. ഇക്കാര്യത്തിൽ അങ്ങ് എടുത്ത നടപടികളെയെല്ലാം ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ വരാൻ പോകുന്ന ആപത്ത് അങ്ങ് കാണണം. ഇത് ആദ്യത്തെ സംഭവമല്ല. ഇത് തുടരുകയാണ്. താങ്കൾ ഈ പറയുന്നതൊന്നും ശരിയല്ല. അമ്പലങ്ങളിൽ ഒരു നിയമമുണ്ട്, ആരെയും കൈകാര്യം ചെയ്യാൻ അനുവദിക്കില്ല എന്ന് അങ്ങ് നിയമത്തെ ക്വാട്ട് ചെയ്തു പറഞ്ഞു. ഇപ്പോൾ പല അമ്പലങ്ങളും ആയുധപ്പുരകളാണ്. കയറാൻ പറ്റില്ല. 'അന്യമത വിശ്വാസികൾക്ക് ഇവിടെ പ്രവേശനമില്ല' എന്ന് അവിടെയെല്ലാം ബോർഡ് വച്ചിട്ടുണ്ട്. പോലീസ് ഏതെങ്കിലും ഒരു മതത്തിലോ ജാതിയിലോപെടുന്നവരല്ല. പോലീസിന് കയറാൻ പറ്റുന്നില്ല. ഇപ്പോഴും ആ സംഭവങ്ങൾ നടക്കുകയാണ്. അങ്ങ് നല്ല വായനാശീലമുള്ള ആളാണ്. ഫാസിസം

വരുന്ന വഴികളാണിത്. ലോകത്ത് ഫാസിസം വന്ന വഴികളാണിത്. അനാവശ്യമായി ജർമ്മൻകാരെ ദേശാഭിമാനികളായി വിളിക്കുക, അവരുടെ സിരകളിൽ നിക്ഷിപ്തമായ ദേശാഭിമാനം കുത്തിവയ്ക്കുക, അതിനുശേഷം ലോകം ഭരിക്കേണ്ടത് ജർമനിയാണെന്ന് പറയുക. അതേ വൈകാരികമായ, വികാരപരമായ, സങ്കുചിതമായ ദേശാഭിമാനമാണ് ഇവിടെ ഇപ്പോൾ ബി.ജെ.പി. വളർത്തികൊണ്ടിരിക്കുന്നത്. അങ്ങ് കോൺഗ്രസ്സിനുവേണ്ടി അഭിമാനിക്കുമ്പോൾ മഹാത്മാഗാന്ധിയെ തമസ്കരിക്കുകയാണ്. പാഠപുസ്തകങ്ങളിൽ, സ്ഥാപനങ്ങളിൽ, ദിനാചരണങ്ങളിൽ ഒക്കെ മഹാത്മാഗാന്ധിയെ കൊല ചെയ്ത നാഥുറാം വിനായക് ഗോഡ്സെ വാഴ്ത്തപ്പെട്ടവനായി വരുന്നൊരു കാലമാണ്. അങ്ങും ഞങ്ങളും ലജ്ജിക്കണ്ടേ; അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ, നമ്മളൊന്നിച്ച് ഈ ഫാസിസ്റ്റ് പ്രവണതയ്ക്കെതിരായി പോരാടേണ്ടവരാണ്. അങ്ങ് അങ്ങനെയാണോ ചിന്തിക്കുന്നത്; ഞങ്ങളാണ് ഇവിടെ ഫാസിസ്റ്റുകളെക്കാൾ വലിയ ശത്രുക്കളെന്ന് അങ്ങയുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നി.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. നമ്മൾ എല്ലാവരും ഒരുമിച്ച് നിന്നുകൊണ്ട് ചെറുക്കേണ്ട ഒരു വിഭാഗമാണെന്ന കാര്യത്തിൽ എനിക്ക് തർക്കമില്ല. നിങ്ങൾക്കാണ് പ്രശ്നം. നിങ്ങളുടെ അന്ധമായ കോൺഗ്രസ് വിരോധം ഉപേക്ഷിച്ചാൽ മതി.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, വളരെ നല്ലൊരു കാര്യമാണ് അങ്ങ് പറഞ്ഞത്. അങ്ങയുടെ പാർട്ടിയുടെ ജനനം തന്നെ കമ്മ്യൂണിസ്റ്റ് വിരുദ്ധമായ പരിപാടിയായാണ്. ....(ബഹളം)..... ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ ആദ്യം നിരോധിച്ചത് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയെയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങയുടെ പാർട്ടി ജനിച്ചതുതന്നെ കോൺഗ്രസ്സിൽ നിന്നാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ആ കോൺഗ്രസ് ഇപ്പോൾ ഇല്ല. അത് അങ്ങേക്ക് അറിയാമല്ലോ; ജവഹർലാൽ നെഹ്റുവിന്റെ കോൺഗ്രസ് ഇല്ല. .....(ബഹളം)...... ഗാന്ധിജിയുടെ പഴയ കോൺഗ്രസ് ഇന്നില്ല. ഇന്ന് കോൺഗ്രസ് തകർന്നതരിപ്പണമായി നക്കാപ്പിച്ച മുസ്ലീംലീഗിന്റെ നിഴലിൽ നിൽക്കുന്ന കോൺഗ്രസ്സാണ്. അതുകൊണ്ട് ആ കോൺഗ്രസ്സിനെക്കുറിച്ച് പറയേണ്ട. .....(ബഹളം)....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട സി. ദിവാകരൻ, ആറ് മിനിട്ടായി. പ്ലീസ്...

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ എത്രപേർക്ക് മറുപടി പറയണം. ശ്രീ. സി. പി. മുഹമ്മദ് ആണ് ഇപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രിക്കുവേണ്ടി സംസാരിക്കുന്നത്.

മി. സ്പീക്കർ: വാക്കൗട്ടിനുമുമ്പുള്ള പ്രസംഗമാണ്. അങ്ങേക്ക് സംസാരിക്കാം. മറുപടി പറയേണ്ട ആവശ്യമില്ല.

ശ്രീ. സി. ദിവാകരൻ: സർ, എന്നെ സംസാരിക്കാൻ അനുവദിക്കാതെ ഡിസ്റ്റർബ് ചെയ്യുകയാണ്.

മി. സ്പീക്കർ: ആരും അദ്ദേഹത്തെ ഡിസ്റ്റർബ് ചെയ്യരുത്.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങ് എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്കെല്ലാം എനിക്ക് എപ്പോഴും നന്ദിയുണ്ട്. ഇക്കാര്യത്തിൽ ഫാസിസത്തിനെതിരായിട്ടുള്ള വിപുലമായ ഒരു ബോധവൽക്കരണ പരിപാടി നടത്തിക്കൊണ്ട് കേരളത്തിന്റെയും ഇന്ത്യയുടെയും മതേതരത്വം സംരക്ഷിക്കണം. ഇവർ ഇന്ന് എട്ടുവയസ്സുള്ള കുട്ടിയെ കൊല്ലുന്നു, ഇവർ അമ്പലങ്ങൾ കേന്ദ്രീകരിക്കുന്നു. ഇക്കാര്യം അപലപിക്കണം. ഞങ്ങൾ ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നാൽ സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം. ഇത് അത്യന്തം ആപൽക്കരമായ കൊലപാതകമാണ്. ഒരു കുട്ടിയെ കൊന്നത് മാത്രമല്ല, ആരാണ് കൊല നടത്തിയതെന്ന് അറിയണം; അതിന്റെ രാഷ്ട്രീയ പശ്ചാത്തലമെന്താണെന്നും രാജ്യത്ത് നടക്കുന്നതെന്താണെന്നും അറിയണം. അങ്ങയുടെ കാലത്ത് ലോക്കപ്പിൽനിന്ന് ജീവനോടെ തിരിച്ചുവരില്ല, പോലീസ് കൊണ്ടുപോയാൽ തിരിച്ചുവരില്ല. റോഡിലൂടെ കുട്ടികൾ നടന്നുപോയാൽ ജീവനില്ലാതാകും. പോലീസ് ലോക്കപ്പിലും പുറത്തും രക്ഷയില്ലാത്ത അവസ്ഥ അരാജകത്വം അല്ലേ; ഈ അരാജകത്വത്തെയാണ് ആർ.എസ്.എസ്.കാർ മുതലെടുക്കുന്നത്. അത്യന്തം ആപത്കരമായ രാഷ്ട്രീയ പശ്ചാത്തലത്തിൽ നടന്ന ഈ കൊലപാതകത്തെക്കുറിച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, എട്ട് വയസ്സുമാത്രം പ്രായമുള്ള ഒരു പിഞ്ചുബാലന്റെ ഏറ്റവും നിഷ്ഠൂരമായ കൊലപാതകത്തെ സംബന്ധിച്ചാണ് നമ്മൾ പരാമർശിക്കുന്നത്. എന്തുകൊണ്ടാണ് ഫഹദ് കൊല ചെയ്യപ്പെട്ടത്; എന്താണ് ആ

കുഞ്ഞിന്റെ കുറ്റം; സി.പി.ഐ.(എം) പ്രവർത്തകൻ കൂടിയായ ശ്രീ. അബ്ബാസ് എന്നയാളിന്റെ മകനായിപ്പോയി എന്നതുമാത്രമാണ് ഫഹദിന്റെ കുറ്റം. ആ കുറ്റം മാറ്റാൻ ആ കുട്ടിക്ക് കഴിയില്ല. പിതാവിനെ മാറ്റാൻ ആ കുട്ടിക്ക് കഴിയില്ലല്ലോ; ഒരു പിതാവ് ഇതെങ്ങനെ സഹിക്കും; തന്റെ മകനായിപ്പോയി, തന്റെ വീട്ടിൽ ജനിച്ചുവെന്ന പേരിൽ ഒരു കുഞ്ഞുജീവൻ ഇല്ലാതാകുന്നത് ഒരു പിതാവ് എങ്ങനെ സഹിക്കും; മാതാപിതാക്കൾക്ക് മക്കൾ നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന വേദന, മരങ്ങാട്ടുപിള്ളിയിലെ സിബിയുടെ വിഷയം ഇന്നലെ ഇവിടെ ചർച്ച ചെയ്തു. അവിടെ പോലീസിന്റെ മർദ്ദനത്തിന് ഇരയായി എന്നുമാത്രമല്ല, മകനെ നഗ്നനാക്കി കിടത്തിയിരിക്കുന്നതാണ് പോലീസ് സ്റ്റേഷനിൽ ചെല്ലുന്ന മാതാപിതാക്കൾ കാണുന്നത്. അവിടെ വിസർജ്ജനം നടത്തിയെന്നാരോപിച്ച് മാതാപിതാക്കളെക്കൊണ്ട് അത് കഴുകിക്കുന്നു. മാതാപിതാക്കൾ ഇതെങ്ങനെ സഹിക്കും; പോലീസിന്റെ നിഷ്ക്രിയത്വമാണ് ഫഹദിന്റെ കാര്യത്തിലുണ്ടായിട്ടുള്ളതെങ്കിൽ സിബിയുടെ കാര്യത്തിൽ പോലീസിന്റെ അമിതമായ ഇടപെടലാണുണ്ടായത്. വിസർജ്ജ്യം മാറ്റിയതടക്കമാണ് ഞാൻ പറഞ്ഞത്.

ഇന്നത്തെ അടിയന്തരപ്രമേയത്തിൽ അസാധാരണമായ ചില കാര്യങ്ങളുണ്ടായി. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സംസാരിക്കുന്നതിനെ ഞങ്ങൾ എതിർത്തിട്ടില്ല. അങ്ങ് ഒരു നടപടിക്രമം ചൂണ്ടിക്കാണിച്ചപ്പോൾ ഒരു അസാധാരണത്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചു, സംസാരിക്കാൻ അങ്ങ് അനുവദിച്ചു. ഫഹദിന്റെ മരണത്തിനിടയായ സംഭവം നടന്നത് ഒൻപതാം തീയതിയാണ്. 10, 11, 12 തീയതികളിൽ സഭാസമ്മേളനം ഇല്ലായിരുന്നു. ഇന്നലെയാണ് സഭ ഉണ്ടായിരുന്നത്. ഇന്നലെയാണ് സ്ഥലം എം.എൽ.എ. ആയ ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) നോട്ടീസ് നൽകുന്നത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് എന്നാണ് നോട്ടീസ് നൽകിയതെന്നത് സംബന്ധിച്ചാണ് തർക്കം. അസാധാരണ നടപടിയിലൂടെ ശ്രീ. എൻ. എ. നെല്ലിക്കുന്നിന് സംസാരിക്കാൻ അവസരം കൊടുത്തപ്പോൾ ആ സംഭവത്തിന്റെ ഗൗരവവും ഭീകരതയും അവതരിപ്പിക്കുന്നതിനേക്കാൾ ഉപരിയായി കൊലപാതകം നടത്തിയ വിജയൻ ചാത്തൻമുള്ളിനേക്കാൾ വലിയ തെറ്റ് ചെയ്തത് ശ്രീ. ഇ. പി. ജയരാജൻ ആണെന്ന രീതിയിലേക്ക് അവതരിപ്പിച്ചത് സങ്കടകരമായിപ്പോയി. അതാണ് ഞാൻ പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 84-ാം വകുപ്പിനെ ഉദ്ധരിച്ചുകൊണ്ടാണ് സംസാരിക്കുന്നത്. അത് പ്രതിക്ക് പ്രതിരോധം സൃഷ്ടിക്കാൻ വേണ്ടിയുള്ള ഒരു വകുപ്പാണ്. കുറ്റം ചെയ്യുന്ന സമയത്ത് തനിക്ക് ശരിയായ കാര്യങ്ങൾ മനസ്സിലാക്കാൻ തക്കവണ്ണമുള്ള മാനസികാരോഗ്യം ഉണ്ടായിരുന്നില്ലെന്ന് തെളിയിച്ചെടുക്കേണ്ടത് പ്രതിയുടെ ഉത്തരവാദിത്വമാണ്. നമ്മളെന്തിനാണ് ആ ഒരു വകുപ്പ് ചേർത്തുകൊണ്ട് ഇല്ലാത്ത കാര്യം ഉണ്ടെന്നുപറഞ്ഞ് അത്

സ്ഥാപിച്ചുകൊടുക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ കീഴിലുള്ള പോലീസ് മാധ്യമങ്ങളുടെ മുന്നിൽ വന്നുനിന്നുകൊണ്ട്, 'ഇയാൾ മനോരോഗിയാണ്, പഴയ കേസിൽ ഇങ്ങനെ ചെയ്തയാളാണ്' എന്നൊക്കെ സംസാരിച്ചുകഴിഞ്ഞാൽ കേസിന്റെ വിചാരണഘട്ടത്തിൽ കോടതി നടപടിയിൽ ഒരു പ്രതിരോധം സൃഷ്ടിക്കാനുള്ള അവസരം പ്രതിക്ക് ഉണ്ടാക്കിക്കൊടുക്കുകയാണ്. നമ്മളെന്തിനാണ് അങ്ങനെയൊരു അവസരം ഉണ്ടാക്കിക്കൊടുക്കുന്നത്. ഈ പ്രതിയുടെ രാഷ്ട്രീയബന്ധം പറയാൻ എന്താണ് ധൈര്യപ്പെടാത്തത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി രണ്ടുതവണ സംസാരിച്ചല്ലോ; രണ്ട് ഘട്ടത്തിലും ഇന്ത്യാ മഹാരാജ്യത്തിലെ ആർ.എസ്.എസ്.നെയും വർഗ്ഗീയ ശക്തികളെയും ചെറുക്കാൻ കോൺഗ്രസ്സേയുള്ളൂവെന്ന ഒരു പൊതുതത്വം പറഞ്ഞെങ്കിൽ ഈ കൊലപാതകത്തിൽ ആർ.എസ്.എസ്.നുള്ള പങ്ക് പറയാൻ എന്തിനാണ് വൈമുഖ്യം കാണിക്കുന്നത്. പൊതുവായ കാര്യങ്ങൾ പറഞ്ഞാൽ ഒക്കില്ല. നാട്ടിലുണ്ടാകുന്ന സംഭവവികാസങ്ങളിലെ രാഷ്ട്രീയവും വർഗ്ഗീയതയും കണ്ടെത്താനും അക്രമങ്ങളിൽ ഇടപെടാനും കഴിയാതെവന്നാൽ പൊതുതത്വം പറഞ്ഞതുകൊണ്ട് ഈ നാട്ടിലെ വർഗ്ഗീയതയെയും ഇത്തരം കൊലപാതകങ്ങളെയും തടയാൻ കഴിയില്ല. അവിടെ കൃത്യമായി ഇടപെടാൻ കഴിയുന്ന ഒരു പോലീസ് വകുപ്പ് ഇവിടെയുണ്ടോയെന്നുള്ളതാണ് പ്രസക്തമായ ചോദ്യം. ഏതായാലും ആ ബാലൻ നഷ്ടപ്പെട്ടു. അവരുടേതല്ലാത്ത ഒരു കുറ്റവും ചൂണ്ടിക്കാണിക്കാൻ ഇല്ലാത്തപ്പോൾ ഇങ്ങനെ പിഞ്ചുബാല്യങ്ങൾ നഷ്ടപ്പെടുന്നത് ഗൗരവമായി ഈ സഭയും ഗവൺമെന്റും നമ്മുടെ സമൂഹവും കാണേണ്ടതുണ്ട്. സഭ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻ വൈമുഖ്യം പ്രകടിപ്പിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. തോമസ് ചാണ്ടി: സർ, കേരളം വിദ്യാസമ്പന്നവും സംസ്കാര സമ്പന്നവുമാണ്. വിദ്യാഭ്യാസമുള്ളതിന്റെ പ്രയോജനമാണ് ലക്ഷോപലക്ഷം ആളുകൾ ഗൾഫുരാജ്യങ്ങളിലും അമേരിക്കൻ ഐക്യനാടുകളിലും ആസ്ട്രേലിയയിലും ന്യൂസിലണ്ടിലും വരെപോയി ജോലി ചെയ്ത് കോടിക്കണക്കിന് രൂപ ഇങ്ങോട്ട് അയയ്ക്കുന്നത്. ഈ മനുഷ്യരെല്ലാം അവിടെനിന്ന് ടി.വി. വാർത്തകൾ കണ്ടുകൊണ്ട് നെടുവീർപ്പിടുകയാണ്. എന്താണ് ഈ കാലഘട്ടത്തിൽ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്; ഞാൻ അങ്ങയെ വിശ്വാസത്തിലെടുക്കുന്നു. ഞങ്ങൾ ഇവിടെനിന്ന് എന്തൊക്കെ പറഞ്ഞാലും ഇതിന്റെ പിന്നിൽ രാഷ്ട്രീയ ബന്ധമുണ്ടെങ്കിൽ അതിനെ അതിന്റേതായ ഗൗരവത്തിലെടുക്കുമെന്ന് അങ്ങ് പറഞ്ഞത് ഞാൻ വിശ്വസിക്കുന്നു. എന്റെ മണ്ഡലത്തിൽ ഒരു പാചകത്തൊഴിലാളിയുടെ മൃതദേഹം കള്ളുഷാപ്പിലെ ഫ്രീസറിൽ ഇന്നലെ

കണ്ടെത്തി. ഈ വിഷയം അങ്ങേക്കറിയാം. അങ്ങ് ഗൗരവമായെടുക്കണം. അതിന്റെ പുറകിൽ എന്താണെന്ന് അറിഞ്ഞുകൂടാ. ആസ്സാം സ്വദേശിയെ കുറ്റം പറയുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കള്ളുഷാപ്പിലെ പാചകത്തൊഴിലാളിയെ കൊന്ന് ഫ്രീസറിൽ വച്ച സംഭവം അങ്ങേക്കറിയാവുന്ന മിത്രങ്കരിയിലാണ്. അതിന്റെ പ്രതിയെ മനസ്സിലാക്കിയിട്ടുണ്ട്. അതുമാത്രമല്ല, അവരുടെ സംഘടനയുടെ ഒരു പരാതിയുണ്ടായിരുന്നു. മറ്റ് ആളുകൾ കൂടി ഉണ്ടോയെന്നുള്ളത് പോലീസ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മുഴുവൻ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരും.

ശ്രീ. തോമസ് ചാണ്ടി: സർ, ഇവിടെ അമ്പലങ്ങളെക്കുറിച്ചും പള്ളികളെക്കുറിച്ചും ഘർവാപസിയെക്കുറിച്ചുമൊക്കെ പറഞ്ഞു, ഞാൻ ആ വിഷയത്തിലേക്കൊന്നും കടക്കുന്നില്ല. രാഷ്ട്രീയബന്ധമുണ്ടെങ്കിൽ അവരുടെ വളർച്ച വളരെ വേഗത്തിലായിത്തീരും. അതുകൊണ്ട് അങ്ങ് ശക്തമായ നടപടികളുമായി മുന്നോട്ടുപോകുമെന്ന് ഞാൻ വിശ്വസിക്കുന്നു. എങ്കിലും ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ഇത് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പോയിന്റ് ഓഫ് ഓർഡർ. Rule 52(ii). " not more than one matter shall be discussed on the same motion;" ഇവിടെ വന്നത് ഒന്നിലധികം വിഷയങ്ങളാണ്. Rule 52(iii), " the motion shall be restricted to a specific matter of recent occurrence;" ഒരു മാറ്റർ മാത്രമേ പറയാവൂ, recent occurrence ആയിരിക്കണം. ഇന്നത്തെ അടിയന്തരപ്രമേയത്തിൽ കഴിഞ്ഞ സന്ദർഭങ്ങളിൽ ഇവിടെ ഡിസ്കസ് ചെയ്ത കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ നിരവധി കാര്യങ്ങൾ. Specific matter ആയിരിക്കണമെന്ന് പറയുന്നുണ്ട്. Specific matter കാസർഗോഡ് നടന്ന കൊലപാതകമാണ്. ഇവിടെ ഏതെല്ലാം കൊലപാതകങ്ങൾ, ഏതെല്ലാം കേസ്.... എന്നുമാത്രമല്ല, തെരഞ്ഞെടുപ്പിനെക്കുറിച്ചുവരെ പരാമർശിച്ചിട്ടുണ്ട്. ഇത് ഒരിക്കലും ശരിയല്ല. ഇത് തടയേണ്ടതാണെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

ശ്രീ. വി. ഡി. സതീശൻ: സർ, റൂൾ 50 ഇതുപോലെ മിസ്‌യൂസ് ചെയ്ത ഒരു സമയം ഒരുകാലത്തും ഉണ്ടായിട്ടില്ല. 20 മിനിട്ട് വിഴിഞ്ഞം തുറമുഖത്തെക്കുറിച്ചാണ് സംസാരിച്ചത്. അടിയന്തരപ്രമേയ നോട്ടീസിൽ പറയുന്ന കാര്യം ഒരു മിനിട്ട്

പറഞ്ഞിട്ട് ബാക്കി മറ്റുള്ള കാര്യങ്ങളാണ് പറയുന്നത്.

ശ്രീ. ജെയിംസ് മാത്യു: സർ, പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയപ്പോൾ നിങ്ങളിവിടെ എന്തുകാര്യമാണ് ചർച്ച ചെയ്യുന്നത്; ആരെങ്കിലും സംസാരിച്ചതിനെക്കുറിച്ച് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുണ്ടെങ്കിൽ അവർകൂടി ഇരിക്കുമ്പോൾ വേണം അത് അവതരിപ്പിക്കാൻ. .........(ബഹളം).......

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യു, ഇങ്ങനെ പെരുമാറരുത്. ...(ബഹളം)...... ഇത് മോശമാണ്. ശ്രീ. വി. ഡി. സതീശൻ പ്ലീസ്...... പ്ലീസ്....... ശ്രദ്ധ ക്ഷണിക്കൽ.....ശ്രീ. എം. ഉമ്മർ, അങ്ങ് സംസാരിക്കു.

**11.00 AM**

# III. ശ്രദ്ധ ക്ഷണിക്കൽ

## (1) കാലഹരണപ്പെട്ട നിയമങ്ങൾ

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമങ്ങളിൽ കാലഹരണപ്പെട്ടവ റദ്ദാക്കേണ്ടതിന്റെയും, കാലാനുസൃതമായവ പരിഷ്കരണവും ക്രോഡീകരണവും ലഘൂകരണവും നടത്തേണ്ടതിന്റെയും ആവശ്യകതയിലേക്ക് ഞാൻ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഐക്യകേരള രൂപീകരണത്തിൽ.... (...ബഹളം...)

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യു സഭയിൽ കുറേക്കൂടി മാന്യമായി പെരുമാറണം.

ശ്രീ. എം. ഉമ്മർ: സർ, സംസാരിക്കാൻ ഒരു സാഹചര്യം വേണ്ടേ; പറയാൻ രണ്ടു ഭാഗത്തുനിന്നും ഒരു അവസരം തരണ്ടേ?

ഐക്യകേരള രൂപീകരണത്തിനുമുൻപുള്ള പല നിയമങ്ങളും ഇപ്പോഴും അതേപടി നിലനിൽക്കുകയാണ്. സംസ്ഥാന രൂപീകരണം കഴിഞ്ഞ് 59 വർഷം പിന്നിട്ടിട്ടും കേരളത്തിൽ ഇന്നും ഒരേ ആവശ്യങ്ങൾക്കായി മലബാർ, തിരുവിതാംകൂർ, തിരു-കൊച്ചി മേഖലകളിൽ വ്യത്യസ്ത നിയമങ്ങളാണ് നിലനിൽക്കുന്നത്. ഉദാഹരണത്തിന് മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ്-1939, ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ്-1955, ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്റ്റീഷണേഴ്സ് ആക്റ്റ്-1953, കൊച്ചിൻ റിലിജ്യസ് ഇൻസ്റ്റിറ്റ്യൂഷൻ ആക്റ്റ്-1950 ഇവയെല്ലാം ഇപ്പോഴും നിലനിൽക്കുകയാണ്. കേരളം രൂപീകൃതമായി

50 വർഷം പിന്നിട്ടിട്ടും നമ്മൾ മദ്രാസിന്റെ ഭാഗമായിരുന്നപ്പോഴുണ്ടായിരുന്ന നിയമങ്ങളും തിരു-കൊച്ചിയുടെ ഭാഗമായിരുന്ന നിയമങ്ങളും അതേപടി ഇപ്പോഴും നിലനിൽക്കുകയാണ്. ഈ നിയമങ്ങൾ ഏകീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ - ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായുള്ള നിയമപരിഷ്ക്കരണ കമ്മീഷൻ, സംസ്ഥാനത്ത് കാലഹരണപ്പെട്ടതും ഇപ്പോൾ ആവശ്യമില്ലാത്തതുമായ ചില നിയമങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. 42 പ്രധാന ആക്ടുകളും 65 ഭേദഗതി ആക്ടുകളും റദ്ദ് ചെയ്യുന്നതിന് ശിപാർശ നൽകിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് മദ്രാസ് ജനറൽ ക്ലോസസ് ആക്ട്-1867, കൊച്ചിൻ അമെന്റിംഗ് ആക്ട്-1109, മദ്രാസ് അഡ്മിനിസ്ട്രേഷൻ ഓഫ് എസ്റ്റേറ്റ് റഗുലേഷൻ 3 of 1802, കൊച്ചിൻ ഡെബ്റ്റ് കൺസിലിയേഷൻ ആക്ട്-1112, മദ്രാസ് എൻഫോഴ്സ്ഡ് ഇനാം ആക്ട്-1862 തുടങ്ങിയുള്ള ആക്ടുകളാണിതിലുള്ളത്. ഇങ്ങനെ കാലഹരണപ്പെട്ട നിയമങ്ങൾ ഇപ്പോഴും മൃതീയാക്ഷരങ്ങളായി നിലനിൽക്കുകയാണ്. അത് റദ്ദ് ചെയ്യണമെന്നുള്ളതാണ് ഞാൻ മറ്റൊരു ആവശ്യമായി ഉന്നയിക്കുന്നത്.

സംസ്ഥാനത്ത് ഇപ്പോൾ നിയമഭേദഗതികളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരികയാണ്. നിയമനിർമ്മാണത്തിന്റെ പോരായ്മകൊണ്ടാണ് ഇത്രയധികം ഭേദഗതികൾ വരുന്നത്. ഒരു നിയമം നിർമ്മിക്കുമ്പോൾ അതിന്റെ തെറ്റുകൾ തിരുത്താൻ പുതിയ ഭേദഗതികൾ കൊണ്ടുവരികയാണ്. പഴയ നിയമം കൊണ്ടുവരുമ്പോൾ ആ നിയമത്തിനുണ്ടാകുന്ന ചെറിയ ചെറിയ തെറ്റുകൾ തിരുത്തുന്നതിനുവേണ്ടി വീണ്ടും ഭേദഗതി കൊണ്ടുവരികയാണ്. അതുകൊണ്ടുതന്നെ നിലവിലുള്ള ഉദ്യോഗസ്ഥൻമാരെത്തന്നെ ഉൾപ്പെടുത്തിക്കൊണ്ട് പ്രധാനപ്പെട്ട ഭരണ വകുപ്പിലെങ്കിലും നിയമനിർമ്മാണത്തെ സംബന്ധിച്ച് കൂടുതൽ പഠിക്കുകയും, തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കാതെ തന്നെ നിലവിലുള്ള ഓഫീസേഴ്സിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രധാനപ്പെട്ട വകുപ്പുകളിലെങ്കിലും ഒരു 'ലീഗൽ സർവ്വീസ് സെൽ' രൂപീകരിച്ച് നിയമം ബില്ലാകുന്നതിനുമുൻപ് അതിനെ ഒരു സമഗ്രമായ പഠനത്തിനും സൂക്ഷ്മമായ നിരീക്ഷണത്തിനും വിധേയമാക്കണം എന്നാണ് എനിക്ക് പറയുവാനുള്ളത്.

സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ ഏതെങ്കിലും റദ്ദ് ചെയ്യപ്പെടുകയാണെങ്കിലും അതുസംബന്ധിച്ച് നിയമ വകുപ്പിനുപോലും ഒരു

വ്യക്തതയില്ല. ഉദാഹരണം പറയാം; ഇപ്പോൾ ഈ സഭയിൽതന്നെ ബഹുമാനപ്പെട്ട സി. മമ്മൂട്ടി ഒരു ചോദ്യം ചോദിക്കുകയുണ്ടായി. (എ) ഏതെല്ലാം നിയമങ്ങൾ ഇപ്പോൾ പ്രാബല്യത്തിലുണ്ടെന്നതു സംബന്ധിച്ച് വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കാമോ; ഉത്തരം - "വിവരം ശേഖരിച്ചുവരുന്നു". (ബി) പ്രസ്തുത നിയമങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള കാലവിളംബത്തിനുള്ള കാരണം വിശദമാക്കാമോ; ഉത്തരം - "വിവരം ശേഖരിച്ചു വരുന്നു". (സി) ഭേദഗതി നിയമങ്ങൾ പ്രകാരം ആവശ്യമായ മൂലനിയമത്തിൽ മാറ്റം വരുത്തി പ്രസിദ്ധപ്പെടുത്തുകയും ഭേദഗതി നിയമങ്ങൾ റദ്ദാക്കുകയും ചെയ്യുന്ന നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ ഏത് വർഷം വരെയുള്ള നിയമങ്ങൾ അപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്? അതിന്റെയും ഉത്തരം - "വിവരം ശേഖരിച്ചുവരുന്നു" എന്നാണ്. അതുപോലെത്തന്നെ ശ്രീ. റ്റി. എ. അഹമ്മദ് കബീർ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള സംസ്ഥാന-കേരള നിയമങ്ങളുടെയെല്ലാം പേര് ഉൾപ്പെടുത്തിയ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാമോ; ഉത്തരം - "വിവരം ശേഖരിച്ചു വരുന്നു". അപ്പോൾ സംസ്ഥാനത്ത് ഏതൊക്കെ നിയമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത് എന്നുള്ളതിനെ സംബന്ധിച്ചുപോലും ആർക്കും ഒരു വ്യക്തതയുമില്ല. നിയമ വകുപ്പിനുപോലും വ്യക്തതയില്ല. വിവരം ശേഖരിച്ചുവരുന്നു എന്നുള്ളതാണ്. നമുക്കൊക്കെ തന്നെ നിയമത്തിന്റെ അടിസ്ഥാനമായിട്ടുള്ള ഒരു പ്രമാണമാണ് "ignorantia juris non excusat; ignorantia facti excusat" അത് അടിസ്ഥാനപരമായിട്ടുള്ള പ്രമാണം. ഒരാൾക്ക് ഒരു നിയമം അറിയില്ല എന്നുപറയുന്നത് എക്സ്ക്യൂസല്ല. രാജ്യത്ത് ഏത് നിയമങ്ങളുണ്ട്, അതിൽ ഏതൊക്കെ പ്രാബല്യത്തിലുണ്ട്, ഏതെല്ലാം റദ്ദാക്കപ്പെട്ടിട്ടുണ്ട് എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ വിവരം നമ്മുടെ വകുപ്പുകൾക്കുപോലും ഇല്ലെങ്കിൽപ്പിന്നെ പാവപ്പെട്ട സാധാരണക്കാരായ ആളുകൾക്ക് എങ്ങനെയാണ് കഴിയുക? അതുകൊണ്ട് സംസ്ഥാനത്ത് നിയമസഭാ ആക്റ്റ് പാസ്സാക്കുകയും ആ ആക്റ്റിന് ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. പക്ഷേ നിയമം പാസ്സാക്കി കഴിഞ്ഞ് ദശാബ്ദങ്ങൾ കഴിഞ്ഞാൽപോലും ചട്ടം പാസ്സാകാതെ വരുന്നതുകൊണ്ട് നിയമം പാസ്സാക്കപ്പെടുന്നതിന്റെ ഉദ്ദേശലക്ഷ്യംതന്നെ നഷ്ടപ്പെടുകയാണ്, the purpose of the act itself is defeating. അതുകൊണ്ട് നിയമനിർമ്മാണം നടത്തിക്കഴിഞ്ഞാൽ അതിന്റെ അനുവദനീയമായ സമയപരിധിക്കുള്ളിൽത്തന്നെ അതിന്റേതായിട്ടുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുവാനുള്ള കർശനമായ വ്യവസ്ഥയുണ്ടാകണം.

നിയമം ലഘൂകരണവും ലളിതവും സാധാരണക്കാരന് മനസ്സിലാകാവുന്ന

ഭാഷയിലുമാകണം. ഇപ്പോൾ മലയാളത്തിലേക്ക് ബില്ലുകൾ വിവർത്തനം ചെയ്യപ്പെടുന്നുണ്ടെങ്കിലും അതിലുപയോഗിക്കുന്ന പദങ്ങൾ പെട്ടെന്ന് മനസ്സിലാക്കാൻ കഴിയാത്തതും സുതാര്യവുമല്ലാത്ത രീതിയിലുള്ള ഭാഷാപ്രയോഗങ്ങളാണ്. അതുകൊണ്ട് സാധാരണക്കാരന് മനസ്സിലാകുന്നവിധത്തിൽ മലയാള ഭാഷയിൽ ലളിതപദങ്ങളിൽ അവതരിപ്പിക്കാനുള്ള ഒരു സമഗ്ര പരിഷ്കരണം നിയമ വകുപ്പിൽ ഉൾപ്പെടുത്തണം. നിയമങ്ങളുടെ ക്രോഡീകരണം, കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യുക, നിയമങ്ങൾ നിയമ വകുപ്പിന് നൽകുന്നതിനുമുമ്പ് ഭരണ വകുപ്പിലെ ഒരു ലീഗൽ സെൽ പരിശോധിക്കുക, സമയബന്ധിതമായി ചട്ടങ്ങൾ പുറപ്പെടുവിക്കുക, ഭേദഗതികൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുക എന്നിവയാണ് ഞാൻ ആവശ്യപ്പെടുന്നത്. ആധുനിക ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യതകൾ ഇത്രമാത്രം ഉള്ള ഈ കാലഘട്ടത്തിൽ, ഒരു ഭേദഗതി കൊണ്ടുവന്നാൽ ഉടനെതന്നെ അത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയാണെങ്കിൽ ഒരാൾക്ക് ഡിപ്പാർട്ടുമെന്റിലെയെങ്കിലും പുതിയ ഭേദഗതികൾ ഏതുണ്ട് എന്ന് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തര ശ്രദ്ധയുണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. രാജു എബ്രഹാം)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1956 നവംബർ 1-ാം തീയതി കേരളം രൂപീകരിക്കുന്ന സമയത്ത് സംസ്ഥാനത്ത് ഒരേ വിഷയത്തി ൽതന്നെ വിവിധ മേഖലകളിൽ വിവിധ നിയമങ്ങൾ നിലനിന്നിരുന്നു. തിരുവിതാംകൂർ, കൊച്ചി, തിരു-കൊച്ചി, മലബാർ മേഖലയിൽ പല വ്യത്യസ്ത നിയമങ്ങൾ ബാധകമായിരുന്നു. പിന്നീട് അധികാരത്തിൽ വന്ന സർക്കാരുകൾ പല വിഷയങ്ങളെ സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്. ചില വിഷയങ്ങളിൽ പുതിയ നിയമങ്ങളും കൊണ്ടുവന്നിട്ടുണ്ട്. 1966-ൽ പ്രസിഡന്റ് ഭരണകാലത്താണ് സംസ്ഥാനത്ത് ആദ്യമായി ഒരു ലാ കമ്മീഷനെ നിയമിച്ചത്. പ്രസ്തുത കമ്മീഷൻ രണ്ട് വർഷക്കാലം പ്രവർത്തിച്ചെങ്കിലും കാര്യമായി യാതൊരു ശിപാർശയും ചെയ്തില്ല. അതിനുശേഷം 2011-ൽ ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനും ലാ സെക്രട്ടറി മെമ്പറായും നിയമപരിഷ്കരണ കമ്മിറ്റി സർക്കാർ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി 10 വിഷയങ്ങളിൽ ഏകദേശം മുപ്പതോളം നിയമങ്ങൾ ക്രോഡീകരിക്കുന്നതിന് ശിപാർശ ചെയ്തു. ഇതിൽ 6 വിഷയങ്ങളെ സംബന്ധിച്ച് 14 നിയമങ്ങൾ ഇനി ക്രോഡീകരിക്കേണ്ടതായിട്ടുണ്ട്.

ഇതുകൂടാതെ പ്രസ്തുത കമ്മിറ്റി 697 നിയമങ്ങൾ കാലഹരണപ്പെട്ടതായി കാണുകയും കമ്മിറ്റിയുടെ ശിപാർശയിൽ പ്രസ്തുത നിയമങ്ങൾ റദ്ദാക്കുകയും ചെയ്തു. ഇതിനുശേഷം 2007-ൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി രൂപീകരിച്ച നിയമപരിഷ്കരണ കമ്മീഷൻ 107 നിയമങ്ങൾകൂടി കാലഹരണപ്പെട്ടതായി കണ്ടെത്തുകയും അത് റദ്ദാക്കാൻ ശിപാർശ ചെയ്യുകയും ചെയ്തു. അതിൽ 5 എണ്ണം റദ്ദാക്കേണ്ടതില്ലെന്ന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ബാക്കിയുള്ള 102 നിയമങ്ങൾ റദ്ദ് ചെയ്യുന്നതിലേക്കായി കേരള റിപ്പീലിംഗ് ആന്റ് സേവിംഗ്സ് ബിൽ എന്ന പേരിലൊരു ബിൽ നിയമ വകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

കേരള നിയമസഭയുടെ 69-ാം ചട്ടമനുസരിച്ച് ഇംഗ്ലീഷ് ഭാഷയിൽ മൂലനിയമത്തിലുള്ള ഭേദഗതി ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും മലയാളത്തിൽ മാത്രം അവതരിപ്പിക്കാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഒരു ബിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ അതിന്റെ ഇംഗ്ലീഷ് പരിഭാഷ ഭരണഘടനയുടെ അനുച്ഛേദം 348(3) അനുസരിച്ച് ബഹുമാനപ്പെട്ട ഗവർണറുടെ അനുമതിയോടെ പ്രസിദ്ധീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെ പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് പരിഭാഷയിലുള്ള ബില്ലാണ് ആധികാരിക പാഠമായി കരുതപ്പെടേണ്ടത് എന്ന് ഭരണഘടന നിഷ്കർഷിച്ചിട്ടുണ്ട്. അതുകൊണ്ടാണ് നിയമ വകുപ്പ് ഇംഗ്ലീഷിൽ ബിൽ തയ്യാറാക്കി അതിനെ മലയാള പരിഭാഷ ബില്ലായി സഭയിൽ പ്രസിദ്ധീകരിക്കുന്നത്. കൂടാതെ മലയാള ഭാഷയിൽ നിലവിൽ നിയമത്തെ സംബന്ധിച്ച് ഒരു ഗ്ലോസറിയില്ല. കൂടാതെ ഇംഗ്ലീഷിലോ ഇംഗ്ലീഷ് പരിഭാഷയിലോ ഉള്ള നിയമങ്ങളാണ് കോടതികൾ ആധികാരികപാഠമായി കരുതുവാൻ ഭരണഘടന നിഷ്കർഷിച്ചിരിക്കുന്നത്. മലയാളത്തിലുള്ള ബില്ലുകൾ സഭയിലോ വിഷയനിർണ്ണയ സമിതിയിലോ വച്ച് അംഗങ്ങൾക്കുതന്നെ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാൻ അവസരമുണ്ട്. അത് യഥാവിധി ഉപയോഗിച്ചാൽ ബഹുമാനപ്പെട്ട മെമ്പർ ഭാഷ സംബന്ധിച്ച് ഉന്നയിച്ച പല കാര്യങ്ങൾക്കും പരിഹാരം ഉണ്ടാകും. ഒരു നിയമനിർമ്മാണത്തിലുള്ള നടപടി സ്വീകരിക്കേണ്ടത് നിയമ വകുപ്പല്ല, അതാത് ഭരണ വകുപ്പുകളാണ്. അവരുടെ ആവശ്യാനുസരണമാണ് നിയമ വകുപ്പ് ബില്ലുകൾ തയ്യാറാക്കുന്നതും പ്രസിദ്ധീകരിക്കുന്നതും. നിയമപരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത ബില്ലുകൾ മന്ത്രിസഭാ ഉപസമിതി പരിശോധിക്കുകയും അവരുടെ ശിപാർശ അനുസരിച്ച് ചില ബില്ലുകൾ നടപടി സ്വീകരിക്കുന്നതിനായി അതാതു വകുപ്പുകൾക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിയമ വകുപ്പിന്റെ വെബ്സൈറ്റിൽ നിയമസഭ

പാസ്സാക്കിയ ആക്റ്റുകളും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളും വിജ്ഞാപനങ്ങളും സർക്കുലറുകളും കൂടാതെ ഓർഡിനൻസുകളും പ്രസിദ്ധീകരിക്കുന്നുണ്ട്. അത് എല്ലാവർക്കും പ്രാപ്തമാണ്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും വേണ്ടി നിയമോപദേശം നൽകാനും നിയമനിർമ്മാണത്തിന് സഹായിക്കാനും മറ്റ് നിയമ കാര്യങ്ങൾക്കുംവേണ്ടി നിയമ വകുപ്പ് പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് പ്രത്യേക ലീഗൽ സെൽ ഓരോ വകുപ്പിനുമായി ആവശ്യമില്ല.

ശ്രീ. എം. ഉമ്മർ: സർ, അപ്പോൾ കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദുചെയ്യുന്നതിനും മദിരാശി സംസ്ഥാനത്തും തിരുകൊച്ചിയിലും നിലവിലുള്ളതും നേരത്തെ സൂചിപ്പിച്ചതുപോലെയുള്ള നിയമങ്ങളും സമയബന്ധിതമായി ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ക്രോഡീകരിക്കാനുള്ള ഒരു നടപടി അങ്ങ് സ്വീകരിക്കുമോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്?

ശ്രീ. കെ. എം. മാണി: സർ, അതിന്റെയെല്ലാം കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമായി നടപടി സ്വീകരിക്കും. ഇനി 14 നിയമങ്ങൾ മാത്രമേ പ്രസിദ്ധീകരി ക്കേണ്ടതുള്ളു.

## (2) ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച

ഡോ. കെ. ടി. ജലീൽ: സർ, മലബാറിന്റെ സ്വപ്നപദ്ധതിയായ ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് ഏതാണ്ട് 153 കോടി രൂപ ചെലവിട്ടുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതിന്റെ പണി ആരംഭിച്ചതും, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിന്റെ ഔപചാരികമായിട്ടുള്ള കമ്മീഷനിംഗ് നടന്നതും. ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ പ്രത്യേകമായ താൽപ്പര്യത്തിൽ, ബഹുമാന്യനായ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിന്റെ വലിയ പിന്തുണയിലാണ് പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചത്. പതിറ്റാണ്ടുകളുടെ പഴക്കം അത്തരമൊരു പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ആ മേഖലയിൽ നിലനിന്നിരുന്നു. കേവലം വാഹനങ്ങൾക്ക് കടന്നുപോകാനുള്ള ഒരു പാലമായിരുന്നില്ല അന്ന് വിഭാവന ചെയ്തത്. അതോടൊപ്പം തന്നെ പൊന്നാനി-തിരൂർ താലൂക്കുകളിലെ കാർഷിക ആവശ്യങ്ങൾക്കും കുടിവെള്ള പ്രശ്നത്തിനും ശാശ്വത പരിഹാരവും അതിന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. ദൗർഭാഗ്യവശാൽ കമ്മീഷനിംഗിനുശേഷം ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിനോട് കുറ്റകരമായിട്ടുള്ള അനാസ്ഥയാണ് അധികൃതർ കാണിച്ചത് എന്നുപറയേണ്ടി

വരുന്നതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. ഭാരതപ്പുഴയ്ക്ക് കുറുകെ ഒരു കിലോമീറ്ററോളം നീളത്തിൽ നിർമ്മിച്ചിട്ടുള്ള കേരളത്തിലെ ഏറ്റവും വലിയ റെഗുലേറ്റർ-കം-ബ്രിഡ്ജാണ് ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ്. സ്വാഭാവികമായും അത്ര വലിയ ഒരു പ്രോജക്ടിന്റെ കമ്മീഷനിംഗ് കഴിഞ്ഞാൽ അതിൽ വല്ല ന്യൂനതകളുമുണ്ടോയെന്ന് തുടർവർഷങ്ങളിൽ പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ടവർ അത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയാണ് പതിവ്. ആ പതിവ് ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ കാര്യത്തിൽ തെറ്റിയിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഈ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ മെയിന്റനൻസിനുവേണ്ടി ഒരു രൂപപോലും സർക്കാരിന്റെ ഭാഗത്തുനിന്ന് അനുവദിച്ചതായി കണ്ടിട്ടില്ല. കമ്മീഷനിംഗ് കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞപ്പോൾ ചോർച്ച അനുഭവപ്പെടുന്നത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതേത്തുടർന്ന് ബന്ധപ്പെട്ടവർ സ്ഥലം സന്ദർശിക്കുകയും ഇത് പരിഹരിക്കുന്നതിനായി ഡിപ്പാർട്ടുമെന്റ് തന്നെ 19.5 കോടി രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. ഷീറ്റ് പൈലിംഗ് നടത്തിയാലല്ലാതെ റഗുലേറ്ററിന്റെ ചോർച്ച തടയുവാൻ ആവുകയില്ലയെന്ന നിഗമനത്തിലാണ് ഡിപ്പാർട്ടുമെന്റ് എത്തിയത്. ഇത്തരമൊരു ഘട്ടത്തിൽ 2014-ൽ തിരുവനന്തപുരത്തെ സി.ഇ.ടി.-യോട് തൽസംബന്ധമായിട്ടുള്ള അഡ്വൈസ് ഡിപ്പാർട്ടുമെന്റ് തേടുകയും സി.ഇ.ടി.-യുടെ ബന്ധപ്പെട്ട ആളുകൾ അവിടെ വന്ന് പരിശോധിച്ചതിനുശേഷം ഏതാണ്ട് 100 കോടി രൂപയോളം ഇനിയും അധികമായി ചെലവാക്കേണ്ടതുണ്ട് എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ഇതേത്തുടർന്ന് ഡൽഹി ഐ.ഐ.ടി.-യിൽനിന്ന് വിദഗ്ദ്ധരെ വരുത്തി പരിശോധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. ഐ.ഐ.ടി.-യുടെ ഡൽഹിയിൽ നിന്നുള്ള സംഘം ഇന്ന് ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സ്ഥലത്തുവന്ന് പരിശോധന നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ് എനിക്കറിയാൻ കഴിഞ്ഞത്. ഒരു രൂപ പോലും ഇതിന്റെ മെയിന്റനൻസ് വർക്കിന് അനുവദിക്കാതെ പോയത് കുറ്റകരമായിട്ടുള്ള ഒരു വീഴ്ചയായിട്ടു മാത്രമേ നമുക്ക് കാണാൻ സാധിക്കൂ. സ്ട്രീറ്റ് ലൈറ്റുകൾ രണ്ടുമാസം മാത്രമാണ് കത്തിയത്. ഇന്ന് അത് കണ്ണുചിമ്മി നിൽക്കുകയാണ്. സ്ട്രീറ്റ് ലൈറ്റ് കത്തിയതിന്റെ പണം ഇലക്ട്രിസിറ്റി ബോർഡിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് കൊടുക്കാത്തതുകൊണ്ട് കണക്ഷൻ വിച്ഛേദിച്ചു. ഷട്ടർ ഓപ്പറേഷന് ഒരു ജീവനക്കാരനെപ്പോലും ഇന്നുവരേയും നിയോഗിച്ചിട്ടില്ല. താൽക്കാലികമായി നിയമനം ലഭിച്ചവർക്ക് ഇതുവരേയും ശമ്പളം കൊടുത്തിട്ടില്ല.

സി.ഇ.ടി.-യുടെ ഫൈനൽ റിപ്പോർട്ട് ഇതുവരേയും ഡിപ്പാർട്ടുമെന്റിന് ലഭ്യമായിട്ടില്ല, കാരണം അവർക്ക് കൊടുക്കാനുള്ള 15 ലക്ഷം രൂപ കൊടുത്തിട്ടില്ല. ഷട്ടർ ഓപ്പറേഷന് ആളെ നിയോഗിച്ചില്ല എന്നുമാത്രമല്ല, താൽക്കാലിക ജീവനക്കാരുടെ ശമ്പളംപോലും ഇതുവരേയും കൊടുത്തിട്ടില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഈ മേഖലയിൽ നടത്തുന്ന ടൂറിസം പ്രവർത്തികൾക്ക് 111 ലക്ഷം രൂപ അനുവദിച്ചു. അതിന് മെയിന്റനൻസുമായി യാതൊരു ബന്ധവുമില്ല. അതിന്റെ പണി പൂർത്തിയായി. ആസ്തി വികസന ഫണ്ടിൽനിന്ന് 3.5 കോടി രൂപയും, ഇറിഗേഷൻ (ടൂറിസം) വകുപ്പിന്റെ ഫണ്ടിൽനിന്നും 111 ലക്ഷം രൂപയും ചെലവിട്ടുകൊണ്ട് അവിടെ മനോഹരമായിട്ടുള്ള ടൂറിസം ഡെസ്റ്റിനേഷൻ ഇപ്പോൾ രൂപപെട്ടുവരുന്നുണ്ട്. റഗുലേറ്ററിന്റെ ചോർച്ച പരിഹരിക്കാൻ സർക്കാരിന്റെ ശക്തമായ ഇടപെടൽ അനിവാര്യമാണ്. കക്ഷിരാഷ്ട്രീയഭേദമെന്യെ ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച പരിഹരിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി സമരങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു. 153 കോടി രൂപ ചെലവിട്ടുകൊണ്ട് നിർമ്മിച്ച പദ്ധതിക്ക് സാങ്കേതിക തകരാറുണ്ടായി എന്നുള്ളതിൽ ഭരണകർത്താക്കൾക്ക് ഒരു പങ്കാളിത്തവും ഇല്ല, ഒരാളെയും അക്കാര്യത്തിൽ കുറ്റപ്പെടുത്താനും സാധിക്കില്ല. ഡിസൈനിംഗ് നടത്തേണ്ടത് സാങ്കേതിക വിദഗ്ദ്ധരാണ്, ബന്ധപ്പെട്ട ഉദ്യോഗസ്ഥരാണ്. 6 മീറ്റർ കുഴിക്കേണ്ടിടത്ത് മൂന്ന്-മൂന്നര മീറ്ററേ കുഴിച്ചിട്ടുള്ളൂ. 6 മീറ്റർ കുഴിക്കണമെന്ന് പലയാളുകളും ആ സന്ദർഭത്തിൽ അഭിപ്രായപ്പെട്ടതായിരുന്നു. 3.5 മീറ്റർ മതിയെന്നും 6 മീറ്റർ കുഴിക്കുമ്പോൾ അത് വലിയ നഷ്ടം സർക്കാരിന് ഉണ്ടാക്കുമെന്നും ഡിസൈനിംഗിലെ സാങ്കേതികവിദഗ്ദ്ധർ പറഞ്ഞു. അത്തരമൊരു സാഹചര്യത്തിൽ മന്ത്രിമാർക്കോ ബന്ധപ്പെട്ട ജനപ്രതിനിധികൾക്കോ അക്കാര്യത്തിൽ ഇടപെട്ട് മറിച്ചൊരഭിപ്രായം പറയാൻ കഴിയുകയില്ല. സാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായമാണല്ലോ ഇക്കാര്യത്തിൽ അന്തിമമായിട്ടുള്ള കാര്യം. സാങ്കേതികമായി സംഭവിച്ചിട്ടുള്ള ഒരു പിഴവ് ഇനി പരിഹരിക്കാനേ ആവില്ല എന്നുള്ള നിലയിലാണ് ഇപ്പോൾ മുന്നോട്ടുപോകുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തരമായിട്ടുള്ള ശ്രദ്ധവേണം. ഡൽഹി ഐ.ഐ.ടി.-യുടെ റിപ്പോർട്ട് എത്രയും പെട്ടെന്ന് വാങ്ങിക്കണം. ഇന്ന് അവിടെ ഇൻസ്പെക്ഷൻ നടന്നുകൊണ്ടിരിക്കുന്നു. സി.ഇ.ടി.-യുടെ ഫൈനൽ റിപ്പോർട്ട് ഇതുവരേയും കിട്ടാത്തതുപോലെ ഡൽഹി ഐ.ഐ.ടി.-ക്ക്

കൊടുക്കാനുള്ള പണം തക്കസമയത്ത് കൊടുത്തില്ലെങ്കിൽ ആ റിപ്പോർട്ടും നമുക്ക് സമയബന്ധിതമായി ലഭ്യമാവില്ല. അടിയന്തര ഇടപെടൽ നടത്തി ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ജലനിരപ്പ് 3.75 മീറ്ററായി ഉയർന്നപ്പോൾ ചോർച്ച കാണുകയുണ്ടായി. അതിനെത്തുടർന്ന് ഏതാനും ഷട്ടറുകൾ തുറന്ന് ജലനിരപ്പ് ക്രമീകരിക്കുകയും, കൂടുതൽ വിശദമായി പരിശോധിക്കുകയും ചെയ്തു. അനിയന്ത്രിതമായ മണലെടുപ്പുമൂലം പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതുമൂലമുള്ള പൈപ്പിംഗ് പ്രതിഭാസമാണ് ചോർച്ചയുടെ കാരണമെന്ന് വിലയിരുത്തുകയുണ്ടായി. താഴ്ഭാഗത്തെ താഴ്ന്ന ബ്ലോക്കുകളിൽ ലൂസ് അപ് റേണുകൾ പുനഃസ്ഥാപിക്കുന്നതിനും, രണ്ട് സീസണുകൾ നോക്കിയതിനുശേഷം ഷീറ്റ് പൈലിംഗ് നടത്തുന്നതിനും, മണലെടുപ്പ് നിരോധിക്കുന്നതിനും, പദ്ധതി പ്രദേശം ഡാം സുരക്ഷാ അതോറിറ്റിയുടെ പരിധിയിൽപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മണലെടുപ്പ് പൂർണ്ണമായും നിരോധിക്കുവാൻ തീരുമാനിച്ചു. ആദ്യഘട്ടമെന്ന നിലയിൽ താഴ്ന്ന ബ്ലോക്ക്, ലൂസ് അപ് റേണുകളിൽ കരിങ്കൽ നിറച്ച ഗാർഡിയോൺ ഉപയോഗിച്ച് പൂർവ്വനിരപ്പ് പുനഃസ്ഥാപിക്കുന്നതിനും ആവശ്യമെങ്കിൽ രണ്ടാം ഘട്ടം എന്നനിലയ്ക്ക് മുകൾഭാഗത്ത് അധികമായി ഷീറ്റുകൾ അടിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ഈ വിഷയം കൂടുതൽ വിശദമായി പഠിക്കാൻ തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെ ഏൽപ്പിക്കുകയും, കോളേജിലുള്ള സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ വിഭാഗത്തിലെ വിദഗ്ദ്ധസംഘം 10-5-2014-ൽ അവിടം സന്ദർശിക്കുകയും ചെയ്തു. പ്രാഥമിക റിപ്പോർട്ട് ലഭിച്ചു. റിപ്പോർട്ടിൽ അനിയന്ത്രിതമായ മണൽവാരൽമൂലം പുഴയുടെ അടിത്തട്ട് താഴ്ന്നതുകാരണം ഡിസൈൻ ആധാരമാക്കിയ സാഹചര്യം മാറിയിട്ടുണ്ടെന്നും നിലവിൽ ഡിസൈൻ ഉപരിതല ഒഴുക്കിനേയും, ഭൂഗർഭ ഒഴുക്കിനേയും വേണ്ടവണ്ണം തടുക്കാൻ പര്യാപ്തമല്ലെന്നും ഇത് പരിഹരിക്കപ്പെടണമെന്നും ആവശ്യപ്പെട്ടു. 21-5-2014-ൽ കൂടിയ യോഗത്തിൽ ആവശ്യമായ മണ്ണുപരിശോധന നടത്തി ശാശ്വതപരിഹാരം നിർദ്ദേശിക്കുവാൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സാമ്പത്തിക വിദഗ്ദ്ധരോടാവശ്യപ്പെട്ടു. പ്രസ്തുത യോഗതീരുമാനപ്രകാരം

മണ്ണ് പരിശോധന ആരംഭിക്കുകയും ചെയ്തു, അതിന്റെ റിപ്പോർട്ട് നമുക്ക് ലഭിക്കേണ്ടിയിരിക്കുന്നു. ഇത് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ്, ഡിസൈനിൽ സാങ്കേതികമായ തകരാറ് വന്നുവെന്ന് ബഹുമാനപ്പെട്ട കെ. ടി. ജലീൽ തന്നെ ഇവിടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. 6 മീറ്റർ പൈലിംഗ് നടത്തുന്നതിനുപകരം 3 മീറ്റർ മാത്രമാണ് താഴ്ത്തിയിട്ടുള്ളത്. അപ്പോൾ അതിന്റെ അടിയിൽനിന്ന് മണ്ണ് സ്വാഭാവികമായും പോകും. 150 കോടി രൂപ മുടക്കിയ ഒരു പദ്ധതി, അതിന് ചെറിയ മെയിന്റനൻസ് ഒന്നുമല്ല ഉള്ളത്. അത് പരിഹരിക്കണമെങ്കിൽ ശരിയായ സാങ്കേതിക വൈദഗ്ധ്യംതന്നെ വേണം. അതുകൊണ്ടാണ് ഐ.ഐ.ടി.-യെ തന്നെ ചുമതലപ്പെടുത്തിയത്. ഐ.ഐ.ടി.-ക്ക് പൈസ കൊടുത്തതിനുശേഷമാണ് അവർ വരുന്നത്. അതുകൊണ്ട് റിപ്പോർട്ട് കിട്ടാതിരിക്കുന്ന പ്രശ്നമില്ല. അവർ ഇന്നവിടെ പരിശോധിക്കുകയാണ്. ഗുരുതരമായ ഒരു പ്രശ്നമെന്നുള്ള നിലയിൽ, ഐ.ഐ.ടി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ഡോ. കെ. ടി. ജലീൽ: സർ, പ്രാഥമികമായിട്ടുള്ള കാര്യങ്ങൾക്കുപോലും കഴിഞ്ഞ മൂന്നുവർഷമായി പണം ലഭ്യമായിട്ടില്ല. ഷട്ടർ ഓപ്പറേഷൻ, ഡെയിലി വേജസിന് നിർത്തിയിട്ടുള്ള തൊഴിലാളികൾക്കുള്ള ശമ്പളം, ഓഫീസിലെ ജീവനക്കാർക്കുള്ള ശമ്പളം അങ്ങനെയൊക്കെയുള്ള ഒരുപാട് പ്രശ്നങ്ങൾ അതുമായി ബന്ധപ്പെട്ടുനിൽക്കുന്നുണ്ട്. ഈ ചോർച്ച പരിഹരിക്കുകയില്ല, ഇത് അപരിഹാര്യമാണ് എന്ന നിലയിലുള്ള പ്രചരണവും നാട്ടിൽ നടക്കുന്നുണ്ട്. അടിയന്തരമായി ഈ കാര്യത്തിൽ ഇടപെടലുണ്ടായി ഡൽഹി ഐ.ഐ.ടി.-യുടെ റിപ്പോർട്ട് എത്രയുംവേഗം വാങ്ങി ഈ വർഷകാലം കഴിയുന്നതോടുകൂടിത്തന്നെ അതിന്റെ അറ്റകുറ്റപ്പണികൾ നടത്തി ചോർച്ച അവസാനിപ്പിക്കുവാനുള്ള പ്രവൃത്തികൾ നടത്താൻ സാധിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഡെയിലി വേജസുകാരുടെ കാര്യം പ്രത്യേകം നോക്കാം, റിപ്പോർട്ട് വാങ്ങി ഇത് വളരെ പ്രധാനപ്പെട്ട പദ്ധതി എന്ന നിലയിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

# IV സബ്മിഷൻ

## (1) വന്യമൃഗവേട്ട

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, നമ്മുടെ സംസ്ഥാനത്ത് ഞെട്ടിക്കുന്ന വന്യമൃഗവേട്ട നടക്കുകയാണ്. ആനക്കൊമ്പ് കവർന്നെടുക്കുന്നതിനായി കഴിഞ്ഞ പത്തുമാസത്തിനിടയിൽ 28 കൊമ്പനാനകളെയാണ് കൊന്നുതള്ളിയത്. ഈ ആനക്കൊമ്പുകൾ വനം വകുപ്പിന്റെ ആസ്ഥാനമായ തിരുവനന്തപുരത്ത് കൊണ്ടുവന്ന് കച്ചവടം നടത്തിയത് തികച്ചും ലജ്ജാകരമാണ്. ആനവേട്ടക്കാരോടൊപ്പം പാചകത്തിനുപോകുന്ന കുഞ്ഞുമോൻ എന്ന ആളിന്റെ വെളിപ്പെടുത്തലിലൂടെയാണ് ആനവേട്ടകളെക്കുറിച്ച് പുറത്തറിഞ്ഞത്. ഇടമലയാർ ഡിവിഷനിൽപ്പെട്ട കരിമ്പാലി സ്റ്റേഷനിലാണ് കുഞ്ഞുമോൻ എത്തി മൊഴി നൽകിയത്. കുഞ്ഞുമോന്റെ മൊഴി കാര്യമായെടുക്കാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ തയ്യാറായില്ല. പിന്നീട് ഇടമലയാർ സ്റ്റേഷനിൽ പോയി മൊഴി നൽകിയതിനെത്തുടർന്നുള്ള അന്വേഷണത്തിൽ വെടിവച്ചിട്ട കാട്ടാനയുടെ അവശിഷ്ടങ്ങൾ കണ്ടെത്തി. എന്നാൽ വനം വകുപ്പ് കുഞ്ഞുമോനെ പ്രതിയാക്കി കേസ്സെടുക്കുകയാണ് ചെയ്തത്. ഇക്കാര്യം പത്രമാധ്യമങ്ങളിൽ വന്നതിനെത്തുടർന്ന് വനപാലകർ കാട്ടിൽ പരിശോധന നടത്തിയപ്പോൾ അഞ്ച് ആനകളുടെ ജഡാവശിഷ്ടങ്ങൾ കണ്ടെത്തി. കഴിഞ്ഞ പത്തു മാസങ്ങൾക്കിടയിൽ വെടിവച്ചിട്ട കാട്ടാനകളുടെ കൊമ്പുകൾ തിരുവനന്തപുരം സ്വദേശി രവി എന്ന ആളിനാണ് വിറ്റത്. ആനക്കൊമ്പ് കൈവശം വച്ചതിന് മുമ്പും രവി പിടിയിലായിട്ടുണ്ടെന്ന് വനം വകുപ്പിലെ ഉന്നതർ സമ്മതിക്കുന്നു. കഴിഞ്ഞ മാസം 22-ന് കുഞ്ഞുമോൻ മൊഴി നൽകിയിട്ടും ഇതുവരെ അന്വേഷണം നടന്നിട്ടില്ല. എന്നുമാത്രമല്ല കുഞ്ഞുമോന്റെ മൊഴിയിൽ പറഞ്ഞിരിക്കുന്ന വനപ്രദേശങ്ങളിൽ പരിശോധനപോലും നടത്തിയിട്ടില്ല. മലയാറ്റൂർ വനം ഡിവിഷനിൽ കുട്ടമ്പുഴ വാസു എന്ന ആളിന്റെ നേതൃത്വത്തിലാണ് ആനവേട്ട നടക്കുന്നതെന്നും ഇയാൾ തന്നെ വയനാട്, പറമ്പിക്കുളം, മൂന്നാർ എന്നിവിടങ്ങളിൽ വ്യാപകമായി ആനവേട്ട നടത്തുന്നുണ്ടെന്നും റിപ്പോർട്ടുകളുണ്ട്. ആനകളെ മാത്രമല്ല വംശനാശഭീഷണി നേരിടുന്ന ആമകളെ ചുട്ട് കറിവച്ച് വിൽക്കുന്നതായും കുളത്തുപ്പുഴ, തെന്മല, ചാലക്കുടി വനമേഖലകളിൽ പുലികളെ വെടിവച്ച് കൊന്ന് പുലിത്തോൽ എടുക്കുന്ന മൃഗവേട്ടാ മാഫിയകൾ പ്രവർത്തിക്കുന്നതായും അറിവായിട്ടുണ്ട്. മാൻ, മ്ലാവ്, കരടി, കാട്ടുപോത്ത് എന്നീ മൃഗങ്ങളെ വൻതോതിൽ വ്യാപകമായി വേട്ടയാടുന്നുണ്ട് എന്നതിന്റെ തെളിവാണ് എറണാകുളം നഗരത്തിൽ സുലഭമായി വന്യമൃഗങ്ങളുടെ മാംസം ലഭിക്കുന്നത്. വന്യ മൃഗവേട്ട തടയുന്നതിന് ഈ സർക്കാർ യാതൊരു നടപടിയും എടുക്കുന്നില്ലയെന്നുള്ളതിന്റെ തെളിവാണ് മുകളിൽ പറഞ്ഞ സംഭവങ്ങൾ.

വന്യമൃഗ സംരക്ഷണത്തിനായി 2013-14 വർഷം 13 കോടി രൂപയും 2014-15 വർഷങ്ങളിൽ 16 കോടി രൂപയുമാണ് ചെലവിട്ടിരിക്കുന്നത്. ഇതിനുപുറമേ കേന്ദ്ര സർക്കാർ ആനകളുടെ സംരക്ഷണത്തിനായി പ്രോജക്ട് എലിഫന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടിരൂപ വച്ച് ഈ വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്, എന്നിട്ടും ആനകളേയും വന്യമൃഗങ്ങളേയും വേട്ടയാടുന്നത് ഒരു തരത്തിലും നീതീകരിക്കാവുന്നതല്ല. വന്യമൃഗങ്ങൾക്കെതിരെയുള്ള അതിക്രമത്തിന് 2012-ൽ 253 കേസുകളും 2013-ൽ 233 കേസുകളും 2014-ൽ 170 കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളപ്പോൾ 2015-ൽ വെറും 18 കേസുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. രണ്ട് മന്ത്രിമാർ വകുപ്പ് കൈകാര്യം ചെയ്തിരുന്ന അവസരത്തിലാണ് ഇത്തരത്തിലൊരവസ്ഥ. ഇപ്പോഴത്തെ വകുപ്പുമന്ത്രിയുടെ കാലത്താണ് വെറും 18 കേസ്സുകളായി കുറഞ്ഞത്. 2014 മുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിൽ കുറവ് കാണിക്കുന്നത് വനം-വന്യജീവി വകുപ്പിന്റെ കെടുകാര്യസ്ഥതയാണ്. ആനകൾ ഉൾപ്പടെയുള്ള വന്യമൃഗങ്ങളെ വേട്ടയാടുന്നതിനെതിരെ വനം വകുപ്പ് കാണിക്കുന്ന നിസ്സംഗത അതീവ ഗുരുതരമാണ്. ഇതിനെക്കുറിച്ച് എല്ലാ പത്രങ്ങളിലും ആനകളുടെ ഫോട്ടോകളടക്കം വന്നിട്ടുണ്ടായിരുന്നു. അത് ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് കരുതുന്നു. ഇതുസംബന്ധിച്ച് ഒരു സമഗ്ര അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സംസ്ഥാനത്ത് കാട്ടാനകളുൾപ്പെടെയുള്ള മൃഗങ്ങളെ വേട്ടയാടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യമൃഗങ്ങളെ വേട്ടയാടുന്നത് തടയുന്നതിനായി നിലവിലുള്ള രണ്ട് നിയമങ്ങളിൽ ഒന്ന്, വന്യജീവി സംരക്ഷണ നിയമം 1972-ഉം മറ്റൊന്ന്, കേരള ഫോറസ്റ്റ് ആക്ടും മറ്റ് അനുബന്ധ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ട് കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതുമാണ്. വന്യജീവി കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കിടയിൽ സംസ്ഥാനത്ത് 323 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ഈ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് 294 വന്യജീവികൾക്കാണ് ജീവഹാനി സംഭവിച്ചിട്ടുള്ളത്. ഇതിൽ ഏകദേശം അറുപതു ശതമാനവും കാട്ടുപന്നി, മ്ലാവ്, മുള്ളൻപന്നി എന്നിവയാണ്. സമീപകാലത്ത് മലയാറ്റൂർ ഡിവിഷനിലെ വനമേഖലകളിൽനിന്ന് കാട്ടാനകളെ വേട്ടയാടി കൊമ്പ് നീക്കം ചെയ്ത കുറ്റത്തിന് തുണ്ടത്തിൽ റേഞ്ചിൽ 2015 മേയ് - ജൂൺ മാസങ്ങളിലായി ഇടമലയാർ പോലീസ് സ്റ്റേഷനിൽ OR1/2015, കരിമ്പാലി ഫോറസ്റ്റ് സ്റ്റേഷനിൽ OR2/2015 നമ്പരായി രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ഇതുവരെ 16 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. 16 ആളുകളുടേയും ലിസ്റ്റ് എന്റെ കയ്യിലുണ്ട്, ഇന്നലെയാണ്

ഒരാളെ അറസ്റ്റ് ചെയ്തത്. ഇതുസംബന്ധിച്ച് 29-6-2015-ലെ പത്രവാർത്ത കണ്ടയുടൻ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് ഈ വാർത്തയുടെ നിജ:സ്ഥിതി അന്വേഷിക്കണമെന്ന് ഞാൻ തന്നെയാണ് നിർദ്ദേശിച്ചത്. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മലയാറ്റൂർ മേഖലകളിലാകെ തിരച്ചിൽ നടത്തുകയും അഞ്ച് സ്ഥലങ്ങളിൽ ആനകളുടെ വളരെ പഴക്കമുള്ള ജഡാവശിഷ്ടങ്ങളും എല്ലിൻ കഷണങ്ങളും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ നാല് ആനകളുടെ ജഡാവശിഷ്ടങ്ങൾ തുണ്ടത്തിൽ റേഞ്ചിലെ കരിമ്പാലി ഫോറസ്റ്റ് സ്റ്റേഷൻ അതിർത്തിയിലും മറ്റൊന്ന് തുണ്ടത്തിൽ റേഞ്ചിലെ ഇടമലയാർ ഫോറസ്റ്റ് സ്റ്റേഷൻ അതിർത്തിയിലുമാണ് കണ്ടെത്തിയിട്ടുള്ളത്. ഇനിയും കൂടുതൽ ജഡങ്ങൾ ഉണ്ടോയെന്ന് അറിയുന്നതിനായി 250 വനപാലകർ അടങ്ങുന്ന സംഘം ജൂലൈ മൂന്ന്, നാല്, അഞ്ച് തീയതികളിൽ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിലെ വനമേഖലകളിൽ തിരച്ചിൽ നടത്തിയെങ്കിലും കുറ്റകൃത്യങ്ങളൊന്നും തന്നെ കണ്ടെത്തിയിട്ടില്ല. വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പ്രാഥമിക റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രാഥമിക അന്വേഷണം നടത്തിയതിൽ കുറ്റക്കാരെന്നുകണ്ട താഴെപ്പറയുന്ന നാല് വനം വകുപ്പ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. പി. കെ. രാജേഷ്, (റേഞ്ച് ആഫീസർ, തുണ്ടത്തിൽ റേഞ്ച്)കെ.പി. സുനിൽകുമാർ, (ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ആഫീസർ, കരിമ്പാലി ഫോറസ്റ്റ് സ്റ്റേഷൻ) പി.സി. പത്രോസ്, (സെക്ഷൻ ഫോറസ്റ്റ് ആഫീസർ, കരിമ്പാലി ഫോറസ്റ്റ് സ്റ്റേഷൻ) ശ്രീകാന്ത് ജി.കെ. നായർ, (ബീറ്റ് ഫോറസ്റ്റ് ആഫീസർ, വടാട്ടുപാറ ഫോറസ്റ്റ് സ്റ്റേഷൻ). ആനവേട്ടയും ആനക്കൊമ്പ് കച്ചവടവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തുനിന്നും പതിമൂന്നുപേരെയും മലയാറ്റൂരിൽനിന്ന് മൂന്നുപേരെയും അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആനക്കൊമ്പുവേട്ട തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി എടുക്കുന്നതിനും വനം വകുപ്പ് ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരികയാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. സംരക്ഷിത വനമേഖലയിലുള്ളതുപോലെ ആന്റി പോച്ചിംഗ് ക്യാമ്പ് ടെറിട്ടോറിയൽ വനമേഖലകളിൽ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പ്രശ്നബാധിത മേഖലകൾക്ക് പ്രാധാന്യം കൊടുത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

രണ്ട്, നിലവിൽ സംരക്ഷിതമേഖലയിൽ വ്യാപകമായി നടപ്പാക്കിയിട്ടുള്ള ക്യാമറ ട്രാപ് നിരീക്ഷണ സംവിധാനം ടെറിറ്റോറിയൽ മേഖലയിലും നടപ്പാക്കുന്നത് പരിഗണിക്കുന്നതാണ്. പട്രോളിംഗ് ശക്തമാക്കുകയും field

perambulation നടത്തുന്നത് കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യും. ആധുനിക സംവിധാനങ്ങളുപയോഗിച്ചും തദ്ദേശവാസികളുടെയും വനസംരക്ഷണ സമിതികളുടെയും പങ്കാളിത്തത്തോടെയും ഇന്റലിജൻസ് ഗാതറിംഗ് നടപ്പാക്കി ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. അതിന് മറ്റുചില വകുപ്പുകളുടെകൂടി സഹായം തേടുന്നതാണ്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് Areal surveillance നടത്തുന്നതിനായി ഡ്രോണുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. അന്തർസംസ്ഥാന അതിർത്തികളിൽ വരുന്ന വനമേഖലകളിൽ അയൽസംസ്ഥാനത്തെ ഉദ്യോഗസ്ഥരുമായി സഹകരിച്ച് സംയുക്ത പട്രോളിംഗ് കൂടുതൽ ശക്തമാക്കുന്നതാണ്. വേട്ടസംഘങ്ങൾക്ക് അന്തർസംസ്ഥാന ബന്ധമുണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ മറ്റുസംസ്ഥാനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനായി 2015 ആഗസ്റ്റുമാസം 6-ാം തീയതി വിളിച്ചുകൂട്ടുന്ന ദക്ഷിണ മേഖല സംസ്ഥാനങ്ങളിലെ വനം വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിന് കേരളം നേതൃത്വം കൊടുക്കുന്നതാണ്. പ്രശ്നബാധിത പ്രദേശങ്ങളിൽ കൂടുതൽ സൗകര്യങ്ങളും ഉദ്യോഗസ്ഥരെയും ലഭ്യമാക്കുന്ന രീതിയിലുള്ള ഫോറസ്റ്റേഷൻ സമ്പ്രദായം നടപ്പാക്കുന്ന കാര്യം പരിഗണിക്കും. ആവശ്യാനുസരണം ചെക്ക്പോസ്റ്റുകൾ, ഔട്ട്പോസ്റ്റുകൾ എന്നിവ മാറ്റിസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സ്ഥിരം കുറ്റവാളികളെ സംബന്ധിച്ചും അന്യസംസ്ഥാന കുറ്റവാളികളെ സംബന്ധിച്ചുമുള്ള ഒരു ക്രിമിനൽ പ്രൊഫൈൽ ഡയറക്ടറി തയ്യാറാക്കുന്നതാണ്. ഇതിനായി കേന്ദ്രഗവൺമെന്റ് വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ, ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥർ എന്നിവരുടെകൂടി സഹകരണം തേടുന്നതാണ്.

അങ്ങ് കർഷകർ അനുഭവിക്കുന്ന വിഷമത്തെക്കുറിച്ച് പറഞ്ഞു. വയനാട്ടിൽ ഇന്നലെയും കരടിയിറങ്ങി ആളുകളെ പിടിച്ചതായ വാർത്ത മാധ്യമങ്ങളിലു ണ്ടായിരുന്നു. ഇന്നുവെളുപ്പിന് 5.30-ന് ആ കരടിയെ വനം വകുപ്പിന് കുടുക്കാൻ കഴിഞ്ഞു. ആ പ്രദേശത്ത് ഭീതി വിതറിയ ഒരു കരടിയായിരുന്നു. അതിനുള്ള നടപടിയും എടുത്തിട്ടുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ......

മി. ചെയർമാൻ: സബ്മിഷൻ അവതരിപ്പിക്കുന്നതിനിടയിൽ അങ്ങനെയൊരു കീഴ്വഴക്കം ഇല്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കാടിനുള്ളിൽ ഇത്രയധികം ആനകൾ ചരിഞ്ഞിട്ടും ആരും അറിഞ്ഞില്ലെന്നു പറയുന്നത് അവിടെ ആരും പോകുന്നില്ലെന്നുള്ളതിന്റെ തെളിവാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലായോ; ആദിവാസി

വിഭാഗത്തിൽപ്പെട്ടവരടക്കമുള്ള ഗാർഡുകളാരും അവിടേക്ക് പോകുന്നില്ല. ആരേയും ഉദ്യോഗസ്ഥർ അവിടേക്ക് അയയ്ക്കുന്നില്ല. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, വനം വകുപ്പ് കൈക്കൊള്ളുന്ന നടപടികളെക്കുറിച്ച് ഞാൻ വിശദീകരിച്ചു. ഇനി അങ്ങ് എന്തെങ്കിലും പുതിയ കാര്യങ്ങൾ പറയുകയാണെങ്കിൽ അതുകൂടി ആലോചിക്കാം.

മി. ചെയർമാൻ: അത് വേണ്ട.

## (2) കസ്തൂരിരംഗൻ റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ മലയോര മേഖലയിൽ വലിയ സംഘർഷമുണ്ടാക്കിയ ഗാഡ്ഗിൽ - കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് ഈ നിയമസഭ എത്രയോ തവണ ചർച്ച ചെയ്തിട്ടുണ്ടെന്നുള്ളത് നമുക്കറിയാം. പ്രമേയം പോലും പാസ്സാക്കുകയുണ്ടായി. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് ഗാഡ്ഗിൽ-കസ്തൂരി രംഗൻ റിപ്പോർട്ടും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ടായത്. പ്രസ്തുത റിപ്പോർട്ടുമായി ബന്ധപ്പെട്ട് അപകടകരമായ നടപടിയിലേക്കാണ് കേന്ദ്ര ഗവൺമെന്റ് പോകുന്നത് എന്നതുകൊണ്ടാണ് ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിലെ കൃഷിഭൂമി എന്നുപറയുന്നത് ഏതാണെന്ന് നമുക്ക് നോക്കാം. 1977-നുമുമ്പ് കുടിയേറിയ സ്ഥലങ്ങൾക്ക് പട്ടയം കൊടുക്കണമെന്നുള്ളത് എല്ലാ കക്ഷികളും ചേർന്നെടുത്ത തീരുമാനമാണ്. 1980-ലെ വനനിയമം വരുന്നതിനുമുമ്പുതന്നെ 1977 എന്ന് ഒരു കട്ട് ഓഫ് ഡേറ്റ് വച്ചിട്ടുണ്ട്. അത്തരം ഭൂമി കൃഷിഭൂമിയായി മാറിക്കഴിഞ്ഞു. സ്വകാര്യ വനങ്ങൾ ഏറ്റെടുത്തപ്പോൾ കൃഷിക്കാർക്ക് ഫോറസ്റ്റ് ട്രിബ്യൂണൽവഴി തിരികെ നൽകിയ ഭൂമിയും കൃഷി ഭൂമിയായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ ഫോറസ്റ്റുകാരുടെ സൗകര്യംപോലെ ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ചു. അങ്ങനെ പ്രഖ്യാപിച്ച ഭൂമി ഒഴിവാക്കിക്കൊടുക്കാൻ തീരുമാനമെടുക്കുകയും ആ തീരുമാനം ഗവൺമെന്റ് ഉത്തരവായി ഇറക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ഭൂമിയും കൃഷി ഭൂമിയാണ്. സാധാരണ കൃഷിക്കാരുടെ ഭൂമി, അതിന് പ്രത്യേക മാനദണ്ഡം പറയേണ്ട ആവശ്യമില്ല. അത്രമാത്രം കൃഷി ഭൂമിയാണ് കേരളത്തിലുള്ളത്. ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നം, മുഖ്യമന്ത്രി ഈ സഭയിലും ജനങ്ങളോടും പറഞ്ഞത് നവംബർ മാസത്തിൽ അതിർത്തി നിർണ്ണയിച്ചു കൊടുത്തു എന്നാണ്. അദ്ദേഹം ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചായിരിക്കാം പറഞ്ഞത്. മലയോര മേഖലയിലെ 123 വില്ലേജുകളേയും കൃഷി ഭൂമിയായി മാറ്റിക്കൊണ്ടുള്ള തീരുമാനമായിരുന്നു എടുത്തത്. അതിൽ ഒരു അപാകതയുള്ളത്, ചുവപ്പ്, പച്ച,

മഞ്ഞ എന്നിങ്ങനെ നിറമിട്ട് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന് കൊടുത്തു എന്നതാണ്. പക്ഷേ കേന്ദ്ര ഗവൺമെന്റ് വളരെ സ്ലിക്കായ തീരുമാനമെടുത്തു. കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കൃഷിക്കാർക്ക് വളരെ അനുകൂലമായ തീരുമാനങ്ങളെടുത്തു കൊണ്ടാണ് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മുന്നോട്ടുപോകുന്നതെന്നുള്ള കാര്യം സന്തോഷത്തോടുകൂടി നമുക്ക് കാണാൻ കഴിയും. നമ്മൾ നിഷേധിച്ചിട്ട് കാര്യമില്ല. പക്ഷേ ഇവിടെ സംഭവിച്ചിരിക്കുന്നത്, 2015 സെപ്റ്റംബർ 9-നുമുമ്പ് ഇ.എസ്.എ. ബൗണ്ടറി പുനർനിർണ്ണയിച്ച് കൊടുക്കണം, അത് അവസാന അവസരമാണ്. സെപ്റ്റംബർ 9 കഴിഞ്ഞ് ഫൈനൽ നോട്ടിഫിക്കേഷൻ വന്നാൽ അത് മാറ്റാൻ നമുക്ക് കഴിയില്ല, കോടതിക്കുപോലും ചലഞ്ച് ചെയ്യാൻ കഴിയില്ല. പക്ഷെ, കഴിഞ്ഞ പത്തുമാസമായി കേന്ദ്ര ഗവൺമെന്റിൽനിന്നും അനവധി കത്തുകളും റിമൈൻഡറുകളും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലേക്കും ഗവൺമെന്റിലേക്കും ചീഫ് സെക്രട്ടറിക്കും വന്നുവെങ്കിലും അനങ്ങാപ്പാറനയം സ്വീകരിച്ചിരിക്കുകയാണ്. അതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. നമുക്കറിയാം, കേരളത്തിൽ 1890 മുതൽ 1898 വരെയാണ് തിരുവിതാംകൂറിലെ വനഭൂമി നോട്ടിഫിക്കേഷൻ വന്നത്. ഞാൻ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം, ഇത് 2015 മാർച്ച് 30-ാം തീയതി The Secretary, Ministry of Environment, Forest and Climate change, Delhi -ക്ക് കൊടുത്ത കത്താണ്. 2014 മേയ് 20, 2014 ജൂൺ 11, 2014 ജൂൺ 29, 2014 ഒക്ടോബർ 20, 2014 ഒക്ടോബർ 22 എന്നീ തീയതികളിൽ ബാംഗ്ലൂർ റീജിയണൽ ഓഫീസിൽനിന്നും അയച്ചിട്ടുള്ള കത്തുകളുടെയെല്ലാം കോപ്പി എന്റെ കയ്യിലുണ്ട്. ഇത് അങ്ങേക്കുംകൂടി അറിയാവുന്ന കാര്യമാണ്. ഇത് പറയാതെ പോകാൻ പറ്റില്ല. ഈ കത്തുകളിലൊക്കെ പറഞ്ഞിരിക്കുന്നത് എന്താണെന്നുള്ളത് പരിശോധിച്ച് തീരുമാനമുണ്ടാകേണ്ടേ; ഈ കത്തിൽ പറഞ്ഞിരിക്കുന്നത് എന്താണെന്ന് ഈ സഭ അറിയണം. “ ........ Kind attention is invited to the letters referred above, and the follow up action taken by this office in obtaining the boundary description of the 123 Ecologically Sensitive Area (E.S.A.) villages for understanding the sample ground truthing of the ESAs proposed by the State Government. This office is in receipt of a communication No. 3527/A2. Dated 28-11-2014 (copy enclosed) from the additional Secretary, Government of Kerala assuring the submission of the boundary description of the 123 ESA villages. This Office has not received any documents regarding the same till date. No confirmation of any such submissions being made to the Ministry of Forest and Environment Office, New Delhi directly has been received. ............”

മി. ചെയർമാൻ: പ്ളീസ് കൺക്ളൂഡ്........

ശ്രീ. പി. സി. ജോർജ്: അങ്ങേക്ക് അറിയാവുന്ന കാര്യമാണ്. കൂടുതൽ ദോഷമനുഭവിക്കാൻ പോകുന്നത് അങ്ങാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, സർവ്വേ നമ്പർ വച്ച് ബൗണ്ടറി തിരിച്ച് കണക്ക് സമർപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിൽ നിന്നും എട്ടോ ഒൻപതോ നോട്ടിഫിക്കേഷൻ വന്നിട്ടും കഴിഞ്ഞ പത്തുമാസക്കാലമായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥർ ഇവിടെ ചടഞ്ഞുകൂടി ഇരിക്കുകയാണ്. ഉദ്യോഗസ്ഥർ റിപ്പോർട്ട് കൊടുക്കുന്നില്ല. മറ്റൊരുകാര്യംകൂടി എനിക്ക് പറയാനുള്ളത്, ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി വില്ലേജിലെ വാഴത്തോപ്പ് പഞ്ചായത്തിൽ ഇടുക്കി കളക്ടറേറ്റ് ഉൾപ്പെടെയുള്ള ടൗൺഷിപ്പ് 161/1 എന്ന സർവ്വേ നമ്പരിൽ ഉള്ളതാണ്. ആ സർവ്വേ നമ്പരിലാണ് ഇടുക്കി വന്യജീവി സങ്കേതത്തിന്റെ കുറെഭാഗം ഉൾപ്പെടുന്നത്. സർവ്വേ നമ്പർ മാത്രം നോട്ടിഫൈ ചെയ്താൽ സംഭവിക്കുന്ന അപകടമെന്നു പറയുന്നത്, 161/1 സർവ്വേ നമ്പരിലുള്ള ഭൂമിയെക്കുറിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനോട് ചോദിച്ചാൽ അത് വനഭൂമിയാണെന്നുള്ള റിപ്പോർട്ട് കൊടുക്കും. ഈ സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്താണ് ഇടുക്കി കളക്ടറേറ്റ് സ്ഥിതി ചെയ്യുന്നത്. ഒരു കൃഷിക്കാരനോട് ചോദിച്ചാൽ 161/1 എന്ന സർവ്വേ നമ്പരിലുള്ളത് കൃഷി ഭൂമിയാണെന്ന് പറയും. അത്തരത്തിലുള്ള അപടകരമായ സ്ഥിതിയാണുള്ളത്. എത്രയുംവേഗം ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പി. സി. ജോർജ് ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. ബൗണ്ടറി നിർണ്ണയിച്ചുകൊടുക്കുന്നതിൽ കാലതാമസമുണ്ടായി എന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. അതിനുള്ള കാരണവും അദ്ദേഹം തന്നെ പറഞ്ഞു, സർവ്വേ നമ്പർ കൊടുക്കുന്നതിലെ അപകടസ്ഥിതിയെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 123 വില്ലേജുകളിലായി ആകെ 13108 ച.കി.മീ. പരിസ്ഥിതിലോലപ്രദേശമായി കണക്കാക്കിയിട്ടുണ്ട്. സർവ്വേ ഓഫ് ഇന്ത്യയുടെ ഭൂപടത്തെ ആസ്ഥാനമാക്കിയുള്ള അതിർത്തി സൂചനകളെ ആധാരമാക്കിയാണ് ഈ വിസ്തൃതി നിശ്ചയിച്ചത്. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ ദ്രുതഗതിയിലുള്ള ഇടപെടലുകളും എം.പി.-മാരടക്കമുള്ള ജനപ്രതിനിധികളുടെ ശക്തമായ സമ്മർദ്ദം കൊണ്ടുമാണ് കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയം 10-3-2014-ൽ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ സംസ്ഥാനത്തെ 123 വില്ലേജുകളിലായി ആകെ 9993.7 ച.കി.മീ. പരിസ്ഥിതി ലോലപ്രദേശമായി

കണക്കാക്കിയത്. ഇതിൽ 9107 ച.കി.മീ. വനപ്രദേശവും (ഫോറസ്റ്റ് ഇ.എസ്.എ.) 886.7 ച.കി.മീ. വനേതര പ്രദേശവുമായിട്ടാണ് കണക്കാക്കിയത്. ഇതിനെത്തുടർന്ന്, സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെട്ടുത്തിയതിന്റെ യടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ ഫോറസ്റ്റ് ഏരിയ ഇല്ലാത്ത 4 വില്ലേജുകളെ ഒഴിവാക്കി. ഇനി 119 വില്ലേജുകൾ മാത്രമാണ് അവശേഷിക്കുന്നത്. സർവ്വേ നമ്പർ സഹിതം കൊടുക്കണമെന്നാണ് കേന്ദ്രം ഇപ്പോൾ ആവശ്യപ്പെടുന്നത്. റീ-സർവ്വേ പൂർത്തിയാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സർവ്വേ നമ്പർ കൊടുത്താൽ ചില ബുദ്ധിമുട്ടുകൾ വരുമെന്നതിനാൽ വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് തയ്യാറാക്കിയിട്ടുണ്ട്. ജൂലായ് 31-ാം തീയതി വരെ കേന്ദ്ര സർക്കാർ സമയമനുവദിച്ച നൽകിയിട്ടുണ്ട്. അതിനുള്ളിൽ എല്ലാ ഡീറ്റെയിൽസും കൊടുക്കുന്നതായിരിക്കും. വില്ലേജ് അടിസ്ഥാനത്തിൽ ഏരിയ തിരിച്ചാണ് കൊടുക്കാൻ ഉദ്ദേശിക്കുന്നത്. വനഭൂമിയുടെ സർവ്വേ നമ്പറിൽ കൃഷിഭൂമികൂടി ഉൾപ്പെട്ടിട്ടുണ്ട്. അതിനാൽ റീ-സർവ്വേ നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ സർവ്വേ നമ്പർ മാത്രമായി കൊടുക്കാൻ സംസ്ഥാന സർക്കാരിന് ചില ബുദ്ധിമുട്ടുകളുണ്ട്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താം. ഇപ്പോഴത്തെ കണക്കനുസരിച്ച്, വനഭൂമിയുടെ അതിർത്തികൊണ്ട് ബാക്കിയുള്ള സ്ഥലങ്ങളെ ഒഴിവാക്കിയെടുക്കാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണുള്ളത്. അത് നിശ്ചിത സമയത്തിനുള്ളിൽത്തന്നെ കൊടുത്തിരിക്കും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, .....(മൈക്ക് ഓഫ്)......

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, സബ്മിഷന് ഉപചോദ്യമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നോട്ടിഫിക്കേഷൻ സംബന്ധിച്ച് ഒരാശങ്കയും വേണ്ട, വനവും നോമാൻസ് ലാന്റുമാണ് (പാറക്കെട്ടും ജലാശയങ്ങളും) ഇപ്പോൾ അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽത്തന്നെ ഫോറസ്റ്റ് മാത്രമായി ഒതുക്കി നിർത്താൻ സാധിക്കുമോ എന്നുള്ളതാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കൃഷി ഭൂമിയും കൈവശഭൂമിയുമെല്ലാം ഒഴിവാക്കിയാണ് സംസ്ഥാന സർക്കാർ നോട്ടിഫിക്കേഷൻ കൊടുത്തിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് 31-ാം തീയതി വരെ സമയമുണ്ട് എന്ന് പറഞ്ഞത് ശരിയാണ്. നമുക്ക് അക്കാര്യത്തിൽ സന്തോഷമാണ്. സമയപരിധി രണ്ട് മാസംകൂടി നീട്ടി നൽകണമെന്നാണ് ശ്രീ. മാരപാണ്ഡ്യൻ കൊടുത്ത കത്തിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ രണ്ടുമാസം നീട്ടിക്കിട്ടുകയില്ല. കാരണം, സെപ്റ്റംബർ 10-ാം തീയതി ഫൈനൽ നോട്ടിഫിക്കേഷൻ ഇറങ്ങും. അപ്പോൾ രണ്ടുമാസംകൂടി നീട്ടിക്കൊടുക്കുന്ന പ്രശ്നമില്ലല്ലോ; ജൂലായ് 31-നുമുമ്പ് എങ്ങനെയാണ് ഇത് നൽകാൻ പോകുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, 7-7-2015-ൽ കേന്ദ്ര പരിസ്ഥിതി മന്ത്രിതന്നെ നേരിട്ട് കോൺഫറൻസ് വിളിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിലാണ് 31-7-2015 എന്നുള്ള തീയതി സംസ്ഥാന സർക്കാരിന് അനുവദിച്ചുകിട്ടിയിരിക്കുന്നത്. സർക്കാർ 119 വില്ലേജുകളിലെയും എത്ര ഏരിയ എന്നത് തയ്യാറാക്കി വച്ചിരിക്കുകയാണ്. നാളത്തെ ക്യാബിനറ്റ് യോഗം ആ വിഷയം ഒന്നുകൂടി പരിഗണിക്കുകയും ഉടൻതന്നെ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്യും. എന്നാൽ കേന്ദ്ര സർക്കാർ സർവ്വേ നമ്പർകൂടി വേണമെന്നു ശഠിച്ചാൽ നമുക്ക് ബുദ്ധിമുട്ടാണ്. കാരണം റീ-സർവ്വേ നടത്തിയിട്ടില്ല. മാത്രമല്ല വനഭൂമിയുടെ സർവ്വേ നമ്പറിൽ കൃഷി ഭൂമി കൂടി ഉൾപ്പെട്ടിട്ടുണ്ട്. അത് കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം സമർപ്പിക്കുന്നതായിരിക്കും. വനം സംരക്ഷണത്തിന് യാതൊരു വിട്ടുവീഴ്ചയുമില്ല. അതിന്റെ ഏരിയ നിശ്ചയിച്ചിട്ടുണ്ട്. 119 വില്ലേജുകളിലും എത്ര ഏരിയയാണ് വനഭൂമി വരുന്നതെന്ന് കണക്കാക്കി വച്ചിരിക്കുകയാണ്. എന്നാൽ അവർ ആവശ്യപ്പെട്ടതുപോലെ സർവ്വേ നമ്പർ നൽകണമെങ്കിൽ റീ-സർവ്വേ പൂർത്തിയാക്കേണ്ടിവരും. അത് ജൂലായ് 31-നുമുമ്പ് പൂർത്തിയാക്കാൻ സാധിക്കില്ല.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ജില്ലയിലെ എല്ലാപ്രദേശത്തും സബ്മിഷനിൽ പറഞ്ഞിരിക്കുന്ന രീതിയിലുള്ള ഗുരുതരാവസ്ഥ നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ ജനങ്ങൾക്ക് വലിയൊരു ആശങ്ക നിലനിൽക്കുന്നതുകൊണ്ടാണ് വീണ്ടും ഓർമ്മപ്പെടുത്തുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ ആശങ്കകളെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. പശ്ചിമഘട്ടം കടന്നുപോകുന്നത് ആറ് സംസ്ഥാനങ്ങളിൽ കൂടിയാണ്. ഈ ഡീറ്റെയിൽസ് കൊടുത്തിരിക്കുന്നതും പ്രിലിമിനറി നോട്ടിഫിക്കേഷൻ വന്നതും ഇപ്പോൾ ഫൈനൽ നോട്ടിഫിക്കേഷൻ വരാൻ പോകുന്നതും കേരളത്തിലെ മാത്രം കാര്യമാണ്. കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചിരിക്കും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, മറ്റു സംസ്ഥാനങ്ങളിലെ സർവ്വേ പൂർത്തിയാക്കാത്തതുകൊണ്ടും അതിർത്തി നിശ്ചയിക്കപ്പെടാത്തതുകൊണ്ടുമാണ് അവർക്ക് ഇത്തരത്തിലുള്ള ആനുകൂല്യം കിട്ടിയതെന്നും നമ്മുടെ സർവ്വേ നമ്പർ അടക്കമുള്ളത് സബ്മിറ്റ് ചെയ്യുന്നതുകൊണ്ടാണ് പ്രയാസമുള്ളതെന്നും ജനങ്ങളുടെ ഇടയിൽ ചർച്ചയുണ്ട്. ഇടുക്കി ജില്ലയിൽ ഇത് നടപ്പിലായാൽ ഈ വില്ലേജുകൾ പൂർണ്ണമായും വനഭൂമിയായി പ്രഖ്യാപിക്കപ്പെടുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. അതുകൊണ്ട് ഇക്കാര്യം വളരെ ഗൗരവമായി കാണണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇക്കാര്യത്തിൽ ഒരു ആശങ്കയും ഉണ്ടാകേണ്ടതില്ല. കൃഷി ഭൂമിയും കർഷകന്റെ കൈവശമിരിക്കുന്ന ഭൂമിയും ഒരു കാരണവശാലും ഇ.എസ്.എ.യിൽ ഉൾപ്പെടില്ല. വനഭൂമി പല രീതിയിലും കൺവെർട്ട് ചെയ്തിട്ടുണ്ട്. അതിലൊന്നും ഒരു ബുദ്ധിമുട്ടും വരാത്തവിധത്തിലാണ് കാര്യങ്ങൾ ഇതുവരെ കൊണ്ടുപോയിട്ടുള്ളത്. സർക്കാരിന് വന്നിരിക്കുന്നൊരു ബുദ്ധിമുട്ടെന്നു പറയുന്നത്, സർവ്വേ നമ്പർ ഉൾപ്പെടെ നൽകണമെന്ന നിർദ്ദേശമാണ്. അത് അവിടെയുള്ള ജനപ്രതിനിധികൾക്ക് നല്ലതുപോലെ അറിയാവുന്നതാണ്. ഓരോ വില്ലേജിലുമുള്ള ഫോറസ്റ്റ് ഏരിയ കണക്കാക്കിവച്ചിട്ടുണ്ട്. അങ്ങനെയാണ് കോട്ടയം ജില്ലയിലെ പൂഞ്ഞാർ അടക്കം നാല് വില്ലേജുകളെ (തീക്കോയി, പൂഞ്ഞാർ, തെക്കേക്കര, കൂട്ടിക്കൽ) ഒഴിവാക്കിയത്. ആ വില്ലേജുകളിൽ വനമേഖലയില്ല. ഫോറസ്റ്റും നോമാൻസ് ലാന്റും അല്ലാതെ ഒരു ഭൂമിയും ഇ.എസ്.എ.യിൽ ഉൾപ്പെടുത്താൻ പറ്റില്ലെന്ന് പറഞ്ഞപ്പോൾ നാല് വില്ലേജുകൾ അവർതന്നെ എഗ്രി ചെയ്ത് ഒഴിവാക്കിത്തന്നു. തത്വത്തിൽ കേന്ദ്ര ഗവൺമെന്റ് വനപ്രദേശത്തിലേക്ക് ഇ.എസ്.എ. ലിമിറ്റ് ചെയ്യുന്നതിന് സമ്മതിച്ചിരിക്കുന്നു എന്നതിന്റെ സൂചനയാണ് 123-ൽ നിന്ന് നാല് വില്ലേജുകളെ ഒഴിവാക്കി കേരളത്തോട് 119 വില്ലേജുകളുടെ സർവ്വേ നമ്പറുകൾ ചോദിച്ചിരിക്കുന്നത്. സർവ്വേ നമ്പറിനുപകരം വ്യക്തമായ ഏരിയ തയ്യാറാക്കിവച്ചിട്ടുണ്ട്, ഉടൻതന്നെ കൊടുക്കുന്നതായിരിക്കും.

## (3) കായിക സർവ്വകലാശാല

ശ്രീ. എം. എ. വാഹീദ്: സർ, മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസോടുകൂടി കേരളം ഒരു സ്പോർട്സ് ഡെസ്റ്റിനേഷനായി മാറിയിരിക്കുകയാണ്. ഇതിന്റെ പ്രധാന കേന്ദ്രമായ കാര്യവട്ടത്തെ എൽ.എൻ.സി.പി.ഇ., എല്ലാ സൗകര്യങ്ങളോടും കൂടിയ കായിക കലാശാലയായി പ്രവർത്തിക്കുകയാണെങ്കിലും ഒരു സർവ്വകലാശാലയ്ക്ക് തുല്യമായാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതോടൊപ്പം ദേശീയ ഗെയിംസിനോടനുബന്ധിച്ച് നിർമ്മിച്ച അന്താരാഷ്ട്ര ഗ്രീൻഫീൽഡ് സ്റ്റേഡിയംകൂടി ആയപ്പോൾ എല്ലാ സൗകര്യങ്ങളും കാര്യവട്ടത്ത് ഒത്തിണങ്ങിയിരിക്കുകയാണ്. ഒരു കായിക സർവ്വകലാശാല നമുക്ക് ആവശ്യമായിത്തീർന്നിരിക്കുകയാണ്. അത് കേരളത്തിലെ കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനും കായികരംഗത്ത് കൂടുതൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനും ഉപകരിക്കുന്നതാണ്. അതുകൊണ്ട് കാര്യവട്ടം കേന്ദ്രമായി ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. എം. എ. വാഹീദ് പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുകയാണ്. നാഷണൽ ഗെയിംസ് നടത്തിയതോടുകൂടി ദേശീയ തലത്തിൽ കേരളത്തിന്റെ കായികക്ഷമതയെക്കുറിച്ചും ഗെയിംസ് നടത്തിപ്പിലുള്ള ശുഷ്കാന്തിയെക്കുറിച്ചും ഇന്ത്യയൊട്ടാകെ നല്ല അഭിപ്രായമാണ് ഉയർന്നുവന്നിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റും ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷനും ഒളിമ്പിക് ഫ്രട്ടേണിറ്റിയുമൊക്കെ ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ടാലന്റിനെ വളരെ നന്നായി പ്രകീർത്തിച്ചിട്ടുണ്ട്. കേരളത്തിൽ സ്പോർട്സ് സർവ്വകലാശാല വേണമെന്നത് നമ്മൾ അന്നുതന്നെ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രമന്ത്രി സർബാനന്ദ സോണോവാൾ വന്ന സന്ദർഭത്തിൽ അദ്ദേഹവുമായി ചില കാര്യങ്ങളെക്കുറിച്ച് സംസാരിക്കാനും സാധിച്ചിരുന്നു. ഇപ്പോൾ ശ്രീ. എം. എ. വാഹീദ് എൽ.എൻ.സി.പി.ഇ. കേന്ദ്രീകരിച്ച് സർവ്വകലാശാല വേണമെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. എൽ.എൻ.സി.പി.ഇ. കേരള ഗവൺമെന്റിനുകീഴിലുള്ളതല്ല. അത് SAI-യുടെയും കേന്ദ്ര ഗവൺമെന്റിന്റെയും അധീനതയിലുള്ള പ്രദേശമാണ്. അതുകൊണ്ട് കായിക യൂണിവേഴ്സിറ്റി എന്നത് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് കേരളത്തിന് കായിക യൂണിവേഴ്സിറ്റി ആവശ്യമാണെന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തോട് ഗവൺമെന്റ് പൂർണ്ണമായി യോജിക്കുകയാണ്.

## (4) മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്: സർ, തീരദേശ മേഖലയിൽ ഉൾക്കൊള്ളുന്ന മഞ്ചേശ്വരത്തിന്റെ സ്വപ്നപദ്ധതിയായിരുന്ന മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിന് ഈ സർക്കാർ 2013 ഏപ്രിലിൽ ഭരണാനുമതി നൽകുകയുണ്ടായി. സർക്കാരിന്റെയും പ്രത്യേകിച്ച് വകുപ്പുമന്ത്രിയുടെയും ആത്മാർത്ഥമായ സഹകരണത്തിന് നന്ദി അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ടെണ്ടർ നടപടി പൂർത്തിയാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിടുകയും ചെയ്തു. നിർഭാഗ്യവശാൽ ടെണ്ടർ എടുത്ത വ്യക്തി മരണപ്പെടുകയും പ്രവൃത്തി ആരംഭിക്കാതെ നീണ്ടുപോവുകയുമാണുണ്ടായത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശക്തമായ ഇടപെടലിനെത്തുടർന്ന് റീ-ടെണ്ടർ നടത്തുകയും ടെണ്ടർ നടപടി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ഇനിയും പ്രവൃത്തി ആരംഭിക്കുന്ന സ്ഥിതിയിലേക്ക് എത്തിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ആയതിനാൽ എത്രയുംവേഗം മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 75 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 48 കോടി 80 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ 490 മീറ്റർ നീളത്തിലും 530 മീറ്റർ നീളത്തിലും രണ്ട് പുലിമുട്ടുകൾ, 100 മീറ്റർ നീളത്തിൽ വാർഫ്, 600 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ ലേലപ്പുര, ഡ്രെഡ്ജിംഗ്, റെക്ലമേഷൻ, അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ, വിശ്രമമുറി, നെറ്റ് വെൻഡിംഗ് ഷെഡ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുതലായ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, ഡ്രെഡ്ജിംഗ്, റെക്ലമേഷൻ, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ എന്നീ പ്രവൃത്തികൾക്ക് 33.48 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി ഇ-ടെണ്ടർ മുഖേന പ്രീ-ക്വാളിഫിക്കേഷൻ ദർഘാസ് ക്ഷണിക്കുകയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അനുമതി ലഭ്യമാക്കുകയും M/s ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനിക്ക് 21-2-2014-ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ ഈ കമ്പനിയുടെ മാനേജിംഗ് പാർട്ണർ എം. കുഞ്ഞുമാഹീൻ ഹാജി 3-12-2013-ന് മരിച്ചതിനെത്തുടർന്ന് കരാറിലേർപ്പെടുന്നതിനുള്ള കാലാവധി നീട്ടി നൽകാൻ കുടുംബാംഗങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ദീർഘിപ്പിച്ചുനൽകിയ കാലാവധിക്കുള്ളിലും ദർഘാസ് കരാറിൽ ഏർപ്പെടാത്തതിനാൽ പുനർ ദർഘാസ് ക്ഷണിക്കുന്നതിന് നിർദ്ദേശം ലഭിച്ചതനുസരിച്ച് പുനർദർഘാസ് ക്ഷണിക്കുകയും 16.79 ശതമാനം അധിക നിരക്കിലുള്ള ദർഘാസ് അംഗീകരിക്കുന്ന വിഷയം ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയുടെ പരിഗണനയിലുമാണ്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ടെണ്ടർ കമ്മിറ്റി ഇത് അംഗീകരിച്ചു. ഈ ആഴ്ചതന്നെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന് കാലതാമസമുണ്ടായതിനുകാരണം ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്നതാണ്. ടെണ്ടർ എടുത്ത കോൺട്രാക്ടറുടെ ആകസ്മികമായ നിര്യാണത്തെത്തുടർന്ന് കുടുംബത്തിലെ പല പ്രശ്നങ്ങൾ കാരണം കുടുംബാംഗങ്ങൾക്ക് എഗ്രിമെന്റിൽ എത്താൻ സാധിച്ചില്ല. അതിനെത്തുടർന്നാണ് റീ-ടെണ്ടർ ചെയ്തത്. ഈ ആഴ്ചതന്നെ ഉത്തരവ് നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## (5) ഏറ്റുമാനൂർ ബൈപ്പാസ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, മണർക്കാടുനിന്ന് ഏറ്റുമാനൂർ വരെയുള്ള ബൈപ്പാസിന്റെ പണി പകുതി വഴിയിൽ, തിരുവഞ്ചൂർ ഭാഗംവരെ പൂർത്തിയായി നിൽക്കുകയാണ്. അതിനുശേഷം പേരൂർ, ഏറ്റുമാനൂർ വില്ലേജിലെ സ്ഥലമെടുപ്പ് പൂർത്തിയായിട്ട് കാലങ്ങളായി. എന്നിട്ടും ഇതിന്റെ പണി തുടങ്ങാനാവശ്യമായ ഒരു നടപടിയും ഉണ്ടായിട്ടില്ല. ഈ ബൈപ്പസിന്റെ പണി എത്രയുംവേഗം

പൂർത്തിയാക്കുക എന്നത് ഏറ്റുമാനൂരിനെ സംബന്ധിച്ച് സുപ്രധാനമായ കാര്യമാണ്. അതുപോലെ കെ.എസ്.ടി.പി. പദ്ധതി പ്രകാരം എം.സി. റോഡ് വികസനം എല്ലാ സ്ഥലത്തും നടന്നു. എന്നാൽ ഏറ്റുമാനൂർ ഭാഗത്തെ വർക്ക് മാത്രം ഇതുവരെ ആരംഭിച്ചിട്ടില്ല. കടുത്തുരുത്തി മണ്ഡലത്തിലെ പട്ടിത്താനത്തും ചങ്ങനാശ്ശേരി-കോട്ടയം ഭാഗത്തും പണി നടക്കുന്നുണ്ട്. ഏറ്റുമാനൂർ മണ്ഡലത്തിന്റെ പണി മാത്രം നടപ്പാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇവ എത്രയുംവേഗം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കെ.എസ്.ടി.പി. II പദ്ധതിയിലുൾപ്പെട്ട എം.സി. റോഡിലെ ചെങ്ങന്നൂർ-ഏറ്റുമാനൂർ 47.7 കിലോമീറ്റർ ഭാഗത്ത് 293.5 കോടി രൂപ ചെലവ് വരുന്ന നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. 36 മാസം നിർമ്മാണ കാലാവധിയുള്ള ഈ പ്രവൃത്തി 24-07-2017-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെ തെള്ളകം മുതൽ പട്ടിത്താനം വരെയുള്ള ഭാഗമാണ് ഈ റോഡിൽ ഉൾപ്പെട്ടിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം ഈ ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ മൂന്നാമത്തെ മൈൽസ്റ്റോണിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ ചെങ്ങന്നൂർ മുതലുള്ള ഭാഗത്തെ നിർമ്മാണ പ്രവൃത്തിയാണ് വിവിധ ഘട്ടങ്ങളിലായി നടത്തിവരുന്നത്. എന്നിരുന്നാലും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭ്യർത്ഥന മാനിച്ച് തെള്ളകം മുതൽ പട്ടിത്താനം വരെയുള്ള ഭാഗത്തെ ഓടയുടെയും കലുങ്കുകളുടെയും പണികൾ ഉടനെ ആരംഭിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റോഡിന്റെ നിർമ്മാണപ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ നിയോജകമണ്ഡലത്തിലുള്ള പ്രവർത്തനങ്ങൾ ലാസ്റ്റ് മൈൽസ്റ്റോണിലാണ് എഗ്രിമെന്റ് കാലത്ത് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ അങ്ങയുടെ താൽപ്പര്യവും അഭ്യർത്ഥനയും മാനിച്ച് സൈഡ് വർക്കുകളും കലുങ്കുകളും ചെറിയ പാലങ്ങളും ഉടൻതന്നെ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിക്കുകയും കരാറുകാരന് പ്രത്യേകം നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ബൈപ്പാസിന്റെ നിർമ്മാണവും ആരംഭിക്കുന്നതാണ്.

### (6) ഇടച്ചിറ പാലത്തിന് അപ്രോച്ച് റോഡ്

ശ്രീ. സി. ദിവാകരൻ: സർ, കരുനാഗപ്പള്ളിയിലെ സുനാമിബാധിത പ്രദേശമായ ആലപ്പാട് പഞ്ചായത്തിൽ ജനങ്ങളുടെ ഗതാഗത സൗകര്യത്തിനുവേണ്ടി ഒന്നരവർഷം ഇടച്ചിറ പാലം നിർമ്മിച്ചു. ആ പാലം ഉദ്ഘാടനം ചെയ്ത റവന്യൂ വകുപ്പുമന്ത്രി അപ്രോച്ച് റോഡിന് ഫണ്ടില്ലായിരുന്നതുകൊണ്ട് അന്ന് ആ

ഉദ്ഘാടനവേദിയിൽവച്ച് 50 ലക്ഷം രൂപ പ്രഖ്യാപിച്ചു. അതിനുശേഷം 18 മാസങ്ങൾ കഴിഞ്ഞെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അപ്രോച്ച് റോഡില്ലാത്തതിനാൽ ജനങ്ങൾക്ക് പാലംകൊണ്ട് യാതൊരു പ്രയോജനവുമില്ല. പി.ഡബ്ല്യൂ.ഡി-യും റവന്യൂ വകുപ്പും പരസ്പരം തട്ടിക്കളിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇടച്ചിറ പാലത്തിന് അപ്രോച്ച്റോഡ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

12.00 Noon]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, റവന്യൂ, പൊതുമരാമത്ത് വകുപ്പുകൾ പരസ്പരം തട്ടുന്ന പ്രശ്നമില്ല. ഇടച്ചിറ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി 2013 ഫെബ്രുവരി മാസം പൂർത്തീകരിച്ചതാണ്. ആ പാലത്തിന്റെ ഉദ്ഘാടന സമയത്ത് അപ്രോച്ച് റോഡിന് അനുബന്ധമായി മറ്റൊരു റോഡിന്റെ ആവശ്യം ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരുന്നു. തുരുത്തിലേക്കുള്ള ഗതാഗത സൗകര്യത്തിനുവേണ്ടിയുള്ള ഈ റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ആലപ്പാട് പഞ്ചായത്താണ് ഏറ്റെടുത്ത് തരേണ്ടത്. സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് ആലപ്പാട് പഞ്ചായത്ത് ഉറപ്പ് നൽകിയിരുന്നു. എന്ന് സ്ഥലം ഏറ്റെടുത്ത് തരുന്നുവോ അന്ന് അതിനുള്ള ഭരണാനുമതി നൽകി റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ )

**(7) അയിലം പാലം**

ശ്രീ. ബി. സത്യൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആറ്റിങ്ങൽ മണ്ഡലത്തിലെ അയിലം പാലത്തിന്റെ നിർമ്മാണം 2009-ൽ ആരംഭിച്ചതാണ്. അന്ന് ഈ പാലം കിളിമാനൂർ നിയോജകമണ്ഡലത്തിലായിരുന്നു. ഇപ്പോൾ ആറ്റിങ്ങൽ - പഴയ ചിറയിൻകീഴ് നിയോജകമണ്ഡലങ്ങളെ തമ്മിലും പുളിമാത്ത്-മുദാക്കൽ എന്നീ രണ്ട് പഞ്ചായത്തുകളെ തമ്മിലും ബന്ധിപ്പിക്കുന്നതാണ് പ്രസ്തുത പാലം. പാലം നിർമ്മാണം 4 വർഷം പിന്നിട്ടു. മൂന്നുനാല് തവണ കാലാവധി നീട്ടിക്കൊടുത്തെങ്കിലും നിർമ്മാണം പഴയ അവസ്ഥയിൽത്തന്നെ നിൽക്കുകയാണ്. നിരവധി തവണ ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരുമായി ഞാനും സമീപമണ്ഡലത്തിലെ എം.എൽ.എ. ആയ ശ്രീ. വി. ശശിയും സംസാരിച്ചെങ്കിലും നിർമ്മാണം പഴയ അവസ്ഥയിൽത്തന്നെ തുടരുകയാണ്. എല്ലാ വർഷവും പുതിയ ഷെഡ്യൂൾ അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്നും പുതിയ നിരക്കുകൾ

വരുമ്പോൾ കരാർ ഏറ്റെടുത്തവർക്ക് സാമ്പത്തിക ബാധ്യത വരുന്നുവെന്നും കരാറുകാരുടെ സാമ്പത്തിക ബാധ്യതകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതാണെന്നും പറയുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം ഒരു ഭാഗത്തുണ്ടെങ്കിലും ഞാൻ നിരന്തരമായി ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുന്നുണ്ട്. കരാറുകാരന് സാമ്പത്തിക ബാധ്യത ഉള്ളതുകൊണ്ടും നിരവധി ബില്ലുകൾ മാറിക്കിട്ടാനുള്ളതുകൊണ്ടും സമയബന്ധിതമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്നുള്ള വിവരമാണ് ഇപ്പോൾ ലഭിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്ന ഒട്ടേറെ പദ്ധതികളുടെ കൂട്ടത്തിൽ പാലങ്ങളുടെ പ്രത്യേക ലിസ്റ്റുമുണ്ട്. ആ പ്രത്യേക ലിസ്റ്റിൽ അയിലം പാലംകൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അദ്ദേഹം താൽപ്പര്യമെടുക്കുകയും മറ്റ് പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതോടൊപ്പം ഈ പാലത്തിന്റെ നിർമ്മാണവും പൂർത്തീകരിക്കാനും നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാനുംവേണ്ട നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇതുസംബന്ധിച്ച മേൽനോട്ടം മാറിമാറിവരുന്ന എഞ്ചിനീയർമാരാണ് കൈകാര്യം ചെയ്യുന്നത്. റോഡ്സിനും ബ്രിഡ്ജസിനുമായി ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. മേൽത്തട്ടിലുള്ള പരിശോധനകൾ നടത്തുന്നതും ഒരാളാണ്. റോഡിനും മറ്റ് നിർമ്മാണങ്ങൾക്കും കാണിക്കുന്ന താൽപ്പര്യം പാലം നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യത്തിൽ കാണിക്കുന്നില്ല. മരാമത്ത് എഞ്ചിനീയറിംഗ് വിഭാഗം കാണിക്കുന്ന താൽപ്പര്യമില്ലായ്മ പാലംപണിക്ക് വേഗത കുറച്ചിട്ടുണ്ട്. 'പാലം നിർമ്മാണം അനിശ്ചിതത്വത്തിൽ', 'പാലം പഴയ അവസ്ഥയിൽ' തുടങ്ങിയ തലക്കെട്ടുകളോടെ പത്രമാധ്യമങ്ങൾ നിരന്തരമായി എഴുതുകയാണ്. മറ്റുമേഖലകളിൽ നടന്നുവരുന്ന നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നുമുണ്ട്. കരാറുകാരൻ ചില സന്ദർഭങ്ങളിൽ നന്നായി പണി നടത്തുകയും പിന്നെ മാറ്റിവയ്ക്കുകയും ചെയ്യും. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ പണി ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും പൂർത്തിയാക്കണമെന്ന ആഗ്രഹം അവിടത്തെ ജനങ്ങൾക്കും ജനപ്രതിനിധികൾക്കുമുണ്ട്. സമീപമണ്ഡലത്തിലെ എം.എൽ.എ. ആയ ശ്രീ. വി. ശശിയേയും കൂടി ചേർത്ത് ഉന്നതതല യോഗം വിളിച്ച് പണി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള തീരുമാനമുണ്ടാകണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 2009-ൽ 540 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പാലമാണ് അയിലം പാലം. ഇപ്പോൾ ആ പാലത്തിന്റെ പണി പുരോഗതിയിലാണ്. പാലത്തിന് മൂന്ന് സ്പാനുകൾ ഉള്ളതിൽ രണ്ടെണ്ണം പൂർത്തിയായിട്ടുണ്ട്. നിർഭാഗ്യവശാൽ പല

പാലങ്ങളുടെയും റോഡുകളുടെയും പണി ഏറ്റെടുക്കുന്ന കരാറുകാരിൽ ചില കരാറുകാർ വളരെ ഉഴപ്പുന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഫണ്ട് കിട്ടാത്തതാണെന്ന വാദം ശരിയല്ല. IOU സമ്പ്രദായത്തിൽ ഏകദേശം കരാറുകാരുടെയും കുടിശ്ശിക തീർത്തുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ പല കാര്യങ്ങളിലും നമുക്ക് ഇടപെടാൻ പറ്റാത്ത നിയമപരമായ തടസ്സങ്ങളുണ്ട്. വർക്ക് ഉപേക്ഷിക്കുന്നത് കാരാറുകാരുടെ ഹാബിറ്റായി മാറിയിരിക്കുകയാണ്. അക്കൂട്ടത്തിലുള്ള കരാറുകാരനെയായിരിക്കാം 2009-ൽ ശ്രീ. സത്യൻ, എം.എൽ.എ.-യ്ക്ക് കിട്ടിയത്. ഇത് കേരളത്തിൽ മൊത്തത്തിലുള്ള അവസ്ഥയാണ്. ചില കരാറുകാർ നല്ല രീതിയിൽ വർക്ക് ചെയ്യുന്നുണ്ടെങ്കിലും ചിലർ സമ്പത്ത് നഷ്ടപ്പെടുത്തുകയും ജനങ്ങളുടെ വെറുപ്പ് സമ്പാദിച്ചുതരുന്നവരുമാണ്. ഇങ്ങനെയുള്ളവരെ എലിമിനേറ്റ് ചെയ്യാൻ നിയമപരമായ തടസ്സങ്ങളുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് യോഗം വിളിച്ച് പാലത്തിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കി ഉദ്ഘാടനം ചെയ്യുന്നതാണ്.

## (8) വിവിധ പാലങ്ങളുടെ നിർമ്മാണം

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, നേമം നിയോജക മണ്ഡലത്തിലെ മധുപാലം, പനത്തുറ, മുടവൻമുഗൾ, സത്യൻനഗർ, പള്ളത്ത് കടവ്, കല്ലടിമുഖം, മാങ്കോട്ട് കടവ്, തിരുവല്ലം-ഇടയാർ, കീഴാറന്നൂർ തുടങ്ങിയ 9 പാലങ്ങളുടെ നിർമ്മാണത്തിനായി 2015-ലെ സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതെല്ലാം എൽ.ഡി.എഫ്.-ന്റെ കാലം മുതൽ നിർദ്ദേശിച്ചുവരുന്നവയാണ്. ഇതിൽ മധുപാലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 7 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്നതാണ്. ഈ പാലത്തിനും നേമം മണ്ഡലത്തിലെ കല്ലടിമുഖം പാലം, പള്ളത്ത് കടവ് പാലം എന്നീ പാലങ്ങൾക്കും സർക്കാരിൽനിന്ന് ഭരണാനുമതി ലഭിച്ചതാണ്. എന്നാൽ ഭരണാനുമതിയുള്ള മേൽപ്പറഞ്ഞ 3 പാലങ്ങളുടെയോ നേമം മണ്ഡലത്തിലെ മറ്റ് ആറ് പാലങ്ങളുടെയോ നിർമ്മാണത്തിന് ഇപ്പോഴും യാതൊരു പുരോഗതിയും ഉള്ളതായി കാണുന്നില്ല. ഈ പാലങ്ങളുടെയെല്ലാം നിർമ്മാണ അവലോകനം അതാത് പ്രദേശങ്ങളിലെ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എന്റെയും ബന്ധപ്പെട്ട പൊതുമരാമത്ത് ബ്രിഡ്ജസ് ഉദ്യോഗസ്ഥന്മാരുടെയും സാന്നിദ്ധ്യത്തിൽ ചേരുകയുണ്ടായി. എന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നിയമസഭയിലുള്ള അദ്ദേഹത്തിന്റെ ആഫീസിൽ പ്രസ്തുത പാലങ്ങളുടെ നിർമ്മാണ അവലോകന യോഗം വിളിച്ചുചേർക്കുകയുണ്ടായി. ഈ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോഴും ആരംഭിക്കാൻ കഴിയാതെ ഫയലിൽ ഉറങ്ങുന്നതിന് കാരണം ലാന്റ് അക്വിസിഷന്റെ കുഴപ്പങ്ങളും നൂലാമാലകളുമാണ്. 2013-ൽ

കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റ് പ്രാബല്യത്തിൽ കൊണ്ടുവന്ന 'Right to Fair Compensation and Transparency in Land Acquisition, Rehabilitation and Re-settlement Act (LARRA), 2013' എന്ന നിയമമാണ് നേമം മണ്ഡലത്തിലെ മാത്രമല്ല, സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലേയും പൊതുമരാമത്ത് പ്രവൃത്തികളുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയായി മാറിയിരിക്കുന്നത്. ഈ നിയമം കാരണം സംസ്ഥാനത്തെ പല സുപ്രധാന പൊതുമരാമത്ത് പണികളും സ്തംഭിച്ചിരിക്കുകയാണ്. ഈ കേന്ദ്ര നിയമത്തിന് സബ്റൂൾ ഉണ്ടാക്കിയാൽ മാത്രമേ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത ചട്ടങ്ങൾ സംസ്ഥാന സർക്കാർ എത്രയുംവേഗം പ്രസിദ്ധീകരിക്കണമെന്നാവശ്യപ്പെട്ട് 13-6-2014-ൽ ഞാൻ സഭയിൽ സബ്മിഷൻ അവതരിപ്പിച്ചിരുന്നു. കളക്ടർമാരോട് ലാന്റ് അക്വിസിഷനെക്കുറിച്ച് ചോദിച്ചാൽ, അതുസംബന്ധിച്ച് കേന്ദ്ര നിയമം വന്നുവെന്നും ആ നിയമത്തിന്റെ സബ്റൂൾ സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ചിട്ടില്ലെന്നും അതുകൊണ്ട് ലാന്റ് അക്വിസിഷൻ നടത്താൻ കഴിയില്ലെന്നുമാണ് മറുപടി. ഭൂമി തരേണ്ട വ്യക്തികൾ സ്വമേധയാ ഭൂമി സറണ്ടർ ചെയ്താൽ എളുപ്പമാകുമെന്നാണ് കളക്ടർമാരുടെ ഇപ്പോഴത്തെ നിലപാട്. ഇതുകൂടാതെ, മാസ്റ്റർ പ്ലാൻ, തീരദേശ നിയമം, നീർത്തട സംരക്ഷണ നിയമം, വനസംരക്ഷണ നിയമം തുടങ്ങിയ നിയമങ്ങളും പ്ലാനുകളും കാരണമായുള്ള മറ്റ് തടസ്സങ്ങളും. മേൽപ്പറഞ്ഞ തടസ്സങ്ങൾ കാരണം സംസ്ഥാനത്ത്, ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾപോലും നടത്താൻ കഴിയാത്ത ഗുരുതരമായ സ്ഥിതിവിശേഷമാണുള്ളത്. റവന്യൂ വകുപ്പിലെ ചില ഡെപ്യൂട്ടി കളക്ടർമാരും ഡെപ്യൂട്ടി തഹസീൽദാർമാരും കേന്ദ്ര നിയമത്തിന്റെ മറവിൽ ലാന്റ് അക്വിസിഷൻ എങ്ങനെ തടസ്സപ്പെടുത്താമെന്നാണ് ചിന്തിക്കുന്നത്. ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. സ്പീക്കർ എന്ന നിലയിൽ അങ്ങയുടെ ഭാഗത്തുനിന്നും നീതി ലഭിക്കേണ്ട കാര്യമാണ്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രതിപക്ഷ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് മുഴുവൻ എ.എസ്.-ഉം ടി.എസ്.-ഉം നൽകാതെ തടഞ്ഞുവയ്ക്കുകയാണ്. അങ്ങ് ഇക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടണം. .......(ബഹളം)....ഒരുത്തരുടെയും കുടുംബസ്വത്തൊന്നുമല്ല, മര്യാദയ്ക്ക് ഇരിക്കാൻ പറയണം. ഈ നടപടി ശരിയല്ല. ഞങ്ങൾക്ക് ന്യായമായി ലഭിക്കേണ്ട, ഞങ്ങളുടെ പ്രവൃത്തികളെ സംബന്ധിച്ച എ.എസ്.-ഉം റ്റി.എസ്.-ഉം നിശ്ചിത സമയത്ത് കിട്ടേണ്ടത് യു.ഡി.എഫ്.-ന്റെ തീരുമാനപ്രകാരം നിഷേധിക്കപ്പെട്ടാൽ എ.എസ്.-ഉം റ്റി.എസ്.-ഉം ലഭിക്കുന്നതുവരെ ആ മന്ത്രിമാരുടെ ഓഫീസിൽ ഞങ്ങൾ എം.എൽ.എ.-മാർക്ക് സത്യാഗ്രഹമിരിക്കേണ്ടി വരുമെന്നുള്ള കാര്യം അങ്ങയെ അറിയിക്കുകയാണ്..

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി, 4 മിനിട്ടായി. അങ്ങ് സംസാരിച്ച് അവസാനിപ്പിക്കു.

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എന്തിനാണ് ബഹളമുണ്ടാക്കുന്നത്; പ്രത്യേക പ്രിവിലേജ് എന്തെങ്കിലുമുണ്ടോ?മറ്റൊരുകാര്യം കൂടി എനിക്ക് പറയാനുണ്ട്, തിരുവനന്തപുരം തകരപറമ്പ് ഫ്ലൈഓവർ ഇന്ന് ഉദ്ഘാടനം ചെയ്യുകയാണ്. അങ്ങ് തിരുവനന്തപുരം മണ്ഡലത്തിലുള്ള ആളാണല്ലോ, അങ്ങയേയും പ്രതിപക്ഷ നേതാവിനെയും ക്ഷണിച്ചിട്ടില്ല. ഇതൊക്കെ വളരെ വില കുറഞ്ഞ ഏർപ്പാടല്ലേ? കഴിഞ്ഞ കാലഘട്ടങ്ങളിൽ തിരുവനന്തപുരം നഗരത്തിൽ നടക്കുന്ന എല്ലാ പ്രധാനപ്പെട്ട ചടങ്ങുകളുടെയും ഉദ്ഘാടനത്തിന് ഒന്നുകിൽ ശ്രീ. ഉമ്മൻ ചാണ്ടി, അല്ലെങ്കിൽ ജി. കാർത്തികേയൻ ഉണ്ടാകുമായിരുന്നു. ഇപ്പോൾ സ്ഥിരമായി ഇങ്ങനെ നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങ് തിരുവനന്തപുരത്തുള്ള എം.എൽ.എ.യും സ്പീക്കറുമല്ലേ, അങ്ങേയ്ക്കൊരു സ്ഥാനം തരേണ്ടതല്ലേ? പ്രതിപക്ഷ നേതാവിനും ഒരു സ്ഥാനം കൊടുക്കണ്ടേ? ഇതൊക്കെ വളരെ ചീപ്പായിട്ടുള്ള കാര്യങ്ങളാണ്. പക്ഷപാതപരമായിട്ടുള്ള കാര്യമാണ്. അങ്ങിതിൽ ഇടപെടണം. അങ്ങ് എല്ലാവരുടെയും സംരക്ഷകനാണ്. എം.എൽ.എ. എന്നുമാത്രമല്ല, ഞങ്ങളുടെ സ്പീക്കറെന്നുള്ള നിലയിൽ പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും സംരക്ഷകനാണ്. അങ്ങ് യു.ഡി.എഫ്.-ന്റെ മാത്രം സ്പീക്കറല്ല. അങ്ങ് ഞങ്ങളുടെയും നമ്മുടെ എല്ലാവരുടെയും സ്പീക്കറാണ്. അതുകൊണ്ട് ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കണം. ഞാൻ അവസാനം പറഞ്ഞ കാര്യം വേണമെങ്കിൽ അങ്ങേയ്ക്ക് എഴുതിത്തരാം, അങ്ങ് പരിശോധിക്കണം. ഇവിടെ ബഹളം വയ്ക്കുന്നത് ചെറിയ രൂപത്തിലൊന്നും അവസാനിക്കുകയില്ല. എ.എസ്.-ഉം റ്റി.എസ്.-ഉം പ്രതിപക്ഷത്തിന് നിഷേധിച്ചാൽ, പ്രതിപക്ഷം ഓടുപൊളിച്ചിറങ്ങി വന്നവരല്ല, ജനങ്ങളുടെ വോട്ടുവാങ്ങി വന്നവരാണ്, അത് വാങ്ങാനും ഞങ്ങൾക്കറിയാമെന്നുള്ള കാര്യം സ്പീക്കറെ ഓർമ്മപ്പെടുത്തുകയാണ്. ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ യാതൊരു ഔദാര്യവും ഞങ്ങൾക്ക് ആവശ്യമില്ല.(ബഹളം)....

മി. സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങ് ദയവായി ഇരിക്കു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, നേമം നിയോജക മണ്ഡലത്തിലെ കല്ലടിമുഖം പാലത്തിന് 500 ലക്ഷം രൂപയുടെയും മധുപാലം നിർമ്മാണത്തിന് 700 ലക്ഷം രൂപയുടെയും പള്ളത്ത്കടവ് പാലം നിർമ്മാണത്തിന് 850 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ മൂന്ന് പാലങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട

നടപടികൾ ഉഭയകക്ഷി സമ്മതപ്രകാരം സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം വി. ശിവൻകുട്ടി പറഞ്ഞതിൽ ഒരു വ്യത്യാസമുണ്ട്. യു.പി.എ. ഗവൺമെന്റിന്റെ ഭൂമി ഏറ്റെടുക്കൽ നിയമം പലപ്പോഴും നമുക്ക് അനുകൂലമായി നമ്മുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ സഹായകരമായിരുന്നു. ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് അത് പിന്തിരിപ്പനാണെന്നു പറഞ്ഞ് പിൻവലിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ആ നിയമം ഉണ്ടായിരുന്നുവെങ്കിൽ കാര്യങ്ങൾ എളുപ്പത്തിൽ നടത്താമായിരുന്നു. പക്ഷെ, ഈ ഗവൺമെന്റ് അങ്ങനെയൊരു നിയമമില്ലായെന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ ജോലികൾ തടസ്സപ്പെടരുത് എന്നുള്ള നിർബന്ധത്തോടുകൂടി മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഞാൻതന്നെ മന്ത്രിസഭയിൽ ഒ.എ. കൊണ്ടുവന്ന് അത് മന്ത്രിസഭ അംഗീകരിച്ച് ഗവൺമെന്റ് ഉത്തരവാക്കി 14 ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഇത്തരത്തിലുള്ള പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണത്തിനുവേണ്ടിയുള്ള ലാന്റ് അക്വിസിഷനുകൾ നെഗോഷ്യേറ്റ് പർച്ചേസായി നടത്താൻ തീരുമാനിക്കുകയും പൊതുമരാമത്ത് വകുപ്പിന് ലാന്റ് അക്വിസിഷനുവേണ്ടി 100 കോടി രൂപ ഈ ബഡ്ജറ്റിൽ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് യാതൊരു തടസ്സവുമുണ്ടാകുകയില്ല. അങ്ങയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർ, പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരെയും വിളിച്ചുവരുത്തി അതിനൊരു സ്പെയ്ഡ് വർക്ക് നടത്തിയാൽ ഈ പാലങ്ങൾക്കുവേണ്ടി കിട്ടേണ്ട മുഴുവൻ സ്ഥലങ്ങളും നെഗോഷ്യേറ്റ് പർച്ചേസിൽ എടുത്ത് അതിന്റെ തുക നൽകാമെന്ന് ഉറപ്പുനൽകാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അങ്ങ് പറഞ്ഞ കാര്യങ്ങളിൽ ഒന്ന്, അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽനിന്നുള്ള പ്രവൃത്തികൾക്ക് എ.എസ്. കൊടുക്കുന്നത് പൊതുമരാമത്ത് വകുപ്പല്ല. ഞാൻ ഫയൽ കാണുന്നുവെന്ന് മാത്രമേയുള്ളൂ, എ.എസ്. നൽകുന്നത് ബന്ധപ്പെട്ട വകുപ്പുകളാണ്. എനിക്ക് ഫയൽ വന്നാൽ അൽപ്പംപോലും കാലതാമസം വരുത്താറില്ല. പൊതുമരാമത്ത് വകുപ്പുമായി അതിന് യാതൊരു ബന്ധവുമില്ല. രണ്ട്, തകരപ്പറമ്പ് ഫ്ളൈഓവറിന്റെ കാര്യം പറഞ്ഞു, അങ്ങേയ്ക്ക് അങ്ങനെയൊരു പ്രയാസമുണ്ടായതിൽ എനിക്ക് അതിയായ വിഷമമുണ്ട്. കാരണം, ഇതൊരു നിയോജക മണ്ഡലത്തെ മാത്രം ബാധിക്കുന്ന ഒന്നാണ്. ബഹുമാനപ്പെട്ട വി. എസ്. ശിവകുമാറിന്റെ നിയോജക മണ്ഡലത്തിലുള്ള ഒരു ഫ്ളൈഓവറാണ് തകരപ്പറമ്പ് ഫ്ളൈഓവർ. വാസ്തവം നമുക്കെല്ലാപേർക്കുമറിയാം. രണ്ടുമൂന്നാഴ്ചയായി പത്രങ്ങളിൽ കാണുന്നു, ഞങ്ങൾ ജനകീയ ഉദ്ഘാടനം നടത്തുമെന്ന് ഒരു രാഷ്ട്രീയപാർട്ടി, സി.പി.ഐ. (എം.) അല്ല, ആവശ്യപ്പെടുകയും നിരന്തരം ഭീഷണി മുഴക്കിക്കൊണ്ടിരിക്കുന്ന

സമയത്ത് ഒരു കൺഫ്രെണ്ടേഷൻ ലൈൻ എടുക്കാതെ പെട്ടെന്ന് അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ തീരുമാനിക്കുകയാണ് ചെയ്തത്. അതൊരു ജില്ലാതല-സംസ്ഥാനതല പരിപാടി അല്ലാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ക്ഷണിക്കാതിരുന്നത്. അദ്ദേഹത്തെ ക്ഷണിക്കുന്നതിൽ ഗവൺമെന്റിന് വലിയ സന്തോഷമേയുള്ളൂ. ഇക്കാര്യം ഒരു വിവാദമാക്കരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

## (9) കഡാവർ കരൾ ശസ്ത്രക്രിയാകേന്ദ്രം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മലബാറിലെ പാവപ്പെട്ട രോഗികളുടെ ആശാകേന്ദ്രമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. കേരളത്തിലെ ഒരു മെഡിക്കൽ കോളേജിലും കഡാവർ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കിയത്. സ്വകാര്യ ആശുപത്രികളുമായി ടൈഅപ്പ് ഉണ്ടാക്കി 'മൃതസഞ്ജീവനി' പദ്ധതിയുടെ ഭാഗമായിട്ടാണ് ഇപ്പോൾ അത്തരം ശസ്ത്രക്രിയ നടക്കുന്നത്. അതിന് സ്വകാര്യ ആശുപത്രികൾ വലിയ ഫീസാണ് ഈടാക്കുന്നതെന്ന് എല്ലാവർക്കുമറിയാം. മെഡിക്കൽ കോളേജിൽ അങ്ങനെയൊരു സൗകര്യമുണ്ടായാൽ പാവപ്പെട്ട രോഗികൾക്ക് അത് വലിയ സഹായകരമായിരിക്കും. തിരുവനന്തപുരത്ത് അതിന്റെ പ്രവർത്തനം ഇതിനകംതന്നെ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിലാണെങ്കിൽ യോഗ്യതയുള്ള ഡോക്ടർമാരും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. അതുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിനെ കഡാവർ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാകേന്ദ്രമാക്കി മാറ്റുന്നതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സൗകര്യങ്ങൾ ചെയ്തുകൊടുത്ത് മലബാറിലെ രോഗികളെ രക്ഷിക്കണമെന്ന ഒരു അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, നമ്മുടെ രാജ്യത്ത് അവയവമാറ്റം നടത്തുന്നത് കേന്ദ്ര നിയമം അനുസരിച്ചാണ്. വളരെ കർശനമായ നിബന്ധനകളാണ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. അവയവമാറ്റം കച്ചവടമാക്കുന്നുവെന്ന് വ്യാപകമായ പരാതികളുണ്ടായ സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ ഇതുസംബന്ധിച്ച നിയമം കർശനമാക്കിയത്. ഇത് ജീവിച്ചിരിക്കുന്ന വ്യക്തികളിൽനിന്നും അവയവം സ്വീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ്. എന്നാൽ അപകടമരണം സംഭവിക്കുകയോ മസ്തിഷ്കമരണം സംഭവിക്കുകയോ ചെയ്യുന്ന ആൾക്കാരിൽനിന്നും അവയവം സ്വീകരിക്കുന്നതിന്

കുറച്ചുകൂടി ലളിതമായ പ്രക്രിയകളാണുള്ളത്. അപകടമരണം സംഭവിക്കുകയോ മസ്തിഷ്കമരണം സംഭവിക്കുകയോ ചെയ്യുന്നവരിൽനിന്നും ഉപയോഗപ്രദമായ അവയവങ്ങൾ രോഗികൾക്ക് നൽകുന്നതിനായി 'മൃതസഞ്ജീവിനി' എന്ന ഒരു പദ്ധതി 2012 ആഗസ്റ്റ് മാസം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇത് തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് മോണിറ്റർ ചെയ്യുന്നത്. മരണപ്പെട്ട വ്യക്തികളുടെ ശരീരം ലഭ്യമായാൽ ബന്ധുക്കളുടെ സമ്മതത്തോടെ കണ്ണ്, കിഡ്നി, ലിവർ, ഹൃദയം തുടങ്ങിയവ ഉപയോഗിക്കുന്ന പദ്ധതിയാണ് മൃതസഞ്ജീവിനിയിലൂടെ ആവിഷ്ക്കരിച്ചിട്ടുള്ളത്. അവയവങ്ങൾ ആവശ്യമുള്ള രോഗികളുടെ ലിസ്റ്റ് അപേക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി രജിസ്റ്റർ ചെയ്തവരുടെ പേരുവിവരം നെറ്റിൽ പ്രസിദ്ധീകരിക്കുകയും കഡാവർ ലഭ്യമാകുന്ന അവസരത്തിൽ അവർ ഏത് ആശുപത്രിയിലാണോ ചികിത്സ തേടുന്നത് അവിടെ ലഭ്യമാക്കുകയും ചെയ്യും. സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ പ്രധാനമായും കൈകാര്യം ചെയ്യുന്നത് കിഡ്നി, കണ്ണ് എന്നിവയുടെ ട്രാൻസ്പ്ലാന്റേഷനാണ്. 'മൃതസഞ്ജീവിനി പദ്ധതി' വന്നശേഷം ഇതുവരെ 355 കഡാവർ ട്രാൻസ്പ്ലാന്റേഷൻ നടന്നിട്ടുണ്ട്. കിഡ്നി-238, ലിവർ-97, ഹൃദയം-14, പാൻക്രിയാസ്-1, ചെറുകുടൽ-1 എന്നിങ്ങനെയാണ്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഇപ്പോൾ നടക്കുന്നത് പ്രധാനമായും എറണാകുളത്തുള്ള അമൃത, കിംസ്, ലേക് ഷോർ, മെഡിക്കൽ ട്രസ്റ്റ് എന്നീ ആശുപത്രികളിലാണ്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ പദ്ധതി ആരംഭിക്കണമെന്ന നയപരമായ തീരുമാനം ഈ സർക്കാർ കൈക്കൊള്ളുകയും ആദ്യപടിയായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇത് നടപ്പിലാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി, ബന്ധപ്പെട്ട ജീവനക്കാർക്ക് പരിശീലനം നൽകി അവരെ സജ്ജരാക്കുകയെന്നതാണ് ആദ്യഘട്ടം. ഇക്കാര്യം പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൈകാതെതന്നെ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്തതായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇത് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ താമസിയാതെ തന്നെ ആരംഭിക്കുന്നതാണ്. ഘട്ടംഘട്ടമായി

കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുകയെന്നതാണ് സർക്കാരിന്റെ തീരുമാനം.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

### ചട്ടം 47(2) പ്രകാരം

I. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 219, പത്താം സമ്മേളനത്തിലെ 2332 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

II. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ.പി. കെ.കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2274,2306 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

III. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2812-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഒരു നൂറ്റാണ്ടായി കേരളത്തിന്റെ സ്വപ്നവും കാൽ നൂറ്റാണ്ടായുള്ള പ്രതീക്ഷയും

സഫലമാകുന്ന സുദിനം സമാഗതമാകുകയാണെന്ന വിവരം ഏറെ സന്തോഷത്തോടും അഭിമാനത്തോടുംകൂടി ഞാൻ ബഹുമാനപ്പെട്ട ഈ സഭയെ അറിയിക്കുകയാണ്. ചേര-ചോള രാജവംശത്തിന്റെയും ആയ് രാജാക്കന്മാരുടെയും കാലം മുതൽക്കേ പ്രസിദ്ധമായ വാണിജ്യ ആസ്ഥാനമായിരുന്ന വിഴിഞ്ഞം തുറമുഖം കേരളത്തിന് പ്രകൃതി കനിഞ്ഞു നൽകിയ വരദാനമാണ്. അന്താരാഷ്ട്ര കപ്പൽപ്പാതയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന പ്രകൃതിദത്ത തുറമുഖം ഒരു അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നവോന്മേഷം നൽകിയിട്ട് കാൽ നൂറ്റാണ്ടായി. ഈ തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ ഇക്കാലയളവിൽ ഭരണാധികാരം വഹിച്ചിരുന്നവർ ഏറെ സംഭാവനകൾ നൽകിയിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. ഈ നിയമസഭയുടെ ഒന്നു മുതൽ പതിനാലുവരെയുള്ള എല്ലാ സമ്മേളന കാലയളവിലും വിഴിഞ്ഞം തുറമുഖ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭാതലത്തിൽ ഉന്നയിക്കപ്പെടുകയും അതാത് ഘട്ടങ്ങളിലുള്ള പ്രവർത്തന പുരോഗതി ഞാൻ ബഹുമാനപ്പെട്ട സഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ കൈകാര്യം ചെയ്യാനാകുന്ന ഈ തുറമുഖം കേരള സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പദ്ധതികളിൽ പ്രധാനപ്പെട്ടതാണ്. ഈ പദ്ധതി കേരളത്തിന്, കേരളത്തിലെ ജനസമൂഹത്തിന് വികസന സാദ്ധ്യതകളുടെ വാതായനം തുറക്കുന്ന ഒരു മെഗാ പ്രോജക്ടാണ്.

വിഴിഞ്ഞം പദ്ധതിക്കുള്ള പ്രാരംഭ ശ്രമങ്ങൾ 1991-ൽ തുടങ്ങുകയുണ്ടായി. 1995-ൽ MoU മുഖേനയും 2005-ലും 2007-ലും പി.പി.പി. മാതൃകയിലും ശ്രമങ്ങൾ നടത്തിയെങ്കിലും വിജയം കണ്ടില്ല. ഇതിനെത്തുടർന്ന് 2010-ൽ മുൻ സർക്കാർ ലോകബാങ്കിന്റെ വിഭാഗമായ ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനെ (ഐ.എഫ്.സി.) പദ്ധതിയുടെ ഉപദേശകരായി തെരഞ്ഞെടുത്തു.

ഐ.എഫ്.സി സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ മുൻ സർക്കാർ പദ്ധതിയെ പി.പി.പി ഘടകങ്ങളോടുകൂടിയ ലാന്റ് ലോർഡ് മോഡലിൽ രൂപകല്പന ചെയ്തു. ഇതനുസരിച്ച് ബാഹ്യാടിസ്ഥാന സൗകര്യ വികസനങ്ങൾക്കും പൂർണ്ണമായും സർക്കാർ മുതൽ മുടക്കുന്നതായിരുന്നു ഈ മാതൃക. ഇതുപ്രകാരം ബ്രേക്ക് വാട്ടർ, ഡ്രെഡ്ജിംഗ്, റിക്ലമേഷൻ, ബെർത്ത് എന്നിവ സർക്കാർ ചെലവിൽ നിർവ്വഹിക്കണം. പി.പി.പി. ഘടകമായ സൂപ്പർ സ്ട്രക്ച്ചറിനും എക്വിപ്മെന്റിനും

കണക്കാക്കിയിരുന്നത് 970 കോടി രൂപയായിരുന്നു. ഈ മോഡൽ പരീക്ഷിച്ചപ്പോൾ ക്വാട്ട് ചെയ്ത വെൽസ്പൺ കമ്പനി വരുമാന വിഹിതമില്ലാതെ 479 കോടി രൂപ ഗ്രാന്റാണ് സർക്കാരിൽനിന്ന് ആവശ്യപ്പെട്ടത്. അതുകൊണ്ടുതന്നെ സർക്കാർ ഈ ടെണ്ടർ അംഗീകരിച്ചില്ല.

പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് ലാന്റ് ലോർഡ് മാതൃക പുനർനിർണ്ണയിച്ചുകൊണ്ടുള്ള ഈ സർക്കാരിന്റെ നിരന്തരമായ പ്രവർത്തന ഫലമായി 2015 ഫെബ്രുവരി 3-ന് വി.ജി.എഫ്. അനുമതി ലഭിച്ചു. ഇത്തരത്തിൽ വി.ജി.എഫ്. ധനസഹായം ലഭിക്കുന്ന രാജ്യത്തെ ആദ്യ തുറമുഖ പദ്ധതിയാണിത്. സംസ്ഥാനത്തെ ആദ്യത്തെ പദ്ധതിയും.

പദ്ധതിയുടെ ബാഹ്യാടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതിക അനുമതിക്കായുള്ള പ്രവർത്തനങ്ങൾക്കും ഈ സർക്കാർ ആക്കം കൂട്ടി. 2011 ജൂൺ/ജൂലൈ മാസങ്ങളിൽ പരിസ്ഥിതി പഠനത്തിനുള്ള ToR അംഗീകരിച്ചു. ഏതാണ്ട് രണ്ട് വർഷത്തിലേറെ നീണ്ടുനിന്ന ചിട്ടയായ പ്രവർത്തനത്തിന്റെയും പരിസ്ഥിതി പഠനത്തിന്റെയും പബ്ലിക് ഹിയറിംഗിന്റെയും ഒടുവിൽ 2014 ജനുവരി 3-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് പാരിസ്ഥിതികാനുമതി ലഭിച്ചു.

പദ്ധതിക്കാവശ്യമായ 230 ഏക്കർ ഭൂമിയിൽ 90% ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. കുടിയൊഴിപ്പിക്കപ്പെട്ട 65 കുടുംബങ്ങളെയും തൃപ്തികരമായ നിലയിൽ പുനരധിവസിപ്പിച്ചു. പദ്ധതിക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്താൻ 3.3 MLD ശേഷിയുള്ള പ്ലാന്റ് പൂർത്തീകരിച്ചു. പ്രസ്തുത പ്ലാന്റിൽനിന്ന് തദ്ദേശവാസികൾക്കും ജലം ലഭ്യമാക്കി. പദ്ധതിക്കാവശ്യമായ വൈദ്യുതി എത്തിക്കാനായുള്ള ട്രാൻസ്മിഷൻ ലൈനുകളുടെയും ഭൂഗർഭ കേബിളുകളുടെയും നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. തുറമുഖത്തേക്ക് റെയിൽ കണക്റ്റിവിറ്റിക്കുള്ള DPR തയ്യാറാക്കി കഴിഞ്ഞു. സ്ഥലമേറ്റെടുക്കൽ നടപടികൾ ഉടൻ ആരംഭിക്കും.

പാരിസ്ഥിതികാനുമതിക്കായുള്ള ശിപാർശ ലഭിച്ചയുടൻ 2013 ഡിസംബർ നാലിന് ആഗോള ടെണ്ടർ ക്ഷണിച്ചു. എംബസികളെയും ബിഡ് നൽകാൻ സാധ്യതയുള്ള കമ്പനികളെയും പങ്കെടുപ്പിച്ചുകൊണ്ട് 2014 ജനുവരി 16-ന് മുംബൈയിൽ റോഡ് ഷോ നടത്തി. ടെണ്ടറിന്റെ ഭാഗമായി Pre-Application

Conference-കളും Pre -Bid Meeting – കളും കൺസൾട്ടേറ്റീവ് യോഗങ്ങളും സംഘടിപ്പിച്ചു. ടെണ്ടർ നടപടികൾ ആദ്യഘട്ടം 2014 മാർച്ച് പത്തിന് പൂർത്തീകരിച്ചു. അഞ്ചുകമ്പനികൾ അപേക്ഷിച്ചു. യോഗ്യത നേടിയവരിൽ മൂന്ന് കമ്പനികൾ എട്ട് ലക്ഷം രൂപ മുടക്കി RFP യും ഇതിന്റെ ഭാഗമായ ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റും വാങ്ങി.

രണ്ടാംഘട്ട നടപടികൾ പൂർത്തീകരിച്ചതിനുശേഷം പ്രൈസ് ബിഡ് നൽകേണ്ട അവസാന ദിനമായ 2015 ഏപ്രിൽ 24-ന് അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ മാത്രമാണ് ബിഡ് സമർപ്പിച്ചത്. അവർ ചെലവഴിക്കേണ്ട ആകെ പദ്ധതി തുകയായ 4089 കോടി രൂപയിൽ 39.985% ഗ്രാന്റാണ് ആവശ്യപ്പെട്ടത്. (1635 കോടി രൂപ). ഇതിൽ ആദ്യത്തെ 20% കേന്ദ്ര സർക്കാരും അതിനു ശേഷമുള്ള 19.985% കേരള സർക്കാരുമാണ് നൽകേണ്ടത്.

ടെണ്ടർ ലഭിച്ച ബിഡ്ഡിന്റെ പശ്ചാത്തലത്തിൽ പദ്ധതിയുടെ Transaction Adviser -ന്റെയും Legal Adviser-ന്റെയും സംസ്ഥാന സർക്കാരിന്റെ നിയമ, സ്റ്റോർ പർച്ചേസ് വകുപ്പുകളുടെയും അഭിപ്രായങ്ങൾ ആരാഞ്ഞു. ഈ അഭിപ്രായങ്ങൾ പ്രകാരം ആഗോള ടെണ്ടർ വിളിക്കുകയും പരമാവധി മത്സരാധിഷ്ഠിത ഉറപ്പാക്കുകയും ചെയ്യുന്ന രീതിയിലായിരുന്നു ഈ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്. 2015 മേയ് 7-ാം തീയതി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റി ബിഡ് സ്വീകരിക്കാൻ ശിപാർശ ചെയ്തു.

ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശിപാർശകൾ 2015 മേയ് 20-ാം തീയതി സംസ്ഥാന മന്ത്രിസഭായോഗം പരിഗണിക്കുകയും അന്തിമ തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം കൈക്കൊള്ളാമെന്നും തീരുമാനിച്ചു. ജൂൺ 3-ന് ചേർന്ന സർവ്വ കക്ഷിയോഗത്തിൽ ടെണ്ടർ പ്രക്രിയ സംബന്ധിച്ച എല്ലാ വിവരങ്ങളും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർവ്വകക്ഷി യോഗത്തിൽ കക്ഷി നേതാക്കൾ ഉന്നയിച്ച വിഷയങ്ങൾ വേണ്ടത്ര ഗൗരവത്തോടെ ഉൾക്കൊള്ളുന്നുവെന്നും സുതാര്യമായും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചു.

2015 ജൂൺ 10-ാം തീയതി ചേർന്ന മന്ത്രിസഭാ യോഗം വിഷയം പരിഗണിക്കുകയും ഉന്നതാധികാര സമിതിയുടെ ശിപാർശകൾ തത്വത്തിൽ

അംഗീകരിക്കുകയും ചെയ്തു. അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ സമർപ്പിച്ച ബിഡ് അംഗീകരിച്ച് 13.07.2015-ൽ GO(MS)35/F&PD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതേതുടർന്ന് അന്നേ ദിവസം തന്നെ അദാനി പോർട്ട്സിന് സർക്കാർ ലെറ്റർ ഓഫ് അവാർഡ് നൽകി. അദാനി പോർട്ട്സ് ലെറ്റർ ഓഫ് അവാർഡ് സ്വീകരിച്ച് സമ്മതം അറിയിച്ചുകഴിഞ്ഞു.

ഈ പദ്ധതിക്കുവേണ്ടി രൂപീകൃതമാകുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) കമ്പനിയുമായി കൺസെഷൻ എഗ്രിമെന്റ് ഒരു മാസത്തിനുള്ളിൽ ഒപ്പുവയ്ക്കുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം വരുന്ന കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് സമാരംഭിക്കുവാനാകുമെന്ന ശുഭപ്രതീക്ഷയിലാണ് സർക്കാർ.

വിഴിഞ്ഞം തുറമുഖ പദ്ധതി ഈ നിലയിൽ എത്തിക്കുന്നതിന് ബഹുമാനപ്പെട്ട സാമാജികരും വിവിധ രാഷ്ട്രീയ കക്ഷികളും മറ്റു ജനപ്രതിനിധികളും സർക്കാരിന്റെ വിവിധ വകുപ്പുകളും ഉദ്യോഗസ്ഥരും സർവ്വോപരി തദ്ദേശവാസികളും നിർലോപമായ സഹായ സഹകരണങ്ങൾ നൽകിയത് സർക്കാർ നന്ദിയോടെ ഓർക്കുന്നു. പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കുന്ന ഗവൺമെന്റിനെ ചെയറും പ്രത്യേകമായി അഭിനന്ദിക്കുന്നു.

## VII ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

### *2014– ലെ ദി കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എംപ്ലോയീസ് പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി റൂൾസിന് നൽകിയ ഭേദഗതികളുടെ പരിഗണന*

മി.സ്പീക്കർ: ശ്രീ. എം. ഉമ്മർ, എസ്.ആർ.ഒ. 432/2014 മുഖേന പുറപ്പെടുവിച്ച ചട്ടങ്ങൾക്ക് നോട്ടീസ് നൽകിയ ഭേദഗതികളും ശ്രീ. കെ.എൻ.എ. ഖാദർ അധികാരപ്പെടുത്തിയപ്രകാരം അദ്ദേഹം നോട്ടീസ് നൽകിയിട്ടുള്ളതുമായ ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, എന്റെയും ശ്രീ. കെ. എൻ. എ. ഖാദർ എന്നെ അധികാരപ്പെടുത്തിയതുമായ ഭേദഗതികൾ അവതരിപ്പിക്കുകയാണ്. തൊഴിലാളികളുടെ അടിസ്ഥാനപരമായ അവകാശങ്ങൾക്ക് വളരെ പ്രയോജനം ചെയ്യുന്ന ഭേദഗതികളാണ് ഇവിടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.

Sir, I move the following amendments :

I. In rule 2 (1) for the figure "2014", the figure "2013" shall be substituted.

II. In rule 6 (1)(v) for the words "the Indian Trust Act", the words and figures "the Indian Trusts Act, 1882 (2 of 1882)" shall be substituted.

III. In rule 7 (1) for the words "The accounts of the income and expenditure of the Board", the words "The accounts of the income and expenditure of the Fund" shall be substituted.

IV. In rule 11 before the words "Physical or mental", the words "contagious diseases or" shall be inserted.

V. In rule 17(3) for the figure "62", the figure "63" shall be substituted.

VI. In rule 17(3)(a) for the figure "62", the figure "63" shall be substituted.

VII. In rule 17(4) after (j), the following sub-clause shall be added, namely:-

"(k) minor brothers/unmarried sisters, in case of an unmarried employee."

Sir, I move the following amendments for Shri K. N. A. Khader :

I. In rule 1(2) for the words "They shall come into force at once", the words and figures "These rules shall come into force with effect from 28th August 2009" shall be substituted.

II. In rule 3 (e) after the words "permanent employee of the Board", the words "except others working on deputation" shall be added.

III. In rule 3 (h) after the words "an employee retired from the service of the Board", the words "or deceased" shall be added.

IV. In rule 7 (3) after the words "shall be submitted", the words "within three months" shall be added.

V. In rule 9(1) after the words"employees retired from the service of the Board", the words "and for the dependents of the deceased" shall be added.

VI. In rule 17(3) and 17(3)(a) for the figure and word "62 years", the figure and word "63 years" shall be substituted.

Rule (2)(1)-ൽ 'Provided that National Pension System shall be applicable to those who joined in the service of the board on or after 1st April, 2014' എന്നാണ് റൂളിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ 'Provided that National Pension System shall be applicable to those who joined in service of the Board on or after 1st April, 2013' എന്നാക്കി മാറ്റണം എന്നതാണ് എന്റെ ഭേദഗതി. നാഷണൽ പെൻഷൻ സ്കീം നടപ്പാക്കിയത് 2013 ഏപ്രിൽ 1-നാണ്. ഇതേ എസ്.ആർ.ഒ.-യുടെ മലയാളം തർജ്ജമയിൽ ശരിയായ വിധത്തിൽ 2013 എന്ന് ചേർത്തിട്ടുണ്ട്. അതുകൊണ്ട് '2013 ഏപ്രിൽ 1' എന്ന് ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

Rule (6)(1)(v) -ൽ 'Securities specified in section 20 of the Indian Trust Act' എന്നത് 'Securities specified in the section 20 of the Indian Trusts Act 1882 (2 of 1882)' എന്ന് ഭേദഗതി വരുത്തണം. അതാണ് അതിന്റെ മുഴുവൻ പേര്. അത്തരത്തിൽ ഭേദഗതി വരുത്തണം.

Rule (7) (1) - Accounts and Audit of the Fund എന്നതിലെ The accounts of the income and expenditure of the Board for each month shall be submitted to the Board before 15th day of the succeeding month;' എന്നതിൽ 'The accounts of the income and expenditure of the Board ' എന്നതിനുപകരം 'The accounts of the income and expenditure of the Fund' എന്ന് മാറ്റണം എന്നതാണ് എന്റെ ഭേദഗതി. ചട്ടത്തിന്റെ മലയാളം തർജ്ജമയിൽ 'ഫണ്ട്' എന്നാണ് ചേർത്തിട്ടുള്ളത്.

Rule (11)-ൽ ഇൻവാലിഡ് പെൻഷനെ സംബന്ധിച്ചാണ് പറയുന്നത്. 'If it is found that an employee is incapacitated for the service or for the post which is held by him due to physical or mental....' എന്നാണ് റൂളിൽ പറഞ്ഞിരിക്കുന്നത്. പക്ഷെ കെ.എസ്.ആർ.-ൽ contagious disease കൂടി

ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് 'If it is found that an employee is incapacitated for the service or for the post which is held by him due to contagious disease or physical or mental infirmity....' എന്നാക്കി മാറ്റണം എന്നുള്ളതാണ് എന്റെ ഭേദഗതി.

Rule (17) (3)-ൽ In the case of death of an employee who retired from service before the age of 62 years, the following special benefits shall be granted to the family, namely:...' എന്നുപറഞ്ഞിട്ടുണ്ട്. അതിൽ 62 വയസ്സ് എന്നത് 63 എന്നാക്കണം. പെൻഷൻ പ്രായം 56 ആക്കിയതുകൊണ്ട് 'സർവ്വീസിലിരിക്കെ ഒരു ജീവനക്കാരൻ മരിച്ചാൽ ഡിപ്പെന്റൻസിന് കെ.എസ്.ആർ. പ്രകാരം ഫുൾ പെൻഷൻ എന്നുള്ളത് ഏഴ് വർഷം വരെയോ അല്ലെങ്കിൽ 62 വയസ്സോ തികയുന്നതുവരെ ഏതാണോ ആദ്യം അതുവരെ നൽകുമെന്നതാണ്. പെൻഷൻ പ്രായം 56 ആക്കിയതുകൊണ്ട് 7 വർഷം ലഭിക്കണമെങ്കിൽ അല്ലെങ്കിൽ ഏതാണ് ആദ്യം വരുന്നതെന്ന് കണക്കാക്കണമെങ്കിൽ 62 വയസ്സ് എന്നുള്ളത് 63 വയസ്സ് എന്നാക്കണം. അങ്ങനെയാകുമ്പോൾ മാത്രമേ ആനുകൂല്യം കുടുംബത്തിന് ലഭിക്കുകയുള്ളൂ. ഇത് വളരെ പ്രധാനപ്പട്ട ഭേദഗതിയാണ്.

Rule 17(4)-ൽ 'The list of legal heirs for granting the family pension are as follows, namely:- (a) Husband/wife....' തുടങ്ങി കുറേ അവകാശികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മരണപ്പെടുന്ന തൊഴിലാളി അവിവാഹിതനാണെങ്കിൽ അച്ഛനും അമ്മയും ജീവിച്ചിരിപ്പില്ലെങ്കിൽ പെൻഷൻ മറ്റാർക്കും ലഭിക്കാതെ പോകുന്നു. അതുകൊണ്ട് മാനുഷികമായി ഇക്കാര്യം പരിഗണിച്ച് minor brothers-ഓ unmarried sisters-ഓ ജീവിച്ചിരുപ്പുണ്ടെങ്കിൽ പെൻഷൻ അവർക്കുകൂടി ലഭ്യമാകുന്ന രീതിയിൽ ഭേദഗതി വരുത്തുകയാണെങ്കിൽ അത് നീതിപൂർവ്വമായിരിക്കും. അല്ലെങ്കിൽ മരണപ്പെട്ടയാളുടെ മറ്റ് ആശ്രിതർക്കാർക്കും പെൻഷൻ ലഭിക്കാതെ പോകും. കെ.എസ്.ആർ.-ൽ അത് പറഞ്ഞിട്ടില്ലെങ്കിൽപ്പോലും ഒരു ഭേദഗതിയിലൂടെ കെ.എസ്.ആർ.-ൽ ഉൾപ്പെടുത്താവുന്നതേയുള്ളൂ. ഈ ഭേദഗതികൊണ്ടുവന്നാൽ അവർക്കുകൂടി പെൻഷൻ നൽകുന്നതിന് നിയമപരമായ തടസ്സമുണ്ടാകില്ല എന്നാണ് മനസ്സിലാക്കുന്നത്. അച്ഛനും അമ്മയും ജീവിച്ചിരിപ്പില്ലാത്ത അവിവാഹിതനായ തൊഴിലാളിയുടെ സഹോദരങ്ങൾക്ക് സംരക്ഷണം കൊടുക്കാൻ ചെറിയ രീതിയിലുള്ള സഹായമായിത്തീരുന്നതിനുവേണ്ടി ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദറിന്റെ ഭേദഗതികൾ സമാന സ്വാഭാവത്തിലുള്ളതായതു കൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. Clause 7(3) -ൽ 'The audit report shall be submitted to the Government for approval' എന്നുപറഞ്ഞിട്ടുണ്ട്. ഇതിൽ ഇത്ര സമയത്തിനുള്ളിൽ എന്ന് പറഞ്ഞിട്ടില്ല.

അതിനാൽ 'shall be submitted' എന്നതിനുശേഷം 'within 3 months' എന്നീ വാക്കുകൾകൂടി ചേർക്കണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ ഭേദഗതി. ഒറിജിനൽ ചട്ടം ഇംഗ്ലീഷിലാണെന്നുള്ളതുകൊണ്ട് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ ചട്ടത്തിൽ ധാരാളം പിശകുകൾ വന്നിട്ടുണ്ട്. അതുകൊണ്ട് erratum വഴിയെങ്കിലും അവയെല്ലാം കറക്ട് ചെയ്യണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച റൂൾ 2(1)-ലെ '2014' എന്നത് മാറ്റി '2013' ആക്കി മാറ്റണമെന്ന ഭേദഗതി സ്വീകരിക്കുന്നു. മിസ്റ്റേക്ക് സംഭവിച്ചതാണ്.

രണ്ടാമതായി, റൂൾ 6(1)(v) -ൽ 'Indian Trust Act' എന്നതിനുപകരം 'Indian Trusts Act' എന്നാക്കുന്നതിനുവേണ്ടി ഇറാറ്റം ആയി കൊണ്ടുവരുന്നതായിരിക്കും.

റൂൾ 7 (1)-ൽ 'The accounts of the income and expenditure of the Board' എന്നത് 'The accounts of the income and expenditure of the Fund' എന്നാക്കണമെന്ന അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിക്കാവുന്നതാണ്.

റൂൾ (11)-ൽ contagious diseases കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടത് അത് കെ.എസ്.ആർ.-ൽ contagious diseases ഉൾപ്പെടുന്നതുകൊണ്ടാണെന്ന് പറഞ്ഞു. കെ.എസ്.ആർ.-ൽ ഉൾപ്പെടുന്നതാണെങ്കിൽ അത് ഈ റൂളിനെ ഓവർറൈഡ് ചെയ്യുന്നതാണ്. അതുകൊണ്ട് ഉൾപ്പെടുത്തേണ്ട കാര്യമില്ല. കെ.എസ്.ആർ. ഓവർറൈഡ് ചെയ്യുന്നതാണെന്ന് പ്രത്യേകം പറഞ്ഞതുകൊണ്ട് ആ ഭേദഗതി ഉൾപ്പെടുത്തേണ്ട ആവശ്യം വരുന്നില്ല.

അതുപോലെതന്നെ റൂൾ 17(3)-ൽ 62 എന്നത് 63 ആക്കണമെന്നത് കെ.എസ്.ആർ.-ന്റെ ഭാഗമായി വരുന്നതാണ്. ഈ ഭേദഗതി കൊണ്ടുവരണമെങ്കിൽ അതിന്റെ സ്പെഷ്യൽ റൂൾസിലും മാറ്റം വരുത്തണം. അത് നടന്നുകൊണ്ടിരിക്കുകയാണ്. പൂർത്തിയായിക്കഴിഞ്ഞാൽ ഓട്ടോമാറ്റിക്കായി ഈ റൂളിലും ബാധകമാകും.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ആക്ടിലുള്ളതല്ലേ ചട്ടത്തിലും കൊണ്ടുവരാൻ കഴിയൂ.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഈ റൂളിൽ വളരെ വ്യക്തമായി കെ.എസ്.ആർ. ആണ് ഓവർറൈഡ് ചെയ്യുന്നതെന്നുപറയുന്നുണ്ട്. അതുകൊണ്ട് കെ.എസ്.ആർ.ൽ ഭേദഗതി വരുന്നതിനനുസരിച്ച് ഈ റൂളിലും ഭേദഗതി വരുമെന്നത് വളരെ സ്പെസിഫിക്കാണ്. അതുകൊണ്ടാണ് മാറ്റത്തിന്റെ ആവശ്യമില്ലെന്നു പറഞ്ഞത്. ഇപ്പോഴത്തെ കെ.എസ്.ആർ. പ്രകാരം 62 വയസ്സ് ആണ്. അതിൽ മാറ്റം വന്ന് 63 വയസ്സ് ആകുമ്പോൾ സ്വാഭാവികമായും പ്രസ്തുത റൂളിലും 63 ആകും.

അതുപോലെതന്നെ അദ്ദേഹത്തിന്റെ അവസാനത്തെ ഭേദഗതിയായ "minor brothers/unmarried sisters, in the case of an unmarried employee." എന്നത് കെ.എസ്.ആർ.-ൽ വരാത്തതാണ്. കെ.എസ്.ആർ.-ൽ ഇല്ലാത്ത കാര്യം പുതുതായി ചേർക്കാൻ കഴിയില്ല. അങ്ങനെയുള്ള കീഴ്‌വഴക്കമില്ല. അതുകൊണ്ടുതന്നെ നിർഭാഗ്യകരമെന്നു പറയട്ടെ അത് സ്വീകരിക്കാൻ സാധിക്കില്ല.

ശ്രീ. കെ. എൻ. എ. ഖാദറിന്റെ നിർദ്ദേശങ്ങളിൽ ആദ്യത്തേത് റൂൾ 1(2) -ൽ 28 ആഗസ്റ്റ് 2009 മുതൽ പ്രാബല്യത്തിൽ വരണമെന്നാണ്. അത്തരത്തിൽ മുൻകാല പ്രാബല്യം കൊടുക്കാൻ സാധ്യമല്ല. 2014-ന് മുമ്പ് റിട്ടയർ ചെയ്തവർക്കൊക്കെ പെൻഷൻ ലഭിക്കുന്നതായിരിക്കുമെന്നുള്ളതുകൊണ്ട് ആ ഭേദഗതി സ്വീകരിക്കുന്നില്ല.

റൂൾ 3(e)-ൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി സ്വീകരിക്കാൻ കഴിയില്ല. ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർ ഒരിക്കലും പെർമനന്റ് എംപ്ലോയി ആയി വരുന്നില്ല. അതുകൊണ്ട് അങ്ങനെയൊരു ഭേദഗതിക്ക് പ്രസക്തിയില്ല. റൂൾ 3(h)-ൽ മരണപ്പെട്ടയാളെ കൂടി ഉൾപ്പെടുത്തണം എന്നുള്ളതാണ് അദ്ദേഹത്തിന്റെ ഭേദഗതി. പെൻഷന് അർഹതയുള്ളവരെല്ലാം പെൻഷനർ എന്നതിൽ വരും. സർവ്വീസിൽ കയറി ഒരുവർഷം കഴിഞ്ഞ് മരിക്കുന്നവരെക്കൂടി ഉൾപ്പെടുത്തണമെന്നു പറഞ്ഞാൽ അത് കോംപ്ലിക്കേഷനുണ്ടാകുമെന്നുള്ളതുകൊണ്ട് സ്വീകരിക്കാൻ നിർവ്വാഹമില്ല.

Rule 7(3)-യിൽ shall be submitted എന്നതിന് within three months എന്നൊരു ടൈം ഫ്രെയിം വയ്ക്കണമെന്നു പറയുന്നത് സ്വീകാര്യമാണ്. മൂന്നുമാസത്തിനുള്ളിൽ ഓഡിറ്റ് ചെയ്യണമെന്നുള്ളത് സ്വീകരിക്കുന്നു, അത് ചെയ്യാവുന്നതാണ്.

Rule 9(1)-ൽ "employees retired from the service of the Board", എന്നതിൽ "and for the dependents of the deceased" എന്നുകൂടിചേർക്കണമെന്ന ഭേദഗതി സ്വീകാര്യമാണ്.

അദ്ദേഹത്തിന്റെ അവസാനത്തെ ഭേദഗതിയെ സംബന്ധിച്ച്, നേരത്തെ പറഞ്ഞതുപോലെ കെ.എസ്.ആർ.-ൽ 62 എന്നത് ഇപ്പോഴും നിലനിൽക്കുന്നതുകൊണ്ട് കെ.എസ്.ആർ. മാറുന്നതിനനുസരിച്ച് പ്രസ്തുത റൂളിലും മാറ്റംവരും. അതുപോലെ erratum ഉള്ളത് അംഗീകരിച്ച് കൊണ്ടുവരുന്നതായിരിക്കും.

മി. സ്പീക്കർ: ചട്ടത്തിന്റെ മലയാളം പരിഭാഷയിൽ വന്നിട്ടുള്ള തെറ്റുകൾ കറക്ട് ചെയ്യുന്നതു സംബന്ധിച്ച് മറുപടി പറഞ്ഞില്ല.

ശ്രീ. എം. ഉമ്മർ : അത് ഇറാറ്റം ആയി കൊണ്ടുവരാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ, അങ്ങയുടെയും ശ്രീ. കെ.എൻ.എ. ഖാദറിന്റെയും ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ : സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 2(1), 7(1) എന്നീ ചട്ടങ്ങളിലെയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 7(3), 9(1) എന്നീ ചട്ടങ്ങളിലെയും ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 6(1)(v), 11, 17(3), 17(3)(a), 17(4) എന്നീ ചട്ടങ്ങളിലെയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 1(2), 3(e), 3(h), 17(3) 17(3)(a) എന്നീ ചട്ടങ്ങളിലെയും ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## VIII ധനകാര്യം

### 2015-2016 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്ക് തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

## ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 284,96,99,000 | 47,25,00,000 | 569,93,98,000 | 94,50,00,000 | 664,43,98,000 |

<u>മി സ്പീക്കർ:</u> ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിക്ക് സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി <u>(ശ്രീ. സി. എൻ. ബാലകൃഷ്ണൻ):</u> സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

## ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| XXVII | സഹകരണം | 91,81,48,000 | 25,12,47,000 | 183,62,97,000 | 50,24,92,000 | 233,87,89,000 |

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി XXIV, XXVII എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള കടലാസുകൾ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. കെ. രാജു: സർ, പോയിന്റ് ഓഫ് ഓർഡർ.., ഇവിടെ ധനകാര്യ വകുപ്പുമന്ത്രി സഭയുടെ മുമ്പാകെ വയ്ക്കേണ്ടുന്ന ധനാഭ്യർത്ഥനയ്ക്കുള്ള അനുവാദം സ്പീക്കറോട് ചോദിച്ച്; ചെയർ അത് അനുവദിക്കണം. ഇവിടെ അത് ഉണ്ടായിട്ടില്ല. ഞങ്ങളെല്ലാം ഇവിടെ ഹാജരാണ്. അതിനാൽ അത് ക്രമവിരുദ്ധമാണ്, അംഗീകരിക്കാൻ പാടില്ല.

മി. സ്പീക്കർ: ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടത്, ഗവൺമെന്റിനുവേണ്ടി ഏത് മന്ത്രിക്കും ഇത് അവതരിപ്പിക്കാവുന്നതാണ്. ഇവിടെ ഗവൺമെന്റിനുവേണ്ടി മറ്റൊരു മന്ത്രിയാണ് അവതരിപ്പിച്ചത്, അത് അംഗീകരിക്കുന്നു.

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. പി. കെ. ഗുരുദാസൻ: സർ, നാലുവർഷം പിന്നിടുന്ന യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിലെ തൊഴിലാളികളുടെ ജീവൽപ്രധാനമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ തികഞ്ഞ പരാജയമാണ്. എല്ലാ മേഖലകളിലും തൊഴിലാളികൾ നിരന്തരം സമരം നടത്താൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യമാണ് ഇന്നുള്ളത്. വർദ്ധിച്ച ജീവിതച്ചെലവ്, രൂക്ഷമായ വിലക്കയറ്റം, എല്ലാ രംഗത്തും തൊഴിലില്ലായ്മ വർദ്ധിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങളെ ഈ ഗവൺമെന്റ് തകർക്കുകയാണ്. അസംഘടിത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ഗവൺമെന്റിന് കാര്യക്ഷമതയില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ച അതിവേഗതയിലാണ്. ഈ പശ്ചാത്തലത്തിലാണ് തൊഴിൽ വകുപ്പിനെ സംബന്ധിച്ച ചർച്ച ഇവിടെ

നടക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഈ ഗവൺമെന്റ്, കേന്ദ്രത്തിലിരിക്കുന്ന ഗവൺമെന്റിന്റെ ആജ്ഞാനുവർത്തിയാണ്. കഴിഞ്ഞ എൻ.ഡി.എ. ഗവൺമെന്റ് അഥവാ ശ്രീ. എ. ബി. വാജ്പേയ് പ്രധാനമന്ത്രിയായിരുന്ന കാലത്താണ് ശ്രീ. എ. കെ. ആന്റണി ഇവിടെ മുഖ്യമന്ത്രിയായിരുന്നത്. അദ്ദേഹം വാജ്പേയ് ഗവൺമെന്റിന്റെ തീവ്ര ഉദാരവത്ക്കരണ നയം അതേപടി പിന്തുടരുകയായിരുന്നു. ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി, മോദി ഗവൺമെന്റിന്റെ നയം പിന്തുടരുകയാണ്. ഡോ. മൻമോഹൻ സിംഗ് തൊഴിലാളി വിരുദ്ധ, ജനവിരുദ്ധ, ദേശദ്രോഹ നയങ്ങൾ നടപ്പിലാക്കി. അതിന്റെ തിക്തമായ ഫലമാണ് കോൺഗ്രസ് ഇന്ന് പാർലമെന്റിൽ അനുഭവിക്കുന്നത്. തൊഴിൽ നിയമങ്ങളുടെ കാര്യത്തിൽ രാജസ്ഥാനിലെ ശ്രീമതി വസുന്ധരാരാജ സിന്ധ്യയുടെ ഗവൺമെന്റിന്റെ തീരുമാനങ്ങൾ നടപ്പിലാക്കണമെന്ന് എല്ലാ സംസ്ഥാന ഗവൺമെന്റുകളോടും ശ്രീ. നരേന്ദ്ര മോദി ആവശ്യപ്പെടുകയാണ്. ഏതാനും സംസ്ഥാന ഗവൺമെന്റുകൾ ഈ നിയമഭേദഗതി ഇതിനോടകം നടപ്പിലാക്കിക്കഴിഞ്ഞു. ബ്രിട്ടീഷുവാഴ്ച കാലത്ത് തൊഴിലാളിവർഗ്ഗം പൊരുതി നേടിയ പരിമിതമായ തൊഴിലവകാശങ്ങൾ അടക്കം മോദി ഗവൺമെന്റ് കവർന്നെടുക്കുകയാണ്. 300 വർക്കേഴ്സ് വരെ പണിയെടുക്കുന്ന വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും ലേ ഓഫ് ചെയ്യാനും തൊഴിലാളികളെ പിരിച്ചുവിടാനും തൊഴിലുടമയ്ക്ക് നിയമപരിരക്ഷ നൽകുന്നവിധം 1948-ലെ 'ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്' രാജസ്ഥാൻ ഗവൺമെന്റ് ഭേദഗതി ചെയ്തു. അവിടെ പ്രതിപക്ഷമായ കോൺഗ്രസ് അതിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണുണ്ടായത്. കരാർ തൊഴിൽ വ്യാപകമാക്കി. തൊഴിൽസ്ഥിരത ഇല്ലാതാക്കാൻ തക്കവിധം കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട്, 1970-ൽ ഭേദഗതി വരുത്തി. ഫാക്ടറി നിയമം ഭേദഗതി ചെയ്തു. 40 തൊഴിലാളികൾവരെ പണിയെടുക്കുന്ന സ്ഥാപനങ്ങളെ ഫാക്ടറി നിയമത്തിൽനിന്നും പുറന്തള്ളി. രാജസ്ഥാനിലെ കോൺഗ്രസ് സർവ്വാത്മനാ പിന്താങ്ങുകയും ഇപ്പോൾതന്നെ ഈ നിയമം നടപ്പിലാക്കിയ ചില സംസ്ഥാനങ്ങളിൽ കോൺഗ്രസ് അതിനെ പിന്താങ്ങുകയുമാണുണ്ടായത്. പാർലമെന്റിൽ ചില നിയമങ്ങൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നു. ആ നിയമങ്ങളുടെയെല്ലാം പേരുകൾ പരാമർശിക്കാൻ സമയമെടുക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച പോലും ചെയ്യാതെ വർക്കിംഗ് ക്ലാസിന് ഏറ്റവുമധികം ദോഷകരമായിട്ടുള്ള അപ്രന്റീസ് ആക്ട് പോലുള്ള ചില കരിനിയമങ്ങൾ പാസ്സാക്കുകയുണ്ടായി. അപ്രന്റീസ് ആക്ട് അനുസരിച്ച് ഏത് വ്യവസായ സ്ഥാപനത്തിലും 50 തൊഴിലാളികളെ വരെ അപ്രന്റീസായി നിയമിക്കപ്പെടാം. കരാർ തൊഴിലാളികളെയും മറ്റ് താൽക്കാലിക തൊഴിലാളികളെയും അപ്രന്റീസ് തൊഴിലാളികളാക്കി തുച്ഛമായ വേതനം

കൊടുക്കാം. ഈ നിലയ്ക്ക് കരാർ തൊഴിലാളികൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾപോലും ലഭ്യമാകാത്ത വിധത്തിൽ വ്യവസായികളെ സഹായിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പാർലമെന്റിൽ പ്രതിപക്ഷമായ കോൺഗ്രസ് ഇതിനെ പിന്താങ്ങുകയാണ് ചെയ്തത്, ഇടതുപക്ഷം മാത്രമാണ് അതിനെ എതിർത്തത്. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണ്? കഴിഞ്ഞ ദിവസം 8-7-2015-ൽ തൊഴിൽ വകുപ്പുമന്ത്രിയുടെ ഒരു മറുപടി എനിക്ക് ലഭിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രത്തെ യഥാസമയങ്ങളിൽ അറിയിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു വെന്നാണ് അതിൽ പറയുന്നത്. പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്ന് എല്ലാ ചീഫ് സെക്രട്ടറിമാർക്കും കത്തയച്ചതാണ്. ഇത് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ നയമാണോ? യു.ടി.യു.സി.യുടെ നയമാണോ? ഗുണകരമല്ലാത്ത കാര്യങ്ങൾ ഇതിനകത്തുണ്ടെന്നാണ് നിങ്ങൾ പറയുന്നത്. ഗുണകരമല്ലാത്ത കാര്യങ്ങൾ ഏതാണെന്ന് ചൂണ്ടിക്കാണിക്കാനുള്ള ബാധ്യത നിങ്ങൾക്കില്ലേ? കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനയച്ച സർക്കുലർ എന്താണ്? ഗുണകരമല്ലാത്ത എന്തു കാര്യമാണ് കേന്ദ്രത്തെ അറിയിക്കുവാൻ പോകുന്നത്? ഈ സഭയെ അറിയിക്കാനുള്ള ബാധ്യതയില്ലേ? രാജ്യത്തെ പതിനൊന്ന് കേന്ദ്ര തൊഴിലാളി സംഘടനകൾ നടത്തുന്ന ഐതിഹാസിക സമരം, ജീവന്മരണ സമരമാണ്. ആ സമരങ്ങളിൽ യു.ടി.യു.സി. കൂടെയുണ്ട്. യു.ടി.യു.സി.യുടെ നിലപാട് എന്താണ്; സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണ്? മോദി ഗവൺമെന്റിനെയും ആർ.എസ്.എസ്സിനെയും നിങ്ങൾക്ക് ഭയമാണോ?

(അദ്ധ്യക്ഷവേദിയിൽ ശ്രീ. രാജു എബ്രഹാം)

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, സാധാരണഗതിയിൽ മറുപടി പ്രസംഗത്തിലാണ് പറയേണ്ടത്. പക്ഷേ, മറുപടി കേൾക്കാൻ അങ്ങ് ഉണ്ടാകില്ലെന്നുള്ളതുകൊണ്ട് ഞാൻ ഇടപെട്ടുവെന്നേയുള്ളൂ. ഈ നയങ്ങളോട് സംസ്ഥാന ഗവൺമെന്റ് യോജിക്കുന്നില്ല എന്നതിൽ ഒരു സംശയവും വേണ്ട. ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻ രണ്ടാഴ്ചയ്ക്കുമുമ്പ് ദക്ഷിണേന്ത്യയിലെ സംസ്ഥാന തൊഴിൽ വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടി. അവിടെ സംസ്ഥാനത്തിന്റെ അഭിപ്രായം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ ഒരു കാരണവശാലും തയ്യാറല്ലെന്ന് അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല, ഈ മാസം 20, 21 തീയതികളിലായി ഇന്ത്യൻ ലേബർ കോൺഫറൻസ് നടക്കുകയാണ്. ഇന്ത്യൻ ലേബർ കോൺഫറൻസിന്റെ അജണ്ടയിൽ Labour Laws changes കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടത് കേരളമാണ്. അഞ്ചാമത്തെ അജണ്ടയായി അവർ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ

സെൻട്രൽ ട്രേഡ് യൂണിയൻ ലീഡേഴ്സിനെയും നാളെ വിളിച്ചിരിക്കുകയാണ്, അവിടെ ഗവൺമെന്റിന്റെ അഭിപ്രായം മുന്നോട്ടുവയ്ക്കും. സംസ്ഥാനത്തെ എല്ലാ ട്രേഡ് യൂണിയനുകളുടെയും അഭിപ്രായം സ്വരൂപിച്ച് ഈ കരിനിയമങ്ങളെ എതിർക്കാൻ ഒറ്റ സ്വരത്തിൽ ഗവൺമെന്റ് മുന്നിലുണ്ടാകും.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, യു.ടി.യു.സി.യുടെ നിലപാട് വ്യക്തമായി. പക്ഷേ, കോൺഗ്രസ്സിന്റെ നിലപാട് വ്യക്തമാകുന്നില്ല. രാജസ്ഥാനിൽ ഈ നയത്തെ കോൺഗ്രസ് പിന്താങ്ങി. രാജസ്ഥാൻ ഗവൺമെന്റിന്റെ നയം അഞ്ച് സംസ്ഥാനങ്ങളിൽ നടപ്പിലാക്കി. അവിടെയെല്ലാം കോൺഗ്രസ് പിന്താങ്ങുകയാണുണ്ടായത്. ഞാൻ ഇത് വ്യക്തമാക്കുന്നുവെന്നേയുള്ളൂ. യു.ടി.യു.സി.യുടെ നിലപാട് വ്യക്തമാക്കിയത് നന്നായി. മോദി ഗവൺമെന്റിനെയും ആർ.എസ്.എസ്സിനെയും ഇവിടത്തെ യു.ഡി.എഫ്. ഗവൺമെന്റിന് ഭയമാണോയെന്നാണ് ഞാൻ ചോദിക്കുന്നത്. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് ഇന്ത്യൻ തൊഴിലാളിവർഗ്ഗം നേടിയെടുത്ത ട്രേഡ് യൂണിയൻ ആക്ടടക്കം കോർപ്പറേറ്റുകൾക്ക് അനുകൂലമായി ഭേദഗതികൾ ചെയ്യുകയാണ്. മർമ്മപ്രധാന മേഖലകളിലെല്ലാം അനിയന്ത്രിതമാംവിധം വിദേശ പ്രത്യക്ഷ മൂലധന നിക്ഷേപം അനുവദിക്കുകയാണ്. ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന് മാത്രമല്ല രാജ്യരക്ഷയ്ക്കുതന്നെ ഇത് ആപത്കരമാണ്. റൂൾ 30 അനുസരിച്ചുള്ള പ്രമേയം ഇവിടെ അവതരിപ്പിച്ചല്ലോ. വൻകിട പോർട്ടുകളുടെ കോർപ്പറേറ്റുവൽക്കരണത്തെ ഇന്ത്യയിലെ 11 തൊഴിലാളി സംഘടനകൾ എതിർക്കുകയാണ്. സജീവ് റെഡ്ഡി അതിൽ ഒപ്പുവച്ചിട്ടുണ്ട്. മേജർ പോർട്ട്സ് കോർപ്പറേറ്റുകൾക്ക് ഏൽപ്പിച്ചുകൊടുക്കുക എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം നമ്മുടെ രാജ്യരക്ഷയ്ക്ക് ആപത്ക്കരമാണെന്നാണ്. അതിനെ ഞങ്ങൾ എതിർക്കുകയാണ്. കുത്തക മാധ്യമങ്ങളും അദാനി അടക്കമുള്ള കോർപ്പറേറ്റുകളും പടുത്തുയർത്തിയ നരേന്ദ്ര മോദിയെയും അവരുടെ വർഗ്ഗ നയങ്ങളെയുമാണ് ഞങ്ങൾ എതിർക്കുന്നത്. ഇ.പി.എഫ്., ഇ.എസ്.ഐ. നിയമങ്ങൾ കേന്ദ്ര ഗവൺമെന്റ് ഭേദഗതി ചെയ്യുകയാണ്. Employees Provident Fund & Multi Purpose Acts ഭേദഗതി ചെയ്ത് തൊഴിലാളികൾക്ക് ഇഷ്ടമുള്ള പെൻഷൻ പദ്ധതിയിൽ ചേരാം. അതായത് മുതലാളിക്ക് സ്വീകാര്യമായ പെൻഷൻ പദ്ധതിയിൽ ചേരുകയാവും ഫലം. അതുപോലെതന്നെ ഇ.എസ്.ഐ. നിയമം ഭേദഗതി ചെയ്തു, തൊഴിലാളികൾക്ക് സ്വീകാര്യമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാം. ഇ.എസ്.ഐ.-യും ഇ.പി.എഫും ഇല്ല. തൊഴിലാളികൾക്ക് ഏറ്റവുമധികം സാമൂഹ്യ സുരക്ഷ നൽകുന്ന ഈ പദ്ധതികളോട് യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാട് എന്താണ്; ഇതുവരെ യു.ഡി.എഫ്. ഗവൺമെന്റ് ഇക്കാര്യത്തിൽ അഭിപ്രായം പറഞ്ഞിട്ടില്ല. കേരളത്തിലെ തൊഴിലാളികൾക്ക് അഭിമാനകരമാകുന്ന ഒന്നാണ്

2009-ൽ നിർമ്മാണം ആരംഭിച്ച പാരിപ്പള്ളി നിർദ്ദിഷ്ട ഇ.എസ്.ഐ. മെഡിക്കൽ കോളേജ്. 2012-ൽ ക്ലാസ് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതാണ്. 2011-ൽ നിങ്ങളുടെ ഗവൺമെന്റ് വന്നു. 2015 ആയിട്ടും ഇതുവരെയും ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിച്ചിട്ടില്ല. നൂറുശതമാനവും തൊഴിലാളികളുടെ ഫണ്ടാണ്. ആ തൊഴിലാളികളുടെ ഫണ്ട് കൊണ്ടുണ്ടാക്കിയ മെഡിക്കൽ കോളേജ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുമെന്നാണ് പറയുന്നത്. ഇക്കാര്യം തൊഴിലാളി സംഘടനകളുമായി ആലോചിച്ചോ? തൊഴിലാളികളുടെ ഫണ്ട് വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുമായി ആലോചിക്കണ്ടേ; ഇതിലെന്തെങ്കിലുമൊരു ജനാധിപത്യമുണ്ടോ; തൊഴിലാളി സംഘടനകളെ മാനിക്കാത്ത രീതിയാണ്.

ഞാൻ ചില പ്രത്യേക മേഖലകളെക്കുറിച്ച് പറയുകയാണ്. പ്ലാന്റേഷൻ മേഖലയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? 2015 ജനുവരി ഒന്നുമുതൽ നടപ്പിലാക്കേണ്ട പുതിയ കൂലിനിരക്ക് ഏഴ് മാസമായിട്ടും നടപ്പിലാക്കിയിട്ടില്ല, അക്കാര്യം തീരുമാനിക്കുന്നില്ല. പ്ലാന്റേഷൻ ലേബർ കമ്മിറ്റി വിളിച്ചുകൂട്ടി അപ്രകാരം കൂലി നിശ്ചയിക്കണ്ടേ? എത്ര രൂപയാണ് തൊഴിലാളികളുടെ കൂലി ? 229, 264 രൂപ, പരമാവധി 314 രൂപയാണ്. ഇതുകൊണ്ട് തൊഴിലാളികൾക്ക് ഈ കാലഘട്ടത്തിൽ ജീവിക്കാനാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, മിനിമം കൂലിയെപ്പറ്റിയാണ് പറഞ്ഞത്. കയർ തൊഴിലാളികൾക്ക് മുന്നൂറ് രൂപ കൂലി വർദ്ധിപ്പിച്ചുവെന്ന് ഗവൺമെന്റ് പറയുന്നുണ്ടെങ്കിലും നൂറു രൂപപോലും കിട്ടുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? തൊഴിൽ വകുപ്പ് ഇത് വല്ലതും ശ്രദ്ധിക്കുന്നുണ്ടോ?

(അദ്ധ്യക്ഷവേദിയിൽ ശ്രീ. രാജു എബ്രഹാം)

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, പ്ലാന്റേഷന്റെ കാര്യം പറയുമ്പോൾ കയറിന്റെ കാര്യം ഞാൻ പറയേണ്ടതില്ല. അങ്ങേയറ്റം ദയനീയമായ സ്ഥിതിയാണ്. നൂറുരൂപ കിട്ടുന്നില്ലായെന്ന് മാത്രമല്ല മഹാഭൂരിപക്ഷം തൊഴിലാളികൾക്കും ജോലിയില്ല. മൂന്നേമുക്കാൽ ലക്ഷം തൊഴിലാളികളിൽ പരമാവധി മുപ്പത്തിഅയ്യായിരം തൊഴിലാളികൾക്കാണ് ജോലിയുള്ളത്. പരമ്പരാഗത വ്യവസായങ്ങളെല്ലാം തകർന്നു. പ്ലാന്റേഷൻ മേഖലയിൽ ഇപ്പോൾ വ്യാപകമായ തൊഴിലില്ലായ്മയാണ് നിലനിൽക്കുന്നത്. ഈ കൂലിക്ക് പണിയെടുക്കാൻ കഴിയുമോ? പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി, റബ്ബർ, തേയില, ഏലം മേഖലയിലെ പ്രതിസന്ധി, ആസിയൻ കരാർ ഇതിനോടെല്ലാം ഗവൺമെന്റിന്റെ നിലപാട് എന്താണ്? റബ്ബർ സംഭരണത്തിന് മുപ്പത് രൂപ അധികം കൊടുക്കുമെന്ന് പറഞ്ഞു. അങ്ങനെ കൊടുത്താൽ ഒരുലക്ഷം ടൺ റബ്ബർ മാത്രമേ സംഭരിക്കാൻ

കഴിയൂ. അപ്പോൾ അത് വെറും കബളിപ്പിക്കലല്ലേ? പ്ലാന്റേഷൻ മേഖലയിലെ ഒരു പ്രശ്നവും പരിഹരിക്കാൻ കഴിയുന്നില്ല. ഏഴ് മാസമായി തൊഴിൽ വകുപ്പ് ചർച്ച ചെയ്യുന്നുണ്ടെങ്കിലും കൂലി വർദ്ധിപ്പിക്കുന്നില്ല. അപ്പോൾ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളെ നിങ്ങൾ പ്രതിസന്ധിയിലാക്കുകയാണ്. തൊഴിലാളികൾക്ക് മുൻകാല പ്രാബല്യം കൊടുത്തുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 22 അടച്ചിട്ട തോട്ടങ്ങളാണ് തുറന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട ഷിബു ബേബി ജോൺ T.R.&T. കമ്പനിയുടെ ഒരു തോട്ടമാണ് തുറന്നത്. അതേപ്പറ്റി ഞാൻ വിശദീകരിക്കേണ്ടതില്ല. ഒരു മുൻകാലപ്രാബല്യവും നേടിയെടുക്കാതെയാണ് തുറന്നത്. ഇപ്പോൾ തൊഴിലാളികൾ പണിയെടുത്താൽ കൂലി പോലുമില്ല എന്നതാണ് സ്ഥിതി. ഇവിടെ കൺസ്ട്രക്ഷൻ വർക്കേഴ്സ് അവരുടെ സ്വന്തം നിലയിലാണ് ക്ഷേമനിധി ബോർഡ്. 2012 മുതൽ അവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യപ്പെടുന്നുണ്ടെങ്കിലും തൊഴിൽ വകുപ്പ് അനുവദിച്ചുകൊടുക്കുന്നില്ല. മരണാനന്തര സഹായമായാലും ഗുരുതരമായ രോഗം ബാധിച്ച തൊഴിലാളികളുടെ ചികിത്സാ സഹായമായാലും വർദ്ധിപ്പിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടിട്ട് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു നടപടിയുമുണ്ടാകുന്നില്ല. അതുപോലെ പെൻഷൻ, കുറഞ്ഞത് 600 രൂപയും പരമാവധി 800 രൂപയുമാണ്. അതിലും തീരുമാനം എടുക്കുന്നില്ല. ഇതിനുപുറമേ മണൽ, ക്വാറി പ്രശ്നത്തിന്റെ കാര്യത്തിൽ ധാരാളം ചർച്ചകൾ നടത്തിയിട്ടുള്ളതാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തിയെങ്കിലും ഒരു പ്രശ്നവും പരിഹരിച്ചിട്ടില്ല. വിവിധ സാമഗ്രികളുടെ വിലക്കയറ്റത്തിലും ഒരു പരിഹാരമുണ്ടായിട്ടില്ല. നിർമ്മാണ മേഖല സ്തംഭനത്തിലാണ്. 10-15 ലക്ഷം തൊഴിലാളികൾക്ക് തൊഴിലില്ല. പ്ലാന്റേഷൻ മേഖലയിൽ വീട് നിർമ്മിക്കാൻ ബഡ്ജറ്റിൽ ആദ്യം അഞ്ചുകോടി രൂപ പ്രഖ്യാപിച്ചു, പിന്നീട് പത്തുകോടി രൂപപ്രഖ്യാപിച്ചുവെങ്കിലും ഒന്നും നടപ്പാക്കിയില്ല. പ്രഖ്യാപനങ്ങൾ മാത്രമാണ് നടന്നത്.

1.00PM]

കൺസ്ട്രക്ഷൻ അക്കാഡമി, പത്ത് കോടി രൂപ കൊടുത്ത് പത്ത് ഏക്കർ സ്ഥലം വാങ്ങിയിട്ട് നാലര വർഷമായി. കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡുതന്നെ പ്രാഥമിക ചെലവിന് പൈസ കൊടുക്കാമെന്ന് പറഞ്ഞു. പക്ഷേ അത് ഡെഡ്മണിയായി കിടക്കുകയാണ്. അത് നീതിയാണോ? കൺസ്ട്രക്ഷൻ അക്കാഡമിയുടെ പ്രവർത്തനം സ്തംഭിപ്പിച്ചു.

പ്രൈവറ്റ് ബസ് തൊഴിലാളികളുടെ ഫെയർ വേജസ് പുതുക്കുന്നില്ല. റിവൈസിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടും നടപ്പിലാക്കിയിട്ടില്ല. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അടക്കമുള്ള അഞ്ച് ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നാണ് ആക്ടിൽ പറയുന്നത്. അതിൽ റിട്ടയേർഡ് ഉദ്യോഗസ്ഥനെയാണ് നിയമിച്ചിരിക്കുന്നത്. അത് നിയമവിരുദ്ധമാണ്.

കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് 29 കോടി രൂപ ഗവൺമെന്റ് കൊടുക്കാനുണ്ട്. അത് കൊടുക്കുന്നില്ല. അവിടെ ചീഫ് ഇൻസ്പെക്ടറായി റിട്ടയേർഡ് ജീവനക്കാരനെ വച്ചിരിക്കുകയാണ്. അത് നിയമവിരുദ്ധമാണ്. ലോക്കൽ ഫണ്ട് ആഡിറ്റിനെക്കൊണ്ടാണ് ആഡിറ്റ് ചെയ്യിക്കുന്നത്. അതിന്റെ ഫീസ് ഒരു ശതമാനമാണ്, ആ തുക കുറച്ചുകൊടുക്കണം.

അംഗനവാടി ജീവനക്കാരുടെ ജോലി എന്തെല്ലാമാണ്? എന്തെല്ലാം ജോലിയുണ്ടോ അതെല്ലാം അവരെക്കൊണ്ട് ചെയ്യിക്കും. അംഗപരിമിതി സർവ്വേയ്ക്ക് ഒരു വീടിന് അഞ്ച് രൂപയാണ് കൊടുക്കുന്നത്. ഇതെന്തൊരു കഷ്ടമാണ്, കേരളത്തിന് നാണക്കേടല്ലേ, ഭിക്ഷക്കാശ് കൊടുക്കുകയാണ്. അറുപതിനായിരം പേരുണ്ട്. അവരുടെ തുക വർദ്ധിപ്പിക്കണ്ടേ? കേരളത്തിലെ തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങളാണിത്.

ദേശീയ സമ്പാദ്യ പദ്ധതിയിലെ ജീവനക്കാർക്ക് ഏഴ് മാസമായി പൈസ കൊടുക്കുന്നില്ല. ആശാ വർക്കേഴ്സിന് 1000 രൂപ കൊടുക്കാമെന്ന് പ്രഖ്യാപിച്ചു. ഇപ്പോൾ 900 രൂപ കൊടുക്കുന്നു. പക്ഷേ ഏപ്രിൽ മാസം മുതൽ ജൂലൈ മാസം വരെയുള്ള നാല് മാസത്തെ പൈസ കൊടുത്തിട്ടില്ല. എന്തൊരു ദാരിദ്ര്യമാണിത്. 28000 പേരുണ്ട്. പാവപ്പെട്ട സ്ത്രീകളാണ്. 1000 രൂപ കൊടുക്കണ്ടേ? ഈ ഗവൺമെന്റ് നിയമലംഘനത്തിന്റെ ഗവൺമെന്റാണ്. ഒരു നിയമവും നടപ്പിലാക്കുന്നില്ല. ഫാക്ടറി അടച്ചിട്ടാൽ തുറപ്പിക്കുന്നില്ല. നിയമനിഷേധം നടത്തുന്ന മുതലാളിമാരുടെ പേരിൽ നടപടിയെടുക്കുന്നില്ല. ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫയർ ഫണ്ട് ബോർഡ് ആക്ടിൽ എന്താണ് പറയുന്നത്? മൂന്നുമാസത്തെ ശമ്പളത്തിന് തുല്യമായ തുക പ്രസവകാല ആനുകൂല്യമായി കൊടുക്കണം എന്നാണ്. ഈ ഗവൺമെന്റ് അത് 5000 രൂപയാക്കി ലിമിറ്റ് ചെയ്ത് നിയമം ലംഘിക്കുകയാണ്. ഇപ്രകാരം നിയമം ലംഘിക്കുന്ന നയം സ്വീകരിക്കുന്ന ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രൊപ്പോസലിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർമാർ ദയവു ചെയ്ത് സഹകരിക്കണം. കഴിഞ്ഞ ദിവസം ബി.എ.സി.യുടെ തീരുമാനം ചെയർ പ്രഖ്യാപിച്ചതാണ്. പരമാവധി രണ്ട് മിനിട്ടിൽ കൂടാൻ പാടില്ലെന്നാണ് നമുക്കുണ്ടായ ഒരു പൊതു ധാരണ.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ സമ്പദ്ഘടനയിൽ പ്രവാസി മലയാളികളുടെ സംഭാവന വളരെ വലുതാണ്. ഗൾഫിൽനിന്നും മടങ്ങിവരുന്നവരുടെ പുനരധിവാസം

ഇന്ന് ഗവൺമെന്റ് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വെല്ലുവിളിയായി മാറുകയാണ്. ഇറാഖ്, ലിബിയ, യെമൻ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര സംഘർഷ മേഖലകളിൽനിന്നും നേപ്പാളിലെ ദുരന്തമേഖലകളിൽനിന്നും മലയാളികളെ സുരക്ഷിതമായി മടക്കിക്കൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റെടുത്ത നടപടിയെ ഈ സന്ദർഭത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. സൗദി അറേബ്യയിലെ നിതാഖത്ത്മൂലം തൊഴിൽ പ്രശ്നമുണ്ടായപ്പോൾ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയും അവിടത്തെ മലയാളി സംഘടനകളുടെയും എംബസികളുടെയും നേതൃത്വത്തിൽ പരമാവധി ആളുകളുടെ രേഖകൾ നിയമാനുസൃതമാക്കാൻ സംസ്ഥാന ഗവൺമെന്റ് (പ്രവാസി വകുപ്പ്) എടുത്ത സമീപനത്തെയും ഈ സന്ദർഭത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്.

കഠിന ജോലി ചെയ്ത് മിച്ചം സമ്പാദിക്കുന്ന ഗൾഫിലെ മലയാളികൾക്ക് ഇന്ന് ഏറ്റവും വലിയ ശാപമായി മാറുന്നത്, നിർണ്ണായകമായ സമയത്ത് വിമാനക്കമ്പനികൾ അനിയന്ത്രിതമായി വിമാന നിരക്ക് വർദ്ധിപ്പിക്കുന്നു എന്നുള്ളതാണ്. സീസൺ കാലയളവിൽ വിമാന ടിക്കറ്റ് ലഭിക്കാൻ വളരെ പ്രയാസകരമാകുന്ന സന്ദർഭത്തിലാണ് ഒരു നിയന്ത്രണവുമില്ലാതെ വിമാന ചാർജ്ജ് വർദ്ധിപ്പിക്കുന്നത്. ഇത് വിശുദ്ധ റമദാൻ മാസമാണ്. സത്യവിശ്വാസികളെല്ലാം റമദാൻ വ്രതാനുഷ്ഠാനം പൂർത്തിയാക്കി പെരുന്നാളിലേക്ക് കടക്കുന്ന സമയമാണ്. ഗൾഫിൽ ജോലി ചെയ്യുന്ന ആളുകൾക്ക് ഇപ്പോൾ അവിടെ സ്കൂൾ അവധിയുമാണ്. ഇപ്പോഴാണ് അവർ നാട്ടിലേക്ക് വരാൻ ശ്രമം നടത്തുന്നത്. ഈ സന്ദർഭത്തിൽ സ്വകാര്യ വിമാനക്കമ്പനികളും സർക്കാർ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യ ഉൾപ്പെടെയുള്ളവയുമെല്ലാം വിദേശ മലയാളികളെ കൊള്ളയടിക്കുകയാണ്.

റംസാൻ സീസൺ മുതലെടുത്ത് പ്രവാസികളെ കൊള്ളയടിക്കാൻ സ്വകാര്യ വിമാനക്കമ്പനികളോടൊപ്പം എയർ ഇന്ത്യയും രംഗത്ത് വന്നിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രതിഷേധാർഹമായ കാര്യം. ഗൾഫിൽനിന്നും കേരളത്തിലേക്കുള്ള ടിക്കറ്റുനിരക്ക് എയർ ഇന്ത്യ മൂന്നിരട്ടിയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. പെരുന്നാളിനോടടുത്തുള്ള ദിവസങ്ങളിലാണ് വലിയ വർദ്ധനവ് വരുന്നത്. എയർ ഇന്ത്യ ഗൾഫ് സെക്ടറിലെ എക്കണോമി ക്ലാസിൽ 20,000 രൂപവരെ വർദ്ധിപ്പിച്ചിട്ടുണ്ട്. ജൂലൈ 18 വരെ ദുബായ് - കോഴിക്കോട് റൂട്ടിൽ 27,000 രൂപ വരെ നൽകണം. ഇതേ കാലയളവിൽ കേരളത്തിൽനിന്നും ദുബായിലേക്ക് തിരിച്ചുപോകുന്നതിന് പരമാവധി 5600 രൂപയാണ് ടിക്കറ്റ് ചാർജ്ജ്. സൗദി അറേബ്യയിലെ ജിദ്ദ, ദമാം എന്നിവിടങ്ങളിൽനിന്ന് കോഴിക്കോട്, നെടുമ്പാശ്ശേരി എന്നിവിടങ്ങളിലേക്ക് 42,000 രൂപ വരെ ഈ ദിവസങ്ങളിൽ നൽകണം. സാധാരണ 19,000 രൂപയാണ് ഈ റൂട്ടിലുള്ള ചാർജ്ജ്. അബുദാബിയിൽനിന്നും

35,000 രൂപ, ബഹറിനിൽനിന്നും 36,000 രൂപ, കുവൈറ്റിൽ നിന്നും 27,000 രൂപ, മസ്കറ്റിൽ നിന്നും 24,000 രൂപ, ഷാർജയിൽ നിന്നും 21,000 രൂപ, ദമാമിൽ നിന്നും 27,000 രൂപ എന്നിങ്ങനെ കൊള്ളയടിക്കുന്ന രീതിയിൽ ടിക്കറ്റുനിരക്ക് വർദ്ധിപ്പിച്ചിരിക്കുകയാണ്. ജൂലൈ മാസം ദുബായിൽനിന്നും 8200 രൂപയ്ക്ക് ടിക്കറ്റ് ലഭ്യമാണ്. ഓണം പെരുന്നാൾ, ക്രിസ്തുമസ്, ഗൾഫ് സ്കൂളുകളുടെ അവധി എന്നീ സീസണുകളിലാണ് ഈ കൊള്ള നടത്തുന്നത്.

വിമാനക്കമ്പനികളുടെ കൊള്ളയ്ക്കെതിരായി നിയമസഭയിൽ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുപോലെ പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ്, മുഖ്യമന്ത്രിയും പ്രവാസി വകുപ്പുമന്ത്രിയും പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ട്. സ്വകാര്യ വിമാനക്കമ്പനികൾക്ക് കൊള്ളയടിക്കാൻ കൂട്ടുനിൽക്കുന്ന പൊതുമേഖലാ വിമാനക്കമ്പനിയായ എയർ ഇന്ത്യയുടെ സമീപനത്തിൽ സംസ്ഥാന ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കണം. കേന്ദ്ര ഗവൺമെന്റിനെ അടിയന്തരമായി പ്രതിഷേധമറിയിക്കണം. യു.പി.എ. സർക്കാരും എൻ.ഡി.എ. സർക്കാരും ഭരിച്ചപ്പോൾ ഇതുണ്ടായിട്ടുണ്ട്. ബി.ജെ.പി. സർക്കാർ ഭരിച്ചപ്പോഴും ഇതാണ് സ്ഥിതി.

ഗൾഫ് മലയാളികളെ ചൂഷണം ചെയ്യുക എന്നതാണ് വിമാനക്കമ്പനികളുടെ പ്രധാന ചുമതല. എയർ ഇന്ത്യ ചാർജ്ജ് വർദ്ധിപ്പിക്കാതിരുന്നാൽ മറ്റ് സ്വകാര്യ വിമാനക്കമ്പനികൾ നേരെ വരും. വിദേശത്തുള്ള പല സംഘടനകളും മറ്റ് സ്വകാര്യക്കമ്പനികളും പറയുന്നത്, ഗവൺമെന്റ് കമ്പനിതന്നെ ചാർജ്ജ് വർദ്ധിപ്പിക്കുകയാണ്, പിന്നെ ഞങ്ങളെങ്ങനെ ചാർജ്ജ് വർദ്ധിപ്പിക്കാതിരിക്കും എന്നാണ്. അങ്ങനെയുള്ള ഘട്ടത്തിൽ എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാനങ്ങൾ ബഹിഷ്കരിക്കാൻ ഗൾഫ് മലയാളികളോട് നമുക്ക് പറയേണ്ടിവരുന്ന ഗുരുതരമായ സ്ഥിതിയാണ്. എല്ലാത്തിനും ഗൾഫ് മലയാളികൾ വേണം. രാഷ്ട്രീയ പാർട്ടികൾക്ക്, പള്ളി, അമ്പലം, നേർച്ച, പൂരം, ക്ലബ്ബ് ഇങ്ങനെ കാക്കത്തൊള്ളായിരം സംഘടനകളുടെ കറവപ്പശുക്കളാണ് ഗൾഫ് മലയാളികൾ. വിമാനക്കമ്പനികൾ പോലും അവരെ കൊള്ളയടിക്കുകയാണ്. വിദേശമലയാളികൾ രാജ്യത്തിനും സമൂഹത്തിനും നൽകുന്ന സേവനത്തിന്റെ നൂറിലൊന്നുപോലും അവർക്ക് തിരിച്ച് നൽകുന്നില്ല. വിദേശ മലയാളികൾ പൊന്മുട്ടയിടുന്ന താറാവാണ്. ആർത്തിമൂലം എല്ലാവരുംകൂടി അവരെ കഴുത്തറുത്ത് കൊല്ലുകയാണ്. ദയവുചെയ്ത് പ്രവാസികാര്യ വകുപ്പ് ഈ കാര്യത്തിൽ കേന്ദ്ര സർക്കാരിനോട് ശക്തമായ സമ്മർദ്ദം ചെലുത്തണം. ഒരു ലക്ഷം കോടി രൂപയിലേറെയാണ് പ്രവാസികൾ ഒരു

വർഷം കേരളത്തിലേക്ക് അയയ്ക്കുന്നത്. അവരുടെ നിക്ഷേപം വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. ലോകത്തിന്റെ നാനാഭാഗങ്ങളിലും ജീവിക്കുന്ന പ്രവാസികൾ സാമ്പത്തിക-സാമൂഹിക-വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള സ്വാധീനം ചെറുതല്ല. അവരുടെ നിക്ഷേപം വേണ്ടരീതിയിൽ സമ്പദ്ഘടനയ്ക്ക് പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇത്രയും വലിയൊരു സാമ്പത്തിക സ്രോതസ്സ് ശരിയായ രീതിയിൽ വിനിയോഗിക്കപ്പെട്ടു എന്ന് നമുക്ക് കണക്കാക്കാൻ സാധിക്കുകയില്ല. സാമ്പത്തിക മാന്ദ്യം ലോകത്താകമാനമുള്ള രാജ്യങ്ങളെ വലിയ കടക്കെണിയിൽ കൊണ്ടുചെന്നെത്തിക്കുന്ന ഈ വർത്തമാനകാലത്ത് പ്രവാസികളിലൂടെ നമ്മുടെ രാജ്യത്ത് എത്തിച്ചേരുന്ന ഈ സമ്പത്ത് ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയണം. ഷെഡ്യൂൾഡ് ബാങ്കുകളിലും സ്വകാര്യമേഖലയിലുമുള്ള ബാങ്കിംഗ് സ്ഥാപനങ്ങളിലായി എത്തിച്ചേരുന്ന പ്രവാസികളുടെ പണം ഉപയോഗിച്ച് നാട്ടിൽ നടപ്പിലാക്കാവുന്ന വികസനപ്രവർത്തനങ്ങളെക്കുറിച്ച് നമുക്കൊരു പ്ലാനിംഗ് വേണം. ഈ സ്ഥാപനങ്ങൾ ഒരു ആലോചന കൃത്യമായി നടത്തിയതായി കാണുന്നില്ല. ഏറ്റവും ചെറിയ പദ്ധതികൾക്കുപോലും സ്വകാര്യമേഖലയിലെ കുത്തകകളുടെയും വിദേശഫണ്ടിംഗ് ഏജൻസികളുടെയും പിറകെ പോകുന്ന സാമ്പത്തിക വിദഗ്ദ്ധർ ഇത്തരത്തിലുള്ള സാമ്പത്തിക സ്രോതസ്സിനെ മനഃപൂർവ്വം കാണാതെ പോകുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മുൻമുഖ്യമന്ത്രി കെ. കരുണാകരൻ മുൻകയ്യെടുത്ത് നടപ്പിലാക്കിയ നെടുമ്പാശ്ശേരി വിമാനത്താവളം ഇത്തരം പദ്ധതികൾക്ക് ഉത്തേജനം നല്കുന്നതിന് ഒരു മാതൃകയാണ്. നിർഭാഗ്യവശാൽ, അത്തരം ശ്രമങ്ങൾ മറ്റു മേഖലകളിൽ കണ്ടെത്താനായിട്ടില്ല എന്നുള്ളത് ഒരു മറവി ആയി കണക്കാക്കിക്കൂടാ. അത്തരം വലിയ പദ്ധതികളിൽ നിന്ന് മാറി ചെറിയ രീതിയിൽപ്പോലും സാധാരണക്കാർക്ക് നിക്ഷേപം നടത്താൻ കഴിയുന്ന കാർഷികം, ടൂറിസം, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിലെ പദ്ധതികൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഒരു സർക്കാരും മുൻകൈ എടുക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രവാസികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് മുൻകൈ എടുത്തുകൊണ്ട് സഹകരണ വകുപ്പും തൊഴിൽ വകുപ്പുംകൂടി ബന്ധപ്പെടുത്തണം. അങ്ങനെ ബന്ധപ്പെടുത്തിയാൽ ഈ മേഖലകളിൽ പുതിയ നിക്ഷേപങ്ങൾ വരും. റോഡുകളുടെയും പാലങ്ങളുടെയും BOT പദ്ധതികളുടെ പേരിൽ സർക്കാരുകൾ പഴി കേൾക്കുന്ന ഈ കാലഘട്ടത്തിൽ പ്രവാസികളുടെ സാമ്പത്തിക സ്രോതസ്സ് ഉപയോഗിച്ചാൽ ഈ പഴി കേൾക്കൽ ഒഴിവാക്കാൻ പറ്റും. വിശ്വസനീയതയുള്ളതും സുതാര്യവുമായ ഒരു ഏജൻസിയുടെ

പ്രവർത്തനത്തിലൂടെ മാത്രമേ പ്രവാസികളായ ഇൻഡ്യാക്കാരുടെ നിക്ഷേപങ്ങളെ സ്വരൂപിക്കാനാകൂ. അതിന് ആദ്യമായി വേണ്ടത് പ്രവാസികളുടെ നിക്ഷേപത്തിന് ശരിയായ ഗ്യാരന്റി നല്കുക എന്നുള്ളതാണ്. അവർക്കുവേണ്ടി പങ്കാളിത്തമുള്ള അല്ലെങ്കിൽ പങ്കെടുക്കാൻ സാധിക്കുന്ന പദ്ധതികളുള്ള നിക്ഷേപവും വികസന മാതൃകകളും കണ്ടെത്താൻ കഴിയണം. കാർഷിക മേഖലയിലും ടൂറിസം ഇൻഫ്രാസ്ട്രക്ചർ മേഖലകളിലും പ്രവാസികളുടെ നിക്ഷേപം കൊണ്ടുവരാൻ വളരെയധികം സാധ്യതകളാണ് ഉള്ളത്. ആധുനിക സംവിധാനത്തിലൂടെയുള്ള ജൈവരീതിയിൽ നടപ്പിലാക്കാൻ കഴിയുന്ന കാർഷിക പദ്ധതികൾക്ക് പണം മുടക്കുന്നതിന് പ്രവാസികൾക്ക് ഒട്ടും ബുദ്ധിമുട്ടില്ല. അവരിൽ പലരും അതിന് സന്നദ്ധരാണ് എന്നുള്ളതാണ് അവരുമായി നിരന്തരം ബന്ധപ്പെടുന്ന ആളുകൾക്ക് കൃത്യമായും മനസ്സിലാക്കാൻ കഴിയുന്നത്. വൻ വ്യവസായങ്ങൾക്ക് നല്കുന്ന സാമ്പത്തിക പിന്തുണയുടെ ചെറിയ ഒരു അംശമെങ്കിലും നല്കാനായാൽ ഉപഭോക്തൃ സംസ്ഥാനമായ നമ്മുടെ സംസ്ഥാനത്ത് കാർഷികരംഗത്ത് വൻ കുതിച്ചുചാട്ടത്തിനുപോലും അവസരം ഉണ്ടാകും. അതിന് മുൻകൈ എടുക്കേണ്ടത് പ്രവാസി വകുപ്പുതന്നെയാണ്. അത്തരത്തിൽ മുന്നോട്ടുവരുന്ന പ്രവാസികളായ നിക്ഷേപകരുടെ സഹകരണസംഘങ്ങൾ ഉണ്ടാക്കുന്നതിന് അവർക്കുവേണ്ടി ഭൂമി ന്യായമായ നിലയിൽ കണ്ടെത്താനും സർക്കാരും പ്രാദേശിക ഭരണകൂടങ്ങളും മുൻകൈ എടുക്കണം.

ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി, അങ്ങയുടെ വകുപ്പിന്റെ ചർച്ച ഉള്ളതുകൊണ്ടാണ് ഇത് എടുത്തുപറയുന്നത്. പാരിസ്ഥിതികമായി വളരെ ലോലപ്രദേശമായ നമ്മുടെ സംസ്ഥാനത്ത് ഏറ്റവും അനുയോജ്യമായ വികസന രീതി ജൈവകൃഷിയും ഇക്കോ ടൂറിസവുമാണ്. ഇതിന് ഏറ്റവും കൂടുതൽ സഹായം നല്കാവുന്ന ഒരു വിഭാഗമാണ് പ്രവാസികൾ. സാധാരണക്കാരായ പ്രവാസികളുടെ ചെറിയ നിക്ഷേപങ്ങൾ സമാഹരിച്ചുകൊണ്ട് അവരുടെ പങ്കാളിത്തത്തോടെ ഈ മേഖലയിൽ ഉണ്ടാക്കാവുന്ന മാറ്റം വളരെ വലുതാണ്. ഇതേ രീതിയിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്ന ഒരു മേഖലയാണ് ടൂറിസം. കേരള ടൂറിസം മേഖലയിൽ സ്വകാര്യമേഖലയുടെ സ്വാധീനം വളരെ കൂടുതലാണ്. പ്രകൃതിരമണീയമായ കായലും വനപ്രദേശവും കടൽത്തീരവും ഏറ്റവും നല്ല രീതിയിൽ നിലനില്ക്കാവുന്ന sustainable tourism കൊണ്ടുവരാൻ പറ്റും. സഹകരണ മേഖലയിൽ നടപ്പിലാക്കാവുന്ന പദ്ധതികൾക്കുകൂടി അംഗീകാരം നല്കണം. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്ന പ്രദേശത്തെ എം.എൽ.എ.-മാരുടെ മേൽനോട്ടത്തിൽ നിയമസഭാ അസംബ്ലി മണ്ഡല പരിധിയിൽ വരുന്ന പ്രവാസികളുടെ കണക്കെടുപ്പ് നടത്തി ഭരണതലത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട്

സഹകരണ സംഘങ്ങൾ ഉണ്ടാക്കുകയും അവയുടെ പ്രയോജനം പ്രവാസികളുടെ കുടുംബങ്ങൾക്കും നോമിനികൾക്കും ലഭിക്കുകയും ചെയ്താൽ പ്രവാസികളുടെ നിക്ഷേപം സ്വാഭാവികമായും ഉണ്ടാകും. പ്രവാസികാര്യ വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും തയ്യാറാണെങ്കിൽ എന്റെ മണ്ഡലമായ കൊടുങ്ങല്ലൂരും ഞാൻ താമസിക്കുന്ന നാട്ടിക മണ്ഡലവുംകൂടി ചേർന്നുകൊണ്ട് നാട്ടിക മണപ്പുറത്ത് ഇതിനൊരു മാതൃക ഉണ്ടാക്കിത്തരാം. 2 ലക്ഷം രൂപ സുരക്ഷിതമായ ഒരു പൊതു പദ്ധതിയിൽ നിക്ഷേപിക്കാൻ കഴിയുന്ന 10,000 പ്രവാസികളെ കൊടുങ്ങല്ലൂർ - നാട്ടിക മണ്ഡലങ്ങളിൽനിന്നും സഹകരണ വകുപ്പിനും പ്രവാസി വകുപ്പിനും ഞാൻ സംഘടിപ്പിച്ചുതരാം. 200 കോടി രൂപയിലധികം productive ആയി ഉല്പാദന മേഖലയ്ക്ക് കൊണ്ടുവരാൻ പറ്റുന്ന ആളുകളുണ്ട്. പലരും നമ്മളോട് ആശയവിനിമയങ്ങൾ നടത്താറുണ്ട്. അവരൊക്കെ സാധാരണക്കാരായ ആളുകളാണ്. ആ ആളുകളുടെ നിക്ഷേപം പ്രയോജനപ്പെടുത്തിയാൽ ഈ കേരളത്തിൽ കൃഷിയിലും ടൂറിസത്തിലും വലിയ നേട്ടം ഉണ്ടാക്കാൻ കഴിയും. അതിനുവേണ്ടി പ്രത്യേകമായ താല്പര്യം എടുക്കണം എന്ന് ബഹുമാനപ്പെട്ട പ്രവാസികാര്യ വകുപ്പുമന്ത്രിയോടും സഹകരണ വകുപ്പുമന്ത്രിയോടും ഒരേപോലെ ആവശ്യപ്പെടുകയാണ്.

ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോടുള്ള ഒരു അഭ്യർത്ഥന, കേരളത്തിലെ അൺഎയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന ധാരാളം അദ്ധ്യാപകരും അനദ്ധ്യാപകരുമുണ്ട്. സി.ബി.എസ്.ഇ./ അൺഎയ്ഡഡ് സ്വകാര്യ സ്കൂളുകളിൽ ജോലി ചെയ്യുന്ന പതിനായിരക്കണക്കിന് അദ്ധ്യാപകർ അഭിമുഖീകരിക്കുന്ന നഗ്നമായ തൊഴിൽ ചൂഷണത്തെക്കുറിച്ച് ഈ നിയമസഭയിൽ ചർച്ച ചെയ്തതാണ്; മാധ്യമങ്ങളിൽ വന്നതാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പ്രത്യേകമായി ഒരു നിയമം കൊണ്ടുവരുമെന്ന് പറഞ്ഞു. തൊഴിൽ വകുപ്പുമന്ത്രി പ്രഖ്യാപിച്ച നിയമം എന്തുകൊണ്ട് ബില്ലായി വരുന്നില്ല; ആരാണ് ആ ബില്ലിന് തടസ്സം; എവിടെയാണ് തടസ്സം എന്നറിഞ്ഞുകൂടാ. കേരളത്തിൽ ഇപ്പോൾ ഏകദേശം 1,14,000 അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുണ്ട്. അനദ്ധ്യാപകരായിട്ടുള്ള ആളുകൾ 30,000 പേരുണ്ട്. ആകെ 1,44,000 പേരുള്ളവരിൽ പോസ്റ്റ് ഗ്രാജ്യുവേറ്റ്, ഗ്രാജ്യുവേറ്റ്, മുതൽ പി.എച്ച്.ഡി. വരെയുള്ള ആളുകളുണ്ട്. അവർക്ക് ലഭിക്കുന്ന ശമ്പളം കണ്ടാൽ ഞെട്ടിപ്പോകും; 4000 രൂപ മുതൽ 8000 രൂപ വരെയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ബഹുമാനപ്പെട്ട മെമ്പറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ്, സുപ്രീംകോടതി വിധിപ്രകാരം ടീച്ചേഴ്സ് തൊഴിൽ വകുപ്പിന്റെ/ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. അതുകൊണ്ടാണ് അതിനൊരു നിയമം ഉണ്ടാക്കി ഡ്രാഫ്റ്റ് തയ്യാറാക്കി വച്ചെങ്കിലും തൊഴിൽ വകുപ്പിന് അങ്ങനെ ഒരു ബില്ല് പുറത്തുകൊണ്ടുവരാൻ സാധിക്കാത്തത്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> സർ, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞു, ആ ബിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല എന്ന്. ആർക്കാണ് അതിന് കഴിയുക; വിദ്യാഭ്യാസ വകുപ്പിനാണോ; എങ്കിൽ വിദ്യാഭ്യാസ വകുപ്പ് കൊണ്ടുവരണം; എന്തിനാണ് വിദ്യാഭ്യാസ വകുപ്പ് അത് കൊണ്ടുവരാൻ മടി കാണിക്കുന്നത്? 4000 മുതൽ 8000 രൂപ വരെ മാത്രം ശമ്പളത്തിൽ ജോലി ചെയ്യുക എന്ന് പറഞ്ഞാൽ അദ്ധ്യാപകരോട് കാണിക്കുന്ന ക്രൂരതയാണ്, അവരെ ചൂഷണം ചെയ്യുകയാണ് ചെയ്യുന്നത്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അങ്ങ് പറഞ്ഞത് നൂറുശതമാനം ശരിയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവരെ ഉൾപ്പെടുത്തിയത് തൊഴിൽ വകുപ്പിന്റെ കീഴിലാണ്. ഗവൺമെന്റ് അവരെ അദ്ധ്യാപകരായി അംഗീകരിച്ചിട്ടില്ല. അവർ വെറും തൊഴിലാളികൾ മാത്രമാണ്. അവർക്ക് യാതൊരു ക്വാളിഫിക്കേഷനും ഗവൺമെന്റ് പറഞ്ഞിട്ടില്ല. അൺഎയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർ എന്നുപറഞ്ഞാൽ അവർ തൊഴിലാളികളെപ്പോലെയാണ്. ആലപ്പുഴയിലും മറ്റും ട്രേഡ് യൂണിയനുകളാണ് പ്രവർത്തിക്കുന്നത്. അൺഎയ്ഡഡ് സ്കൂളുകളിൽ ട്രേഡ് യൂണിയൻകാരാണ് കൊടിയും പിടിച്ചുപോകുന്നത്. ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., ബി.എം.എസ്., എച്ച്.എം.എസ്. മുതലായ എല്ലാ യൂണിയൻകാരുമുണ്ട്. അത് പരിശോധിക്കണം എന്ന് അങ്ങ് പറഞ്ഞത് നല്ല അഭിപ്രായമാണ് .

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> സർ, ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞതുപോലെ ഇവരെ അദ്ധ്യാപകരായി അംഗീകരിച്ചിട്ടില്ല; എന്നാൽ ഇവർ തൊഴിലാളികളുമല്ല. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അവിടെയുള്ള അദ്ധ്യാപകരെല്ലാം ഹൈ ക്വാളിഫൈഡായ ആളുകളാണ്. ഒരു ദിവസം 4 മണിക്കൂർ മുതൽ 8 മണിക്കൂർ വരെ ജോലി ചെയ്യിപ്പിക്കുന്ന ആളുകളുണ്ട്. 4000 രൂപ മുതൽ 8000 രൂപ വരെയാണ് അവർക്ക് ശമ്പളം കൊടുക്കുന്നത്. 10 വർഷവും 20 വർഷവും ജോലി ചെയ്ത ആളുകളെ ഒരു സുപ്രഭാതത്തിൽ പിരിച്ചുവിടുകയാണ്. ഈ കാര്യത്തിൽ സുപ്രീംകോടതി വിധിപ്രകാരം തൊഴിൽ വകുപ്പിന് കഴിയില്ലായെന്നുണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പ് ആ രീതിയിൽ നോക്കണം. ഇത് ശരിയല്ല. കേരളം പോലുള്ള സംസ്ഥാനത്ത് ഇത്തരത്തിലുണ്ടാകുന്ന ഈ ഒരു പ്രവണത അവസാനിപ്പിക്കണം. ഈ കാര്യത്തിൽ നിർബന്ധമായും ഇടപെടണം. സഹകരണ മേഖലയെക്കുറിച്ച് ഒരു വാക്ക്, സഹകരണ മേഖലയിൽ ഇന്ന് വലിയ നേട്ടങ്ങൾ ഉണ്ടാക്കുന്നു. എല്ലാ

സെക്ടറും ഉള്ളതാണ് നമ്മുടെ സഹകരണ മേഖല. സഹകരണ മേഖലയിൽ നിക്ഷേപവും വായ്പാനുപാതവും പലപ്പോഴും കുറഞ്ഞുവരികയാണ്. നിക്ഷേപം വളരെയേറെയുണ്ട്. നമ്മുടെ പല സഹകരണ സ്ഥാപനങ്ങൾക്കും common good fund ഉണ്ട്. എന്നാൽ Common good fund പല സഹകരണ സ്ഥാപനങ്ങളും ശരിയായ രീതിയിലല്ല വിനിയോഗിക്കുന്നത്. അതുകൊണ്ട് common good fund സംഘങ്ങൾ നല്ല രീതിയിൽ ഉപയോഗിക്കാൻ consortium പോലെയുണ്ടാക്കി അതിനുകീഴിൽ സഹകാരികൾക്കും ജനങ്ങൾക്കും പ്രയോജനപ്രദമായ രീതിയിൽ ആ ഫണ്ടിനെ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കണം. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട സഹകരണ സ്ഥാപനമാണ് കൺസ്യൂമർ ഫെഡ്. കൺസ്യൂമർ ഫെഡ് സംസ്ഥാനത്ത് നല്കിവരുന്ന സേവനങ്ങൾ എല്ലാവർക്കുമറിയാം. ഓരോ മണ്ഡലങ്ങളിലും എത്രയോ നീതി സ്റ്റോറുകളും ന്യായവില സ്ഥാപനങ്ങളും ഉണ്ടായി. അവയെല്ലാം ഇന്ന് ഇല്ലാതാവുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് അവയ്ക്ക് കൊടുക്കേണ്ട സബ്സിഡി തുക കൊടുക്കണം. അവിടെയുള്ള അഴിമതി ഒരു ഭാഗത്ത് മാറ്റിവച്ചുകൊണ്ട് അതിനെപ്പറ്റി അന്വേഷിച്ച് കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണം. പഴയ എം.ഡി. ഉൾപ്പെടെയുള്ളവർക്കെതിരെ നടപടി സ്വീകരിച്ച് സസ്പെന്റ് ചെയ്യപ്പെട്ടു. ആ സ്ഥാപനം സംരക്ഷിച്ച് നിലനിർത്തണം. റംസാനും ഓണവും വരികയായി. ഇത്തവണ റംസാന് റംസാൻ ചന്ത നടത്താൻ കഴിഞ്ഞില്ല. ഓണം വരികയാണ്. ഓണക്കാലത്തെങ്കിലും കൺസ്യൂമർ ഫെഡിന്റെ ചന്തകൾ നടത്തി അതിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താൻവേണ്ടി സഹകരണവകുപ്പ് ഇടപെടണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഒരു ഗവൺമെന്റിന്റെ മുൻഗണന എന്തിലാണ് എന്നുള്ളതാണ് ഏറ്റവും ഗൗരവതരമായ ചോദ്യം. മുൻ തൊഴിൽ വകുപ്പ് മന്ത്രിയായ ശ്രീ. പി. കെ. ഗുരുദാസൻ, ചില വിഷയങ്ങൾ ഈ നിയമസഭയിൽ ചൂണ്ടിക്കാട്ടി. കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവരുടെ പ്രയോറിറ്റി എന്നുപറയുന്നത് വൻകിട കോർപ്പറേറ്റുകളുടെ പ്രയോറിറ്റിയാണ്. ഈ നാട്ടിലെ സാധാരണക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് അറിയേണ്ട യാതൊരു ബാധ്യതയും ഇല്ലെന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതെങ്കിൽ സംസ്ഥാന ഗവൺമെന്റ് നിസ്സഹായമായി തുടരുന്ന സാഹചര്യമാണ് നമ്മുടെ നാട്ടിലുള്ളത്. ലക്ഷക്കണക്കിന് ആളുകളാണ് ഓരോ തൊഴിൽ മേഖലയിലും ജോലി ചെയ്യുന്നത്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഒരു ചോദ്യത്തിന് മറുപടിയായി പതിനാറോളം ക്ഷേമനിധി ബോർഡുകൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന

എന്ന് ഈ നിയമസഭയിൽ തന്നിട്ടുണ്ട്. കേരള കർഷക തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, ഈറ്റ-തഴ-കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുൾപ്പെടെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡുവരെ പതിനാറോളം ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളുണ്ട്. അതായത് ലക്ഷക്കണക്കിന് ആളുകൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഗവൺമെന്റിന്റെ മുൻഗണന എന്തിനാണ് എന്ന ചോദ്യത്തിന് തൊഴിൽ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഈ വകുപ്പ് ഏതെങ്കിലും വിഭാഗം തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെട്ട് ഏതെങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ആത്മാർത്ഥമായ ഒരിടപെടൽ നടത്തുന്നുണ്ട് എന്ന് നമുക്ക് പറയാൻ കഴിയില്ല. ബഹുമാന്യനായ മന്ത്രി ഈ നിയമസഭയിൽ തന്നിട്ടുള്ള മറുപടിയാണ് അതിനുള്ള ഏറ്റവും വലിയ തെളിവ്. അതിൽ ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ് എന്നീ ചോദ്യങ്ങൾക്ക് (തുക ലക്ഷത്തിൽ) ലേബർ കമ്മീഷണറേറ്റ്- അനുവദിച്ച തുക 46210, ചെലവഴിച്ചത് 25014.21 രൂപ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്- അനുവദിച്ച തുക 600, ചെലവഴിച്ചത് 158.13 രൂപ, ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്- അനുവദിച്ച തുക 8778, ചെലവഴിച്ചത് 4710 രൂപ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് - അനുവദിച്ച തുക 2153, ചെലവഴിച്ചത് 747.95 രൂപ. ഈ രൂപത്തിലാണ് തുക ചെലവഴിച്ചിരിക്കുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): അത് ഏത് വർഷത്തെയാണെന്ന് വ്യക്തമാക്കണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, തൊഴിൽ വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷം നാളിതുവരെ പദ്ധതിച്ചെലവ് സംബന്ധമായി വിശദമായ കണക്കുകൾ ലഭ്യമാക്കാമോ എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയായ അങ്ങ് 3-12-2014-ൽ ശ്രീ. പി. കെ. ഗുരുദാസന് കൊടുത്തിട്ടുള്ള മറുപടിയാണ് ഞാനിവിടെ വായിച്ചത്.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഒരു സംശയം തീർക്കേണ്ടതുണ്ട്. അത് ആ സാമ്പത്തിക വർഷത്തെ മുഴുവൻ ചെലവല്ല. ആ ചോദ്യം ചോദിച്ച സന്ദർഭത്തിലുള്ളത് മാത്രമായിരിക്കും. ആ കണക്കിൽ തെറ്റുണ്ട്. അത് ഓർമ്മപ്പെടുത്തിയെന്നേയുള്ളൂ. നിയമസഭയിൽ തെറ്റിദ്ധാരണാജനകമായി ഒന്നും പറയരുത്. 2014-15 സാമ്പത്തിക വർഷം മുഴുവനുള്ള കണക്കാണോ അവതരിപ്പിക്കുന്നതെന്ന് വ്യക്തമാക്കണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഇത് അങ്ങ് തന്നെ പരിശോധിച്ചാൽ മതി. അങ്ങ് ഒപ്പിട്ട് കൊടുത്തിട്ടുള്ളതാണ്. 2014-15 സാമ്പത്തിക വർഷം ചെലവഴിച്ച പദ്ധതി ചെലവുകളെ സംബന്ധിച്ച് വിശദമായ കണക്കുകൾ വ്യക്തമാക്കാമോ എന്ന ചോദ്യത്തിന് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു എന്നുപറഞ്ഞിട്ടുണ്ട്. ആ അനുബന്ധം-1 ആണ് ഞാൻ ഇവിടെ വായിച്ചത്. തൊഴിൽ വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ എന്നും അതിനോടനുബന്ധമായി പ്രസ്തുത പദ്ധതിച്ചെലവ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ എന്ന ചോദ്യത്തിന്റെയും മറുപടിയാണ്. അങ്ങ് പരിശോധിച്ചാൽ മതി. ഈ ഗവൺമെന്റ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക ചെലവഴിച്ചിട്ടില്ല എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ നൽകിയിട്ടുള്ള മറുപടിയാണ്. ഏതെങ്കിലും ഫാക്ച്വൽ എറേഴ്സ് വന്നിട്ടുണ്ടെങ്കിൽ തിരുത്തുന്നതിന് നമ്മുടെ നിയമത്തിൽ സംവിധാനങ്ങളുണ്ടല്ലോ; അതുപയോഗിച്ച് അങ്ങ് തിരുത്തുക. അതിനുള്ള അവസരങ്ങൾ അങ്ങയുടെ മുമ്പിലുണ്ട്. ഞാൻ ഈ പേപ്പർ അങ്ങേക്ക് നൽകാം. പരിശോധിച്ചാൽ മതി. ഇതുമായി ബന്ധപ്പെട്ട് ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് ഈ ഡിപ്പാർട്ടുമെന്റ് നടത്തിയിട്ടുള്ള വിതരണവുമായി ബന്ധപ്പെട്ട വിശദവിവരങ്ങളാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു സ്റ്റഡി കമ്മിറ്റിയെ പ്ലാന്റേഷൻ മേഖലയിൽ തീരുമാനിച്ചിരുന്നു. അതുമായി ബന്ധപ്പെട്ടെങ്കിലും ശിപാർശ ചെയ്തിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഗവൺമെന്റിന്റെ മുമ്പിൽ കഴിഞ്ഞ നാല് വർഷമായിട്ടുള്ളതാണ്. 1951-ലെ പ്ലാന്റേഷൻ ലേബർ ഭേദഗതി ആക്ട് ഭേദഗതി ചെയ്തുകൊണ്ട് കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ കാലത്ത് ഇറക്കിയ ആക്ടിന്മേലുള്ള ചില റൂൾസ് നമുക്ക് ഫ്രെയിം ചെയ്യേണ്ടതായുണ്ട്. 2010 ജൂൺ 7-ന് കേന്ദ്ര ഗവൺമെന്റ് അത് വിജ്ഞാപനം ചെയ്തതാണ്. റൂൾസ് ഫ്രെയിം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പലതവണ ഗവൺമെന്റിന്റെ മുമ്പിലേക്ക് നിർദ്ദേശങ്ങൾ കൊണ്ടുവന്നതാണ്. ഗവൺമെന്റ് നിഷ്ക്രിയമായിരിക്കുന്ന സാഹചര്യമുണ്ട്. ഒരു ഗവൺമെന്റ് ഏതു തരത്തിലാണ് ജനങ്ങളുടെ വിഷയങ്ങളിൽ ഇടപെടേണ്ടത്? സ്റ്റഡി കമ്മിറ്റിയുടെ ശിപാർശകൾ മുഴുവൻ നടപ്പിലാക്കാതെ ആ ശിപാർശകളെ അട്ടിമറിക്കാതിരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടാകണം. അങ്ങയുടെ നിസ്സഹായത പലവട്ടം ആവർത്തിച്ചു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മീറ്റിംഗ് കൂടിയതിന്റെ മിനിട്സ് ഇവിടെയുണ്ട്. ആ മിനിട്സിൽ പറഞ്ഞിട്ടുള്ള ശിപാർശകളെങ്കിലും നടപ്പിലാക്കാനുള്ള ഒരു ഇടപെടൽ ഉണ്ടാകണ്ടേ? കഴിഞ്ഞ പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി വിളിച്ചുചേർത്തപ്പോൾ മുഖ്യമന്ത്രി കുറച്ചുസമയം വന്നിരുന്നു. തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. ആ

മീറ്റിംഗിൽ പങ്കെടുക്കേണ്ട മറ്റ് മന്ത്രിമാരാരും ഒന്ന് തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. പ്ലാന്റേഷൻ മേഖലയിലുള്ള ക്രൈസിസിനെ ഓവർകം ചെയ്യുന്നതിനുവേണ്ടി, ഇവിടെ ക്യാബിനറ്റിന്റെ ഒരു സബ് കമ്മിറ്റി എന്നുള്ള നിലയിലാണ് പ്ലാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി ഉണ്ടാക്കിയത് എങ്കിൽ ആ കമ്മിറ്റി ഒന്ന് വിളിച്ചുകൂട്ടുന്നതിനുള്ള മനസ്സുപോലും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഒരു തോട്ടമല്ല, പല തോട്ടങ്ങൾ പൂട്ടിക്കൊണ്ടേയിരിക്കുകയാണ്. കോട്ടമല ബോണാമി തോട്ടം പൂട്ടിക്കിടക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് നിരവധി കത്തുകൾ തന്നതാണ്. 12-12-2014-ൽ അങ്ങേയ്ക്ക് തന്ന കത്തിന്റെ കോപ്പിയാണിത്. കോട്ടമല ബോണാമി തോട്ടം മാനേജ്മെന്റുകളെ ചർച്ചയ്ക്ക് നിരവധി തവണ വിളിച്ചെങ്കിലും അവർ വരുന്നില്ല. ബഹുമാന്യനായ മന്ത്രിതന്നെ പറഞ്ഞു, ആ തോട്ടം സർക്കാർ ഏറ്റെടുക്കാൻ പോവുകയാണെന്ന്. ബോണക്കാട് തോട്ടം ശർമ്മാ സ്വാമിയുടെ തോട്ടമാണത്. പത്തുയായിരം ഏക്കർ ഭൂമി അനധികൃതമായി കൈവശംവച്ചിരിക്കുന്ന ആളാണ്. ബോണക്കാടും പീരുമേട് ടീ കമ്പനിയടക്കം റ്റി.ആർ. & റ്റി. തോട്ടങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് അവരുടെ ഭൂമിയുടെ നിജസ്ഥിതി പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇതിനേക്കാളുപരി തോട്ടംതൊഴിലാളികളുടെ ശമ്പള പരിഷ്കരണ കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം. പി.എൽ.സി. കൃത്യമായി വിളിച്ചുകൂട്ടി ഇത്തരം വിഷയങ്ങൾ ചർച്ചചെയ്യാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല എന്നൊരു പ്രശ്നമുണ്ട്. ലേബർ എൻഫോഴ്സ്മെന്റ് വിഭാഗമെന്നുപറയുന്നത് നിഷ്ക്രിയമാണ്. അങ്ങനെയൊരു വിഭാഗത്തിന്റെ പ്രവർത്തനം ഇവിടെയുണ്ട് എന്നുപറയാൻ കഴിയില്ല. തൊഴിലാളികളെ കൂടുതൽ ദ്രോഹിക്കുന്ന ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് നിയമം കേന്ദ്ര ഗവൺമെന്റ്കൊണ്ടു വരുന്നതോടുകൂടി വർഷങ്ങളായി തൊഴിലാളികൾ നേടിയെടുത്തിട്ടുള്ള സർവ്വ തൊഴിലവകാശങ്ങളും ലംഘിക്കപ്പെടുകയാണ്. 1926-ലെ ഇൻഡസ്ട്രിയൽ ട്രേഡ് യൂണിയൻ നിയമം, 1956-ലെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാന്റിംഗ് ഓർഡേഴ്സ്, 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് നിയമങ്ങളുൾപ്പെടെയുള്ള സർവ്വതും അട്ടിമറിച്ചുകൊണ്ട് ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷനെന്നു പറയുന്ന കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ആ നിയമത്തെ നമ്മൾ നിസ്സഹായതയോടുകൂടി കയ്യുംകെട്ടി നോക്കിനിൽക്കുന്ന സാഹചര്യമുണ്ടാകരുത്. നമ്മുടെ പ്രയോറിറ്റി ഈ നാട്ടിലെ പാവങ്ങളുടേതാകണം.

സ്വപ്നപദ്ധതിയായ 'ഭവനം പദ്ധതി'-യെക്കുറിച്ച് മുൻമന്ത്രി ശ്രീ. പി. കെ. ഗുരുദാസൻ സംസാരിച്ചപ്പോൾ "ഭവനം പദ്ധതി" അങ്ങയുടെ സ്വപ്നമാണെന്ന് നിയമസഭയിൽ പലവട്ടം അങ്ങ് ആവർത്തിച്ചതാണ്. അതിന് എന്തുപറ്റി? ഒരു സെന്റ് ഭൂമി പോലും തരാൻ തയ്യാറാകാത്ത മാനേജ്മെന്റുകളുടെ മുമ്പിൽ ഗവൺമെന്റ് നിസ്സഹായതയോടുകൂടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കണം. ഏത്

നിയമം ഉപയോഗപ്പെടുത്തിക്കൊണ്ടാണോ അതിൽ ഇടപെടാൻ കഴിയുക, ഗവൺമെന്റിന് എന്ത് സാധ്യതയാണോ ഉള്ളത്, ആ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ആ പദ്ധതി യാഥാർത്ഥ്യമാക്കണം. പുഴക്കളെക്കാൾ കഷ്ടമായ രീതിയിൽ എപ്പോൾ വേണമെങ്കിലും ഇടിഞ്ഞുവീഴാവുന്ന സാഹചര്യത്തിൽ തോട്ടം തൊഴിലാളികൾ ജീർണ്ണിച്ച ലയങ്ങളിൽ ജീവിക്കുന്നു. അവർക്ക് വെള്ളമില്ല, കറണ്ടില്ല .

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്, ഭവനം പദ്ധതി ഈ ഗവൺമെന്റിന്റെ സ്വപ്ന പദ്ധതിയാണ്. ഇപ്പോഴും ഭൂരഹിതരായിട്ടുള്ള ഒരു സമൂഹമാണ് തോട്ടം തൊഴിലാളികൾ. പക്ഷേ അവർക്ക് അന്തരീക്ഷത്തിൽ വീട് പണിതുകൊടുക്കാൻ കഴിയില്ല. അതിന് ഭൂമി ലഭ്യമാകണം. ബഹുമാനപ്പെട്ട പീരുമേട് മെമ്പറെത്തന്നെ അക്കാര്യത്തിൽ ചുമതലപ്പെടുത്തി യിരുന്നതാണ്. മെമ്പറും പരിശ്രമം നടത്തി പരാജയപ്പെട്ടപ്പോൾ മറ്റ് ചില നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത്. ഇവിടെ പരിശ്രമിക്കാതിരുന്നതു കൊണ്ടല്ല. ഭൂമിയുടെ ലഭ്യത ഇല്ലാത്തൊരു സാഹചര്യം കൊണ്ടാണ് എന്നുമാത്രമേ അതിനെക്കുറിച്ച് സൂചിപ്പിക്കുവാനുള്ളൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാനും അതുതന്നെയാണ് പറയാൻ ആഗ്രഹിക്കുന്നത്. അയ്യായിരത്തിലധികം ഏക്കർ ഭൂമി സർക്കാർ ഇടവക അക്വിസിഷൻ ആക്ട് പ്രകാരം 1955-ൽ ഏറ്റെടുത്തതാണ്. ആ ഭൂമി റ്റി.ആർ & റ്റി. സ്വാമിയുടെ കയ്യിലിരിക്കുന്നു. ലാന്റ് റവന്യൂ കമ്മീഷണർ പ്രഖ്യാപിച്ചിട്ടുള്ള ഹാരിസൺ എസ്റ്റേറ്റ് അടക്കം നിരവധി തോട്ടം ഭൂമി സർക്കാരിന്റേതാണ്. സർക്കാരിന്റെ ഭൂമി ഏറ്റെടുത്ത് തോട്ടം തൊഴിലാളികൾക്കുവേണ്ടി പദ്ധതി നടപ്പിലാക്കാൻ കഴിയുന്നില്ല എന്നുപറയുന്നത് ഗവൺമെന്റിന്റെ നിസ്സഹായാവസ്ഥയാണ് എന്ന് ബോദ്ധ്യപ്പെടണം. അല്ലെങ്കിൽ അങ്ങ് തുറന്നു പറയണം. ഈ ഗവൺമെന്റിൽ ഞാൻ നിസ്സഹായനാണെന്നും ഈ ഗവൺമെന്റ് നിഷ്ക്രിയമാണെന്നും പറയാനുള്ള മനസ്സ് ബഹുമാനപ്പെട്ട മന്ത്രിക്ക് ഉണ്ടാകണം. ഏറ്റവും കുറഞ്ഞത് ഈ പണി വേണ്ട എന്നുപറഞ്ഞ് രാജിവച്ച് പുറത്തുവരുന്നതിനെക്കുറിച്ചെങ്കിലും അങ്ങ് ആലോചിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. ഉബൈദുള്ള: സർ, തൊഴിൽ, തൊഴിലാളിക്ഷേമം, പ്രവാസി ക്ഷേമം, സഹകരണം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. അഞ്ചാം വർഷത്തിലും മൊഞ്ചോടെ നിൽക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ആർക്കാണ് പിന്തുണയ്ക്കാതിരിക്കാൻ കഴിയുക? നമ്മുടെ രാജ്യത്തിന്റെ നട്ടെല്ലായ പ്രവാസികളുമായി ബന്ധപ്പെട്ട വിഷയം സഭയിൽ പലപ്പോഴായി ചർച്ച ചെയ്തിട്ടുള്ളതാണ്. പ്രവാസികൾക്ക് ആശ്വാസം

നൽകുന്ന നിരവധി കാര്യങ്ങൾ ഇതിനകം നമ്മുടെ സർക്കാർ ചെയ്തിട്ടുണ്ട്. ഇറാഖ്, ലിബിയ, യെമൻ തുടങ്ങിയ രാജ്യങ്ങളിലെ ആഭ്യന്തര കലാപങ്ങളെത്തുടർന്ന് അവിടെ കുടുങ്ങിയവരെ നാട്ടിൽ എത്തിക്കുന്നതിനും സൗദിയിലെ നിതാഖത്ത് നിയമവുമായി ബന്ധപ്പെട്ട പ്രശ്നത്തിലും സർക്കാരിന്റെ അവസരോചിതമായ ഇടപെടലിന്റെ ഫലം നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. വിദേശത്തുനിന്നും തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസം ലക്ഷ്യമാക്കി ആരംഭിച്ച Project for returned emigrants, അവരുടെ ചികിത്സയ്ക്കും കുട്ടികളുടെ വിവാഹാവശ്യങ്ങൾക്കും സഹായം നൽകുന്ന 'സാന്ത്വനം', തങ്ങളുടേതല്ലാത്ത കുറ്റങ്ങളാൽ ജയിലിൽ കഴിയുന്ന പ്രവാസികൾ മോചിതരാകുമ്പോൾ നാട്ടിലേക്ക് കൊണ്ടുവരാൻ എയർ ടിക്കറ്റ് നൽകുന്ന 'സ്വപ്ന സാഫല്യം', എന്നീ പദ്ധതികളും പ്രവാസികൾക്ക് നിയമസഹായം നൽകുന്നതിനുവേണ്ടി 'പ്രവാസി ലീഗൽ എയ്ഡ് സെൽ' രൂപീകരിച്ചതുമെല്ലാം പ്രവാസിക്ഷേമത്തിന് ഈ സർക്കാർ നടപ്പാക്കിയ ശ്രദ്ധേയമായ കാര്യങ്ങളാണ്. ലോകത്തിൽ ഏറ്റവുമധികം പ്രവാസിധനമെത്തുന്ന രാജ്യം ഇന്ത്യയാണ്. രണ്ടാം സ്ഥാനത്ത് ചൈനയാണ്. 434 ലക്ഷം കോടി രൂപയാണ് കഴിഞ്ഞ വർഷം ഇന്ത്യയിലേക്ക് പ്രവാസികൾ അയച്ചത്. അതിൽ ഏകദേശം നാലിലൊന്ന് മലയാളികളുടെ സംഭാവനയാണ്. ഒരു ലക്ഷം കോടി രൂപയാണ് കഴിഞ്ഞ വർഷം പ്രവാസികൾ കേരളത്തിൽ എത്തിച്ചത്. കേരളത്തിലെ മൊത്തം വരുമാനത്തിന്റെ 22 ശതമാനം പ്രവാസികളുടെ അദ്ധ്വാന ഫലമാണ്. എന്നാൽ പ്രവാസികൾ ഇവിടെ എത്തിക്കുന്ന പണം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഇനിയും നമുക്ക് സാധിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. വിദേശത്ത് ജോലി ചെയ്ത് സമ്പാദിക്കുന്ന പണം നാട്ടിലെത്തിയാൽ വീടുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണത്തിനു വേണ്ടിയാണ് വലിയൊരു പങ്കും അവർ ഉപയോഗിക്കുന്നത്. കുറെ പണം നിർജ്ജീവ സമ്പാദ്യമായി ബാങ്കുകളിലും കെട്ടിക്കിടക്കുകയാണ്. പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തിയ പല ആളുകളും ജീവിക്കാൻ മാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്. പ്രവാസികളുടെ നിക്ഷേപം അവരുടെതന്നെ ഭാവിജീവിതത്തിന് പ്രയോജനപ്പെടുംവിധം വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് ഫലപ്രദമായ പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവാസി സംഘടന പ്രതിനിധികളെയും അനുഭവസമ്പത്തുള്ള വ്യവസായ പ്രമുഖരെയും സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരെയുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേകമായ ഒരു യോഗം വിളിച്ചുചേർക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗൾഫ് മലയാളികളുടെ മുൻപിലുള്ള ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം, പെരുനാളും ഓണവും ആഘോഷിക്കാൻ എല്ലാവർക്കും നാട്ടിലേക്ക് വരണമെന്നതാണ്. എന്നാൽ നാട്ടിലേക്ക് വരണമെന്ന് ആഗ്രഹിച്ചാൽപോലും അവരുടെ മനസ്സിൽ

ടിക്കറ്റ് കിട്ടുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. ടിക്കറ്റ് ലഭിച്ചാൽ തന്നെ നൽകേണ്ടിവരുന്ന ഭാരിച്ച തുക പ്രവാസികളുടെ നെഞ്ചിലെ അണയാത്ത തീയായി അവശേഷിക്കുകയാണ്. ഇങ്ങനെ ഗൾഫിലുള്ളവർ നാട്ടിലേക്ക് വരുമ്പോഴും തിരിച്ചുപോകുമ്പോഴും അവരെ പിഴിഞ്ഞെടുക്കാൻ മുൻപിൽ നിൽക്കുന്നത് ഇന്ത്യയിലെതന്നെ ചില വിമാനക്കമ്പനികളാണെന്നതാണ് നിർഭാഗ്യകരമായ അവസ്ഥ. പ്രവാസികളെ ക്രൂരമായി ചൂഷണം ചെയ്യുന്ന വിമാനക്കമ്പനികളെ നിയന്ത്രിക്കുന്നതിൽ കേന്ദ്ര സർക്കാരിൽ സംസ്ഥാന സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തണം. ഈയടുത്ത ദിവസം ബഹുമാനപ്പെട്ട മന്ത്രി അതുമായി ബന്ധപ്പെട്ട് ഒരു പ്രസ്താവന നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഡെലിഗേഷൻ പ്രത്യേകമായി ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെയും മറ്റു മന്ത്രിമാരെയും കണ്ട് ഇക്കാര്യത്തിന്റെ ഗൗരവം ബോദ്ധ്യപ്പെടുത്തണം. വിദേശരാജ്യങ്ങളിൽ പോയി കഷ്ടപ്പെട്ട് അദ്ധ്വാനിക്കുന്ന പ്രവാസികൾക്ക് സ്വന്തം രാജ്യത്തിലെ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകാനുള്ള അവസരം നിഷേധിക്കുന്നത് കടുത്ത അനീതിയാണ്. വിദേശത്തുള്ളവരുടെ പേര് വോട്ടർ പട്ടികയിൽനിന്നും നീക്കം ചെയ്ത സംഭവം വരെ ഈയടുത്ത കാലത്തുണ്ടായി. എന്നാൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്ന കാര്യത്തിൽ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനും അനുകൂല നിലപാടെടുത്ത സാഹചര്യത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ഇതിന് ഏകദേശ ധാരണയായതായി മനസ്സിലാക്കുന്നു. ഏത് രീതിയിലുള്ള വോട്ടിംഗ് (പ്രോക്സി വോട്ടിംഗ്, ഇ-വോട്ടിംഗ്) ആണ് സ്വീകരിക്കേണ്ടത് എന്ന തർക്കമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഏത് രീതി അവലംബിച്ചാലും ഒക്ടോബർ മാസത്തിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസി സുഹൃത്തുകൾക്ക് മുഴുവൻ അവർ ഏത് രാജ്യത്താണോ ജോലി ചെയ്യുന്നത് ആ രാജ്യത്തുനിന്നുതന്നെ വോട്ടവകാശം വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. അതിന് ഒരു തർക്കത്തിന്റെ ആവശ്യമില്ല. അവർ നമ്മുടെ രാജ്യത്തിന്റെ നട്ടെല്ലാണ്. അവർക്ക് ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകാനുള്ള അവസരം ഒരിക്കലും നിഷേധിക്കാൻ പാടില്ല. ഏത് നടപടിക്രമമാണെങ്കിലും അത് എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് തദ്ദേശഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് അവർക്ക് വോട്ടവകാശം രേഖപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് വീണ്ടും എനിക്ക് ആവശ്യപ്പെടാനുള്ളത്.

കേരളത്തിലെ സഹകരണ പ്രസ്ഥാനം രാജ്യത്തിന് മുഴുവൻ മാതൃകയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനം കയറിച്ചെല്ലാത്ത ഒരു മേഖലയുമില്ല. ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാതലത്തിലേക്കും ഈ പ്രസ്ഥാനം കയറിയിട്ടുണ്ട്.

സഹകരണ മേഖലയിലാണ് ഏറ്റവും നല്ല വിദ്യാഭ്യാസ സ്ഥാപനവും ആശുപത്രിയും പ്രവർത്തിക്കുന്നത്. ഏറ്റവും നല്ല കോൺട്രാക്ടർ ആരാണെന്ന് ചോദിച്ചാൽ, ഇന്ന് അതിമനോഹരമായി ജോലി ചെയ്യുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുകയാണ്. വ്യക്തികൾ ചെയ്യുന്ന ജോലികൾപോലും ഏറ്റെടുക്കാൻ പറ്റിയ തലത്തിലേക്ക് കേരളത്തിലെ സഹകരണ പ്രസ്ഥാനം വളർന്ന് പന്തലിച്ചുവന്നിട്ടുണ്ട്. ടൂറിസം മേഖല ഉൾപ്പെടെ ഈ പ്രസ്ഥാനം വളർന്നു പന്തലിച്ചു. എന്നാൽ സഹകരണ പ്രസ്ഥാനത്തിൽ ജനങ്ങൾ അർപ്പിച്ചിട്ടുള്ള വിശ്വാസം തകർക്കുന്ന രീതിയിലുള്ള പ്രവർത്തനം ഇടക്കാലത്ത് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായി. ചില സ്ഥാപനങ്ങളിൽ നടക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയുമൊക്കെ സ്ഥാപനത്തിന്റെ വിശ്വാസ്യത തകർക്കുകയാണ്. കെടുകാര്യസ്ഥതമൂലും തകരാൻ പോകുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ പ്രത്യേകമായൊരു ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അഴിമതിക്കാരെ പുറത്തുകൊണ്ടുവരുന്നതിന് ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. സഹകരണ സ്ഥാപനങ്ങളുടെ ഭരണം ജനാധിപത്യ വിരുദ്ധമാർഗ്ഗത്തിലൂടെ പിടിച്ചെടുക്കലും തിരിച്ചുപിടിക്കലുമൊക്കെയായി സംഘർഷത്തിന്റെയും സംഘട്ടനത്തിന്റെയും വേദിയായി സഹകരണമേഖല മാറിയ ഒരു കാലഘട്ടം മുൻപുണ്ടായിരുന്നു. മരിച്ചുപോയ ആളുകൾ തിരിച്ചുവന്ന് വോട്ട് രേഖപ്പെടുത്തി പോയ സംഭവങ്ങളൊക്ക നമ്മൾ കേട്ടിട്ടുണ്ട്. അതൊക്കെ അവസാനിച്ചു. കഴിഞ്ഞ നാലുവർഷമായി സഹകരണ മേഖലയിൽ ഇത്തരത്തിലുള്ള യാതൊരു പ്രശ്നവുമില്ല. ഈ മേഖലയിലെ മുഴുവൻ കാര്യങ്ങളും മനസ്സിലാക്കിയിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രി ഈ മേഖലയെ കൂടുതൽ ഫലപ്രദമായി മുന്നോട്ടുനയിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളുമായി പോകുന്നുവെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

സഹകരണ മേഖലയിലെ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് വേഗത കൂട്ടിയ 'എന്റെ സംഘം' ക്യാമ്പയിൻ, ആശ്വാസ്, ഉണർവ്, റിസ്ക് ഫണ്ട്, കർഷക സേവന കേന്ദ്രം, ഉത്തേജന പരിശീലനം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് കടാശ്വാസം, തുടങ്ങി ഒട്ടനവധി നൂതനമായ ആശയങ്ങൾ നടപ്പാക്കാൻ സഹകരണ വകുപ്പിന് ഈ നാലുവർഷം കൊണ്ട് സാധിച്ചു. സഹകരണ മേഖലയിലെ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കാൻ 14 ജില്ലകളിലും ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പോവുകയാണ്. ഇതിനുമുൻപ് ഒരിക്കലും ഒരു സഹകരണ വകുപ്പുമന്ത്രി 14 ജില്ലകളിലും പോയി മുഖാമുഖം നടത്തിയതായി കേട്ടിട്ടില്ല. സഹകാരികളുമായി മുഖാമുഖം നടത്തി ആ മേഖലയിലെ പരിഹരിക്കരപ്പെടേണ്ട പ്രശ്നങ്ങൾ പഠിച്ച് അതിന് പെട്ടെന്ന് പരിഹാരം കാണുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സഹകരണ മേഖലയിൽ കൂടുതൽ സഹകരണ മനോഭാവം ഉണ്ടാക്കുന്നതിന്

മുഖാമുഖത്തിലൂടെ സാധ്യമായി എന്നുപറയാതിരിക്കാൻ കഴിയില്ല. സഹകരണ സമുച്ചയം നിർമ്മിക്കുകയെന്നത് കേരളത്തിലെ സഹകാരികളുടെ ചിരകാല സ്വപ്നമായിരുന്നു. ആ സഹകരണ സമുച്ചയ നിർമ്മാണവുമായി മുന്നോട്ടുപോകുന്ന അങ്ങയെ അഭിനന്ദിക്കുന്നതോടൊപ്പം ഏറ്റവും കൂടുതൽ നല്ല സഹകാരികളും നല്ല സഹകരണ സ്ഥാപനങ്ങളുമുള്ള മലപ്പുറത്ത് ഒരു സഹകരണ പരിശീലന കോളേജ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അങ്ങയോട് അപേക്ഷിക്കുകയുമാണ്.

നമ്മുടെ സംസ്ഥാനത്ത് തൊഴിൽ മേഖലയിൽ ഇതുപോലെ സമാധാന അന്തരീക്ഷമുണ്ടായിട്ടുള്ള കാലഘട്ടമുണ്ടായിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്. കേന്ദ്ര ഗവൺമെന്റിന്റെ തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരായി സംസ്ഥാന സർക്കാർതന്നെ വേണ്ടിവന്നാൽ ശക്തമായ ചെറുത്തുനിൽപ്പിന് നേതൃത്വം കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രതീക്ഷ നൽകുന്ന കാര്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം തൊഴിലാളി മേഖലയിലെ ഓരോ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ഒരു മദ്ധ്യസ്ഥന്റെ റോൾ വഹിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. ജോലി ചെയ്യാതെ നോക്കിനിൽക്കുകയും സാധാരണക്കാരന്റെ കയ്യിൽനിന്ന് പണം തട്ടിയെടുക്കുകയും ചെയ്യുന്ന പ്രാകൃതമായ നോക്കുകൂലി സമ്പ്രദായം അവസാനിപ്പിക്കാൻ ശക്തമായ നടപടി സ്വീകരിച്ചത് പരക്കെ സ്വാഗതം ചെയ്യപ്പെടുകയാണ്. സ്വകാര്യ നഴ്സിംഗ് മേഖലയിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വവും മിനിമം വേതനവും ഉറപ്പുവരുത്തിയതിലൂടെ നഴ്സിംഗ് മേഖലയിലെ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ ഒരു പരിധിവരെ കഴിഞ്ഞു. സ്വകാര്യ ആശുപത്രികൾ, ഹോട്ടലുകൾ, പണമിടപാട് സ്ഥാപനങ്ങൾ, ജ്വല്ലറികൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന വേതന സുരക്ഷാ പദ്ധതി ഏറെ ശ്രദ്ധേയമാണ്. തൊഴിൽ അന്വേഷികളുടെ അഭിരുചിക്കനുസരിച്ച് ആവശ്യമായ കൗൺസിലിംഗും പരിശീലനവും നൽകി സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുന്ന വിപ്ലവകരമായ പദ്ധതിയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റിയ നടപടി. എല്ലാ ക്ഷേമപെൻഷനുകളുടേയും തുക വർദ്ധിപ്പിക്കുകയും വരുമാന പരിധി ഒരു ലക്ഷം രൂപയാക്കുകയും ചെയ്തെങ്കിലും പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കാൻവേണ്ട വരുമാനപരിധി 11,000 രൂപയാണ്. ഇതുകാരണം അർഹരായ അടിസ്ഥാന തൊഴിലാളിവർഗ്ഗമായ കർഷകത്തൊഴിലാളികൾക്ക് പലപ്പോഴും പെൻഷൻ ലഭിക്കാതെ പോകുന്നു. അതിനാൽ കർഷകത്തൊഴിലാളി പെൻഷന്റെ വരുമാനപരിധിയും ഒരു ലക്ഷം

രൂപയായി ഉയർത്തണമെന്ന് അങ്ങയോട് ആവശ്യപ്പെടുകയാണ്. സംസ്ഥാന സർക്കാർ ക്ഷേമനിധി ബോർഡുകൾക്ക് നൽകുന്ന മാച്ചിംഗ് ഗ്രാന്റ് അനുവദിക്കാൻ വൈകുന്നതുകൊണ്ട് ബോർഡ് മുഖേന തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കൃത്യമായി കിട്ടാത്ത സ്ഥിതി നിലവിലുണ്ട്. ഇതിന് പരിഹാരമുണ്ടാക്കണം. വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി ജില്ലാ ആസ്ഥാനങ്ങളിൽ ലേബർ ടവറുകൾ നിർമ്മിക്കുകയും എല്ലാ ക്ഷേമനിധി ഓഫീസുകളിലും സ്ഥിരം ജീവനക്കാരെ നിയമിക്കുകയും വേണം. തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ കൃത്യമായി പഠിക്കുകയും ശക്തമായ ഇടപെടലുകളിലൂടെ പരിഹരിക്കുകയും ചെയ്ത ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി തൊഴിൽ മേഖലയിൽ കാര്യമായ പ്രശ്നങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. തൊഴിൽ സമരങ്ങളില്ല. സംഘട്ടനങ്ങളുടേയും സംഘർഷങ്ങളുടേയും വാർത്ത തൊഴിൽ സ്ഥാപനങ്ങളിൽ നമുക്ക് കേൾക്കാൻ കഴിയുന്നില്ല. എല്ലാ മേഖലകളിലും ശാന്തിയും സമാധാനവും നിലനിൽക്കുന്നതുകൊണ്ട് യഥാർത്ഥത്തിൽ സി.പി.ഐ.(എം)-ന്റെ പ്രസക്തി നഷ്ടപ്പെട്ടുവോ എന്ന് നമ്മൾ സംശയിക്കുകയാണ്.

നമ്മുടെ നാട്ടിൽ പല മൃഗങ്ങളും വൃക്ഷങ്ങളും വംശനാശഭീഷണി നേരിടുന്ന കാര്യം കേൾക്കാറുണ്ട്. എന്നാൽ ഒരു രാഷ്ട്രീയപാർട്ടിക്ക് വംശനാശം നേരിടുന്നകാര്യം ഇപ്പോൾ കേൾക്കുകയാണ്. 25000 പാർട്ടി മെമ്പർമാരും 9000 കാന്റിഡേറ്റ് അംഗങ്ങളും ഒരുമിച്ച് പാർട്ടിവിട്ടുവെന്നാണ് ഇന്നലെ പത്രത്തിൽ വന്ന വാർത്ത. ഇത് അംഗങ്ങളുടെ കാര്യം മാത്രമാണ്. പതിനായിരക്കണക്കായ അനുഭാവികൾ സി.പി.ഐ.(എം)-ന്റെ കൊലപാതക രാഷ്ട്രീയത്തിലും ബോംബ് രാഷ്ട്രീയത്തിലും മനംനൊന്ത് പാർട്ടി വിട്ടുപോയകാര്യം പാർട്ടി നേതൃത്വത്തിന് ഔദ്യോഗിക കണക്കില്ല. ഇതാണ് അരുവിക്കര തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചുകണ്ടത്. ഇത്തരം നിലപാടുകളുമായിട്ടാണ് സി.പി.ഐ.(എം) മുന്നോട്ടുപോകുന്നതെങ്കിൽ തെറ്റ് തിരുത്താൻ തയ്യാറല്ലെങ്കിൽ സി.പി.ഐ.(എം)-ന് ത്രിപുരയിൽ മാത്രമൊതുങ്ങേണ്ടി വരുമെന്ന കാര്യം ബഹുമാനപ്പെട്ട സി.പി.ഐ.(എം) നേതാക്കന്മാരെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. സി.പി.ഐ.(എം) തകരരുതെന്ന് ആഗ്രഹിക്കുന്നവരാണ് നമ്മൾ. ഇടതുപക്ഷ പാർട്ടികൾ നിലനിൽക്കണം. ഇടതുപക്ഷ പാർട്ടികൾ നിലനിൽക്കണമെന്ന നിലപാടുമായിട്ടല്ല സി.പി.ഐ.(എം) നേതൃത്വം മുന്നോട്ടുപോകുന്നതെന്നതാണ് ഖേദകരമായ അവസ്ഥ. അരുവിക്കരയിൽനിന്നും പാഠം ഉൾക്കൊണ്ട് തെറ്റ് തിരുത്താൻ തയ്യാറായില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ നിങ്ങളെ പഠിപ്പിക്കും. അരുവിക്കരയിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞ പിറ്റേദിവസം വോട്ടെണ്ണുന്നതിന്റെ അന്ന് രാവിലെവരെ നിങ്ങൾ പറഞ്ഞത് ജയിക്കുമെന്നാണ്. വോട്ടെണ്ണിക്കഴിഞ്ഞപ്പോൾ അവിടത്തെ

ജനങ്ങളെല്ലാം മദ്യപാനികളാണെന്നാണ് നിങ്ങൾ പറഞ്ഞത്. ഇങ്ങനെ ഒരു മണ്ഡലത്തിലെ ജനങ്ങളെ മുഴുവൻ അപമാനിക്കാൻ പാടുണ്ടോ? മുമ്പ് ഞങ്ങൾ തിരുവമ്പാടി ഉപതെരഞ്ഞെടുപ്പിൽ തോറ്റിട്ടുണ്ട്. തിരുവമ്പാടിയിലെ ജനങ്ങളൊക്കെ മദ്യപാനികളായതുകൊണ്ടാണ് 256 വോട്ടിന് ഞങ്ങൾ തോറ്റതെന്ന് അന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. നിങ്ങൾ പതിനായിരം വോട്ടിന് തോറ്റപ്പോഴാണ് അവിടുത്തെ ജനങ്ങൾ മദ്യപാനികളാണെന്ന് പറഞ്ഞത്. അരുവിക്കര മണ്ഡലത്തിൽ ഇരുപത്തിയേഴ് ശതമാനം ആളുകളും പത്രം വായിക്കാറില്ലെന്ന് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു നടന്ന ചാനൽ ചർച്ചയിൽ ബഹുമാനപ്പെട്ട ഒരംഗം പറയുന്നതുകേട്ടു. ഞങ്ങൾ അത് വിശ്വസിക്കുന്നില്ല. അത് ശരിയായാലും തെറ്റായാലും ആ ഇരുപത്തിയേഴ് ശതമാനം ആളുകൾകൂടി പത്രം വായിക്കാൻ തുടങ്ങിയാൽ മാർക്സിസ്റ്റ്കാരുടെ ഗതിയെന്താകുമെന്ന് നിങ്ങൾ ആലോചിക്കണം. ഇപ്പോൾ രണ്ടാം സ്ഥാനത്താണെങ്കിൽ ആളുകൾ പത്രം വായിക്കാനും ടി.വി കാണാനും തുടങ്ങിയാൽ നിങ്ങൾ മൂന്നാം സ്ഥാനത്തേയ്ക്ക് പോകുമായിരുന്നുവെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ആ നിലയിലേയ്ക്കാണ് നിങ്ങൾ പോകുന്നത്. തെരഞ്ഞെടുപ്പിനെ ഇങ്ങനെയല്ല വിലയിരുത്തേണ്ടത്. ജനാധിപത്യപരമായി നടന്ന തെരഞ്ഞെടുപ്പിൽ പാർട്ടി ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ഈ പരാജയത്തിൽനിന്നും പാഠം ഉൾക്കൊണ്ട് കേരളത്തിലേയും നിയോജക മണ്ഡല ങ്ങളിലേയും ജനങ്ങളെ മൊത്തം അവഹേളിക്കുന്ന നിലപാട് മാറ്റി നേരായ മാർഗ്ഗത്തിലേയ്ക്ക് സി.പി.ഐ.(എം) വരണം. ഗവൺമെന്റ് ചെയ്യുന്ന ഇത്തരം നല്ല കാര്യങ്ങളെ പിന്തുണയ്ക്കാൻ തയ്യാറാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u> : സർ, ഇന്ത്യയിൽ ബാങ്ക് ദേശസാൽക്കരണം വന്നതോടുകൂടി വമ്പിച്ച മൂലധനമുണ്ടായ ബാങ്കുകളുടെ പണമുപയോഗിച്ച് ഇന്ത്യയിൽ കുറേ ആളുകൾ ലോകത്തിലെ കുത്തകകളുടെ നിലവാരത്തിലേക്ക് വളർന്നിരിക്കുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത്, മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്ന കാലത്ത്, കുത്തക നിയന്ത്രണമുണ്ടായിരുന്ന കാലത്ത്, വലിയവരാകാതെ, വളരാൻ സാധിക്കാത്ത ആളുകൾ വളർന്നു. ഇന്ത്യയിലെ സാധാരണക്കാരൻ കൂടുതൽ കൂടുതൽ പട്ടിണിക്കാരായി മാറുന്നതിന്റെ തോതുകൾ വർദ്ധിച്ചുവരുന്നു. സ്വാതന്ത്ര്യം നേടിയെടുത്ത് ഇത്രയും വർഷം കഴിഞ്ഞിട്ടും ദരിദ്രന്മാരുടെ സംഖ്യ ഇന്ത്യയിൽ ഇപ്പോഴും വർദ്ധിച്ചുവരുന്നതായി കാണാം. ബഹുമാനപ്പെട്ട സുഹൃത്തുക്കൾ വിദേശ മലയാളികൾ അയയ്ക്കുന്ന പണത്തെക്കുറിച്ച് ഇവിടെ വ്യക്തമായി പറഞ്ഞു. ഈ പണം എന്തിനുപയോഗിക്കുന്നു. ദേശസാൽക്കരിച്ച ഇവിടുത്തെ ബാങ്കുകളിലേക്ക് വരുന്ന, വിദേശ മലയാളികൾ അയയ്ക്കുന്ന

പണത്തിന്റെ ഏറിയ തോതും ഇന്ത്യയിലെ വൻകിട കോടീശ്വരന്മാർക്കാണ് ഉപയോഗിക്കാൻ സാധിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാനല്ല, ഇന്ത്യയിലെ പാവങ്ങളെ സംരക്ഷിക്കാനല്ല ഈ പണം ഉപയോഗിക്കുന്നത്. അംബാനിമാർക്കും ടാറ്റാമാർക്കും അദാനിമാർക്കും, ലോകത്തിലെ കോടീശ്വരന്മാരുടെ പട്ടികയിൽ മത്സരിക്കാൻ ആവശ്യമായ മൂലധനം ലഭിക്കുന്നത് ഇവിടുന്നാണ്. ബോംബെയിൽ വൈദ്യുതി വകുപ്പിന് ഒരു അമേരിക്കൻ കമ്പനി പണം നൽകി സഹായിച്ചു. കുറച്ചുകാലം കഴിഞ്ഞപ്പോൾ കോടിക്കണക്കിനുരൂപ നഷ്ടംവന്ന് ആ സ്ഥാപനം തകർന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അടക്കമുള്ള ഇന്ത്യയുടെ ബാങ്കുകൾ അവർക്ക് പണം കൊടുത്തതിന്റെ ഫലമായി അവർക്കാണ് സാമ്പത്തിക നഷ്ടമുണ്ടായത്. പൊതുമേഖലാ സ്ഥാപനങ്ങളിലടക്കം ഇന്ത്യയിലെ വൻകിട കുത്തകകൾ വരുന്നത് ഗുണകരമാണോയെന്ന് നാം ചിന്തിക്കണം. ഇന്ത്യയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മളിന്ന് പ്രവർത്തിക്കുന്നത്. അത്തരത്തിലുള്ള ചിന്തയിലേക്ക് നമ്മൾ പോകേണ്ട ഘട്ടമാണെന്നാണ് എനിക്ക് തോന്നുന്നത്. ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള വിദേശ മലയാളികൾ ഒരു വർഷം ഒരു ലക്ഷം കോടിയിലധികം രൂപ കേരളത്തിൽ അയയ്ക്കുന്ന അവസരത്തിൽ, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ, അനേകം ആളുകൾ ജോലി എടുക്കുന്ന വൻകിട എസ്റ്റേറ്റുകൾ പൂട്ടിക്കിടക്കുന്നു. ഈ എസ്റ്റേറ്റുകൾ മാതൃകാപരമായി പ്രവർത്തിക്കുന്നതിന് നേതൃത്വം കൊടുക്കാൻ ഏത് ഗവൺമെന്റിന് സാധിക്കും? നമ്മുടെ കൈവശം പണമുണ്ട്. വിദേശമലയാളികളടക്കം അയയ്ക്കുന്ന പണത്തിന്റെ കുമ്പാരമുണ്ട്. ആ പണം എന്തിനുവേണ്ടി ഉപയോഗിക്കുന്നു. ആ പണം നമ്മുടെ നാട്ടിലെ വികസനപ്രവർത്തനങ്ങൾക്ക്, കരയിലായാലും കടലിലായാലും ഈ രാജ്യത്തെ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ ഉപയോഗിക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് ആലോചിക്കണം.

എസ്റ്റേറ്റുകളുടെ പ്രശ്നത്തെക്കുറിച്ച് പറയുന്നയവസരത്തിൽ തൊഴിൽ വകുപ്പുമന്ത്രി നിസ്സഹായനാണ്. തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. എസ്റ്റേറ്റുകൾ പൂട്ടിക്കിടക്കുന്നു. പാവപ്പെട്ട ആളുകൾ പട്ടിണിയിലാണ്. അവർക്ക് താമസിക്കാൻ വീടുണ്ടാക്കാൻ സാധിക്കുന്നില്ല. വിദേശമലയാളികൾ അയയ്ക്കുന്ന കോടിക്കണക്കിന് രൂപയാണെങ്കിൽ ഇവിടുത്തെ ബാങ്കുകളിലുമാണ്. ഇത്തരത്തിലുള്ള സമീപനമാണ് നമ്മുടെ നാട്ടിലുള്ളത്. ഇവിടെയാണ് ചിന്തിച്ചുകൊണ്ട് ഭരണം നടത്തേണ്ടുന്ന ഒരു ഗവൺമെന്റിന്റെ ആവശ്യം. ആർക്ക് വോട്ട് ചെയ്യണം, എങ്ങനെ വോട്ട് ചെയ്യണം എന്നുള്ള കാര്യങ്ങൾ ചിന്തിക്കണം. ഈ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കും, ഇതിന് പരിഹാരം കാണാൻ നമുക്ക് സാധിക്കുമോ എന്നുള്ളതാണ് ആലോചിക്കേണ്ടത്.

ഇന്ത്യയിൽ ജീവൻരക്ഷാ മരുന്നുകളുടെ മേഖലയിലേയ്ക്ക് അംബാനിയും അതുപോലുള്ള ആളുകളും കടന്നുവരുന്നു. പഴയ കാലത്ത് കേരളത്തിലടക്കം ആവശ്യത്തിന് മരുന്നുല്പാദിപ്പിക്കാൻ സാധിച്ചിരുന്ന കേരള ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള മരുന്ന് വ്യവസായ ഫാക്ടറിയുണ്ടായിരുന്നു. എന്തുകൊണ്ട് വിദേശപണത്തിന്റെ ഒരു ഭാഗമുപയോഗിച്ച് ഇന്ത്യയ്ക്ക് കയറ്റി അയയ്ക്കാൻ സാധിക്കുന്നതരത്തിലുള്ള മരുന്നുകൾ ഉല്പാദിപ്പിക്കാനുള്ള കമ്പനികൾ കേരളത്തിൽ സ്ഥാപിക്കുന്നില്ല? വിദേശമലയാളികൾ അയയ്ക്കുന്ന ഒരു വർഷത്തെ പണം മൂലധനമായി ഇന്ത്യാ ഗവൺമെന്റിന്റെ പല ഏജൻസികളിൽ നിന്നും ലഭിക്കും. ആ പണം ഉപയോഗിച്ചാണ് മേൽപ്പറഞ്ഞ കുത്തകക്കാർ ഇതൊക്കെ ചെയ്യാൻ പോകുന്നത്. കുറച്ചു കഴിഞ്ഞാൽ കോടീശ്വരന്മാരുടെ പട്ടികയിൽ അവരുടെയൊക്കെ പെർസന്റേജ് വർദ്ധിക്കും. ഇതിന് മാറ്റമുണ്ടാക്കാൻ എങ്ങനെ സാധിക്കുമെന്നതുസംബന്ധിച്ച് ഗൗരവമായി ആലോചിക്കാൻ കഴിയുമോ? ഇതാണ് നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളമുള്ള അടിസ്ഥാനപരമായ പ്രശ്നം. വിദേശ മലയാളികൾക്ക് നാട്ടിലേക്ക് വരുന്നതിന് വിമാനമില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഇന്ത്യാ ഗവൺമെന്റിന്റെ കൈവശം കുറേ വിമാനങ്ങളുണ്ട്. ഇവിടെ യുദ്ധമില്ല. നമ്മുടെ നാട്ടിലേക്ക് മൂലധനമയയ്ക്കുന്ന ജനങ്ങളെ കൊള്ളയടിക്കാൻ ഇന്ത്യയിലെ വിമാനക്കമ്പനികൾ ശ്രമിക്കുന്നുവെങ്കിൽ ഇതിന് ഒരു പരിഹാരമുണ്ടാക്കാൻ ഇന്ത്യാ ഗവൺമെന്റിനോട് ആവശ്യപ്പെടണം. അല്ലാതെ നിസ്സഹായരായിരിക്കുകയല്ല വേണ്ടത്. നമ്മളൊക്ക പഴയ കാലത്തെ ഡെമോക്രാറ്റുകളാണ്, കോൺഗ്രസ്സിന്റെ സോഷ്യലിസ്റ്റ് പരിപാടികൾ ആസൂത്രണം ചെയ്തവരാണ്; അതൊക്കെ എവിടെ; തനി യാഥാസ്ഥിതികരായ, മുതലാളിത്തത്തിന്റെ ആളുകൾ ആ ഭാഗത്തേക്ക് വരുന്നു. ഇവിടെ ഒരു പാർട്ടിയുടെ അംഗസംഖ്യ കുറയുന്നു, അതെല്ലാം അപകടകരമാണ്. ഇന്ത്യയിൽ വിജയിച്ചത് ആരാണ്; ഇന്ത്യയിൽ അവർ വിജയിക്കാനുള്ള കാരണമെന്താണ്; ബാബ്റി മസ്ജിദ് തകർക്കാൻ ഇടയാക്കിയ ശക്തികൾ ആരാണ്; ഇവിടെയുള്ള എല്ലാവരും അതിനെ എതിർത്തവരാണ്. അതിന് കൈകൊട്ടുന്നവർ നിങ്ങളാണ്. രാജ്യത്ത് അടിയന്തരാവസ്ഥ ഉണ്ടായപ്പോൾ അടിയന്തരാവസ്ഥയ്ക്കെതിരായി ജനാധിപത്യത്തിന്റെ പുന:സ്ഥാപനത്തിനുവേണ്ടി എല്ലാ സംസ്ഥാനങ്ങളിലും മുസ്ലീങ്ങൾ ജനങ്ങളുടെകൂടെ നിന്നു. കേരളത്തിൽ മാത്രം വിജയിച്ചില്ല. അതിന് സഹായിച്ചത് മുസ്ലീംലീഗ് ആണ്. ഇന്ത്യാരാജ്യത്തിലെ ജനങ്ങൾ മുഴുവൻ ഒരു നിലപാട് സ്വീകരിച്ചപ്പോൾ ആ നിലപാടിനെതിരായി നിലപാട് സ്വീകരിച്ച മുസ്ലീംലീഗ് തത്വശാസ്ത്രവും പറഞ്ഞുകൊണ്ട് വരേണ്ട.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അടിയന്തരാവസ്ഥയുടെ ചരിത്രം അറിയുന്നവർക്കറിയാം, അന്ന് ജയിലിൽ കിടന്നവരുടെ കൂട്ടത്തിൽ ഒന്നരവർഷത്തോളം ജയിൽശിക്ഷ അനുഭവിച്ച സെയ്ദ് അബ്ദുറഹ്മാൻ ബാഫഖി

തങ്ങളും സി. കെ. പി. ചെറിയ മമ്മുക്കയും പി. എം. അബൂബക്കറും സി. എച്ച്. ഇബ്രാഹിം ഹാജിയും ഉണ്ടായിരുന്നു. അവരൊക്കെ മുസ്ലീം ലീഗുകാർ തന്നെയായിരുന്നു. അങ്ങ് അക്കാര്യം ചരിത്രത്തിൽ നിന്നും മാറ്ററുത്.

ശ്രീ. സി. കെ. നാണു: സർ, അവരെ സംബന്ധിച്ച് അഭിമാനമുള്ളവരുടെ കൂട്ടത്തിലാണ് ഞാനും. അന്ന് ജയിലിൽ പോകാൻ തയ്യാറായവർ ഓൾ ഇന്ത്യ മുസ്ലീം ലീഗിന്റെ ഭാഗമായിരുന്നു. താങ്കളുടെകൂടെ അന്നുണ്ടായിരുന്ന പലരുടെയും മഹത്വം അവിടെ നിൽക്കട്ടെ. അവർ ബഹുമാനപ്പെട്ടവരാണ്. ചെറിയ മമ്മൂക്കയും പി.എം. അബൂബക്കറും ജയിലിൽ പോകുമെന്ന് പ്രതീക്ഷിച്ചില്ല. തന്റേടത്തോടുകൂടി പോയി. മുസ്ലീം ലീഗിന്റെ പ്രഗത്ഭനായ നേതാവ് സുലൈമാൻ സേട്ട് സാഹിബ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ തുടർച്ചയായി ജയിച്ചുവന്ന അവസരത്തിൽ എനിക്കുവേണ്ട, ഞാൻ സമൂഹത്തിന്റെ കൂടെ നിൽക്കുന്നു. ജനവിരുദ്ധമായ നിലപാടുകൾ എടുത്തവരുടെ കൂടെ നിൽക്കുന്നില്ല എന്നുപറഞ്ഞശേഷം അദ്ദേഹത്തിന് പാർലമെന്റിൽ പിന്നീട് പോകാൻ സാധിച്ചിട്ടുണ്ടാവില്ല. പക്ഷേ അദ്ദേഹം പാർലമെന്റിൽ പോയകാലത്തേക്കാളും അദ്ദേഹത്തിന്റെ വ്യക്തിത്വം ന്യൂനപക്ഷങ്ങൾക്കിടയിൽ നിലനിൽക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. അതുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ബാങ്കുകളിൽ സ്ഥിരമായി ഡെപ്പോസിറ്റുകൾ കളക്ട് ചെയ്യുന്ന ആളുകളുണ്ട്. അവർ ഡെയ്‌ലി പിരിവുകാരാണ്. ജീവിതകാലം മുഴുവൻ അങ്ങനെ പിരിച്ചുകൊണ്ടിരിക്കുക എന്ന ദൗർഭാഗ്യത്തിൽനിന്നും മാറ്റി പതുക്കെ മെയിൻ സ്ട്രീമിലേക്ക് കൊണ്ടുവന്ന് പ്യൂൺ, ഖജാൻജി എന്നീ പോസ്റ്റുകളിൽ നിയമനം കൊടുക്കണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, അവരെ സ്ഥിരപ്പെടുത്തുകയാണ്.

ശ്രീ. സി. കെ. നാണു: വളരെ സന്തോഷമുണ്ട്. റെയിൽവേയിലേക്ക് വിദേശമൂലധനം കൊണ്ടുവരണമെന്ന് ഒരു സെൻട്രൽ മിനിസ്റ്റർ വന്നുപറയുകയുണ്ടായി. വീണ്ടും ബ്രിട്ടീഷുകാരനെ ഇന്ത്യയിലേക്ക് കൊണ്ടുവരാനാണോ?

ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ നിർത്താം. നമ്മുടെ സംസ്ഥാനത്ത് മലം ചുമക്കുന്നവരുണ്ടായിരുന്നു. സാമൂഹ്യപുരോഗതിയുടെ കാര്യം പറഞ്ഞ് മലം ചുമക്കൽ നിർത്തി. അതിനുശേഷം ആ സമൂഹത്തിൽ തൊഴിലില്ലാത്ത അനേകം പേർ കേരളത്തിലുണ്ട്. ആ കുടുംബങ്ങളിൽപ്പെട്ട ചിലർ എന്നോട് വന്നുപറഞ്ഞു; എന്തിനാണ് ഞങ്ങളോട് ഈ ദ്രോഹം ചെയ്തത്, ഞങ്ങൾ മലം ചുമന്നിരുന്നുവെങ്കിൽ ഞങ്ങളുടെ കുട്ടികൾക്ക് തൊഴിൽ ഉണ്ടാകുമായിരുന്നു. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്,

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ആ മേഖലയിലുള്ളവർക്കെങ്കിലും തൊഴിൽ കൊടുക്കാനാവശ്യമായ പ്രത്യേക സമീപനങ്ങൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കഴിഞ്ഞ നാലുവർഷം തൊഴിൽ മേഖലയെ സംബന്ധിച്ചിടത്തോളം വളരെ സക്രിയമായ ഒരു കാലഘട്ടമായിരുന്നു. വളരെ നിഷ്ക്രിയമായ ഒരു കാലഘട്ടമായിരുന്നുവെന്ന് എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ബിജിമോൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരുപക്ഷേ തൊഴിൽ വകുപ്പിന്റെ ഒട്ടേറെ പ്രവർത്തനങ്ങൾ കൊണ്ട് സമൂഹത്തിലുണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ, പ്രത്യേകിച്ച് കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തൊഴിൽ വകുപ്പ് എങ്ങനെ രൂപപ്പെടുത്താൻ കഴിയുമെന്നുള്ളതിന്റെ വളരെ കൃത്യമായ ഉത്തരങ്ങൾ നമ്മുടെ മുമ്പിൽ ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ തൊഴിൽ മേഖലയിൽ ഒരു കാലഘട്ടത്തിൽ വളരെയേറെ അസമാധാനമുണ്ടായിരുന്നതാണ്. ഇന്ന് ആ മേഖലയിൽ സമാധാനപരമായ തൊഴിൽരംഗം സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നുള്ളത് കേരളത്തിന്റെ ഭൗതിക ഉൽപ്പാദന മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റം വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. അതോടൊപ്പം തന്നെ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആ മേഖലയിൽ നടപ്പാക്കാൻ കഴിഞ്ഞു. ഞാൻ ഒന്നുരണ്ട് ഉദാഹരണങ്ങൾ മാത്രമാണ് ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ വർഷങ്ങളായി തുച്ഛമായ ശമ്പളത്തിന്റെയടിസ്ഥാനത്തിൽ ഏറെ സമയം ജോലി ചെയ്യേണ്ടിവന്നിരുന്ന സഹോദരിമാർക്ക് വ്യവസായബന്ധ സമിതിയുടെ അടിസ്ഥാനത്തിൽ കൃത്യമായ വേതനവും തൊഴിൽ നിലപാടുകളും ലഭ്യമാക്കാൻ കഴിഞ്ഞുവെന്നുള്ളത് ആ മേഖലയിൽ പ്രവർത്തിക്കുന്ന എത്രയോ ആയിരങ്ങൾക്ക് ഏറെ ആശ്വാസകരമായ ഒരു നടപടിയാണ് എന്ന കാര്യത്തിൽ സംശയമില്ല. പൂട്ടിക്കിടന്ന പതിനാലോളം റബ്ബർ തോട്ടങ്ങളിൽ പന്ത്രണ്ടെണ്ണം തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് തൊഴിൽ വകുപ്പിനെ സംബന്ധിച്ച് അഭിമാനിക്കാവുന്നതാണ്. സ്വകാര്യ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പലപ്പോഴും ജീവനക്കാരെ സംബന്ധിച്ചിടത്തോളം, അർഹിക്കുന്ന ശമ്പളം ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. പക്ഷേ വേതന സുരക്ഷാ പദ്ധതിയിലൂടെ ബാങ്കുകൾ മുഖേന നടപ്പാക്കാൻ പോകുന്ന പദ്ധതി പൂർണ്ണമാകുമ്പോൾ കൃത്യമായി ഒരു മോണിറ്ററിംഗ് അക്കാര്യത്തിൽ ഉണ്ടാകുവാനും

ലേബർ ഓഫീസർമാർക്ക് അതിൽ ഇടപെടാനുമുള്ള സാഹചര്യവുമുണ്ടാകും. നിയമസഭ പാസ്സാക്കിയ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിന്റെ ഭേദഗതിയിലൂടെ, സർട്ടിഫിക്കറ്റുകളും എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകളും ഉടമസ്ഥന്മാർ പിടിച്ചുവച്ച് മാനസികമായി പീഡിപ്പിക്കുന്ന ഒരു സാഹചര്യത്തിൽനിന്ന് തൊഴിലാളികളുടെയും ജീവനക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കാൻ നടത്തിയ ശ്രമം വളരെയേറെ അഭിനന്ദനം അർഹിക്കുന്നതാണ്.

അന്യസംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ച് കേരളം വലിയ ഒരു സാമൂഹ്യപ്രശ്നമാണ് അഭിമുഖീകരിക്കുന്നത്. യഥാർത്ഥത്തിൽ ഇന്നും അവരെ സംബന്ധിച്ചുള്ള അടിസ്ഥാനവിവരങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. പ്രശ്നങ്ങളുണ്ടാകുമ്പോൾ കൃത്യമായ രജിസ്ട്രേഷൻ ആവശ്യപ്പെടുമെങ്കിലും വളരെ ദുഃഖകരമായ സാഹചര്യങ്ങളിലാണ് അവരുടെ ജീവിതം മുമ്പോട്ടുപോകുന്നുവെന്നുള്ളത് നമുക്കറിയാം. അതുകൊണ്ട് ഇക്കാര്യത്തിൽ കൃത്യമായ ഇടപെടലുകളും നിയമനിർമ്മാണത്തിന് വേണ്ടിയുള്ള ശ്രമങ്ങളും തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ എന്നുള്ള ഒരു ആശയം വകുപ്പിന്റെ മുമ്പിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് എത്രയും പെട്ടെന്നുതന്നെ പ്രാവർത്തികമാക്കാൻ കഴിയട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

യു.ഡി.എഫ്. ഗവൺമെന്റിന് 22 തൊഴിൽ മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കാനും പതിനാറോളം തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കാനും കഴിഞ്ഞു. തൊഴിലാളികളെ സംബന്ധിച്ച് ഇ.എസ്.ഐ.യുടെ പ്രവർത്തനങ്ങൾ വളരെയേറെ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇ.എസ്.ഐ മേഖലയിൽ ഡോക്ടർമാരുടെ കുറവ് ഏറെ ഉണ്ട്. പി.എസ്.സി.യിൽനിന്ന് ഡോക്ടർമാരെ ടെസ്റ്റും ഇന്റർവ്യൂവും നടത്തി എടുക്കുന്നതിനുപകരം ഡയറക്ടായി ഡോക്ടർമാരെ ഇ.എസ്.ഐ.-യിലേക്ക് നിയമിക്കുന്നതിനുള്ള നടപടികളുണ്ടാകണം. ഇതുസംബന്ധിച്ച് എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കാഞ്ഞിരപ്പള്ളി താലൂക്കിൽ 2013-ൽ നടത്തിയ സർവ്വേയിൽ ഏതാണ്ട് ഏഴായിരത്തോളം തൊഴിലാളികൾ അവിടെ ഉണ്ട് എന്നുള്ളത് കണ്ടെത്തിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയോടനുബന്ധിച്ച് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കാനുള്ള തൊഴിൽ വകുപ്പിന്റെ നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കാനും ഏഴായിരത്തോളം തൊഴിലാളികൾക്ക് അതിന്റെ പ്രയോജനം ലഭിക്കാനും കഴിയണം. തോട്ടം മേഖലയുൾപ്പെടെയുള്ള മറ്റിതര മേഖലകളുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഇത് വളരെ പ്രയോജനപ്രദമാണ്.

ഈ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്നായ കൗശൽ കേന്ദ്രത്തിന് മാറുന്ന കാലത്തിനനുസരിച്ചുള്ള ക്രിയാത്മകമായ ഒരു പങ്കാളിത്തമാണുള്ളത്. വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കിക്കൊണ്ട് അസസ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെൽ, ലോകത്തിലെ വിവിധ ഗ്രന്ഥശാലകളെ കൂട്ടിയിണക്കി വിവിധ ഭാഷകളിലുള്ള പ്രാവീണ്യം നേടിയെടുക്കാൻ കഴിയുന്നതരത്തിലുള്ള സംവിധാനങ്ങളുമായി പുതിയ തലമുറയെ തൊഴിൽ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ കഴിയുന്ന ഭാവനാപൂർണ്ണമായ നടപടിയാണ് കൗശൽ കേന്ദ്രത്തിന്റെ പ്രവർത്തനത്തിലൂടെ നടപ്പാക്കാൻ കഴിയുന്നത്. അതിൽ ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെയുള്ള ആളുകൾ ഇക്കാര്യത്തിൽ നടത്തുന്ന നല്ല പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്.

2.00 PM]

ഒട്ടേറെ ക്ഷേമനിധികളുണ്ടെന്നതാണ് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ള മറ്റൊരു കാര്യം. ബീഡി ആന്റ് സിഗാർ ക്ഷേമനിധി, ബാംബൂ, ഈറ്റ ആന്റ് കാട്ടുവള്ളി ക്ഷേമനിധി, ആനക്കയറ്റ തൊഴിലാളി ക്ഷേമനിധി, ചെറുകിട റബ്ബർ തോട്ടം തൊഴിലാളി ക്ഷേമനിധി, ആർട്ടിസാൻസ് ക്ഷേമനിധി ഇങ്ങനെ ഒട്ടനവധി ക്ഷേമനിധികളുണ്ട്. ക്ഷേമനിധികളുടെ എണ്ണം കുറച്ചുകൊണ്ട് സമാന സ്വഭാവമുള്ള ക്ഷേമനിധികളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ വേണ്ടിയുള്ള ഒരു ഏകോപനം ഇക്കാര്യത്തിലുണ്ടാകണം. ഇപ്പോൾ ക്ഷേമനിധികളിൽ തൊഴിലാളികളല്ലാത്തവരും അംഗങ്ങളായിട്ടുണ്ട്. ഒരു കോളേജ് അദ്ധ്യാപകന്റെ ഭാര്യ വരെ ക്ഷേമനിധിയിൽ അംഗമാണെന്ന് ഒരിക്കൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ സൂചിപ്പിച്ചത് ഞാൻ ഓർക്കുകയാണ്. പല ആളുകളും അനധികൃതമായി ഈ മേഖലയിൽ കടന്നുവന്ന് അർഹരായവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുന്നുണ്ട്. വളരെ ക്രിയാത്മകമായ പ്രവർത്തനങ്ങളാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നത്.

വളരെ ജനകീയ അടിത്തറയുണ്ടാക്കിയ കാലഘട്ടമാണ് യഥാർത്ഥത്തിൽ സഹകരണ വകുപ്പിനെ സംബന്ധിച്ചുള്ളത്. റിസ്ക് ഫണ്ടിനെ സംബന്ധിച്ച് പ്രത്യേകം അഭിനന്ദിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ലോൺ എടുത്ത ആളുകൾ മരണപ്പെട്ടുപോയാൽ ഒന്നര ലക്ഷം രൂപ അവരുടെ കുടുംബത്തിനും അതോടൊപ്പംതന്നെ രോഗാതുരമായ അവസ്ഥയിൽ 7,500 രൂപയും ലഭിക്കും. ഇത് മാനവികമായ സഹകരണ വകുപ്പിന്റെ ഒരു മുഖമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സഹകരണ വകുപ്പ് യഥാർത്ഥത്തിൽ പുതിയ മേഖലയിലേക്കുകൂടി കടന്നുവരുകയാണ്. ആലില പദ്ധതി നടപ്പിലാക്കുന്നു. പരിസ്ഥിതി ബോധവൽക്കരണത്തിന്റെ ഭാഗമായി നടത്തുന്ന പദ്ധതിയാണ് സുവർണ്ണ കേരളം.

പച്ചക്കറി ബോധവൽക്കരണ രംഗത്ത് വളരെ സജീവമായ പ്രവർത്തനങ്ങളുമായി മുന്നേറുന്നു. കേരളത്തിലെ വളരെ സജീവമായ ഈ സഹകരണ മേഖലയെ ബോധപൂർവ്വമായി എന്നു ഞാൻ പറയുന്നില്ലെങ്കിലും, സെൻട്രൽ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഈ മേഖലയെ തകർക്കാനുള്ള ഒരു ശ്രമം നടക്കുന്നുവെന്ന് പറയാതിരിക്കാൻ കഴിയുകയില്ല. നിലവിൽ അഞ്ച് ലക്ഷം രൂപ എസ്.ബി. അക്കൗണ്ടിലുള്ള ആളുകളുടെ ഡീറ്റെയ്ൽസും അതോടൊപ്പംതന്നെ വാർഷിക പലിശ പതിനായിരം രൂപയുള്ള ആളുകളുടെ ഡീറ്റെയ്ൽസും ആവശ്യപ്പെടുകയാണ്. സത്യത്തിൽ ഇന്ത്യയിലെ ഇൻകം ടാക്സ് നിയമപ്രകാരം ഒരു വർഷം രണ്ടരലക്ഷം രൂപയ്ക്ക് മുകളിൽ വരുമാനമുള്ള ആളുകൾ മാത്രമേ യഥാർത്ഥത്തിൽ ഇൻകം ടാക്സിന്റെ പരിധിയിലേക്ക് കടന്നുവരുന്നുള്ളൂ. പക്ഷെ, സഹകരണ മേഖലയിൽ പതിനായിരം രൂപ വാർഷിക പലിശയുള്ളവരുടെ ഡീറ്റെയിൽസ് വേണമെന്നുള്ളതു സംബന്ധിച്ച് ഒരു കോൺട്രഡിക്ഷൻ നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷന്റെ കാര്യത്തിൽ പരിഹാരം കാണാൻ കഴിയണം.

നമ്മുടെ നാട്ടിലെ ഹൗസിംഗ് സൊസൈറ്റികൾക്ക് ആദ്യകാലത്ത് ഒരു വസന്തകാലമുണ്ടായിരുന്നു. പിന്നീട് എല്ലാ മേഖലകളിലുമുള്ള ബാങ്കിംഗ് സ്ഥാപനങ്ങളും ഹൗസിംഗ് മേഖലയിലേക്ക് കടന്നുവരികയും കൊമേഴ്സ്യൽ ബാങ്കുകളിലുൾപ്പടെ ഫ്ലെക്സിബിൾ റേറ്റ് നിലനിൽക്കുകയും ചെയ്യുന്നതിനാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് മുന്നോട്ടുപോകാൻ കഴിയാത്ത ഒരു അവസ്ഥയായി. പ്രത്യേകിച്ച് നമുക്കറിയാം, ഫെഡറേഷനിൽനിന്ന് വാങ്ങുന്ന പലിശയും അവരുടെ മാർജിനും കൂടിചേർന്ന് ഏകദേശം 14– 16 ശതമാനം പലിശയ്ക്ക് മാത്രമേ ഹൗസിംഗ് സൊസൈറ്റികൾക്ക് ലോൺ കൊടുക്കാൻ കഴിയുകയുള്ളൂ. അങ്ങനെ ഇന്ന് കേരളത്തിലെ 90 ശതമാനത്തിലധികം ഹൗസിംഗ് സൊസൈറ്റികളും വലിയൊരു പ്രതിസന്ധി നേരിടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ടൊരു ചർച്ച നടന്നു. ഏകദേശം പത്ത് കോടി രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ മുന്നിലേക്ക് വന്നിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഫെഡറേഷനിൽനിന്ന് ആധാരം ലഭിക്കാതെ ഒട്ടനവധി ആളുകൾ പലപ്പോഴും ബുദ്ധിമുട്ടുന്ന ഒരവസ്ഥയുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ആധാരങ്ങളെല്ലാം തിരിച്ചുകിട്ടാനും ഒരു പാക്കേജായി നടപ്പാക്കിക്കൊണ്ട്, ഹൗസിംഗ് സൊസൈറ്റികൾ വീടുകൾക്ക് ലോൺ കൊടുക്കുന്നതിനപ്പുറത്ത് കുറെക്കൂടി ഫ്ലെക്സിബിളായ ഒരു നിലപാടെടുത്തുകൊണ്ട് സഹകരണ മേഖലയിലെ മറ്റിതര പ്രവർത്തനങ്ങൾകൂടി അവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതിനുള്ള നിർദ്ദേശങ്ങളും തീർച്ചയായും ഉണ്ടാകണമെന്ന് മാത്രമാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

മി. ചെയർമാൻ: യെസ്.....

ഡോ. എൻ. ജയരാജ്: ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ആർബിട്രേഷൻ എക്സിക്യൂഷന്റെ ഫീസ് വലിയൊരു തുകയായി മാറുകയാണ്. അഞ്ച് ലക്ഷം രൂപയെടുത്താൽ ഏകദേശം 5,000 രൂപയോളം അടയ്ക്കേണ്ടിവരുന്നു. ഇക്കാര്യത്തിൽ ബാങ്കുകൾക്ക് വലിയൊരു ബാദ്ധ്യതയാണുള്ളത്. 1,500 രൂപയിൽ നിന്നാണ് 5,000 രൂപയായി വർദ്ധിപ്പിച്ചത്. അത് കുറയ്ക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നുകൂടി സൂചിപ്പിക്കുന്നു.

പ്രവാസി വകുപ്പുകൂടി ഇന്നത്തെ ചർച്ചയിലുണ്ട്. യെമനിലും ലിബിയയിലുമൊക്കെ മലയാളികൾക്കുണ്ടായ ദുരന്തത്തിൽ വളരെ കാര്യക്ഷമമായും ക്രിയാത്മകമായും ഇടപെട്ടുകൊണ്ട് ആ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം കാണാൻ പ്രവാസി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അങ്ങനെ കാര്യക്ഷമവും ജനകീയവുമായ മുഖത്തോടുകൂടി പ്രവർത്തിക്കുന്ന ഈ മൂന്ന് ഡിപ്പാർട്ടുമെന്റുകളുടെയും ഡിമാന്റിനെ ഒരിക്കൽക്കൂടി പിന്തുണ അറിയിച്ചുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: Very good. സമയത്തിനുള്ളിൽ നിർത്തി.

ശ്രീ. എ. എ. അസീസ്: സർ, കേരളത്തിൽ കഴിഞ്ഞ നാല് വർഷക്കാലത്തിനുള്ളിൽ ലേബർ ഡിപ്പാർട്ടുമെന്റ് തൊഴിലാളികൾക്ക് ഗുണകരമായ നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുവാനും ന്യായമായ കൂലി ലഭിക്കാത്ത വിഭാഗത്തിന് കൂലി ലഭ്യമാക്കുന്നതിനുമുള്ള നടപടികളാണ് പ്രധാനമായും സ്വീകരിച്ചിട്ടുള്ളത്. അതിന് ഉദാഹരണമാണ് നഴ്സിംഗ് മേഖലയിലെ സുരക്ഷിതത്വം, പേഴ്സണൽ ആക്സിഡന്റ് ക്ലെയിം, സ്കിൽ ഡെവലപ്മെന്റ് മിഷൻ, കൗശൽ കേന്ദ്രം, അന്താരാഷ്ട്ര കൺസ്ട്രക്ഷൻ അക്കാദമിയും സ്കിൽ കാമ്പസ് എന്നിവ. മിനിമം വേജസ് പുതുക്കുന്നതിനാവശ്യമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചു. നമ്മുടെ സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലുമായി ബന്ധപ്പെട്ട സമരങ്ങളില്ലാത്ത ഒരു കാലഘട്ടമായി മാറ്റാൻ ലേബർ ഡിപ്പാർട്ടുമെന്റിന് സാധിച്ചു. കേന്ദ്ര ഗവൺമെന്റ് 44 തൊഴിൽ നിയമങ്ങൾക്കുപകരം നാല് ലേബർ കോഡുകളാക്കി മാറ്റി പാർലമെന്റ് മുമ്പാകെ അവതരിപ്പിക്കാൻ പോകുന്നു. ഇതിനെതിരെ 11 കേന്ദ്ര തൊഴിലാളി സംഘടനകൾ സംയുക്തമായി സമരം

പ്രഖ്യാപിച്ചിരിക്കുകയാണ്. വിവിധ തരത്തിലുള്ള സമരങ്ങൾ ഇതിനകം നടന്നുകഴിഞ്ഞിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ സഭയുടെ യോജിച്ച പ്രതിഷേധം അക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. 11 ട്രേഡ് യൂണിയനുകളിൽ രാഷ്ട്രീയവ്യത്യാസം കൂടാതെ എല്ലാ ട്രേഡ് യൂണിയനുകളുമുണ്ട്. ഭരണ-പ്രതിപക്ഷവും എല്ലാവരുംകൂടി യോജിച്ച് പല പ്രാവശ്യം സമരം ചെയ്തു. പൊതു പണിമുടക്ക് ഉൾപ്പടെ സെപ്റ്റംബർ മാസം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അവർ നടപ്പാക്കാൻ പോകുന്ന കരിനിയമങ്ങൾക്കെതിരെ സംഘടിതമായ ഒരു ശ്രമം ട്രേഡ് യൂണിയൻ മേഖലയിൽ ഉണ്ടാകേണ്ടിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ ഗവൺമെന്റിന്റെ ഒരു സൽപ്പേര് എന്നുപറയുന്നത് പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജാണ്. അതിന് കാരണമുണ്ട്. പഴയ യു.പി.എ. ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി ഇ.എസ്.ഐ. കോർപ്പറേഷന് മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ എൻ.ഡി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നയപരമായി ഇ.എസ്.ഐ. കോർപ്പറേഷൻ മെഡിക്കൽ കോളേജുകൾ ആരംഭിക്കേണ്ട എന്ന് തീരുമാനിച്ചു. നമ്മുടെ സംസ്ഥാനത്ത് പാരിപ്പള്ളിയിൽ ഒരു മെഡിക്കൽ കോളേജും എഴുകോണിൽ ഒരു ദന്തൽ കോളേജും ആരംഭിക്കുവാൻ നേരത്തെ യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തീരുമാനിച്ചിരുന്നതാണ്. പാരിപ്പള്ളിയിൽ ഏകദേശം 700 കോടി രൂപയോളം ഇ.എസ്.ഐ. കോർപ്പറേഷൻ ചെലവഴിച്ചതാണ്. അതിനുശേഷം ഗവൺമെന്റ് മാറിവന്നപ്പോൾ നയപരമായി മെഡിക്കൽ കോളേജ് പാടില്ലായെന്ന് തീരുമാനിച്ചു. എന്നാൽ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചപ്പോൾ കൊല്ലം ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കാനുള്ള സ്ഥലനിർണ്ണയത്തെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളൊക്കെ വന്നു. ഇ.എസ്.ഐ.യുടെ കീഴിലുള്ള മെഡിക്കൽ കോളേജ് നഷ്ടപ്പെടാതിരിക്കുവാൻ, 700 കോടിയിൽപ്പരം രൂപ ചെലവിട്ട സ്ഥാപനം നിലനിർത്തുന്നതിനുവേണ്ടി, ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽതന്നെ പ്രത്യേകിച്ച് കൊല്ലം, തിരുവനന്തപുരം ജില്ലകളിലെയും മറ്റ് ജില്ലകളിലെയും കശുവണ്ടിത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങളുടെയും സംരക്ഷണത്തിന് പാരിപ്പള്ളിയിൽത്തന്നെ ആ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ലേബർ ഡിപ്പാർട്ടുമെന്റ് അത് ഇ.എസ്.ഐ.-യുടെ കീഴിൽത്തന്നെ നിലനിർത്തുകയും

മെഡിക്കൽ കോളേജായി പ്രഖ്യാപിക്കുകയും ചെയ്തു. അതുസംബന്ധിച്ചാണ് ബഹുമാന്യനായ പി. കെ. ഗുരുദാസൻ അത് ഏതാണ്ട് നമുക്ക് നഷ്ടപ്പെട്ടതുപോലെയാണ് എന്ന് ഇവിടെ പ്രതിപാദിച്ചത്. നഷ്ടപ്പെട്ടതല്ല. ഈ ഗവൺമെന്റ് യഥാർത്ഥത്തിൽ അത് സ്ഥാപിക്കാൻ തീരുമാനിച്ചതാണ്.

ആതുരാലയങ്ങളിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് നിയമംമൂലം ഒരു ശമ്പളഘടന ഉണ്ടായതുപോലെ അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന അദ്ധ്യാപകർക്കുവേണ്ടി ഒരു നിയമുണ്ടാക്കാൻ സാധിച്ചിട്ടില്ല. അവിടെ അനേകം അനദ്ധ്യാപകരായിട്ടുള്ള ആളുകളുമുണ്ട്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിശോധിച്ചാൽ സ്വകാര്യ മേഖലയിൽ, അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ, ബസുകളുൾപ്പെടെ നിരവധി വാഹനങ്ങളുണ്ട്. അതിലെല്ലാം ജോലി നോക്കുന്ന ആളുകൾക്ക് വളരെ തുച്ഛമായ വേതനം മാത്രമേയുള്ളൂ. അവരെല്ലാം ഇന്ന് സംഘടിതരാണ്. അടുത്തകാലത്ത് ഞാൻ തന്നെയാണ് സെക്രട്ടേറിയറ്റ് പടിക്കൽ അവരുടെ ഒരു സമരം ഉദ്ഘാടനം ചെയ്തത്. അത്തരം ആളുകൾക്കുകൂടി ഒരു മിനിമം വേതന ഘടന തീരുമാനിക്കുന്നത് ഉചിതമായിരിക്കും. അത് ചിന്തിക്കണം.

ഇന്ന് ക്ഷേമനിധി ബോർഡുകൾ വഴി പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന പെൻഷൻ 300 രൂപയിൽനിന്നും 400 രൂപയാക്കി പ്രഖ്യാപിച്ചുവെങ്കിലും അവരത് നടപ്പാക്കിയില്ല. എന്നാൽ ഇപ്പോഴത് 600 രൂപയായി വർദ്ധിപ്പിച്ചു. 600 രൂപ ഇന്ന് നിലവിലുണ്ട്. അത് പോര. 600 രൂപയെന്നുള്ളത് വർദ്ധിപ്പിക്കണം. ഇ.പി.എഫ്.ൽ ഇപ്പോൾ മിനിമം പെൻഷൻ 1000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ എല്ലാ പെൻഷനുകളിലും കാലോചിതമായി വർദ്ധനവ് ഉണ്ടാകണം. ഇപ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പെൻഷൻ വർദ്ധിപ്പിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

നമ്മുടെ സഹകരണ മേഖലയെ സംബന്ധിച്ച് ഒരുവാക്കുകൂടി പറയട്ടെ. സഹകരണ മേഖല വളരെ മാതൃകാപരമായിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ വായ്പക്കാരൻ മരണപ്പെട്ടാൽ ആ കുടുംബത്തിന് 1.50 ലക്ഷം രൂപ വരെ ലഭ്യമാകുന്ന, വായ്പ തുകയിൽ ഇളവ് ചെയ്യുന്ന കോർപ്പസ് ഫണ്ട് രൂപീകരിച്ചത് വളരെ സ്വാഗതാർഹമായ കാര്യമാണ്. അതുപോലെതന്നെ ഇന്ന് ന്യായവില മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കുവാൻ സഹകരണ ഡിപ്പാർട്ടുമെന്റ് അനുവാദം നൽകുകയും മരുന്നുകളുടെ വില നിയന്ത്രിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രവാസി ക്ഷേമത്തിനായി പ്രവാസികാര്യ വകുപ്പുമന്ത്രിയും കാര്യക്ഷമമായി പ്രവർത്തിക്കുകയാണ്. ഈ മൂന്ന് വകുപ്പുകളുടെയും ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ആർ. സെൽവരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഇവിടെ സംസാരിച്ച എല്ലാ അംഗങ്ങളും പ്രവാസി മലയാളികളെ സംബന്ധിച്ചും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും പ്രതിപാദിക്കുകയുണ്ടായി. പ്രവാസികളെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രവാസികാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

നമ്മുടെ നാട്ടിൽ എല്ലാ വിഭാഗം ആളുകൾക്കും അവരുടെ ക്ഷേമത്തിനുവേണ്ടി കമ്മീഷനെ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവാസി മലയാളികളുടെ ക്ഷേമത്തിനും അവരുടെ കഷ്ടതകളും അവശതകളും പഠിക്കുന്നതിനുംവേണ്ടി ഒരു കമ്മീഷനെ അടിയന്തരമായി ഏർപ്പെടുത്തണം. അതുപോലെത്തന്നെ ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവുമധികം മലയാളികൾ നാട്ടിലേക്ക് മടങ്ങിയെത്തുന്നത്. അപ്പോഴവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചും വിമാനക്കമ്പനികൾ കൊള്ളയടിക്കുന്ന കാര്യങ്ങളെക്കുറിച്ചുമൊക്കെ മനസ്സിലാക്കാനും അവയ്ക്ക് പരിഹാരം കാണുവാനുമായി ഈ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഏതെങ്കിലുമൊരു ദിവസം പ്രവാസി മലയാളികളുടെ ഒരു അദാലത്ത് സംഘടിപ്പിക്കുന്നതിന് തയ്യാറായാൽ അതവർക്ക് വളരെയേറെ പ്രയോജനം ചെയ്യുമെന്നാണ് കരുതുന്നത്. അതുപോലെതന്നെ മലയാളികളെ സംബന്ധിച്ചിടത്തോളം നോർക്ക അഡ്ഹോക്ക് കമ്മിറ്റി ഇപ്പോൾ സൗദിയിൽ മാത്രമാണുള്ളത്. മറ്റെല്ലാ ഗൾഫ് രാജ്യങ്ങളിലും നോർക്കയുടെ നിയന്ത്രണത്തിൽ അഡ്ഹോക്ക് കമ്മിറ്റി ഉണ്ടായിക്കഴിഞ്ഞാൽ അവരുടെ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അത് സഹായകരമായിരിക്കും. അതുപോലെ ഗൾഫ് മലയാളികളുടെ അംഗസംഖ്യ സംബന്ധിച്ച വിവരശേഖരണം അത്യന്താപേക്ഷിതമാണ്. മലയാളികളെ സംബന്ധിച്ചിടത്തോളം അവരുടെ പ്രയാസങ്ങളും ആവശ്യങ്ങളുമൊക്കെ കൃത്യമായി ശേഖരിക്കുന്നതിനും പരിഹരിക്കാനുമൊക്കെ നമുക്ക് സാധിക്കും.

ക്ഷേമകാര്യങ്ങളിലുൾപ്പെടുത്തി എല്ലാ വിഭാഗം ആളുകൾക്കും പെൻഷൻ അനുവദിക്കുന്നതുപോലെ ഗൾഫ് നാടുകളിൽനിന്നും മടങ്ങിയെത്തുന്ന മലയാളികൾക്ക് ഒരു പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. പാവപ്പെട്ട കുടുംബങ്ങൾക്ക് അതൊരു അത്താണിയായി മാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇന്ന് മറ്റൊരു കാലത്തുമില്ലാത്ത രീതിയിൽ ഗൾഫ് മലയാളികളെ സഹായിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് കഴിഞ്ഞ 4 വർഷക്കാലംകൊണ്ട്,

പ്രത്യേകിച്ച് ബഹുമാനപ്പെട്ട നോർക്ക വകുപ്പുമന്ത്രി വളരെ സഹായകരമായ രീതിയിൽ കൈകാര്യം ചെയ്ത് മുന്നോട്ടുകൊണ്ടുപോകുന്നുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. കേരളത്തിൽ ഒരു ഗവൺമെന്റും എത്തിനോക്കാത്ത ഗൾഫ് മലയാളികളെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ നടപടിയാണിത് എന്നുള്ള കാര്യത്തിൽ മറുനാടൻ മലയാളികൾക്കും കേരളത്തിലെ എല്ലാവർക്കും അഭിനന്ദിക്കാവുന്ന ഒരു കാര്യം കൂടിയാണ്.

തൊഴിൽ മേഖലയിൽ ഏറ്റവും കൂടുതൽ സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടാക്കിയെടുത്ത കഴിഞ്ഞ നാല് വർഷങ്ങളാണ് നമുക്ക് കാണുവാൻ കഴിഞ്ഞത്. മുമ്പെങ്ങുമില്ലാത്ത രീതിയിൽ സമാധാനപരമായ ഒരു തൊഴിൽ മേഖല സൃഷ്ടിക്കാൻ സാധിച്ചു. തൊഴിൽ മേഖലയിൽ, തൊഴിലാളി എന്നുകേട്ടാൽ നമ്മൾ ആകെ ഞെട്ടുന്നത് ഈ തൊഴിലാളികൾ അമിതമായി വാങ്ങുന്ന നോക്കുകൂലിയെ സംബന്ധിച്ചാണ്. ഈ നോക്കുകൂലി ഒരു വലിയ വിഷയമാണ്. ഐ.എൻ.ടി.യു.സി. എന്നോ സി.ഐ.ടി.യു. എന്നോ വകഭേദമില്ലാതെ എല്ലാ തൊഴിലാളികളും ഒരുപോലെ കൈകാര്യം ചെയ്തിരുന്ന ആ ഒരു ഭീകരാവസ്ഥ. ഇപ്പോൾ തിരുവനന്തപുരത്ത് ബസ് സ്റ്റാന്റിൽ നാട്ടിൻപ്രദേശത്തുനിന്ന് ഒരു പാവപ്പെട്ട ആൾ അദ്ദേഹത്തിന്റെ കുടുംബത്തിന് കൊടുക്കാൻ ഒരു ചക്കയുമായി വന്നിറങ്ങിയാൽ, ആ ചക്കയ്ക്ക് 10 രൂപയായിരിക്കും വില. പക്ഷേ അത് ബസ്സിൽനിന്നും ഇറക്കി നീല ഉടുപ്പിട്ട തൊഴിലാളി ഒരു ഓട്ടോയിൽ കയറ്റിക്കൊടുക്കുന്നതിന് 25 രൂപ കൂലി വാങ്ങുന്നൊരു അവസ്ഥാ വിശേഷം നമ്മുടെ തിരുവനന്തപുരം തമ്പാനൂർ ബസ് സ്റ്റാന്റിലുണ്ടായിരുന്നു. അതുപോലെതന്നെ നോക്കിക്കൊണ്ടുനിൽക്കുന്ന മറ്റൊരു തൊഴിലാളിക്ക് 5 രൂപയും കൊടുക്കേണ്ടിവരുന്നു. അങ്ങനെ 30 രൂപ കൊടുക്കേണ്ടുന്ന അവസ്ഥ. അതാണ് ഈ നോക്കുകൂലി എന്നുപറയുന്നത്. ജനം ഒന്നാകെ ഭയന്നിരുന്ന തൊഴിൽ മേഖലയിലെ നോക്കുകൂലി എന്നന്നേക്കുമായി അവസാനിപ്പിക്കുന്നതിന് ഈ ഗവൺമെന്റിനും കഴിഞ്ഞ 4 വർഷക്കാലത്ത് നടത്തിയ ഭഗീരഥ പ്രയത്നത്തിന്റെ ഫലമായി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്കും കഴിഞ്ഞുവെന്നത് കേരളീയർക്ക് അഭിമാനകരമായ നേട്ടമാണ്. ചക്കയ്ക്ക് മാത്രമല്ല കട്ടിലിനുമൊക്കെ ഇതുതന്നെയാണ് അവസ്ഥ. സാധനങ്ങളുടെ വിലയേക്കാൾ കൂടുതൽ കൂലി വാങ്ങുന്ന ഒരവസ്ഥ. അതുപോലെ നോക്കിക്കൊണ്ട് നിൽക്കുന്നവനും കൂലി കൊടുക്കേണ്ട അവസ്ഥ, ആ അവസ്ഥയിലേക്ക് നമ്മുടെ തൊഴിൽ മേഖലയെ കൊണ്ടുചെന്നെത്തിച്ച് കേരളീയരെയാകെ അപമാനത്തിലാഴ്ത്തിയ ട്രേഡ് യൂണിയൻ പ്രവർത്തനം നേരേചൊവ്വേ കൊണ്ടുപോകുന്നതിന് നമ്മുടെ ഗവൺമെന്റിന് സാധിച്ചു, അതിന് നേതൃത്വം കൊടുത്ത തൊഴിൽ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്.

ഇന്ന് കേരളം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന വിഷയം, അന്യസംസ്ഥാന തൊഴിലാളികളാണ്. മറുനാടൻ തൊഴിലാളികൾ കേരളത്തിൽ ഒരുപാട് മേഖലകളിൽ പണിയെടുക്കുന്നുണ്ട്. എല്ലാ സംസ്ഥാനങ്ങളിൽനിന്നും തൊഴിലാളികൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. കേരളത്തിലെ എല്ലാ മേഖലകളിലും കച്ചവട മേഖലയിലും, നിർമ്മാണ മേഖലയിലുമൊക്കെ യഥേഷ്ടം തൊഴിലെടുക്കുന്ന ഒരു സന്ദർഭമാണ് ഇത്. ഇന്ന് കേരളത്തിൽ മറുനാടൻ തൊഴിലാളികൾ ഏറ്റവും കൂടുതൽ എത്തിച്ചേരുന്നത് ബംഗാളിൽ നിന്നാണ്. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം ഉയർത്തിപ്പിടിച്ചുകൊണ്ട് നീണ്ട 35 വർഷക്കാലം ബംഗാൾ ഭരിച്ചതിന്റെ പശ്ചാത്തലത്തിൽ അവിടുത്തെ തൊഴിലാളികൾക്കൊന്നും തൊഴിലില്ലാത്ത ഒരവസ്ഥ എത്തിയിരിക്കുന്നു എന്നു മാത്രമല്ല, നാട്ടിൽ സമാധാനമായി ജീവിക്കുവാൻപോലും അവസരമില്ലാത്ത ഒരവസ്ഥയിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് മറ്റൊരു വിശേഷം. അത്തരത്തിലൊരു അവസ്ഥാവിശേഷത്തിലേക്ക് ബംഗാളിനെ കൊണ്ടുചെന്നെത്തിച്ചതിന്റെ ഉത്തരവാദി ആര് എന്ന് പരിശോധിക്കപ്പെടേണ്ടതിനുപകരം ഇക്കാര്യം ബഹുജനമദ്ധ്യേ ചൂണ്ടിക്കാണിച്ചാൽ അതിനെതിരെ കയർക്കുന്ന അർത്ഥശൂന്യമായ നിലപാട് തിരുത്തിയില്ലെങ്കിൽ ഇനിയും നിങ്ങൾ അധ:പതനത്തിലേക്ക് പോകുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: ***അതുപറയരുത്, ഇവരാരു പറഞ്ഞാലും തരക്കേടില്ല. ഇത്രയും നാൾ ***വായിനോക്കിക്കൊണ്ട് ഇതിന്റെ പുറകേ നടന്നതല്ലേ? ഇവർക്കു പറയാം, ***പറയരുത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ ***എന്ന വാക്ക് അൺ പാർലമെന്ററി ആണ്.

<u>മി. ചെയർമാൻ</u>: ആ വാക്ക് രേഖയിൽനിന്ന് നീക്കം ചെയ്യുന്നതാണ്.

<u>ശ്രീ. ആർ. സെൽവരാജ്</u>: ബഹുമാനപ്പെട്ട കോലിയക്കോട് കൃഷ്ണൻ നായരേ, നിങ്ങൾ ഉദ്ദേശിക്കുന്ന സ്ഥലത്തേക്കുതന്നെയാണ് ഞാൻ വരാൻ പോകുന്നത്. മറുനാടൻ തൊഴിലാളികൾ ഏറ്റവും കൂടുതൽ വരുന്നത് ബംഗാളിൽ നിന്നാണ്. ഇവിടെ മറുനാടൻ തൊഴിലാളികൾക്ക് എല്ലാ സുഖസൗകര്യങ്ങൾക്കും ആവശ്യമായ സംവിധാനം ഒരുക്കിക്കൊടുക്കുകയാണ്. അവർക്ക് ക്ഷേമനിധി, കൂലിയിൽ വർദ്ധനവ്, അവരുടെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായതെല്ലാം തൊഴിൽ മേഖലയിൽ ഉറപ്പുവരുത്തുകയാണ്. ബംഗാളിലെ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ സുഖസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്ന തൊഴിൽ കേന്ദ്രങ്ങൾ,

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

വാസകേന്ദ്രങ്ങൾ എന്നിവയും ആരോഗ്യപരമായി സംരക്ഷിക്കുന്നതിന് ആവശ്യമായ ചുറ്റുപാടുകളും ഇവിടെയുണ്ട്. അവർക്ക് അപകടം സംഭവിച്ചാൽ, അപകട ഇൻഷ്വറൻസ്, സർക്കാർ ചെലവിൽ നാട്ടിൽകൊണ്ടെത്തിക്കുന്ന സംവിധാനം എന്നിവയൊക്കെ കേരളത്തിൽ നടത്തിവരുന്നുണ്ട്. പക്ഷേ പശ്ചിമ ബംഗാളിലെ ഒരു തൊഴിലാളിക്ക് എന്തെങ്കിലും അപകടം സംഭവിച്ച് ഗവൺമെന്റ് ചെലവിൽ നാട്ടിൽ കൊണ്ടുപോയാൽ അവരെ ഏറ്റുവാങ്ങുന്നതിന് അവിടെ ആരുമില്ല. ഈ തൊഴിലാളിയുടെ കുടുംബം ആ സ്ഥലത്ത് കാണാനില്ല, വീടുപോലും ആ സ്ഥലത്ത് ഇല്ലാത്ത ഒരവസ്ഥയിലേക്ക് പശ്ചിമ ബംഗാൾ മാറിക്കഴിഞ്ഞിരിക്കുന്നു. ഇതാണ് പശ്ചിമ ബംഗാളിന്റെ അവസ്ഥ. നമ്മളൊക്കെ ഏറ്റവും കൂടുതൽ അഭിമാനത്തോടെ ഉയർത്തിപ്പിടിച്ചിരുന്ന പശ്ചിമ ബംഗാളിൽ നിന്നുവരുന്ന തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ സംരക്ഷണം ഉറപ്പുവരുത്തുന്ന ഒരു സംസ്ഥാനമാണ് കേരളമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും ബി.ജെ.പി.യും ഒരേ ലൈനാണ് എന്ന് ഇവിടെ നേരത്തേ ഒരുപാട് പേർ പറഞ്ഞു. ആ പറയുന്നതിൽ തെറ്റില്ല. കഴിഞ്ഞ പാർട്ടി കോൺഗ്രസ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനേയും ബി.ജെ.പി.യേയും ഒരുപോലെ എതിർക്കണമെന്ന് രാഷ്ട്രീയപ്രമേയം പാസ്സാക്കി. ഒരു ജനാധിപത്യ രാഷ്ട്രത്തിൽ, ഒരു ജനാധിപത്യ കാഴ്ചപ്പാടുള്ള ഒരു വിപ്ലവ പാർട്ടിക്ക് ഒരു മതേതരത്വ ഇൻഡ്യയിൽ ഈ രാഷ്ട്രീയ കാഴ്ചപ്പാട് എങ്ങനെയുണ്ടായി എന്നുള്ളതാണ് ഓർമ്മിക്കേണ്ടത്. ജനാധിപത്യത്തെയും മതേതരത്വത്തെയും കശാപ്പ് ചെയ്യുന്ന ഒരു പാർട്ടിയോട് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ ഉപമിക്കാൻ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് അതാണെന്ന് വരുത്താനുള്ള രാഷ്ട്രീയ പ്രമേയം പാസ്സാക്കിയ ചങ്കുറ്റമുള്ളവരാണ് ഇവർ. ഇവരുടെ തൊഴിലാളിവർഗ്ഗ സമരത്തിൽ പറഞ്ഞിട്ടുള്ള 'വർഗ്ഗ സമരം', ആശയസമരം' 'സാമ്പത്തിക സമരം'. ഇതിൽ ഏത് സമരമാണ് ഈ നിയമസഭയ്ക്കകത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ആശയങ്ങളെല്ലാം നഷ്ടപ്പെട്ട സി.പി.ഐ(എം). ബഹുമാനപ്പെട്ട സ്പീക്കർ ഇരിക്കുന്ന ചേമ്പറിനെ അടിച്ചുതകർക്കുന്ന സമരം, ബഹുമാനപ്പെട്ട അംഗങ്ങളെ, പുരുഷ അംഗങ്ങളെ, *** സമരം. (...ബഹളം....) അതുപോലെതന്നെ ക്രമസമാധാന പരിപാലനത്തിന് പോകുന്ന ഉദ്യോഗസ്ഥരുടെ *** പിടിച്ചു വലിക്കുന്ന..........

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പോയിന്റ് ഓഫ് ഓർഡർ, ശ്രീ. സെൽവരാജ് നടത്തിയിട്ടുള്ള പ്രയോഗം പാർലമെന്ററി വിരുദ്ധമായിട്ടുള്ളതാണ്. അത് രേഖയിൽ നിന്ന് നീക്കണം.

മി. ചെയർമാൻ: ഏത് പ്രയോഗമാണ് ഉദ്ദേശിക്കുന്നത്?

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. കെ. വി.അബ്ദുൾ ഖാദർ: അദ്ദേഹം ***എന്ന ഒരു പ്രയോഗം നടത്തിയിട്ടുണ്ട്. അത് ശരിയായിട്ടുള്ള ഒരു പ്രയോഗമല്ല.

മി. ചെയർമാൻ: അങ്ങ് സൂചിപ്പിച്ച ***എന്ന പദം രേഖയിൽനിന്ന് നീക്കം ചെയ്യുന്നതാണ്.

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. നിയമസഭയിലെ പ്രതിപക്ഷ വനിതാ അംഗങ്ങളെ അപമാനിക്കുന്ന പ്രസ്താവനയാണ് അദ്ദേഹം നടത്തിയത്, പുരുഷ അംഗങ്ങളെ ***എന്ന പ്രസ്താവന അപമാനകരമാണ് അത് പിൻവലിക്കണം.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഇതിനേക്കാളും മോശമായ രീതിയിൽ ഇന്ന് രാവിലെ പ്രതിപക്ഷ നേതാവ് ***എന്ന് ഇവിടെ പ്രസ്താവിച്ചു. അതുകൂടി രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: രാവിലത്തെ കാര്യം തീർച്ചയായിട്ടും പരിശോധിക്കുന്നതാണ്, പക്ഷേ ശ്രീ. രാജേഷ് ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ടെങ്കിൽ അത് രേഖയിൽ നിന്ന് നീക്കം ചെയ്യുന്നതാണ്.

ശ്രീ. ആർ. സെൽവരാജ്: സർ, രേഖയിൽനിന്ന് നീക്കം ചെയ്താലും, ഞാൻ പറയുന്നതെല്ലാം നീക്കിയാലും അവർക്ക് സമാധാനം വരുമെങ്കിൽ അങ്ങനെയായിക്കോട്ടെ, കുഴപ്പമില്ല. അത് എന്റെ ഇഷ്ടത്തോടുകൂടിയാണ്.

ശ്രീമതി കെ. കെ. ലതിക:........(ബഹളം) ....

ശ്രീ. ആർ. സെൽവരാജ്: വെറുതെ ***അവിടെ, ***അവിടെ....., (....ബഹളം....) ഒരു കാര്യം ഇവിടെ നിയമസഭയ്ക്കകത്ത് ഗവൺമെന്റിന് എതിരെ നടത്തിക്കൊണ്ടിരിക്കുന്ന കോഴ സമരം, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിത്വം നൽകുന്നതിനുവേണ്ടി കോഴ വാങ്ങിയവരാണ്, സി.പി.ഐ.യുടെ തിരുവനന്തപുരം ജില്ലാക്കമ്മിറ്റി കോഴ വാങ്ങിയവരാണ്, ആ കോഴ വാങ്ങിയതിന്റെ പേരിൽ രാമചന്ദ്രൻ നായരെയടക്കം പുറത്താക്കിയ പാർട്ടിയാണ് ഈ സി.പി.ഐ.

(പ്രതിപക്ഷാംഗങ്ങൾ ബഹളമുണ്ടാക്കിക്കൊണ്ട് ഡയസ്സിനു മുൻപിലേക്ക് വന്നു.)

മി. ചെയർമാൻ: അങ്ങ് ഇരിക്കണം. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ആർ. സെൽവരാജ്: ആ സുനിൽകുമാറിന്റെ പേരിൽ പുറത്താക്കപ്പെട്ട

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

രാമചന്ദ്രൻ നായരെ ഇന്ന് സി.പി.ഐ(എം). ജില്ലാ കമ്മറ്റിയിലേക്ക് റിക്രൂട്ട് ചെയ്തിരിക്കുന്നു. ഇതെന്ത് കോഴയാണ്, ഇത്തരത്തിൽ കോഴസമരം നടത്തുന്ന, ഈ സമരങ്ങൾക്ക് ആധാരമില്ലാത്ത പ്രതിപക്ഷ പാർട്ടികൾ, സമരത്തിന് ആശയം കിട്ടാത്ത പാർട്ടികൾ, അടുത്ത സമരത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന തൊഴിൽ സ്നേഹ പദ്ധതികൾക്കും തൊഴിലാളികളുടേയും അടിസ്ഥാനവിഭാഗം ജനങ്ങളുടേയും ക്ഷേമപദ്ധതികൾക്കും വേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. ആർ. സെൽവരാജ് എം.എൽ.എ.യുടെ പ്രസംഗത്തിനിടയിലുണ്ടായ പരാമർശത്തെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലേക്ക് ഇറങ്ങി വന്നു.)

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗത്തിന്റെ അവസാനത്തെ സെന്റൻസിനു മുൻപ് *** എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് എന്നാണ് പറഞ്ഞത്. അത് രേഖയിൽനിന്ന് നീക്കം ചെയ്യുന്നതാണ്.

ശ്രീ. ആർ. സെൽവരാജ്: സർ, ഞാൻ അങ്ങനെ ഉപയോഗിച്ചിട്ടില്ല. അഥവാ അങ്ങനെ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ഞാൻ അത് പിൻവലിച്ചിരിക്കുന്നു. ഞാൻ രാമചന്ദ്രൻ നായരുടെ കാര്യമാണ് പറഞ്ഞത്. ......(ബഹളം)............

മി. ചെയർമാൻ: അത് പരിശോധിക്കാം. .....(ബഹളം).......... മെമ്പർമാർ സീറ്റിലേക്ക് മടങ്ങണം........ ബഹുമാനപ്പെട്ട മെമ്പർമാർ സീറ്റിലേക്ക് മടങ്ങണം...... (.......ബഹളം)...... സഭ അല്പസമയത്തേക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ ഉച്ചയ്ക്കുശേഷം 2.32-ന് താൽക്കാലികമായി നിർത്തി വച്ചു.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് നിർത്തിവച്ച സഭ 2.34-ന് പുനരാരംഭിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ......(ബഹളം)...... പ്ലീസ്....പ്ലീസ്.... എല്ലാവരും ദയവായി അവരവരുടെ സീറ്റിൽ ഇരിക്കണം. ചെയർ പറയട്ടെ.....

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. ആർ. സെൽവരാജിന്റെ പ്രസംഗത്തിനിടയിൽ പറയാൻ പാടില്ലാത്തത് പറഞ്ഞപ്പോൾ ചെയറിലുണ്ടായിരുന്ന ബഹുമാനപ്പെട്ട ശ്രീ. രാജു എബ്രഹാം സഭാരേഖകളിൽ നിന്നും അത് നീക്കം ചെയ്തു. അതിനുശേഷം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു,

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്യുന്നു.

നിങ്ങൾ എന്നെത്തന്നെ നീക്കം ചെയ്താലും ഞാൻ പറഞ്ഞിടത്തുതന്നെ നിൽക്കുന്നുവെന്ന്. ....(ബഹളം)..... ഇല്ലെങ്കിൽ വേണ്ട. ഞാൻ കേട്ടതാണ്. ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗിനുശേഷം അങ്ങനെ പറയുമ്പോൾ ഇത്തരം സംസ്കാരവിരുദ്ധമായ മനോഭാവം സഭയിൽ പ്രകടിപ്പിക്കാനുള്ള മനഃസ്ഥിതി റീട്ടെയിൻ ചെയ്യുന്നുവെന്നാണ്. അങ്ങ് അത് പരിശോധിക്കുമോ? 'നിങ്ങൾ എന്നെത്തന്നെ സഭയിൽനിന്നും നീക്കം ചെയ്താലും ഞാൻ പറഞ്ഞിടത്തുതന്നെ നിൽക്കുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുണ്ടെങ്കിൽ അത് സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യേണ്ടതല്ലേ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഈ സംഭവം നടന്നപ്പോൾ അങ്ങ് സഭയിൽ ഇല്ലായിരുന്നല്ലോ? ശ്രീ. ആർ. സെൽവരാജ് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ സാധാരണഗതിയിൽ ഇടപെടുന്നതുപോലെ ഭരണപക്ഷവും പ്രതിപക്ഷവും പല കാര്യങ്ങളിലും ഇടപെടുകയും കുറേക്കഴിയുമ്പോൾ അത് അവസാനിക്കുകയും ചെയ്തു. പക്ഷേ അവസാനം ശ്രീമതി കെ. കെ. ലതിക എം.എൽ.എ. എഴുന്നേറ്റ അവസരത്തിൽ ഒരിക്കലും സഹപ്രവർത്തകയായ ഒരു വനിതാ എം.എൽ.എ.യോട് പ്രയോഗിക്കാൻ കഴിയാത്ത ഒരു വാക്കാണ് അദ്ദേഹം ഉപയോഗിച്ചത്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഒന്നുകൂടി ഞാൻ ക്ലാരിഫൈ ചെയ്യാം. ..... (ബഹളം)....

മി. സ്പീക്കർ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ.

ശ്രീ. വി. ശിവൻകുട്ടി: സർ, നമ്മൾ സഭയിൽ അങ്ങോട്ടുമിങ്ങോട്ടും പല ഘട്ടങ്ങളിലും പല വർത്തമാനങ്ങളും പറയാറുണ്ട്. അതൊക്കെ സാധാരണ സഭയിൽ നടക്കുന്ന സംഭവങ്ങളാണ്. ഒരു ദേശീയ പാർട്ടിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇത്തരം കാര്യങ്ങളെ കയ്യടിച്ച് പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ടോ എന്നുള്ള വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നും അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. മുഖ്യമന്ത്രി അതിനുള്ള മറുപടി പറയണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. ശിവൻകുട്ടി പ്ലീസ്.... ഇവിടെ നടന്നത് വളരെ നിർഭാഗ്യകരമായ ഒരു സംഭവമായിപ്പോയി. Unparliamentary ആയി ഇവിടെ വന്നിട്ടുള്ള പദങ്ങൾ ഒന്നും സഭാരേഖകളിൽ ഉണ്ടാകുകയില്ല. അത് നീക്കം ചെയ്യുന്നു.

ശ്രീമതി കെ. കെ. ലതിക: സർ, ഈ സഭയ്ക്കകത്ത് വനിതാ എം.എൽ.എ.-മാർക്കെതിരായി അക്രമം നടന്നിട്ടുണ്ട്. അതിന്റെ പേരിൽ സഭാനാഥന് ഞങ്ങൾ പരാതി നൽകിയിട്ടുണ്ട്. ആ പരാതികൾക്കൊന്നും പരിഹാരം കാണാത്തതുകൊണ്ട്

ഞങ്ങൾ ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു സംഭവത്തെക്കുറിച്ച് സഭയിൽ ഒരംഗം പറഞ്ഞത്, ***ഒപ്പം വേറെ കുറെ പദങ്ങളും ഉപയോഗിച്ചിട്ടുണ്ട്. ആ പദം പറഞ്ഞപ്പോഴാണ് ഞാൻ എഴുന്നേറ്റുനിന്നത്. അതിനെയാണ് ഏറ്റവും മോശമായിപ്പോയി എന്ന്.... അദ്ദേഹത്തെ പരിശോധനയ്ക്ക് വിധേയനാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എങ്ങനെയാണ് ഈ സഭയിൽ വച്ച് സ്ത്രീകൾക്കെതിരെ ഇങ്ങനെയൊരു പദം പ്രയോഗിക്കാൻ .... (ബഹളം)......

മി. സ്പീക്കർ: ശ്രീമതി കെ. കെ. ലതിക, പ്ലീസ്.... പ്ലീസ്... ശ്രീ. സി. പി മുഹമ്മദ്.... പ്ലീസ്... ഇവിടെ നടന്നത് വളരെ നിർഭാഗ്യകരമായ സംഭവമായിപ്പോയിയെന്ന് ചെയർ പറഞ്ഞുകഴിഞ്ഞു. Unparliamentary ആയിട്ടുള്ള ഒരു പദവും സഭാരേഖകളിൽ ഉണ്ടാകുകയില്ല, അത് നീക്കം ചെയ്തു. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, അങ്ങയെ പ്രസംഗിക്കാൻ ക്ഷണിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ചുരുങ്ങിയപക്ഷം അങ്ങ് അദ്ദേഹത്തോട് ഖേദം പ്രകടിപ്പിക്കുവാൻ എങ്കിലും ആവശ്യപ്പെടണം.

മി. സ്പീക്കർ: അത് ചെയർ എങ്ങനെയാണ് പറയുന്നത്. അത് എം.എൽ.എ. തീരുമാനിക്കേണ്ട കാര്യമാണ്. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, അങ്ങയെ പ്രസംഗത്തിന് ക്ഷണിച്ചു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാതെ ഞാൻ പ്രസംഗിക്കുന്നില്ല. നമുക്ക് ഇതിന് ഒരു ധാരണ വേണ്ടേ?

മി. സ്പീക്കർ: ധാരണയൊക്കെ നമുക്ക് ഉണ്ടാക്കാം. അങ്ങ് സംസാരിക്കൂ.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഇവിടെ നടക്കാൻ പാടില്ലാത്ത പല കാര്യങ്ങളും നടന്നു. ഞാൻ അതിലേക്ക് പോകുന്നില്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്ന് ഉചിതമായ നടപടികളുണ്ടാകുമെന്നുള്ള ധാരണയോടുകൂടിയാണ് ഞാൻ സംസാരിക്കുന്നത്. അവതരിപ്പിക്കാത്ത ഒരു ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ അംഗീകരിക്കുന്നില്ല. ഈ ഗവൺമെന്റിന്റെ നാലുവർഷക്കാലം അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവുമാണ് ഇവിടെ നടന്നത്; അതിവേഗം ബഹുദൂരം പോയി. നിയമം നിയമത്തിന്റെ വഴിക്കും പോകും. അതല്ലേ ഇവിടെ നടന്നത്; യഥാർത്ഥത്തിൽ ഈ അഹങ്കാരം മുഴുവൻ ഇവിടെ കാണിച്ചത് അരുവിക്കരയിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടായിരിക്കും.

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

യഥാർത്ഥത്തിൽ ജയിച്ചോ, ചെയർ പറയണം, ജയിച്ചില്ല. അതിൽ തർക്കമില്ല. 2011-ൽ 56297 വോട്ട് വാങ്ങിയവർ ഇപ്പോൾ 56448 വോട്ടാണ് വാങ്ങിയത്. ആ രീതിയിൽ ആർ.എസ്.പി. ഇല്ലാതെ എൽ.ഡി.എഫ്.-നും 197 വോട്ട് കൂടുതൽ ലഭിച്ചു. ബി.ജെ.പി.-ക്ക് 26451 വോട്ട് കിട്ടി. അവരുടെ വോട്ട് കൂടിയിട്ടില്ലെന്ന് ഞാൻ പറഞ്ഞോ; വോട്ട് കൂടി. നിങ്ങൾ ഉണ്ടാക്കിക്കൊടുത്തതാണ്. ഇതെങ്ങോട്ടുപോകും എന്നുള്ള ആശങ്കയുണ്ട്. നിങ്ങളുടെ മനസ്സിൽ ഇല്ലായിരിക്കും. ഇത് എവിടെ എത്തുമെന്ന് കണ്ടറിയണം. ഈ സഭയിൽ ശ്രീ. കെ. മുരളീധരൻതന്നെ പറഞ്ഞതാണ്. അദ്ദേഹത്തിന്റെ പിതാവ് കെ. കരുണാകരൻ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. കെ. മുരളീധരനെ സ്ഥാനാർത്ഥിയാക്കി നിർത്തിയതിനാണ് ഇവർ ഇവിടെ തകർത്തുചാടിയത്; അങ്ങനെ ചാടിയിട്ട്, നേതാവായ ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഇപ്പോൾ അതേ പാത തുടരേണ്ടിവന്നു. കേരളം മക്കത്തായത്തിലേക്കാണോ പോകുന്നത് എന്ന് അന്നത്തെ 'എ'-ക്കാര് ചോദിച്ചു. അതിനെപ്പറ്റി കൂടുതൽ പറയുന്നില്ല. ഡി.സി.സി. പ്രസിഡന്റായിരുന്ന ശ്രീ. കെ. മോഹൻകുമാർ ഇത് die-in-harness ആണോ എന്നുചോദിച്ചു. പറഞ്ഞുതീരുന്നതിനുമുമ്പ് ഡി.സി.സി. പ്രസിഡന്റ് സ്ഥാനം നഷ്ടമായി. ഏതോ ഒരു കോർപ്പറേഷനിലേക്ക് മാറ്റി. ഇതാണിവിടെ നടക്കുന്നത്. അക്കാര്യത്തിലേക്കൊന്നും കടക്കുന്നില്ല.

ഒന്നുരണ്ട് കാര്യങ്ങൾ പറയാതിരിക്കാനാവില്ല. ഇന്ത്യയിലെതന്നെ ദേശീയ സ്ഥാപനമാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ. ആ സ്ഥാപനത്തിൽ എന്തെല്ലാം പരിപാടികൾ നടക്കുന്നോ, അവിടെ ഞാനും പോകുന്നുണ്ട്. അവിടത്തെ ഒരു യൂണിയന്റെ പ്രസിഡന്റ് ശ്രീ. ഉമ്മൻ ചാണ്ടിയും ഞാൻ മറ്റൊരു യൂണിയന്റെ പ്രസിഡന്റുമാണ്. ഞങ്ങൾ വളരെ ഐക്യത്തിലാണ്. അവിടെ നടക്കുന്ന ചില കാര്യങ്ങൾ ഞാൻ വായിക്കാം. ശാസ്ത്ര സാങ്കേതിക മേഖലയിലെ പ്രവർത്തനങ്ങളിൽ കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ആർ.ജി.സി.ബി., സി.ഇ.എസ്.എസ്. തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് പരിഗണിച്ചുകൊണ്ട് ദേശീയ സ്ഥാപനങ്ങളായി ജെ.എൻ.ടി.ബി.ജി.ആർ.ഐ.-യെ കേന്ദ്രസർക്കാർ ഏറ്റെടുത്ത് പ്രാരംഭ നടപടികൾ ആരംഭിച്ചിരിക്കുന്നത് ഏറെ ശ്രദ്ധേയമാണ്. എന്നാൽ ചില ഘട്ടങ്ങളിൽ സാമ്പത്തിക പരാധീനതകൾമൂലവും നിയമവിധേയമല്ലാത്ത നിയമനങ്ങളിലൂടെയുമെന്നപോലെ അനർഹമായി നൽകുന്ന ഉദ്യോഗക്കയറ്റത്തിലൂടെയും ശാസ്ത്ര സാങ്കേതിക മേഖലയിൽ ജനാധിപത്യവിരുദ്ധമായ സംഗതികൾ കടന്നുകൂടാറുണ്ട്. ഈ നിയമസഭാ കാലയളവിൽ ഇത്തരത്തിലുള്ള ചില വസ്തുതകൾ നിയമസഭാംഗം എന്ന നിലയിലും ജെ.എൻ.ടി.ബി.ജി.ആർ.ഐ.-യുടെ സ്റ്റാഫ്

യൂണിയൻ പ്രസിഡന്റ് എന്ന നിലയിലും ആവർത്തിച്ച് അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയും അതിൽ അങ്ങ് ക്രിയാത്മകമായി പ്രവർത്തിക്കുകയും ചെയ്യുവെന്നുള്ളത് ഏറെ ശ്രദ്ധേയമാണ്. അധിക സാമ്പത്തികസഹായം അനുവദിച്ചതും പെൻഷൻ പദ്ധതിക്ക് അനുമതി നൽകിയതും ഇതിൽ ഏറെ ശ്ലാഘനീയമാണ്. എന്നാൽ ഒരേ ദിവസം ഒരേ തസ്തികയിൽ ജെ.എൻ.ടി.ബി.ജി.ആർ.ഐ.-യിൽ ജോലിയിൽ പ്രവേശിച്ച എ. ഉല്ലാസ്, ആർ. ലാലൻ എന്നിവരിൽ എ. ഉല്ലാസിനുമാത്രം സ്ഥിരനിയമനം നൽകുകയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവനും നിർദ്ധനനുമായ ശ്രീ. ആർ. ലാലനെ നാളിതുവരെ സ്ഥിരപ്പെടുത്താത്തത് തികച്ചും ഖേദകരമാണെന്നും ഞാൻ ബോധിപ്പിക്കുന്നു. പട്ടികജാതിക്കാരനെ ലോക്കപ്പിലിട്ട് അടിച്ചുകൊന്നിട്ട് ഞങ്ങളെ ഒന്നും ചെയ്തില്ല, പിന്നെയാണോ ഒരു ലാലനെ സ്ഥിരപ്പെടുത്താത്തതിൽ എന്നു ചോദിച്ചേക്കും. ഞാൻ അതിനെക്കുറിച്ച് പിന്നീട് പറയാം. ഈ സംഭവം നിരവധി തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും മുഖ്യമന്ത്രി ശ്രീ. ആർ. ലാലന് സ്ഥിരനിയമനം നൽകാമെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ സാധിച്ചിട്ടില്ല. ഗിരിവർഗ്ഗ പിന്നോക്ക മേഖലയായ പാലോട് സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം ഗിരിവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ട്, ഐക്യരാഷ്ട്ര സംഘടനയുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതുമാണ്. എന്നാൽ ഈ സർക്കാരിന്റെ കാലത്ത് ശ്രീ. ആർ. ലാലന് അർഹമായ സ്ഥിര നിയമനം നിഷേധിക്കുന്നത് ഉചിതമല്ല. ശാസ്ത്ര-സാങ്കേതിക ഭവനിൽ അനധികൃത ഉദ്യോഗക്കയറ്റം നൽകിയത് വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തി നാളിതുവരെയായിട്ടും യാതൊരു നടപടിയും കൈക്കൊള്ളാത്തത് തികച്ചും അപലപനീയമാണ്. ശാസ്ത്ര-സാങ്കേതിക കൗൺസിൽ ആസ്ഥാനത്തും മറ്റ് ഗവേഷണ സ്ഥാപനങ്ങളിലും താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തണമെന്നും ഈവക കാര്യങ്ങൾ അടിയന്തരമായി ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഇത് പറഞ്ഞ കൂട്ടത്തിൽ ചില കാര്യങ്ങൾ പറയാതെ പോകുന്നത് ശരിയല്ലല്ലോ.

സഹകരണരംഗം ഇന്ന് നമ്മുടെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ചെന്നെത്തിയിട്ടുണ്ട്. ഒരു മേഖലയിൽ അല്ല. എല്ലാ മേഖലകളിലും എത്തിയിട്ടുണ്ട്. എന്തിന്, സാധനം വാങ്ങുന്ന കൺസ്യൂമർ മേഖല, കൺസ്യൂമർ ഫെഡ് എങ്ങനെയാണ് നടന്നത്; ശ്രീ. ജി. സുധാകരൻ, സഹകരണ വകുപ്പുമന്ത്രിയും ഞാൻ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റുമായിരുന്നു. എവിടെയെല്ലാം ഉള്ള സാധനങ്ങളാണ് കൊണ്ടുവന്ന് മാർക്കറ്റ് വിലയെക്കാൾ താഴ്ത്തിക്കൊടുത്തത്. അവിടെ അഴിമതി നടന്നില്ല, കൺസ്യൂമർഫെഡ് വഴി വിതരണം ചെയ്ത

സാധനങ്ങൾക്കും കുഴപ്പമില്ലായിരുന്നു. അത് വളരെ ഭംഗിയായി നടന്നിരുന്നു. ഇപ്പോൾ എന്ത് സംഭവിച്ചു; ഞാൻ സഹകരണ വകുപ്പുമന്ത്രിയെ കുറ്റം പറയുന്നില്ല. അദ്ദേഹം ഒരു സാധുമനുഷ്യനാണ്. സഹകരണപ്രസ്ഥാനത്തെക്കുറിച്ച് അറിയാവുന്ന ആളാണ്. പക്ഷേ ആളുകളെ സെലക്ട് ചെയ്യാനും ഓരോ കാര്യങ്ങളിൽ സഹകരണ വകുപ്പുമന്ത്രി എന്നുള്ള രീതിയിൽ തീരുമാനമെടുക്കാനുമുള്ള ആംപിയർ ഇല്ലെന്നുപറഞ്ഞാൽ എന്നോട് ക്ഷമിക്കണം. ആംപിയർ എന്ന വാക്ക് പാർലമെന്ററി അല്ലെങ്കിൽ ഞാൻ പിൻവലിക്കും. സഹകരണ രജിസ്ട്രാർ ശ്രീ. രവീന്ദ്രൻ, conferred I.A.S. ആയിരുന്നു. അവിടെ ഐ.എ.എസ്.-കാരനൊന്നും വേണ്ടായിരുന്നു. കാര്യപ്രാപ്തിയുള്ള ആള് മതിയായിരുന്നു. രവീന്ദ്രനെക്കൊണ്ടുവന്ന് ഇല്ലാത്ത കുഴപ്പങ്ങളൊക്കെ ഉണ്ടാക്കി.

സഹകരണ രംഗത്ത് പ്രൊഫഷണൽ കോളേജുകൾ ആരംഭിച്ചു. എന്തിനാണ് കൊണ്ടുവന്നത്; കച്ചവട സ്ഥാപനങ്ങളെ മാറ്റിനിർത്തി നല്ല രീതിയിൽ നടത്താൻ, സർക്കാർ ഫീസ് വാങ്ങാൻ. ആ രീതിയിൽ സ്ഥാപിച്ച 'കേപ്പ്'- നിർത്തലാക്കാൻവേണ്ടി സർവ്വീസിൽനിന്നും റിട്ടയർ ചെയ്ത ശ്രീ. രവീന്ദ്രനെ നിയമിച്ചു. സഹകരണ മേഖലയിൽ ഒരു കോളേജ് തുടങ്ങി, 8 കോടി രൂപ ചെലവാക്കി മനോഹരമായ ഒരു കെട്ടിടം നിർമ്മിച്ചു. ആവശ്യത്തിനുള്ള സ്റ്റാഫും കുട്ടികളുമെല്ലാം വന്നു. മൂന്നുകൊല്ലം നല്ല രീതിയിൽ നടന്ന സ്ഥാപനം ഇപ്പോൾ പൂട്ടിയിരിക്കുന്നു. സ്ഥിരമായി നിയമിച്ച സ്റ്റാഫിനെ വരെ പിരിച്ചുവിട്ടു. കശുവണ്ടി ഫാക്ടറി നടത്താനോ മറ്റോ അല്ലാതെ ആ കെട്ടിടം എന്തിനുകൊള്ളാം; ഇങ്ങനെ സഹകരണ രംഗത്തെ നശിപ്പിച്ചു, കൺസ്യൂമർഫെഡ് ഇല്ലാതാക്കി - ഇതെല്ലാം മന്ത്രിയുടെ കുഴപ്പമാണെന്ന് ഞാൻ പറയില്ല. അദ്ദേഹം ഇതിലൊക്കെ ഇടപെടാൻ മടിക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. ഇതെല്ലാം നിയന്ത്രിക്കുന്നത് പുറത്തുനിൽക്കുന്ന വേറെ ചില ആളുകളാണ്. സഹകരണ രംഗത്ത് ഇങ്ങനെയുള്ള എന്തെല്ലാം കാര്യങ്ങളാണ് നടക്കുന്നത്. ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങൾ പരിശോധിച്ചാൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം ഒന്നാം സ്ഥാനത്താണ് എന്നുള്ള കാര്യം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിക്ക് അറിയാം. വായ്പാമേഖല എങ്ങോട്ട് പോയി; ഗ്രാമീണ കർഷകർക്ക് വായ്പ കൊടുക്കാൻവേണ്ടി രൂപീകരിച്ച, ഇപ്പോൾ വായ്പ കൊടുക്കുന്നതിന് തടസ്സം നിൽക്കുന്ന നബാർഡിനെ പിന്താങ്ങിക്കൊണ്ട് നിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ കമ്മീഷനുകളൊക്കെ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി തള്ളിക്കളഞ്ഞില്ലേ? ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഇപ്പോൾ ഓരോരോ കമ്മീഷനുകൾ നിലവിൽ വന്നു. സഹകരണ വകുപ്പിന് എന്തുസംഭവിച്ചു? നാട്ടിലെ കൃഷിക്കാരന്റെ നട്ടെല്ലായ, കൃഷിക്കാരന്റെ പ്രാണവായു ആയ സർവ്വീസ് സഹകരണ ബാങ്കുകൾ സ്തംഭിച്ചുപോകുകയാണ്. ആ ബാങ്കുകളിൽനിന്ന് ഡെപ്പോസിറ്റ് എടുക്കാനോ, വായ്പ കൊടുക്കാനോ, ചെക്ക് എഴുതിക്കൊടുക്കാനോ ഒന്നിനും

കഴിയുന്നില്ല. ഇങ്ങനെയൊക്കെയാണ് ഇവിടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളെ മുഴുവൻ തകർത്ത് തരിപ്പണമാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അത് എങ്ങോട്ടാണ് പോകേണ്ടത്; അത് എങ്ങനെയാണ് ഉണ്ടായത്? പരസ്പര സഹായ സംഘങ്ങളിൽനിന്ന് കൃഷിക്കാരെ സഹായിക്കാൻ ക്രെഡിറ്റുകളായും സർവ്വീസ് സഹകരണ സംഘങ്ങളായും സർവ്വീസ് സഹകരണ ബാങ്കുകളായും ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ട് അവിടത്തെ പ്രവർത്തനത്തിന്റെ കാര്യക്ഷമതയും സംഘടനാശക്തിയും വച്ചുകൊടുത്തതാണ്. ആ സർവ്വീസ് സഹകരണ ബാങ്കുകൾ ഇന്ന് എവിടെ പോയി എന്ന് ചോദിച്ചാൽ, ആകാശത്തും ഭൂമിയിലും എവിടെയും എത്താതെ നിൽക്കുകയാണ്. സഹകരണ രംഗത്തെ നല്ല രീതിയിൽ കൊണ്ടുവരണം. ഇക്കാര്യത്തിൽ തൊഴിൽ വകുപ്പുമന്ത്രി വളരെ ശക്തമായും സ്വതന്ത്രമായുംനിന്ന് പ്രവർത്തിക്കണം. സഹകാരികളായി ഞങ്ങൾ തൊഴിൽ വകുപ്പുമന്ത്രിയോടൊപ്പമുണ്ട്. പഠിച്ചുകൊണ്ടുനിൽക്കുന്ന സമയത്ത് ഈ രംഗത്ത് വന്നൊരു ആളാണ് ഞാൻ. ഒരു സഹകരണ സംഘം തകർന്നുതരിപ്പണമായിപ്പോയപ്പോൾ അതിനെ റീവൈറ്റലൈസ് ചെയ്യാൻ രജിസ്ട്രാറും മറ്റ് ആളുകളും കണ്ടെത്തിയ മൂന്ന് കമ്മിറ്റികളിൽ അംഗമായ ഒരാളാണ് ഞാൻ. അതിനുശേഷം ആ സംഘത്തിൽനിന്നും ഞാൻ മാറിയില്ല. ആ സംഘത്തെ നല്ല ഭംഗിയായി പ്രവർത്തിപ്പിച്ച് കൊണ്ടുവന്നതിന്റെ ഭാഗമായി ഞാൻ ജില്ലാ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്, കാർഷിക സഹകരണ ബാങ്ക്, താലൂക്ക് ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക്, തുടങ്ങിയവയിൽ ഞാൻ അംഗമായി വന്നു. ഈ രംഗത്ത് പ്രവർത്തിച്ച് ആളുകളെ സംഘടിപ്പിച്ചതിന്റെ ഭാഗമെന്ന നിലയിൽ ഇത് നല്ല രീതിയിൽ പ്രവർത്തിച്ചില്ലെങ്കിൽ എനിക്ക് സങ്കടമുണ്ടാകും. അതുകൊണ്ട് സഹകരണ രംഗം നന്നാക്കാൻ, ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞതുപോലെ, കൺസ്യൂമർഫെഡിന് സർക്കാർ കാശ് കൊടുക്കാനുണ്ടെങ്കിൽ കൊടുക്കണം; അതിൽ അഴിമതിയുണ്ടെങ്കിൽ അന്വേഷിച്ച് കണ്ടെത്തി നടപടി സ്വീകരിക്കണം. കൺസ്യൂമർ ഫെഡിന് കാശ് കൊടുക്കാനുണ്ടെങ്കിൽ അതിനും ഗവൺമെന്റിന് കഴിയണം. അവർക്ക് കാശ് കൊടുക്കുകയുമില്ല, മാറുകയുമില്ല. എന്നാൽ തിന്നുകയുമില്ല, തിന്നാൻ സമ്മതിക്കുകയുമില്ല എന്നുപറഞ്ഞ രീതിലേക്ക് പോകുന്നത് അപകടമാണ്. ഞാൻ ഈ ധനാഭ്യർത്ഥനകൾ ഉണ്ടെന്ന് വിശ്വസിക്കുന്നുമില്ല, അംഗീകരിക്കുന്നുമില്ല.

<u>ശ്രീ. പി. എ. മാധവൻ</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും, സഹകരണം എന്നീ വകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥനകളെ സന്തോഷപൂർവ്വം ഞാൻ പിന്തുണയ്ക്കുകയാണ്. 'വികസനവും കരുതലും' എന്ന മുഖമുദ്രയോടുകൂടി നമ്മുടെ സംസ്ഥാനത്തിന്റെ 'അതിവേഗം ബഹുദൂരം' എന്ന സമീപനത്തെ അന്വർത്ഥമാക്കുന്ന വിധത്തിലാണ് ഈ വകുപ്പുകൾ വർദ്ധിച്ച ശോഭയോടെ ഭരണരംഗത്ത് തലയുയർത്തി നിൽക്കുന്നത്. കേരളം പലപ്പോഴും നിരന്തരമായ സമരങ്ങളുടെ സംസ്ഥാനമായാണ് അറിയപ്പെട്ടിരുന്നത്. നമ്മുടെ

സംസ്ഥാനത്തിന്റെ ഒരറ്റത്തുനിന്ന് തിരുവനന്തപുരത്തേക്ക് യാത്രചെയ്യുമ്പോൾ ഏതാനും വർഷം മുമ്പുവരെ നിരന്തരമായി വഴിനീളെ മുദ്രാവാക്യം വിളിയും കൊടിയും സമരങ്ങളും ജാഥകളുമൊക്കെയാണ് കാണാമായിരുന്നത്. തൊഴിലാളിസമരങ്ങൾ മാത്രമല്ല, തൊഴിലില്ലാത്ത സമരങ്ങളുടെ വേലിയേറ്റത്തിന്റെ നാട്ടുകൂടിയായിരുന്നു നമ്മുടെ സംസ്ഥാനം. ഞാൻ എല്ലാ സമരങ്ങളും അവസാനിച്ചു എന്ന അർത്ഥത്തിലല്ല പറയുന്നത്. ഈ സംസ്ഥാനത്ത് പണിയെടുക്കുന്നവന്റെ സമരം അവന്റെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം നിലയ്ക്കരുത് എന്ന് വ്യക്തിപരമായി അഭിപ്രായമുള്ളൊരു ആളാണ് ഞാൻ. തൊഴിലില്ലാത്തവരുടെ സമരം ഇതുപോലെതന്നെ വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്ത് ഈ രണ്ട് സമരങ്ങളിൽനിന്നും വ്യത്യസ്തമായി മറ്റൊരു സമരമുണ്ടായതായിരുന്നു എന്ന വലിയൊരു പ്രത്യേകതയുണ്ട്. തൊഴിലുള്ളവരുടെ സമരവും തൊഴിലില്ലാത്തവരുടെ സമരവും ആർക്കും മനസ്സിലാകാവുന്നതേയുള്ളൂ. കേരള സമൂഹത്തിന് ആകെ നാണക്കേടുണ്ടാക്കിയ മറ്റൊരു സമീപനം നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. തൊഴിലുണ്ടായിട്ടും തൊഴിലെടുക്കാതിരിക്കുന്നവർ, അവർ മറ്റുള്ളവർ ജോലി ചെയ്യുന്നിടത്ത് തങ്ങളാണ് നോക്കിനിന്നത് എന്നുപറഞ്ഞ് നോക്കുകൂലിയുടെ അവകാശക്കാരായി മാറി, അത് തങ്ങളുടെ തൊഴിലാണെന്ന് സമർത്ഥിച്ച്, അതിന് തങ്ങൾ അവകാശികളാണെന്ന് പ്രഖ്യാപിച്ച്, ആരേയും ദ്രോഹിക്കാനുള്ള തീട്ടൂരം തങ്ങൾക്കുണ്ട് എന്ന് സമർത്ഥിച്ചിരുന്ന ഒരു പ്രത്യേകവിഭാഗം നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. അത്തരത്തിലുള്ള കൊള്ളക്കാരെയും തട്ടിപ്പറിക്കാരെയും നിലയ്ക്കുനിർത്താൻ കഴിഞ്ഞ തൊഴിൽ വകുപ്പിനെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. സർ, ഇതൊക്കെ പരസ്യമായി പറയാൻ ധൈര്യമുള്ള ആളുകൾ ഇല്ലാത്തതുകൊണ്ടായിരിക്കും ഈയടുത്ത കാലത്ത് ഇത്തരം കേസ്സുകൾ ഇല്ലാത്തത്. അത്തരത്തിലുള്ളവർക്ക് തലപൊക്കാൻ കഴിയാത്ത അന്തരീക്ഷമുണ്ടാക്കിയ തൊഴിൽ വകുപ്പിന് നേതൃത്വം നൽകുന്ന ശ്രീ. ഷിബു ബേബി ജോണിനെ ഞാൻ അഭിനന്ദിക്കുന്നു. നോക്കുകൂലിക്കെതിരായ നിലപാട് ഭരണപ്രതിപക്ഷ ഭേദമന്യേ എല്ലാ രാഷ്ട്രീയ പാർട്ടികളും അനുകൂലിച്ചതാണ്. സർ, സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., യു.ടി.യു.സി. എന്നീ തൊഴിലാളി സംഘടനകളുടെ നേതാക്കന്മാരെല്ലാവരും അതിനെ എതിർത്തിരുന്നു എന്നത് സത്യമാണ്. കേവലം ഭരണപരമായ ഒരു നടപടി എന്നതിനേക്കാൾ, കേരള സമൂഹത്തിനുമുന്നിൽ ആ ചോദ്യം ഉയർത്തിപ്പിടിക്കാൻ, ആ തെറ്റിനെ ചൂണ്ടിക്കാണിക്കാൻ, ആ തെറ്റ് ആവർത്തിച്ചുകൂടാ എന്ന് സമർത്ഥിക്കാൻ, അതിന്റെ പിന്നിൽ കേരള സമൂഹത്തെ ആകെ അണിനിരത്താൻ കഴിഞ്ഞത് തൊഴിൽ വകുപ്പിന്റെ നേതൃത്വം വഹിക്കുന്ന ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയുടെ ഒരു നേട്ടമായാണ് ഞാൻ കാണുന്നത്. ഇപ്പോൾ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നുവെന്ന് ശ്രീ. പി. കെ. ഗുരുദാസൻ മുതൽ തൊഴിലാളി സംഘടനകൾക്കു നേതൃത്വം കൊടുക്കുന്ന പലരും ഇവിടെ സംസാരിക്കുകയുണ്ടായി.

ഇപ്പോൾ അതിന്റെ ശബ്ദം മാറിയിരിക്കുന്നു. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുമ്പോൾ സംഘടിതമായി തൊഴിലാളികൾക്കുവേണ്ടി ശബ്ദിക്കാൻ, പോരാട്ടവീര്യത്തിന്റെ ഭാഷയിൽ സംസാരിക്കാൻ നമുക്ക് പലപ്പോഴും കഴിയാതെ പോകുന്നു. ദേശീയ തലത്തിലുള്ള സമരങ്ങളൊക്കെ ശരിയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഇന്ന യൂണിയന്റെ അഭിപ്രായമെന്ന് തരംതിരിവില്ലാതെ എല്ലാ രാഷ്ട്രീയപാർട്ടികളുടെയും തൊഴിലാളി സംഘടനകളുടെയും പതാകകൾ, അവിടെ ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., യു.ടി.യു.സി. എന്ന വ്യത്യാസമില്ലാതെ, കഴിഞ്ഞ നിരവധി കാലമായി, ദേശീയതലത്തിൽ ഇന്ത്യൻ തൊഴിലാളിവർഗ്ഗം നേടിയെടുത്ത അവകാശങ്ങൾക്കുനേരെ അല്ലെങ്കിൽ നിയമപരമായ സംരക്ഷണങ്ങൾക്കുനേരെ ഈയടുത്ത കാലത്ത് കേന്ദ്ര സർക്കാർ ഉൾപ്പെടെ കൊണ്ടുവരുന്ന നീതി നിഷേധങ്ങൾക്കെതിരെ പോരാടാൻ എല്ലാ സംഘടനകളും ഒന്നിക്കുന്നു.

3.00 PM]

ആ പോരാട്ടത്തിന് നേതൃത്വം കൊടുക്കാൻ ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം നൽകുന്ന ഐക്യജനാധിപത്യ മുന്നണി സർക്കാരിന് കഴിഞ്ഞു എന്നത് കഴിഞ്ഞ കാലഘട്ടത്തിന്റെ നേട്ടമാണ്. പിന്നിട്ട നാല് വർഷങ്ങൾക്കുള്ളിൽ മിനിമം വേതനം 22 തൊഴിൽ മേഖലകളിൽക്കൂടി പ്രഖ്യാപിക്കാൻ തൊഴിൽ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇഷ്ടിക നിർമ്മാണത്തൊഴിലാളി മുതൽ സ്വകാര്യ ആശുപത്രികളിലെ തൊഴിലാളികളുൾപ്പെടെ 16 വ്യത്യസ്ത മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനം പുതുക്കിനിശ്ചയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് തൊഴിൽ വകുപ്പിന്റെ വലിയ നേട്ടങ്ങളുടെ നീണ്ട പട്ടികയിൽ ഉൾപ്പെടുന്നതാണ്. തൊഴിൽ സുരക്ഷിതത്വം, വേതന സുരക്ഷിതത്വം എന്നിവയോടൊപ്പം സാമൂഹ്യ സുരക്ഷിതത്വംകൂടി തൊഴിലാളികൾക്ക് ഉറപ്പുവരുത്താൻ ധാരാളം പദ്ധതികൾ ഈ വകുപ്പിന് കൈകാര്യം ചെയ്യാനും അവതരിപ്പിക്കാനും അംഗീകരിപ്പിച്ചെടുക്കാനും പ്രാവർത്തികമാക്കാനും കഴിഞ്ഞിട്ടുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി - ചിസ് പ്ലസ്, ആം ആദ്മി ബീമ യോജന തുടങ്ങി ധാരാളം ആശ്വാസ ക്ഷേമ പദ്ധതികൾ നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. തൊഴിലന്വേഷകർക്ക് പേര് രജിസ്റ്റർ ചെയ്യാനായി നീണ്ട ക്യൂവിൽ നിൽക്കേണ്ടിവരുന്ന ഒരു സ്ഥാപനമായിരുന്നു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ. ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വലിയൊരു പരിവർത്തന ദിശയിലാണ് മുമ്പോട്ടുപോകുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകളായി മാറുകയാണ്. അത് ഇന്നലെകളിൽ പലർക്കും പരീക്ഷിക്കാൻ കഴിയാത്ത, നാളത്തെ സമൂഹത്തിന് അനിവാര്യമായ, ഈ കാലഘട്ടത്തിന് അനുയോജ്യമായ ഒരു മാറ്റമാണ്. 45 ലക്ഷത്തിന്റെ പിൻനിരക്കാരനായി പേര് രജിസ്റ്റർ ചെയ്ത് ഒരു

കാർഡ് കിട്ടുമോ എന്നറിയാനായി സമീപിച്ചിരുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ഇന്നത്തെ നിലയിലേക്ക് മാറ്റിയെടുക്കുന്നതിൽ ഈ സർക്കാർ വലിയ നേട്ടം കൊയ്തിരിക്കുന്നു. അതുപോലെതന്നെ ഐ.ടി.ഐ.-കളും നൈപുണ്യ വികസന കേന്ദ്രങ്ങളായി മാറുകയാണ്. അതൊരു ചെറിയ നേട്ടമാണോ? ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാകുന്ന നിലവാരത്തിലേക്ക് നിരവധി ഐ.ടി.ഐ.-കൾ മുന്നേറുന്നു. എന്റെ നിയോജകമണ്ഡലത്തിലും ഒരു ഐ.ടി.ഐ. ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഒന്നിലേറെ തവണ കോൺഫറൻസ് വിളിക്കുകയും ആ ഐ.ടി.ഐ.യിൽ വളരെ പരിമിതമായ സ്ഥലത്തിനുള്ളിൽപ്പോലും മെച്ചപ്പെട്ട സംവിധാനമുണ്ടാക്കാൻ തീരുമാനമെടുക്കുകയും അത് പ്രാവർത്തികമാക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്ത സർക്കാരാണ് ഇത്. ഞാൻ എന്റെ നിയോജക മണ്ഡലത്തിന്റെ നേട്ടം വലുതായി കാണുന്നതല്ല. ഓരോ ചെറിയ കാര്യങ്ങളിലും വലിയ ഉത്തരവാദിത്വത്തോടുകൂടി എല്ലാ കാര്യങ്ങളെയും നിരീക്ഷിക്കാനും ആവശ്യമായ കാര്യങ്ങളിൽ ഇടപെടാനും ചെയ്യേണ്ട കാര്യങ്ങൾ തിരിച്ചറിയാനുമൊക്കെയുള്ള ഒരു വലിയ മുന്നേറ്റമാണ് തൊഴിൽ വകുപ്പ് നിർവഹിച്ചത്. ഇതുപറയുമ്പോൾ കർഷകത്തൊഴിലാളിയെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. മിനിമം വേതനം പുതുക്കി നിശ്ചയിച്ച 16 ഇനങ്ങളെക്കുറിച്ചും മിനിമം വേതനം പ്രഖ്യാപിച്ച പുതിയ 22 മേഖലകളെക്കുറിച്ചും ഞാൻ പറഞ്ഞു. പക്ഷേ നമ്മുടെ കർഷകത്തൊഴിലാളികളുടെ സ്ഥിതി ബഹുമാനപ്പെട്ട മന്ത്രിയോട് പറയാതിരിക്കുന്നത് ശരിയല്ല. കർഷകത്തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചത് ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. അതിന്റെ നടപടിക്രമങ്ങൾ നടക്കുന്നുവെന്ന് എനിക്ക് അറിയാം. പക്ഷേ, അത് നീണ്ടുപോകരുത്. ഞാൻ കാർഷിക പ്രാധാന്യമുള്ള നിയോജകമണ്ഡലത്തിൽനിന്ന് വരുന്ന ജനപ്രതിനിധിയാണ്. എന്റെ നാട്ടിൽ ബംഗാളിൽ 35 വർഷം ഭരിച്ച പാർട്ടിയെക്കുറിച്ച് വലിയ അഭിപ്രായമാണ്. ബംഗാളിൽ 35 വർഷം ഭരിച്ച ശ്രീ. ജ്യോതി ബസുവിൽനിന്ന് ബുദ്ധദേവ് ഭട്ടാചാര്യയിലേക്ക് ഭരണമാറ്റം നടന്നു എന്നത് വലിയ ആശ്വാസമായി കാണുന്ന ആളുകളാണ് എന്റെ നാട്ടിലുള്ളത്. കാരണം അവിടെ (എന്റെ നാട്ടിൽ) കാർഷികവൃത്തിക്ക് ആളുകളെ കിട്ടുന്നില്ല, കോൾ നിലങ്ങളിൽ പണിക്കാരെ കിട്ടുന്നില്ല. അവിടെ ഞാറ് നടാനും കൊയ്യാനും വരുന്ന നിരവധി ആളുകൾ ബംഗാളികളാണ്. ബംഗാളിൽ 35 വർഷം തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തിന്റെ പാർട്ടി ഭരിച്ചപ്പോൾ അവിടെയുള്ള ആളുകൾ കൂട്ടത്തോടെ നാടുവിട്ടതാണ്. അവിടെ അഡ്രസ് ഇല്ലാത്ത തൊഴിലാളികളാണെങ്കിൽപ്പോലും അവർ ഞങ്ങളുടെ നാട്ടിൽ വലിയ അനുഗ്രഹമാണ്. ഒരർത്ഥത്തിൽ, മാർക്സിസ്റ്റ് പാർട്ടി 35 വർഷം ബംഗാളിൽ ഭരിച്ചില്ലായിരുന്നുവെങ്കിൽ കേരളത്തിൽ കാർഷികവൃത്തിക്ക് ആളുകളെ കിട്ടുമായിരുന്നില്ല. ഇത് ഒരു പാർട്ടിയെ ചെറുതാക്കി പറയുന്നതല്ല, സത്യത്തിനുനേരെ കണ്ണടയ്ക്കാൻ കഴിയില്ല എന്നതുകൊണ്ടാണ്

ബംഗാളിൽനിന്നു വരുന്ന കർഷകത്തൊഴിലാളികളെക്കുറിച്ച് പറയുന്നത്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമായ കാര്യമാണ്. എനിക്ക് വളരെ അഭിമാനത്തോടുകൂടി ഇക്കാര്യം പറയാൻ കഴിയും.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ആനുകൂല്യവും പ്രഖ്യാപിച്ചതും നടപ്പിലാക്കിയതും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷകത്തൊഴിലാളികളുടെ ക്ഷേമനിധി കുടിശ്ശിക ഏകദേശം 218 കോടി രൂപയോളം വന്നിരിക്കുകയാണ്. അത് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. പി. എ. മാധവൻ: സർ, ഈ ഗവൺമെന്റ് 2014 വരെയുള്ള കുടിശ്ശിക കൊടുത്തത് പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കുടിശ്ശിക കൊടുത്തുതീർക്കുന്നതു സംബന്ധിച്ച് പരസ്യമായൊരു നിലപാടുള്ള സർക്കാരാണിത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് കർഷകത്തൊഴിലാളി പെൻഷനെക്കുറിച്ചാണ്. ശ്രീ. ചിറ്റയം ഗോപകുമാർ പറഞ്ഞത് ഒരു വസ്തുതയാണ്, അതിന്റെ മറ്റാനുകൂല്യങ്ങൾ മുടങ്ങിയിരിക്കുകയാണ്. പക്ഷേ ആ ക്ഷേമനിധി ബോർഡിന് ഈ നിലയിൽ എത്രനാൾ മുന്നോട്ടുപോകാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഈ സഭ തന്നെ ചർച്ച ചെയ്തിട്ടുള്ളതാണ്. 2000 മുതൽ 2010 വരെ കുടിശ്ശികയുണ്ടായിരുന്നു. അതിൽ 2009 വച്ചുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വൺ ടൈം പേമെന്റ് ഗവൺമെന്റിൽനിന്ന് കൊടുത്തു എന്നത് വസ്തുതയാണ്. പക്ഷേ ക്ഷേമനിധി ബോർഡുകളുടെയെല്ലാം ബാധ്യത ഗവൺമെന്റിന് ഏറ്റെടുക്കാൻ സാധിക്കുമോ എന്ന വലിയൊരു ചോദ്യമാണ് നമ്മുടെ മുന്നിലുള്ളത്. ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാതെ അതിന്റെ ആനുകൂല്യങ്ങൾ കൊടുത്തില്ല എന്നുള്ളത് ഗവൺമെന്റിനുമേൽ ആക്ഷേപമായി ഉന്നയിക്കുന്നത് ഉചിതമല്ല എന്ന് ഓർമ്മപ്പെടുത്തുന്നു എന്നുമാത്രം.

ശ്രീ. പി. എ. മാധവൻ: സർ, നഴ്സിംഗ് ജോലിയിലേക്കുള്ള റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് വളരെ കർശനമായ നിയന്ത്രണം നല്ലതാണ്. ബഹുമാനപ്പെട്ട പ്രവാസികാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേക്ക് പറയുകയാണ്. അഴിമതി തടയാൻ കർശനമായ നിയന്ത്രണങ്ങൾ അനിവാര്യമാണ്. നഴ്സിംഗ് ജോലിയിലേക്കുള്ള റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് കർശനമായ നിയന്ത്രണം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് വിദേശത്ത് നഴ്സിംഗ് മേഖലയിൽ തൊഴിൽ ലഭിച്ച് നിയമനം

കാത്തിരിക്കുന്നവർക്ക് പുതിയ നിയന്ത്രണങ്ങൾ തടസ്സമാകരുത്. ആ കാര്യത്തിൽ വളരെ ശ്രദ്ധവേണം. അവർക്ക് പുതിയ നിയന്ത്രണം കൂടാതെ ജോലിയിൽ പ്രവേശിക്കാൻ കഴിയണം.

സഹകരണ മേഖലയിൽ കൺസ്യൂമർ ഫെഡിന്റെ കാര്യം ഇവിടെ പലരും പറഞ്ഞതാണ്. അഴിമതിയെ വളരെ ഗൗരവത്തോടുകൂടി കാണുകയും അതു സംബന്ധിച്ച് അന്വേഷിക്കുകയും അഴിമതിക്കാരെ മാതൃകാപരമായി ശിക്ഷിക്കുകയും വേണം. അതിനൊരു രാഷ്ട്രീയ കവചവും ആയുധമാകരുത്. എന്നാൽ അഴിമതിയെന്ന പേരിൽ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കുന്ന, കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങളെ നിശ്ചലമാക്കുന്ന ഒരു സമീപനമുണ്ടാകരുത്. കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങൾ ജീവസുറ്റ സ്ഥാപനങ്ങളായി നിലനിൽക്കണം. നിത്യോപയോഗസാധനങ്ങൾ ലഭിക്കുന്ന കാര്യത്തിൽ ജനങ്ങൾ കൂടുതൽ വിശ്വാസ്യതയോടുകൂടി കാണുന്നത് സഹകരണ സ്ഥാപനങ്ങളെയാണ്. അതുകൊണ്ട് സഹകരണ പ്രസ്ഥാനത്തോട് കുറച്ചെങ്കിലും leniency കാണിക്കാൻ ബന്ധപ്പെട്ട എല്ലാവർക്കും ബാധ്യതയുണ്ടെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, പ്രവാസി ക്ഷേമം യഥാർത്ഥത്തിൽ ഒരു കടങ്കഥയാണ്. സർക്കാരുകളുടെ പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ല. എന്തൊക്കെയോ വലിയ വലിയ കാര്യങ്ങൾ നമ്മൾ പറഞ്ഞുവെങ്കിലും നടന്നത് വട്ടപൂജ്യമാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഒരുപോലെ പ്രവാസികളെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യം കയറ്റുമതിക്കാർക്കും വൻകിട വിദേശ നിക്ഷേപകർക്കും വലിയ ആനുകൂല്യങ്ങൾ നൽകുന്നു. വിദേശനാണ്യശേഖരത്തിലേക്ക് മുതൽക്കൂട്ടുന്നവരെന്ന നിലയിലാണ് അവർക്ക് സബ്സിഡികളും ഇൻസെന്റീവുമൊക്കെ നൽകുന്നത്. എന്നാൽ 7000 കോടി ഡോളറാണ് ഒരു വർഷം പ്രവാസികൾ ഇന്ത്യയിലേക്ക് അയയ്ക്കുന്നത്. മണലാരണ്യങ്ങളിൽ വിയർപ്പൊഴുക്കിയും പട്ടിണി കിടന്നും അയയ്ക്കുന്ന തുകയാണ് ഇതിൽ മുഖ്യം. മറ്റ് വിദേശ രാജ്യങ്ങളിലും പ്രവാസി ഇന്ത്യക്കാരുണ്ടെങ്കിലും മിഡിൽ ഈസ്റ്റിൽനിന്നാണ് കൂടുതൽ തുക ഇന്ത്യയിലേക്ക് വരുന്നത്. യൂറോപ്പിലും അമേരിക്കയിലും സെറ്റിൽ ചെയ്ത പ്രവാസികൾ അയയ്ക്കുന്നതിനേക്കാൾ വലിയ സംഖ്യയാണ് ഗൾഫ് രാജ്യങ്ങളിലുള്ള ഇന്ത്യക്കാർ ഇവിടേക്ക് അയയ്ക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ കാര്യം പരിശോധിച്ചാലും ഇക്കാര്യം വ്യക്തമായി മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ പത്ത് വർഷത്തെ കണക്ക് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ പ്രവാസി പണം കേരളത്തിലേക്ക് വന്നത് 2012-13 സാമ്പത്തിക വർഷമാണ്. അതിന് തൊട്ടുമുമ്പുള്ള വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 17

ശതമാനത്തിന്റെ വർദ്ധനവാണ് പ്രവാസി പണത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ഒരു ലക്ഷം കോടി രൂപയാണ് കഴിഞ്ഞ വർഷം പ്രവാസികളിൽനിന്ന് കേരളത്തിലേക്ക് വന്നിട്ടുള്ളത്. എന്നാൽ അതിന് ആനുപാതികമായി നമ്മൾ പ്രവാസികൾക്ക് എന്തെങ്കിലും ചെയ്തുകൊടുക്കുന്നുണ്ടോ? കേരള നിയമസഭയിൽ ഭരണ-പ്രതിപക്ഷത്തുള്ളവർ പ്രവാസികൾക്കുവേണ്ടി വാദിക്കുന്നുണ്ട്. ശ്രീ. ടി. എൻ. പ്രതാപൻ ഉൾപ്പെടെയുള്ളവർ പ്രവാസികൾക്കുവേണ്ടി സംസാരിച്ചു. നമ്മൾ അവർക്ക് ഒന്നും ചെയ്തു കൊടുക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഗൾഫ് സെക്ടറിൽ മാത്രം വിമാനക്കൂലി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത് സാധാരണ പ്രവാസികൾക്ക് താങ്ങാവുന്നതിലും അധികമാണ്. എയർ ഇൻഡ്യ മൂന്നിരട്ടി ചാർജ് കൂട്ടിയപ്പോൾ സ്വകാര്യ വിമാനക്കമ്പനികൾ നാലും അഞ്ചും ഇരട്ടി വർദ്ധിപ്പിച്ചിരിക്കുകയാണ്. വർദ്ധനവിന്റെ കണക്ക് ഇവിടെ പലരും പറയുകയുണ്ടായി. ഇതുസംബന്ധിച്ച് സംസ്ഥാനത്തെ കേരളകൗമുദി, മലയാള മനോരമ, മാധ്യമം, ദേശാഭിമാനി, മാതൃഭൂമി തുടങ്ങി പല പത്രങ്ങളും മുഖപ്രസംഗങ്ങൾ എഴുതുകയുണ്ടായി. കേരളകൗമുദി പത്രം ഇതുസംബന്ധിച്ച് 'വിമാന കമ്പനികളുടെ പകൽക്കൊള്ള' എന്ന പേരിലാണ് മുഖപത്രം എഴുതിയത്. ടെലിവിഷൻ ചാനലുകൾ ഇതൊരു പ്രധാന വിഷയമായി എടുക്കുന്നുണ്ട്. എന്താണ് യാഥാർത്ഥ്യം? രാഷ്ട്രീയം പറയുകയാണെന്നുപറഞ്ഞ് എന്നെ കുറ്റപ്പെടുത്തരുത്. ഇക്കാര്യത്തിലും മുഖ്യപ്രതി കഴിഞ്ഞ യു.പി.എ. സർക്കാർ ആണെന്ന് എനിക്ക് പറയേണ്ടിവരികയാണ്. കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ അവസാനഘട്ടത്തിലാണ് ചാർജ് വർദ്ധിപ്പിക്കാനുള്ള അനുമതി നൽകിയത്. അപ്പോൾ ഞാൻ ഈ വിഷയവുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ, ഈ വിഷയം കേന്ദ്രത്തിന് മുമ്പാകെ അവതരിപ്പിക്കാമെന്നാണ് കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്. യഥാർത്ഥത്തിൽ പ്രശ്നം പരിഹരിക്കുകയല്ല ചെയ്തത്. കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണമില്ലാത്തവിധം സീസണൽ ഘട്ടങ്ങളിൽ വ്യോമയാന മന്ത്രാലയത്തിന് ഇഷ്ടംപോലെ ചാർജ് വർദ്ധിപ്പിക്കാനുള്ള അനുമതി നൽകുകയാണ് ചെയ്തത്. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച കാര്യം ഇപ്പോൾ ശക്തമായി തുടരുകയാണ്. മലയാളികളെ സംബന്ധിച്ച് മറ്റൊരു ചതികൂടി നടന്നിട്ടുണ്ട്. ഇൻഡ്യയിൽ ഇന്റർനാഷണൽ ഹബ്ബ് നിശ്ചയിച്ച സമയത്ത് കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളെയും പരിഗണിച്ചില്ല. ഇന്റർനാഷണൽ ഹബ്ബുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. അയാട്ട, ഇന്റർ നാഷണൽ എയർ ചാർജ് നിശ്ചയിക്കുന്ന സമയം ഇന്റർനാഷണൽ ഹബ്ബുകൾ തമ്മിലുള്ള ദൂരമാണ് പരിഗണിക്കുന്നത്. കേരളത്തിലേക്കുള്ള ചാർജ് വർദ്ധിപ്പിച്ചപ്പോൾ ദുബായിൽ നിന്നോ മറ്റ് ഗൾഫ് രാജ്യങ്ങളിൽ നിന്നോ

ബാംഗ്ലൂരിലേക്കുള്ള ചാർജ് വർദ്ധിപ്പിക്കാത്തതിന് കാരണമിതാണ്. മലയാളികളെ സംബന്ധിച്ചിടത്തോളം വലിയ തോതിൽ തിരിച്ചടിയാവുകയാണ്. ഇന്റർനാഷണൽ ഹബ്ബ് പദവി നമ്മുടെ വിമാനത്താവളങ്ങൾക്ക് നൽകാതിരുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഒന്നാം പ്രതിയാണ്. എന്നാൽ ഇന്റർനാഷണൽ ഹബ്ബ് നൽകുന്ന ചർച്ചകളിൽ കൃത്യമായി ഇടപെടാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞോ? ഒരു പ്രതിനിധിയെ അയച്ചുവെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ മന്ത്രിതലത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ യഥാസമയം ഇക്കാര്യത്തിൽ ഇടപെട്ടില്ലെന്നുള്ള വിമർശനം എനിക്കുണ്ട്. ഏറ്റവും ഒടുവിൽ ശ്രീ. പി. എ. മാധവൻ പറഞ്ഞുനിർത്തിയ കാര്യമാണ് നഴ്സിംഗ് റിക്രൂട്ട്മെന്റ്. അതുമായി ബന്ധപ്പെട്ട് നമ്മുടെ മുന്നിൽ പ്രശ്നങ്ങളുണ്ട്. എമിഗ്രേഷൻ ക്ലിയറൻസ് കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ല. അതിനുള്ള ചട്ടം കർശനമാക്കി. ഇവിടെ ഉതുപ്പ് വർഗ്ഗീസിന്റെ നേതൃത്വത്തിൽ നടന്ന നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ് കേസ് സി.ബി.ഐ. അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്, തട്ടിപ്പുകാർക്കെതിരെ കർശന നടപടി സ്വീകരിച്ച് പ്രതികളെ വെളിച്ചത്തുകൊണ്ടുവരണം. അതേസമയം എമിഗ്രേഷൻ ചട്ടം കർശനമാക്കുന്നുവെന്ന പേരിൽ കേരളത്തിൽ നിന്നുള്ള തൊഴിലന്വേഷകരുടെ യാത്രയെ തടസ്സപ്പെടുത്താൻ പാടില്ല. ശ്രീ. വയലാർ രവി ഉണ്ടാക്കിയ ചില കരാറുകളിൽ ഇത്തരത്തിലുള്ള ചില ചതികൾ ഒളിഞ്ഞുകിടന്നിരുന്നുവെന്ന കാര്യം മറക്കാൻ പാടില്ല. കരാർ ഉണ്ടാക്കുന്ന സമയം അവിദഗ്ധ തൊഴിലാളികളുടെ യാത്രയുമായി ബന്ധപ്പെട്ട് എമിഗ്രേഷൻ ക്ലിയറൻസിന്റെ കാര്യത്തിൽ ഉണ്ടായിരുന്ന ചില വ്യവസ്ഥകൾ നമുക്ക് ദോഷകരമായി വരികയാണ്. ഇതുസംബന്ധിച്ച് മലയാള മനോരമ 'നമ്മുടെ തൊഴിലന്വേഷകരുടെ വാതിൽ അടയ്ക്കരുത്' എന്ന പേരിൽ ലേഖനംതന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രവാസികൾക്ക് വലിയ തോതിൽ കാര്യങ്ങൾ ചെയ്യുന്നുവെന്ന് പറയുകയും ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്നതാണ് ഇപ്പോഴത്തെ സ്ഥിതി. സംസ്ഥാനത്ത് കേരള ഗവൺമെന്റ് പ്രവാസി ക്ഷേമത്തിനുവേണ്ടി ചെയ്തുവെന്നുപറയുന്ന കാര്യങ്ങൾ പരിശോധിച്ചാൽ സത്യത്തിൽ വളരെയേറെ നിരാശാജനകമാണ്. പ്രവാസി ക്ഷേമനിധി ബോർഡിന്റെ സ്ഥിതി സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നെഞ്ചത്ത് കൈവച്ച് പരിശോധന നടത്തണം. 30 ലക്ഷം പ്രവാസികളുള്ള കേരളത്തിൽ ആകെ 120000 പേരാണ് ക്ഷേമനിധിയിൽ ചേർന്നിട്ടുള്ളത്. ചേർന്നവർക്കും ആനുകൂല്യങ്ങൾ നൽകുന്നില്ല. 60 വയസ്സാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചെങ്കിലും ഒന്നും ചെയ്തിട്ടില്ല, ഇപ്പോഴും 55 വയസ്സിൽ തന്നെ നിൽക്കുകയാണ്. അതിൽ ഒരു മാറ്റവും വരുത്താൻ കഴിഞ്ഞിട്ടില്ല. ക്ഷേമനിധി ബോർഡിലുള്ള യാതൊരു ആനുകൂല്യവും നൽകുന്നില്ല. ആ ക്ഷേമനിധി ബോർഡ് ഇപ്പോൾ ഉണ്ടോയെന്നുള്ള കാര്യത്തിൽവരെ സംശയമാണ്. നിതാഖത്തുമായി ബന്ധപ്പെട്ട പുനരധിവാസം

എത്രയോ തവണ ചർച്ച ചെയ്തതാണ്. 20000 ആളുകളുടെ പേര് രജിസ്റ്റർ ചെയ്തെങ്കിലും ഏതാനും ആളുകൾക്ക് വാഹനം നൽകാൻ കഴിഞ്ഞുവെന്നതിനേക്കാൾ ആർക്കും കൃത്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഒരു ചികിത്സാ സഹായത്തിന് അപേക്ഷ നൽകിയാൽ മറുപടിയില്ല, വർഷങ്ങളോളം കാത്തിരിക്കുകയാണ്. മറ്റ് വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾപോലും പ്രവാസികൾക്ക് നൽകുന്നില്ലെങ്കിലും വലിയ കാര്യങ്ങൾ ചെയ്യുന്നുവെന്നാണ് പറയുന്നത്. ഇത് കണ്ണുതുറന്ന് കാണാൻ നമുക്ക് കഴിയണം. മന്ത്രിക്കും ഗവൺമെന്റിനും താൽപ്പര്യമുണ്ടോ എന്നതിനപ്പുറം പ്രവാസിക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥർ, പ്രവാസികൾ വലിയ ആളുകളായതുകൊണ്ട് അവർക്ക് ഒന്നും ചെയ്യേണ്ട കാര്യമില്ലെന്ന നിലപാടിലാണ്. പ്രവാസികളെന്നാൽ സമ്പന്നരായ ആളുകൾ മാത്രമല്ല. റസ്റ്റോറന്റുകളിലും സൂപ്പർ മാർക്കറ്റുകളിലും പണിയെടുക്കുന്ന ആളുകളേയും അവരുടെ പ്രശ്നങ്ങളേയുംകൂടി കാണണം. ചില രാഷ്ട്രീയപ്രശ്നങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, പ്രവാസികളുടെ വോട്ടവകാശത്തിനുവേണ്ടി പഞ്ചായത്തീരാജ് നിയമത്തിലും മുനിസിപ്പാലിറ്റി ആക്ടിലും മാറ്റം വരുത്തി കേരള നിയമസഭ ഒന്നിച്ച് പാസ്സാക്കിയതാണ്. പുതിയ പഞ്ചായത്ത് സമിതി നവംബർ മാസം 1-ാം തീയതി നിലവിൽ വരാൻ പോവുകയാണ്. ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് ഇലക്ഷൻ കമ്മീഷൻ ചോദിച്ചിരിക്കുകയാണ്. ഒന്നുകിൽ പ്രോക്സി വോട്ടിംഗ് അല്ലെങ്കിൽ ഓൺലൈൻ വോട്ടിംഗ്. പ്രോക്സി വോട്ടിംഗിന് എല്ലാവരും എതിരാണ്. അവശേഷിക്കുന്ന ഏകമാർഗ്ഗം ഓൺലൈൻ വോട്ടിംഗാണ്. അല്ലാതെ എല്ലാവർക്കും വോട്ട് ചെയ്യാൻ കഴിയില്ല. പോളിംഗ് ദിവസം നാട്ടിൽ വരാൻ പറഞ്ഞാൽ സാമ്പത്തികശേഷി ഉള്ളവർ മാത്രം വരും. ഗൾഫിലുള്ള പ്രവാസിക്ക് വോട്ട് ചെയ്യണമെങ്കിൽ ഏകമാർഗ്ഗം ഓൺലൈൻ വോട്ടിംഗ് ആണ്. ആൾപാർട്ടി യോഗത്തിൽ അങ്ങയുടെ പാർട്ടിക്കുവേണ്ടി പങ്കെടുത്ത ശ്രീ. എ. കെ. ബാലൻ അതിനെ അനുകൂലിച്ചില്ല. എന്താണ് സി.പി.ഐ(എം). നിലപാട്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഇക്കാര്യത്തിൽ ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുള്ള സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുള്ളത്....'we are preparing to amend' എന്നാണ്. ജനപ്രാതിനിധ്യ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സുപ്രീം കോടതി പരിഗണിക്കുകയാണ്. ഓൺലൈനുമായി ബന്ധപ്പെട്ട് നമുക്ക് നിയന്ത്രണങ്ങളില്ലാത്ത ചില പ്രശ്നങ്ങളുണ്ട്. ആധുനിക

യുഗത്തിൽ വലിയ തോതിലുള്ള കമ്പ്യൂട്ടർ ഹാക്കിംഗും മറ്റും നടക്കുന്നതുകൊണ്ട് അതിൽ ആശങ്കയുണ്ട്. യോഗത്തിലും ആ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ടാകാം എന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. കെ. സി. ജോസഫ്: ഇലക്ഷൻ കമ്മീഷനോട് എന്താണ് പറയേണ്ടത്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്താൽ അത് അനുസരിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ജനപ്രാതിനിധ്യ നിയമത്തിൽ പ്രവാസികൾക്ക് വോട്ട് ചെയ്യാനുള്ള മാറ്റം വരുത്തി. അതിന്റെ ഭാഗമായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി നിയമങ്ങളിലും മാറ്റം വരുത്തി. ഏത് mode of way ആണ് ഉപയോഗിക്കേണ്ടതെന്നത് റൂളിൽ മാത്രം മാറ്റം വരുത്തേണ്ട കാര്യമാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 1951-ലെ ജനപ്രാതിനിധ്യ നിയമത്തിൽ പാർലമെന്റ് മാറ്റം വരുത്തേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അനുകൂലമായ ഒരു നിലപാടെടുത്തിട്ടുണ്ടെന്നത് ശരിയാണ്. ഞാൻ കൂടുതലായി ആ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. അത് രാഷ്ട്രീയ പാർട്ടികൾ എന്നുള്ള നിലയിൽ ചർച്ച ചെയ്യേണ്ട കാര്യമാണ്. ഇവിടെ ശ്രീ. ആർ. സെൽവരാജ് സി.പി.ഐ.(എം.) ഇല്ലാതാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നൊക്കെ പറഞ്ഞു. പാർലമെന്റിൽ കോൺഗ്രസ് പാർട്ടി 426 സീറ്റിൽനിന്ന് 44 സീറ്റിലേക്ക് ചുരുങ്ങിയ കാര്യം ശ്രീ. ആർ. സെൽവരാജിന് അറിയില്ലേ; വലിയ തോതിൽ ഞങ്ങൾ വളരുകയാണെന്ന് അവകാശപ്പെടുന്ന കോൺഗ്രസ് ഇൻഡ്യൻ പാർലമെന്റിൽ ഒരു ചെറിയ ഗ്രൂപ്പായി മാറിയ കാര്യം വിസ്മരിച്ചുകൊണ്ടാണ് ഇവിടെ നിയമസഭയിൽ സംസാരിച്ച എന്റെ ബഹുമാന്യരായ പല കോൺഗ്രസ് സുഹൃത്തുക്കളും സംസാരിക്കുന്നത്. ഇവിടെ ഭാരതീയ ജനതാ പാർട്ടിക്കെതിരായി ഞങ്ങൾ ഫൈറ്റ് ചെയ്യുന്നുവെന്ന് ശ്രീ. രമേശ് ചെന്നിത്തല ഇന്ന് രാവിലെ പറയുകയുണ്ടായി. നിങ്ങൾ ഫൈറ്റ് ചെയ്ത സ്ഥലങ്ങളിലെല്ലാം നിങ്ങൾ തോറ്റു, ബി.ജെ.പി. ജയിച്ചു. എന്തുകൊണ്ടെന്നാൽ ആർ.എസ്.എസ്.-ന്റെയും സംഘപരിവാറിന്റെയും വർഗ്ഗീയ അജണ്ടയ്ക്കും ഫാസിസ്റ്റ് നയങ്ങൾക്കുമെതിരായി കൃത്യമായ ഒരു സമീപനവും കാഴ്ചപ്പാടും പല കാര്യങ്ങളിലുമില്ല. മൃദുഹിന്ദുത്വം, ബി.ജെ.പി. തീം ആയി പല കാര്യങ്ങളിലും പ്രവർത്തിക്കുന്നു. പല വിഷയങ്ങളും അങ്ങനെയാണ്. ഇവിടെ കോൺഗ്രസും ബി.ജെ.പി.-യുമൊക്കെത്തന്നെയുള്ള സഖ്യം നമ്മൾ കണ്ടതാണ്. 'കോ-ലീ-ബി' സഖ്യം ഈ സംസ്ഥാനത്തുണ്ടായതല്ലേ; ബേപ്പൂരും വടകരയുമൊക്കെ നിങ്ങൾ സഖ്യത്തിൽ മത്സരിച്ച കാര്യം നമുക്കറിയാവുന്ന

കാര്യമാണ്. അതുകൊണ്ട് അതൊന്നും കാണിച്ച് സി.പി.ഐ.(എം.)-നെ ഭീഷണിപ്പെടുത്തരുത് എന്ന വിനയപൂർവ്വമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്. പിന്നെ അരുവിക്കര തെരഞ്ഞെടുപ്പിൽ തോറ്റുവെന്നത്, ഇവിടെ എത്രയോ തെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷവും വലതുപക്ഷവുമൊക്കെ തോറ്റിട്ടുണ്ട്. 1957-ൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വന്നു. 1959-ൽ ആ ഗവൺമെന്റ് പിരിച്ചുവിട്ടു. 1960-ലെ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി തോറ്റു, കോൺഗ്രസ് അധികാരത്തിൽ വന്നു. എത്രകാലം കോൺഗ്രസ് വന്നു. പിന്നെ 1967 ആകുമ്പോഴേക്ക് ഇടതുപക്ഷ സഖ്യം അധികാരത്തിൽവന്നു. അങ്ങനെ വ്യത്യസ്ത സന്ദർഭങ്ങളിൽ തെരഞ്ഞെടുപ്പുകളിൽ എല്ലാ പാർട്ടികളും തോറ്റിട്ടുണ്ട്. അരുവിക്കര ചരിത്രത്തിന്റെ അവസാനമാണ് എന്നൊന്നും പറയേണ്ട.

ശ്രീ. പി. എ. മാധവൻ: സർ, 1960-ലെ തെരഞ്ഞെടുപ്പിനെക്കുറിച്ച് പറഞ്ഞിട്ട് നേരെ 1967-ലേക്കാണ് പോയത്. 1965-ലെ തെരഞ്ഞെടുപ്പിനെക്കുറിച്ച് എന്താണ് പറയാത്തത്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 1965-ൽ എന്താണുണ്ടായത്; 1965-ൽ എല്ലാ പാർട്ടികളും ഒറ്റയ്ക്ക് മത്സരിച്ചപ്പോൾ സി.പി.ഐ.(എം.)-ന് കൂടുതൽ സീറ്റ് കിട്ടി. ആർക്കും ഭൂരിപക്ഷമില്ലായെന്നു പറഞ്ഞ് നിങ്ങൾ നിയമസഭ കൂടാൻ അനുവദിച്ചില്ല. അരുവിക്കര തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ അരുവിക്കരയാണ് ചരിത്രത്തിന്റെ അവസാനം എന്നുപറയാൻ സാധിക്കില്ല. തെരഞ്ഞെടുപ്പ് പരാജയത്തിൽനിന്ന് തീർച്ചയായിട്ടും ഇടതുപക്ഷം പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അതിശക്തമായി ഈ സംസ്ഥാനത്ത് മുന്നേറുമെന്ന കാര്യമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇന്നത്തെ ചർച്ചയ്ക്കൊരു പ്രത്യേകതയുള്ളത് ഇടതുപക്ഷത്തിന്റെ പോസിറ്റീവായ ഒരു സമീപനമാണ്. ശ്രീ. പി. കെ. ഗുരുദാസൻ നേരത്തെ ചർച്ച തുടങ്ങിയത് ഞാൻ ഈ ഡിമാന്റിനെ എതിർക്കുന്നുവെന്ന് പറഞ്ഞും ചർച്ച അവസാനിപ്പിച്ചത് ഈ ഡിമാന്റുകളെ അംഗീകരിക്കുന്നില്ലായെന്ന് പറഞ്ഞുമാണ്. എന്നുവച്ചാൽ ഡിമാന്റ് ഉണ്ട് എന്ന് തലമുതിർന്ന നേതാവ് ഇവിടെ തുടങ്ങിവച്ചതിൽ സന്തോഷമുണ്ട്. ഇതുവരെ ഡിമാന്റില്ല, ബഡ്ജറ്റില്ല എന്നൊക്കെ പറഞ്ഞുതുടങ്ങിയ ആളുകൾ, മാറിവരുന്നതിൽ സന്തോഷമുണ്ട്. ഏതായാലും ഇവിടെ ധാരാളം ചർച്ചകൾ നടക്കുകയുണ്ടായി. പ്രവാസി വകുപ്പുമായി ബന്ധപ്പെട്ട് പലരും പറഞ്ഞിട്ടുള്ള, ഒരേയൊരു വികാരത്തിൽപ്പെട്ട ഒന്നാണ് വിമാനക്കൂലിയുമായി ബന്ധപ്പെട്ട കാര്യം. സത്യത്തിൽ എല്ലാവർക്കുമറിയാം, കൃത്യമായ കൊള്ളയാണിവിടെ നടക്കുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ ഏറ്റവും ഭീകരമായി റേറ്റ് വർദ്ധിപ്പിച്ച്

പ്രവാസികളെ ഇടിച്ചുപിഴിയുന്ന ഒരു കൊള്ളയാണ് നടക്കുന്നത്. എന്താണ് അതിനൊരു പരിഹാരമെന്നത് നമ്മൾ പരിശോധിക്കേണ്ടതാണ്. അതുപോലെതന്നെ, പ്രവാസി വോട്ട്, ബഹുമാനപ്പെട്ട മന്ത്രിമാരായ ഡോ. എം. കെ. മുനീറും ശ്രീ. കെ. സി. ജോസഫും ചർച്ചയിലിടപെട്ട് ശ്രീ. കെ. വി. അബ്ദുൾ ഖാദറിനെക്കൊണ്ട് ഒരഭിപ്രായം പറയിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുകയുണ്ടായി. തീർച്ചയായും അഭിപ്രായമൊന്നും വരാൻ പോകുന്നില്ല, കാരണം അഭിപ്രായം ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ പറഞ്ഞിട്ടുണ്ട്, അല്ലെങ്കിൽ പാർട്ടി സെക്രട്ടറി പറയും. അതെന്താണെന്നുവച്ചാൽ ഇത് അംഗീകരിക്കുന്നില്ലായെന്നുള്ളതാണ്. അതിൽ വേറെ മാറ്റമൊന്നും വരാൻ പോകുന്നില്ല. പ്രവാസി വോട്ടിനെ സംബന്ധിച്ച് പ്രവാസികൾക്കുവേണ്ടി അന്യായമായി സംസാരിക്കാമെന്നല്ലാതെ അവരുടെ ഏറ്റവും മൗലികമായ അവകാശത്തിന്റെ കൂടെപോലും നിൽക്കാൻ ഇടതുപക്ഷത്തിന് കഴിയില്ല. പക്ഷെ ഗവൺമെന്റ് ഈ വിഷയം വളരെ ഗൗരവത്തിലെടുത്ത് ഏത് രീതി ഉപയോഗിച്ചാലും ഒരുപക്ഷെ നാട്ടിലെ ആളുകളെക്കാൾ കൂടുതൽ രാഷ്ട്രീയത്തിൽ ജാഗരൂകരാണ് പ്രവാസികൾ. അവർക്ക് രാഷ്ട്രീയമായി ഇടപെടാനുള്ള സാധ്യതയുണ്ടാക്കിക്കൊടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്. അതുപോലെതന്നെ ഒരുപക്ഷെ, സഹകരണ മേഖല കൈവരിച്ച ഒരു വിശ്വാസ്യതയാണ് 1.32 ലക്ഷം കോടിയിലധികം രൂപയിലേക്ക് നിക്ഷേപം വരാവുന്ന തരത്തിലേക്ക് അതിനെ വളർത്താൻ സാധിച്ചിട്ടുള്ളത്. ഒരു സഹകരണ പ്രസ്ഥാനമെന്ന നിലയ്ക്ക് അതിന്റെ സാമൂഹിക പ്രതിബദ്ധത വെളിവാക്കുന്ന നിരവധി പദ്ധതികളെക്കുറിച്ച് ഇവിടെ പലരും പറഞ്ഞതാണ്. 'സുവർണ്ണ കേരള' ആയാലും 'ആലില' പദ്ധതിയായാലുമൊക്കെ നടപ്പിൽ വരുത്തി വളരെ ശ്രദ്ധേയമായ മാറ്റങ്ങൾ ആ രംഗത്തുണ്ടാക്കിയിട്ടുണ്ട്. അതുപോലെതന്നെയാണ് തൊഴിൽ വകുപ്പ്. തൊഴിൽ വകുപ്പിനെപ്പറ്റി പറഞ്ഞാൽ അധികം ബഹളങ്ങളില്ലാതെ വലിയ മാറ്റങ്ങൾ തൊഴിൽ മേഖലയിൽ വരുത്താൻ കഴിഞ്ഞുവെന്നുള്ളത് ഈ നാലുവർഷക്കാലത്തെ ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഒരു കാര്യമാണ്. 217 കോടി രൂപയുടെ ആനുകൂല്യ വിതരണം നടത്തുക മാത്രമല്ല, ധാരാളം കാര്യങ്ങളുണ്ട്. ഞാൻ ഓരോന്നായി പറയുന്നില്ല. ഇവിടത്തെ നഴ്സിംഗ് മേഖലയിലെ ആളുകൾക്ക് മിനിമം വേതനം ഉറപ്പുവരുത്തി അവർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കി. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചു. അതുപോലെതന്നെ, മിനിമം വേതനം തൊഴിലാളികളുടെ കൈകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സുരക്ഷാ പദ്ധതി ഏർപ്പെടുത്തി. 10 ലക്ഷത്തിലധികം വരുന്ന വാണിജ്യ സ്ഥാപനങ്ങളിലുള്ള തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനും സംരക്ഷണം നൽകുന്നതിനും കഴിയുന്ന ഒരു ഭേദഗതി ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ വരുത്തുകയുണ്ടായി. അതുപോലെതന്നെ നോക്കുകൂലിയുടെ കാര്യത്തിൽ പോലീസുകാരുമായി ഇടപെട്ട് ഒരു നിയന്ത്രണം വരുത്താൻ തൊഴിൽ വകുപ്പിന്

സാധിച്ചിട്ടുണ്ട്. പക്ഷെ, ഇപ്പോഴും ഈ മേഖലയിൽ ചൂഷകരും ഗുണ്ടാ സമാനമായി പ്രവർത്തിക്കുന്നവരുമുണ്ട്. ഒരു വ്യാപാരി എന്നുള്ള നിലയ്ക്ക് എനിക്ക് കൃത്യമായി അറിയാം, ഇപ്പോഴും ആ മേഖല വീണ്ടും തിരിച്ചുപിടിക്കാനുള്ള ശ്രമം കൃത്യമായി അവരുടെയിടയിൽ നടക്കുന്നുണ്ട്. ഒരു ജാഗ്രത ഈ വിഷയത്തിലുണ്ടാകേണ്ടതാണ്. അതുപോലെ തന്നെയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റിയത്. അതിനെപ്പറ്റി ധാരാളം ചർച്ച വന്നിട്ടുള്ളതാണ്. അതുകൊണ്ട് ഞാൻ കൂടുതലായി പറയുന്നില്ല. പക്ഷെ ഒരു കാര്യം എനിക്ക് പറയാനുള്ളത്, ഈ സംഘടിതമേഖലയിലുള്ള തൊഴിലാളികളെ നോക്കാൻ ഇവിടെ പലരുമുണ്ട്. ഇപ്പോൾ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ശമ്പളപരിഷ്കരണം വരുന്നു. അതൊക്കെ നോക്കാൻ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും എല്ലാവരുമുണ്ട്. പക്ഷെ അസംഘടിതമേഖലയെന്നു പറയുന്ന ബൃഹത്തായ, ലക്ഷക്കണക്കിന് ആളുകൾ തൊഴിലെടുക്കുന്ന ടെക്സ്റ്റൈൽ മേഖലയിൽ ഒരു സമരം കേരളത്തിൽ നടന്നു. അവരുടെ കഥ കേട്ടാൽ സത്യത്തിൽ സങ്കടം തോന്നിപ്പോകും. പക്ഷെ അത് നമ്മളാരും ശ്രദ്ധിച്ചില്ല. ഈ സഭയ്ക്കകത്തിരിക്കുന്ന ഒരു പാർട്ടിയും അവരുടെ കൂടെ പോയില്ല. അവരുടെ സമരം അങ്ങനെയങ്ങ് അവസാനിക്കുകയായിരുന്നു. അതുപോലെതന്നെയാണ് അൺ-എയ്ഡഡ് മേഖലയിലുള്ള അദ്ധ്യാപകരുടെ കാര്യവും. ഇപ്പോൾ ഏറ്റവും അടുത്ത് പെരുമ്പിലാവിലെ അൻസാർ കോളേജിലെ യൂണിയൻ പ്രോഗ്രാമിൽ പ്രസംഗിക്കാൻ വന്ന രാഷ്ട്രീയ പ്രവർത്തകകൂടിയായി ശ്രീമതി സീമ സുരേഷിനോട് മാനേജ്മെന്റ് പറഞ്ഞത് 'നിങ്ങൾ ഇന്ന വസ്ത്രം ധരിച്ചുവരണമെന്നാണ്'. ജമാ അത്തെ ഇസ്ലാമി എന്ന ഒരു മതസംഘടന നടത്തുന്ന ഒരു സ്ഥാപനമാണ് പെരിമ്പിലാവിലെ അൻസാർ കോളേജ്. അവിടെ പ്രോഗ്രാമിൽ പങ്കെടുക്കുന്ന ഗസ്റ്റിനോട് ജീൻസ് ധരിച്ച് വരാൻ പാടില്ലായെന്ന് ഒരു കോളേജ് മാനേജ്മെന്റ് പറയുന്നുണ്ടെങ്കിൽ അവിടെയുള്ള അദ്ധ്യാപകരോട് ഏത് തരത്തിലാണ് ഇവരൊക്കെ ഇടപെടുന്നത് എന്ന് നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്. അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരാകട്ടെ, അല്ലെങ്കിൽ മറ്റ് തൊഴിൽ മേഖലയിലുള്ള ആളുകളാകട്ടെ, ഇവരുടെ സംരക്ഷണം ഉറപ്പുവരുത്താൻ പ്രത്യേകമായ ഒരു ജാഗ്രത തൊഴിൽ വകുപ്പിൽ നിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തൊഴിൽ മേഖലയിലെ മറ്റൊരു ശ്രദ്ധേയമായ കാര്യമാണ് 'കൗശൽ കേന്ദ്ര'യെന്ന് പറയുന്നത്. നമുക്കറിയാം, മലയാളികൾ പഠിക്കാൻ മിടുക്കരാണ്; അവർക്ക് ഇന്റർവ്യൂവിന്റെ കീയെന്നുപറയുന്നത് അവരുടെ ക്വാളിഫിക്കേഷൻ സർട്ടിഫിക്കറ്റുകളാണ്. അത് ഇന്റർവ്യൂവിന് അകത്തുകയറാനുള്ളതാണ്. പിന്നെയുള്ള പെർഫോമൻസിലാണ് നമ്മൾ മലയാളികൾ ഏറ്റവും കൂടുതൽ പരാജിതരായി പോകുന്നത്. അവരുടെ ഭാഷാ നൈപുണ്യമാകട്ടെ, അവരുടെ എക്സ്പീരിയൻസാകട്ടെ ഈ മേഖലയിലാണ് മലയാളി ഏറ്റവും വലിയ പരാജയം

നേരിടുന്നത്. ആ രംഗത്ത് നമ്മുടെ തൊഴിൽ ദാതാക്കളെ ശാക്തീകരിക്കാൻ കഴിയുന്ന ഒരു വലിയ പദ്ധതിയാണ് സത്യം പറഞ്ഞാൽ 'കൗശൽ കേന്ദ്ര' എന്നുപറയുന്നത്. ഒരുപക്ഷെ ലോകത്തുതന്നെ ശ്രദ്ധിക്കപ്പെടാവുന്ന ഒരു പദ്ധതിയാണിത്. മുഖ്യമന്ത്രി ഈ പദ്ധതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. പലയിടങ്ങളിലും ഇത് തുടങ്ങുന്നുവെന്നുപറയുന്നു. ബഹുമാനപ്പെട്ട മന്ത്രി എന്റെ മണ്ഡലത്തിൽ തുടങ്ങാമെന്ന് എനിക്കൊരു ഓഫർ തന്നതാണ്. ഒരു നഗരമണ്ഡലമായതുകൊണ്ട് സൗകര്യങ്ങൾ കണ്ടെത്താനുള്ള ഒരു ചെറിയ പ്രയാസം ഉണ്ടായി. രണ്ടാഴ്ചത്തെ സമയംകൂടി എനിക്ക് അനുവദിക്കണമെന്ന് ഞാൻ വിനീതമായി കിട്ടിയ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ പരിരക്ഷിക്കാൻ കഴിയുന്ന സമീപനം നമ്മുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് ഒരിക്കൽകൂടി പറയാനുള്ളത്.

ഇവിടെ ധാരാളം രാഷ്ട്രീയ ചർച്ചകൾ നടന്നതാണ്. ഞാൻ ദീർഘമായി രാഷ്ട്രീയ ചർച്ചകളിലേക്ക് കടക്കാനുദ്ദേശിക്കുന്നില്ല. ഒരൊറ്റ കാര്യം പറയാം. ഇവിടെ യു.ഡി.എഫ്.-നെ വിമർശിക്കുമ്പോൾ, അരുവിക്കരയിലെ തെരഞ്ഞെടുപ്പ് എല്ലാവരും പറഞ്ഞുകൊണ്ടിരിക്കുന്നു. നാലുവർഷം കേരളം ഭരിച്ച ഒരു ഗവൺമെന്റാണ് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ പോയത്. കേരളത്തിൽ ഗവൺമെന്റുകൾ മാറിമാറിവരുന്നതിന് കാരണം കൃത്യമായ വോട്ടർമാർ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം അല്ല, അതിനിടയിലുള്ള നിഷ്പക്ഷമതികളാണ് ആര് ഭരിക്കണമെന്ന് തീരുമാനിക്കുന്നതെന്നത് വ്യക്തമാണ്. അത് നമ്മൾ തമ്മിൽ തർക്കിച്ചിട്ടൊന്നും കാര്യമില്ല. അതിനിടയിൽ നിഷ്പക്ഷമതികളുടെ വലിയ നിരയുണ്ട്. അവരാണ് തീരുമാനിക്കുന്നത്. അതുകൊണ്ടാണ് ഈ ഭരണം മാറിമാറിവരുന്നത്. 90 സീറ്റും 100 സീറ്റും കിട്ടുന്നവർക്കും, അത് കിട്ടാതെ പോകുന്നത്, ആ പാർട്ടിയുടെ മാത്രം വോട്ടല്ല അവരെ ജയിപ്പിക്കുന്നത് എന്നതാണ്. പക്ഷെ നാലുവർഷം കഴിഞ്ഞിട്ടും അഭിമാനത്തോടുകൂടി ഒരു തെരഞ്ഞെടുപ്പിനു മുമ്പിൽ ചാഞ്ചല്യമില്ലാതെ നിൽക്കാൻ ഒരു ഗവൺമെന്റിന് കഴിഞ്ഞുവെന്നതാണ് അരുവിക്കര തെരഞ്ഞെടുപ്പിലെ ജയപരാജയങ്ങളെക്കാൾ കൂടുതൽ യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ ഒരു കാര്യമെന്നു പറയുന്നത്. ഇവിടെ സഹതാപതരംഗം എന്തോ ആയിക്കോട്ടെ. ലീഗുകാർ ശ്രദ്ധിക്കണം. ബി.ജെ.പി.ക്ക് വിരുദ്ധമായ അഭിപ്രായം എന്നുപറഞ്ഞുകൊണ്ട് ഇവിടെ ഇന്ന് രാവിലെയും ' ബി.ജെ.പി. വരാൻ പോകുകയാണ് അതുകൊണ്ട് ഞങ്ങളുടെ കൂടെ കൂടിക്കൊള്ളൂവെന്ന് ബഹുമാനപ്പെട്ട ഒരു മെമ്പർ പറയുകയുണ്ടായി. ഞാൻ ഒരു കാര്യം പറയാം ഇടതുപക്ഷത്തിന് ബി.ജെ.പി.-യോട് വിരോധമില്ല, അവർ ആർ.എസ്.എസ്.നെ സഹായിക്കുന്നുവെന്നു പറയാൻ മാത്രമുള്ള വിഡ്ഢിത്തമൊന്നും

ഞങ്ങൾക്കാർക്കുമില്ല. നിങ്ങൾക്ക് ബി.ജെ.പി.-യോട് ഭയങ്കര ദേഷ്യമാണ്, ബി.ജെ.പി.യെ കണ്ടാൽ നിങ്ങൾ വോട്ട് എതിരായി ചെയ്യുക മാത്രമല്ല അവരെ കൈകാര്യം ചെയ്യാൻവരെ നിങ്ങൾ ഉഷാറാണ്, വളരെ മിടുക്കന്മാരാണ്. സംഗതിയൊന്നും കുഴപ്പമില്ലാത്ത കാര്യമാണ്. പക്ഷെ ആത്മാർത്ഥതകൊണ്ടു മാത്രം എന്താണ് കാര്യം; ഞാനൊരു ഉദാഹരണം പറയാം. നായയാണല്ലോ ഇപ്പോൾ ഇവിടത്തെ ഒരു താരമെന്നു പറയുന്നത്. തിരുവനന്തപുരം കോർപ്പറേഷൻ നായയെ പിടിക്കാൻ തീരുമാനിച്ചുവെന്നിരിക്കട്ടെ, അങ്ങനെ എല്ലാ നിയമവും മറികടന്ന് അവർ തീരുമാനമെടുത്തു, കോൺട്രാക്ട് എടുത്ത നായപിടുത്തക്കാരൻ കമ്പിയും സിറിഞ്ചും എല്ലാ സാധനങ്ങളുമായി തിരുവനന്തപുരം കോർപ്പറേഷനിൽ വന്നിറങ്ങുകയാണ്. പക്ഷെ, കോർപ്പറേഷനിലെ നായ സ്നേഹിയായ ഒരംഗം ഈ വിവരം നായ്ക്കൾക്ക് ചോർത്തിക്കൊടുത്തുവെന്ന് വിചാരിക്കുക, നായ്ക്കൾ നേരെ കൊല്ലം കോർപ്പറേഷനിലേക്ക് പോകും. നായപിടുത്തക്കാരനിവിടെ തിരുവനന്തപുരം കോർപ്പറേഷനിൽ, നായ്ക്കളെവിടെയാണ് കൊല്ലം കോർപ്പറേഷനിൽ, പണി നടക്കുകയില്ലല്ലോ, നായയുള്ളിടത്ത് നായ പിടുത്തക്കാരനും വേണം. ഇവർ രണ്ടുപേരുംകൂടി കൂട്ടിമുട്ടാനുള്ള ഭാഗ്യവുമുണ്ടാകണം. ബി.ജെ.പി.-യോട് നിങ്ങൾക്ക് ഭയങ്കര ദേഷ്യമാണ്. അതിന് ഞാൻ നിങ്ങളെ അപ്രീഷ്യേറ്റ് ചെയ്യുന്നു. ബി.ജെ.പി. എവിടെയാണ്, ഉത്തർപ്രദേശിലും ബീഹാറിലും രാജസ്ഥാനിലും ഡൽഹിയിലുമാണ്. നിങ്ങൾ കേരളത്തിലാണ്. കുറച്ചുള്ളത് ബംഗാളിലും ത്രിപുരയിലുമാണ്. ബി.ജെ.പി. ഉള്ളിടത്ത് നിങ്ങളില്ല, നിങ്ങൾ ഉള്ളിടത്ത് ബി.ജെ.പി.-യുമില്ല. മുഖാമുഖമൊന്നു കാണാൻപോലും കഴിയാതെ പുറകെ നടന്നിട്ട് വല്ല കാര്യവുമുണ്ടോ? ബി.ജെ.പി.യെ അത്യപൂർവ്വമായി കേരളത്തിൽ കണ്ടുകിട്ടിയ ഒരു സ്ഥലമാണ് തിരുവനന്തപുരം പാർലമെന്റ് തെരഞ്ഞെടുപ്പ്. അപ്പോൾ നിങ്ങൾക്ക് മൂന്നാം സ്ഥാനമാണുണ്ടായിരുന്നത്. ബി.ജെ.പി.യുടെ പുറകിലാണ് നിൽക്കുന്നത്. അപ്പോൾപിന്നെ നിങ്ങളുടെകൂടെ കൂടിയിട്ട് ഞങ്ങളുംകൂടെ കുളത്തിലാകേണ്ട കാര്യമില്ലല്ലോ. ഇന്ത്യൻ പൊളിറ്റിക്സിനകത്ത് ബി.ജെ.പി.യെ നേർക്കുനേർ നേരിടാൻ കഴിയുന്ന ഒരു കക്ഷിയുടെ കൂടെയാണെന്ന അഭിമാനബോധത്തോടെയാണ് ഞങ്ങൾ ഇപ്പോൾ ഇവിടെ നിൽക്കുന്നത്. ഇടതുപക്ഷം കേരളത്തിൽ തകരുന്നുവെന്നതിനെ ആശാസ്യമായി കാണുന്ന ഒരാളല്ല ഞാൻ. ഒരിക്കലും സി.പി.ഐ. (എം) തകരണമെന്ന് ആഗ്രഹിക്കുന്ന വ്യക്തിയല്ല ഞാൻ. ജനാധിപത്യത്തെ സക്രിയമാക്കുന്ന എതിർപ്പുകൾ അങ്ങോട്ടുമിങ്ങോട്ടുമുണ്ടാകും. പക്ഷെ ഒരിക്കലും തകരാൻ പാടില്ല. ഇടതുപക്ഷത്തിന്റെ ഇടം എവിടെയാണെന്ന് പരിശോധിക്കണ്ടേ? പ്രത്യേകിച്ച് സി.പി.ഐ.(എം) പരിശോധിക്കണം. നിങ്ങൾ മതനിരപേക്ഷതയുടെ കാവലാളായി മുമ്പിൽ നിൽക്കേണ്ട ആളുകളാണ്. നിങ്ങൾ അവിടെ നിൽക്കുന്നുണ്ടോ? വോട്ടുരാഷ്ട്രീയത്തിൽ ഭ്രമിച്ചുനിൽക്കുകയാണ്.

കേരളത്തിൽ സി.പി.ഐ.(എം) ഇടയ്ക്ക് മാപ്പിള സെമിനാർ നടത്തും പിന്നെ ക്രിസ്ത്യൻ സെമിനാർ നടത്തും, കൂടാതെ എൻ.എസ്.എസ്.-ന്റെ അടുത്തുപോകും. അതുകഴിഞ്ഞ് എസ്.എൻ.ഡി.പി.യുടെ അടുത്തുപോകും. ഇതിനൊക്കെയപ്പുറത്ത് നിൽക്കാൻ കഴിയുന്ന മതനിരപേക്ഷതയുടെ ഒരു വലിയ സ്പെയ്സ് ഇവിടെയുണ്ട്. ഇത് റമസാൻ മാസമാണ്. വിശുദ്ധ ഖുറാൻ അള്ളാഹു ഇറക്കിയതാണെന്ന് വിശ്വസിക്കുന്നവരാണ് മുസ്ലീങ്ങൾ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞു, അതിലൊരു അമാനുഷികതയുമില്ല, അത് അള്ളാഹു ഇറക്കിയതല്ല, ശരിഅത്ത് കാടൻ നിയമമാണ്. ശബരിമലയിൽ വിളക്ക് കത്തിക്കുകയാണ്. അത് വെറുതെ കത്തുന്നതല്ല. ഞങ്ങൾ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ കൂടെയാണ്. മുസ്ലീങ്ങളെ എതിർത്തു, ക്രിസ്ത്യാനിയെ എതിർത്തു, ഹിന്ദുവിനെ എതിർത്തു. ശരിയത്തിന്റെ വിവാദം കത്തിനിൽക്കുന്ന സമയത്ത് അഖിലേന്ത്യാ മുസ്ലീം ലീഗ്, ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിനെ വിട്ട് പിരിഞ്ഞുപോയി. തൊട്ടടുത്ത തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം ജയിച്ചു. കേരളത്തിൽ നിങ്ങളുടെ സ്പെയ്സ് എന്താണ്? നിങ്ങൾ ഈ കളിയല്ല കളിക്കേണ്ടത്. കേരളത്തിലെ ഇടതുപക്ഷത്തിന് ഒരു സ്പെയ്സ് ഉണ്ട്. ആ സ്പെയ്സ് മനസ്സിലാക്കാത്തതാണ് അവരുടെ പരാജയം. അല്ലാതെ ഈ കാണിക്കുന്ന വേലത്തരംകൊണ്ട് ജയിച്ചുവരാൻ സാധിക്കില്ല. ഒറ്റക്കാര്യം ഇടതുപക്ഷം ചെയ്താൽമതി, അതായത് തോൽക്കാനുള്ള ധൈര്യം കാണിക്കണം. നിങ്ങൾക്ക് തോൽക്കാനുള്ള ധൈര്യമില്ല. അതാണ് നിങ്ങളുടെ പ്രശ്നം. കള്ളുകുടിയന്മാർക്ക് രാവിലെ കള്ള് കിട്ടിയില്ലെങ്കിൽ വിറയ്ക്കുന്നമാതിരി നിങ്ങൾക്കും ഭരണംകിട്ടാതെ വരുമ്പോൾ വിറയ്ക്കാൻ തുടങ്ങും. നിങ്ങൾ എന്നാണോ തോൽക്കാൻ ധൈര്യം കാണിക്കുന്നത് അന്ന് നിങ്ങളെ ജയിപ്പിക്കാൻ ജനമുണ്ടാകും. ഇന്ന് നിങ്ങൾക്കതിന് ധൈര്യമില്ലായെന്നതാണ് നിങ്ങളുടെ ഏറ്റവും വലിയ പ്രശ്നം. ഇരവിപുരത്ത് നിങ്ങൾ പറഞ്ഞല്ലോ ആർ.എസ്.എസ്., ബി.ജെ.പി. എന്നൊക്കെ. അതുമാത്രമല്ല, വേറെയും പോസിറ്റീവായ ഘടകമുണ്ട്. ബി.ജെ.പി.ക്കനുകൂലമായി വോട്ടുചെയ്തു. അരുവിക്കരയിൽ മുപ്പത്തിനായിരത്തിലധികം മുസ്ലീം വോട്ടുകളുണ്ട്. ആർ.എസ്.എസ്. വരുന്നുവെന്ന ഭയംകൊണ്ട് ആ മുസ്ലീം വോട്ട് മതതീവ്രവാദത്തിന് ചെയ്തുകൊടുത്തോ; എസ്.ജി.പി.യെ സഹായിച്ചോ? എസ്.ജി.പി.യും ശ്രീ. പി.സി.ജോർജ്ജും ഒരുമിച്ച് നിന്നില്ലേ? അവർക്ക് വോട്ട് കിട്ടിയില്ലല്ലോ. മറുഭാഗത്തുനിന്ന പി.ഡി.പി.ക്കും വോട്ട് കിട്ടിയില്ലല്ലോ. ജമാ അത്തെ ഇസ്ലാമി ഇടതുപക്ഷത്തിന് വോട്ട് ചെയ്തിട്ടും നിങ്ങൾ ജയിച്ചില്ലല്ലോ. ജമാ അത്തെ ഇസ്ലാമിയെപ്പോലെ ഒരു മതരാഷ്ട്രവാദ സംഘടനയുടെ വോട്ട് വേണ്ടെന്നുപറയാൻ നട്ടെല്ലില്ലാത്ത ഒരു പാർട്ടിക്ക് കേരളത്തിൽ ജയിക്കാൻ അർഹതയില്ല. നിങ്ങൾ ബി.ജെ.പി.യെ എതിർത്തിട്ട് കാര്യമില്ല. അവർ വോട്ട് തരുമ്പോൾ വേണ്ടായെന്നു പറയാനുള്ള ആർജ്ജവം നിങ്ങൾ കാണിക്കണം. ശ്രീ. കെജ്രിവാളിനോട് എനിക്ക്

അഭിപ്രായവ്യത്യാസമുണ്ടെങ്കിലും അദ്ദേഹം ആൺകുട്ടിയെപ്പോലെ പറഞ്ഞു, എനിക്ക് ബി.ജെ.പി.യുടെ വോട്ടും വേണ്ട, ഡൽഹി ഇമാം എന്നുപറയുന്ന കാട്ടുകള്ളന്റെ വോട്ടും വേണ്ടായെന്ന്. അദ്ദേഹം എന്റെ അടുത്തുണ്ടായിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തെ കെട്ടിപ്പിടിക്കുമായിരുന്നു. അതാണ് രാഷ്ട്രീയമെന്നുപറയുന്നത്. ഒരു ഭാഗത്ത് മതതീവ്രവാദത്തെ എതിർക്കുമ്പോൾ മറുഭാഗത്ത് ഫാസിസത്തെയും എതിർക്കാൻ കഴിയുന്നതാണ് രാഷ്ട്രീയ ബോധമെന്നുപറയുന്നത്. അതാണുണ്ടാകേണ്ടത്. അത് ഇല്ലാതെ പോകുന്നതാണ് നിങ്ങളുടെ പ്രശ്നം. വളരെ പ്രധാനപ്പെട്ട അടിയന്തരപ്രമേയമൊക്കെ ഇവിടെ കൊണ്ടുവരുമ്പോൾ കൊച്ചുപുസ്തകത്തിൽ കഥയെഴുതുന്ന ആൾക്കാരും എ പടത്തിന് തിരക്കഥ എഴുതുന്ന ആളുകളും എഴുതിക്കൊടുക്കുന്ന പ്രസംഗങ്ങൾ ഇവിടെ കൊണ്ടുവന്ന് പ്രസംഗിച്ചിട്ട് ഒരു രതിക്രീഡാസുഖം നേടുന്നതുപോലെ അവസാനിപ്പിച്ചുപോയാൽ നിങ്ങൾക്ക് കേരളത്തിൽ എങ്ങനെയാണ് ഒരു തെരഞ്ഞെടുപ്പിനെ നേരിടാനാവുകയെന്ന് നിങ്ങൾ പരിശോധിക്കണം. ഇവിടെ ലീഗുകാരെ മതേതരത്വം പഠിപ്പിക്കുന്ന കുറച്ച് ആൾക്കാരുണ്ട്. വിളക്കുകത്തിക്കുന്നത് സംബന്ധിച്ചുള്ള വിവാദത്തിൽ പലരും ചോദിച്ചു എന്താ വിളക്ക് കത്തിച്ചാലെന്ന്. മുസ്ലീം കമ്മ്യൂണിറ്റിക്കകത്ത് ഒരുപാട് ശാഖകളുണ്ട്. സുന്നികൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. വിളക്ക് കത്തിക്കുകയും എണ്ണ നേർച്ച നേരുകയും ചെയ്യുന്ന പള്ളികളുണ്ട്. ഞാനും ഒരു മുസ്ലീം ആണ്, തികഞ്ഞ വിശ്വാസിയാണ്. പക്ഷെ ഞാൻ വിളക്ക് കത്തിക്കാറുണ്ട്. എന്നോട് എന്റെ പാർട്ടി വിളക്ക് കത്തിക്കരുത് എന്നുപറഞ്ഞിട്ടില്ല. വിളക്ക് കത്തിക്കാൻ ശ്രീ. പി. കെ. അബ്ദു റബ്ബിന് അവകാശമുള്ളതുപോലെതന്നെ ശ്രീ. വി. റ്റി. ബൽറാം പറഞ്ഞതുപോലെ ശ്രീ. സി. മമ്മൂട്ടിക്ക് വിളക്ക് കത്തിക്കാനുള്ള അവകാശമുണ്ട്. അത് ജനാധിപത്യപരമായ അവകാശമാണ്. ലീഗിലെ പലരും വിളക്ക് കത്തിക്കാറുണ്ട്. പാർട്ടി പറഞ്ഞിട്ടുണ്ടോ കത്തിക്കരുതെന്ന്? അത് ഓരോരുത്തരുടെയും കാര്യമാണ്. നടൻ മമ്മൂട്ടിയിൽനിന്ന് ഇസ്ലാം പഠിക്കേണ്ട ഗതികേടോ സി.പി.ഐ.(എം)-ൽനിന്ന് മതേതരത്വം പഠിക്കേണ്ട ഗതികേടോ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ മെമ്പർമാർക്കില്ല എന്ന് ആദ്യം നിങ്ങൾ മനസ്സിലാക്കണം. വെളിച്ചം മാത്രമാണ് ദൈവമുണ്ടാക്കിയതെന്ന് ഞാൻ വിശ്വാസിക്കുന്നില്ല. ഇരുട്ട് പിന്നെ ആരാണ് ഉണ്ടാക്കിയത്, ചെകുത്താനാണോ? അതൊരു ഫോർമാലിറ്റിയാണ്. എന്റെ മുമ്പിലൊരു നാടയുണ്ടെങ്കിൽ ഞാൻ ആ നാട കട്ടുചെയ്യുകയും എന്റെ മുമ്പിലൊരു വിളക്കുണ്ടെങ്കിൽ ഞാൻ ആ വിളക്ക് കത്തിക്കുകയും ചെയ്യും. അതെന്റെ വിശ്വാസപ്രമാണത്തെ ബാധിക്കുന്ന ഒന്നല്ല. വിശ്വാസത്തിന്റെ ഭാഗമായി അല്ലെങ്കിൽ ആരാധനയുടെ ഭാഗമായി അത് കത്തിക്കുന്ന നിമിഷം ഞാൻ ഇസ്ലാമിൽനിന്ന് പുറത്താണ്. പക്ഷെ അത് ആരാധനയുടെ ഭാഗമായി ഞാൻ കാണുന്നില്ല. ആരാധനയുടെ ഭാഗമായി

കാണാത്തതിനാൽ ഞാൻ വിളക്ക് കത്തിക്കും. അതുകൊണ്ട് ദയവുചെയ്ത് ഇത്തരം രാഷ്ട്രീയത്തെ കുറച്ചൊക്കെ വിശാലമായി കാണാനുള്ള മര്യാദയും മാന്യതയുമാണ് ഇടതുപക്ഷം പ്രകടിപ്പിക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, കേരളത്തിന് ഏറെ സംഭാവന ചെയ്ത സഹകരണ മേഖലയെ തകർക്കുന്ന സമീപനമാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് കേന്ദ്രം അത്തരമൊരു നിയമം സഹകരണരംഗത്ത് ഭേദഗതി ചെയ്ത് കൊണ്ടുവന്നതെന്ന് എല്ലാപേർക്കുമറിയാം. അതിന്റെ തുടർച്ചയായി നമ്മുടെ സംസ്ഥാനത്തും അത് നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ പ്രത്യേകിച്ച് ജനോപകാരപ്രദമായിരുന്ന നീതി സ്റ്റോറും നന്മ സ്റ്റോറും മാവേലി സ്റ്റോറും കൺസ്യൂമർഫെഡുമെല്ലാം തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. അതിനെ പുനഃരുജ്ജീവിപ്പിക്കാനാവശ്യമായ നടപടിയില്ലെന്നു മാത്രമല്ല, സജീവമായിരുന്നതിനെ തകർക്കുന്ന സമീപനം ഇവിടത്തെ സർക്കാർ സ്വീകരിച്ചതുകൊണ്ടാണ് ഇങ്ങനെയൊരു ദുഃസ്ഥിതിയിൽ നമ്മൾ എത്തിച്ചേർന്നിരിക്കുന്നത്. റംസാന്റെയും ഓണത്തിന്റെയും സന്ദർഭത്തിൽ ഈ സ്ഥാപനങ്ങളെല്ലാം നോക്കുകുത്തിയായി നിൽക്കുന്ന സാഹചര്യമാണുള്ളത്. അത്തരമൊരു അവസ്ഥയിൽ ഇനിയെങ്കിലും ഈ ഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റം വരുത്തുമോ എന്നാണ് പ്രധാനമായും എനിക്ക് ചോദിക്കാനുള്ളത്. അതുപോലെ നോർക്കയുടെ മറവിൽ വായ്പയെടുത്ത ആളുകൾ വായ്പ തിരിച്ചടവിനിടയിൽ യഥാസമയം അവർക്ക് ഒന്നോ രണ്ടോ ഗഡു അടയ്ക്കാൻ കഴിയാതെ പോയാൽ വൻതോതിൽ പലിശ ചുമത്തപ്പെടുന്ന സമീപനമാണ് സ്വീകരിക്കുന്നത്. അതുപോലെ ബാങ്കുകൾ വായ്പ നൽകുമ്പോൾ നോർക്ക നൽകുന്ന 15 ശതമാനം സബ്സിഡി നേരത്തെത്തന്നെ ബാങ്കുകൾക്ക് കൊടുത്താലും ബാങ്ക് അത് സസ്പെൻസ് അക്കൗണ്ടിൽ വയ്ക്കുകയും യഥാർത്ഥത്തിൽ അത് വക കൊള്ളിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ ഫലമായി എല്ലാ എമൗണ്ടിനും പലിശ വർദ്ധിക്കുകയും അത്തരം ദുരിതങ്ങൾ നമ്മുടെ പ്രവാസികൾ അനുഭവിച്ചു കൊണ്ടിരിക്കുകയുമാണ്. വിമാനയാത്രയുമായി ബന്ധപ്പെട്ടും ചാർജ് ഈടാക്കുന്നത് സംബന്ധിച്ചുമൊക്കെ ഇവിടെ സംസാരിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

തൊഴിൽ രംഗത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റ് തൊഴിൽ നിയമങ്ങൾ ഏകപക്ഷീയമായി ഭേദഗതി ചെയ്യാൻ പോവുകയാണ്.

അതിനാവശ്യമായ ഭേദഗതികൾ കൊണ്ടുവന്നു കഴിഞ്ഞു. അടിമകളെപ്പോലെ തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്നതിനുള്ള നിയമ ഭേദഗതിയാണ് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്നത്. ഇതിൽ പ്രധാനപ്പെട്ട വിഷയം, പാർലമെന്റ് നിയമത്തിൽ ഭേദഗതി കൊണ്ടുവരികയും രാജ്യത്തിന് പൊതുവിൽ ബാധകമാകുന്ന വിധത്തിൽ തൊഴിൽ മേഖലയിൽ പുതിയ നിയമം കൊണ്ടുവരികയും ചെയ്താൽ സ്വാഭാവികമായും നമ്മുടെ സംസ്ഥാനത്തും അതിൽനിന്ന് വ്യത്യസ്തമല്ലാത്ത ഒരു നിലപാട് സ്വീകരിക്കേണ്ടിവരും. അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾ ഏറ്റവും വലിയ പ്രയാസം നേരിടാൻ പോകുന്നുവെന്നുള്ളതാണ് വസ്തുത. 40 തൊഴിലാളികളിൽ താഴെ ജോലി ചെയ്യുന്ന ചെറുകിട വ്യവസായ യൂണിറ്റുകളിൽപ്പെടുന്നവർക്ക് നിലവിലുള്ള എല്ലാ തൊഴിലവകാശ നിയമങ്ങളും നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ആ നിയമം ഇവിടെ നടപ്പായാൽ തീർച്ചയായും ചെറുകിട വ്യവസായരംഗത്ത് വലിയ പ്രശ്നങ്ങളായിരിക്കും തൊഴിലാളികൾ അനുഭവിക്കേണ്ടിവരിക. 300 തൊഴിലാളികൾ വരെയുള്ള സ്ഥാപനങ്ങളിൽ തൊഴിലാളികളെ പിരിച്ചു വിടുന്നതിനോ കമ്പനി ലേഓഫ് ചെയ്യുന്നതിനോ, അടച്ചുപൂട്ടുന്നതിനോ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല എന്ന രീതിയിലാണ് നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇത്തരമൊരു സാഹചര്യമുണ്ടായാൽ ട്രേഡ് യൂണിയനുകളുടെ പ്രസക്തിതന്നെ ഇല്ലാതാകും. രജിസ്ട്രേഷൻ, അംഗീകാരം, ഭാരവാഹികളെ തെരഞ്ഞെടുക്കൽ എന്നിവ സംബന്ധിച്ച് ഗവൺമെന്റിന് അനിയന്ത്രിതമായ അവകാശം നൽകുന്ന വിധത്തിലുള്ള ഏർപ്പാടുകളാണ് ഉണ്ടാകാൻ പോകുന്നത്. മാനേജ്മെന്റുകൾ അഥവാ മുതലാളിമാർ നിശ്ചയിക്കുംവിധം തൊഴിലാളികളെ കൈകാര്യം ചെയ്യാൻ കഴിയുന്ന സാഹചര്യമുണ്ടാകും. തൊഴിൽ സംരക്ഷണത്തിന്റെയും തൊഴിലാളിക്ഷേമത്തിന്റെയും കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങളുമായി ബന്ധപ്പെട്ടാണ് സംസ്ഥാന ഗവൺമെന്റ് ഇക്കാര്യങ്ങളിലൊക്കെ നിലപാട് സ്വീകരിക്കുന്നത്. നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചു, രാജസ്ഥാനിൽ നാല് കാര്യങ്ങളിൽ നിയമഭേദഗതി കൊണ്ടുവന്നു. രാജസ്ഥാനിൽ നിയമഭേദഗതി വന്നതിനെത്തുടർന്ന് മഹാരാഷ്ട്ര, മധ്യപ്രദേശ്, ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാന ഗവൺമെന്റുകൾ ഈ നിലപാടുകൾ തന്നെ കൊണ്ടുവരികയും തൊഴിലാളിവിരുദ്ധ നിലപാടുമായി മുന്നോട്ടുപോവുകയുമാണ്. ചെറുതും വലുതുമായ വാണിജ്യസ്ഥാപനങ്ങൾക്ക് ബാധകമായ മുപ്പതിലധികം തൊഴിൽ നിയമങ്ങൾ നമ്മുടെ രാജ്യത്ത് ഇന്ന് നിലവിലുണ്ട്. സ്വാതന്ത്ര്യം പ്രാപിക്കുന്നതിനുമുൻപും

സ്വാതന്ത്ര്യാനന്തരവും തൊഴിലാളികൾക്കനുകൂലമായി ഉണ്ടാക്കിയ നിയമങ്ങളാണ്. ഫാക്ടറീസ് ആക്ട് 1947, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 1947, ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാൻഡിംഗ് ഓർഡർ ആക്ട് 1946, മിനിമം വേജസ് ആക്ട് 1948, പേമെന്റ് ഓഫ് വേജസ് ആക്ട് 1936, പേമെന്റ് ഓഫ് ബോണസ് ആക്ട് 1965, ഇ.എസ്.ഐ. ആക്ട് 1948, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ട് 1952, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് 1961, വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട് 1923, ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് 1979, സ്റ്റേറ്റ് ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഈക്വൽ റെമ്യൂണറേഷൻ ആക്ട് 1976, ചൈൽഡ് ലേബർ ആക്ട് 1956. ഈ ചൂണ്ടിക്കാണിച്ച 13 നിയമങ്ങൾ ദുർബലമാക്കാൻ പോകുന്ന നടപടിയാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവരാൻ പോകുന്ന നിയമത്തിലുള്ളത്. ഇതൊക്കെ ദുർബലമായിക്കഴിഞ്ഞാൽ സ്വാഭാവികമായും തൊഴിലെടുക്കുന്ന വിഭാഗത്തിന്റെ ക്ഷേമത്തെക്കുറിച്ചും തൊഴിലാളിക്ഷേമത്തെക്കുറിച്ചും വലിയ വർത്തമാനം പറയുന്നതിൽ കാര്യമുണ്ടാകുമെന്ന് തോന്നുന്നില്ല. സ്വാതന്ത്ര്യം നേടുന്നതിനുമുമ്പും പിന്നീടും രാജ്യത്തെ തൊഴിലാളികൾ വലിയ പ്രക്ഷോഭങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ അല്ലെങ്കിൽ നിയമങ്ങളാണ് ഇല്ലായ്മ ചെയ്യാൻ പോകുന്നത്. എവിടെയാണ് തൊഴിലാളിക്ഷേമവും തൊഴിലാളികളുടെ നിലനിൽപ്പുമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇതിന് വിരുദ്ധമായി തൊഴിലാളികളുടെ സംഘടിതശക്തി വളർന്നുവരുന്നു എന്നത് വളരെ സന്തോഷകരമായ കാര്യമാണ്. നേരത്തെ ബഹുമാന്യനായ തൊഴിൽവകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ തൊഴിലാളികൾ എന്ന നിലയിൽ സംഘടിതമായി ഇതിനെതിരായി നിൽക്കുന്നു. അപ്പുറത്തും ഇപ്പുറത്തുമുള്ളവരും പുറത്തുള്ളവരും കേന്ദ്രം ഭരിക്കുന്നവരും അവരോട് രാഷ്ട്രീയ ബന്ധമുള്ളവരുമെല്ലാം ഒന്നുചേർന്നുകൊണ്ടുതന്നെ ഈ ഗവൺമെന്റിന്റെ നയത്തെ ചോദ്യം ചെയ്യാൻ വരുന്നു. പക്ഷെ കേന്ദ്രം ഒരു നിയമം പാസാക്കിയാൽ ഇതിനെ ചെറുത്തുനിൽക്കാൻ പോരാട്ടത്തിന്റെ പാതയിൽ അണിനിരക്കുകയെന്നല്ലാതെ വേറെ മാർഗ്ഗമുണ്ടാവില്ല; അത്തരമൊരു യോജിച്ച പോരാട്ടം വളർന്നുവരുന്നുണ്ട്. സെപ്റ്റംബർ രണ്ടാം തീയതി രാജ്യത്ത് ഏറ്റവും ശക്തമായ മുന്നേറ്റം വരാൻ പോകുന്നുവെന്നത് ഈ സന്ദർഭത്തിൽ അറിയാം.

ഇവിടെ ഇതിനെല്ലാം പുറമേ പൊതുമേഖലാ വ്യവസായങ്ങൾ തകർച്ചയിലേക്ക് പോകുന്നു. എൽ.ഡി.എഫ്. ഭരണകാലത്ത് ലാഭകരമായി പ്രവർത്തിച്ച സ്ഥാപനങ്ങൾ പലതും ഇന്ന് നഷ്ടത്തിലായിരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് പുതുതായി ആരംഭിച്ച എട്ട് പുതിയ

പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതും ഇപ്പോൾ നഷ്ടത്തിലാണ്. പൊതുമേഖലയെ സംരക്ഷിക്കുന്നതിനും ക്രിയാത്മകമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതേയില്ല. അതിനിടയിൽ പൊതുമേഖലയുടെ ഓഹരികൾ വിറ്റുതുലയ്ക്കുന്ന സമീപനവും സംസ്ഥാന ഗവൺമെന്റുൾപ്പെടെ സ്വകാര്യവത്ക്കരണ നയത്തിന്റെ ഭാഗമായി സ്വീകരിക്കുന്നു. ഇതെല്ലാം കൊണ്ടുതന്നെ ഏറ്റവും പാവപ്പെട്ട തൊഴിലാളികൾ ജോലി ചെയ്യുന്ന പരമ്പരാഗത വ്യവസായം പൂർണ്ണമായ തകർച്ചയിലാണ്. കയർ, കൈത്തറി, കശുവണ്ടി, മത്സ്യം, കള്ള്ചെത്ത്, ഈറ്റ, പനമ്പ്, ഓട് വ്യവസായ മേഖലകൾ വിവിധ തരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്നു. പുതിയ നികുതി അടിച്ചേൽപ്പിക്കപ്പെട്ടതോടെ ബീഡി വ്യവസായം കൂടുതൽ തകർച്ചയിലേക്ക് നീങ്ങുകയാണ്. ബീഡി വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ട്. ആ രംഗത്ത് പുതുതായി തൊഴിലാളികൾക്ക് കടന്നുവരാനുള്ള സാഹചര്യമില്ല, അതിന്റെ ഭാഗമായാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 45 വയസ്സാകുമ്പോൾ ബീഡി വ്യവസായത്തിലെ തൊഴിലാളികൾക്ക് പെൻഷൻപറ്റി പിരിയാനും അവർക്ക് പെൻഷൻ നൽകാനുമുള്ള വ്യവസ്ഥയുണ്ടാക്കിയത്. എന്നാൽ ഇപ്പോൾ ഇവിടെ അതിനാവശ്യമായ രീതിയിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. അവർക്ക് മാന്യമായി റിട്ടയർ ചെയ്യാനോ പെൻഷൻ നൽകാനോ സംവിധാനം ഉണ്ടാക്കുന്നില്ല. ആ രംഗത്തേക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാത്ത സ്ഥിതിയാണിന്ന്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ സേവന നികുതിയും സംസ്ഥാന സർക്കാരിന്റെ ലോട്ടറിയെ തകർത്ത നടപടിയും ലോട്ടറിയുമായി ബന്ധപ്പെട്ട രംഗത്തെ തൊഴിലാളികളുടെ പ്രശ്നങ്ങൾ രൂക്ഷമാക്കി തീർത്തിരിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഇവിടെ താളംതെറ്റിയിരിക്കുകയാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ കുടിശ്ശികയാണ്. പെൻഷനുകളുടെ വർദ്ധനവ് സംബന്ധിച്ച പ്രഖ്യാപനങ്ങൾ ഓരോ ബഡ്ജറ്റിലും നടത്തുമെന്നല്ലാതെ അതൊന്നും തന്നെ യഥാസമയം നൽകുന്നില്ല. സർക്കാർ മുന്നോട്ടുവയ്ക്കുന്ന പല നിബന്ധനകളും നിലവിലുള്ള ആനുകൂല്യങ്ങൾതന്നെ നിഷേധിക്കുന്ന സ്ഥിതിയുണ്ടാക്കിയിരിക്കുന്നു. തൊഴിൽരംഗം തകർന്നുകിടക്കുകയും തൊഴിലാളിക്ഷേമ പദ്ധതികൾ നാമമാത്രമാവുകയും ചെയ്ത സാഹചര്യത്തിൽ കേരളത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തൊഴിലാളി വിരുദ്ധനയങ്ങൾക്കെതിരായി തൊഴിലെടുക്കുന്നവർ വർഗ്ഗപരമായി സമരത്തിന്റെ പാതയിലേക്ക് വരുമ്പോൾ സമരം വഴിതിരിച്ചുവിടാനായി കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യും സംസ്ഥാനം ഭരിക്കുന്ന കോൺഗ്രസ്സും മതസാമുദായിക ശക്തികളെ ഇളക്കിവിട്ട് പുതിയ വഴിതേടുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്. സമീപകാലത്തു നടന്ന തെരഞ്ഞെടുപ്പിലുൾപ്പെടെ അതാണ് കാണാൻ കഴിയുന്നത്. ആർ.എസ്.എസ്. തങ്ങളുടെ വർഗ്ഗീയ അജണ്ട

ശക്തിപ്പെടുത്താനുള്ള നീക്കങ്ങളാണ് ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ട് ഇവിടെ സംഘടിപ്പിച്ചിരിക്കുന്നത്. ജാതി സംഘടനകളെ വരുതിക്കുകൊണ്ടുവരാൻ അവർ ശ്രമിക്കുന്നു. ഭൂരിപക്ഷ വർഗ്ഗീയതയെ ശക്തിപ്പെടുത്തുവാൻ വലിയ താത്പര്യപ്രചരണം നടത്തുന്നു. സംഘ് പരിവാറിന്റെ ന്യൂനപക്ഷവിരുദ്ധ പ്രചരണം ന്യൂനപക്ഷങ്ങളുടെ ഇടയിൽ ആശങ്കയുണ്ടാക്കുന്നു. അതേസമയം ഈ സന്ദർഭമുപയോഗിച്ച് ന്യൂനപക്ഷ തീവ്രവാദ സംഘടനകളും ശക്തിപ്പെട്ടു വരുന്നുവെന്ന വസ്തുത നമ്മൾ കാണാതിരിക്കരുത്. തീവ്രവാദശക്തികൾ ഉൾപ്പെടുന്ന കേസുകൾ പിൻവലിച്ചുകൊടുക്കുന്ന ഗവൺമെന്റ് സമീപനം വിവിധ വിഭാഗങ്ങളെ പ്രീണിപ്പിക്കുന്നുവെന്നുതന്നെയാണ്. ഈ പ്രീണനത്തിനപ്പുറത്തായി തങ്ങളുടെ താത്കാലിക നേട്ടത്തെക്കുറിച്ചാണ് ഈ ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നത്. കേരളത്തിന്റെ ഉന്നതമായ നവോത്ഥാന പാരമ്പര്യങ്ങളെയും രാഷ്ട്രീയ കാഴ്ചപ്പാടുകളെയും തകർത്തുകൊണ്ടിരിക്കുയാണ് ഈ സർക്കാർ. ജാതിമതസംഘടനകളെ തങ്ങളുടെ പിന്നിൽ അണിനിരത്താൻ പരിശ്രമിക്കുകയാണ്. അതിലൂടെ സർക്കാരിനെതിരായി അലയടിച്ച് ഉയർന്നുകൊണ്ടിരിക്കുന്ന ജനരോഷത്തെ തടഞ്ഞുനിർത്താമെന്നാണ് സർക്കാർ ഇപ്പോൾ ആലോചിക്കുന്നത്. കേരളത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളെ ദുർബലപ്പെടുത്തുന്ന തരത്തിൽ ജാതിമതസംഘടനകളെ ഉപയോഗിക്കാൻ താത്ക്കാലികമായി നിങ്ങൾക്കാകുന്നു. അതിലൂടെ നിങ്ങളുടെ ജനകീയാടിത്തറ ശക്തിപ്പെടുത്താമെന്ന് നിങ്ങൾ കരുതുന്നു, അതിനുവേണ്ടി കിണഞ്ഞു ശ്രമിക്കുകയാണ്. ഒരേസമയം ഭൂരിപക്ഷ ന്യൂനപക്ഷ വർഗ്ഗീയതയെ തങ്ങളുടെ നിലനിൽപ്പിനായി ഉപോയോഗിക്കുന്നതിൽ താത്കാലിക വിജയം നേടിയ നിങ്ങൾ ഓർക്കണം നാടിന്റെ ജനാധിപത്യ മതേതര ബോധത്തെ ആകെ തകർക്കാൻ നിങ്ങൾക്ക് എപ്പോഴുമാകില്ല. തീക്കൊള്ളികൊണ്ട് തല ചൊറിയുന്ന സമീപനമാണ് ഈ ഭരണാധികാരികൾ, യു.ഡി.എഫ്. നേതൃത്വം കേരളത്തിലിപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി അത് വരുത്തിവയ്ക്കാൻ പോകുന്ന വിപത്ത് ആർ.എസ്.എസ്, ബി.ജെ.പി. ഉൾപ്പെടെയുള്ള ശക്തികളെ കേരള രാഷ്ട്രീയത്തിൽ കടന്നുവരുന്നതിനുള്ള വഴിയൊരുക്കിക്കൊടുക്കുന്ന സമീപനമായിരിക്കും ഈ ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് മറക്കാതിരിക്കണമെന്നു മാത്രമാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. എനിക്ക് പ്രതിപക്ഷത്തോട് ഒരു അഭ്യർത്ഥനയുള്ളത് ഇതൊരു നിയമവിരുദ്ധ ബഡ്ജറ്റാണെന്ന് പറയരുത്. അങ്ങനെയാണെന്നുണ്ടെങ്കിൽ നിങ്ങൾ അലവൻസും ശമ്പളവും വാങ്ങരുത്. എന്തുകൊണ്ടെന്നാൽ വോട്ട് ഓൺ അക്കൗണ്ട് എല്ലാവരുംകൂടി പാസ്സാക്കിയതുകൊണ്ടാണ് നമുക്ക് ശമ്പളം കിട്ടുന്നത്. അതുകൊണ്ട് നിയമവിരുദ്ധമായ ബഡ്ജറ്റാണെങ്കിൽ നിങ്ങൾ ജനങ്ങളുടെ മുന്നിൽ ഞങ്ങൾ ബഡ്ജറ്റിനെ അംഗീകരിക്കുന്നില്ലെന്ന് പറയണം. അംഗീകരിക്കാത്ത

ബഡ്ജറ്റിൽനിന്ന് ശമ്പളം വാങ്ങാൻ കഴിയുമോ? അതുകൊണ്ട് ഇനിയെങ്കിലും ആ തെറ്റ് തിരുത്തണമെന്നാണ് ആദ്യത്തെ എന്റെ അപേക്ഷ. സഹകരണ രംഗത്തെ കുലപതിയാണ് ശ്രീ. സി. എൻ. ബാലകൃഷ്ണൻ. അദ്ദേഹം ഒരു മിതഭാഷിയാണ്. അദ്ദേഹത്തിന് എങ്ങനെ പ്രവർത്തിക്കണമെന്ന് അറിയാം. അധികം സംസാരിക്കുന്നില്ലെങ്കിലും ചെയ്യേണ്ട കാര്യങ്ങൾ അദ്ദേഹം ആ വകുപ്പിൽ ചെയ്യുന്നുണ്ട് എന്ന് പറയുന്നതിൽ അതിയായ സന്തോഷമുണ്ട്. നിരവധി പരിഷ്ക്കാരങ്ങളും പുതിയ സ്കീമുകളും സഹകരണ രംഗത്ത് നടപ്പാക്കി. നിക്ഷേപക ഗ്യാരന്റി സ്കീം നടപ്പാക്കുന്നതിനുവേണ്ടി നിക്ഷേപക ഗ്യാരന്റി ബോർഡ് രൂപീകരിച്ചു. ടൂർഫെഡ് എന്ന സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. സഹകരണ വകുപ്പ് നടപ്പാക്കിയ ആശ്വാസ പദ്ധതികൊണ്ട് എത്രയോ പേർക്കാണ് അതിന്റെ ആനുകൂല്യം കിട്ടിയത്. പലിശയിളവ്, മരണപ്പെടുന്നവർക്ക് തുക തിരിച്ചടയ്ക്കേണ്ടാത്ത സംവിധാനങ്ങൾ അങ്ങനെയുള്ള കാര്യങ്ങൾ ഈ വകുപ്പ് നടത്തുന്നതിൽ അഭിമാനമുണ്ട്. അങ്ങയോട് എനിക്ക് ഒരു അഭ്യർത്ഥനയുള്ളത് കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തിലുള്ള അപാകത അങ്ങ് പരിഹരിക്കണം, അങ്ങേയ്ക്ക് കഴിയും. ജനങ്ങൾക്ക് വളരെ പ്രയോജനം ചെയ്യുന്ന ഒന്നാണ് കൺസ്യൂമർഫെഡിന്റെ സംവിധാനങ്ങൾ. സഹകരണ സ്ഥാപനം വഴി സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ ഇവയൊക്കെ കഴിഞ്ഞ കുറേ മാസങ്ങളായി പ്രവർത്തിക്കുന്നുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം. അങ്ങ് വിചാരിച്ചാൽ മുഖ്യമന്ത്രിയുടെ സഹകരണത്തോടുകൂടി കൺസ്യൂമർഫെഡിനെ ട്രാക്കിലേക്ക് കൊണ്ടുവരാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അങ്ങയുടെ ശ്രദ്ധ തീരദേശത്തെ പ്രൈമറി സംഘങ്ങളുടെമേൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. തീരദേശത്തെ പല സംഘങ്ങളും ഇന്ന് കടക്കെണിയിലാണ്. മുൻകാലത്ത് തീരപ്രദേശത്തെ മിക്ക സംഘങ്ങളുടെയും പ്രവർത്തനം രണ്ടോ മൂന്നോ ഏക്കർ തെങ്ങിൻതോപ്പുണ്ടെങ്കിൽ അത് പ്ലെഡ്ജ് ചെയ്ത് കാശുവാങ്ങും, സംഘം തന്നെ നാളികേരം വിറ്റ് മുതലും പലിശയും ഈടാക്കുമായിരുന്നു. ഇന്ന് ഇത് നിന്നുപോയിരിക്കുന്നു. മൂന്നും നാലും തെങ്ങുള്ളവർപോലും സംഘങ്ങളിൽ തെങ്ങ് കെട്ടിക്കൊടുത്ത് ലോൺ വാങ്ങി തിരിച്ചടയ്ക്കുന്ന സംവിധാനം ഇന്നില്ല. അതുകൊണ്ടുതന്നെ അവരുടെ ഏറ്റവും വലിയ വരുമാനമാർഗ്ഗം ഇന്നില്ല ഇപ്പോഴുള്ള സംവിധാനം ഗോൾഡ് വാങ്ങലാണ്. തീരദേശത്തുള്ളവർ ചാകര വരുമ്പോൾ സ്വർണ്ണം വാങ്ങും. ചാകര തീരുമ്പോൾ അത് കൊണ്ടുചെന്ന് വിൽക്കുകയോ പണയം വയ്ക്കുകയോ ചെയ്യും. ആ രംഗത്ത് സഹകരണ സംഘങ്ങൾക്ക് ഏറെ പ്രവർത്തിക്കാൻ കഴിയും. ഇന്ന് അവരുടെ പ്രശ്നം അവർക്ക് ലിക്വിഡിറ്റിയില്ല എന്നുള്ളതാണ്. അവരുടെ കൈവശം പണമില്ല. അതുകൊണ്ടു തന്നെ തീരദേശ സംഘങ്ങളിൽ ഇതുപോലുള്ള സാധാരണക്കാരെ സഹായിക്കാൻ ഗോൾഡ് ലോൺ സംവിധാനം കൊണ്ടുവരാൻ തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സഹകരണ മേഖലയിൽ അങ്ങ് രണ്ട് എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചു. എനിക്ക് ഒരു സ്വകാര്യ ദുഃഖമുള്ളത്, ഞാനടക്കം എറണാകുളം ജില്ലയിലെ എം.എൽ.എ.-മാരൊക്കെ പറഞ്ഞാണ് കൊച്ചി സഹകരണ ആശുപത്രി സർക്കാർ ഏറ്റെടുത്തത്. അതിന്റെ ആവശ്യമുണ്ടായിരുന്നോ എന്നാണ് ഇപ്പോൾ തോന്നുന്നത്.

ശ്രീ. ജി. സുധാകരൻ: അങ്ങ് പറഞ്ഞതിനെ ഞാൻ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. കേരളത്തിനു പുറത്ത് നമ്മുടെ സഹകരണ മേഖലയെപ്പറ്റി പറയുന്നത് മെഡിക്കൽ കോളേജുണ്ട്, എഞ്ചിനീയറിംഗ് കോളേജുണ്ട് വെറും ബാങ്ക് മാത്രമല്ലെന്നാണ്. ആയിരക്കണക്കിന് കോടി രൂപ മുടക്കി സ്ഥാപിച്ച ആ സഹകരണ പ്രൊഫഷണൽ കോളേജുകൾ ഗവൺമെന്റ് ഏറ്റെടുക്കാൻ പാടില്ല. സഹകരണ പ്രസ്ഥാനങ്ങൾ കൊടുക്കാൻ പാടില്ല. തിരിച്ച് അത് സഹകരണമേഖലയിൽ ഏല്പിക്കാൻ അങ്ങ് യു.ഡി.എഫ്.-ൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഞാൻ എന്റെ ഒരു അഭിപ്രായം പുതിയ സാഹചര്യത്തിൽ പറഞ്ഞതാണ്. സർക്കാർ ഏറ്റെടുത്തു, പക്ഷേ അവിടെ പ്രവർത്തനത്തിൽ പരാജയമുണ്ട്. ഞാൻ ഉൾപ്പെടെ ആവശ്യപ്പെട്ടിരുന്നു. പക്ഷേ സഹകരണ മേഖല കുറേക്കൂടി ശക്തമായി നിന്നിരുന്നെങ്കിൽ അത് നന്നായി കൊണ്ടുപോകാൻ കഴിയുമായിരുന്നുവെന്നാണ് ഞാൻ ഇപ്പോൾ പറയുന്നത്. ഇവിടെ തൊഴിൽ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വന്ന ഒരു കാലഘട്ടമാണ്. കാര്യമായ തൊഴിലാളി സമരങ്ങളില്ല. ഇന്ന് ഈ കാലഘട്ടത്തിൽ ഐ.ടി.യാണ് ഏറ്റവും പുതിയ വ്യവസായം. അവിടെ ഹയർ ആന്റ് ഫയർ സംസ്കാരം കൂടുകയാണ്, നമുക്ക് ഇടപെടാൻ കഴിയുന്നില്ല. ബി.ടെക് പാസ്സാകുന്ന 21 വയസ്സുള്ള കുട്ടി 25000-30000 രൂപ കണ്ടിട്ട് ചാടിവീഴുകയാണ്. പത്ത് കൊല്ലം ഈ കുട്ടികളെകൊണ്ട് പണി എടുപ്പിക്കും. ഇതിന്റെ പത്തിരട്ടി കാശ് ആ സ്ഥാപനമുണ്ടാക്കും. അതുകഴിഞ്ഞാൽ ഫയറാണ്. ഈ രംഗത്ത് ഇടപെടാൻ നമുക്ക് കഴിയുമോ. പലപ്പോഴും ഐ.ടി. വ്യവസായത്തിന് എതിരായിപ്പോകുമെന്ന് പറഞ്ഞ് മാറിനിൽക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പതിറ്റാണ്ടുകൾക്കുമുമ്പ് ആയിരക്കണക്കിന് പേർ പണിയെടുത്തിരുന്ന തുറമുഖമാണ് കൊച്ചി. അവരിൽ ബഹുഭൂരിപക്ഷവും മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി, പശ്ചിമകൊച്ചിക്കാരായിരുന്നു. വല്ലാർപാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ വന്നതോടെ പഴയ കൊച്ചി തുറമുഖം ക്ഷീണിച്ചു. ഒരുപാടുപേർക്ക് തൊഴിൽ നഷ്ടമായി. വല്ലാർപാടത്ത് ആഗ്രഹിച്ചതുപോലെ തൊഴിൽ കിട്ടിയതുമില്ല. അതുകൊണ്ട് വല്ലാർപാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനലിൽ കൂടുതൽപേർക്ക് തൊഴിൽ കിട്ടുമോ എന്നതിനെക്കുറിച്ച് തൊഴിൽ വകുപ്പ് ആലോചിക്കണം.

ലക്ഷക്കണക്കിന് അന്യഭാഷാ തൊഴിലാളികൾ ഇന്ന് കേരളത്തിൽ പണിയെടുക്കുന്നു. നിർമ്മാണ മേഖല മുതൽ ഹോട്ടൽ, ആശുപത്രി തുടങ്ങി കൃഷി പണിക്കുവരെ അന്യഭാഷാ തൊഴിലാളികളെ ഉപയോഗിക്കേണ്ട സ്ഥിതിയാണ് കേരളത്തിലുള്ളത്. ഇവരെങ്ങനെ ജീവിക്കുന്നു, ഇവർക്ക് വാസയോഗ്യമായ ഭവനങ്ങളുണ്ടോ; ഇവർക്ക് നമ്മുടെ സംസ്കാരവും രീതികളുമായി യോജിച്ചുപോകുവാൻ കഴിയുന്നുണ്ടോ; ഇതിനെക്കുറിച്ചൊക്കെ തൊഴിൽ വകുപ്പ് അന്വേഷണം നടത്തണം. അവർക്കുകൂടി നമ്മുടെ സമൂഹത്തിൽ അസിമിലേഷൻ ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നു. ആ കാര്യത്തിൽ ലേബർ വകുപ്പ് ഇടപെടണമെന്ന് പറയുകയാണ്. ഇന്ന് ലോകമാർക്കറ്റിൽ സ്കിൽഡ് ലേബറേഴ്സിന് വലിയ ഡിമാന്റാണ്. ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു, കാരണം തൊഴിൽ നൈപുണ്യ വകുപ്പ് സ്കിൽഡ് ലേബറേഴ്സിനെ ട്രെയിൻ ചെയ്യിക്കാനും ലോക തൊഴിൽ മാർക്കറ്റിൽ മലയാളികളായ സ്കിൽഡ് തൊഴിലറിയുന്നവരെ അയയ്ക്കാനും നടത്തുന്ന ശ്രമം ശ്ലാഘനീയമാണ്. അങ്ങയുടെ ഈ പ്രവർത്തനത്തെ ഞാൻ അഭിനന്ദിക്കുകയാണ്.

ബഹുമാനപ്പെട്ട പ്രവാസികാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കാൻ കാരണം, ഞാൻ മേയ് മാസത്തിൽ സൗദിയിലെ ദമാമിൽ പോയിരുന്നു. റസാലെ എന്ന സംഘടനയുടെ ചീഫ് ഗസ്റ്റായിപ്പോയതാണ്. അവിടെ ചെന്നപ്പോൾ അവർ പറഞ്ഞത്, ഞങ്ങൾക്ക് അഭിമാനമുണ്ട് എന്തുകൊണ്ടെന്നാൽ എപ്പോൾ ഫോൺ ചെയ്താലും, ആര് ഫോൺ ചെയ്താലും ബഹുമാനപ്പെട്ട പ്രവാസികാര്യ വകുപ്പുമന്ത്രി നേരിട്ട് ഫോണെടുക്കും. അദ്ദേഹം ബിസിയാണെങ്കിൽ പിന്നീട് വിളിക്കാമെന്നു പറഞ്ഞ് മെസേജ് നൽകും. തങ്ങളുടെ ജീവിതത്തിൽ പുതിയ അനുഭവമാണെന്നാണ് അവർ പറഞ്ഞത്. ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ ഗവൺമെന്റിൽ പ്രവാസികാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദനെ നേരിട്ടുകാണാൻ ഒരാൾക്കെങ്കിലും അവസര മുണ്ടായിരുന്നോ? ആ രംഗത്താണ് ഗുണപരമായ മാറ്റങ്ങൾ - അവിടെയുള്ള പ്രവാസികൾ ഫോൺ ചെയ്യുമ്പോൾ എന്താണ് കാര്യമെന്ന് അന്വേഷിച്ച് മന്ത്രി ഫോണെടുക്കുന്നു. നിതാഖത്തിന്റെ കാലഘട്ടത്തിൽ അദ്ദേഹം അവിടെപ്പോയി, അവരുടെ സങ്കടം കേൾക്കുകയും അവർക്കുവേണ്ടി നമ്മുടെ ആൾക്കാരെ വച്ച് ഒരു കമ്മിറ്റിയുണ്ടാക്കുകയും ചെയ്തു. ഇന്ന് അവർ വലിയ സേവനം നടത്തുകയാണ്. അതുപോലെതന്നെ ലിബിയ, ഇറാഖ്, യെമൻ എന്നിവിടങ്ങളിൽ സംഘർഷമുണ്ടായപ്പോൾ അവിടെയുള്ളവരെ തിരിച്ചുകൊണ്ടുവരുവാൻ അങ്ങും മുഖ്യമന്ത്രിയും നടത്തിയ ശ്രമങ്ങൾ ശ്ലാഘനീയമാണ്. ഒമ്പതുപേരാണ് രണ്ടു മാസങ്ങൾക്കുമുമ്പ് യെമനിൽ പെട്ടത്. അങ്ങും മുഖ്യമന്ത്രിയും ഇടപെട്ടു. ഒമ്പതുപേരും തിരിച്ചുവന്നു. വളരെ ഫലപ്രദമായി ഇടപെടാൻ അങ്ങേക്ക് കഴിയുന്നു. അതുകൊണ്ട് ഞാൻ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, അരുവിക്കര ഇലക്ഷനാണ്. യു.ഡി.എഫ്.ന്റെ തിളക്കമാർന്ന വിജയത്തെ തല്ലിക്കെടുത്താൻ എൽ.ഡി.എഫ്. ശ്രമിക്കുകയാണ്. നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിൽ വി. എസ്. ഇറങ്ങാത്തതുകൊണ്ടാണ് യു.ഡി.എഫ്. വിജയിച്ചതെന്നാണ് അന്ന് പറഞ്ഞത്. പോളിംഗ് ദിവസം കൊല്ലപ്പെട്ട ടി.പി. ചന്ദ്രശേഖരന്റെ വിധവയെ വി. എസ്. കണ്ടതുകൊണ്ടാണ് നെയ്യാറ്റിൻകരയിൽ തോറ്റതെന്നാണ് സി.പി.ഐ.(എം) പറഞ്ഞത്. അരുവിക്കരയിൽ വലിയ ജനക്കൂട്ടത്തെ ആകർഷിച്ചത് രണ്ടുപേരാണ്. ഒന്ന്, സാക്ഷാൽ വി.എസ്. രണ്ട് നടൻ സുരേഷ് ഗോപി. രണ്ടുപേർക്കും സ്വന്തം സ്ഥാനാർത്ഥികളെ രക്ഷിക്കാൻ കഴിഞ്ഞില്ല. വി.എസ്.-നുവേണ്ടി പെയ്ഡ് ക്രൗഡാണ് അവിടെ വന്നത്. അവർക്ക് അവിടെ വോട്ടില്ലായിരുന്നു. അവർ വന്നവഴി പോയി. സുരേഷ് ഗോപിയെ കാണാൻ ആളുകൂടി. ദാ വന്നു ദേ പോയി. അതും കഴിഞ്ഞു. നിങ്ങൾ മുകേഷിനെയും കെ.പി.എ.സി. ലളിതയെയും ഇന്നസെന്റിനെയും ഇറക്കി. ഇപ്പോൾ അവരുടെ മാർക്കറ്റുകൂടി പോയി. ഖുശ്ബു വന്നപ്പോൾ ശ്രീ. കെ. എസ്. ശബരീനാഥൻ വിജയിച്ചു, അത് മനസ്സിലാക്കണം. അവർ പാർട്ടി വക്താവ് കൂടിയാണ്. നിങ്ങൾ ഇറക്കാത്തതുകൊണ്ടല്ലല്ലോ. നിങ്ങൾ ഇറക്കിയ മൂന്നുപേരുടെ മാർക്കറ്റുപോയി. നിങ്ങൾ വോട്ടിനെപ്പറ്റി പറഞ്ഞുവല്ലോ. അവിടത്തെ ലേറ്റസ്റ്റ് ഇലക്ഷൻ ഏതായിരുന്നു? 2014-ലെ പാർലമെന്റ് ഇലക്ഷൻ. ഞങ്ങൾക്ക് 48000 വോട്ട് കിട്ടി. നിങ്ങൾക്ക് 52000 വോട്ട്, ബി.ജെ.പി.-ക്ക് 14000. ഇപ്പോഴെന്താണ് സ്ഥിതി. ഞങ്ങൾക്ക് 48000-ൽ നിന്നും 56000 ലേയ്ക്ക് 8000 വോട്ടുകൂടി. നിങ്ങൾ 52000-ൽ നിന്ന് 46000-ലേക്ക് കുറഞ്ഞു. ബി.ജെ.പി.- ക്ക് 14000-ൽ നിന്നും 34000 ആയി. രണ്ടുപേർ നിങ്ങളുടെ കൂടെയില്ലായിരുന്നുവെങ്കിൽ ഇത്ര വോട്ട് നിങ്ങൾക്ക് കിട്ടുമായിരുന്നോ. ശ്രീ. പി. സി. ജോർജ് അവകാശപ്പെട്ടത് 10000 വോട്ടുണ്ടെന്നാണ്. ഞാൻ കണക്കുകൂട്ടുന്നത് 6000 വോട്ടാണ്. എ.സി.ഡി.എഫ്.-ന്റെ ദാസന് 1000 വോട്ട് കിട്ടി. ബാക്കി 5000 വോട്ട് നിങ്ങൾക്ക് പി. സി. ജോർജ് മറിച്ചുതന്നു. ശ്രീ. കെ. ബി. ഗണേഷ് കുമാറിനും ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കും കൂടി 5000 വോട്ട് ഉണ്ട്. ഇത് രണ്ടുംകൂടി കുറച്ചാൽ നിങ്ങൾക്ക് 36000 വോട്ട് മാത്രമേയുള്ളൂ. ഈ രണ്ടുപേരുടെയും ശ്രമമില്ലെങ്കിൽ നിങ്ങൾക്ക് ഇത്രയും വോട്ട് കിട്ടുമോ?

ശ്രീ. പി. സി. ജോർജ്:- സർ, പോയിന്റ് ഓഫ് ഓർഡർ......, സത്യവുമായി പുലബന്ധം പോലുമില്ലാത്ത കാര്യം ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറയുന്നത് ഓർഡറിലാണോ. ഞാൻ വളരെ സത്യസന്ധമായി പറയുന്നു, എ.സി.ഡി.എഫ്. സ്ഥാനാർത്ഥിയെ നിർത്തി, വോട്ട് കിട്ടിയില്ല എന്നുള്ളത് സത്യമാണ്. ആരും

വോട്ട് മറിച്ചില്ല, മറിച്ചത് നിങ്ങളൊക്കെത്തന്നെയാണ്. അതിന്റെ ചരിത്രമൊന്നും പറയുന്നില്ല. ഞാനറിഞ്ഞ് ഒരു വോട്ടും മറിച്ചിട്ടില്ല. അതുകൊണ്ട് സത്യവിരുദ്ധമായ പ്രസ്താവനകൾ പിൻവലിക്കണം അല്ലെങ്കിൽ എക്സ്പഞ്ച് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: 10000 വോട്ട് പിടിക്കുമെന്ന് ശ്രീ. പി. സി. ജോർജ് എത്ര സ്ഥലത്ത് പറഞ്ഞിട്ടുണ്ട്. എവിടെപ്പോയി വോട്ട്, മറിച്ചു കൊടുത്തതല്ലേ. എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്, എ.കെ.ജി. സെന്ററിന്റെ ഉമ്മറത്ത് ശ്രീ. ബാലകൃഷ്ണപിള്ള, ശ്രീ. പി.സി. ജോർജ്, ശ്രീ. കെ. ബി. ഗണേഷ് കുമാർ ഈ മൂന്നുപേരുടെയും ഫോട്ടോകൾ വയ്ക്കണം, ഇവരാണ് ഈ വീടിന്റെ ഐശ്വര്യം. ഇത്രയും വോട്ട് കിട്ടിയില്ലെങ്കിൽ നിങ്ങൾ ബി.ജെ.പി.-യെക്കാളും താഴെ പോകുമായിരുന്നില്ലേ? അതുകൊണ്ട് ഈ തോൽവിയുടെ യഥാർത്ഥ കാര്യം നിങ്ങൾ മനസ്സിലാക്കണം. അരുവിക്കരയിൽ ഞങ്ങൾ ഏറ്റവും കൂടുതൽ കേട്ട അനൗൺസ്മെന്റ് - 'ഇതാ വരുന്നു ഭീഷ്മാചാര്യൻ'. ആരാണ് ഭീഷ്മാചാര്യൻ. സാക്ഷാൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ. ഭീഷ്മരുടെ അന്ത്യം എങ്ങനെയാണ് സംഭവിച്ചത്? അർജ്ജുനന്റെ അമ്പേറ്റ് ശരശയ്യയിൽ ഒരിറ്റു ഗംഗാജലത്തിനുവേണ്ടി അദ്ദേഹം കേണു. എന്തുകൊണ്ടാണ് അദ്ദേഹത്തിന് ആ ഗതി വന്നത്? സ്ത്രീ ശാപമായിരുന്നു. ആദ്യത്തെ ശാപമെന്താണ്? അംബ, അംബിക, അംബാലിക എന്നീ രാജകുമാരിമാരെ സഹോദരനുവേണ്ടി അദ്ദേഹം പിടിച്ചുകൊണ്ടുവന്നു. എന്നെ കൈപിടിച്ചത് അങ്ങാണ്, അതുകൊണ്ട് അങ്ങുതന്നെ കല്യാണം കഴിക്കണമെന്ന് അംബ പറഞ്ഞു. കല്യാണം കഴിക്കാൻ തയ്യാറല്ലെന്ന് ഭീഷ്മർ പറഞ്ഞു. അംബയാണ് പിന്നീട് ശിഖണ്ഡിയാകുന്നത്. രണ്ടാമത്തെ ശാപം എവിടെയാണ്? രജസ്വലയായ പാഞ്ചാലിയെ കൗരവ സദസ്സിൽവച്ച് ദുശ്ശാസനൻ വിവസ്ത്രയാക്കാൻ ശ്രമിച്ചപ്പോൾ പിതാമഹനായ ഭീഷ്മർ അനങ്ങാതിരുന്നു. അതുപോലെ സ്ത്രീശാപമുള്ള ഒരാളാണ് ശ്രീ. വി.എസ്. അച്യുതാനന്ദൻ. പിറവം ഇലക്ഷന് തൊട്ടുമുമ്പ് സിന്ധു ജോയിയെക്കുറിച്ച് എന്താണ് പറഞ്ഞത്? അതിനുമുമ്പ് അദ്ദേഹത്തിനെതിരെ മത്സരിച്ച ലതികാ സുഭാഷിനെക്കുറിച്ച് മോശമായി പറഞ്ഞില്ലേ? ഇതുപോലെ നൂറുകണക്കിന് സ്ത്രീകളെ അപമാനിച്ചില്ലേ? ആ സ്ത്രീകളുടെ ശാപമേറ്റ് വി. എസ്. ശരശയ്യയിൽ വീഴും. അവിടെ ഒരിറ്റ് വെള്ളം കൊടുക്കാൻ ശ്രീ. ഉമ്മൻ ചാണ്ടി എന്ന അർജ്ജുനൻ വരേണ്ടിവരും. ശ്രീ. എം. ടി. വാസുദേവൻ നായരാണ് വടക്കൻ വീരഗാഥയിലെ ചതിയൻ ചന്തുവിന് ഒരു പുതിയ മാനം കൊടുത്തത്. അതിൽ ചന്തു ഒരു വാചകം പറയുന്നുണ്ട് - 'മക്കളേ നിങ്ങൾക്ക് ചന്തുവിനെ തോല്പിക്കാനാവില്ല'. ശ്രീ. ഉമ്മൻ ചാണ്ടിയെ തോല്പിക്കാൻ

നിങ്ങൾക്കാവില്ല മക്കളേ എന്ന് ഞാൻ പ്രതിപക്ഷത്തോട് പറയുന്നു. അതു മാത്രമാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഇതിനെ പിന്താങ്ങുന്നു.

4.00 PM]

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഒരു സാങ്കൽപ്പിക ബഡ്ജറ്റിന്മേലുള്ള അധരവ്യായാമമാണ് കഴിഞ്ഞ കുറേ ദിവസമായി സഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. പൊടിക്കൈകൾ പ്രയോഗിച്ച് സമർത്ഥനായ ജാലവിദ്യക്കാരനെപ്പോലെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സംസ്ഥാനഭരണം നടത്തുന്ന കാഴ്ചയാണ് നാം കാണുന്നത്. ഈ സർക്കാരിനെ പിടികൂടിയിരിക്കുന്ന സർവ്വരോഗങ്ങളുടെയും ഒറ്റമൂലി ഔഷധമാണ് അരുവിക്കരയിലെ തെരഞ്ഞെടുപ്പ് ഫലമെന്ന മട്ടിലാണ് യു.ഡി.എഫ്.-ലെ പല അംഗങ്ങളുടെയും ഇരിപ്പ്. ഇതുകാണുമ്പോൾ വിശുദ്ധ ഖുറാനിലെ 'ഹജ്ജ്' എന്ന അദ്ധ്യായത്തിലെ സൂക്തമാണ് എനിക്ക് ഓർമ്മ വരുന്നത്.

" വ ഇദാ അറദ്നാ അൻ നുഹ്ലിക്ക കർയത്തൻ, അമർനാ മുത്തറാഫിഹ, ഫഫസക്കുഫീഹാ ഫഹഖ അലയ്ഹൽ ഖൗലു, ഫ ദമ്മർനാഹാ തദ്മീറാ" .

നാം ഒരു വിഭാഗത്തെ നശിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവരിലെ സർവ്വാധികാരങ്ങളുമുള്ള ധനാഢ്യന്മാരെയും ധിക്കാരികളെയും തെറ്റുകളിൽ അഭിരമിക്കാൻ കയറൂരിവിടും. എന്നിട്ട് അവസാനം നാം അവരെ പിടികൂടും. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിനെയും കാത്തിരിക്കുന്നത് തെറ്റുകളിൽ അഭിരമിച്ച് അവസാനം അതിന്റെ അറ്റത്ത് എത്തുമ്പോൾ ജനങ്ങൾ പിടികൂടുന്ന കാഴ്ചയാകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും ആർക്കുംവേണ്ട. മതനിരപേക്ഷത നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന അവസാനത്തെ മനുഷ്യനും എരിഞ്ഞൊടുങ്ങുന്നതുവരെ ഇടതുപക്ഷത്തിന് പ്രസക്തിയുണ്ടാകുമെന്നുള്ള കാര്യത്തിൽ ആർക്കാണ് സംശയം. അരുവിക്കരയിലെ ഡെമോഗ്രഫി, സഹതാപതരംഗം, ബി.ജെ.പി.യുടെ തേനിൽ പൊതിഞ്ഞ വിഷസമാനമായ സൗമ്യമുഖം കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഉണ്ടാകുമെന്ന് നിങ്ങൾ ധരിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് തെറ്റി. ഒന്നോ രണ്ടോ തെരഞ്ഞെടുപ്പുകളിലെ തോൽവി ഏതെങ്കിലും പാർട്ടിയുടെ രാഷ്ട്രീയ അപജയത്തിന്റെയും അന്ത്യത്തിന്റെയും അടയാളമായി എങ്ങനെയാണ് കാണാൻ കഴിയുന്നത്? മുസ്ലീംലീഗിന്റെ സുഹൃത്തുക്കളിൽ ചിലർ ഇടതുപക്ഷത്തിന് ഇനി ഭാവിയില്ല അവർ നാമാവശേഷമായി കഴിഞ്ഞുവെന്ന രീതിയിൽ പ്രസ്താവനകൾ നടത്തുകയുണ്ടായി. പിന്നിലേക്ക് തിരിഞ്ഞുനോക്കാൻ അത്തരക്കാർ തയ്യാറായില്ല എന്നുള്ളതു കൊണ്ടാണ് അങ്ങനെ അവർക്ക് പറയേണ്ടിവന്നത്. മുസ്ലീംലീഗിന്റെ പൊന്നാപുരംകോട്ടയായിരുന്ന മലപ്പുറം പാർലമെന്റ് മണ്ഡ ലത്തിൽ ലീഗ് തോറ്റ് തുന്നംപാടി. 2006-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ രണ്ട്

അക്കത്തിൽനിന്ന് ഒറ്റ സംഖ്യയിലേക്ക് മുസ്ലീംലീഗിന്റെ അംഗസംഖ്യ പരിമിതപ്പെട്ടു. കുറ്റിപ്പുറത്തും തിരൂരിലും മങ്കടയിലും പെരിന്തൽമണ്ണയിലും മുസ്ലീംലീഗ് ചരിത്രത്തിൽ ആദ്യമായി തോൽവിയുടെ കയ്പുരസം അനുഭവിച്ചു. ആ പാർട്ടി ഇല്ലാതായോ; ആ പാർട്ടിക്ക് തിരിച്ചുവരാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ കോൺഗ്രസിന് 1977-ലെ ദയനീയമായ തോൽവിയിൽനിന്നും 1967-ലെ ഒമ്പത് സംസ്ഥാന നിയമസഭകളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ എട്ടിലും പരാജയത്തിന്റെ കയ്പ്പുനീർ കുടിച്ച കോൺഗ്രസ്സിന് പിന്നീട് തിരിച്ചുവരാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ഇടതുപക്ഷ പാർട്ടികൾക്ക് ന്യൂറുവട്ടം തെരഞ്ഞെടുപ്പ് പരാജയങ്ങളിൽനിന്ന് കുതിച്ചുയർന്നുവരാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ ആർക്കും ഒരു സന്ദേഹവും വേണ്ട. എന്റെ സുഹൃത്ത് ശ്രീ. കെ. എം. ഷാജി ഇവിടെ പറഞ്ഞ് അവസാനിപ്പിച്ചിടത്തുനിന്ന് തുടങ്ങാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അദ്ദേഹം പറഞ്ഞത്, ഇടതുപക്ഷത്തിന്റെ സാന്നിദ്ധ്യമുള്ളിടത്ത് ബി.ജെ.പി. ഇല്ല. കേരളത്തിലും ബംഗാളിലും ത്രിപുരയിലും ബി.ജെ.പി. ഇല്ല. ആരുള്ളിടത്താണ് ബി.ജെ.പി. വളർന്നത്. കോൺഗ്രസ്സും ഇടതുപക്ഷ പാർട്ടികളും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം ഇവിടെയാണ്. കോൺഗ്രസ് ഭരിച്ചിടത്തൊക്കെ കേവലാർത്ഥത്തിലുള്ള ഭരണമാണ് അവർ നടത്തിയതെങ്കിൽ ഇടതുപക്ഷത്തിന് ഭരണം കിട്ടിയ സ്ഥലങ്ങളിൽ ഭരണത്തോടൊപ്പം ജനങ്ങളുടെ മനസ്സിനെ മതനിരപേക്ഷമാക്കുന്നതിലും അവർ ശ്രദ്ധ കേന്ദ്രീകരിച്ചു. അതുകൊണ്ടാണ് ബി.ജെ.പി.യുടെ വർഗ്ഗീയ അജണ്ട ഇടതുപക്ഷ സ്വാധീന സംസ്ഥാനങ്ങളിലും മേഖലകളിലും അവർക്കുണ്ടാക്കിയെടുക്കാൻ സാധ്യമാകാതെ പോയത്. മുപ്പത് വർഷക്കാലത്തെ ഭരണത്തിന് അന്ത്യം കുറിച്ചുകൊണ്ടാണ് ബംഗാളിൽ ഇടതുമുന്നണി തോറ്റത്. ആ തോൽവി ഇടതുപക്ഷത്തിന് സംഭവിച്ചപ്പോൾപോലും അവിടെ ബി.ജെ.പി.ക്ക് കടന്നുകയറാൻ കഴിഞ്ഞില്ല. കോൺഗ്രസ് വിട്ടുപോയി പുതിയ ഒരു പാർട്ടി ഉണ്ടാക്കിയ, പേരിനെങ്കിലും മതേതര പാർട്ടിയെന്ന് വിളിക്കാൻ കഴിയുന്ന സംഘശക്തി സംഘടനയ്ക്കാണ് അവിടെ തെരഞ്ഞെടുപ്പ് ജയം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത്. ബംഗാളിൽ കഴിഞ്ഞ മുപ്പത് വർഷം വർഗ്ഗീയ കലാപങ്ങളില്ലാതെ കടന്നുപോയ സാഹചര്യവും നിലനിൽക്കുന്നു. പാക്കിസ്ഥാൻ പിളർന്നു ബംഗ്ലാദേശ് എന്ന രാജ്യം ഉണ്ടായപ്പോൾ ലക്ഷക്കണക്കിന് ആളുകളാണ് പശ്ചിമബംഗാളിലേയ്ക്കും ആസ്സാമിലേയ്ക്കും കുടിയേറി പാർത്തത്. ആസ്സാമിൽ അങ്ങനെ കുടിയേറിപ്പാർത്തവർക്ക് കലാപങ്ങളുടെ പരമ്പരകളെ നേരിടേണ്ടിവന്നു. എന്നാൽ ബംഗാളിൽ അത്തരക്കാർക്ക് ഒരു കലാപത്തെപോലും നേരിടേണ്ടി വന്നിട്ടില്ലായെന്നുള്ളത് നാം മറക്കരുത്. കേരളത്തിൽ ബി.ജെ.പി.യുടെ കടന്നുകയറ്റത്തെ പ്രതിരോധിച്ചു നിർത്തുന്നത് ആരാണ്? ഇഞ്ചോടിഞ്ച് അവരോട് പൊരുതി, കായിക രംഗത്തായാലും പ്രത്യയശാസ്ത്ര രംഗത്തായാലും നിൽക്കുന്നത് ഇടതുപാർട്ടികളല്ലേ. അഞ്ഞൂറിലധികം സഖാക്കളുടെ ജീവൻ ആർ.എസ്.എസ്സ്.നെ പ്രതിരോധിക്കുന്ന മേഖലയിൽ അവർക്ക് ബലികൊടുക്കേണ്ടിവന്നു. ജന്മംകൊണ്ട്

ഹൈന്ദവരും കർമ്മംകൊണ്ട് കമ്മ്യൂണിസ്റ്റുകാരുമായിട്ടുള്ള ആ സഖാക്കളുടെ ജീവരക്തത്തിന്റെ പിൻബലത്തിലാണ് കേരളത്തിൽ ആർ.എസ്.എസ്സ്.നെ തടുത്തുനിർത്താൻ സാധിച്ചത്. ഇന്ത്യയിൽ കോൺഗ്രസ്സിന് എപ്പോഴെങ്കിലും ആർ.എസ്.എസ്സ്.മായി സംഘർഷത്തിൽ ഏർപ്പെടേണ്ടി വന്നിട്ടുണ്ടോ? ബി.ജെ.പി. കോൺഗ്രസ്സിന്റെ അധികാര രാഷ്ട്രീയത്തിലേയ്ക്ക് നടന്നടുത്തപ്പോൾ മാത്രമാണ് അവർ ബി.ജെ.പി.ക്കെതിരെ കൈവിരൽ ചൂണ്ടിയത്. ആർ.എസ്.എസ്. നാട്ടിലുണ്ടാക്കിയ ഹിന്ദുത്വ വർഗ്ഗീയ അജണ്ടയെ സത്യസന്ധമായി നെഞ്ചത്ത് കൈവച്ചുകൊണ്ട് ആത്മാർത്ഥമായി എതിർക്കാൻ കോൺഗ്രസിന് ഇന്നും കഴിയുന്നുണ്ടോ? ഈ സഭയിൽ ഇന്നുപോലും നാം കണ്ട കാഴ്ച എന്താണ്? കാസർഗോട്ടെ എൻഡോസൾഫാൻ ദുരന്തത്തിനിരയായ എട്ടും പൊട്ടും തിരിയാത്ത ഒരു കുട്ടിയെ ആർ.എസ്.എസ്. കാപാലികനായ ഒരു ക്രിമിനൽ കൊലപ്പെടുത്തി. അതുസംബന്ധിച്ച് നടന്ന ചർച്ചയ്ക്ക് മറുപടി പറഞ്ഞ ആഭ്യന്തര വകുപ്പുമന്ത്രി, സാധാരണ ചർച്ചകൾക്ക് മറുപടി പറയുമ്പോൾ ഏതെങ്കിലും ഒരു പ്രതിയുടെ- പാർട്ടിയുടെ അടിവേരുകൾ തേടി ഗവേഷണം നടത്താറുള്ള ആഭ്യന്തര വകുപ്പുമന്ത്രി, പ്രതി ബി.ജെ.പി.ക്കാരനാണെന്നോ ആർ.എസ്.എസ്.കാരനാണെന്നോ ഒരക്ഷരം പറഞ്ഞില്ല. നിങ്ങൾക്ക് അത് പറയാൻ കഴിയില്ല. ഒരുഘട്ടത്തിലും ആർ.എസ്.എസ്.ന്റെ ഹിന്ദുത്വ അജണ്ടയോട് നിങ്ങൾക്ക് പൊരുതി നിൽക്കേണ്ടി വന്നിട്ടില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 'The Discovery of India' എന്ന പുസ്തകം രചിച്ചത് ആർ.എസ്.എസ്.ന്റെ ഹിന്ദുത്വ അജണ്ടകളെ പ്രതിരോധിക്കാൻ വേണ്ടിയാണ്. പക്ഷേ, നെഹ്റുവിന്റെ പിന്മുറക്കാരെന്ന് അവകാശപ്പെടുന്ന നിങ്ങൾ ആ നെഹ്റുവിന്റെ നാലയലത്തുപോലും നിൽക്കാൻ യോഗ്യതയില്ലാത്തവരാണെന്ന് കുറേ കാലങ്ങളായി തെളിയിച്ചുകൊണ്ടിരിക്കുകയല്ലേ. നമ്മുടെ രാജ്യത്ത് ആർ.എസ്.എസ്.ന് എതിരായി, അവർ ഉയർത്തുന്ന പ്രത്യയ ശാസ്ത്ര ഭീഷണിക്കെതിരായി, അവർ ഉയർത്തുന്ന കായിക ശേഷിയിലധിഷ്ഠിതമായ കലാപങ്ങൾക്കെതിരായി ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത് ഇടതുപാർട്ടികളാണ്. അവർക്ക് ഭരണം കിട്ടിയ മേഖലകളിൽ അവർക്ക് സ്വാധീനമുള്ള പ്രദേശങ്ങളിൽ അവർ ആർ.എസ്.എസ്.നെയും ഹിന്ദുത്വ ശക്തികളെയും മുസ്ലീം തീവ്രവാദത്തെയും ശക്തമായി ചെറുത്തുതോൽപ്പിക്കാൻ ശ്രമിച്ചു. കേരളത്തിൽ പതിനാറിലധികം സഖാക്കളുടെ ജീവനാണ് എൻ.ഡി.എഫ്.കാരും എസ്.ഡി.പി.ഐ.ക്കാരും കവർന്നെടുത്തിട്ടുള്ളത്. ഏറ്റവും ചുരുങ്ങിയ ആയുസ് മാത്രമുള്ള മുസ്ലീം തീവ്രവാദികളും ലക്ഷ്യം വെയ്ക്കുന്നത് കമ്മ്യൂണിസ്റ്റുകാരെയാണ്. ആർ.എസ്.എസ്.കാർ അവരുടെ മുഖ്യശത്രുവായി കാണുന്നത് ഈ രാജ്യത്തുള്ള മത ന്യൂനപക്ഷങ്ങളെയല്ല, പ്രഥമ ശത്രുവായി അവർ പ്രഖ്യാപിച്ചിരിക്കുന്നത് കമ്മ്യൂണിസ്റ്റുകാരെയാണ്. ഡൽഹിയിൽ സമ്മേളിച്ച അന്താരാഷ്ട്ര ഹിന്ദു കോൺഗ്രസ് അഞ്ചു ശത്രുക്കളെ പ്രഖ്യാപിച്ചു. ആ അഞ്ചു ശത്രുക്കളും 'എം' എന്ന അക്ഷരത്തിൽ തുടങ്ങുന്നവരാണെന്നും 'എം' എന്ന

അക്ഷരത്തിൽ തുടങ്ങുന്ന തങ്ങളുടെ ആദ്യത്തെ ശത്രു മാർക്സിസ്റ്റുകാരാണെന്നുമാണ് അവർ പ്രഖ്യാപിച്ചത്. 'എം'-ൽ തുടങ്ങുന്ന രണ്ടാമത്തെ ശത്രു മുസ്ലീങ്ങളാണെന്നും, മൂന്നാമത്തേത് മിഷണറിമാരാണ്, അഥവാ ക്രൈസ്തവരാണെന്നും നാലാമത്തേത്, 'എം'-ൽ തുടങ്ങുന്ന മെറ്റീരിയലിസ്റ്റുകളാണ്, അഥവാ ഭൗതികവാദികളാണെന്നും അഞ്ചാമത്തേത്, മെക്കോളെജിസ്റ്റുകളാണ്, അഥവാ ആധുനിക വിദ്യാഭ്യാസം ലഭിച്ചവരാണെന്നുമാണ് അവർ പ്രഖ്യാപിച്ചത്. ആർ. എസ്.എസ്.-കാർ അവരുടെ മുഖ്യശത്രുവായി പ്രഖ്യാപിച്ചത് കോൺഗ്രസ്സിനെയല്ല, മുസ്ലീം ലീഗിനെയുമല്ല, മാർക്സിസ്റ്റുകാരെയാണ്. എൻ.ഡി.എഫ്.കാരും എസ്.ഡി.പി.ഐ.കാരും അവരുടെ മുഖ്യശത്രു പട്ടികയിൽ പ്രഥമസ്ഥാനത്ത് നിർത്തിയിരിക്കുന്നതും കമ്മ്യൂണിസ്റ്റുകാരെയാണ്. ഒരു കമ്മ്യൂണിസ്റ്റുകാരന് ഇതിലും കൂടുതൽ അഭിമാനിക്കാൻ എന്തുവേണം?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഓരോ ഇടതുപക്ഷക്കാരന്റെയും മനസ്സിൽ ഈ രണ്ട് സർട്ടിഫിക്കറ്റുകളും അവർ ചില്ലിട്ട് സൂക്ഷിക്കുന്നു. കോൺഗ്രസിന് അത്തരമൊരു ഭാഗ്യം സിദ്ധിക്കാതെ പോയതെന്തുകൊണ്ടാണ്? കോൺഗ്രസ് ഇന്നും മൃദുല ഹിന്ദുത്വത്തെ താലോലിക്കുന്നു. അരുവിക്കര തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് എസ്.എൻ.ഡി.പി.യുടെ ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശന്റെ കൂടെ ശ്രീ. തൊഗാഡിയ ഇരിക്കുന്നത് നമ്മൾ കണ്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ ശ്രീ. വി. എം. സുധീരന്റെയോ നാവിൻതുമ്പിൽ നിന്ന് പ്രതിഷേധ സൂചകമായ ഒരു പ്രസ്താവനയെങ്കിലും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ശ്രീ. വെള്ളാപ്പള്ളി നടേശനും ശ്രീ. തൊഗാഡിയയും ഒരുമിച്ചിരിക്കുന്നതി നെതിരായി ഒരു തെരഞ്ഞെടുപ്പിന്റെ മുഖത്തുവച്ചുപോലും ആൺകുട്ടികളെപ്പോലെ തുറന്നുപറയാൻ കമ്മ്യൂണിസ്റ്റുകാരേ ഉണ്ടായിരുന്നുള്ളൂ. ഇടതുപക്ഷ നേതാക്കന്മാർക്കേ അതിന് ധൈര്യമുണ്ടാവുകയുള്ളൂ. നിങ്ങൾക്ക് ധൈര്യമുണ്ടാവില്ല. കാരണം നിങ്ങൾ മൃദുല ഹിന്ദുത്വത്തെ എന്നും താലോലിക്കുകയാണ് ചെയ്തത്. 1989-ൽ അയോദ്ധ്യയിൽ ശിലാന്യാസത്തിന് അനുമതി നൽകിയത് ബി.ജെ.പി.ക്കാരൻ ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്ന കാലത്തല്ല. 1992-ൽ ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രിയുടെ കസേരയിൽ നരേന്ദ്രമോദിയോ വാജ്പേയിയോ ആയിരുന്നില്ല. കോൺഗ്രസ്സായിരുന്നില്ലേ? ആ ചരിത്രസന്ധിയിൽ നിങ്ങളുടെ മതേതരത്വം എവിടെപ്പോയിരുന്നു?

കേരളത്തിൽ സോളാർ വിവാദവുമായി ബന്ധപ്പെട്ട് ഇടതുപക്ഷം ഒരു സമരം പ്രഖ്യാപിച്ചു. അന്ന് കേന്ദ്രത്തിലെ നിങ്ങളുടെ ഭരണസ്വാധീനം ഉപയോഗിച്ച് ഈ സെക്രട്ടേറിയറ്റിന് പുറവും സർവ്വായുധ വിഭൂഷിതരായ പട്ടാളക്കാരെക്കൊണ്ടുവന്ന് അണിനിരത്തി. ഈ കാണിച്ച ആർജ്ജവത്തിന്റെ ആയിരത്തിലൊരംശം

ആർജ്ജവമെങ്കിലും ബാബറി മസ്ജിദ് തകർക്കുമ്പോൾ സർവ്വായുധ വിഭൂഷിതനായ ഒരു പട്ടാളക്കാരനെ പള്ളിയുടെ മുമ്പിൽ നിർത്തിയിരുന്നെങ്കിൽ നിങ്ങൾക്ക് മതേതരത്വത്തെക്കുറിച്ച് പറയാൻ അല്പമെങ്കിലും അവകാശമുണ്ടാകുമായിരുന്നു. ആ അവകാശം പോലും നിങ്ങൾ നഷ്ടപ്പെടുത്തി. മതനിരപേക്ഷതയെ ദുർബ്ബലമാക്കാൻവേണ്ടി ഏതൊക്കെ ഘട്ടങ്ങളിലാണ് നിങ്ങൾ ശ്രമിച്ചതെന്നുള്ളതിന് കഴിഞ്ഞ കാലം സാക്ഷിയാണ്. അതിലേയ്ക്കൊന്നും കൂടുതൽ കടന്നുപോകാൻ ഞാനാഗ്രഹിക്കുന്നില്ല.

നമ്മുടെ നാട്ടിൽ ഒരു പ്രത്യേക മനോഗതമായി ഉയർന്നുവന്നുകൊണ്ടിരിക്കുന്നത് എന്താണ്? ഇന്നുരാവിലെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച വിഷയംതന്നെ എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. എൻ. എ. നെല്ലിക്കുന്ന് സബ്മിഷനായും അവതരിപ്പിക്കുകയുണ്ടായി. അതിലദ്ദേഹം ശ്രീ. ഇ. പി. ജയരാജനെ അഭിനന്ദിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. അദ്ദേഹം ശ്രീ. ഇ. പി. ജയരാജനെ അഭിനന്ദിച്ചില്ല. മരണപ്പെട്ടത് ഫഹദായതുകൊണ്ട് അക്കാര്യം പറയാൻ ഈ സഭയിൽ ഞങ്ങൾ ചിലരുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. അത് പറയാൻ ശ്രീ. ഇ. പി. ജയരാജനൊന്നും അവകാശമില്ല. ഹിന്ദു ഹിന്ദുവിന്റെയും മുസ്ലീം മുസ്ലീമിന്റെയും ക്രൈസ്തവൻ ക്രിസ്ത്യാനിയുടെയും മാത്രം പ്രശ്നങ്ങൾ ഉയർത്തുന്ന കാലം. അത് മതനിരപേക്ഷതയുടെ ഏറ്റവുമധികം ഭീഷണി നേരിടുന്ന കാലമാണ്. അത്തരമൊരു കാലത്തിലൂടെയാണ് നമ്മൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ശ്രീ. ഇ. പി. ജയരാജൻ ഫഹദിനെക്കുറിച്ച് പറയാൻ തയ്യാറാകുന്ന കാലമാണ് യഥാർത്ഥത്തിൽ മതനിരപേക്ഷതയുടെ കാലമെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. ക്രൈസ്തവരുടെ ന്യായമായ പ്രശ്നങ്ങൾ മുസ്ലീമായിട്ടുള്ള ഞാൻ പറയുന്നതാണ് ഏറ്റവും പ്രസക്തമായിട്ടുള്ളതെന്ന് ഞാൻ കരുതുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. കാരണം കാസർഗോഡ് ആ കുട്ടി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് നാലു ദിവസം മുമ്പ് മുസ്ലീം ലീഗ് അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഈ സഭയിൽ സബ്മിഷനുവേണ്ടി കൊടുത്തതാണ്. .....(ബഹളം)...... അങ്ങനെ സബ്മിഷൻ കൊടുത്തപ്പോൾ, ഇവർ മറച്ചുവച്ച കാര്യം പുറത്തുവരുന്നുവെന്ന് കണ്ടപ്പോൾ സബ്മിഷന്റെ വിഷയം അടിയന്തരപ്രമേയമായി അവതരിപ്പിച്ച് ആളാകാൻ ശ്രമിച്ചതാണ് ഇന്ന് രാവിലെ നിയമസഭ കണ്ടത്.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, ഈ സഭയിൽ അതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചർച്ചകൾ നമ്മളൊക്കെ കേട്ടതാണ്. ജൂലൈ 9-ാം തീയതി നടന്ന ഒരു സംഭവത്തിന് നാല് ദിവസം മുമ്പ് അദ്ദേഹം സബ്മിഷന് നോട്ടീസ് നൽകുന്നത് എങ്ങനെയാണ്? നാല് ദിവസം സഭ അവധിയായിരുന്നു. ജൂലൈ 10, 11, 12

എന്നീ തീയതികളിൽ അസംബ്ലിയില്ല. പിന്നെ ഇന്നലെയാണ് അസംബ്ലി സമ്മേളിക്കുന്നത്. കള്ളം പറയുമ്പോൾ ഡേറ്റിനെക്കുറിച്ച് ശ്രദ്ധിക്കാതെപോയതു കൊണ്ടാണ് ഈ അബദ്ധം എന്റെ സ്നേഹിതൻ രണ്ടത്താണിക്ക് സംഭവിച്ചത്.

രാജ്യത്ത് മതധ്രുവീകരണം നടത്തുന്നവർക്ക് ഒരിക്കലും കൂട്ടുനിൽക്കാൻ പാടില്ല. നിലവിളക്ക് കൊളുത്തുന്നതുമായി ബന്ധപ്പെട്ട വിവാദത്തിൽ മുസ്ലീം ലീഗ് ഇക്കാലമത്രയും സ്വീകരിച്ച നിലപാട് ശരിയല്ലായെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ശ്രീ. കെ. എം. ഷാജി തന്റെ പ്രസംഗം അവസാനിപ്പിച്ചത്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനും മുസ്ലീം ലീഗിലെ ഡോ. എം. കെ. മുനീർ അടക്കമുള്ള മന്ത്രിമാർക്കും ലീഗിലെ എം.എൽ.എ. -മാർക്കും ശ്രീ. കെ. എം. ഷാജി ക്ലാസ്സെടുക്കണം; എല്ലാം പഠിപ്പിച്ചുകൊടുക്കണം. ആരാധനയുടെ ഭാഗമല്ലാതെ നിലവിളക്ക് കൊളുത്താൻ ഒരു മുസ്ലീമിന് കഴിയുമെന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. മുസ്ലീം ലീഗ് ഇക്കാലമത്രയും എടുത്ത നിലപാട് തെറ്റാണെന്ന് കേരളീയ സമൂഹത്തോട് പറയണം.

ശ്രീ. കെ. എം. ഷാജി: സർ, പോയിന്റ് ഓഫ് ഓർഡർ. ഞാനിവിടെ വളരെ കൃത്യമായി പറഞ്ഞതെന്താണെന്ന് സഭാരേഖകളിലുണ്ട്. അതിന് വിരുദ്ധമായി പറയുന്ന ഒരു പ്രയോഗവും രേഖയിലുണ്ടാകാൻ പാടില്ല. ഞാൻ മുസ്ലീം ലീഗിന്റെ നിലപാടുകൾ തിരുത്താനോ ലീഗ് നിലപാടിന് വിരുദ്ധമായ അഭിപ്രായം പറയാനോ പോയിട്ടില്ല. ദയവു ചെയ്ത് ഡോ. കെ. ടി. ജലീലിന്റെ ഇസ്ലാമൊന്നും ഞങ്ങളെ പഠിപ്പിക്കാൻ ശ്രമിക്കണ്ട.

ഡോ. കെ. ടി. ജലീൽ: സർ, ആരാധനയുടെ ഭാഗമല്ലാതെ ഞാൻ ആരാധിക്കുകയാണെന്ന വിശ്വാസത്തിലല്ലാതെ നിലവിളക്ക് കൊളുത്തുന്നതിൽ ഒരു തെറ്റുമില്ല. അതുകൊണ്ടാണ് ഞാൻ നിലവിളക്ക് കൊളുത്തുന്നതെന്ന് ബഹുമാന്യനായ അംഗം കെ. എം. ഷാജി ഏതാനും മിനിട്ടുകൾക്കുമുമ്പ് ഇവിടെ പറഞ്ഞു. ശ്രീ. കെ. എം. ഷാജിയുടെ ആ മനോബലത്തിലേക്ക് ഡോ. എം. കെ. മുനീറിനുപോലും ഇതുവരെ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളത് ഡോ. എം. കെ. മുനീറിന്റെ പരിമിതിയെയല്ലേ വ്യക്തമാക്കുന്നത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെയും ശ്രീ. പി. കെ അബ്ദു റബ്ബിന്റെയും പരിമിതിയെ അല്ലേ അത് വ്യക്തമാക്കുന്നത്. ഞാൻ ശ്രീ. കെ. എം. ഷാജിയുടെ അഭിപ്രായത്തോട് യോജിക്കുന്നു. ലീഗ് ആ നിലപാടിലേക്ക് മടങ്ങി വരണമെന്നാണ് എന്റെ അഭിപ്രായം. ചിലരുടെ വോട്ടുകൾ വേണ്ടെന്നുള്ള പ്രഖ്യാപനങ്ങൾ ചിലരിവിടെ നടത്തി. ജമാ അത്തെ ഇസ്ലാമിയുടെ വോട്ടുകളും വെൽഫയർ പാർട്ടിയുടെ വോട്ടുകളും മാധ്യമത്തിന്റെ പിന്തുണയുമൊന്നും ഞങ്ങൾക്ക് വേണ്ടെന്നുള്ള വലിയ പ്രഖ്യാപനങ്ങളൊക്കെ നാം കേട്ടു. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി

സാഹിബ് പറയട്ടെ, ഈ സഭയിൽ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അങ്ങനെ പറയാൻ ധൈര്യപ്പെടുമെങ്കിൽ ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുന്നു. അദ്ദേഹത്തിന് അങ്ങനെ പറയാൻ കഴിയുമോ? ലീഗ് പാർട്ടിയുടെ നയം പറയേണ്ടത് മുസ്ലീം ലീഗിന്റെ നിയമസഭാ പാർട്ടി ലീഡറായിട്ടുള്ള ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ആണ്. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായമറിയാൻ ഈ സഭയ്ക്ക് താൽപ്പര്യമുണ്ട്. നിലവിളക്ക് കൊളുത്തുന്നതുമായി ബന്ധപ്പെട്ട വിവാദത്തിൽ ലീഗ് നിലപാട് എന്താണ്? മുസ്ലീം ലീഗിന്റെ പ്രഖ്യാപന നിലപാട് എന്താണെന്നറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. വെൽഫയർ പാർട്ടിയുടെ വോട്ട് വേണ്ടെന്ന് ഈ സഭയിൽ വച്ച് പ്രഖ്യാപിക്കാൻ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് സാധിക്കുമോ; മാധ്യമത്തിന്റെ പിന്തുണ വേണ്ടെന്ന് പറയാൻ കഴിയുമോ? വിടുവായത്തം പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. ഈ കാര്യത്തിൽ ഇടപെട്ട് ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് നയം വ്യക്തമാക്കുമെങ്കിൽ ഞാൻ വഴങ്ങാം.

മി. സ്പീക്കർ: ഡോ. കെ. ടി. ജലീൽ, അങ്ങയുടെ സമയം കഴിഞ്ഞ് നാല് മിനിട്ട് കൂടുതലായി. ......പ്ലീസ് ....കൺക്ലൂഡ്......

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് പറയാൻ അവസരം കൊടുക്കണം. സ്വന്തം പാർട്ടിക്കാരെക്കൊണ്ടുപോലും അംഗീകരിപ്പിക്കാൻ കഴിയാത്ത കാര്യമാണ് എന്റെ സുഹൃത്ത് ശ്രീ. കെ. എം. ഷാജി ഈ സഭയിൽ പറഞ്ഞിരിക്കുന്നത്. അദ്ദേഹം ഈ സഭയിലല്ല ഇത് പറയേണ്ടത്. മുസ്ലീം ലീഗിന്റെ സംസ്ഥാന കമ്മിറ്റിയിലാണ് തന്റെ നിലപാട് അസന്നിദ്ധമായി പ്രഖ്യാപിക്കേണ്ടത്. എന്നിട്ട് അവരെക്കൊണ്ട് അംഗീകരിപ്പിച്ചതിനുശേഷം ഈ സഭയിൽവന്ന് വർത്തമാനം പറയട്ടെയെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഇങ്ക്വിലാബ് സിന്ദാബാദ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഈ ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശം നല്കിയ എല്ലാവരോടും വളരെയധികം നന്ദിയുണ്ട്. ചർച്ചയിൽ പങ്കെടുത്ത ആളുകൾ പ്രവാസികാര്യങ്ങളെപ്പറ്റി നല്കിയ നിർദ്ദേശങ്ങൾ ഗൗരവമായി കണക്കിലെടുക്കാനും അതിന് പരിഹാരമുണ്ടാക്കാനും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശ്രമങ്ങൾ ഉണ്ടാകുന്നതാണ്. പ്രധാനമായി പറഞ്ഞ ഒരു കാര്യം, വിമാന ചാർജ്ജിന്റെ വർദ്ധനവിനെക്കുറിച്ചാണ്. ചർച്ച ആരംഭിച്ച ബഹുമാന്യനായ ടി. എൻ. പ്രതാപൻ മുതൽ ഉന്നയിച്ച പ്രധാനപ്പെട്ട വിഷയം വെക്കേഷൻ കാലത്തുള്ള

വിമാനചാർജ്ജിന്റെ അമിതമായ വർദ്ധനവാണ്. കഴിഞ്ഞ കാലഘട്ടത്തിലും ഉന്നയിക്കുന്ന ഒരു പരാതിയാണിത്. വൻകിട വിമാനക്കമ്പനികൾ വെക്കേഷൻ സീസണാകുമ്പോൾ അവരുടെ കച്ചവടതാല്പര്യങ്ങൾക്കുവേണ്ടി പ്രവാസികളെ ചൂഷണം ചെയ്യുന്നു എന്നത് എല്ലാക്കാലത്തുമുള്ള വലിയ ആക്ഷേപമാണ്. ഇപ്പോഴത്തെ വിമാന ടിക്കറ്റിന്റെ പോളിസിയിലുണ്ടായ മാറ്റംമൂലം ഓരോ സമയത്തും ചാർജ്ജ് കൂട്ടാനുള്ള അവകാശം വിമാനക്കമ്പനികൾക്കുണ്ട്. ഈ കാര്യം സംബന്ധിച്ച്, കേരളത്തിന്റെ ഉത്കണ്ഠയും ആശങ്കയും സംസ്ഥാന ഗവൺമെന്റ് പലവട്ടം കേന്ദ്രത്തെ അറിയിച്ചിരുന്നതാണ്. ഇത് സാധാരണഗതിയിലുള്ള വിമാനചാർജ്ജ് വർദ്ധനവല്ല. വെക്കേഷൻ കാലത്ത് ഗൾഫിലെ സാധാരണ തൊഴിലാളികൾ നാട്ടിലേക്ക് മടങ്ങാൻ പോകുമ്പോഴാണ് ഈ വർദ്ധനവ് ഉണ്ടാകുന്നത്. നിർബന്ധമായും വിമാന ചാർജ്ജിന് ഒരു ഗ്യാപ്പിംഗ് ഉണ്ടാകണം. ഇന്ന് അത് എത്ര വർദ്ധിച്ചാലും നിയന്ത്രിക്കാൻ സാധിക്കുന്നില്ല. അതിനാവശ്യമായ നടപടിയുണ്ടാകണം. കേന്ദ്രം ഇടപെട്ട് എയർ ഇൻഡ്യ അടക്കമുള്ള വിമാനക്കമ്പനികളോട് നിർദ്ദേശിക്കാനും വിമാനചാർജ്ജിനുണ്ടാകുന്ന ഏറ്റവും കൂടിയ ചാർജ്ജ് സംബന്ധിച്ചുള്ള വ്യക്തമായ ധാരണ ഉണ്ടാക്കിയില്ലെങ്കിൽ ഇത് തുടരും. ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ വ്യക്തമായ അഭിപ്രായം ഈ സീസണിൽ ഉണ്ടാകുന്ന വർദ്ധനവ് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണം എന്നാണ്. ഇന്ന് ചർച്ചയിൽ ഉന്നയിച്ച ഇടതുപക്ഷ കക്ഷികൾ പ്രവാസികളുടെ കാര്യത്തിൽ വലിയ താല്പര്യം കാണിക്കാറുണ്ട്. സഭയിലുള്ള ഭരണ-പ്രതിപക്ഷ കക്ഷികളൊക്കെ പ്രവാസികളുടെ ഓരോ ആവശ്യം ഉന്നയിക്കാറുണ്ട്. പ്രവാസികളുടെ വലിയ ആവശ്യമാണ് വോട്ടവകാശം. യു.പി.എ. ഗവൺമെന്റാണ് ഇൻഡ്യയിൽ ആദ്യമായി പ്രവാസികൾക്ക് വോട്ടവകാശം കൊണ്ടുവന്നത്. അതിനുമുൻപ് പ്രവാസികളുടെ പേര് വോട്ടർപട്ടികയിൽ ഉണ്ടായിരുന്നില്ല. ഇൻഡ്യൻ പൗരന്മാരാണെങ്കിലും അവരുടെ പേര് വോട്ടർ പട്ടികയിലുണ്ടായിരുന്നില്ല. യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന മാറ്റംമൂലം പ്രവാസികളുടെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തി. ഇക്കാലമത്രയും പട്ടികയിൽ പേരുണ്ടെങ്കിലും പോളിംഗ് ദിനത്തിൽ നാട്ടിൽ വന്ന് പോളിംഗ് ബൂത്തിൽ പോയാൽ മാത്രമേ വോട്ട് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. അതുസംബന്ധിച്ച് വലിയ ആശങ്ക പ്രവാസികൾക്കുണ്ട്. നമുക്കറിയാം, പ്രവാസികളിൽ ഒരു ചെറിയ ശതമാനം മാത്രമാണ് പോളിംഗ് ഡേയിൽ നാട്ടിലെത്തുന്നത്. വലിയ സാമ്പത്തിക ശേഷിയുള്ളവർക്കു മാത്രമേ അത് സാധിക്കൂ. സാധാരണ 2% പ്രവാസികൾക്കുപോലും നാട്ടിൽ ഓടിയെത്താൻ സാധിക്കുകയില്ല. അതുകൊണ്ടാണ് സുപ്രീംകോടതിയിൽ ശ്രീ. എൻ. ഷംസുദ്ദീൻ കൊടുത്ത പരാതിയെ ആധാരമാക്കി ഇലക്ഷൻ കമ്മീഷൻ രണ്ടു മാർഗ്ഗങ്ങൾ പറഞ്ഞത്. ഒന്നുകിൽ Proxy voting അല്ലെങ്കിൽ Online voting. ഈ കാര്യം

സംബന്ധിച്ച് കേരളത്തിലെ പഞ്ചായത്ത് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ആവശ്യമായ മാറ്റങ്ങൾ വരുത്തി. ഇലക്ഷൻ കമ്മീഷൻ ചോദിച്ചിരിക്കുന്നത് കേരളം ഏത് മാർഗ്ഗമാണ് നിർദ്ദേശിക്കുന്നത്; എന്താണ് ഗവൺമെന്റിന്റെ അഭിപ്രായം; അഭിപ്രായം പറഞ്ഞാൽ ആവശ്യമായ നടപടി സ്വീകരിക്കാൻ കമ്മീഷൻ തയ്യാറാണ്? അതിനുവേണ്ടി ഞങ്ങൾ അഖിലകക്ഷി യോഗം വിളിച്ചുകൂട്ടി. എല്ലാവരും പങ്കെടുത്തിരുന്നു. അവിടെ പറഞ്ഞു, proxy voting വേണ്ട. ആരും proxy voting-നെ അനുകൂലിച്ചില്ല. പിന്നെയുള്ള ഏക മാർഗ്ഗം online voting ആണ്. അവിടെ പങ്കെടുത്ത സി.പി.ഐ.(എം)-കാർ പറഞ്ഞത് online voting കൊണ്ട് വ്യാപകമായ അഴിമതിയുണ്ടാകും; അതുകൊണ്ട് ഞങ്ങൾക്ക് ആലോചിക്കാൻ സമയം വേണം എന്നാണ്. സി.പി.ഐ.(എം)-ന്റെ പ്രവാസി സംഘം പ്രസിഡന്റാണ് ശ്രീ. കെ. വി. അബ്ദുൾ ഖാദർ. ഞാൻ അദ്ദേഹത്തോട് ചോദിച്ചപ്പോൾ ഉത്തരം പറയാതെ ഒഴിഞ്ഞുമാറുകയാണ്. അതിന്റെയർത്ഥം online voting-ന് സി.പി.ഐ.(എം)-ഉം എൽ.ഡി.എഫ്.-ഉം അനുകൂലിക്കുന്നില്ല എന്നാണ്. എന്നുപറഞ്ഞാൽ പ്രവാസികൾക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്നതല്ലാതെ വോട്ടവകാശം യാഥാർത്ഥ്യമാക്കാനുള്ള കാര്യങ്ങളോട് സി.പി.ഐ.(എം)-ന് യോജിപ്പില്ല എന്നതാണ്. അത് വളരെ നിർഭാഗ്യകരമായ കാര്യമാണ്. ഇവിടെ പറഞ്ഞ മറ്റൊരു പരാതി, ഗൾഫിൽനിന്ന് മടങ്ങിവന്ന ആളുകളുടെ rehabilitation സംബന്ധിച്ചാണ്. ഇവിടെ പല ആക്ഷേപങ്ങളും പറഞ്ഞു. സമീപകാലത്തുണ്ടായ പ്രശ്നങ്ങളിൽ ഇറാക്ക്, ലിബിയ, യെമൻ എന്നിവിടങ്ങളിൽ പ്രശ്നങ്ങളുണ്ടായപ്പോൾ വളരെ നന്നായി ഇടപെടാനും അവിടെയുണ്ടായിരുന്ന മുഴുവൻ മലയാളികളെയും, അവരുടെ ദേഹത്ത് ഒരു തുള്ളി മണ്ണുപോലും വീഴാതെ മടങ്ങിയെത്താനും കേന്ദ്ര ഗവൺമെന്റ് സഹായിച്ചു. സംസ്ഥാന ഗവൺമെന്റ് മാത്രമാണ് ഈ കാര്യത്തിൽ ഒരു നിലപാട് സ്വീകരിച്ചത്. എല്ലാവരെയും മടക്കി എത്തിച്ചു. ഇവിടെ നിതാഖത്ത് വിഷയമുണ്ടായി, കേരളത്തിൽനിന്ന് ഒരു സംഘം സൗദി അറേബ്യയിൽ പോയി അവരുമായി സംസാരിച്ചു. അവിടെ രേഖകൾ ഇല്ലാത്ത മലയാളികൾക്ക് രേഖകൾ പുതുക്കാനുള്ള സാവകാശം കൊടുത്തു. മടങ്ങിവന്ന ആളുകൾക്കുവേണ്ടിയുള്ള സമഗ്രമായ rehabilitation package നടപ്പിലാക്കി. ഏറ്റവും നിർഭാഗ്യകരമായ കാര്യം, ഇവിടെ പറഞ്ഞതുപോലെ കേരളത്തിലെ നിക്ഷേപം ഏതാണ്ട് ഒരു വർഷം ഒരു ലക്ഷം കോടി രൂപയാണ്. നിക്ഷേപത്തിന്റെ വലിയ പങ്കും പോകുന്നത് ബാങ്കുകളിലേയ്ക്കാണ്. കേരളത്തിലെ പൊതുമേഖലാ ബാങ്കുകളും മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളും അവയുടെയെല്ലാം അടിത്തറ എന്നുപറയുന്നത് പ്രവാസി നിക്ഷേപമാണ്. സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച പ്രവാസി rehabilitation package-മായി ബന്ധപ്പെട്ട് ഞങ്ങൾ എല്ലാ ബാങ്കുകളേയും സമീപിച്ചു. അതുമായി സഹകരിക്കാൻ താല്പര്യം കാണിച്ചത് ആകെ 4 ബാങ്കുകളാണ്; കാനറാ ബാങ്ക്,

യൂണിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ തുടങ്ങിയവ. പ്രവാസികളുടെ നിക്ഷേപംകൊണ്ട് മാത്രം പ്രവർത്തിക്കുന്ന കേരളത്തിലെ പൊതുമേഖലാ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവാസികൾക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച വളരെ comprehensive ആയ റീഹാബിലിറ്റേഷൻ പാക്കേജുമായി മുന്നോട്ടു പോയപ്പോൾ മുഖംതിരിക്കുകയാണ് ചെയ്തത്. ബാങ്കുകളുടെ സമീപനത്തിൽ മാറ്റം വരണം. സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടു, കേരളത്തിലെ ബാങ്കുകൾക്ക് പ്രവാസികളെ സഹായിക്കാനുള്ള ചുമതലയുണ്ട്, ബാധ്യതയുണ്ട് അതിൽ നിന്നും ഒഴിഞ്ഞുമാറുന്നത് ഒരിക്കലും ഭൂഷണമായ കാര്യമല്ല. അവരുടെ കോർപ്പറേറ്റ് responsibility-യുടെ ഭാഗമാണ് ഈ സമീപനം. NDPREM-പ്രവാസികളുടെ പുനരധിവാസ പദ്ധതിയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ആകെ ലഭിച്ചത് 19,000 അപേക്ഷകളായിരുന്നു. അതിൽ ഇന്റർവ്യൂവിന് ഏതാണ്ട് 7218 പേർ ഹാജരായി. അവരുടെ അപേക്ഷകൾ ഞങ്ങൾ ശിപാർശ ചെയ്ത് ബാങ്കുകളിലേക്ക് അയച്ചു. ബാങ്കുകൾ പല അപേക്ഷകളും നിരാകരിക്കുന്നു. വായ്പ കൊടുത്തത് ആകെ 1000 പേർക്കാണ്. എനിക്ക് കേരളത്തിലെ ബാങ്കുകളോട് അപേക്ഷിക്കാനുള്ളത് പ്രവാസികളുടെ നിക്ഷേപത്തിൽ മാത്രം പ്രവർത്തിക്കുന്ന ബാങ്കുകളുടെ നയത്തിൽ മാറ്റം വരുത്തണം എന്നാണ്. പ്രവാസി ക്ഷേമകാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിനോട് സഹകരിക്കാനുള്ള സൗമനസ്യം ഈ ബാങ്കുകൾ കാണിക്കണം എന്നാണ്. അതുപോലെ മറ്റൊരു കാര്യം, നോർക്കാ വകുപ്പിന്റെ വിവിധ പദ്ധതികൾ ഇവിടെ ചൂണ്ടിക്കാണിച്ചു. നോർക്ക നിക്ഷേപം ആണെന്ന് പറഞ്ഞു. നോർക്കയുടെ സാന്ത്വന പദ്ധതിയിലൂടെ മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, വീൽ ചെയർ തുടങ്ങിയ ആനുകൂല്യങ്ങളും കൊടുക്കാറുണ്ട്. 2010-11-ൽ ഈ സർക്കാരിന്റെ ആദ്യകാലഘട്ടത്തിൽ സഹായം കൊടുത്തത് 741 പേർക്കാണ്; സഹായം കൊടുത്ത ആകെ തുക 55 ലക്ഷം രൂപയാണ്. കഴിഞ്ഞവർഷം ഈ സർക്കാർ 2124 പേർക്ക് 9 കോടി രൂപയാണ് കൊടുത്തത്. 55 ലക്ഷത്തിൽനിന്ന് ധനസഹായം 9 കോടി രൂപയായി വർദ്ധിപ്പിക്കാൻ ഈ സർക്കാരിന് സാധിച്ചു.

കാരുണ്യം പദ്ധതി പ്രകാരം പ്രവാസി കേരളീയർ വിദേശത്ത് മരണമടഞ്ഞാൽ മൃതദേഹം നാട്ടിൽ കൊണ്ടുവരുന്നതിന് അമ്പതിനായിരം രൂപയാണ് ഈ സർക്കാർ കൊടുക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലാണെങ്കിൽ 15000 രൂപയാണ് കൊടുക്കുന്നത്.

ചെയർമാൻ ഫണ്ട് പദ്ധതിയെന്നത് പ്രവാസികളായ കേരളീയരുടെ സഹായത്തിനുവേണ്ടി ഏർപ്പെടുത്തുന്ന ഒരു പദ്ധതിയാണ്. 2010-11-ൽ കഴിഞ്ഞ

ഗവൺമെന്റ് അവസാനമായി കൊടുത്തത് 9 ലക്ഷം രൂപയാണ്. 2014-15-ൽ ഈ സർക്കാർ 26 ലക്ഷം രൂപ കൊടുത്തു. അതുപോലെ ഓരോ പദ്ധതികളിലും പ്രവാസികളുടെ പ്രയാസം മനസ്സിലാക്കി അവരെ സഹായിക്കാൻ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. പ്രവാസി സമൂഹത്തോടുള്ള കടപ്പാട് എന്നും കേരളത്തിനുണ്ട്. കാരണം കേരളത്തിന്റെ സാമ്പത്തിക അടിത്തറ പ്രവാസികളുടെ വിയർപ്പും കഠിനാധ്വാനവുമാണ്.

സമീപകാലത്ത് നഴ്സുമാരുടെ റിക്രൂട്ട്മെന്റിൽ വലിയ ആക്ഷേപങ്ങളും പരാതികളുമുണ്ടായി. അതുകൊണ്ടാണ് റിക്രൂട്ട്മെന്റിന് വ്യക്തമായ വ്യവസ്ഥകളുണ്ടാകണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. കേന്ദ്ര ഗവൺമെന്റ് വ്യവസ്ഥകൾ ഏർപ്പെടുത്തിയതിന്റെ ഫലമായി ഇപ്പോൾ ഏകദേശം 18 രാജ്യങ്ങളിലേക്ക് ഇ.സി.ആർ. ക്ലിയറൻസ് ആവശ്യമാണ്. അതിനുവേണ്ടി കേരളത്തിൽ നോർക്ക വകുപ്പിനെയും തൊഴിൽ വകുപ്പിന്റെ ഒഡെപെക്-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ദേശീയാടിസ്ഥാനത്തിൽ നോർക്ക റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. പക്ഷേ ഒരു രാജ്യങ്ങളും മുമ്പോട്ടുവന്നിട്ടില്ല എന്നുള്ളതാണ് ഇപ്പോഴുള്ള ബുദ്ധിമുട്ട്. നോർക്കയുമായോ ഒഡെപെകുമായോ സഹകരിക്കാനോ സെലക്ഷൻ ആരംഭിക്കാനോ തയ്യാറാകാത്തതുകൊണ്ട് നമുക്ക് ആരെയും വിദേശത്തേയ്ക്ക് അയയ്ക്കാൻ സാധിക്കുന്നില്ല. ഇനി ആരെയും അയയ്ക്കാൻ അനുവദിക്കില്ലെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. കാരണം എല്ലാവർക്കും ഇ.സി.ആർ. ക്ലിയറൻസ് വേണം. ഇ.സി.ആർ. ക്ലിയറൻസ് നിബന്ധന ഏർപ്പെടുത്തിയത് മേയ് മാസം 30-നാണ്. അത് നിർബന്ധമാക്കുന്നതിനുമുമ്പായി കേരളത്തിലെ സെലക്ഷൻ അംഗീകരിച്ചുകൊണ്ട് ഇവർക്ക് പോകാനുള്ള അനുവാദം കൊടുക്കണമെന്നും അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നുമാണ് കേരളത്തിന്റെ ആവശ്യം. അല്ലെങ്കിൽ ഇന്ത്യയിൽനിന്ന് നഴ്സുമാർക്കും പോകാൻ അവസരം ഉണ്ടാവുകയില്ല. തീർച്ചയായും പ്രവാസികളുടെ കാര്യത്തിൽ സജീവമായി പ്രവർത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇവിടെയുള്ള നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിക്കാനും പരിഹാരമുണ്ടാക്കാനും എല്ലാ ശ്രമങ്ങളും നടത്തുമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഈ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും ആദ്യമായി ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ ഉന്നയിച്ചതനുസരിച്ച്, വിദേശങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സഹകരണ സംഘം രൂപീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. എന്നാൽ അവരുടെ നിക്ഷേപം

ഫലപ്രദമായി നിക്ഷേപിക്കുന്നതിന് പ്രവാസി വകുപ്പുമായി യോജിച്ച് പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. അതാത് സംഘങ്ങളുടെ ലാഭത്തിൽനിന്ന് മാറ്റിവയ്ക്കേണ്ട വിഹിതം കഴിഞ്ഞ് രൂപീകരിക്കുന്ന കോമൺഗുഡ് ഫണ്ട് പ്രാദേശികമായി ഉപയോഗിക്കുന്നതിനാണ് സംഘങ്ങൾ ശ്രമിക്കുന്നത്. ഈ തുക ഉപയോഗിച്ച് കൺസോർഷ്യം രൂപീകരിക്കുന്നത് പ്രായോഗികമല്ല. കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ഓണച്ചന്ത നടത്തുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 20-7-2015-ൽ യോഗം വിളിച്ചിട്ടുണ്ട്.

സഹകരണ മേഖലയിൽ അഴിമതിയും കെടുകാര്യസ്ഥതയും ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന ശ്രീ. പി. ഉബൈദുള്ളയുടെ നിർദ്ദേശം സർക്കാർ പ്രത്യേകം പരിഗണിക്കുന്നതാണ്. യാതൊരു കാരണവശാലും ഈ മേഖലയിൽ അഴിമതിയും കെടുകാര്യസ്ഥതയും അനുവദിക്കുന്നതല്ല. അതുപോലെ മലപ്പുറത്ത് സഹകരണ പരിശീലന കേന്ദ്രം ആരംഭിക്കണമെന്ന ആവശ്യം സംസ്ഥാന സഹകരണ യൂണിയന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. സി. കെ. നാണു ഉന്നയിച്ച ആവശ്യങ്ങളെ സംബന്ധിച്ച്, സഹകരണ മേഖലയിലെ നിക്ഷേപ/വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള പഠന കമ്മിറ്റി ശിപാർശകൾ സർക്കാർ പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഡോ. എൻ. ജയരാജ് ഉന്നയിച്ചതുപോലെ സഹകരണ മേഖലയിൽ ആദായ നികുതി വകുപ്പിന്റെ ഇടപെടൽ, സംഘങ്ങൾക്ക് ആശങ്കകളുണ്ടാക്കിയിട്ടുണ്ടെന്നത് വസ്തുതയാണ്. ഇത് പരിഹരിക്കുന്നതിന് സർക്കാർ സാധ്യമായതെല്ലാം ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്ത് എഴുതുകയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുകയുണ്ടായി. മാത്രമല്ല ഈ വിഷയം പാർലമെന്റിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതിന് സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാരുടെ ശ്രദ്ധയിലും കൊണ്ടുവന്നിട്ടുണ്ട്.

ഹൗസിംഗ് സഹകരണ സംഘങ്ങളുടെ സാമ്പത്തിക പ്രതിസന്ധിയും ആധാരങ്ങൾ തിരിച്ചുകൊടുക്കുന്നത് സംബന്ധിച്ചുമുള്ള കാര്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഈ സഹകരണ സംഘങ്ങൾക്ക് നിലവിൽ സാമ്പത്തിക പ്രതിസന്ധിയുണ്ട്. ആധാരങ്ങളുടെ ഈടിന്മേൽ എൽ.ഐ.സി., ഹഡ്കോ, നാഷണൽ ഹൗസിംഗ് ഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും കടം വാങ്ങുന്ന ഫണ്ട് ഉപയോഗിച്ചാണ് സംഘങ്ങൾ പ്രവർത്തനം നടത്തിവരുന്നത്. തുച്ഛമായ മാർജിൻമൂലവും മത്സ്യത്തൊഴിലാളി കടാശ്വാസംപോലുള്ള പദ്ധതികൾ

നടപ്പാക്കുന്നതുമൂലവും സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം കാരണമാണ് ഇത്തരം പ്രതിസന്ധിയുണ്ടാകുന്നത്. 2014-15 സാമ്പത്തിക വർഷത്തിൽ അഞ്ച് കോടി രൂപ പലിശരഹിത വായ്പയായും 3.86 കോടി രൂപ സബ്സിഡിയായും നൽകുന്നതിന് തീരുമാനിച്ചിരുന്നു. 2014-15-ൽ ഈ തുക ലഭിച്ചില്ലെങ്കിലും ഈ സാമ്പത്തിക വർഷം ലഭിക്കുന്നതാണ്. ഇതോടുകൂടി ഹൗസിംഗ് സഹകരണ സംഘങ്ങളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനും പണയപ്പെടുത്തിയ ആധാരങ്ങൾ തിരികെ കൊടുക്കാനും സാധിക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ഉന്നയിച്ച ആവശ്യങ്ങളെ സംബന്ധിച്ച്, കാർഷിക മേഖലയിലുൾപ്പെടുന്ന സംസ്ഥാനത്തെ സഹകരണ മേഖല ശക്തമായി മുന്നോട്ടുപോവുകയാണ്. കാർഷിക വായ്പ നൽകാൻ വിമുഖത കാണിച്ചിരുന്ന നബാർഡ് സർക്കാരിന്റെ ശക്തമായ ഇടപെടൽമൂലം കഴിഞ്ഞ വർഷം 1300 കോടി രൂപ അനുവദിച്ചു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കേന്ദ്ര സർക്കാർ കാർഷിക വായ്പയ്ക്ക് നൽകി വരുന്ന 3 ശതമാനം പലിശ സബ്സിഡി 31-7-2015 വരെ മാത്രമായി നിജപ്പെടുത്തിയതായി നബാർഡ് അറിയിച്ചിരുന്നു. ഇത് പുനഃസ്ഥാപിക്കുന്നതിനും കർഷകർക്ക് തുടർന്നും ലഭ്യമാക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തെഴുതുകയും പാർലമെന്റിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട എം.പി.-മാരുടെ കോൺഫറൻസിൽ അവതരിപ്പിച്ചിട്ടുമുണ്ട്.

കൺസ്യൂമർ ഫെഡിനെ സംബന്ധിച്ച് എല്ലാവരും ഇവിടെ സംസാരിച്ചു. കൺസ്യൂമർ ഫെഡ് നിലവിൽ അഭിമുഖീകരിക്കുന്നത് സാമ്പത്തിക പ്രശ്നമാണ്. മുൻ സർക്കാരിന്റെ കാലത്ത് കൊടുത്ത് തീർക്കാനുണ്ടായിരുന്ന 255.3 കോടി രൂപ ഉൾപ്പെടെ ലഭിക്കാതിരുന്നത് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ 5 വർഷക്കാലയളവിൽ 117.71 കോടി രൂപ സബ്സിഡിയായി നൽകിയപ്പോൾ ഈ സർക്കാർ ഇതിനകം 229.50 കോടി രൂപ നൽകുകയുണ്ടായി. ഇതിനുപുറമേ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. ധനസഹായം ലഭിക്കുന്നുണ്ട്. ഇപ്പോഴുള്ള പ്രതിസന്ധി മറികടക്കുന്നതിനായി സർക്കാർ ഗ്യാരന്റിയോടെ ജില്ലാ സഹകരണ ബാങ്കുകൾ 150 കോടി രൂപ വായ്പ നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. വരുന്ന ഉത്സവ കാലത്ത് വിപണിയിൽ ഇടപെട്ട് കൺസ്യൂമർ ഫെഡ് സാധാരണ നിലയിലേക്ക് എത്തുമെന്ന് പ്രത്യേകം പറയുവാൻ ആഗ്രഹിക്കുന്നു.

പിന്നിട്ട നാല് വർഷങ്ങൾ സഹകരണ വകുപ്പിനെ സംബന്ധിച്ച് കർമ്മോജ്ജ്വലമായിരുന്നു. കൂടാതെ നേട്ടങ്ങളുടെ കാലവുമായിരുന്നു. ഈ നേട്ടങ്ങൾ കൈവരിക്കുന്നതിന് എല്ലാ വിഭാഗം സഹകാരികളും ജനങ്ങളും പൂർണ്ണമായ സഹകരണം നൽകിയതായും സ്മരിക്കുന്നു.

2014-15 വർഷം പദ്ധതി വിനിയോഗത്തിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 90.30 ശതമാനവും, കേന്ദ്ര പദ്ധതി വിഹിതത്തിന്റെ 93.12 ശതമാനവും ചെലവ് ചെയ്യാൻ കഴിഞ്ഞു. സഹകരണ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാംഘട്ടം ഇടുക്കി ജില്ലയിൽ നടപ്പിലാക്കിവരുന്നു. നിലവിൽ സഹകരണ മേഖലയിൽ ഒരു ലക്ഷത്തി മുപ്പത്തിമൂവായിരം കോടിയിലധികം രൂപയുടെ നിക്ഷേപമുണ്ട്. സ്വകാര്യ പണമിടപാടുകാരുടെയും അമിത പലിശക്കാരുടെയും ചൂഷണത്തിൽനിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിനായി നടപ്പിലാക്കിയ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സഹകരണ വകുപ്പ് കൈക്കൊണ്ട നടപടികൾ ജനകീയ പ്രശ്നങ്ങളോടുള്ള ക്രിയാത്മക പ്രതിബദ്ധതയായി വിലയിരുത്തപ്പെട്ടു. കേരളത്തിന്റെ സഹകരണ ചരിത്രത്തിൽ ആദ്യമായി നടത്തിയ മുഖാമുഖം പരിപാടി മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സജീവ ആശയ വിനിമയത്തിനുള്ള വേദിയായി മാറി. പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിനായി അഞ്ച് ലക്ഷത്തിലേറെ വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്ന ആലില പദ്ധതി, പച്ചക്കറി രംഗത്ത് സ്വയംപര്യാപ്തത ലക്ഷ്യമാക്കി നടപ്പാക്കുന്ന സുവർണ്ണ കേരളം പദ്ധതി എന്നിവ സഹകരണ മേഖലയുടെ സാമൂഹിക പ്രതിബദ്ധത വിളിച്ചോതുന്നവയായിരുന്നു. സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. 2015 നവംബർ മാസത്തോടെ പുതിയ മന്ദിരത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയും. പിന്നിട്ട വഴികളും നടപ്പാക്കിയ പദ്ധതികളും തുടർന്നുള്ള പ്രവർത്തനത്തിന് കൂടുതൽ കരുത്ത് പകരുന്നു. ഈ സാമ്പത്തിക വർഷം മിഷൻ 676-ന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുകയും, കേപ്പിന്റെ കീഴിലുള്ള ആറൻമുള എഞ്ചിനീയറിംഗ് കോളേജിൽ 2014-15 വർഷം അദ്ധ്യയനമാരംഭിക്കുകയും 100 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ/100 പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയുടെ പുനരുദ്ധാരണത്തിന് ധനസഹായമനുവദിക്കുകയും, സഹകരണ സംഘങ്ങളിലൂടെ മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോഴിക്കോട് ഒരു ക്യാൻസർ കെയർ സെന്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണവും 2 മണ്ണ് പരിശോധനാ ലാബുകളും 3 ടിഷ്യൂകൾച്ചർ ലാബുകളും ആരംഭിക്കുന്നതിനുള്ള

നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ സഹകരണ മേഖലയിലുള്ള അരിമില്ലുകൾ പുനരുദ്ധരിക്കുന്നതിന് 734.40 ലക്ഷം രൂപ അനുവദിക്കുന്നതിന് എൻ.സി.ഡി.സി.യിൽനിന്നും അനുവാദം ലഭിച്ചിട്ടുണ്ട്. കേപ്പിന്റെ കീഴിലുള്ള മുട്ടത്തറ ഏഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ കീഴിലുള്ള ഫാർമസി കോളേജിൽ നിലവിലുള്ള ഡി-ഫാം കോഴ്സിന് പുറമേ ബി-ഫാം കോഴ്സ് കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകളും സൗരോർജ്ജ സംവിധാനവും സ്ഥാപിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിരവധി സഹകരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ സംവിധാനം ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.

2015-16 വർഷം സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ :

പച്ചക്കറി സ്വയം പര്യാപ്തത ലക്ഷ്യമാക്കി സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന 'സുവർണ്ണകേരളം' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളും അതിന്റെ നേതൃത്വത്തിൽ അംഗങ്ങളും, സ്വയം സഹായ ഗ്രൂപ്പുകളും, കുടുംബശ്രീ യൂണിറ്റുകളും ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി, കാർഷിക/ കാർഷികാനുബന്ധ ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ വിപണനം ലക്ഷ്യമാക്കിയും ജൈവ വിളകൾക്ക് പ്രാമുഖ്യം നൽകിയും താലൂക്ക് തലത്തിൽ 'സുവർണം' എന്ന പേരിൽ സംഭരണ വിപണന ശൃംഖല രൂപീകരിക്കും. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പൊതുനൻമ ഫണ്ട് ഉപയോഗിച്ച് സംഘം പ്രവർത്തന പരിധിയിലുള്ള ശുചിമുറി ഇല്ലാത്ത ഒരു സർക്കാർ സ്കൂളിൽ മികച്ച ശുചിമുറി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും. തെരഞ്ഞെടുത്ത 100 സംഘങ്ങളിൽ ഔഷധ സസ്യകൃഷി നടപ്പിലാക്കും. സർക്കാരിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും സഹായത്തോടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കായി ഒരു പുനരുദ്ധാരണ പദ്ധതി നടപ്പാക്കും. സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണം ഈ വർഷംതന്നെ പൂർത്തിയാക്കും. ഒരു വർഷത്തിന് മുകളിലുള്ള എല്ലാ ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകളും 2015 ഡിസംബർ 31-നകം തീർപ്പാക്കുന്നതിന് ഊർജ്ജിത പരിപാടി നടപ്പിലാക്കും. സഹകരണ മേഖലയിലെ വിവിധതരം സഹകരണ സംഘങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും, ഓരോ മേഖലയിലെയും പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും, 2015 ആഗസ്റ്റ് മാസത്തിൽ ഒരു ദേശീയ വർക്ക് ഷോപ്പ് കേരള കോ-ഓപ്പറേറ്റീവ്സ് - വിഷൻ 2025 സംഘടിപ്പിക്കുന്നതാണ്. വർക്ക്ഷോപ്പിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമനിർമ്മാണം/സഹകരണ നിയമഭേദഗതി അടക്കമുള്ള നടപടികൾ

സ്വീകരിക്കും. ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി എ.ടി.എം. ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട്, ഐ.സി.ഡി.പി. സഹകരണത്തോടെ നടപ്പിലാക്കുന്നതാണ്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഇടുക്കി ജില്ലയിൽ ഈ പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കും. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സഹകരണ വായ്പാ സംഘങ്ങൾ/ബാങ്കുകൾ മുഖേന പ്രത്യേക സമ്പാദ്യ-നിക്ഷേപ പദ്ധതി നടപ്പിലാക്കും. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിരന്തര പരിശീലനം നൽകുന്നതിനായി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കും. ജില്ലാ തലത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കും. ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, ജോയിന്റ് രജിസ്ട്രാർ, സംഘം പ്രസിഡന്റുമാർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ, സഹകരണ സംഘം രജിസ്ട്രാറുടെ പ്രതിനിധി, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന അവലോകന കമ്മിറ്റി, ജില്ലയിലെ പ്രവർത്തനം ഫലപ്രദമായി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഒരു പഞ്ചായത്തിൽ ഒന്ന് എന്ന കണക്കിൽ 1000 സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ യുവാക്കൾക്കായി സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിനും അതിലൂടെ 10,000 പേർക്ക് തൊഴിൽ നൽകുന്നതിനുമുള്ള സാധ്യത പരിശോധിക്കുന്നതാണ്. ഇവയാണ് സഹകരണ മേഖലയിൽ 2015-16 വർഷം നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന പദ്ധതികൾ. മറ്റുപല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനപ്പെട്ട മറ്റൊരു കാര്യം, ലോൺ എടുത്ത് മരിച്ചുപോയ ആളുകളുടെ വായ്പാബാധ്യതയിൽ ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽനിന്നും വഹിക്കുന്ന പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 115 കോടിയോളം രൂപ കൊടുത്തിട്ടുണ്ട്. സഹകരണമേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും സമഗ്രമായി ചർച്ചചെയ്തു തീരുമാനം കൈകൊള്ളുന്നതിന് മൂന്നാറിൽവച്ച് മൂന്നുദിവസത്തെ ദേശീയ സെമിനാർ നടത്തുന്നുണ്ട്. ഇനി എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവിടെ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി മുന്നോട്ടുപോകാം. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ആദ്യം ഇന്നത്തെ ഡിമാന്റ് ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. സഭയിലെ ഏറ്റവും മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവായ ശ്രീ. പി. കെ. ഗുരുദാസൻ ധനാഭ്യർത്ഥനകളെ എതിർത്തു കൊണ്ടാണ് ഇന്നത്തെ ചർച്ച ആരംഭിച്ചത്. അതുപോലെ, ശ്രീ. പി. കെ. ഗുരുദാസനെക്കാൾ വലിയ കമ്മ്യൂണിസ്റ്റുകാരനാകാൻ പെടാപാട് പെട്ടുകൊണ്ടിരിക്കുന്ന ഡോ. കെ. ടി. ജലീൽ

ചർച്ച അവസാനിപ്പിച്ചതും ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടും ഇങ്ക്വിലാബ് സിന്ദാബാദ് വിളിച്ചുകൊണ്ടുമാണ് എന്നുള്ളൊരു പ്രത്യേകത ഇന്നത്തെ സഭാ നടപടികളിലുണ്ട്. അതുകൊണ്ടുതന്നെ, ഈ ബഡ്ജറ്റ് അംഗീകരിച്ചിട്ടില്ല, ബഡ്ജറ്റേയില്ല എന്ന് ഇത്രയും ദിവസം പറഞ്ഞിരുന്ന വാദം ഇന്ന് പൊളിഞ്ഞിരിക്കുകയാണെന്ന് ആമുഖമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ദീർഘമായി മറ്റൊന്നും പറയാൻ ഇല്ല. കൂടുതലും രാഷ്ട്രീയ പ്രസംഗമാണ് നടന്നത്. വകുപ്പുകളിന്മേലുള്ള ചർച്ചകളൊന്നും കാര്യമായിട്ടുണ്ടായില്ല.

ഈ ഗവൺമെന്റ് നാലു വർഷം പൂർത്തീകരിച്ച് അഞ്ചാം വർഷത്തിലേക്ക് കടക്കുമ്പോൾ ഏറ്റവും അഭിമാനകരമായി ഞങ്ങൾക്ക് മുന്നോട്ടുവയ്ക്കാനുള്ളത്, ഒരു പുത്തൻ തൊഴിൽ സംസ്കാരം കേരളത്തിൽ ഉടലെടുത്തുവെന്നതാണ്. കേരളത്തെ കുറിച്ചുണ്ടായ തെറ്റായ ധാരണകൾ മാറാൻ രണ്ട് പ്രോജക്ട് മാത്രം പരിശോധിച്ചാൽ മതി. ഒന്ന് ബി.പി.സി.എൽ. നടത്തുന്ന ഇരുപതിനായിരം കോടി രൂപയുടെ പദ്ധതി. ഒരു ദിവസം പോലും തൊഴിൽസമരം കാരണം പണി മുടങ്ങാത്ത നിലയിലേക്ക് അതിവേഗതയിൽ ആ പദ്ധതി മുന്നോട്ടു കൊണ്ടുപോയി എന്നുപറയുന്നത് ഗവൺമെന്റിന്റെ മാത്രം നേട്ടമല്ല, കേരളത്തിലെ തൊഴിലാളി സമൂഹം തിരിച്ചറിഞ്ഞു കൊണ്ട് അവർ അവരുടെ തൊഴിലിൽ ഏർപ്പെടുന്നു എന്നുള്ളതാണ്. രണ്ടാമത്, ഇന്ത്യയിൽ ഏറ്റവും വേഗതയിൽ പൂർത്തീകരിക്കുന്ന മെട്രോ എന്ന നിലയിലേക്ക് കൊച്ചിൻ മെട്രോ വളർന്നത് കേരളത്തിൽ വളർന്നുവരുന്ന പുത്തൻ തൊഴിൽ സംസ്കാരത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. അതിന് ഗവൺമെന്റിനോട് മാത്രമല്ല എല്ലാവരോടുമുള്ള നന്ദി ഈ സന്ദർഭത്തിൽ ഞാൻ രേഖപ്പെടുത്തുന്നു.

ശ്രീ. ആർ. സെൽവരാജും ശ്രീ. പി. എ. മാധവനും നോക്കുകൂലിയെക്കുറിച്ചും ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങളെക്കുറിച്ചും പരാമർശിച്ചു. അതിന്റെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ ഞാൻ തൃപ്തനല്ല. നോക്കുകൂലി ഇല്ലാതാക്കുന്നതിൽ ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. അതിൽ രാഷ്ട്രീയപാർട്ടികളും ട്രേഡ് യൂണിയനുകളുമൊക്കെ എതിരാണെന്നു പറഞ്ഞാൽപോലും, ദൗർഭാഗ്യകരമെന്നു പറയട്ടെ, താഴെത്തട്ടിലേക്ക് പോകുമ്പോൾ, പല രാഷ്ട്രീയ നേതൃത്വവും ഇതിന് ഒത്താശ കൊടുക്കുന്നതുകൊണ്ടുതന്നെ, സാധാരണക്കാർ വലിയ ഭീതിയിലായതുകൊണ്ട് ഇതിനെതിരെ പരാതി പറയാനായി മുന്നോട്ടുവരുന്നില്ല. അതാണ് ഏറ്റവും വലിയ തടസ്സം. പരാതിയുമായി മുന്നോട്ടുവന്നിട്ടുള്ള എല്ലാ കേസിലും പരിഹാരം കണ്ടിട്ടുണ്ടെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും അഭിമാനകരമായ നേട്ടം. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞ ഐ.ടി. പ്രശ്നങ്ങൾ സംബന്ധിച്ച്. ശരിയാണ്, അവിടെ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അന്താരാഷ്ട്ര ന്യൂ ജനറേഷൻ വ്യവസായം എന്ന നിലയിൽ ഐ.ടി. വ്യവസായം പ്രോത്സാഹിപ്പിക്കേണ്ട

കാര്യമായതുകൊണ്ട് നമ്മൾ മിതത്വം പാലിച്ചിട്ടുണ്ട്. പരാതികളുള്ള മേഖല മാത്രമേ പരിശോധിച്ചിട്ടുള്ളൂ. അതുകൊണ്ട് കുറച്ചുകൂടി കാര്യങ്ങൾ ചെയ്യാനുണ്ടെന്ന് അറിയാം. എന്തായാലും 2016-ലെ പൊതുതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. തന്നെ തിരിച്ച് അധികാരത്തിൽ വരുമെന്ന് എനിക്ക് ശുഭാപ്തി വിശ്വാസമുണ്ട്. അതിനുശേഷം അതിന്റെ ശക്തമായ നടപടികളുമായി, തിരുത്തലുകളുമായി മുന്നോട്ടുപോകാമെന്നുള്ളതാണ് അക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

ഡോ. എൻ. ജയരാജ് : ക്ഷേമനിധികൾ ഏകോപിപ്പിച്ചുകൊണ്ട് മുന്നോട്ടു പോകണമെന്നുള്ള ഒരു നിർദ്ദേശം ഞാൻ വച്ചിരുന്നു.

ശ്രീ. ഷിബു ബേബി ജോൺ : ഡോ.എൻ. ജയരാജ് സൂചിപ്പിച്ച ക്ഷേമനിധി ബോർഡുകൾ ഏകോപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി അതിന്റെ അവസാനഘട്ടത്തിലാണ്. വ്യാജ അംഗത്വമാണ് ഇതിന് ഏറ്റവും വലിയ തടസ്സമായി നിൽക്കുന്നത്. വ്യാജ അംഗത്വം മാറ്റി 16 ബോർഡുകൾ ഏകോപിപ്പിച്ച് 9 ബോർഡുകളായി ചുരുക്കുന്നതിലേക്കുള്ള ഒരു പ്രൊപ്പോസൽ ഇപ്പോഴുണ്ട്. അത് ഈ ഗവൺമെന്റിന്റെ നയരൂപീകരണ സമിതിയിൽ ചർച്ച ചെയ്യേണ്ടതുണ്ട്. ഈ ഗവൺമെന്റും നയരൂപീകരണ സമിതിയായ യു.ഡി.എഫും കൂടി ചർച്ച ചെയ്ത് അന്തിമ തീരുമാനമെടുക്കാനുള്ളതു കൊണ്ടുമാത്രം അത് കാത്തുനിൽക്കുകയാണ്. ഡോ. എൻ. ജയരാജിന്റെ മണ്ഡലമായ കാഞ്ഞിരപ്പള്ളിയിൽ ഒരു ഇ.എസ്.ഐ. ആശുപത്രിയുടെ ആവശ്യമുയർന്നിട്ടുണ്ട്. അത് സംബന്ധിച്ചുള്ള ഫയൽ ക്യാബിനറ്റിന്റെ പരിഗണനയിലാണ്. അത് തീർച്ചയായും പരിഗണിക്കുന്നതായിരിക്കും. അന്തിമഘട്ടത്തിലാണ്.

ശ്രീ. എ. എ. അസീസ് പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ കാര്യം പറഞ്ഞു. അതുസംബന്ധിച്ച് ഗവൺമെന്റ് തത്വത്തിൽ തീരുമാനമെടുത്തുകഴിഞ്ഞിട്ടുണ്ട്. ശ്രീ പി. കെ. ഗുരുദാസനടക്കം അതിനെക്കുറിച്ച് ഇവിടെ ആക്ഷേപമുന്നയിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് മാത്രം നിർത്തലാക്കാനല്ല. ഇപ്പോഴത്തെ കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയായ ശ്രീ. ഭണ്ഡാരു ദത്താത്രേയയുടെ മണ്ഡലമായ ഹൈദ്രാബാദിൽ 1400 കോടി രൂപ ചെലവാക്കി ആരംഭിച്ച മെഡിക്കൽ കോളേജ് നടപ്പിലാക്കണ്ടെന്നാണ് തീരുമാനിച്ചത്. പക്ഷേ സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് അതുമായി മുന്നോട്ടുപോകാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്.

നമ്മൾ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചു മാത്രം ഞാനിവിടെ പറയാം. അദ്ധ്യാപകരുടെ മിനിമം വേജസിനെക്കുറിച്ചും ആ മേഖലയെക്കുറിച്ചും ഇവിടെ പറഞ്ഞു. ഇപ്പോൾ അദ്ധ്യാപകർ തൊഴിൽ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. എന്നാൽ കേവല വേതന അവകാശ ബിൽ, 2015 എന്ന ഒരു പുതിയ

ബിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. കാരണം കേരളത്തിൽ മിനിമം വേജസിന്റെ പരിധിയിൽപ്പെടാത്ത പല വിഭാഗങ്ങളുമുണ്ട്. ഇനി മുതൽ അവർക്കെല്ലാം ഒരു മിനിമം അഷ്വേർഡ് വേജസ് കിട്ടണമെന്ന ഉദ്ദേശ്യത്തോടുകൂടി, അത് ഏത് മേഖലയാണെങ്കിലും, മിനിമം വേജസ് പരിധിയിൽ വരാതെ പുറത്തുനിൽക്കുന്ന എല്ലാ മേഖലയിലുമുള്ളവർക്കും ഒരു മിനിമം അഷ്വേർഡ്, ഫെയർ വേജസല്ല, ബെയർ മിനിമം വേജസ് കിട്ടുന്ന നിലയിൽ ഒരു ബിൽ ഡ്രാഫ്റ്റ് ചെയ്തിട്ടുണ്ട്. അത് അന്തിമഘട്ടത്തിൽ നിൽക്കുകയാണ്.

മറ്റൊരു കാര്യം, ഫെസ്റ്റിവെൽ ഹോളിഡേയ്സും നിർബന്ധിത ഹോളിഡേയ്സും സംബന്ധിച്ചുള്ളതാണ്. ഇപ്പോൾ ഇരുപത് തൊഴിലാളികളിൽ കൂടുതലുള്ളവർക്ക് മാത്രമാണ് നിർബന്ധിത ഹോളിഡേയ്സ് ഉള്ളത്. കേരളത്തിലെ എല്ലാ തൊഴിലാളികൾക്കും സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം, മേയ്ദിനം, ഗാന്ധിജയന്തി എന്നീ നാല് ദിവസവും അവധി കിട്ടുന്ന രീതിയിൽ Kerala Industrial Establishment (National & Festival Holidays) Amendment Bill നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പല ക്ഷേമനിധി ബോർഡുകളിലും പല കാരണങ്ങളാൽ, ഇടനിലക്കാരുടെ തട്ടിപ്പുകാരണം, ക്ഷേമനിധി ബോർഡിലെ അംഗത്വം കൃത്യസമയത്ത് പുതുക്കാൻ സാധിക്കാതെ പോയ ആയിരക്കണക്കിന് ആൾക്കാരുണ്ട്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് അത്തരം ആൾക്കാർക്ക് അംഗത്വം പുതുക്കാനുള്ള ഒരവസരം നൽകാനും ഈ വർഷം ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്.

തൊഴിൽ മേഖലയിൽ ഗവൺമെന്റ് ഏറ്റവും കൂടുതൽ ശ്രദ്ധിച്ചത് സ്കിൽ ഡെവലപ്മെന്റിന്റെ കാര്യത്തിലാണ്. ഇവിടെ പലരും കൗശൽ കേന്ദ്രയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ഇന്ത്യയ്ക്ക് മാതൃകയായ പുതിയ മോഡലാണ് കൗശൽ കേന്ദ്രവഴി നടപ്പിലാക്കുന്നത്. അതിന്റെ ആദ്യ സെന്റർ കഴിഞ്ഞ ദിവസം മുഖ്യമന്ത്രി കൊല്ലത്ത് ഉദ്ഘാടനം ചെയ്തു. ഒരു കുട്ടിയുടെയോ പുറത്തിറങ്ങുന്ന ആരുടേയും അപ്റ്റിറ്റ്യൂഡ് പരിശോധിച്ച് കൗൺസിലിംഗ് നടത്തി കൂടുതൽ റഫറൻസിനായി വേൾഡ് ഇ-ലൈബ്രറിയുമായി ചേർന്ന് ഡിജിറ്റൽ ലൈബ്രറിയും, ഇംഗ്ലീഷ് മാത്രമല്ല മറ്റ് ഫോറിൻ ലാംഗ്വേജസ് പഠിപ്പിക്കുന്ന ലാംഗ്വേജ് ലാബും മൾട്ടി സ്കിൽ ട്രെയിനിംഗ് ഫെസിലിറ്റിയടക്കമുള്ള സംവിധാനമാണ് അവിടെ ചെയ്തിട്ടുള്ളത്. ഈ വർഷംതന്നെ കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസ് (KASE) നാല് ജില്ലകളിൽക്കൂടി ആരംഭിക്കുന്നുണ്ട്. കോഴിക്കോട്, തിരുവനന്തപുരം, പാലക്കാട് (തൃത്താല) എന്നീ ജില്ലകളിലും ശ്രീ. കെ.എം. ഷാജിയുടെ പ്രസംഗം കേട്ടപ്പോൾ കണ്ണൂർ അഴീക്കോടും ഒരെണ്ണം തുടങ്ങണമെന്ന് ഇന്ന് തീരുമാനമെടുത്തിട്ടുണ്ട്.

കർഷകത്തൊഴിലാളി മിനിമം വേജസ്, അഡ്വൈസറി ബോർഡിന്റെ പരിധിയിലാണ്. ഒരു തെളിവെടുപ്പുകൂടി നടത്തി ഡ്രാഫ്റ്റ് അവർ സർക്കാരിന് സമർപ്പിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. അത് അന്തിമഘട്ടത്തിൽ നിൽക്കുകയാണ്. അത് പുതുക്കാവുന്നതേയുള്ളൂ.

ഇവിടെ അന്യസംസ്ഥാന തൊഴിലാളികളുടെ വിഷയത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അത് പരിഹരിക്കേണ്ടതാണ്. അവർ എവിടെ താമസിക്കുന്നു, എങ്ങനെ താമസിക്കുന്നു എന്നുള്ളതിനെക്കുറിച്ചൊന്നും ആർക്കും അറിയാൻ വയ്യ. അതുകൊണ്ട് ഗവൺമെന്റ് മുൻകയ്യെടുത്ത് അവർക്ക് ലേബർ അക്കോമഡേഷൻ നിർബന്ധമാക്കണമെന്ന തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ആദ്യപടിയെന്നുള്ള നിലയിൽ പാലക്കാട് ലേബർ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 1500 പേരെ താമസിപ്പിക്കാവുന്ന നിലയിലുള്ള ലേബർ അക്കോമഡേഷന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ മന്ത്രിസഭയുടെ കാലാവധിയിൽത്തന്നെ അത് പൂർത്തീകരിക്കും. അതിനുശേഷം ബാക്കി ജില്ലകളിലേക്കും ലേബർ അക്കോമഡേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്.

ഐ.ടി.ഐ വിദ്യാഭ്യാസത്തിൽ കേരളം ഇന്ന് ഇന്ത്യക്ക് മാതൃകയാകുന്ന നിലയിലേക്ക് മാറ്റിയിട്ടുണ്ട്. ഈ മേഖലയിൽ ഒട്ടനവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കഴിഞ്ഞ കുറേക്കാലങ്ങളായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടും സ്ഥലം ലഭ്യമാകാത്തതിനാൽ ആരംഭിക്കാൻ സാധിക്കാത്തതും എന്നാൽ പുതിയതായി ഐ.ടി.ഐ തുടങ്ങാൻ ഉദ്ദേശിക്കുന്നതുമായ കൊണ്ടോട്ടിയിൽ സ്ഥലം ലഭ്യമായിട്ടുണ്ട്. അതേ സാഹചര്യത്തിലുള്ള വേങ്ങര അഞ്ചേക്കർ സ്ഥലം ലഭ്യമാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അവിടെ പുതിയ ഐ.ടി.ഐ തുടങ്ങാവുന്നതാണ്. നാദാപുരം, പനമരം, കൊടുവള്ളി, കൊഴിഞ്ഞാമ്പാറ, കൂത്തുപറമ്പ്, എലിമ്പിലശ്ശേരി എന്നിവിടങ്ങളിലാണ് പുതിയതായി ഐ.ടി.ഐ.-കൾ ആരംഭിക്കാനുദ്ദേശിക്കുന്നത്.

ഞാൻ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഒരുകാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇന്നത്തെ നിയമസഭാ നടപടിക്രമങ്ങൾ കണ്ടപ്പോൾ അല്പം ആശങ്ക തോന്നി. അങ്ങും ചട്ടങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച വ്യക്തിപോലും അടിയന്തരപ്രമേയത്തിന്റെ അടിസ്ഥാനഘടകമായി ഒരു വിഷയത്തെക്കുറിച്ചുമാത്രമേ പ്രതിപാദിക്കാവൂ എന്നുള്ളത് കാറ്റിൽ പറത്തി പരാമർശിച്ചത് മുഴുവൻ മറ്റുള്ള കാര്യങ്ങളാണ്. ഇന്ന് നടന്ന പ്രസംഗങ്ങൾ പലതും, ഏറ്റവും ഒടുവിൽ സംസാരിച്ച

ഡോ. കെ. ടി. ജലീൽ ഇവിടെ മതനിരപേക്ഷത സ്ഥാപിക്കാനാണോ അതോ അതിൽ നിന്നും വ്യത്യസ്തമായ ചിന്താഗതി വളർത്തിയെടുക്കാനാണോ പരിശ്രമിച്ചത് എന്നറിയില്ല. ഇതെല്ലാം ഇന്നത്തെ ചർച്ചകളിൽ കമ്മ്യൂണലൈസ് ചെയ്യുന്നവയായിരുന്നു. ഇവിടെ സബ്മിഷൻ ഉന്നയിച്ച സംസാരിച്ച ഒരു എം.എൽ.എ.-യെ വർഗ്ഗീയവാദിയെന്നു വിളിക്കുന്ന നിലയിലേക്ക് കേരള നിയമസഭ അധഃപതിച്ചോ? ഇത് കണ്ടില്ലെന്നു നടിക്കാൻ സാധിക്കുമോ? ഇവിടെ ചോദ്യം ഉന്നയിച്ച ശ്രീ. വി. ഡി. സതീശനെയും ശ്രീ. എൻ. എ നെല്ലിക്കുന്നിനെയും വർഗ്ഗീയവാദിയെന്നുവിളിക്കുന്നതും ഞാൻ കേട്ടതാണ്. ഇതൊക്കെ എന്തിനുവേണ്ടിയാണ്? ആർ.എസ്.എസ്.-ന് എതിരെയുള്ള പോരാട്ടത്തെ സംബന്ധിച്ച് ആർക്കാണ് ഇവിടെ എതിർപ്പുള്ളത്. പക്ഷേ ആർ.എസ്.എസ്.-നോടുള്ള പോരാട്ടം ഞങ്ങളുടെ കുത്തകയാണെന്ന് സ്ഥാപിക്കാനും ഒരു വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാനുമല്ലേ കുറേ ദിവസങ്ങളായി ഇവിടെ ശ്രമിക്കുന്നത്. നിയമസഭ ഇതിന് വേദിയാക്കുന്നത് ശരിയാണോയെന്ന് നമ്മൾ ചർച്ച ചെയ്യണം. ഇവിടെ പല കാര്യങ്ങളും പറഞ്ഞു. മുസ്ലീം ലീഗ് തോറ്റു, പിന്നീട് തിരിച്ചുവന്നതിനെക്കുറിച്ചും കോൺഗ്രസ് തോറ്റു, കോൺഗ്രസ് തിരിച്ചുവന്നതിനെക്കുറിച്ചും പറഞ്ഞു. 2006-നുശേഷം തോൽവിയോടു തോൽവിയല്ലാതെ ഒരെണ്ണത്തിൽപ്പോലും തിരിച്ചുവരാത്തതെന്ത് എന്നുള്ളതിനെക്കുറിച്ച് അവർ ചിന്തിക്കുന്നുണ്ടോ? ഞാൻ അതിലേക്ക് പോകുന്നില്ല. കേരള നിയമസഭയുടെ അന്തസിന് യോജിച്ച പ്രവർത്തനമല്ല ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് ഇതിന് ഒരു അറുതിവരുത്തണം, അല്ലെങ്കിൽ വർഗ്ഗീയ ശക്തികൾ കൂടുതൽ വളരാൻ ഇടയാകുന്ന സാഹചര്യം കേരളത്തിലുണ്ടാകും. അതിന് കേരള നിയമസഭ വേദിയാക്കരുതെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ.................................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 15-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.)